D 51/347

Badminton Second Prize awarded to Vareed Kuniamthadam on the Rector's day
Chiriyath 27-1-'29

✠

[illegible] D. G.



# ഗൃഹോപദേശിക

---

പരിഭാഷകന്മാർ:

വരാപ്പുഴ അതിരൂപതയിലെ ക്ലേരിമാർ

പുത്തമ്പള്ളി സെമ്മിനാരി

1928.

---

ഒന്നാംപതിപ്പു പ്രതി 2000

---

INDUSTRIAL SCHOOL PRESS, ERNAKULAM.

---

*Rights Reserved.*

DHARMARAM COLLEGE LIBRARY BANGALORE-29

ACHARYA PALACKAL JEEVASS KENDRAM LIBRARY ALWAYE 18/79

M/270.08

Nihil obstat

FR. CARMELUS, C. D.
*Censor Deputatus.*

Imprimatur

✠ FR. ANGEL MARY, O. C. D.
*Archiep. Verap.*

*15th June 1928.*
*Ernakulam.*

g. 153/715 AJH

Jacob Michael Kunjanthoda

TO

# His Grace



## The Most Rev. Dr. Angel Mary, O. C. D.,

ARCHBISHOP OF VERAPOLY,

**We,**

HIS BELOVED CHILDREN
MOST RESPECTFULLY AND AFFECTIONATELY

**DEDICATE**

THE FOLLOWING PAGES
AS A LOVING TOKEN OF OUR GREAT INDEBTEDNESS
AND
IN GRATEFUL ACKNOWLEDGMENT OF HIS
PATERNAL SOLICITUDE,

*THE SEMINARISTS OF PUTHENPALLY*

FEAST OF THE S. H. OF JESUS, 1928.

# മുഖവുരം.

"നിന്നെപ്പററി യാതൊന്നും സ്വയം അഭിപ്രായപ്പെടാതിരിക്കുക" എന്ന ആപ്തവാക്യം ഞങ്ങൾ ഇവിടെ അനുസ്മരിക്കാതിരിക്കുന്നില്ല. എങ്കിലും ക്ഷമാപണം അവശ്യാവശ്യമായിവരുന്ന അവസരങ്ങളും മനുഷ്യ ജീവിതത്തിൽ ദുർല്ലഭമല്ലല്ലൊ. മഹത്തുക്കൾ എത്തി നോക്കാൻപോലും മടിക്കുന്ന മഹൽ സ്ഥാനത്തിൽ മൗഢ്യാധിക്യംകൊണ്ട് ഓടിക്കയറിയ അപരാധത്തിനു് മഹാജനസമക്ഷം ക്ഷമാപണം ചെയ്യാൻ ബാദ്ധ്യസ്ഥരായിച്ചമഞ്ഞിരിക്കുന്ന ഞങ്ങൾ ഇവിടെ ഞങ്ങളെപ്പററിത്തന്നെ കുറഞ്ഞൊന്നു പ്രസ്താവിക്കാൻ മുതിരുന്നതിൽ ആത്മപ്രശംസയുടെ സ്പർശമുള്ളതായി വ്യാഖ്യാനിക്കപ്പെടുകയില്ലെന്നു സമാശ്വസിക്കുന്നു.

ഒരു ചെറു പുസ്തകമെഴുതി ബഹുജനസമക്ഷം അവതരിപ്പിച്ചുകളയാൻ പുറപ്പെട്ടതു് ഞങ്ങളുടെ സ്ഥിതിക്ക് വമ്പിച്ച സാഹസംതന്നെയെന്നു സവിനയം സമ്മതിക്കാതെ തരമില്ല. "ഉള്ള സമയം സൽസാരംഭങ്ങളിൽ ചിലവഴിക്കുക" എന്ന പരിശുദ്ധാരൂപിയുടെ ശാസനമാണ് ഞങ്ങളെ ഈ സാഹസ കൃത്യത്തിനു് പ്രേരിപ്പിച്ചതെന്ന സമാധാനമാണ് ഞങ്ങൾക്കിതിൽ അവലംബമായുള്ളതു്. കഴിഞ്ഞ അനദ്ധ്യയനകാലത്ത്, ആ അവധികാലം എങ്ങനെ ചിലവഴിച്ചാൽ നന്നായിരിക്കുമെന്നു ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് മോൺസിഞ്ഞോർ സെഗ്ഗുറിന്റെ "Familiar Instructions" എന്ന സരസവും സാരവത്തും ആയ കൃതി ഞങ്ങൾക്കു കാണുവാനും വായിക്കുവാനും സംഗതിയായത്. പരിപാവനമായ ക്രിസ്തീയ ജീവിതത്തേയും, വിശിഷ്യ, ക്രിസ്തീയ പുണ്യങ്ങളേയും പററി ഹൃദയാകർഷകവും പ്രായോഗികവുമായവിധം പ്രതിപാദിച്ചിട്ടുള്ള പ്രസ്തുത പ്രബന്ധങ്ങൾ കേരളീയ കത്തോലിക്കരുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ള പ്രതീക്ഷയാണ് ആ കൃതിയുടെ ഭാഷാന്തരീകരണത്തിനു ഞങ്ങളെ ഉദ്യുക്തരാക്കിത്തീർത്തത്.

സാഹിത്യ വിഷയകമായി ഇതു ഞങ്ങളുടെ ആദ്യത്തെ ശ്രമമായതുകൊണ്ടു് പല പ്രമാദങ്ങളും സ്ഖലിതങ്ങളും ഇതിൽ പലയിടത്തും സ്ഥലം പിടിച്ചിരിക്കാനിടയുണ്ട്. പരിഭാഷ, പലർകൂടി ചെയ്തിട്ടുള്ളതാകകൊണ്ടു് ഭാഷാരീതിക്കു അനൈകരൂപ്യവും ക

ണ്ടേക്കാം. സഹൃദയന്മാരുടെ മനസ്സലിഞ്ഞ അനുഭാവം ഒന്നുമാത്രമാണ് ഞങ്ങൾക്കിക്കാര്യത്തിൽ അല്പം ആശ്വാസകരമായുള്ളത്.

പരിഭാഷ മിക്കവാറും സ്വതന്ത്രമാണെങ്കിലും ആശയങ്ങളിൽ കഴിയുന്നതും മൂലകൃതിയെ അനുകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അതിൻെറ ഫലത്തെപ്പററിയുള്ള തീരുമാനം അനുഭവസ്ഥന്മാരുടെ അനുമതിയെ ആശ്രയിച്ചാണല്ലൊ ഇരിക്കുക.

ആദ്ധ്യാത്മിക വായനയ്ക്കു നമ്മുടെ കുടുംബങ്ങളിൽ ഈയിടെ ഏതാണ്ടു സ്ഥാനം ലഭിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും അതിനുപകരിക്കുന്ന പുസ്തകങ്ങളുടെ ദുർഭിക്ഷം ഇനിയും തീരെ പരിഹരിക്കപ്പെട്ടു കാണുന്നില്ല. ആകയാൽ ഈ പുസ്തകവും പ്രസ്തുതാവശ്യത്തിന് ഉപകരിക്കണമെന്ന കരുതലോടു കൂടിയാണ് കഴിയുന്നതും ലളിതഭാഷയിൽ രചിക്കുന്നതിനും അതിനു ഗ്രന്ഥനാമത്തോടു ഘടിപ്പിച്ചു 'ഗ്രേഹാപദേശിക' എന്നു നാമകരണം ചെയ്യുന്നതിനും ഇടയായിട്ടുള്ളത്. കേരളീയ കത്തോലിക്കരുടെയിടയിൽ ആദ്ധ്യാത്മിക വായനയ്ക്കുപയോഗിച്ചുവരുന്ന പുസ്തകങ്ങളുടെ കൂട്ടത്തിൽ ഇതിനും ഒരു എളിയ സ്ഥാനം ലഭിക്കുന്നപക്ഷം ഞങ്ങൾ അതുകൊണ്ടുതന്നെ അതീവ കൃതാർത്ഥരായിത്തീരുന്നതാണ്.

പൈതൃകമായ കരുണാവാത്സല്യങ്ങളോടുകൂടി ഞങ്ങളുടെ സംരക്ഷണഭാരം സർവ്വദാ കയ്യേററു നടത്തിയും, സദുദ്ദേശത്തോടുകൂടിയുള്ള സകല സംരംഭങ്ങളിലും ഞങ്ങൾക്കു പ്രോത്സാഹജനകമായ സഹായങ്ങൾ നൽകിയുംകൊണ്ടിരിക്കുന്ന വന്ദ്യപിതാവു, നിതാന്ത വന്ദ്യ ദിവ്യശ്രീ വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു, അവിടുത്തെ മഹനീയ പാദങ്ങളിൽ ഈ എളിയ കൃതിയുടെ വിനയപൂർവ്വമുള്ള സമർപ്പണത്തിനു സദയം അനുമതിയും സൗകര്യവും നൽകിയതിനു ഞങ്ങൾക്കു അവിടുത്തെ പേരിൽ പൂർവ്വാധികം വർദ്ധിച്ചു വശായിട്ടുള്ള കൃതജ്ഞതാദരങ്ങളെ ഇവിടെ സപ്രശ്രയാദരം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ വിനീത പരിശ്രമത്തിൽ ഞങ്ങൾക്കു ഉത്തേജകവും ഉദ്ദീപകവുമായ ഉപദേശങ്ങൾ നൽകിയും, വിശിഷ്യ, തനിക്കു സുപരിചിതമല്ലാത്ത മലയാള ഭാഷയിൽതന്നെ ഈ കൃതിക്കു പ്രൗഢവും പ്രോജ്വലവുമായ ഒരു അവതാരിക എഴുതിത്തന്നു ഞങ്ങളെ ഉത്തരോത്തരം അനുഗൃഹീതരാക്കിച്ചെയ്തിട്ടുള്ള ഞങ്ങളുടെ ആക്ററിംഗ് റെക്ടർ വന്ദ്യ ദിവ്യശ്രീ ഫാദർ കമ്മെലൂസ്, സി. ഡി.,

അവർകളോടും, ഏതല്ലൂറയ്യത്തിൽ തത്തുല്യമായ വിധംതന്നെ ഞങ്ങളെ പ്രോത്സാഹിപ്പിക്കയും സഹായിക്കയും ചെയ്തിട്ടുള്ള ദിവ്യ ശ്രീമാന്മാരായ ഫാദർ ഹെലിയദോർ, സക്കറിയാസ് ആദിയായ ഞങ്ങളുടെ ഗുരുഭൂതന്മാരോടും ഞങ്ങൾക്കുള്ള കടപ്പാടു, അവരോടു ഞങ്ങളെ ആമരണബദ്ധരാക്കിത്തീർത്തിട്ടുണ്ടെന്നു നിസ്സംശയം പ്രസ്താവിച്ചുകൊള്ളുന്നു. പുസ്തകം പരിശോധിച്ചു ഭാഷാസംബന്ധമായ സ്ഖലിതങ്ങൾ കഴിയുന്നതും പരിഹരിച്ചുതന്നിട്ടുള്ള പ്രിയ സുഹൃത്തുക്കളേയും, അച്ചടി ഭംഗിയായും നിഷ്കൃഷ്ടിച്ചും, കാലവിളംബം വരാതെയും നിവ്വഹിച്ചുതന്ന ഐ. എസ്സ്. പ്രസ്സ് മാനേജർ റവ: ബ്രദർ ലേയോ, സി ഡി., അവർകളേയും ഞങ്ങൾ ഈ സന്ദർഭത്തിൽ നന്ദിപൂവ്വം സ്മരിച്ചുകൊള്ളുന്നു.

| | |
|---|---|
| സെമ്മിനാരി<br>പുത്തമ്പള്ളി<br>15 ജൂൺ 1928. | എന്നു്<br>വരാപ്പുഴ അതിരൂപത ക്ലേരിമാർ |

ST. ANTONY'S CARMELITE MONASTERY, ALWAYE, TRAVANCORE
ALWAYE, TRAVANCORE
RAILWAY STATION

## അവതാരിക.

ഈ ചെറു പുസ്തകത്തിനു ഒരു അവതാരിക എഴുതണമെന്നു പരിഭാഷകന്മാർ എന്നോടാവശ്യപ്പെട്ടു: അവരുടെ അപേക്ഷ നന്മനസ്സോടെ സ്വീകരിപ്പാൻ എന്നെ പ്രേരിപ്പിച്ച ചില സംഗതികളുണ്ടു്. ആദ്യമായി അവർ നമ്മുടെ ഈ സെമ്മിനാരിയിലെ വിദ്യാർത്ഥികളും, വിശിഷ്യാ, എൻെറ വാത്സല്യശിഷ്യരും ആയിരിക്കുന്ന നിലക്കു് അവരെ എല്ലാ സദുദ്യമങ്ങളിലും പ്രോത്സാഹിപ്പിക്കേണ്ടതു എൻെറ കടമയെന്നു ഞാൻ വിചാരിക്കുന്നു. രണ്ടാമതായി ഈ പുസ്തകം എഴുതുവാൻ ഇടയായതു എങ്ങനെയെന്നും അല്പം പറയേണ്ടിയിരിക്കുന്നു. മൂന്നാമതായി ഈ പുസ്തകത്തിൽ പ്രതിപാദിക്കപ്പെടുന്ന വിഷയം വളരെ ഉപകാരപ്രദമാണെന്നും ഈ വിധ പുസ്തകങ്ങൾ മലയാള ഭാഷയിൽ അത്യന്താപേക്ഷിതങ്ങളാണെന്നുമാണു എൻെറ ബലമായ അഭിപ്രായം.

ഞ. പരിഭാഷകന്മാർ വരാപ്പുഴ അതിരൂപതയിൽപ്പെട്ട വൈദിക വിദ്യാർത്ഥികളാണ്. പുത്തമ്പള്ളി സെമ്മിനാരി വിദ്യാർത്ഥികൾ 'കൺവെർഷൻ ലീഗ്', 'കത്തോലിക്കാ കുടുംബം' എന്നീ പ്രസിദ്ധീകരണങ്ങൾ വഴിയായിട്ടും വേറെ ചില മാസികകളിലും പത്രങ്ങളിലും അവർ പ്രസിദ്ധം ചെയ്യാറുള്ള ലേഖനങ്ങൾ വഴിയായും ഏവർക്കും സുപരിചിതരാണല്ലോ. അവരുടെ ഈദൃശയത്നങ്ങളിൽ അവർക്കു വേണ്ട പ്രോത്സാഹനങ്ങൾ സെമ്മിനാരിയിൽ ധാരാളം നൽകപ്പെടുന്നുണ്ടു്; എന്തുകൊണ്ടെന്നാൽ അവ അവർക്കു തന്നെയും മററുള്ളവർക്കും ഉപകാരപ്രദങ്ങളത്രെ. കത്തോലിക്കാ കുടുംബങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനു ഈ വിദ്യാർത്ഥികൾ ചെയ്തുകൊണ്ടിരിക്കുന്ന യത്നങ്ങൾ അവർക്കു കേരളീയ കൃസ്ത്യാനികളുടെ ഇപ്പോഴത്തെ നിലയെപ്പററി പൂർണ്ണ ബോധമുണ്ടെന്നും ഉപദേഷ്ടാക്കൾ അവരെ ഉചിതമായ മാർഗ്ഗങ്ങളിലൂടെ നയിക്കുന്നുണ്ടെന്നും തെളിവായി കാണിക്കുന്നു.

൨. കഴിഞ്ഞ അവധികാലം അവർ "മൌണ്ട കാർമെൽ വില്ല്" യിൽ ചിലവഴിച്ചതിൻെറ ഒരു സൽഫലമാണു ഈ ചെറു പുസ്തകം. ഒരു മാസക്കാലംകൊണ്ടു ഈ പുസ്തകം എഴുതിത്തീർക്കുവാൻ വളരെ ബുദ്ധിമുട്ടേണ്ടിവന്നിരുന്നുവെങ്കിലും അവർ മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കൂടുതൽ പ്രസന്നതയും ഉന്മേഷവും ഉള്ള വരായിട്ടാ

ണു ഒഴിവുകാലം കഴിച്ചു കൂട്ടിയതു. ആകയാൽ അനധ്യയനകാലം അന്യഥാ ചിലവഴിക്കുന്നതിനേക്കാൾ ഇങ്ങനെയുള്ള പരിശ്രമങ്ങളിൽ വിനിയോഗിക്കുന്നതു ആത്മാവിനും ശരീരത്തിനും കൂടുതൽ ഉപകരിക്കുന്നതാണെന്നു തെളിയുന്നു. ഇവരുടെ ഈദൃശോദ്യമങ്ങൾ മററുള്ളവരും അനുകരിച്ചുകാണ്മാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു.

ന. മോൺസിഞ്ഞോർ സെഗ്ഗുർ എഴുതീട്ടുള്ള "Familiar Instructions" എന്ന രസാവഹവും സുപ്രസിദ്ധവുമായ ഗ്രന്ഥത്തിൽ നിന്നു സംഗ്രഹിച്ചിട്ടുള്ളതാണ് ഈ പുസ്തകം. ഇതിലെ പ്രതിപാദ്യവിഷയങ്ങൾ സാക്ഷാത്തായ സൗഭാഗ്യം, പീഡകളുടെ പ്രയോജനം, അവയെ ഉപകാരപ്രദമാക്കാനുള്ള പോംവഴി, ചില ക്രിസ്തീയ പുണ്യങ്ങൾ മുതലായവയാണ്. ഇടക്കിടയ്ക്കു രസകരമായ ചില കഥകളും ചേർത്തിട്ടുണ്ട്. പീഡകൾ, ലോകാരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ തർക്കവിഷയമായി തീർന്നിട്ടുണ്ടു. എന്നാൽ നമ്മുടെ കർത്താവീശോമിശിഹായും താൻ സ്ഥാപിച്ച ക്രിസ്തീയ മതവും അല്ലാതെ മററാരും ഈ തർക്കം തൃപ്തികരമാംവണ്ണം തീർത്തിട്ടില്ല, തീർക്കുന്നുമില്ല. ഇപ്രകാരം പ്രയാസമേറിയതും ഉപകാരപ്രദവുമായ പല വിഷയങ്ങളെക്കുറിച്ചുമുള്ള അറിവാണു് ഈ ചെറു പുസ്തകം നമുക്കു പ്രദാനം ചെയ്യുന്നതു. ഈ വിധ പുസ്തകങ്ങൾ മലയാള ഭാഷയിൽ ദുർല്ലഭമായിട്ടു മാത്രമേ കാണുന്നുള്ളുവെന്നും കൂടി സമ്മതിക്കേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ സംഗതികളെല്ലാം ഈ പുസ്തകത്തിൽ കത്തോലിക്കാകുടുംബങ്ങളുടെ ഒരു നിക്ഷേപമാണെന്നു സ്ഥാപിക്കുവാൻ സഹായിക്കുന്നവയാണു. ആകയാൽ പരിഭാഷകന്മാരെ അഭിനന്ദിച്ചുകൊണ്ടും മേലിലും ഇത്തരത്തിലുള്ള പല പുസ്തകങ്ങൾകൂടെ എഴുതിയുണ്ടാക്കണമെന്നു അവരോടു അപേക്ഷിച്ചുകൊണ്ടും ഈ ചെറു പുസ്തകത്തെ ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു

പുത്തമ്പള്ളി സെമ്മിനാരി,<br>
വി. യൗസേപ്പിൻെറ മദ്ധ്യസ്ഥതിരുനാൾ<br>
25 ഏപ്രിൽ, 1928.

ആക്ററിംഗ് റെക്ടർ<br>
FR. CARMEL, C. D.,

# 1. ഒരു രഹസ്യം


ദൈവം സർവ്വ ശക്തനും സർവ്വജ്ഞനും സർവ്വഗുണസമ്പൂർണ്ണനു മാണ്. ലോകത്തിന്റെയും അതിലുള്ള സകല ചരാചരങ്ങളുടേയും സൃഷ്ടിതാവും അവിടുന്നത്രെ. അവിടുന്നു ലോകഗതമായ സർവ്വ ജീവജാലങ്ങളേയും സംരക്ഷിച്ചുവരുന്നെന്നു മാത്രമല്ല അവയെല്ലാം സസുഖം ജീവിക്കണമെന്നു ആഗ്രഹിക്കയും ചെയ്യുന്നു. മേൽ പറഞ്ഞവ, നാം നിസ്സംശയം വിശ്വസിക്കുന്ന സത്യങ്ങളത്രെ. എങ്കിലും ലോകത്തിൽ തിന്മകൾ കാണപ്പെടുന്നതിനു കാരണമെന്തു? ഇത്രവളരെ സങ്കടങ്ങളും കഷ്ടാരിഷ്ടതകളും എവിടെനിന്നുണ്ടായി? വ്യക്തികളേയും കുടുംബങ്ങളേയും സമുദായങ്ങളേയും നിരന്തരം പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന നിരവധി നാശങ്ങളുടെ ഹേതു എന്തായിരിക്കാം? എല്ലാററിനുമുപരിയായി മരണത്തിന്റെ, അതെ മനുഷ്യർക്കു അസഹനീയമായിക്കാണപ്പെടുന്നതും ശ്രവണമാത്രംകൊണ്ടു പുണ്യപുരുഷന്മാർപോലും ഞെട്ടിവിറക്കുന്നതുമായ ആ ഭയങ്കര ശിക്ഷയുടെ ഉത്ഭവമെങ്ങിനെ? കത്തോലിക്കാമതത്തിനുമാത്രമെ ഈ ചോദ്യങ്ങൾക്കു ശരിയായ മറുപടി നൽകുന്നതിനു സാധിക്കയുള്ളു. ആ മതം നമ്മെ പഠിപ്പിക്കുന്നതു ദൈവം നിത്യമായ ജീവനും സർവ്വനന്മാനിധിയും ആണെന്നും, ഏതെങ്കിലും തിന്മയോ ന്യൂനതയോ, നാശമൊ അങ്ങയിൽനിന്നു ഉത്ഭവിപ്പാൻ പാടില്ലെന്നും ആകുന്നു. "അവിടുന്നു മരണം ഉണ്ടാക്കിയില്ല", എന്നു് വിശുദ്ധ ലിഖിതങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. "ജീവനിൽനിന്നും മരണം ഉത്ഭവിക്കുന്നതല്ല" എന്നിരിക്കെ മൃത്യുവിന്റെ ആവിർഭാവത്തിന്നു കാരണമെന്തു്? ലോകാരംഭത്തിൽതന്നെ സ്വർഗ്ഗത്തിലും ഭൂമിയിലും ഓരോ മത്സരം ഉണ്ടാകയും അതു ദൈവസ്ഥാപിതമായിരുന്ന ക്രമത്തെ ഇല്ലായ്മചെയ്കയുംചെയ്തു. ഈ മത്സരമാണു സകല തിന്മകളുടെയും മൂലകാരണം. ദൈവദൂതന്മാരുടെ ഇടയിൽ ഏററം ശക്തിമാനായ ലൂസിഫേർ ദൈവാജ്ഞയെ എതിർത്തതിനാൽ അവനും അവന്റെ അനുയായിവർഗ്ഗവും സ്വർഗ്ഗത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. ഇപ്രകാരം ദൈവാജ്ഞയെ ലംഘിച്ചു സ്വർഗ്ഗഭ്രഷ്ടരായ ദുഷ്ടാരൂപികൾ മനുഷ്യരെ പാപാചരണത്തിൽ തങ്ങളുടെ പങ്കുകാരാക്കുവാൻ ഭൂമിയിൽ അവിശ്രമപരിശ്ര

MONASTERY * TRAVANCORE
THAVANCORE
S. RAILWAY, TRAVANCORE

മം ചെയ്തുകൊണ്ടിരിക്കുന്നു. ഭൂമിയിലൊ എന്നാൽ, ആദിമനുഷ്യനായ ആദം കളങ്കരഹിതവും ഭാഗ്യസംപൂൎണ്ണവുമായ സ്ഥിതിയിലാണ് സൃഷ്ടിക്കപ്പെട്ടിരുന്നതു്. വിശ്വസ്തരായ മാലാഖമാർ അയാളെ ലൂസിഫെറിൻെറ ആക്രമണങ്ങളിൽ അകപ്പെടാതെ സൂക്ഷിച്ചുകൊണ്ടിരുന്നു. എങ്കിലും ആദത്തിനു ആ ഭാഗ്യാവസ്ഥയിൽ വളരെക്കാലം നിലനില്ക്കുവാൻ കഴിഞ്ഞില്ല. അയാൾക്കു ദൈവഹിതത്തിന്നു അനുകൂലമായൊ പ്രതികൂലമായൊ പ്രവൃത്തിപ്പാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ പ്രതിയോഗികളുടെ പ്രലോഭനങ്ങൾക്കടിപെട്ടു അയാൾ ദൈവപ്രമാണത്തെ ലംഘിച്ചു. ഏതൻമൂലം അയാളും അയാളുടെ സന്താനങ്ങളായ സകല മനുഷ്യരും ദുഷ്ടാരൂപികൾക്കു അടിമകളായി തീരുകയും ചെയ്തു. ഇതാണു സകല തിന്മകളുടെയും സാക്ഷാത്തായ ആദികാരണം. ദൈവം അയാളോടു പറഞ്ഞു "നീ മരിക്കും, ഭൂമി നിൻെറ അദ്ധ്വാനത്തിൽ ശപിക്കപ്പെട്ടതായിരിക്കും. അതു മുള്ളുകളും മുൾചെടികളും മാത്രം സ്വയം പുറപ്പെടുവിക്കും. നീ ഭൂമിയിലേക്കു പിന്തിരിയുന്നതുവരെ നിൻെറ നെററിയിലെ വിയർപ്പിനാൽ അപ്പം ഭക്ഷിക്കേണ്ടിവരും; എന്തുകൊണ്ടെന്നാൽ നീ പൊടിയാകുന്നു, പൊടിയിലേക്കുതന്നെ പിന്തിരികയും ചെയ്യും." ഇതത്രെ പാപത്തിന്നുള്ള ശിക്ഷ. ദൈവനീതിയുടെ വിധിയും ഇതുതന്നെ. മനുഷ്യവൎഗ്ഗം അനുഭവിക്കുന്ന അനവധി സങ്കടങ്ങളുടെയും കഷ്ടാരിഷ്ടതകളുടേയും മൂലവും ഇതത്രെ. പാപംമൂലം നാം പിശാചിന്നധീനരായിത്തീൎന്നു. തൻെറ അതിരററ അനുഗ്രഹംമൂലം ദൈവം ഒരു രക്ഷകനെ അയക്കാതിരുന്നു എങ്കിൽ നമുക്കു ഈ ദുരവസ്ഥയിൽ നിരാശയല്ലാതെ മറെറാന്നും ശേഷിക്കുമായിരുന്നില്ല. അയക്കപ്പെട്ട ആ രക്ഷകൻ ദൈവപുത്രനായ ഈശോമിശിഹാ അത്രെ. അവിടുന്നു മനുഷ്യനായി അവതരിക്കയും മനുഷ്യ സ്വഭാവം സ്വീകരിക്കയും നമ്മുടെ നേൎക്കു തനിക്കുള്ള അതിരററ സ്നേഹംമൂലം തന്നെത്തന്നെ നമ്മുടെ പാപപരിഹാരാൎത്ഥം പരമപിതാവിന്നു ബലിയായി സമൎപ്പിക്കയും ചെയ്തു. തൻെറ കഷ്ടാനുഭവങ്ങളും മരണവുംകൊണ്ടു നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്തു. പാപം നിമിത്തം പൂട്ടപ്പെട്ട സ്വൎഗ്ഗവാതിൽ അവിടുന്നു വീണ്ടും നമുക്കായി തുറന്നു തന്നിരിക്കുന്നു. പാപിയെ ദൈവവുമായി എളുപ്പത്തിൽ രമ്യപ്പെടുത്തുന്നതിന്നു പൎയ്യാപ്തമായ കൂദാശകളും വേറെ പോംവഴികളും സുലഭമായുള്ള ഒരു സഭയും താൻ ഭൂമിയിൽ സ്ഥാ

പിച്ചു. നമുക്കു നഷ്ടപ്പെട്ട നിത്യജീവിതം വീണ്ടെടുപ്പാൻ മിശിഹാ ഇഹത്തിൽ വന്നു; അവിടുന്നു തന്റെ ജോലിയെ ശരിയായി നിവ്വഹിക്കുകയും ചെയ്തു. എന്നാൽ നമുക്കതിന്റെ ഫലമനുഭവിക്കേണ്ടമെന്നുണ്ടെങ്കിൽ ഓരോരുത്തരും അവരവരിൽത്തന്നെയുള്ള ശത്രുക്കളെ— അതെ മിശിഹായെ നമ്മിൽനിന്നു ബഹിഷ്കരിക്കുന്ന പാപത്തെ— നീക്കേണ്ടിയിരിക്കുന്നു.

നാം ഏവരും നമ്മുടെ ദിവ്യഗുരുവായ മിശിഹായെ അനുകരിച്ചു ദൈവത്തോടൊന്നിച്ചു ജീവിക്കുകയും, ദിനംപ്രതി നമുക്കു നേരിടാറുള്ള സങ്കടങ്ങളെ സസന്തോഷം സഹിക്കയും ചെയ്യേണ്ടിയിരിക്കുന്നു. അപ്രകാരം ചെയ്യുമെങ്കിൽ മററുള്ളവരെപ്പോലെതന്നെ കത്തോലിക്കരായ നമ്മളും, പീഡകൾക്കും നിരവധി കഷ്ടാരിഷ്ടതകൾക്കും ക്ലേശങ്ങൾക്കും വശംവദരാണെങ്കിലും, നരകശത്രുവായ പിശാചിന്റെ അധീനതയിലകപ്പെടാതെ, മിശിഹായുടെ ഐക്യത്തിൽ ജീവിതം നയിക്കാൻ നമുക്കു കഴിയുന്നതാണ്. സാത്താന്റെ ആക്രമണങ്ങൾ, നമ്മെ പരാജിതരാക്കുന്നതിന്നു പകരം; സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വപ്രാപ്തിക്കു നമ്മെ അർഹരാക്കുന്നതാണ്. ദാരിദ്ര്യം അവമാനം ആദിയായ ജീവിതക്ലേശങ്ങൾ എന്നുവേണ്ട, മരണംതന്നെയും നമുക്കു മധുരതരമായിട്ടേ അനുഭവപ്പെടുകയുള്ളൂ. ഇപ്രകാരമാണ് സത്യവിശ്വാസം ഐഹിക ദുഃഖങ്ങൾ സന്തോഷപൂർവ്വം സഹിപ്പാൻ അതിന്റെ അനുയായികളെ പ്രേരിപ്പിക്കുന്നത്. ആകയാൽ ദൈവസംരക്ഷണത്തെ ആശ്രയിച്ചുകൊണ്ടു മേൽപ്പറഞ്ഞപ്രകാരം വർത്തിക്കുന്ന ക്രിസ്ത്യാനിയാണ് സാക്ഷാൽ ഭാഗ്യവാൻ.



## ൨. ഫെനലനും സാധുവായ പയറട്ടം.

കേംബ്രേയുടെ മെത്രാപ്പോലീത്തായായിരുന്ന ഫെനലൻ വലിയ പുണ്യവാനും പണ്ഡിതനും ആയിരുന്നു. അദ്ദേഹത്തിൻെറ ആദ്യ പ്രസംഗത്തിൻെറ ചരിത്രം താഴെ ചേക്കുന്നു.

ഫെനലൻ എന്ന ദേഹം ജീവിച്ചിരുന്നതു രണ്ടു നൂററാണ്ടുകൾക്കു മുമ്പാണ്. പാരീസിൽ വൈദിക വിദ്യാത്ഥികളെ പ്രസംഗം പരിശീലിപ്പിക്കുന്നതിന്നായി അവരെക്കൊണ്ടു പലപ്പോഴും നിയമാനുസരണം പ്രസംഗിപ്പിക്കുക പതിവായിരുന്നു. ഇങ്ങിനെയുള്ള പ്രസംഗങ്ങൾ നടക്കാറുള്ളതു വലിയ ഹോട്ടലുകളിലാണ്. അസംഖ്യം മഹതീമഹാന്മാർ ഇതിൽ പങ്കുകൊള്ളുകയും പതിവായിരുന്നു.

നമ്മുടെ ഫെനലൻ പതിനഞ്ച്വ വയസ്സു പ്രായമായപ്പോൾ തന്നെ ഒരു വൈദിക വിദ്യാത്ഥിയായിത്തീന്നു. പുണ്യസാംഗോപാംഗത്തിൽ ദൈനംദിനം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന ഈ കുട്ടി വിദ്യാഭ്യാസത്തിലും അസാധാരണ നൈപുണ്യം പ്രദർശിപ്പിച്ചു. പ്രഭുവംശജനായിരുന്നു എങ്കിലും സാധുക്കളുടെ പേരിൽ വളരെ അനുകമ്പയും സഹതാപവും ഉള്ളവനായിരുന്ന ഈ ബാലൻ സവ്വദാ ഒരു സാധു സംരക്ഷകനായി വത്തിച്ചു.

കുട്ടിയുടെ ബുദ്ധിസാമത്ഥ്യത്താലും പ്രസംഗചാതുയ്യംകൊണ്ടും, പ്രോത്സാഹിതനായ അവൻെറ പിതാവു നാട്ടുമട്ടപ്രകാരം ഫെനലൻെറ പ്രസംഗവൈഭവത്തെ പ്രദർശിപ്പിക്കുന്നതിന്നായി ഒരു മഹായോഗം വിളിച്ചുകൂട്ടി. "ബാവുപ്ലേർസ്" എന്ന മഹതിയുടെ ഹോട്ടലാണു സമ്മേളനത്തിനു തിരഞ്ഞെടുക്കപ്പെട്ടിരുന്നതു്. മഹാജനങ്ങളാൽ അലംകൃതമായ ഒരു സദസ്സിൽ പ്രസംഗിക്കുന്നതിൽ അല്പം വൈമനസ്യം തോന്നിയെങ്കിലും പിതാവിൻെറ ആജ്ഞാനുസരണം പ്രവത്തിപ്പാൻ ഫെനലൻ നിബ്ബന്ധിതനായി.

നിശ്ചിത സമയം ആസന്നമായി, പ്രഭുജനങ്ങളും വിദ്വാന്മാരും അടങ്ങിയ വലിയ ജനസമൂഹം ഹോട്ടലിൽ പ്രവേശിച്ചു യഥാക്രമം സ്ഥലം പിടിച്ചു. ഓരോരുത്തരും പ്രാസംഗികൻെറ ആഗമനത്തെ ഔത്സുൽകണ്ഠയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. സമയം അതിക്രമിച്ചു. ഫെനലൻ ഇനിയും എത്തിയിട്ടില്ല. സദസ്യർ അക്ഷമരായി കാണപ്പെട്ടു. ഫെനലൻെറ പിതാവിനും അ

നല്ലമായ നീരസം ഉണ്ടാകാതിരുന്നില്ല. എങ്കിലും അയാൾ പല കാൎയ്യങ്ങളും പറഞ്ഞു സദസ്യരെ സമാധാനപ്പെടുത്തിക്കൊണ്ടിരുന്നു. തത്സമയം പ്രാസംഗികൻ സഭയിൽ പ്രവേശിച്ചു ആസനസ്ഥനായി. കുറച്ചു സമയം വിചാരനിമഗ്നനായിരുന്നിട്ട് അദ്ദേഹം പ്രസംഗം ആരംഭിച്ചു.

“മാന്യമഹാന്മാരെ! മഹതികളെ! നിശ്ചിതസമയം ഹാജരാവാതെ ഇത്ര മഹത്തായ സദസ്സിനെ ദണ്ഡിപ്പിച്ചതിന്നു ആദ്യമായി ഞാൻ ക്ഷമായാചനം ചെയ്തുകൊള്ളട്ടെ! മാൎഗ്ഗമദ്ധ്യെ അപ്രതീക്ഷിതമായ ഒരു സംഭവമുണ്ടായതിനാലാണ ഞാൻ താമസിച്ചുപോയതു്. ഈ ഹോട്ടലിന്നു സമീപിച്ചപ്പോൾ കണ്ട കാഴ്ച സവോയിരാജ്യക്കാരനായ ഒരു സാധു ബാലകൻ ഈ ഹോട്ടലിന്നടുത്തു ഒരു മൂക്കിൽ കിടക്കുന്നതാണ്. കേവലം നിസ്സഹായനായ അവൻ ഹിമത്തിൽ പെട്ടു വലയുകയായിരുന്നു. ഇതു കണ്ടമാത്രയിൽതന്നെ എന്റെ ഹൃദയം തകൎന്നുപോയി. ഞാൻ അടുത്തു ചെന്നു കുട്ടിയോടു സംസാരിച്ചു. ആ ബാലൻ വിങ്ങിവിങ്ങി കരഞ്ഞുകൊണ്ടു, “ഞാൻ മരിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.” എന്നു പറഞ്ഞു. ഇതു കേട്ടു ഉൽകണ്ഠിത ഹൃദയനായ ഞാൻ അവന്റെ ചരിത്രമറിവാൻ ആവശ്യപ്പെട്ടു. അതിന്നു ആ കുട്ടി ഇപ്രകാരം പറഞ്ഞു: എന്റെ ദേശം സവോയിയാണ; പിയറട്ടെന്നാണ് പേരു്. എനിക്കു പന്ത്രണ്ടു വയസ്സെ പ്രായമൊള്ളു. എന്റെ വാത്സല്യ മാതാവിനേയും സ്വഭവനത്തേയും ഉപേക്ഷിച്ചു, എന്തെങ്കിലും ജോലിയിൽ പ്രവേശിക്കണമെന്നുള്ള ഉദ്ദേശത്തോടെ ഇവിടേക്കു വന്നിട്ടു ഇപ്പോൾ അഞ്ചു വർഷമായി. കഴിയുന്നതും വേഗത്തിൽ വീട്ടിൽ എത്തി അമ്മയെ കാണണമെന്നു ആഗ്രഹിച്ചിരുന്നതിനാൽ ദിവസംപ്രതി കിട്ടിയ കൂലി ഞാൻ കൂട്ടിവെച്ചു പോന്നു. ഒടുവിൽ എന്റെ സ്വത്തായി 315 പവൻ ഉണ്ടായിരുന്നു. ഇതിനെ നിക്ഷേപിച്ചിരുന്നതു എന്റെ ഉറക്കമുറിയിൽ ഒരു ഇഷ്ടികയുടെ അടിയിലുള്ള ദ്വാരത്തിലായിരുന്നു. നിക്ഷേപവുംകൊണ്ടു വീട്ടിൽ പോകുവാൻ വേണ്ടുന്ന ഏർപ്പാടുകൾ ചെയ്തു. എന്നെപോലെതന്നെ ജോലിക്കാരായ രണ്ടു ബന്ധുക്കളോടുകൂടി ഇന്നു കാലത്തുതന്നെ സവോയിലേക്കു പുറപ്പെടണമെന്നു തീൎച്ചയാക്കിയുമിരുന്നു. പുലർകാലെ, യാത്രപുറപ്പെടണമെന്ന കരുതലോടുകൂടെ ഇഷ്ടിക പൊക്കിനോക്കിയപ്പോൾ ഹാ! ദൈവമെ!! എന്റെ നിക്ഷേപത്തിൽ ഒരു പെനിപോലും അവിടെ കാണ്മാനുണ്ടായിരുന്നില്ല. ആരൊ


ഈ സാധുവിൻെറ പണം അപഹരിച്ചുകളഞ്ഞു! കഷ്ടം! ഈ നിർഭാഗ്യാവസ്ഥയിൽ എങ്ങിനെയാണ് ഞാൻ വീട്ടിലേക്കു മടങ്ങുക? തീച്ചയായും എൻെറ മാതാപിതാക്കന്മാർ എന്നോടു നിർദ്ദയമായി പെരുമാറും. ഈ അഞ്ചു വർഷവും ഞാൻ ഒരു ദുഷ്ടനായി ജീവിച്ചിരിക്കണമെന്നു നിശ്ചയമായും അവർ കരുതും. ഇങ്ങിനെയിരിക്കെ ഞാൻ വീട്ടിലേയ്ക്കു മടങ്ങുകയൊ? ഓ! ദൈവമെ ഞാൻ ഇന്നു മരിച്ചെങ്കിൽ'' പിയറട്ടിൻെറ ചരിത്രം ഇങ്ങിനെ അവസാനിപ്പിച്ചിട്ടു ഫെനലൻ തുടന്നു പറഞ്ഞു. "ഞാൻ ആ ബാലനെ താങ്ങിയെടുത്തു ഈ ഹോട്ടലിൽ കൊണ്ടുവന്നു കിടത്തി. അവനെ ആവശ്യംപോലെ ശുശ്രൂഷിക്കുന്നതിന്നു ഹോട്ടൽ മാനേജരെ ഭരമേല്പിച്ചിട്ടാണ് ഞാൻ ഇവിടെ വന്നതു്. നന്മ ചെയ്യുന്നതിന്നു ദൈവം എനിക്കു പ്രദാനംചെയ്ത ഈ ഉത്തമാവസരം ഞാൻ എങ്ങിനെയാണ് നഷ്ടമാക്കിക്കളയുക? വേണ്ടിവന്നെങ്കിൽ ഞാൻ ഇനിയും താമസിക്കുമായിരുന്നു. മഹാരാജാവുപോലും ഈ സദസ്സിൽ സന്നിഹിതനായി എന്നെ കാത്തിരിക്കുന്നു എന്നു അറിഞ്ഞിരുന്നെങ്കിൽ തന്നെയും ഇന്നു ആ നല്ല അവസരത്തെ ഞാൻ നഷ്ടപ്പെടുത്തുമായിരുന്നില്ല. ആ ബാലൻ ഈ ഹോട്ടലിൽ കിടക്കുന്ന സ്ഥിതിക്കു അവൻതന്നെയാണ് ഇന്നത്തെ പ്രസംഗ വിഷയമായി തീരേണ്ടതു്. അതു എൻെറ കടമയത്രെ. അതിന്നായി നിങ്ങളുടെ സഹായസഹകരണങ്ങൾ ഞാൻ സാദരം പ്രതീക്ഷിച്ചുകൊള്ളുന്നു. ഓരൊ പവൻതന്നെയായാലും നമുക്കു അത്ര സാരമുള്ള ഒരു സംഖ്യയല്ലല്ലൊ. ഇത്ര നിസ്സാരമായ സംഖ്യ പലതു കൂടുമ്പോൾ അതൊരു വലിയ സംഖ്യയായിതീരും. അതു ആ സാധുവിൻെറ നിരാശയ്ക്കു ഉപശാന്തി നൽകുവാൻ മതിയാവാതെ വരുന്നതല്ല. അവന്നു അതു വലിയ സന്തോഷത്തെ പ്രദാനംചെയ്യും. അവനു മനസ്സമാധാനത്തോടെ വീട്ടിലേക്കു മടങ്ങാം, അങ്ങിനെ വരുന്ന പക്ഷം അവൻെറ കുടുംബം മുഴുവൻ വലിയ ഭാഗ്യം അനുഭവിക്കും എന്നു മാത്രമല്ല ദൈവം നമ്മേയും അനുഗ്രഹിക്കും, നിശ്ചയം.

ഫെനലൻെറ പ്രസംഗം ഉദ്ദിഷ്ടഫലത്തെ ഉളവാക്കി ചിലർ പലരുക്കെ കരഞ്ഞുതുടങ്ങി. അതേസമയംതന്നെ ചിലർ പിയറട്ടിനെ ആ മുറിയിലേക്കു താങ്ങിക്കൊണ്ടുവന്നു. അവൻെറ സാന്നിദ്ധ്യം സഭാംഗങ്ങൾക്കു സ്വഹതാപത്തെ ജനിപ്പിച്ചു. അവരുടെ ആഗ്രഹാനുസരണം പിയറട്ട് സ്വചരിത്രം അവരെ പറഞ്ഞു കേൾപ്പിച്ചു. ഉടനെ മുൻപ്രസ്താവിച്ച ഹോട്ടൽകാരി,— ആ ബാല്

ഫ്ളേർസിലെ മഹതിതന്നെ— പണം പിരിപ്പിക്കുവാൻ ബദ്ധശ്രദ്ധയായി കാണപ്പെട്ടു. അവൾ നമ്മുടെ പീയററ്റിൻെറ തൊപ്പിയുമായി ചുററും നടന്നു; സ്വൎണ്ണമല്ലാതെ യാതൊന്നും അതിൽ ഇടരുതെന്നു നിഷ്കർഷയുണ്ടായിരുന്നതിനാൽ അവൾ അതിലിട്ടതു സ്വന്തം കൎണ്ണാഭരണമായിരുന്നു. എന്തെന്നാൽ, തല്ക്കാലം സ്വൎണ്ണനാണയമായി യാതൊന്നും അവളുടെ പക്കൽ ഉണ്ടായിരുന്നില്ല. സഭാംഗങ്ങളുടെ സംഭാവനകളാൽ 2000 പവനോളം ശേഖരിച്ച അവൾ ആ കുട്ടിക്കു കൊടുത്തു. പിയററ്റ എത്രമാത്രം സന്തോഷിച്ചുവെന്നു വായനക്കാർതന്നെ ഊഹിക്കയാണു് ഉത്തമം. അവനെ സുഖപ്പെടുത്തി വീട്ടിലേക്കു അയക്കുന്ന ഭാരം ബാവുഫ്ളേർസിലെ മഹതിതന്നെ കയ്യേററു.

അന്നേദിവസം ആ മഹൽകൃത്യത്തിൽ പങ്കുകൊള്ളുന്നതിന്നു അവസരം നൽകിയ ഫെനലന്നു പ്രത്യേകവിധത്തിൽ നന്ദിപറഞ്ഞുകൊണ്ടു യോഗം പിരിഞ്ഞു. മേൽപറഞ്ഞ മഹതി, പിയററ്റിനെ കുറെ ദിവസം ആ ഹോട്ടലിൽതന്നെ താമസിപ്പിച്ചു. അവൻ പൂൎണ്ണസുഖമായപ്പോൾ, മാതാപിതാക്കന്മാൎക്കും, സഹോദരന്മാൎക്കുമായി വിലപിടിച്ച ചില സമ്മാനങ്ങളും കൊടുത്തു അവൾ അവനെ സവോയിലേക്കയച്ചു. യാത്രക്കു ആവശ്യമുള്ള ചിലവും അവൾതന്നെ ചെയ്തുകൂടാതെ പിരിച്ചുകിട്ടിയ 2000 പവനോടൊന്നിച്ചു അവളുടെ സ്വന്തമായി 1000 കൂടെ ചേൎത്തു 3000 പവൻ അവനെ ഏല്പിച്ചിട്ട അപായമെന്യെ സ്വഭവനത്തിൽ ചെന്നെത്തുന്നതിന്നുവേണ്ട ഏർപ്പാടുകളും സസന്തോഷം ചെയ്തുകൊടുത്തു.

ഇതായിരുന്നു ഫെനലൻെറ ആദ്യ പ്രസംഗം. അദ്ദേഹത്തിൻെറ ജീവിതകാലത്തിൽ ഇതിലും വിശേഷമായ സദസ്സുകളിൽ പ്രസംഗിച്ചിട്ടുണ്ടെങ്കിലും ഇതിലും നന്നായി ഒരിക്കലും അദ്ദേഹം പ്രസംഗിച്ചിട്ടില്ലെന്നതു നിൎവ്വിവാദമാണ്.



## 3. മൂന്നു വേദസാക്ഷികൾ.

പൂൎണ്ണമായ സ്വപരിത്യാഗത്തെ ദ്യോതിപ്പിക്കുന്ന രക്തസാക്ഷിത്വം സത്യമതത്തിൽ ഇന്നും അസുലഭമല്ല. തങ്ങളുടെ ദിവ്യഗുരുവിന്നുവേണ്ടി സ്വജീവനെ ബലികഴിപ്പാൻ മിശിഹായുടെ അനുഗാമികൾ പ്രഥമ ശതകങ്ങളിലെപോലെ ഇദാനീന്തനകാലത്തും സദാ സന്നദ്ധരായി വൎത്തിക്കുന്നു. 1856 ഫെബ്രുവരി 29ാം നു- ആഗസ്റ്റെ ചേപ്ഡ്‌ലെയിൻ എന്ന പ്രേഷിതന്നു ചൈനായിൽവെച്ചു വേദസാക്ഷിമുടി ധരിക്കുവാനും വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും ധീരയോദ്ധാക്കളുടെ പട്ടികയിൽ ചേരുവാനും ഭാഗ്യം സിദ്ധിച്ചു. ഫ്റാൻസിൽ 'റോച്ചെല്ലെ' നഗരത്തിൽ 1814-ൽ ഭൂജാതനായ ആഗസ്റ്റെ ചെറുപ്പംമുതൽ വൈദികാന്തസ്സിനു തന്നെ സ്വയം അർപ്പിച്ചുകൊണ്ടു ജീവിച്ചു. അജ്ഞാനാന്ധകാരത്തിലും പാഷണ്ഡമതാചാരത്തിലും മുഴുകിയിരുന്ന ചൈനാരാജ്യത്തിൽ മൂന്നുകൊല്ലത്തോളം ഈ പുണ്യപുരുഷൻ പ്രേഷിതവൃത്തി അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇദ്ദേഹത്തിൻെറ പരിശ്രമങ്ങളെ ദൈവം സ്പഷ്ടമായി അനുഗ്രഹിക്കയുണ്ടായി; എന്നാൽ മുളച്ചു തഴച്ചു വന്നിരുന്ന ക്രിസ്തീയാങ്കുരപ്പിയുടെ ആ ഇളംതൈ ചൈനാക്കാരിയായ ഒരു സ്ത്രീയുടെ പ്രതികാരേച്ഛയാൽ വാടിത്തളൎന്നു ഉണങ്ങിപ്പോവാനാണു സംഗതിയായതു്. എങ്ങിനെയെന്നാൽ അജ്ഞാനിയായിരുന്ന ഇവൾ ഒരു പുതുക്രിസ്ത്യാനിയുടെ ഭാൎയ്യയായിരുന്നു. സ്വഭൎത്താവുമായുണ്ടായ ചില ചില്ലറ വഴക്കുകൾ മൂലം അവൾ കുപിതയായി ഭൎത്താവിനേയും അവനോടുകൂടെ രാജ്യത്തിലുള്ള എല്ലാക്രിസ്ത്യാനികളേയും ഉപദ്രവിപ്പാൻ നിശ്ചയിച്ചു തദ്ദേശത്തിലെ ന്യായാധിപതിയുടെ അടുക്കലേയ്ക്കു് യാത്രയായി. ക്രിസ്ത്യാനികളുടെ ബദ്ധശത്രുവായിരുന്ന മജിസ്ട്രേട്ടു നമ്മുടെ യൂറോപ്യൻ മിഷ്യനറിയേയും അദ്ദേഹത്തോടൊന്നിച്ചു പ്രധാനികളായി ഗണിക്കപ്പെട്ടിരുന്ന ഇരുപതോ ഇരുപത്തഞ്ചോ ക്രിസ്ത്യാനികളേയും ബന്ധിക്കുവാൻ ഏതാനും ഭടന്മാരെ പറഞ്ഞയച്ചു. അത്യാസന്നമായ ആപത്തിനെപ്പററികേട്ടു് ലെഗറൻെറ പിമോൺ എന്നു പേരായ തൻെറ പുതിയ ശിഷ്യനൊന്നിച്ചു മിഷ്യനറി ഒരു വീട്ടിൽ അഭയം പ്രാപിച്ചു. ഏതാനും ക്രിസ്ത്യാനികളെ ആ ദുഷ്ടഭടന്മാർ അതിക്രൂരങ്ങളായ പല ദണ്ഡനങ്ങൾ ചെയ്തു, അതിൻെറശേഷം ചങ്ങ

ലങ്കൊണ്ടു ബന്ധിച്ചു ന്യായാധിപതിയുടെ മുമ്പിൽ ഹാജരാക്കി. തൽക്ഷണംതന്നെ അവർ കാരാഗൃഹത്തിലേയ്ക്കു് എറിയപ്പെടുകയും ചെയ്തു. ഇവരിൽ ആഗ്നസ്സ് എന്നു പേരുള്ള ഒരു വിധവ— അതെ, വിവിധ പുണ്യങ്ങളാൽ അലംകൃതയായ ഒരു വനിത— കൂടി ഉൾപ്പെട്ടിരുന്നു. ക്രിസ്തീയ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവളും അവരുടെ ശിക്ഷയിൽ വളൎന്നവളും ആയ ആ സുകൃതിനി തന്റെ ഉത്തമ ദൃഷ്ടാന്തംകൊണ്ടും, വിശ്വാസ ധൈൎയ്യംമൂലവും വിഗ്രഹാരാധനക്കാരികളായ അനേകം സ്ത്രീകളെ സത്യവേദത്തിലേയ്ക്കു മാനസാന്തരപ്പെടുത്തിയിരുന്നു.

നമ്മുടെ പ്രേഷിതൻ ഇപ്പോഴും തന്റെ അഭയസ്ഥലത്തു തന്നെ ഇരിക്കുകയായിരുന്നു. ബന്ധിക്കപ്പെട്ടവരുടെ ഭാൎയ്യമാരും സഹോദരികളും ഉൾപ്പെടെ നാലഞ്ചുപേർ തങ്ങളുടെ ഭൎത്താക്കന്മാരേയും സഹോദരന്മാരേയും തടവിൽനിന്നും വിമുക്തരാക്കേണമെന്നു അപേക്ഷിക്കുവാനായി ന്യായാധിപതിയുടെ മുമ്പിൽ ഹാജരാകുന്നതിന്നു തീരുമാനിച്ചു. എങ്കിലും സ്ത്രീസഹജമായ ഭയത്താൽ എന്തു ചെയ്യണമെന്നറിയാതെ അവർ വഴിമദ്ധ്യേ നിലകൊണ്ടു. ധീരനായ 'ലെയറൻറു് പിമോൺ' തൽസമയം ധൈൎയ്യം കൈക്കൊണ്ടു് അവരെ മജിസ്ത്രേട്ടിന്റെ മുമ്പിൽ കൂട്ടിക്കൊണ്ടു ചെന്നു. എന്നാൽ ആ ക്രൂരൻ, ലെയറൻറും ശേഷമുള്ള സ്ത്രീജനങ്ങളും ക്രിസ്ത്യാനികളാണെന്നറിഞ്ഞ മാത്രയിൽ അവരുടെ അഭ്യൎത്ഥനകൾ ഗൌനിച്ചില്ലെന്നല്ല അവരെ ഉടൻ അറസ്റ്റു് ചെയ്യാൻ ആജ്ഞാപിക്കയാണുണ്ടായതു്.

ഇതിനിടയിൽ ക്രിസ്ത്യാനിവേട്ടയ്ക്കു പുറപ്പെട്ടിരുന്ന ഭടന്മാർ നമ്മുടെ പുരോഹിതന്റെ അഭയസ്ഥാനവും കണ്ടെത്തി. അവർ അദ്ദേഹത്തിന്റെ വസതിയെ വളഞ്ഞു. അവരിൽ പ്രധാനി അഗസ്റ്റി (Auguste) യുടെ മുറിയിൽ കയറിച്ചെന്നു. എന്നാൽ അത്ഭുതം! അവിടെ കണ്ട കാഴ്ച ആരുടേയും ഹൃദയ മൎമ്മങ്ങളെ സ്പർശിക്കത്തക്കതായിരുന്നു. അദ്ദേഹം 'ഒലിവററു്' (Olivet) പൂന്തോപ്പിൽ മിശിഹാ എന്നപോലെ അവിടെ പ്രാൎത്ഥനയിൽ നിമഗ്നനായി പ്രാണ ബലിക്കു് ഒരുങ്ങി നിന്നിരുന്നു! ശത്രുക്കൾ അദ്ദേഹത്തെ ഉടൻ പിടികൂടി. ഭവനത്തിൽകണ്ട മററു രണ്ടു ക്രിസ്ത്യാനികളേയും അവർ ബന്ധനസ്ഥരാക്കി ന്യായാധിപന്റെ പക്കലേയ്ക്കു ആനയിച്ചു. ഫെബ്രുവരി 25-ാം നു- ഇവർ മൂന്നുപേരും അവരുടെ അനുയായികളോടൊന്നിച്ചു വേദസാക്ഷി കിരീടം അണിഞ്ഞു! ഹാ!

എത്ര നല്ല കാഴ്ച! സ്വര്‍ഗ്ഗ സാമ്രാജ്യത്തില്‍ എന്തൊരു ആനന്ദം ഉളവാക്കുന്ന മഹാ വിജയം. അപ്പോള്‍ സ്വര്‍ഗ്ഗം അവര്‍ക്കു കാണിച്ച അത്ഭുതത്തിന്‍െറ അര്‍ത്ഥം — അതെ അവരുടെ ധൈര്യവും സ്ഥൈര്യവും ശതഗുണീഭവിപ്പിച്ച ആ ചിഹ്നത്തിന്‍െറ രഹസ്യം — അവര്‍ നല്ലവണ്ണം ഗ്രഹിച്ചു. 'യൊക്കാനി'ല്‍ അറസ്റ്റ് ചെയ്ത ആ ദിവസത്തില്‍ത്തന്നെ, ശോഭയുള്ള ഒരു മുടിയും അതിന്‍െറ മദ്ധ്യെ ഒരു കുരിശും ആ ഗ്രാമത്തിന്‍െറ മേല്‍ഭാഗത്തു ആകാശത്തില്‍ പ്രത്യക്ഷമായി. വിശ്വാസികള്‍ക്കു മാത്രമല്ല, അകത്തോലിക്കര്‍ക്കും വിഗ്രഹാരാധകന്മാര്‍ക്കും ഒരുപോലെ അതു് ദൃഗോചരമായിരുന്നു. അജ്ഞാനികള്‍ അതിനെ കൃസ്ത്യാനികള്‍ക്കു ഒരു ദുശ്ശകുനമായി വ്യാഖ്യാനിച്ചു. എന്നാല്‍ കുരിശു വഴിയായിവേണം കിരീടം ധരിക്കുവാനെന്നാണു് അതിന്‍െറ അര്‍ത്ഥം എന്നു ക്രിസ്ത്യാനികള്‍ മനസ്സിലാക്കി.

കാരാഗൃഹത്തില്‍ ചെന്നെത്തുന്ന താമസം ക്രൂരഭടന്മാര്‍ തടവു പുള്ളികളെ ഓരോരുത്തരില്‍ മര്‍ദ്ദിക്കുവാന്‍ തുടങ്ങി. ഒടുവില്‍ പടയാളികള്‍തന്നെ ക്ഷീണിച്ചു വശായി. എങ്കിലും പുതിയ ചമ്മട്ടികള്‍ കൊണ്ടുവന്നു പിന്നേയും പിന്നേയും ദണ്ഡനം ആവര്‍ത്തിച്ചതല്ലാതെ അവര്‍ അടങ്ങിയിരുന്നില്ല. ഈ പീഡകള്‍ എല്ലാം ആ ധീര പുരുഷന്മാര്‍ ക്ഷമയോടും സന്തോഷത്തോടുംകൂടെ സഹിച്ചു് ദിവ്യഗുരുവിനു സമര്‍പ്പിച്ചു.

പിറേറദിവസം 'ലെഓന്‍റു പിമോണ്‍' ന്യായാധിപതിയുടെ മുമ്പില്‍ ഹാജരാക്കപ്പെട്ടു. ദുഃഖകാലങ്ങളില്‍ ഏതു സമയത്തും ആ മിഷ്യനരിയെ സസന്തോഷം അനുഗമിക്കാന്‍ സന്നദ്ധനായിരുന്ന അദ്ദേഹത്തിനു തന്‍െറ വിശ്വാസ ധൈര്യംമൂലം മിശിഹായെ ഏററു പറവാനുള്ള മഹാ ഭാഗ്യം സിദ്ധിക്കുവാനിടയായി. വിധിയാളി അദ്ദേഹത്തോടു ഇങ്ങനെ ചോദിക്കുവാന്‍ തുടങ്ങി:—

"മനുഷ്യരെ കലഹത്തിലേക്കു ആനയിക്കുന്ന ആ സ്വര്‍ഗ്ഗരാജന്‍െറ ധര്‍മ്മതം നിങ്ങള്‍ എന്തിനു അനുഷ്ഠിക്കുന്നു." "ഇല്ല" ആ പുതിയ ശിഷ്യന്‍ മറുപടി പറഞ്ഞു; "സ്വര്‍ഗ്ഗീയ പിതാവിന്‍െറ സത്യമതം നിങ്ങളുടെ യാതൊരുവക കുററാരോപണങ്ങള്‍ക്കും പാത്രമാകുന്നില്ല. പ്രത്യുത, തിന്മയെ വെറുക്കുവാനും, നന്മയെ സ്നേഹിപ്പാനും, ആത്മാവിനെ രക്ഷിപ്പാനും അതു ഞങ്ങളെ പഠിപ്പിക്കുന്നു."

"നീ എന്തിനു ആ ഉപാദ്ധ്യായനെ പിന്തുടരുന്നു? "അദ്ദേ

ഹം സത്യദൈവത്തെ അറിവാനും തന്റെ പരിശുദ്ധ മതത്തെ സ്വീകരിപ്പാനും ഞങ്ങളെ ഉപദേശിക്കുന്നതുകൊണ്ടുതന്നെ".

'നീ ഇനിയും അവനെ പിന്തുടരുവാൻ വിചാരിക്കുന്നുവോ?' 'അദ്ദേഹത്തെ ഞാൻ ഒരിക്കലും ഉപേക്ഷിക്കയില്ല.' 'നീ അവനെയും അവന്റെ മതത്തേയും ത്യജിക്കുന്നില്ലെങ്കിൽ നിന്റെ ശിരഃഛേദം ചെയ്യപ്പെടും'

'ന്യായാധിപതി എന്റേതു മാത്രമല്ല, എന്റെ ഭാൎയ്യയുടേയും കുട്ടികളുടേയും തലകൂടെ ഛേദിച്ചുകളയുമായിരിക്കും; എന്നാലും എന്റെ വേദത്തെ, അതെ സ്വർഗ്ഗപിതാവിന്റെ ആ മതത്തെ പരിത്യജിപ്പാനും തന്നോടു പ്രാൎത്ഥിക്കാതിരിപ്പാനും—ഹാ! അതൊരിക്കലും പാടില്ല. ഇപ്രകാരമുള്ള ഒരു രാജദ്രോഹത്തിനു ഞാൻ ഒരിക്കലും ഒരുമ്പെടുന്നതല്ല. അല്ലയൊ സ്വാമിൻ, നിങ്ങൾ താല്പൎയ്യപ്പെടുന്നപക്ഷം എന്റെ തല വെട്ടുക; എന്നാകിലും എന്റെ വിശ്വാസത്തെ ഞാൻ ഉപേക്ഷിക്കയില്ല.'

കോപാന്ധനായ ന്യായാധിപതി ആ ധീര പുരുഷനെ കുറെ പ്രഹരിക്കുവാൻ ആജ്ഞാപിച്ചു. എന്നാൽ ലെഔറൻറ് തന്റെ നിശ്ചയത്തിൽനിന്നു വ്യതിചലിക്കുന്നില്ലെന്നു കണ്ടപ്പോൾ വിധികൎത്താവു ഉച്ചത്തിൽ പറഞ്ഞു. 'നീ തല ഛേദിക്കപ്പെടുവാനാണു കാംക്ഷിക്കുന്നതെങ്കിൽ അതു ഉടനെ സാധിച്ചുതരാം' ഉടനെ തന്നെപ്പോലെ ക്രൂരനായ ഒരു ഭടനെ വിളിച്ചു മിശിഹായുടെ ധീരയോദ്ധാവു ലെഔറൻറിന്റെ ശിരഃഛേദം ചെയ്വാൻ അദ്ദേഹം നിൎദ്ദയം കല്പിച്ചു. തൽക്ഷണംതന്നെ അവൻ അതു നിറവേററുകയും ചെയ്തു.

ആ വേദസാക്ഷിയുടെ പരിപാവനമായ അവശിഷ്ടങ്ങൾ ഇപ്പോഴും കണ്ടുകിട്ടിയിട്ടില്ല. അദ്ദേഹത്തിന്റെ തിരുശ്ശേഷിപ്പുകൾ കുഴിച്ചിട്ടിട്ടുണ്ടെന്നും ചിലർ പറയുന്നുണ്ട്. അന്യർ, അവ രാജപാതയിൽ എറിഞ്ഞുകളയപ്പെട്ടെന്നും ഉൽഘോഷിക്കുന്നു. എങ്ങനെയുമാവട്ടെ! അവ എവിടെയാണെന്നു ദൈവം നിശ്ചയമായും അറിയുന്നു. തനിക്കുവേണ്ടി ഇത്ര വേദനസഹിച്ച ആ ശരീരത്തെ ഒരിക്കൽ ദൈവം മഹത്വപ്പെടുത്താതിരിക്കയില്ലെന്നു നമുക്കു സമാധാനിക്കാം. വിശ്വാസത്തിൽ ധീരോദാത്തനായ ആ പുണ്യശ്ലോകൻ ജ്ഞാനസ്നാനം സ്വീകരിച്ചു വേദസാക്ഷിയായ വിശുദ്ധ ലെഔറൻറിന്റെ നാമം സ്വീകരിച്ചിട്ടു അഞ്ചു ദിവസം മാത്രമെ ആയിരുന്നുള്ളു. അതിനിടയിൽ അദ്ദേഹം പ്രസ്തുത പുണ്യവാനെ എത്ര പ്രശംസ

നിയമായി അനുകരിച്ചു! കൊലക്കളത്തിലേയ്ക്കു കൊണ്ടുപോകപ്പെട്ട തന്റെ ഗുരുവായ വി. സിക്സ്തൂസിനെ വി. ലൌറൻസ് ഏതുപ്രകാരം പിന്തുടൎന്നുവോ അപ്രകാരം ലൌറൻ പിമോണ്ടം തന്റെ ആദ്ധ്യാത്മിക പിതാവിനെ അവസാനംവരെ അനുഗമിച്ചു. ലൌറൻ പിമോണിന്റെ മരണാനന്തരം യുവതിയായ ആഗ്നസിന്റെ വധമാണ് നടന്നത്. എന്നാൽ ഈ ധീരയുവതിയുടെ മരണാനുഭവവൃത്താന്തം കേൾക്കുന്നതിന്നു മുമ്പായി അവളുടെ ബാല്യകാലത്തെപ്പററി അല്പം അറിയുന്നതു നന്നായിരിക്കും.

1233-ൽ കോക് ചോൺ (Kouch Tcheown) ദേശത്തിൽ ഒരു ക്രിസ്തീയ കുടുംബത്തിലാണു ആഗ്നസിന്റെ ജനനം. ചെറുപ്പംമുതൽ അവൾ കൃസ്തീയ പുണ്യങ്ങൾ സവിശേഷം പരിശീലിച്ചു, ദൈവ ഭക്തിയും ദൈവഭയവും അവളിൽ പ്രത്യേകം പ്രകാശിച്ചിരുന്നു. ഒരു പാവപ്പെട്ട ഡോക്ടറിന്റെ പുത്രിയായിരുന്നു ഈ ബാലികാരത്നം. എന്നാൽ തന്റെ 15-ാമത്തെ വയസ്സിൽ പിതാവു മരിക്കയാൽ അവൾ ഒരു അനാഥയായിത്തീൎന്നു. ഇപ്രകാരം ഐഹിക സഹായങ്ങളെല്ലാം അവൾക്കു നഷ്ടീഭവിച്ചു. തന്മൂലം സാധു, വളരെ കഷ്ടസ്ഥിതിയിലായി. എങ്കിലും തദ്ദേശത്തിലെ മിഷ്യനറിമാരുടെ ഉള്ളഴിഞ്ഞ സഹായംകൊണ്ടു അവൾ ഒരുവിധം കഴിഞ്ഞുകൂടിപ്പോന്നു. അവരുടെ വക ഒരു വിദ്യാലയത്തിൽ ചേൎന്നു ചൈനാഭാഷയിൽ എഴുതുവാനും വായിക്കുവാനുമുള്ള പാണ്ഡിത്യം അവൾ ഇക്കാലത്തു സമ്പാദിച്ചു. എറെത്താമസിയാതെ ഒരു കൃസ്തീയ യുവാവു അവളെ വിവാഹവും ചെയ്തു. എന്നാൽ നാലു വർഷം കഴിഞ്ഞപ്പോൾ ആ യുവാവു ഇഹലോകവാസം ത്യജിക്കയാണുണ്ടായതു. അങ്ങനെ അവൾ ഒരു വിധവയായി ഭവിച്ചു. എന്നുവരികിലും ദൈവതിരുമനസ്സിന്നു കീഴ്വഴങ്ങിയും കൃസ്തീയ പുണ്യങ്ങളിൽ തഴങ്ങിയും അവൾ കാലയാപനം ചെയ്തു പോന്നു. ഇക്കാലത്തു Quasisi ദേശവും സത്യമതം സ്വീകരിച്ചതിനാൽ പുതു ക്രിസ്ത്യാനികളുടെ എണ്ണം തുലോം വർദ്ധിച്ചു. അതുകൊണ്ടു പുരോഹിത ശ്രേഷ്ഠനായ നമ്മുടെ (M. Chapdelaine) ചാപ്ടലയിൻ, സ്ത്രീകൾക്കു കത്തോലിക്കാവിശ്വാസം ഉപദേശിപ്പാനും പഠിപ്പിപ്പാനുമായി ആഗ്നസിനെ അവിടേയ്ക്കു നിയോഗിച്ചയച്ചു. അവൾ സസന്തോഷം ആ ജോലി കയ്യേല്ക്കുകയും ചെയ്തു. സൌമ്യം സൌശീല്യം സഹനത, സ്നേഹം മുതലായ ഉൽകൃഷ്ട ഗുണങ്ങളാൽ അലംകൃതയായിരുന്ന അവൾ ദൈവത്തിന്നുവേണ്ടി ആത്മാ

ക്കളെ സമ്പാദിക്കുന്നതിൽ ബദ്ധശ്രദ്ധയായി. ഇപ്രകാരം അവ ൾ ജാഗ്രതയോടെ തൻെറ കത്തവ്യകമ്മങ്ങളെ അനുഷ്ഠിച്ചുവരവെ ഒരു ദിവസം പെട്ടെന്നു ശത്രുക്കൾ പിടിച്ചു അവളെ ബന്ധനസ്ഥ യാക്കി. ന്യായാധിപതി പല പ്രകാരത്തിൽ അവളുടെ ദൃഢ നി ശ്ചയത്തെ ഇളക്കുന്നതിന്നു ഉദ്യമിച്ചു. പക്ഷെ അതെല്ലാം വിഫ ലമായതെയുള്ളു. അദ്ദേഹത്തിൻെറ കോപ ഭാവമൊ, ഭീഷണി കളൊ തനിക്കാസന്നമായിരിക്കുന്ന പീഡാനുഭവങ്ങളുടെ സ്മരണ യൊ യാതൊന്നുംതന്നെ ആ ധീരവനിതയെ സ്വനിശ്ചയത്തിൽ നിന്നും വ്യതിചലിപ്പിക്കുന്നതിന്നു പയ്യാപ്തങ്ങളായില്ല. അവൾ അ യാൾക്കു നൽകിയ മറുപടികളിൽ സ്ഫുരിച്ചിരുന്ന പ്രശാന്തത എ ത്രമാത്രമെന്നു താഴെ വരുന്ന ഭാഗത്തിൽനിന്നും മനസ്സിലാകുന്നതാ ണ്—അയാൾ ചോദിച്ചു:— "ക്രിസ്തീയമതം നിന്നെ ആരാണു ഉ പദേശിച്ചത്"? "എല്ലാപ്പോഴും കൃസ്ത്യാനികളായിരുന്ന എൻെറ മാതാപിതാക്കന്മാർ തന്നെ."

"നീ ഇവിടെ എന്തിന്നായി വന്നു?"

"രണ്ടു വർഷത്തിന്നു മുമ്പ് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചി ട്ടുള്ള ഇട്ടിക്കിലെ ഒട്ടധികം ജനങ്ങളെ ദൈവശുശ്രൂഷയും പ്രാത്ഥ നയും അഭ്യസിപ്പിച്ചു നന്നാക്കുവാനാണ് ഞാൻ ഇവിടെ വന്നിരി ക്കുന്നത്."

"കാക്കകളെപോലെ മോഷ്ടിക്കുവാൻ അവരെ നിങ്ങൾ പ ഠിപ്പിക്കുന്നതെന്തിന്?"

"ഞാൻ അവരെ മോഷ്ടിക്കുവാനല്ല പഠിപ്പിക്കുന്നത്. പി ന്നയൊ പ്രാത്ഥിപ്പാനത്രെ. ഞങ്ങൾക്കെതിരായി കണ്ടുപിടിച്ച ഒ രപവാദമാണ് ഇതെന്ന് അങ്ങേക്കു് നല്ലവണ്ണം അറിയാമല്ലോ."

"നിങ്ങൾ എന്തിനാണ് അവരെ രാത്രിയിൽ പഠിപ്പിക്കുന്ന ത്? പകലാകരുതൊ?"

"പകൽ മുഴുവൻ അഷ്ടിക്കുവേണ്ടി വേലചെയ്യുന്നവരാണ്. രാത്രിയിൽ മാത്രമെ സമയമൊള്ളു."

"'മാ':- ഗുരുവിന്നു എന്തു മുതലുണ്ടെന്നു നീ എന്നോടു പറ യുമൊ?"

"എനിക്കറിവില്ല."

അദ്ദേഹം വേറേയും ചിലതു ചോദിച്ചു. ഒടുവിൽ ഇപ്രകാര മാണ് അവസാനിപ്പിച്ചത്. "നിൻെറ 'മാ' ഗുരുവിൻെറ മതം ഉ പേക്ഷിക്കാത്തപക്ഷം നീ മരണമനുഭവിക്കേണ്ടിവരും."

"അങ്ങയുടെ ഇഷ്ടമതാണെങ്കിൽ എന്നെ നിഗ്രഹിച്ചുകൊള്ളുക, എന്നാലും 'മാ' ഗുരുവിൻെറ വിശ്വാസം സ്വർഗ്ഗനാഥൻെറ മതമായതിനാൽ ഒരിക്കലും ഞാൻ അതു് ഉപേക്ഷിക്കയില്ല."

"നീ എങ്ങിനെ മരിക്കാനാണു് ആഗ്രഹിക്കുന്നതു്?"

" 'മാ': ഗുരുവിനെപ്പോലെ."

മാൻറിൻ അവളുടെ അഭിലാഷം അനുസരിച്ചു് മിഷ്യനറിക്കു് ഉപയോഗിച്ചതുപോലുള്ള ഒരു ക്രൂര വേഗം ഉണ്ടാക്കിച്ചു. 'പെരെചെയ്ട്ലെയിൻ' കാരാഗ്രഹത്തിൽ പ്രവേശിച്ച ഫെബ്രുവരി ൨൬-ാം നു- തന്നെ അവളും തടവിൽ അയക്കപ്പെട്ടു. അവർക്കു് പരസ്പരം കാണാമായിരുന്നെങ്കിലും വാസസ്ഥലങ്ങൾക്കു തമ്മിൽ കുറച്ചധികം ദൂരമുണ്ടായിരുന്നതിനാൽ സംസാരിക്കുവാൻ കഴിവില്ലായിരുന്നു. മിശിഹായുടെ ഈ വേദസാക്ഷികൾ ഇരുവരും ഒരേ ശോച്യാവസ്ഥയിൽ തന്നെ ആക്കപ്പെട്ടിരുന്നു. രണ്ടുപേരും ഒരേ ഉദ്ദേശ്യസാദ്ധ്യത്തിന്നു് തന്നെ സ്വയം പ്രതിഷ്ഠിച്ചിരുന്നു. ഒരേ പീഡനങ്ങൾ അനുഭവിച്ചു് ഒരേ സമ്മാനത്തിന്നു തന്നെ അർഹരാകുമെന്നുള്ള ദൃഢവിശ്വാസം ഇരുവരുടേയും ഹൃത്തടങ്ങളിൽ സദാ കുടികൊണ്ടിരുന്നു.

നാലു ദിവസത്തോളം വിവിധ മർദ്ദനങ്ങൾ അനുഭവിച്ച ശേഷം ഈ വനിതാരത്നം പൈദാഹങ്ങളാൽ തളർന്നു വശായി. തൻെറ അവസാനദശ അടുത്തിരുന്നതായറിഞ്ഞിരുന്നതിനാൽ അവളുടെ ആത്മാവിനെ സ്രഷ്ടാവിൻെറ കരങ്ങളിൽ സർവ്വാത്മനാ കയ്യാളിച്ചുകൊണ്ടു് ഭാഗ്യമരണം പ്രാപിച്ചു. അവളുടെ ശരീരം ഒരു പക്ഷെ സംസ്കരിക്കപ്പെട്ടിരിക്കണം. എന്നാൽ ആ തിരുശ്ശേഷിപ്പുകൾ സ്ഥിതിചെയ്യുന്ന സ്ഥലം ഇതുവരെയും അറിയപ്പെട്ടിട്ടില്ല. വിശ്വാസികളാൽ ബഹുമാനിക്കപ്പെടുന്നതിന്നായി ആ തിരുശ്ശരീരം ദൈവം ഒരിക്കൽ മഹത്വപ്പെടുത്താതിരിക്കയില്ലെന്നു് നമുക്കു് ആശ്വസിക്കാം.

തൻെറ പ്രിയ ശിഷ്യരുടെ ഘോരസമരവും ഭാഗ്യമരണവും സ്വനേത്രങ്ങളാൽ വീക്ഷിച്ച ശേഷം, മിശിഹായുടെ ആ പുരോഹിത സത്തമൻ, ദൈവവരപ്രസാദത്താൽ പരിപൂർണ്ണമായിരുന്ന തൻെറ ആത്മാവിനെയും ദൈവത്തിൽ സമർപ്പിക്കേണ്ടിയിരുന്നതു് യുക്തമല്ലയൊ? തന്നെ സംബന്ധിച്ചു് ചിലതെല്ലാം ന്യായാധിപതി ചോദിച്ചപ്പോൾ ചുമതല അനുസരിച്ചു് അദ്ദേഹം മറുപടി പറയേണ്ടതായിക്കൂടി വന്നു. എന്നാൽ "നിനക്കെന്തു മുതലുണ്ടു്? നി

ൻെറ അനുഗാമികളെ എന്തിനു മോഷ്ടിക്കുവാൻ പഠിപ്പിക്കുന്നു?" എന്നും മററും അസംബന്ധങ്ങൾ ചോദിച്ചപ്പോൾ, നമ്മുടെ മിഷ്യനറി ഹേറോദേസിൻെറ മുമ്പിൽ വച്ച് ദിവ്യഗുരു ചെയ്തപോലെ മൌനംപൂണ്ടു നിന്നതേയുള്ളൂ. അതു കണ്ടു് കുപിതനായ ന്യായാധിപൻ അദ്ദേഹത്തിൻെറ കവിൾതടങ്ങളിൽ നിർദ്ദയം പ്രഹരിക്കുവാൻ ആജ്ഞാപിച്ചു. അടികൾ ഏററ് പല്ലുകൾ പൊഴിഞ്ഞുവീണു; മുഖം വികൃതമായി തീരുകയും സംസാരിക്കുവാൻ വഹിയാതാകയും ചെയ്തു. അപ്പോൾ ആഘാതകന്മാർ ആ പുണ്യശ്ലോകനെ നിലത്തു കിടത്തി പലവിധത്തിൽ ദണ്ഡിപ്പിക്കുവാൻ തുടങ്ങി. എന്നാൽ ഈ ഭയങ്കര മർദ്ദനങ്ങളിൽപോലും അദ്ദേഹം അക്ഷമനാകയൊ ആവലാധിപ്പെടുകയൊ ചെയ്തില്ല. തൻമൂലം ന്യായാധിപതിയും കൂട്ടരും ആശ്ചര്യഭരിതരാകയും ചെയ്തു. എന്തെന്നാൽ ശിക്ഷയനുഭവിക്കുന്ന കുററക്കാരൻ സാധാരണമായി അട്ടഹസിക്കയും ഇടവിടാതെ അലറുകയും ന്യായാധിപതിയോട് മാപ്പപേക്ഷിക്കുകയും അവിടെ പതിവായിരുന്നു. പ്രത്യുത, ഇദ്ദേഹമാകട്ടെ പ്രകൃത്യതീതമായ ഏതൊ ശക്തിവിശേഷത്താലെന്നപോലെ പീഡാനുഭവങ്ങളിൽ മൌനം ദീക്ഷിക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്നു എന്തെങ്കിലും മന്ത്രശക്തി ഉണ്ടായിരിക്കണമെന്ന് ആ ഘാതകന്മാർ തെററിദ്ധരിച്ചു. അതിനാൽ അവർ ഒരു നായയെ അറുത്തു അതിൻെറ രക്തം ഠരം വന്ദ്യാത്മാവിൻെറ ദേഹത്തിൽ തളിച്ചു. അനന്തരം പിന്നേയും അടിക്കുവാൻ തുടങ്ങി. ഒടുവിൽ ചലനം നിലച്ചെന്നായപ്പോൾ അദ്ദേഹത്തെ കാരാഗൃഹത്തിലേയ്ക്കു് വലിച്ചിഴച്ചുകൊണ്ടുപോയി. എന്നാൽ അത്ഭുതം! കാരാഗൃഹ മന്ദിരത്തിൽ എത്തിയപ്പോൾ അനങ്ങുവാൻപോലും വയ്യാതിരുന്ന അദ്ദേഹം പൂർണ്ണ സുഖംപൂണ്ടു നടക്കുവാൻ തുടങ്ങി. ഈ അത്ഭുതത്തിന്നു സാക്ഷികളായിരുന്ന കാവൽക്കാർ അദ്ദേഹത്തിൻെറ അടുക്കൽ ചെന്ന് "ഒരു ക്ഷണം മുമ്പ് അനങ്ങുവാൻപോലും കഴിയാതിരുന്ന നിങ്ങൾ ഇപ്പോൾ എങ്ങനെ നടക്കുന്നു?" എന്നു ചോദിച്ചു. നമ്മുടെ മിഷ്യനറി പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു: "ദൈവമാണ് എന്നെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതു്." സത്യമായും അദ്ദേഹത്തിൻെറ നിരപരാധിതയെ തെളിയിക്കുന്നതിന്നു ഈ അത്ഭുതം വേണ്ടുവോളം മതിയായിരുന്നു. പക്ഷെ ആ അന്ധന്മാർ ഇതിലും ഏതൊ മന്ത്രശക്തി പ്രവത്തിക്കുന്നുണ്ടെന്നു മാത്രം നിരൂപിച്ചു. ആ നാട്ടിൽ മന്ത്രശക്തിയെ നശിപ്പിക്കു

വാൻ ഉപയോഗിച്ചുവന്നിരുന്ന ചില നീചമൃഗങ്ങളുടെ മാംസം പാകംചെയ്തു നമ്മുടെ പുരോഹിത ശ്രേഷ്ഠനു ഭക്ഷിക്കുവാൻ കൊടുത്തു. മന്ത്രവാദികൾക്കു താദൃശ പദാൎത്ഥങ്ങളോട് വളരെ വെറുപ്പുണ്ടെന്നു അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിനാൽ താൻ മന്ത്രവാദിയല്ലെന്നു് കാണിപ്പാൻ വേണ്ടി ഈ അശുദ്ധ വസ്തുക്കളിൽ ചിലതു് അനുഭവിക്കാതിരുന്നില്ല. പക്ഷെ ദുർല്ലഭമായിട്ടു മാത്രമെ ഉപയോഗിച്ചുള്ളു. താൻ കാരാഗൃഹത്തിൽ കയറിയ ദിവസം മുതൽ സ്വർഗ്ഗീയ വിരുന്നിൽ പങ്കുചേരുന്നതുവരെ അദ്ദേഹം കഴിച്ചിരുന്ന ഭക്ഷണം ഈ മാംസമായിരുന്നു. എന്തെന്നാൽ വേറെ യാതൊരു ഭക്ഷ്യസാധനങ്ങളും അദ്ദേഹത്തിന്നു് കൊടുത്തുപോകരുതെന്നു നിഷ്കർഷയായി ആജ്ഞാപിച്ചിരുന്നു.

നമ്മുടെ വേദസാക്ഷിയെ മരണശിക്ഷയ്ക്കു വിധിച്ചതിന്നു ശേഷം അഗ്നേസിനെ ഇട്ടടയ്ക്കാൻ ഉപയോഗിച്ചതുപോലുള്ള ഒരു മരക്കൂട്ടിൽ അദ്ദേഹത്തേയും ഇട്ടടച്ചു. പിറകിൽ ബന്ധിച്ചും തല ഒരു ദ്വാരത്തിൽ കടത്തിയും അദ്ദേഹത്തെ പിന്നേയും പലതരം വേദനകൾ അനുഭവിപ്പിച്ചു. നിഷ്ഠുരന്മാരായ പ്രബല സേവകന്മാർ അഹോരാത്രം അദ്ദേഹത്തിന്നു കാവൽ നിന്നിരുന്നു. അഗ്നേസ് നാലു ദിവസത്തിനുള്ളിൽ കർത്താവിൽ നിദ്രപ്രാപിച്ചു. നമ്മുടെ പുണ്യശ്ലോകനാകട്ടെ ഒരു ദിവസംകൂടി താമസിച്ചാണു് മരിച്ചതു്. മരിച്ച ശേഷം ആ ക്രൂര ഘാതകന്മാർ അദ്ദേഹത്തിൻെറ ശരീരത്തെ കഷണം കഷണമായി മുറിക്കയും അദ്ദേഹത്തിൻെറ ഹൃദയം പാകംചെയ്തു ഭക്ഷിക്കയും ചെയ്തു.

അദ്ദേഹത്തിൻെറ വിശുദ്ധ ശരീരം ഇതുവരേയും കണ്ടുകിട്ടിയിട്ടില്ല. ശിരസ്സു മാത്രം ക്രിസ്ത്യാനികൾക്കു ലഭിച്ചു. ഈ തലയെ ശത്രുക്കൾ ദേഹത്തിൽനിന്നും വേർതിരിച്ചു ഒരു ചെറിയ പെട്ടിയിൽ ആക്കി ഒരു വൃക്ഷത്തിൻെറ ശിഖരത്തിന്മേൽ മൂടി കൊണ്ടു് കെട്ടിവെച്ചിരുന്നു. രണ്ടാഴ്ച കഴിഞ്ഞപ്പോൾ വൃക്ഷത്തിൽ നിന്നു അതു പൊട്ടി താഴെ വീണുപോയി. വൃക്ഷത്തിൻെറ കൊമ്പുകളിൽ നിന്നും മൂടി എടുത്തു് ഫ്രാൻസിലെ വേദസാക്ഷികളുടെ കപ്പേളയിലേക്കു് അയച്ചു. എന്നാൽ ആ ദിവ്യൻെറ ശിരസ്സാവട്ടെ ചൈനായിലെ കുട്ടികളുടെ വിനോദത്തിന്നും പുഷ്ടത്തിന്നും പാത്രമായി തീരുകയും അവർ ഒരു കളിക്കോപ്പായി മണലിൽ ഉരുട്ടി കളിക്കയും ചെയ്തിരുന്നു. ഒടുവിൽ ക്രിസ്ത്യാനികൾ അതിനെ അവരിൽ നിന്നും കൈക്കലാക്കി ഒരു ശുദ്ധസ്ഥലത്തു കൊണ്ടുപോയി സ്ഥാപി

ച്ചു. ഒമ്പതാം പീയൂസ് പാപ്പാ ഇദ്ദേഹത്തെ വന്ദ്യൻ എന്നു നാമകരണം ചെയ്തു. എന്നു മാത്രമല്ല, അദ്ദേഹത്തെ വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യാൻ കല്പിക്കയും ചെയ്തു.

---

## 4. യഥാർത്ഥ സൌഭാഗ്യം.

---

പതിന്നാലാം നൂററാണ്ടിൽ 'കൊലോൻ' എന്ന പട്ടണത്തിൽ സുപ്രസിദ്ധനായ ഒരു പ്രാസംഗികൻ ജീവിച്ചിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു പള്ളിയിൽ പ്രവേശിച്ച് ദൈവത്തെ ശുശ്രൂഷിക്കുന്നതിനുള്ള ഉത്തമ മാർഗ്ഗം അദ്ദേഹത്തിന്നു വെളിപ്പെടുത്തിക്കൊടുക്കണമെന്നു ദൈവത്തോടു പ്രാത്ഥിച്ചു. അദ്ദേഹം പ്രാത്ഥന കഴിഞ്ഞ് പള്ളിയിൽനിന്നും മടങ്ങുമ്പോൾ വാതില്ക്കൽത്തന്നെ ജീണ്ണവസ്ത്രം ധരിച്ച് അതി വിരൂപനായ ഒരു സാധു മനുഷ്യൻ കിടക്കുന്നതു കണ്ടു. അയാൾക്ക് ഒരു കാലും ഒരു കയ്യും ഉണ്ടായിരുന്നില്ല. എന്നു മാത്രമല്ല മുഖവും ദേഹവും മുഴുവൻ വ്രണംകൊണ്ടു നിറഞ്ഞിരുന്നു. ടൌലർ എന്നു പേരായ ആ വൈദികൻ അയാളുടെ അടുത്തു ചെന്നു് യൂറോപ്പിലെ പതിവനുസരിച്ച് ഇപ്രകാരം അഭിവാദ്യം ചെയ്തു: "സ്നേഹിതാ, തനിക്ക് മംഗളം ഭവിക്കട്ടെ" അതു കേട്ട് അയാൾ മറുപടി പറഞ്ഞു; "എനിക്കു ഇതുവരെ മംഗളമല്ലാതെ യാതൊന്നും അനുഭവപ്പെട്ടിട്ടില്ല." ആ നിർഭാഗ്യവാൻ തന്നെ തെററിധരിച്ചിരിക്കുമെന്നു വിചാരിച്ച് അദ്ദേഹം വീണ്ടും പറഞ്ഞു: "ഞാൻ തനിക്ക് സുദിനമംഗളങ്ങൾ ആശംസിക്കയാണ് ചെയ്തതു്. താൻ ഭാഗ്യവാനായിരിക്കണമെന്നും തൻെറ സകല ആഗ്രഹങ്ങളും സാധിക്കണമെന്നും ഞാൻ ഇച്ഛരിക്കുന്നു." ഭിക്ഷു അപ്പോൾ ഇങ്ങിനെ പറഞ്ഞു: "അങ്ങയുടെ അഭിലാഷം എനിക്കു നല്ലവണ്ണം മനസ്സിലായി. അവിടുത്തെ പരസ്നേഹത്തിന്നു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എന്നാൽ അങ്ങയുടെ ഈ ആഗ്രഹങ്ങൾ എന്നിൽ സാധിച്ചുകഴിഞ്ഞിട്ട് ദീർഘനാളായി." ഇതു കേട്ട് ആ പാവപ്പെട്ട യാചകന്നു് ബുദ്ധിഭ്രമമായിരിക്കാമെന്നു കരുതി അദ്ദേഹം സ്വരമുയത്തി വിളിച്ചുപറഞ്ഞു: "നിനക്കു ഞാൻ പറഞ്ഞതു മനസ്സിലായില്ലായിരിക്കാം. താൻ ഭാഗ്യവാനായിരിക്കണമെന്നാണ് എൻെറ ആഗ്രഹം." "എന്നോട് കോപിക്കരുതു്

അച്ഛാ! അങ്ങു പറഞ്ഞതു് എനിക്കു നല്ലവണ്ണം മനസ്സിലായി. ഞാൻ സൌഭാഗ്യമായി തന്നെയാണു് ജീവിതം കഴിക്കുന്നതെന്നു് ഉറപ്പായിപ്പറയുന്നു" എന്നു ഭിക്ഷു പറഞ്ഞു. അല്പ നേരത്തേയ്ക്കു് അദ്ദേഹം തന്നോടു സംസാരിക്കുന്നതു് സാക്ഷാൽ ഒരു ഭ്രാന്തൻ തന്നെയെന്നു സംശയിച്ചുപോയി. എന്നാൽ ആ സാധുവായ ഭിക്ഷുവിൽ ഭ്രാന്തന്മാരിൽ കാണാത്തതായ എന്തോ ഒരു മാഹാത്മ്യം ഉള്ളതുപോലെ അദ്ദേഹത്തിന്നു തോന്നിയതിനാൽ അടുത്തു ചെന്നു് അയാളോടു ഇപ്രകാരം ചോദിച്ചു: "നിങ്ങൾ ഇത്ര വളരെ സങ്കടങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നിട്ടും എപ്പോഴും സന്തുഷ്ടൻ എന്നു പറയുന്നതിന്റെ കാരണം എന്തു്?" അതിന്നു് അയാൾ പറഞ്ഞ മറുപടി താഴെവരുംപ്രകാരമായിരുന്നു. "എന്റെ ദൈവമെ! അങ്ങുന്നു് നീതിമാനും നല്ലവനുമാണെന്നു് ബാല്യംമുതല്ക്കേ ഞാൻ അറിയുന്നു. എന്റെ ചെറുപ്പംമുതൽ ഞാൻ സങ്കടങ്ങൾ സഹിച്ചുവരുന്നു. എന്നെ ബാധിച്ച ഒരു ഭയങ്കര വ്യാധി ഇപ്പോഴും എന്നെ പീഡിപ്പിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഞാൻ സർവ്വദാ നിർദ്ധനനായിട്ടാണു് ജീവിതം കഴിച്ചിട്ടുള്ളതു്. ദൈവതിരുമനസ്സുകൂടാതെ ഒന്നും ഒരിക്കലും സംഭവിക്കുന്നതല്ലെന്നു് എനിക്കറിയാം. എനിക്കു് എന്താണു് ഏററം ഉപകാരപ്രദമെന്നു് എന്നേക്കാൾ നല്ലവണ്ണം അങ്ങേയ്ക്കറിയാമല്ലൊ. പിതൃവാത്സല്യത്തോടെ അവിടന്നു് എന്നെ സ്നേഹിച്ചു സംരക്ഷിച്ചുപോരുന്നു. ആകയാൽ ഈ സങ്കടങ്ങൾ എന്റെ നന്മയ്ക്കുവേണ്ടിത്തന്നെയാണെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ദൈവഹിതമല്ലാതെ മററൊന്നും ആഗ്രഹിക്കാതിരിപ്പാനും ഞാൻ പരിശീലിച്ചിട്ടുണ്ടു്. അവിടന്നു് എനിക്കു് സങ്കടങ്ങൾ നൽകുമ്പോൾ സന്തോഷത്തോടെ അവയെ ഞാൻ സ്വീകരിക്കും. എനിക്കു് ഭക്ഷിപ്പാൻ ഒന്നുമില്ലാത്തപ്പോൾ സസന്തോഷം ഞാൻ ഉപവസിക്കുന്നു. എനിക്കു് ആവശ്യമുള്ള വസ്ത്രമില്ലാതിരിക്കുമ്പോൾ പുൽക്കൂട്ടിലും ഗാഗുൽത്താമലയിലും നഗ്നതയുടെ മഹാക്ലേശം അനുഭവിച്ച മിശിഹായെ വിചാരിച്ചു് ആശ്വസിക്കുന്നു. ഞാൻ ഇഹത്തിൽ സങ്കടങ്ങൾ അനുഭവിക്കുന്നുവെങ്കിൽ അതുമൂലം സ്വർഗ്ഗത്തിൽ കൂടുതൽ ഭാഗ്യവാനായി തീരാതെ ഇരിക്കയില്ലാ. എന്തു പറയട്ടെ! എല്ലായ്പോഴും ഞാൻ സംതൃപ്തൻ തന്നെ. ദൈവം ആഗ്രഹിക്കുന്നതു മാത്രമേ ഞാനും ആഗ്രഹിക്കുന്നുള്ളു. അവിടുത്തെ ഇഷ്ടം ചെയ്വാനല്ലാതെ മററൊന്നും ഞാൻ ഇച്ഛിക്കുന്നില്ല. അതുകൊണ്ടാണു് അഹോ, ഞാൻ ഇത്ര സന്തോഷത്തോ

ടെ ജീവിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് എനിക്കു ഒരിക്കലും സങ്കടമുണ്ടായിട്ടില്ലെന്നും എല്ലായ്പ്പോഴും എൻെറ ആഗ്രഹങ്ങൾ സാധിച്ചതന്നെ ഇരിക്കുന്നതെന്നും ഞാൻ പറഞ്ഞതു്."

ഫാദർ 'ജിയാൻ ടെയ്ളർ' ഇതു കേട്ടു മൌനം ദീക്ഷിച്ചതേയുള്ളു. ഇത്ര രസകരമായ ഒരു പ്രസംഗം ഇതിനു മുമ്പു് ഒരിക്കലും അദ്ദേഹം കേട്ടിട്ടുണ്ടായിരുന്നില്ല. ആ സാധുവിന്നു അദ്ദേഹം ഒരു വസ്ത്രവും കുറെ നാണയവും കൊടുത്തു. അതിനുപുറമെ വ്രണങ്ങൾ കൊണ്ടു നിറഞ്ഞിരുന്ന അയാളുടെ മുഖത്തു ചുംബിക്കുകൂടി ചെയ്തു. ദൈവശുശ്രൂഷയ്ക്കുള്ള ഉത്തമ മാൎഗ്ഗം കാണിച്ചുകൊടുത്തതിന്നു അദ്ദേഹം ദൈവത്തോടു നന്ദി പറഞ്ഞുകൊണ്ടു സ്ഥലം വിട്ടു പോയി. അന്നുമുതൽ അദ്ദേഹം ആ ഭിക്ഷുവിനെ കഴിയുന്നത്ര അനുകരിപ്പാൻ ശ്രമിച്ചു. ഈ സംഭവത്തെപ്പററി സംസാരിക്കുമ്പോൾ എല്ലാം അദ്ദേഹം ഇങ്ങിനെ പറയുക പതിവായിരുന്നു. "ഏതു് അന്തസ്സിൽ ജീവിക്കുന്നവനും സൌഭാഗ്യവാനായിരിക്കാൻ കഴിയും; ധനികനും ദരിദ്രനും, സുഖവാനും രോഗിക്കും അതു സാധിക്കുന്നതാണു്. സ്വാക്ഷാത്തായ ഭാഗ്യം ഹൃദയസമാധാനമാകുന്നു; അതു നമ്മുടെ ജീവിതാന്തസ്സിനെ അല്ല പിന്നെയൊ മനഃസ്ഥിതിയെയത്രെ ആശ്രയിച്ചിരിക്കുന്നതു്. നിങ്ങളുടെ ബാഹ്യമായ സാഹചര്യങ്ങൾ എങ്ങനെയിരുന്നാലും നിങ്ങൾ ദൈവതിരുമനസ്സു നിറവേററുന്നു എങ്കിൽ ഭാഗ്യവാന്മാരായിരിക്കും."

---

## 5. കലീഫും, ഇടയനും, സൌഭാഗ്യവും.

"നോക്കേണ്ടാ ഭാവിയായുള്ളതിനെയതധികം
ശ്രേഷ്ഠമെന്നാലുമപ്പോ-
ളോൎക്കേണ്ടാ ചെററുപോലും മനമതിൽ മൃതമാം
മുൻകഴിഞ്ഞുള്ളതും നീ;
തൽക്കാലംതന്നെ ജീവിപ്പതു ദൃഢമതിൽ യ-
ത്നിക്കു; യത്നിപ്പതൊ നൽ-
ശുശ്രൂഷാന്തിപ്രൌഢിയോടും ഭുവനപതിയെ മുൻ-
നിൎത്തിയും തന്നെവേണം."

കുറെ കാലങ്ങൾക്കു മുമ്പ് ബാഗ്ദാദിലെ കലീഫ് ഒരു നായാട്ടിനു പോകയുണ്ടായി. അദ്ദേഹം സവാരി ചെയ്തിരുന്ന കുതിര വായുവേഗത്തിൽ സഞ്ചരിക്കുമ്പോൾ കലീഫ്, നിർഭാഗ്യവശാൽ കുതിരപ്പുറത്തുനിന്നു നിലംപതിച്ചു. അപ്പോൾ ഒരു ആട്ടിടയൻ തൻെറ ജീവനാശംപോലും ഗൌനിക്കാതെ, ആ കുതിരയെ പിടിച്ചു മാററാതിരുന്നു എങ്കിൽ കലീഫിൻെറ കാൎയ്യം അതോടെ കഴിയുമായിരുന്നു.

മുറിവേററു വീണ കലീഫിനെ (കലീഫു ആയിരുന്നാലും വീഴാൻ ഇടയായാൽ മുറിവും ചതവും എല്ലാമല്ലൊ.) ഉടൻ പരിജനങ്ങൾ താങ്ങിയെടുത്തു കൊട്ടാരത്തിലേയ്ക്കു കൊണ്ടുപോയി. അവശത അല്പം ഭേദമായപ്പോൾ അദ്ദേഹം, തൻെറ പ്രാണനെ രക്ഷിച്ച ആട്ടിടയനെ കാണണമെന്നു ആവശ്യപ്പെട്ടതനുസരിച്ച അയാൾ രാജസന്നിധിയിൽ ഹാജരാക്കപ്പെട്ടു. ഉടനെ രാജാവു അയാളോടു ഇപ്രകാരം കല്പിച്ചു: പ്രിയ മകനെ! നീ എൻെറ പ്രാണോപകാരിയാണ്. ആകയാൽ നിൻെറ ശുശ്രൂഷയ്ക്കു സമ്മാനം തരുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. നിനക്കു ഇഷ്ടമുള്ളതെന്തെങ്കിലും ചോദിച്ചുകൊൾക. എൻെറ ശക്തിക്കനുസരണമായ ഔദാൎയ്യവും എനിക്കു ഉണ്ടെന്നു നിനക്കറിയാമല്ലൊ.

ഇടയൻ:— "തിരുമേനി, എനിക്കു അതിനെക്കുറിച്ചു അധികം വിചാരിക്കേണ്ടതില്ല. പുത്രകളത്രാദികൾ ഒരുമിച്ചു സമാധാനമായി ജീവിപ്പാൻ എൻെറ സ്വന്തമായിട്ടു ഒരു കുടിലും അതിനടുത്തു ഒരു ചെറിയ തോട്ടവും കിട്ടുകയാണെങ്കിൽ ഞാൻ വളരെ സൌഭാഗ്യവാനായി."

കലീഫു മന്ദസ്മിതംതൂകിക്കൊണ്ടു: "നിന്നെ തൃപ്തിപ്പെടുത്തുവാൻ യാതൊരു വിഷമവും ഞാൻ കാണുന്നില്ല" എന്നു പറഞ്ഞു. ഉത്തരക്ഷണത്തിൽ മന്ത്രിയെ വിളിച്ചു ആ ആട്ടിടയനുവേണ്ടി ബാഗ്ദാദിന്നുസമീപം ഒരു തോട്ടവും അതിൽ ഒരു ചെറു ഭവനവും ഏൎപ്പാടു ചെയ്യാൻ കല്പിച്ചു.

അതു കേട്ടപ്പോൾ ഇടയൻ സന്തോഷംകൊണ്ടു മതിമറന്നുപോയി. വീട്ടിലേയ്ക്കു മടങ്ങുമ്പോൾ വഴിയിൽ കണ്ടവരെയൊക്കെ തടുത്തു നിറുത്തി, തനിക്കു സിദ്ധിച്ച സൌഭാഗ്യത്തെക്കുറിച്ചു സംസാരിക്കാതിരിക്കുന്നതിനൊ, ഹർഷപാരവശ്യത്താൽ പാട്ടുപാടാതിരിക്കുന്നതിനൊ അയാൾക്കു സാധിച്ചില്ലാ. അന്നു വൈകു

ന്നേരംതന്നെ കലീഫ് കല്പിച്ചനുവദിച്ച സ്ഥലവും ഭവനവും അയാൾക്കു സ്വന്തമായി കിട്ടുകയും ചെയ്തു.

അവൻെറ ചെറുഭവനത്തിൽനിന്നു അധികം അകലെയല്ലാതെ വേറൊരു ഇടയനും നിവസിച്ചിരുന്നു. അവൻെറ കുടിലും നമ്മുടെ ഇടയൻെറതിനേക്കാൾ അത്ര മേത്തരമല്ലായിരുന്നു. ഏറെ താമസിയാതെതന്നെ അവർ ആത്മാർത്ഥ സ്നേഹിതന്മാരായി തീന്നു. രണ്ടാമത്തെ ഇടയനു ഏതാനും ആടുമാടുകൾ ഉണ്ടായിരുന്നതിനാൽ കൊല്ലംതോറും അവയിൽനിന്നും ലഘുവായ ഒരു സംഖ്യ അവനു ആദായമുണ്ടായിരുന്നു. ഇതറിഞ്ഞപ്പോൾ നമ്മുടെ ഇടയൻ ഇപ്രകാരം വിചാരിച്ചു: "കലീഫിനോടു കുറെ ആടുമാടുകളെ കൂടി ആവശ്യപ്പെടാഞ്ഞതു അബദ്ധമായിപ്പോയി. എൻെറ അയൽവാസി ഇക്കാര്യത്തിൽ എന്നേക്കാൾ എത്രയോ സൌഭാഗ്യവാൻ! പശുക്കളും ആടുകളും ഇല്ലാതെ വയൽ മാത്രം ഉണ്ടായതുകൊണ്ടു എന്തു പ്രയോജനം?

അടുത്ത പ്രഭാതത്തിൽ തന്നെ അയാൾ കലീഫിൻെറ കൊട്ടാരത്തിലേക്കു യാത്രയായി. തൻെറ പ്രാണരക്ഷകൻ എപ്പോൾ വന്നാലും പ്രവേശനം നല്കുന്നതിനു കലീഫ് ആജ്ഞാപിച്ചിട്ടുണ്ടായിരുന്നതിനാൽ, അദ്ദേഹത്തെ കണ്ടു സംസാരിക്കുന്നതിനു അയാൾക്കു യാതൊരു ബുദ്ധിമുട്ടും നേരിട്ടില്ല. ഇടയനെ കണ്ട മാത്രയിൽ കലീഫ് കരുണയോടെ ഇപ്രകാരം ചോദിച്ചു: "അല്ലയോ സ്നേഹിതാ, നിങ്ങൾക്കു സുഖമാണൊ? നിങ്ങളുടെ പുതിയ ഭവനം സുഖമയിട്ടുള്ളതുതന്നെയല്ലെ?"

ഇടയൻ: "തിരുമേനി, അങ്ങുന്നു എനിക്കു തന്ന ഭവനം വളരെ സുഖകരമായിട്ടുള്ളതുതന്നെ. പക്ഷെ, ഒരു കാര്യം കൂടി, അതായതു്, എൻെറ അയൽവാസിക്കുള്ളതുപോലെ ഒരു കന്നുകാലിക്കൂട്ടംകൂടി ഉണ്ടായിരുന്നു എങ്കിൽ ഞാൻ പരമഭാഗ്യവാനാകുമായിരുന്നു. അതുകൂടി ചോദിച്ചു വാങ്ങുന്നതിനാണു ഞാൻ അങ്ങെ സന്നിധിയിൽ ഇപ്പോൾ ആഗതനായിരിക്കുന്നതു്."

കലീഫ്: "നിങ്ങൾക്കു ഒരു വയലുള്ള സ്ഥിതിക്കു തീർച്ചയായും മൃഗങ്ങളുടെ ആവശ്യംകൂടിയുണ്ടു്. അതുകൊണ്ടു നിങ്ങൾ എൻെറ കാലിക്കൂട്ടത്തിൽനിന്നു എത്രവേണമെങ്കിലും ഇഷ്ടംപോലെ തിരിഞ്ഞെടുത്തുകൊള്ളുക. എന്നാൽ സാധിക്കുന്നതു എന്തെങ്കിലും നിങ്ങൾക്കു തരുവാൻ ഞാൻ തയ്യാറാണു്. എൻെറ ഉപകർത്താവിൻെറ സുഖത്തിൽ എനിക്കു അത്രക്കു താല്പര്യമുണ്ടു്. ഇടയൻ

തൽക്ഷണംതന്നെ കലീഫിൻെറ കന്നുകാലികളിൽനിന്നു മുപ്പതെണ്ണം തിരിഞ്ഞെടുത്തിട്ട സന്തോഷപൂർവ്വം പറഞ്ഞു: "ഇപ്പോൾ ഞാൻ ലോകത്തിലുള്ളവരിൽവെച്ച ഏററവും സൌഭാഗ്യവാൻതന്നെ."

അതു ശരി, പക്ഷെ, അവനുണ്ടായിരുന്ന വയൽ മേല്പറഞ്ഞ കന്നുകാലികളെക്കൊണ്ടു പണി എടുപ്പിക്കത്തക്കവണ്ണം അത്ര വിസ്താരമുള്ളതായിരുന്നില്ല. അവിടെനിന്നു ഏകദേശം ഒരു കാൽ നാഴിക ദൂരെയായി അതി മനോജ്ഞവും ഫലഭൂയിഷ്ഠവും ആയ ഒരു വയൽ ഉണ്ടായിരുന്നു. നമ്മുടെ ഇടയന്ന് ഇതു കണ്ടിട്ട കൊതി സഹിക്കവയ്യാതായി. അസമാധാനവും അസന്തുഷ്ടിയും അവനെ വല്ലാതെ കുഴക്കി. ഒരുദിവസം വൈകുന്നേരം അവൻ ഭാര്യയെ വിളിച്ച ഇങ്ങനെ പറഞ്ഞു: "ആ കാണുന്ന മാതിരി ഒരു നിലംകൂടി ഇല്ലാത്തപക്ഷം ഒരിക്കലും നമുക്ക സുഖമായി ജീവിക്കുവാൻ കഴിയുന്നതല്ല. ഒരു കാര്യസംബന്ധമായി ഞാൻ ഉടനെ ബാഗ്ദാദിൽ പോകുന്നുണ്ട്. അപ്പോൾ ഞാൻ കലീഫിനോടു ഇക്കാര്യത്തെപ്പററി ചോദിച്ചുനോക്കാം. ആ വയൽ നഷ്ടപ്പെടുന്നതുകൊണ്ടു അദ്ദേഹത്തിനു എന്തു കോട്ടമാണ് സംഭവിപ്പാനുള്ളത്."

അതു സാധിക്കുന്നതുവരെ മറെറാരു വിചാരവും അവനുണ്ടായില്ല. അടുത്ത ദിവസം തന്നെ അഭ്യർത്ഥന നടന്നു. കലീഫ് ഒരു സ്നേഹിതനോടെന്നവണ്ണം അല്പം ഗുണദോഷിച്ചതിനുമേൽ വയൽ സ്വന്തമായെടുത്തുകൊള്ളുവാൻ അയാൾക്കു അനുവാദം നൽകി; എങ്കിലും ധനാർജ്ജന വിഷയത്തിൽ ഇപ്രകാരം അത്യാർത്തി കാണിക്കരുതെന്നു ഉപദേശിച്ചിട്ടാണ് അയാളെ യാത്രയാക്കിയതു്. ബെൻ ആഡബ്: (ഇതായിരുന്നു ആ ഇടയൻെറ പേർ.) "ഇല്ല, ഇല്ല ഒരിക്കലുമില്ല. എനിക്കു ഇനി യാതൊന്നും ആവശ്യമില്ലാത്തതുകൊണ്ടു അങ്ങിനെ ഒരു സംഭവം മേലിൽ അസംഭാവ്യമാണ്" എന്നു പറഞ്ഞുകൊണ്ടു വീട്ടിലേയ്ക്കു മടങ്ങി.

മൂന്നു മാസം കഴിഞ്ഞു; അപ്പോഴെയ്ക്കു അയാൾ വീണ്ടും ഇളകി വശായി; അഭ്യർത്ഥനകൂടി ചെയ്യാനായിട്ട അയാൾ നിർല്ലജ്ജം കലീഫിൻെറ അടുക്കൽ വീണ്ടും ആഗതനായി. ബാഗ്ദാദിലെ ഓരോ പ്രഭുവിൻെറയും വേഷവും ധാടിയും അരമനയുടെ ആഡംബരവുമൊക്കെ കണ്ടപ്പോൾ അവയൊന്നും അനുഭവിക്കാതെ സുഖമുണ്ടാകുകയില്ലെന്നു അവൻ വിചാരിച്ചു; തൻമൂലം കലീഫിൻെറ വിലയേറിയ വാഗ്ദാനത്തെ മുറുകെ പിടിച്ചുകൊണ്ട് അവൻ വീണ്ടും

അദ്ദേഹത്തിൻെറ മുമ്പിൽ ഹാജരായി. "തന്നെ ഒരു പ്രഭുവാക്കണം" എന്നായിരുന്നു ഇത്തവണത്തെ പ്രാൎത്ഥന.

കലീഫ ആത്ത്രം തടസ്ഥങ്ങൾ പറഞ്ഞെങ്കിലും, താൻ ചെയ്ത വാഗ്ദാനത്തെ അവൻ പെട്ടെന്നു ഓൎമ്മപ്പെടുത്തുകയാൽ, അപേക്ഷയെ നിരാകരിക്കുന്നതിന്നു അദ്ദേഹം തുനിഞ്ഞില്ല. ബെൻ ആഡമ്പിൻെറ ഇപ്പോഴത്തെ പ്രൌഢി ഒന്നു കാണേണ്ടതുതന്നെയാണ്.

ഇതാ ആ ഇടയൻ മനോജ്ഞവും വിശാലവുമായ അനേകം തോട്ടങ്ങളുടേയും ബാഗ്ദാദ് പട്ടണത്തിൻെറ പരിസരങ്ങളിലുള്ള കമനീയമായ അരമനകളുടേയും ഉടമസ്ഥനായി അനേകായിരം പരിജനങ്ങളാൽ പരിപൂജിതനായി, ബാഗ്ദാദിലെ ഒരു പ്രഭുവായി, രൂപാന്തരപ്പെട്ടിരിക്കുന്നു. അവൻ ഒന്നു മിണ്ടിയാൽ മതി, ഉടൻ ഇഷ്ടങ്ങൾ എല്ലാം സാധിച്ചുകഴിയും. അവനു യാതൊന്നും ചെയ്യേണ്ടതായിട്ടില്ല. അക്ഷരജ്ഞാനം അവനു അശേഷം ഉണ്ടായിരുന്നില്ല. പഠിക്കുന്നതിനുള്ള ശ്രമം, അവനു അസഹ്യമായി തീരാതിരുന്നു എങ്കിൽ അവൻ നിശ്ചയമായും ഒന്നിലധികം ഭാഷ പഠിക്കുമായിരുന്നു.

ഒരിക്കൽ അവൻ ഇങ്ങിനെ ആത്മഗതം ചെയ്തു: "അജ്ഞാതനായി ജീവിതം കഴിച്ചുകൂട്ടുന്നതിൽ യാതൊരു സുഖവുമില്ല. നിശ്ചയമായും അജ്ഞാതവാസത്തിനായിട്ടല്ല ഞാൻ ജാതനായിരിക്കുന്നതു്. അതുകൊണ്ടു എനിക്കു ലോകത്തിൽ ഒരു പേരു നേടണം; മാത്രമല്ല, രാഷ്ട്രീയവിഷയങ്ങളിൽ പ്രാമുഖ്യവും സമ്പാദിക്കണം. ഹാ! അവിടെയാണ് ഞാൻ സൎവ്വോപരി വിളങ്ങി തിളങ്ങുവാനിരിക്കുന്നതു്!"

ഉദ്ദിഷ്ടസിദ്ധിക്കു വേണ്ട മാൎഗ്ഗങ്ങളെ കൂലങ്കഷമായി പൎയ്യാലോചിക്കുകയും, ചില എളുപ്പ മാൎഗ്ഗങ്ങൾ കണ്ടുപിടിക്കയും, ഗവൎമ്മെണ്ടു ഉദ്യോഗസ്ഥന്മാരിൽ പലരുടെയും കാൎയ്യശേഷിയെ തന്േറതിനോടു താരതമ്മ്യപ്പെടുത്തി സ്വശക്തിയെ നിൎണ്ണയിക്കയും ചെയ്തിട്ടു ആ വങ്കപ്രഭു, കലീഫിൻെറ പക്കലേക്കു യാത്രയായി. തന്നെ സൌഭാഗ്യവാനാക്കി തീൎക്കണമെന്നും സ്വന്തം പ്രതിജ്ഞ നിറവേററണമെന്നും കലീഫ് ആഗ്രഹിക്കുന്നുണ്ടെങ്കിൽ തന്നെ ഉടൻ പ്രധാന മന്ത്രിപദത്തിൽ അവരോധിക്കണമെന്നു് അദ്ദേഹം കലീഫിനോടു ആവശ്യപ്പെട്ടു. കലീഫ ബെൻ ആഡമ്പിൻെറ അപഹാസ്യമായ അപേക്ഷ കേട്ടപ്പോൾ, കോപിഷ്ഠനായി അവനെ

ആ സാഹസോദ്യമത്തിൽനിന്നും നിവൎത്തിപ്പിക്കുന്നതിന് ഉത്സാഹിക്കുമായിരുന്നു. പക്ഷെ ഒരു മഹാൻെറ ആത്മവീൎയ്യം ആ ശരീരക്കൂടത്തിൽ അടക്കം ചെയ്യപ്പെട്ടിരിക്കയില്ലെന്നു ആരറിഞ്ഞു? ചാരം പൊതിഞ്ഞ കനൽ പ്രകാശിക്കയില്ലല്ലൊ; എന്തിനേറെ, കാലിഫ് അവൻെറ അപേക്ഷ സ്വീകരിച്ചു്, തൻെറ പ്രഥമമന്ത്രിപദം അവനു കൊടുത്തു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

പിന്നീട്, സ്വയം നിയമിതനായ ആ മന്ത്രി, രാജ്യഭരണത്തിനു ഉദ്യുക്തനായെങ്കിലും തദനുസരണമായ കൃത്യം ഇന്നതെന്നു അറിഞ്ഞു പ്രവൎത്തിക്കുന്നതിനു അയാൾക്കു കഴിഞ്ഞില്ല. പ്രജകൾ ആവലാധികളും ഹർജികളുംകൊണ്ടു അയാളെ വല്ലാതെ ബുദ്ധിമുട്ടിച്ചു. അയാൾ അനേകം കുഴപ്പങ്ങളും ഒപ്പിക്കാൻ തുടങ്ങി. ത്യാജ്യങ്ങളായവ സ്വീകരിക്കയും; സ്വീകാൎയ്യങ്ങളായവ ത്യജിക്കയുമായി പതിവു്. കല്പിച്ചനുമതി കൊടുക്കുവാൻവേണ്ടി ഹാജരാക്കപ്പെട്ട തൻെറ പ്രമേയങ്ങൾ കലീഫ് തിരസ്കരിക്കുകയാൽ അയാൾ കുപിതനും ചഞ്ചലഹൃദയനുമായിത്തീൎന്നു. അങ്ങിനെ ഒരു നിർഭാഗ്യം അതുവരെ അയാൾക്കു സംഭവിച്ചിരുന്നില്ല.

ഒരു രാത്രി നിദ്രസ്ഥനായി ശയിക്കുമ്പോൾ അവനു ഇപ്രകാരം ഒരു മനോഗതമുണ്ടായി: „ഇതെന്തൊരു തകരാറു്! ഇങ്ങിനെയാണെങ്കിൽ ഒരു മന്ത്രിക്കു ഒരു മാസം തികച്ചു ജീവിക്കാൻ കഴിയുന്നതെങ്ങിനെ? ഞാൻ കലീഫിൻെറ ഒന്നാമത്തെ അടിമ മാത്രമാണ്. ഞാൻ ചെയ്യാനാഗ്രഹിക്കുന്ന കാൎയ്യങ്ങൾക്കെല്ലാം വിഘാതമായി നിൽക്കുന്നതു് അദ്ദേഹമാണ്. അതിനെ ജയിക്കുന്നതിനുള്ള പോംവഴിയും ഞാൻ കണ്ടിട്ടുണ്ടു്. സൌഭാഗ്യവും സമാധാനവും അനുഭവിക്കേണമെങ്കിൽ ഒരുവന്ന് സകലത്തിലും സൎവ്വാധികാരം ഉണ്ടായിരിക്കണം. കലീഫ് തൻെറ സ്ഥാനം ഒഴിഞ്ഞുതരുന്നപക്ഷം അതും സാധിക്കാം.” രാത്രി മുഴുവൻ അവൻ അതേപ്പററിത്തന്നെ വിചാരിച്ചു കഴിച്ചുകൂട്ടി. പൂൎണ്ണാധിപത്യത്തിൽനിന്നു് മാത്രമേ സൌഭാഗ്യമുണ്ടാകയുള്ളു എന്നു അവൻ ഉപൎയ്യുപരി വിശ്വസിക്കാൻ തുടങ്ങി; പിറേറന്നു, പ്രഭാതത്തിൽ കലീഫ് ഉറക്കമുണരുന്നതിനു മുമ്പായിത്തന്നെ അവൻ അദ്ദേഹത്തിൻെറ ഉറക്കറയിൽ കടന്നുചെന്നു, അദ്ദേഹത്തിനു പകരം രാജ്യം ഭരിക്കുന്നതിന് അവനെ അനുവദിക്കണമെന്നു് സവിനയം അപേക്ഷിച്ചു.

കലീഫ് ഒരു സ്വപ്നം കണ്ടിട്ടു അത്ഭുതപരതന്ത്രനായി കട്ടിലിൽ എഴുന്നേററിരുന്നു, ഒരു അടിമയെ വിളിച്ചു അദ്ദേഹത്തിൻെറ

വിരലിന്മേൽ കടിക്കുവാൻ കല്പിക്കുകയും, കടി കുറെ കടന്നുപോയതിനാൽ അടിമയുടെ ഉള്ളംകാലിൽ നൂറടി അടിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തിരുന്ന സമയത്താണ് ബെൻ ആഡബ് അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി അവന്റെ ആഗ്രഹം വെളിപ്പെടുത്തിയതു്. കലീഫ് അവനോടു: "നീ എന്താണു പറഞ്ഞതു്? ഒന്നുകൂടി കേൾക്കട്ടെ," ബെൻ ആഡബ്: 'തിരുമേനി! അങ്ങേക്കുപകരം രാജ്യംഭരിക്കുന്നതിനു എനിക്കു അനുമതി നൽകണമെന്നാണു് ഞാൻ അപേക്ഷിച്ചതു്; അതു് എല്ലാവർക്കും — സാമ്രാജ്യത്തിനും, എനിക്കും അങ്ങേക്കും— ക്ഷേമകരമായ ഒന്നായിരിക്കും.''

ഇത്തവണ അവൻ പറഞ്ഞതെല്ലാം കലീഫ് വ്യക്തമായി കേട്ടു. അദ്ദേഹം പര്യങ്കത്തിൽനിന്നു എഴുന്നേററു അങ്കി എടുത്തു ധരിച്ചിട്ടു മൂന്നു നാലു പ്രാവശ്യം കൈകൊട്ടിയപ്പോൾ മ്ളാനമുഖന്മാരായ നാലു അടിമകൾ അവിടെ ആഗതന്മാരായി. ഉടനെ കലീഫ് മന്ത്രിയോടു പുറംതിരിഞ്ഞു നില്ക്കാൻ കല്പിച്ചു. ബെൻ ആഡബ് തിരിഞ്ഞു നിന്നപ്പോൾ കലീഫ് എഴുന്നേററു തന്റെ ശക്തിയൊക്കെയും പ്രയോഗിച്ചുകൊണ്ടു പൌരസ്ത്യസമ്പ്രദായം അനുസരിച്ചു കാൽ മടക്കി അവന്റെ പുറത്തു ഒരു പ്രഹരം കൊടുത്തു. തദനന്തരം കലീഫ് അവനെ ആ നീഗ്രോ അടിമകൾക്കു ഏല്പിച്ചുകൊടുത്തു. രാജമന്ദിരത്തിന്റെ വാതുക്കൽ ചെല്ലുന്നതുവരെ കലീഫിന്റെ പ്രവൃത്തിയെ അവരും ഇടമുറിയാതെ ആവർത്തിക്കയും പടി കടത്തീട്ടു സ്ഥാനവസ്ത്രങ്ങൾ ഉരിഞ്ഞെടുത്തശേഷം വഴിപോക്കരാൽ അപഹസിക്കപ്പെടുന്നതിന്നു തള്ളിവിടുകയും ചെയ്തു.

ലജ്ജാവിവശനായ ബെൻ ആഡബ് വീണ്ടും അവന്റെ ആട്ടിടയസ്ഥാനം തന്നെ സ്വീകരിച്ചു അസംതൃപ്തനായി ജീവിതം അവസാനിപ്പിക്കയും ചെയ്തു. പ്രിയ വായനക്കാരെ, ഈ ബെൻ ആഡബ് ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നതു്? ഒരുപക്ഷെ, നിങ്ങൾ അവനെ തന്നെയൊ, അവനു സമാനനായ വേറെ ഒരാളെയൊ ബാഗ്ദാദിനോളംതന്നെ വിദൂരമല്ലാത്ത സ്ഥലത്തു കണ്ടെത്തിയേക്കാം. ഒരുവേളെ്, നിങ്ങളുടെ സ്വന്തഗൃഹത്തിൽ തന്നെ കണ്ടേക്കാനും മതി. അഥവാ നിങ്ങളുടെ സ്വന്തം മുറിയിലൊ നിങ്ങൾ ധരിച്ചിരിക്കുന്ന വസ്ത്രത്തിനുള്ളിലൊ കണ്ടെന്നു വന്നേക്കാം. അതെ, ഇതു നിങ്ങളുടെ സ്വന്ത ചരിത്രമാണ്. നമ്മുടെ എല്ലാവരുടേയും ചരിത്രം ഇതുതന്നെ. നാം എല്ലാവരും സൌഭാ

ഗ്യം തേടുന്നവരും, അതു നമ്മുടേതിൽനിന്നു ഒരു പടി ഉയൎന്ന പദവിയിലാണ് സ്ഥിതിചെയ്യുന്നതെന്നു വിചാരിക്കുകയും ചെയ്യുന്നവരാണ്. ഭാഗ്യവശാൽ കുറെ നാളത്തേയ്ക്കു് ആ ഉന്നതസ്ഥാനത്തേയ്ക്കു് ഉയൎത്തപ്പെടുകയാണെങ്കിൽ നാം അവിടെനിന്നു ഒരു പടി കൂടി ഉയൎന്ന സ്ഥാനം ലഭിക്കുന്നതിനു ശ്രമിക്കുകയും അതും സാധിച്ചാൽ വീണ്ടും ഉപൎയ്യുപരി അതേവിധം ആഗ്രഹിക്കയും കിട്ടിയതുകൊണ്ടു സംതൃപ്തരാകാതിരിക്കയും ചെയ്യുന്നതു വളരെ സാധാരണമാണല്ലൊ.

ഈവിധം നാം സൌഭാഗ്യവാന്മാരാകേണ്ടതിനു പകരം നമ്മുടെ മൌഢ്യാധിക്യത്താൽ നിർഭാഗ്യവാന്മാരായി ഭവിക്കുന്നു! ആനന്ദം യഥാർത്ഥമായി സ്ഥിതിചെയ്യുന്നിടത്തു് (നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ) അതിനെ അന്വേഷിക്കാത്തതുകൊണ്ടും പ്രത്യുത, സാക്ഷാൽ സൌഭാഗ്യം നമ്മുടെ സ്ഥാനം എത്രതന്നെ താഴ്ന്നതായിരുന്നാലും അതിലുള്ള *കടമകളെ ശരിയായി നിൎവ്വഹിക്കുന്നതിലാണ്* അടങ്ങിയിരിക്കുന്നതെന്നു് വേണ്ടുംവണ്ണം ഗ്രഹിക്കായ്കയാലുമാണ് നാം നിർഭാഗ്യവാന്മാരായി തീരുന്നതു്. നാം സൌഭാഗ്യവാന്മാരും ധനാഢ്യന്മാരും, നിർദ്ധനന്മാരും, ഭരണകർത്താക്കളും, ഭരണീയരും എളിയവരും, മഹാന്മാരുമായിട്ടാണ് ജനിച്ചിരിക്കുന്നതു്. *എന്തെന്നാൽ ദൈവം തന്റെ സ്നേഹംനിമിത്തം എല്ലാ സൃഷ്ടികൾക്കും ആനന്ദത്തെ പ്രദാനം ചെയ്തിട്ടുണ്ടു്.* മനുഷ്യഗണത്തിൽനിന്നു വേർപിരിക്കപ്പെടുവാൻ പാടില്ലാത്ത അരിഷ്ടതകളെ സഹനശക്തിയോടും ശാന്തതയോടുംകൂടി സഹിക്കുന്നവനും അപ്രാപ്യമായ ആനന്ദത്തിന്മേലുള്ള വ്യൎത്ഥവും ഭൌമികവുമായ വിചാരവീചികളെ അടിച്ചമൎത്തുന്നതിനും പൎയ്യാപ്തമായ ഹൃദയസമാധാനം ദൈവത്തിൽനിന്നു പ്രാപിക്കുന്നവനും, മനുഷ്യജീവിതം ക്ഷണികവും അതിലുണ്ടാകുന്ന കഷ്ടാരിഷ്ടതകൾ ക്രിസ്തീയക്ഷമയോടുകൂടി സഹിക്കുന്നപക്ഷം അജയ്യമായ വിജയത്തേയും സന്തോഷത്തേയും പ്രദാനംചെയ്യുന്നതാണെന്നു് മനസ്സിലാക്കുന്നവനുമാണ് സാക്ഷാൽ സൌഭാഗ്യവാൻ.

ചുരുക്കിപ്പറയുന്നതായാൽ സൽഗ്ഗുണവാനും വിശ്വസ്തനുമായ ക്രിസ്ത്യാനി മാത്രമാണ് ഭാഗ്യവാൻ. ആകയാൽ നാം എല്ലാവരും ഈ ഗണത്തിലുൾപ്പെട്ടു, ഈ ചെറു കഥയിൽനിന്നു് ഒരു ഗുണപാഠം പഠിപ്പാൻ സൎവ്വശക്തൻ സഹായിക്കട്ടെ.

## 6. പരമാബദ്ധം.

വിഷയസുഖങ്ങളും സാക്ഷാത്തായ സൌഭാഗ്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാത്തതാണ് ആധുനികലോകത്തിൽ പ്രബലപ്പെട്ടുകാണുന്ന തെറവുകളിൽ ഒന്നു്. വിഷയസുഖം ഇന്ദ്രിയങ്ങളുടെ സംതൃപ്തി മാത്രമാണ്. സൌഭാഗ്യമൊ ഹൃദയത്തെ തൃപ്തിപ്പെടുത്തുന്നതിൽ അടങ്ങിയിരിക്കുന്നു. ഒന്നു്, ശാരീരികവും, മറേറതു് ആത്മികവും ആണ്. ശരീരവും ആത്മാവും തമ്മിലുള്ള അന്തരം തന്നെ ഇവ തമ്മിലുമുണ്ടു്. വിഷയസുഖാസക്തി മൃഗങ്ങൾക്കു യോജിച്ചതാണ്. ഇന്ദ്രിയങ്ങളോടുകൂടിയ ഒരു ശരീരമുള്ളതിനാൽ മനുഷ്യനും അതിനധീനനായിരിക്കുന്നെന്നേയുള്ളു. എങ്കിലും അവൻ ഇന്ദ്രിയാതീതമായ ഒരു ശ്രേഷ്ഠ ജീവിതം നയിപ്പാൻ നിർബന്ധിതനായിരിക്കുന്നു. സത്യത്തെ അറിവാനും നന്മയെ സ്നേഹിപ്പാനും അവനെ പ്രാപ്തനാക്കുന്ന വിവേചനാശക്തിയോടുകൂടിയ ഒരു ആത്മാവു് അവനുണ്ടു്. അവൻ സ്വർഗ്ഗപ്രാപ്തിക്കുവേണ്ടി മാത്രമാണു് ഭൂമിയിൽ ജീവിക്കുന്നതു്. അവിടെ അനശ്വരവും അവിച്ഛിന്നവുമായ ഒരു സൌഭാഗ്യപദവി അവൻ അവകാശപ്പെടുകയും ചെയ്യുന്നു. ആകയാൽ നമുക്കു ഇഹത്തിലും പരത്തിലും അനുഭവയോഗ്യമായ സൌഭാഗ്യം ആത്മാവിൻെറ സർവ്വ ആഗ്രഹങ്ങളും പൂർണ്ണമായി തൃപ്തിപ്പെടുത്തുന്നതിൽ അടങ്ങിയിരിക്കുന്നു.

ലോകത്തിൽ വളരെ കുറച്ചു പേർ മാത്രമേ സാക്ഷാത്തായ സൌഭാഗ്യം അനുഭവിക്കുന്നുള്ളു. അതിൻെറ കാരണം അതിനെ കണ്ടെത്താവുന്നിടത്തു ജനങ്ങൾ അതിനെ, അന്വേഷിക്കാത്തതാണ്. ജനങ്ങളിൽ ഭൂരിപക്ഷവും ഇന്ദ്രിയങ്ങളുടെ സംതൃപ്തിയിലും അമിതസന്തോഷങ്ങളിലും അതിനെ അന്വേഷിക്കുന്നു. ചെറുപ്പത്തിൽ പ്രത്യേകിച്ചും ഈ അബദ്ധം സർവ്വസാധാരണമാണ്. യുവജനങ്ങളെ ഈ മൌഢ്യത്തിൽനിന്നും മോചിച്ചു് സൌഭാഗ്യാവസ്ഥയിലേയ്ക്കു ആനയിപ്പാൻ സത്യവിശ്വാസത്തിൻെറ പഠനത്തിനു മാത്രമേ സാധിക്കയുള്ളു. ലൌകിക സുഖേച്ഛുക്കൾ അവരുടെ മൃഗീയമായ ആഗ്രഹങ്ങൾ നിവർത്തിക്കുന്നതുകൊണ്ടു് യഥാർത്ഥ സൌഭാഗ്യത്തിൽ എത്തിച്ചേരുമെന്നു് വൃഥാ വിചാരിക്കുന്നു. എന്നാൽ അവരുടെ അവിഹിതമായ ആനന്ദാനുഭവത്തിൻെറ ഫലമായി മനസ്സാക്ഷിയുടെ പീഡനങ്ങളും എന്തെന്നില്ലാത്ത ഒരു അസംതൃപ്തിയും അല്ലാതെ മറെറാന്നും നിലനിൽക്കുന്നില്ല. ലോക

ബഹുമാനത്തിൽ ഭ്രമിക്കുന്നവർ അന്യരാൽ സ്തുതിക്കപ്പെട്ടമ്പോഴൊക്കയും തങ്ങൾ സൌഭാഗ്യസോപാനത്തിൻെറ ഉച്ചിയിൽ എത്തിച്ചേൎന്നതായി അസ്ഥാളിക്കയും, ലോകാഭിനന്ദനത്തിനുവേണ്ടി, വീണ്ടുംവീണ്ടും യത്നിക്കയുംചെയ്യുന്നു. എന്നാൽ ഇതെത്ര വലിയ മൌഢ്യം! അവരുടെ അശ്രാന്ത യത്നങ്ങൾ പലപ്പോഴും നിഷ്ഫലമായി കലാശിക്കുന്നു. അഥവാ ദീർഘനാളത്തെ ശ്രമത്തിൻെറ ഫലമായി കുറച്ചൊരു കീൎത്തിയൊ ബഹുമാനമൊ ലഭിച്ചാലും അതെത്രകാലത്തേക്കു നിലനില്ക്കും! ലോകചരിത്രം സാക്ഷ്യം വഹിക്കുന്നതുപോലെ, മനുഷ്യരാൽ മഹാന്മാരെന്നു കീൎത്തിക്കപ്പെട്ടവരെല്ലാം ഒടുവിൽ നിരാശയും നിന്ദയും അല്ലാതെ മറെറാന്നും കണ്ടെത്തുകയുണ്ടായിട്ടില്ല. കാരണം സാക്ഷാത്തായ ഭാഗ്യം ലോക ബഹുമാനങ്ങളിലും മനുഷ്യരുടെ സ്തുതിയിലും അല്ല അന്തർഭവിച്ചിരിക്കുന്നതെന്നുള്ളതത്രെ.

ധനാസക്തന്മാരുടെ കഥയും ഏതാണ്ടിപ്രകാരം തന്നെയാണ്. അവർ പൊന്നും വെള്ളിയും ധാരാളമായി ശേഖരിക്കുന്നതുകൊണ്ട് ഭാഗ്യവാന്മാരായി തീരുമെന്നു കരുതുന്നു. ഇതിന്നായി അവർ എത്രയൊ കഷ്ടതകൾ അനുഭവിക്കുന്നു! എത്രയോ പണിപ്പെടുന്നു! എന്നാൽ അവരുടെ ശ്രമങ്ങളെല്ലാം കേവലം നിഷ്ഫലമത്രെ. എന്തുകൊണ്ടെന്നാൽ സൌഭാഗ്യം പണംകൊടുത്തു വാങ്ങിക്കാവുന്ന ഒന്നല്ലതന്നെ, എന്നാൽ പിന്നെ യഥാൎത്ഥ സൌഭാഗ്യം നമുക്കെങ്ങിനെ പ്രാപിപ്പാൻ കഴിയും? പരിശുദ്ധമായ ഒരു ക്രിസ്തീയ ജീവിതം നയിക്കുന്നതിനാലും തദ്വാരാ, വരുവാനിരിക്കുന്ന അനന്തമായ സ്വർഗ്ഗസുഖാനുഭവത്തിനു സ്വയം ഒരുങ്ങുന്നതിനാലും മാത്രമേ അതു ലഭിക്കുവാൻ പാടുള്ളു. ക്രിസ്ത്യാനികൾക്കു മാത്രമെ ഈ രഹസ്യം അറിവാൻ മാർഗ്ഗമുള്ളു. ലോകത്തിനു എടുത്തുകളവാൻ കഴിയാത്തതും ബാഹ്യമായ സാഹചര്യങ്ങളെ ആശ്രയിക്കാത്തതുമായ യഥാൎത്ഥ ഭാഗ്യം അവർമാത്രമെ അനുഭവിക്കുന്നുമുള്ളു. ദൈവത്തിനല്ലാതെ മറെറാരു വസ്തുവിനും നമ്മുടെ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ സാധിപ്പിക്കുന്നതിന്നു കഴിവില്ല. "കൎത്താവെ, അങ്ങുന്നു ഞങ്ങളെ നിനക്കായിട്ടു സൃഷ്ടിച്ചു, നിന്നിൽ സമാശ്വസിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും" എന്ന വിശുദ്ധ അഗസ്തീനോസിൻെറ വാക്കുകൾ ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. ആകയാൽ നാം ഇഹത്തിലും പരത്തിലും ഭാഗ്യവാന്മാരായിരിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിശ്വസ്തതയോ

ടെ ദൈവത്തെ ശുശ്രൂഷിക്കുകയും സകല നാശങ്ങളുടേയും ഹേതുവായ പാപത്തെ വെറുക്കുകയും വേണം. ദൈവകല്പനാനുസാരം പ്രവൎത്തിപ്പാൻ സൎവ്വദാ നാം പ്രയാസപ്പെടുന്നുവെങ്കിൽ നിശ്ചയമായും നിത്യഭാഗ്യത്തിൽ ചെന്നുചേരുമെന്നുള്ളതിന്നു സംശയമില്ല.

## 7. „പഴയ മനുഷ്യൻ".

പാരിസ് നഗരത്തിൽ കമനീയമായും അതി വിശാലമായും പണി ചെയ്യപ്പെട്ടിട്ടുള്ള വിശുദ്ധ സുൽപീസിൻെറ ദേവാലയത്തോടടുത്തു് അതേ വിശുദ്ധൻെറ നാമത്തിൽതന്നെ സ്ഥാപിതമായിരിക്കുന്ന വൈദീക വിദ്യാൎത്ഥിമന്ദിരത്തെപററി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല.

ലൂയിസ് പതിമൂന്നാമൻെറ ഭരണ കാലത്തു് പണിയപ്പെട്ട ഈ സെമ്മിനാരിയുടെ സ്ഥാപകൻ 'ഒളിയർ' എന്ന ഒരു വന്ദ്യ വൈദികനത്രെ. പാരീസിൽ സ്ഥിരവസം ഉറപ്പിക്കുന്നതിന്നു മുമ്പു് ഒളിയറും സതീൎത്ഥ്യന്മാരും, തങ്ങളെ തന്നെ ദൈവഹിതാനുസാരം പ്രവൃത്തിക്കുന്നതിനുള്ള ഉത്തമോപകരണമെന്നോണം വിചാരിച്ചുകൊണ്ടു് പ്രായശ്ചിത്ത പ്രവൃത്തികൾ, പ്രാൎത്ഥന, ദാരിദ്ര്യം, സാധുസംരക്ഷണം, എന്നുവേണ്ട ഒരു ക്രിസ്തീയ ജീവിതത്തിനാവശ്യമായവ സമസ്തവും അനുഷ്ഠിച്ചുകൊണ്ടു് വൗജിരാർഡ് എന്ന സ്ഥലത്തു താമസിച്ചിരുന്നു.

ഫാദർ ഒളിയർ എന്ന പുണ്യശ്ലോകൻ തൻെറ സ്നേഹിതന്മാരെ ഒരു ഗൂഢസ്ഥലത്തു വിളിച്ചുകൂട്ടി സുകൃത ജീവിതാനുഷ്ഠാനത്തെപ്പററി പ്രസംഗിക്കുക പതിവായിരുന്നു. ആ സമ്മേളനത്തിൽ വച്ചുതന്നെ അദ്ദേഹം പഴയ മനുഷ്യനെ ത്യജിക്കേണ്ടതിനെപ്പററിയും അതായതു്, പാപാവിഷ്ടതയാൽ മലിനമായ സ്വഭാവത്തേയും, പാപത്തിലേക്കുള്ള പ്രലോഭനങ്ങളേയും ഉപേക്ഷിക്കേണ്ടതിനെപ്പററിയും കൂടക്കൂടെ പ്രസംഗിച്ചിരുന്നു.

അവർ താമസിക്കുന്ന വീട്ടു് സൂക്ഷിച്ചിരുന്നതു് ഒരു ഉദ്യാനത്തിൻെറ അരുകിലായി ഒരു ചെറിയ കുടിലിൽ ഭാൎയ്യാസമേതം താമസിച്ചിരുന്ന തോമസ്സു് എന്നു പേരുള്ള ഒരു വൃദ്ധൻ ആയിരുന്നു. അയാൾ ഒളിയറിൻേറയും അദ്ധ്യേതാക്കളുടേയും ഗൂഢസമ്മേളനങ്ങളെ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവയെക്കുറിച്ചു അയാൾ ഭാൎയ്യയോ

ട്ടം പറഞ്ഞു; അവരിരുവരും ആ രഹസ്യസമ്മേളനങ്ങളുടെ ഉദ്ദേശമെന്താണെന്നുള്ളതിനെപ്പററി ഉൽക്കണ്ഠിതരാകാതിരുന്നില്ല. വൃദ്ധനായ തോമസ്സും തൻെറ ഭാൎയ്യയെപ്പോലെതന്നെ ജിജ്ഞാസുവായിരുന്നതിനാൽ, ഒരിക്കൽ ഒളിയറും കൂട്ടരും സമ്മേളിക്കാറുള്ള വിശാലമായ മുറിയുടെ വാതില്ക്കൽ ചെന്നു ഒളിഞ്ഞുനിന്നു അവിടെ നടക്കുന്ന രഹസ്യമെല്ലാം അറിയാമെന്ന് അയാൾ തീൎച്ചപ്പെടുത്തി.

അയാൾ ഇപ്രകാരം ശപഥം ചെയ്ത ദിവസം തന്നെ ഒളിയറും അദ്ധ്യേതാക്കളും പതിവനുസരിച്ച് സഭ കൂട്ടുകയുണ്ടായി. അതെല്ലാം മനസ്സിലാക്കിയ തോമസ്സ് ശബ്ദം ലേശംപോലും കേൾപ്പിക്കാതെ പെരുവിരൽ ഊന്നി നടന്നു, യോഗശാലയുടെ വാതില്ക്കൽ ചെന്നു ഒരു ചെവി കതകോടു ചേൎത്തുപിടിച്ചുകൊണ്ട് പറഞ്ഞതെല്ലാം കേട്ടു. ഫാദർ ഒളിയർ തന്നെയാണ് പ്രസംഗിക്കുന്നതെന്ന് അയാൾക്ക് വ്യക്തമായി മനസ്സിലായി. ശ്രോതാക്കളെല്ലാവരും നിശ്ശബ്ദമായിരുന്നതുകൊണ്ട് താഴെ പറയുന്നവയെല്ലാം അയാൾക്ക് വ്യക്തമായി കേൾക്കാമായിരുന്നു. "എൻെറ സ്നേഹിതന്മാരെ, വാത്സല്യ ഭാജനങ്ങളെ, നാം എന്തിനു താമസിക്കുന്നു? നമ്മുടെ ധൈൎയ്യക്കുറവു നിമിത്തം ചെയ്യാനുള്ള ജോലി ചെയ്യുന്നതിനു ദീൎഘനാളത്തെ താമസം നേരിട്ടിരിക്കുന്നു, അതുകൊണ്ട് നമുക്കിന്നുതന്നെ പരിശ്രമിച്ചു തുടങ്ങാം. നമുക്ക് പഴയ മനുഷ്യനെ, അയാളുടെ പിറുപിറുപ്പും കരച്ചിലും ഒന്നും വകവെയ്ക്കാതെ തന്നെ, നിഷ്ഠുരണം സംഹരിക്കാം. ഇതു നാം ചെയ്കയാണെങ്കിൽ നമുക്ക് സമാധാനം താനെയുണ്ടാകും. അവൻ നമ്മുടെ നാശത്തെ ആഗ്രഹിക്കുന്ന ഒരു പരമ ശത്രുവും നമ്മോടടുത്ത് പെരുമാറുന്നവനുമാണ്. നാം സധൈൎയ്യം അവനെ സംഹരിക്കാത്തപക്ഷം അവൻ നമ്മെ നിശ്ചയമായും നശിപ്പിക്കും. നമ്മുടെ ശപഥങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നില്ലെങ്കിൽ നാം ശപഥം ചെയ്തിട്ടെന്തു ഫലം അതുകൊണ്ട് ഇനി ഒട്ടും താമസം വരുത്തരുത്. സമയം ഇതാ അതിക്രമിച്ചിരിക്കുന്നു. പഴയ മനുഷ്യൻ ജീവിക്കാൻ സമ്മതിക്കരുത്. എല്ലാം പുതിയ മനുഷ്യനായിട്ട് തീൎന്നതിനുമേൽ ചെയ്യാം.

ആ വീട്ടിൽ *പഴയ മനുഷ്യ*നായിട്ട് തോമസ്സ് മാത്രമെയുണ്ടായിരുന്നുള്ളു; പഴയ മനുഷ്യനെ കൊല്ലണമെന്നു ഒളിയർ സൂചിപ്പിച്ചപ്പോൾ ആ വയസ്സനുണ്ടായ ആശ്ചൎയ്യവും ഭയവും എത്രമാത്രമായിരുന്നെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. നിശ്ചയമായിട്ടും അന്നു

തന്നെ ആ വൃദ്ധനായ തോട്ടക്കാരനെ അപായപ്പെടുത്തി പകരം പുതിയ ആളെ നിയമിക്കേണ്ടതിനെപ്പററിയാണ് അവർ സംസാരിച്ചതെന്നു് ആ വയസ്സൻ ധരിച്ചു വശായി. പരിഭ്രമംകൊണ്ടു വിളറിയ മുഖത്തോടുകൂടി അയാൾ വേഗത്തിൽ ഓടി. സ്വഗൃഹത്തിൽ എത്തി ഭാൎയ്യയോടിങ്ങനെ പറഞ്ഞു: "ക്ഷണം, ക്ഷണം: നമുക്കിനി ഇവിടെ നിന്നു് ഒരു നിമിഷത്തിനുള്ളിൽ ഓടി രക്ഷപ്പെടണം; താമസിച്ചാൽ നമ്മുടെ കാൎയ്യമെല്ലാം മോശമാകും, അവർ നമ്മെ കൊല്ലുവാൻ തീൎച്ചപ്പെടുത്തിയിരിക്കയാണു്. അതും കഴിയുന്ന വേഗത്തിൽ, അതായതു്: ഇന്നു വൈകുന്നേരം തന്നെ വേണമെന്നാണു് പറയുന്നതു്. ഇതൊക്കെ ഞാൻ എൻെറ സ്വന്ത ചെവികൊണ്ടു് കേട്ട കാൎയ്യങ്ങൾ അത്രെ. നമ്മുടെ സാമാനങ്ങൾ എല്ലാം ഭാണ്ഡമായി കെട്ടി എടുക്കുന്നതിന്നു കഷ്ടിച്ചു സമയം ഉണ്ടു്. ഈ കള്ളപ്പുണ്യവാന്മാർ ഇത്ര ദുഷ്ടന്മാരെന്നു ആർ വിചാരിച്ചു!! പുറമെ കാണുന്നവയൊന്നും വിശ്വസിക്കാൻ കൊള്ളില്ലതന്നെ.

അതിനുശേഷം ആ വൃദ്ധൻ, തനിക്കുണ്ടായിരുന്ന വിലപിടിച്ച സാമാനങ്ങളൊക്കെയെടുത്തു, രണ്ടുമൂന്നു ഭാണ്ഡമായി കെട്ടാൻ തുടങ്ങി. അതിന്നിടയ്ക്കു തനിക്കു നേരിട്ട ദുൎവ്വിധിയെക്കുറിച്ചു വിലപിക്കയും വ്യസനാക്രാന്തയായ ഭാൎയ്യയോടു താൻ കേട്ട സംഗതികൾ മുഴുവനും വിവരിച്ചുപറകയും ചെയ്തു. പക്ഷെ അവരുടെ പലായനത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു തീരുന്നതിനു മുമ്പു തന്നെ ഫാദർ ഒല്ലിയർ അവിടെ വന്നുചേൎന്നു.

അദ്ദേഹം സൌമ്യഭാവത്തിൽ പറഞ്ഞു, "അല്ലയോ തോമസേ, രാത്രി ഭക്ഷണം കൊണ്ടുവരുന്നതിന്നു ഏകദേശം അഞ്ചു മിനിട്ടുനേരം മണിയടിച്ചല്ലൊ; അതു നിങ്ങൾ കേട്ടില്ലെന്നു വരുമൊ? നിങ്ങൾ ഇത്ര തിടുക്കത്തിൽ എന്താണു ചെയ്യുന്നതു്? ഈ കെട്ടിൽ എന്താണു? നിങ്ങൾ ഭാണ്ഡവും കെട്ടി എവിടേയ്ക്കാണു യാത്ര പുറപ്പെടുവാൻ ഭാവിക്കുന്നതു്?

തനിക്കു കേൾപ്പാനിടയായ സംഗതികളിൽ നിന്നു തൻെറ അന്ത്യം അത്യാസന്നമായിരിക്കുന്നു എന്നുതന്നെ ആ വൃദ്ധൻ ദൃഢമായി വിശ്വസിച്ചു. തന്മൂലം അയാൾക്കു പെട്ടെന്നു രോമാഞ്ചമുണ്ടാകയും മൎമ്മഭേദകമായ വിചാര വിഭ്രാന്തിയോടുകൂടി ഏതാനും വാക്കുകൾ അവ്യക്തമായി സംസാരിക്കുകയും ചെയ്തു............ തൽസമയം ഒല്ലിയറിൻെറ കൈവശം അയാളെ കൊല്ലുവാനുള്ള വല്ല ആയുധവും ഉണ്ടൊ എന്നും ആ വയസ്സൻ സൂക്ഷിച്ചു നോക്കാ

തെ ഇതുവന്നില്ല. പിന്നീടുണ്ടായ മനോവികാരങ്ങൾ അടക്കിവെയ്ക്കു വാൻ അയാൾക്കു സാധിച്ചതുമില്ല. അയാൾ കോപാക്രാന്തനായി വീണ്ടും പറഞ്ഞു: "എടാ ദുഷ്ടാ! കപട സന്ന്യാസി, വഞ്ചകാ, ഘാതകാ, തന്റെ സ്വഭാവം ഇപ്പോഴാണ് എനിക്കു അനുഭവപ്പെട്ടതു. താൻ പറഞ്ഞതെല്ലാം...........ഓ ദൈവമെ, ഈ ദുരവസ്ഥയിൽനിന്നു എന്നെ മോചിക്കേണമെ".

സാധുവായ ഒളിയർ ഇതുകേട്ടു വല്ലാതെ അമ്പാളിച്ചുപോയി. എന്നിട്ടു ആ വൈദികൻ വീണ്ടും ചോദിച്ചു. "എന്താ തോമസ്സെ, നിനക്കു എന്തു സംഭവിച്ചു? നിനക്കു ഇത്രവേഗം ചിത്തഭ്രമം പിടിപെട്ടുവോ?" വൃദ്ധൻ നിലവിളിച്ചുകൊണ്ടു:- "ഇല്ല, ഇല്ല, എനിക്കു ചിത്തഭ്രമം ഒന്നുമില്ല. നേരേമറിച്ചു ചിത്തഭ്രമമായിരുന്നു എങ്കിൽ കുറെ ഭേദമായിരുന്നു. ഓ! എന്റെ ദൈവമെ! എന്നെ രക്ഷിക്കേണമെ. ഇനി ഒന്നും ഒളിച്ചുവെച്ചിട്ടു കാര്യമില്ല. ഞാൻ വീണ്ടും പറയുന്നു. നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ കേട്ടു. നിങ്ങൾ ഇന്നു വൈകുന്നേരംതന്നെ എന്നെ കൊല്ലുന്നതിന്നു നിങ്ങളുടെ വഞ്ചകന്മാരായ സ്നേഹിതന്മാരെ പ്രോത്സാഹിപ്പിച്ച സമയം ഞാൻ ആ വാതിലിനടുത്തുണ്ടായിരുന്നു. ഓ! എന്തോരു ദുഷ്ടത! എന്തൊരു ക്രൂരത! എന്തൊരു വിശ്വാസ വഞ്ചന! ഞാൻ നിങ്ങളെ ഇത്ര അധികമായി സ്നേഹിക്കുമ്പോൾ നിങ്ങൾ എന്നെ കൊല്ലുവാനൊരുമ്പെട്ടുന്നതു എന്തിനു? എന്റെ സ്ഥാനത്തു വേറൊരുത്തനെ നിയോഗിക്കണമെന്നുണ്ടെങ്കിൽ സൌമ്യമായി എന്നെ ജോലിയിൽനിന്നു പിരിച്ചയച്ചാൽ പോരായിരുന്നുവോ"?

ഫാദർ ഒളിയർ അത്ഭുത പരതന്ത്രനായി ചോദിക്കുന്നു: "നീ പറയുന്നതെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു സകലതും വിശദമായി പറയുക. നിന്നെ കൊല്ലണമെന്നൊ ഉപദ്രവിക്കണമെന്നൊ ഉള്ള വിചാരംപോലും ഞങ്ങൾക്കുണ്ടായിട്ടില്ല; അല്ലെങ്കിൽ ഞങ്ങളിൽ ആരാണ് നിന്നെ കൊല്ലുവാൻ ഒരുമ്പെടുന്നതെന്നു പറഞ്ഞാലും".

വൃദ്ധൻ:- 'നിങ്ങൾതന്നെയാണ് അതിനുദ്യമിച്ചിട്ടുള്ളതു്.'

വൈദികൻ: 'ആരു, ഞാനൊ?

വൃദ്ധൻ: 'അതെ, അതെ നിങ്ങളുടെ സ്വരം എനിക്കു തിരിച്ചറിയാമായിരുന്നു. അപ്രകാരം പറയത്തക്ക പ്രാപ്തിയുള്ള മററാരും അവിടെ ഇല്ലായിരുന്നുതാനും. വീട്ടിലെ ഒരു ശത്രുവായ ആ 'പഴയ മനുഷ്യ'നെ സംഹരിക്കുന്നതിൽ ഒട്ടും മടി കാണിക്കരുതെന്നു

ഉപദേശിക്കുന്ന വാക്കുകൾ ഞാൻ എൻെറ സ്വന്ത ചെവികൾ കൊണ്ടു കേട്ടതാണ്. അതില്ലെന്നു പറഞ്ഞാൽ ഞാൻ എങ്ങിനെയാണ് വിശ്വസിക്കുക'?

ഇതിൽനിന്നു ആ വൃദ്ധൻെറ തെററിദ്ധാരണ ഫാദർ ഒളിയറിന്നു മനസ്സിലായി. ഉടനെ അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ടു, ആ രസകരമായ വാർത്ത തൻെറ സ്നേഹിതന്മാരെയും അറിയിക്കുന്നതിനായിട്ടു ആ കുടിൽ വിട്ടു ഓടിപ്പോന്നു.

പിന്നീടു എല്ലാവരുംകൂടി ആ വൃദ്ധൻെറ അടുക്കൽ വന്നു, അവർ സംസാരിച്ചതു അയാളെക്കുറിച്ചു അല്ലായിരുന്നു എന്നു ധരിപ്പിക്കുവാൻ എത്ര ഭഗീരഥ പ്രയത്നം ചെയ്തിട്ടും സാധിച്ചില്ല. അതിനാൽ യാദൃച്ഛികമായി വല്ല ആപത്തും നേരിട്ടേക്കുമെന്നു ഭയന്നു, ആ വൃദ്ധൻ എപ്പോഴും ആയുധപാണിയായിട്ടാണ് നടന്നിരുന്നതു്. അനാവശ്യ കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ കൌതുകം കാണിക്കുന്നവർക്കുണ്ടാകുന്ന അനുഭവത്തെയാണ് ഈ സംഭവം വ്യക്തമാക്കുന്നതു്.

## 8. ചാറത്സ് പുണ്യവാൻെറ അന്ത്യകാലം.

PART I

ലോകജീവിതം നയിച്ചിട്ടുള്ളവരിൽ, ഏററവും ഭാഗ്യപദവിക്കർഹരായ ചുരുക്കം ചിലരിൽ ഒരുവനാണ് ചാൾസ് ബൊറൊമ്മിയൊ. ഇററലിയിൽ മിലാൻ എന്ന പട്ടണത്തിലെ ഒരു ഉയന്ന കുടുംബത്തിലാണു അദ്ദേഹം ജനിച്ചതു്. ചെറുപ്പത്തിൽതന്നെ അദ്ദേഹം തീവ്രമായ ദൈവഭക്തി മൂലം ശിശു സഹജമായ നിസ്സാര പാപങ്ങളിൽപ്പോലും അത്യന്തം അവജ്ഞയും ഭയവും പ്രദർശിപ്പിച്ചിരുന്നു. തൻെറ നാല്പത്താറു സംവത്സരത്തെ, ദീർഘമായ ജീവിതകാലത്തിനിടയിൽ ഒരു ചാവുദോഷംപോലും ചെയ്യാതെ പരിശുദ്ധനായി ജീവിക്കുന്നതിനു ആ നല്ല പരിശീലനം അദ്ദേഹത്തെ പ്രാപ്തനാക്കി. ജീവിതാരംഭത്തിൽതന്നെ അദ്ദേഹം തൻെറ ദൈവവിളിയെ ആദരിച്ചു വൈദികസ്ഥാനം സസന്തോഷം സ്വീകരിക്കുകയും അതിൽ ചുരുങ്ങിയകാലത്തിനകം ഉന്നതസ്ഥാനം ലഭിക്കുകയും ചെയ്തു. ഇക്കാലത്തുതന്നെയാണു അദ്ദേഹത്തിൻെറ പിതൃവ്യൻ പീയൂസ് ചതുർത്ഥൻ എന്ന നാമത്തോടെ റോമാസിംഹാസനത്തിൽ ആരോഹണം ചെയ്തതു്. ചാൾസ് തൻെറ

ഇരുപത്തുമൂന്നാമത്തെ വയസ്സിൽ കർദ്ദിനാൾ സ്ഥാനത്തിലേക്ക ഉയൎത്തപ്പെട്ടു. അദ്ദേഹത്തിൻെറ ദൈവഭക്തിയും കാൎയ്യപ്രാപ്തിയും ധൎമ്മതൽപ്പരതയുംമററും ഒന്നു വേറെതന്നെയായിരുന്നു.

തന്നെ മിലാനിലെ മെത്രാപ്പോലീത്തയായി തെരിഞ്ഞെടുത്തപ്പോൾ അദ്ദേഹം റോമയിൽനിന്നു അവിടേക്കു തിരിച്ചുപോകയും തൻെറ ഇരുപത്തുമൂന്നു കൊല്ലത്തെ ഭരണകാലം മുഴുവൻ ആ രൂപതയിലെ ജനങ്ങളുടെ ആത്മരക്ഷാർത്ഥം അവിശ്രമയത്നം ചെയ്കയും ചെയ്തു. ജനങ്ങളുടെ അദ്ധ്യാത്മികമായ അഭ്യുന്നതിക്കായി എന്തും സഹിക്കുന്നതിന്നു അദ്ദേഹം സന്നദ്ധനായിരുന്നു. സൽപ്രവൃത്തികൾക്കായും ക്രിസ്തീയ സ്ഥാപനങ്ങൾക്കായും മററു ധൎമ്മചിലവുകൾക്കായും കൊല്ലത്തിൽ അഞ്ചു ലക്ഷം രൂപാ വിതം ആ പുണ്യശ്ലോകൻ ചിലവഴിച്ചിരുന്നു. ഈ വക കാൎയ്യങ്ങൾക്കായി അവിടുന്നു, പതിനേഴായിരം രൂപാ ഒരു ദിവസംകൊണ്ടു ചിലവിട്ടതായി പറയപ്പെട്ടിരിക്കുന്നു.

ഈ പുണ്യപുരുഷനെ സംബന്ധിച്ച എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിന്നു ഇവിടെ സ്ഥലം അനുവദിക്കുന്നില്ല. അവയെല്ലാം ദൃക്സാക്ഷിയായിരുന്ന അദ്ദേഹത്തിൻെറ സിക്രട്ടറി എതദ്വിഷയകമായി എഴുതിയ ഒരു ലിഖിതം ഒരു പ്രോട്ടസ്റ്റാൻറു ഗുരുവിൻെറ മാനസാന്തരത്തിന്നു പൎയ്യാപ്തമായി ഭവിച്ചിട്ടുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. യദൃശ്ചയാ അദ്ദേഹം ആ ലേഖനം വായിക്കാൻ ഇടവരികയും തൻമൂലം കത്തോലിക്ക പൌരോഹിത്യത്തെപററി അദ്ദേഹത്തിനുണ്ടായിരുന്ന തെററിദ്ധാരണകൾ നീങ്ങി അതിനെപ്പററി ബഹുമാനം ഉദിക്കയും ചെയ്കയാൽ ആ വൈദികൻ കത്തോലിക്കാമതം സ്വീകരിച്ചു. ഈ മഹാ പുണ്യവാൻെറ അന്ത്യകാലവും ചരമവും എങ്ങിനെയായിരുന്നു എന്നു താഴെ വിവരിക്കുന്നു.

അദ്ദേഹത്തിൻെറ ജീവിതകാലം മുഴുവനും പ്രാൎത്ഥനയിലും സൽപ്രവൃത്തികളിലും ആയിട്ടാണ് ചിലവഴിച്ചിരുന്നത്. അതു വാസ്തവത്തിൽ ഒരു ഇടവിടാതുള്ള ധ്യാനമായിരുന്നു എന്നുവേണം പറയുവാൻ. എങ്കിലും കൊല്ലംതോറുമുള്ള ധ്യാനത്തിനൊരിക്കലും മുടക്കം വരുത്തിയിരുന്നില്ലതാനും. നിയമാനുസരണമുള്ള ധ്യാനമെല്ലാം അവസാനിപ്പിച്ചാൽ പിന്നെ സ്വയമായി ധ്യാനിക്കുകയും ആവശ്യമുള്ള ദിവ്യവരങ്ങൾ പ്രാർത്ഥിക്കയും ചെയ്യുകയായിരുന്നു പതിവ്.

1584-ൽ അദ്ദേഹത്തിൻെറ അവസാനധ്യാനം മിലാനിൽനിന്നും 60 മൈൽ അകലെ 'മാജിയോർ തടാകത്തിനു' അടുത്തുള്ള മൗണ്ടവരേൽ എന്ന ആശ്രമത്തിൽ വച്ചാണ് നിവ്വഹിക്കപ്പെട്ടതു്. ഈ സംഭവം ആ ആശ്രമത്തിനു പ്രത്യേക കീത്തിക്കു കാരണമായിത്തീന്നു. ധ്യാനത്തിനായി ഒരു ചെറിയ മുറിയാണ് അദ്ദേഹം അവിടെ തിരിഞ്ഞെടുത്തതു്. രാത്രി മൂന്നോ നാലൊ മണിക്കൂർ മാത്രമേ അദ്ദേഹം ഉറക്കത്തിന്നായി ഉപയോഗിച്ചുള്ളു. ഒരു പലകയാണു കിടയ്ക്കുക്കു പകരം ഉപയോഗിച്ചതു്. ഭക്ഷണം അപ്പവും വെള്ളവും മാത്രമായിരുന്നു. അദ്ദേഹം തപക്രിയകൾ വീണ്ടും വീണ്ടും വർദ്ധിപ്പിക്കയും പകലും രാത്രിയും മിക്ക സമയവും പ്രാർത്ഥനയിൽതന്നെ ചിലവഴിക്കയും ചെയ്തുവന്നു. ധ്യാനം ആരംഭിച്ചതിൻെറ അഞ്ചാം ദിവസം മനസ്താപത്താൽ കണ്ണുനീർ ധാരയായി വാത്തുകൊണ്ടു് അദ്ദേഹം കഴിച്ച വാർഷിക പാപസങ്കീത്തനം കുമ്പസ്സാരക്കാരനെക്കൂടി കരയിച്ചുകളഞ്ഞു. തലേ രാത്രി അദ്ദേഹം മുട്ടിന്മേൽതന്നെ നിന്നുകൊണ്ടു് എട്ടു മണിക്കൂർനേരം പ്രാത്ഥിച്ചു. ആ എട്ടുമണിക്കൂർ എട്ടു മിനിററായിട്ടേ അദ്ദേഹത്തിനു തോന്നിയുള്ളുവത്രെ. ഒരു നല്ല വേലക്കാരൻ ദിവസാവസാനമടുക്കുമ്പോൾ കൂടുതൽ അദ്ധ്വാനിക്കുക പതിവുള്ളതാണല്ലൊ. ആ മഹാ പുണ്യവാൻ തനിക്കു ശേഷിച്ചിരുന്ന സമയം മുഴുവനും തൻെറ ആത്മാവിനെ അധികമധികമായി മോടിപിടിപ്പിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. എല്ലാ ധ്യാനങ്ങളിലും അദ്ദേഹം ദൈവത്തോടു ഏററംഏററം ഐക്യം സമ്പാദിച്ചുവന്നു. ഇത്തവണ അദ്ദേഹം മിശിഹായിൽ പൂണ്ണമായി ലയിച്ചു എല്ലാ ലൌകിക വിഷയങ്ങളിൽനിന്നും വിമുക്തനായി തീന്നു.

ധ്യാനാവസാന ദിവസമായ ഒക്ടോബർ ഇരുപത്തിനാലാം തിയ്യതി അദ്ദേഹത്തിനൊരു പനി ആരംഭിച്ചു. തപസ്സും പ്രാത്ഥനയും മുടക്കുക ഉണ്ടായില്ലെങ്കിലും കുമ്പസ്സാരക്കാരൻെറ നിർബന്ധം നിമിത്തം കുറെ എല്ലാം കുറക്കേണ്ടതായി വന്നു. ഭക്ഷണം അപ്പവും വെള്ളവും മാത്രമായിരുന്നു. ഉപ്പാകട്ടെ വെണ്ണയാകട്ടെ അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. കിടന്നിരുന്ന പലകയിന്മേൽ കുറെ വൈക്കോൽ ഇടുന്നതിന്നു മാത്രം ഒരു കണക്കിൽ അനുവദിച്ചു. രാത്രിയിലെ പ്രാത്ഥനസ്സമയമല്പം ചുരുക്കി. 28-ാം നു പനി വർദ്ധിച്ചു. പക്ഷെ ക്രമപ്രവൃദ്ധമായിരുന്ന ആത്മീക ശക്തി തപസ്സുകൊണ്ടും രോഗംകൊണ്ടും ക്ഷീണിച്ച അവശമായ ശരീര


ത്തെ നിശ്ശേഷം കീഴടക്കിയിരുന്നു. മിലാനിലെ സകല വിശുദ്ധന്മാരുടെ തിരുനാളിന്നു, എല്ലാകൊല്ലവും പതിവുള്ള, പൊന്തിഫിക്കാൾ കുർബ്ബാന ചൊല്ലുവാൻ പോകണമെന്നു ഉദ്ദേശിച്ചിരുന്നതിനാൽ തത്സാദ്ധ്യത്തിനായി അദ്ദേഹം തപസ്സു അല്പംകൂടി ചുരുക്കേണ്ടിവന്നു മിലാനിലേയ്ക്കുള്ള യാത്രയിൽ മാൎഗ്ഗമദ്ധ്യേ ചില പട്ടണങ്ങളെക്കൂടി സന്ദർശിച്ച്, തന്റെ ഔദ്യോഗിക സന്ദർശനാവസരത്തിൽ അവിടെ ആരംഭിച്ചിരുന്ന ചില പ്രസ്ഥാനങ്ങൾ പരിപൂൎത്തിയാക്കേണ്ടതുമുണ്ടായിരുന്നു. രോഗത്തേയും തജ്ജന്യമായ ക്ഷീണത്തേയും തൃണവൽഗണിച്ചുകൊണ്ടു് രാത്രി മുഴുവൻ യാത്രചെയ്തു അദ്ദേഹം മജിയോരതടാകം തരണം ചെയ്തു. വഞ്ചിക്കാരോടും അനുയാത്രക്കാരോടും കൂടി സന്ധ്യാ നമസ്കാരം കഴിച്ചശേഷം, "യാത്രയാരംഭത്തിൽ നിങ്ങൾ ദൈവ സഹായം അപേക്ഷിച്ചിരുന്നുവോ?" എന്നു അവിടുന്നു അനുചരന്മാരോടു ചോദിക്കയുണ്ടായി. പിന്നീട്; യാത്ര തുടരുമ്പോൾ ഒരു ആകാശങ്ങളിലിരിക്കുന്ന, ഒരു നന്മ: വിശ്വാസപ്രമാണവും ചൊല്ലിക്കൊള്ളാമെന്നു അവരെക്കൊണ്ടു് അദ്ദേഹം പ്രതിജ്ഞ ചെയ്യിച്ചു. അന്നു രാത്രി മുഴുവനും പ്രാൎത്ഥനയിൽത്തന്നെ അദ്ദേഹം ചിലവഴിച്ചു.

സൂൎയ്യോദയത്തിങ്കൽ അദ്ദേഹം കനോബ്ബിയൊ പട്ടണത്തിൽ ചെന്നു ചേരുകയും കാനോന നമസ്കാരം കഴിച്ച് കുമ്പസ്സാരിച്ചതിനു ശേഷം അവിടെ ദൈവ പൂജ അർപ്പിക്കുകയും ചെയ്തു. പനികൊണ്ടും ദീൎഘയാത്രയാലും ക്ഷീണിച്ചു വശായ അവിടുന്നു് പ്രസ്തുതസ്ഥലത്തെ കാൎയ്യാദികളെല്ലാം നിൎവ്വഹിച്ചശേഷം ഒരു പ്രസംഗവും നടത്തി. സംക്ഷിപ്തമെങ്കിലും സാരസംപുഷ്ടവും ഹൃദയാവർജ്ജകവും ആയിരുന്നു ആ പ്രസംഗം. അദ്ദേഹം കനോബ്ബിയോയിൽനിന്നും അസ്സോനായിലേക്കാണു് പിന്നീടു പോയതു്. അവിടെ ചെന്ന ഉടനെ, പനി പൂൎവ്വാധികം വർദ്ധിച്ചതിനാൽ കുറെ വൈക്കോൽ വിരിച്ച് അതിൽ കിടന്നു അല്പം ആശ്വസിച്ചു. അനന്തരം സകല പുണ്യവാന്മാരുടെ പെരുന്നാളിന്നു മിലാനിൽ ചെന്നെത്തത്തക്കവണ്ണം ഉടനെ യാത്ര തുടരുവാൻ തീർച്ചപ്പെടുത്തി. പക്ഷെ വൈദ്യന്മാരുടെ ശാസനമനുസരിച്ച് ആ രാത്രി അവിടെതന്നെ കഴിച്ചുകൂട്ടേണ്ടതായിവന്നു. പിറേറന്നു രാവിലെ മുട്ടിന്മേൽനിന്നു തന്നെയാണു് അദ്ദേഹം കാനോന നമസ്കാരം കഴിച്ചതു്. ദിവസേനയുള്ള പതിവനുസരിച്ച് അന്നു കുമ്പസ്സാരിച്ചതിനുമേൽ ദൈവപൂജ അർപ്പിച്ചു. കുർബ്ബാന സമയം മുട്ടു കുത്തുമ്പോഴെല്ലാം എ

ഴുന്നേല്ക്കുവാൻ ഒരാളുടെ സഹായം വേണ്ടി വന്നിരുന്നു. അദ്ദേഹം അത്രയ്ക്കു ക്ഷീണിച്ചാണിരുന്നതെങ്കിലും പെരുന്നാളിന്റെ തലേ ദിവസമായിരുന്നതിനാൽ അന്നു മുഴുവൻ നോയമ്പു നോൽക്കുകയും വൈദ്യന്മാരുടെ നിർബന്ധം മൂലം മാത്രം ഒരു പ്രാവശ്യം മരുന്നു കുടിക്കുകയും ചെയ്തു.

അവിടെ നിന്നു ആ വന്ദ്യാത്മാവു് 'അരോണ'യിലേക്കാണു് പുറപ്പെട്ടതു്. യാത്രാസമയം പ്രാർത്ഥനയിലും സഹഗാമികളെ ഉപദേശിക്കുന്നതിലും വിനിയോഗിച്ചു. സകല പുണ്യവാന്മാരെക്കുറിച്ചു അദ്ദേഹം ചെയ്ത പ്രസംഗം അവരുടെ ഹൃദയങ്ങളെ സവിശേഷം ആവർജ്ജിക്കത്തക്കതായിരുന്നു. അരോണയിൽ കഴിച്ചുകൂട്ടിയ അല്പ സമയം ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടിയുള്ള പ്രവൃത്തികളിൽതന്നെ ചിലവു ചെയ്തു. സകല പുണ്യവാന്മാരുടെ തിരുനാളിന്റെ തലേരാത്രി രണ്ടു മണിക്കെഴുന്നേററു പ്രാർത്ഥന തുടങ്ങുകയും പതിവനുസരിച്ചു് ഏഴുമണിക്കു് ദിവ്യപൂജ അർപ്പിക്കുകയും ചെയ്തു. പെരുന്നാൾ ദിവസമായിരുന്നതിനാൽ അന്നു് പതിവിലധികം ജപങ്ങൾ ദൈവകാരുണ്യസ്വീകരണാർത്ഥം കൂട്ടിയിരുന്നു. അദ്ദേഹത്തിന്റെ ഒടുവിലത്തെ ദിവ്യപൂജാർപ്പണമായിരുന്നു അതു്. അന്നു ഒരു പ്രാവശ്യം മരുന്നു കുടിക്കയുണ്ടായെങ്കിലും അതു അസമയത്തായിരുന്നതിനാൽ അന്നു പനി പൂർവ്വാധികം വർദ്ധിക്കുകയും മരണംവരെ നീണ്ടു നില്ക്കുകയും ചെയ്തു.

പിറേറന്നു ശുദ്ധീകരാത്മാക്കളുടെ ദിവസമായിരുന്നതിനാൽ കർബാന ചൊല്ലുന്നതിനാഗ്രഹിച്ചെങ്കിലും ക്ഷീണംകൊണ്ടു് സാധിച്ചില്ല. അദ്ദേഹം പള്ളിയിൽ പോയി കർബാന കാണുകയും കുമ്പസ്സാരിച്ചു ഭക്തിയോടെ ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും മാത്രം ചെയ്തു് ഒരു വിധം തൃപ്തിപ്പെട്ടു. അതിനുശേഷം മുട്ടിന്മേൽനിന്നു തന്നെ കാനോന നമസ്കാരം കഴിച്ചു. അവിടെനിന്നും മിലാനിലേക്കു യാത്രയായി.



## PART II.

മരണസമയം അടുത്തു വരുന്തോറും തന്റെ മനസ്സും ഹൃദയവും ദൈവത്തോടു ഉപൎയ്യുപരി ഐക്യപ്പെട്ടു വന്നിരുന്നു. നമ്മുടെ കൎത്താവിന്റെ കഷ്ടാനുഭവങ്ങളോടു അദ്ദേഹത്തിനു പ്രത്യേകം ഭക്തിയുണ്ടായിരുന്നു. അതായിരുന്നു എല്ലാസമയവും അദ്ദേഹത്തിന്റെ മുഖ്യമായ ധ്യാന വിഷയം. ഈ അവസാന സമയത്തും അതിനെ അദ്ദേഹം മറന്നു കളഞ്ഞില്ല. ഒടുവിൽ ക്ഷീണത്താലും വേദനയാലും കൂടുതൽ ധ്യാനം കഴിപ്പാൻ കഴിവില്ലാതായി തീൎന്നുവെങ്കിലും, അദ്ദേഹത്തിന്റെ കിടക്കയുടെ ഇരു വശവും വെച്ചിരുന്ന കഷ്ടാനുഭവ സൂചകങ്ങളായ ചിത്രങ്ങളിൽ ദൃഷ്ടി പതിപ്പിച്ചു, രക്ഷാനാഥനായ ഈശോയ്ക്കു നമ്മെപ്രതിയുള്ള നിസ്സീമവും അഗാധവുമായ പ്രേമത്തെ കൂടക്കൂടെ സ്മരിച്ചിരുന്നു.

നവമ്പർ 3-ാം നു- ആയി. വൈദ്യന്മാർ സൂക്ഷ്മമായി പരിശോധിച്ചു നോക്കിയശേഷം, ദീനം ആപൽഘട്ടത്തിൽ എത്തിയിരിക്കുന്നതായി അഭിപ്രായപ്പെട്ടു. രണ്ടു മണിയോടെ പനി കലശലായി വൎദ്ധിക്കയാൽ ബുദ്ധിമയക്കമുണ്ടായി. അതിന്റെശേഷം സ്വല്പസമയം മാത്രമേ തനിക്കിനി ശേഷിച്ചിരിപ്പുള്ളു എന്നു കൎദ്ദിനാളിനെ അറിയിക്കേണ്ടതിന്നായി അദ്ദേഹത്തിന്റെ കുമ്പസ്സാരക്കാരൻ വളരെ സങ്കടത്തോടെ അടുത്തുവന്നു അദ്ദേഹത്തെ വസ്തുത ഗ്രഹിപ്പിച്ചു. ഈ ഭയങ്കര വാൎത്ത രോഗിയുടെ മനസ്സിനു യാതൊരു ക്ഷോഭവും ഉളവാക്കിയില്ല. മാത്രമല്ല, തിരുപാഥേയവും അന്ത്യലേപനവും സ്വീകരിച്ചുകൊണ്ടു തന്നെ വേണ്ട വിധം ശക്തിപ്പെടുത്തുവാനുള്ള ആഗ്രഹം അവരെ അറിയിക്കയാണ് തൽക്ഷണം ചെയ്തതു്. ഉടനെതന്നെ പരിശുദ്ധ കുർബ്ബാന എഴുന്നള്ളിച്ചു കൊണ്ടുവരുവാനായി ഒരു വൈദികൻ മെത്രാസന പള്ളിയിലേയ്ക്കു പോയി. അദ്ദേഹത്തിന്റെ അന്ത്യസമയം ആസന്നമായിരിക്കുന്നു എന്നറിയിക്കുന്ന മണിനാദം പട്ടണങ്ങളിലുള്ള എല്ലാ പള്ളികളിലും മുഴങ്ങി. ഈ സമയത്തു അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളും ഭൃത്യന്മാരും ഒട്ടേറെ വൈദീകന്മാരും അവസാനാശീൎവ്വാദം കൈക്കൊള്ളുന്നതിലേയ്ക്കായി അവിടെ വന്നുകൂടി. കൎദ്ദിനാൾ അവരെ ആശീൎവ്വദിക്കാൻ താല്പൎയ്യപ്പെട്ടുവെങ്കിലും ക്ഷീണാധിക്യത്താൽ കൈ ഉയൎത്തുവാൻപോലും അദ്ദേഹത്തിനു സാധിച്ചില്ല. പരിശുദ്ധ കുർബാന എഴുന്നെള്ളിച്ചു കൊണ്ടുവന്നപ്പോൾ അതിനെ ഏററവും ഫലപ്രദമായ വിധത്തിൽ ഉൾക്കൊള്ളുവാൻ അ

ദ്ദേഹം പാടായ ഒരുക്കങ്ങൾ എല്ലാം ചെയ്തു. മുട്ടിന്മേൽനിന്നു ദിവ്യകാരുണ്യം ഉൾക്കൊള്ളുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം വിഫലമായതേയുള്ളു. എങ്കിലും അന്ത്യലേപനസമയത്തു പട്ടക്കാരൻ ചൊല്ലുന്ന മൊഴികൾക്കു ഉത്തരംപറവാൻ കഴിഞ്ഞിരുന്നു. തദനന്തരം, അതി കഠശലായി മരണ വേദനയും ആരംഭിച്ചു.

തന്റെ മുൻഗാമിയായ അംബ്രോസീസിനെപ്പോലെ ചാക്കുവസ്ത്രം ധരിച്ചും ചാരം പൂശിയും മരിക്കുന്നതിനുള്ള ഒരാഗ്രഹം ചാൾസ് പുണ്യവാനും പണ്ടെ ഉണ്ടായിരുന്നു. അതു അദ്ദേഹം പലപ്പോഴും പ്രസ്താവിച്ചുമിരുന്നു. ആ സംഗതി ഇപ്പോൾ അദ്ദേഹത്തിന്റെ 'കപ്പോന്മാക്ക്' ഓമ്മ വരികയാൽ മരിക്കുന്നതിന്നു രണ്ടു മണിക്കൂർ മുമ്പു അദ്ദേഹത്തെ ചാക്കു വസ്ത്രം ധരിപ്പിക്കയും ആശീർവ്വദിച്ച ചാരംകൊണ്ടു് ആ വന്ദ്യദേഹത്തെ പൂശുകയും ചെയ്തു. അന്ത്യസമയം ആസന്നമായി, മുറി മുഴുവനും വൈദികന്മാരാൽ നിബിഡമായി. ചിലർ അന്ത്യകാല പ്രാർത്ഥനകൾ കഴിച്ചും മററു ചിലർ കർത്താവിന്റെ ദുഃഖാനുഭവങ്ങളെക്കുറിച്ചു വായിച്ചും ഇരുന്നിരുന്നു. ചാൾസ് പുണ്യവാന്റെ കുമ്പസ്സാരക്കാരനായ 'അദോരോസ്' അച്ചൻ ഒരു ക്രൂശിക്കപ്പെട്ട രൂപം പിടിച്ചുകൊണ്ടും അപ്പഴപ്പോൾ സുകൃത ജപം ചൊല്ലി കൊടുത്തുകൊണ്ടും കിടയ്ക്കക്കരികെ നിന്നിരുന്നു. സുബോധം നശിച്ചിരിക്കുന്നതായി കണ്ടയുടനെ എല്ലാവരും പൊട്ടിക്കരഞ്ഞുപോയി.

അഞ്ചു മണിമുതൽ എട്ടുമണിവരെ കർത്താവിന്റെ ആ ദാസൻ സാവധാനത്തിലും സമാധാനത്തിലും മരണക്ലേശം അനുഭവിച്ചു: ഒടുവിൽ പ്രസന്നവും പ്രശാന്തവുമായ മുഖത്തോടും, കട്ടിലിൻ മുൻവശത്തു വെച്ചിരുന്ന ദിവ്യ രക്ഷകന്റെ രൂപത്തിന്മേൽ ഉററു നോക്കിക്കൊണ്ടും, തന്റെ ദിവ്യ ഗുരുവിനുവേണ്ടി ചെയ്ത സകല വേലകൾക്കും തക്ക പ്രതിഫലം ആകാശമോക്ഷത്തിൽ അനുഭവിക്കുന്നതിനായി, തന്റെ ആത്മാവിനെ അവിടുത്തെ വിമല കരങ്ങളിൽ സമർപ്പിച്ചു.

അദ്ദേഹത്തിന്റെ ദാസന്മാർ ആ വന്ദ്യന്റെ പരിപാവനമായ പാണിതലങ്ങൾ എത്രതന്നെ ചുംബിച്ചിട്ടും കണ്ണുനീർകൊണ്ടു കഴുകിയിട്ടും തൃപ്തിപ്പെട്ടില്ല. അദ്ദേഹത്തിന്റെ തോളുകളിൽ അടിയുടെ വടുവുകൾ ഉണ്ടായിരുന്നു. സദാ ചാക്കു വസ്ത്രം ധരിച്ചു പരിശീലിച്ചതിനാൽ അദ്ദേഹത്തിന്റെ ശരീരം മാർദ്ദവം കുറഞ്ഞു ക്ഷയിച്ചുപോയിരുന്നു. സ്ഥാനവസ്ത്രങ്ങൾ അണിയിച്ചശേഷം അദ്ദേ

ഹത്തെ പതിവനുസരിച്ച മിലാൻ മെത്രാസന പള്ളിയിൽ കിടത്തി. മരണാനന്തരം അദ്ദേഹത്തിൻെറ ശവസംസ്കാരത്തിനു മുമ്പായി മൂന്നു ദിവസത്തോളം തൻെറ മൃത ശരീരം സന്ദർശിപ്പാനായി വന്നുകൂടിയ ജനങ്ങൾക്കു കയ്യും കണക്കുമില്ലായിരുന്നു. സാധുക്കൾ—പ്രത്യേകിച്ച വിധവകളും അനാഥ പൈതങ്ങളും—തങ്ങളുടെ പിതാവിൻെറ വേർപാടിനെക്കുറിച്ച ദയനീയമായി വിലപിച്ചു കഴിച്ചുകൂട്ടി. ഈ മൂന്നു ദിവസവും അദ്ദേഹത്തിൻെറ മുഖകമലം പരമാനന്ദാനുഭൂതിയിൽ എന്നപോലെ പ്രസന്നവും സുന്ദരവുമായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ ആഗ്രഹാനുസരണം, സ്വന്തം മെത്രാസന പള്ളിയിൽ ജനങ്ങളാൽ അധികം ചവിട്ടപ്പെടുന്ന സ്ഥലമായ ഗായക മണ്ഡപത്തിലേയ്ക്കു കയറിപ്പോകുന്ന ഗോവണിയുടെ അടുത്തുതന്നെ അദ്ദേഹത്തിൻെറ മൃതദേഹം സംസ്കരിക്കപ്പെട്ടു.

ശ്രദ്ധേയങ്ങളായ പല അത്ഭുതങ്ങൾ ഈ ശവകുടീരത്തിൻെറ നേക്ക് പൊതു ജനങ്ങളിൽ ഒരു ഭക്തി ജനിപ്പിച്ചു. തൻമൂലം, കർദ്ദിനാൾ ബൊറോമ്യോയെ പുണ്യവാന്മാരുടെ ഗണത്തിൽ ചേർക്കുന്നതിനു വേണ്ട അന്വേഷണങ്ങൾ നടത്തുകയും, കാലതാമസമെന്യേ, തിരുസ്സഭാ മേലദ്ധ്യക്ഷന്മാൎക്കും, വിശ്വാസികൾക്കും ഉത്തമാദർശമാകത്തക്കവണ്ണം 'വിശുദ്ധൻ' എന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തു.

## 9. പീഡകളിൽ ക്ഷമ.

ഐഹിക ജീവിതത്തിൽ സകലരും സങ്കടങ്ങൾ സഹിക്കേണ്ടിയിരിക്കുന്നു. കുബേരനും കുചേലനും, കുലീനനും കുലഹീനനും, ബാലനും വയോധികനും എന്നുവേണ്ട സകലരും ഈ നിയമത്തിന്നധീനർതന്നെ. സങ്കടങ്ങളിലത്രെ നാമും നമ്മുടെ പൂൎവ്വ പിതാക്കന്മാരും ജാതരായതു്. സങ്കടങ്ങളിൽ തന്നെയാണു നമ്മുടെ ഭാവിസന്താനങ്ങൾ ജനിക്കാനിരിക്കുന്നതും. യാതൊരു മനുഷ്യയത്നത്തിനും നമ്മെ അതിൽനിന്നും മുക്തരാക്കുക സാദ്ധ്യമല്ല. എല്ലാക്കാലത്തേയ്ക്കും ഈ ലോകത്തിൽ കഷ്ടാരിഷ്ടതകളും ദുഃഖസങ്കടങ്ങളും ഉണ്ടായിരിക്കും. എല്ലാസ്ഥലത്തും എല്ലാപ്പോഴും അനാഥ

പൈതങ്ങളും വിധവകളും ലോകത്തിൽ ഉണ്ടായിരുന്നിട്ടുണ്ട്. മേലിൽ ഉണ്ടായിരിക്കുകയും ചെയ്യും. സന്താന നഷ്ടത്തെക്കുറിച്ച് ദുഃഖിക്കുന്ന മാതാപിതാക്കന്മാരുടെ വിലാപ സ്വരങ്ങൾ എന്നും വായുമണ്ഡലത്തിൽ മുഴങ്ങിക്കൊണ്ടുതന്നെയിരിക്കും. പാപം ലോകത്തിൽ പ്രവേശിച്ചതു എന്നോ അന്നുമുതൽ ജീവിതം ദുഃഖമയമായിപ്പോയി. അതിനെ പലപ്രകാരത്തിലും ലഘൂകരിക്കാൻ നമുക്ക് കഴിയുമെങ്കിലും ഉൻമൂലനം ചെയ്യുക ഒരിക്കലും സാദ്ധ്യമല്ലതന്നെ. ഇതു നാം നിസ്സംശയം വിശ്വസിക്കുന്ന ഒരു വാസ്തവമാകയാൽ അതേപ്പററി വീണ്ടും വീണ്ടും ചിന്തിക്കുന്നതു് ഉപകാരപ്രദമായിരിക്കും. നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്ന തത്വങ്ങളിൽ പ്രഥമമായിട്ടുള്ളതു് ദൈവഹിതപ്രകാരമല്ലാതെ ഇഹത്തിൽ യാതൊന്നും— തിന്മയാകട്ടെ, നന്മയാകട്ടെ— സംഭവിക്കുന്നില്ല എന്നതാണ്.

ദൈവം ഭൂമി മുഴുവന്റേയും പരമ കർത്താവാണ്. അവിടുന്നു ലോകൈക സാമ്രാട്ടാകുന്നു. സകലവസ്തുക്കളേയും അവിടുന്നു അറിഞ്ഞുകൊണ്ടിരിക്കയും ഭരിച്ചു നടത്തുകയും ചെയ്യുന്നു. മിശിഹാ സുവിശേഷത്തിൽ സാക്ഷീകരിക്കുന്നതുപോലെ നമ്മുടെ ഒരു തലമുടിപോലും അവിടുത്തെ അറിവുകൂടാതെ പൊഴിഞ്ഞു പോകുന്നില്ല. സർവ്വശക്തനായ ദൈവം അറിയാതേയും, സമ്മതിക്കാതേയും, കല്പിക്കാതേയും വയലിൽ ഒരു പുല്ലുപോലും മുളച്ചു വളരുകയോ, വൃക്ഷത്തിൽനിന്നു് ഒരു ഇലയെങ്കിലും പൊഴിഞ്ഞു വീഴുകയോ, ഭൂമിയിൽ ഒരു മണൽത്തരി യഥാസ്ഥാനത്തുനിന്നു് ഇളകുകയോ, സമുദ്രത്തിൽ ഒരു തുള്ളി വെള്ളം ചലിക്കുകയോപോലും ചെയ്യുന്നില്ല. നിർജ്ജീവ വസ്തുക്കളുടെ സ്ഥിതി ഇപ്രകാരമാണെങ്കിൽ താൻ പ്രത്യേകം സ്നേഹിച്ച് സംരക്ഷിച്ചുപോരുന്ന മനുഷ്യരെ സംബന്ധിച്ച് പ്രത്യേകം പറഞ്ഞിട്ടാവശ്യമുണ്ടോ? നമ്മുടെ അക്ഷമതവും നിരാശയും വിശ്വാസത്തിന്റെ അഭാവത്തിൽ നിന്നുമാണുണ്ടാകുന്നതു്. ശ്രദ്ധ മുഴുവനും ലൗകിക കാര്യങ്ങളിൽത്തന്നെ സർവ്വദാ വ്യാപരിപ്പിച്ചുകൊണ്ടിരിക്കുന്നതിനാൽ, നമ്മുടെ ഹൃദയങ്ങളെ ദൈവത്തിങ്കലേക്കു ഉയർത്തുവാൻ നാം അശക്തരായി തീർന്നിരിക്കുന്നു. നമുക്കു നേരിടാറുള്ള സങ്കടങ്ങൾക്കും വിപത്തുകൾക്കും സൃഷ്ടികളെത്തന്നെ ഏകകാരണമായി നാം വ്യാഖ്യാനിക്കുകയും അവയെ അതേ സമയത്തുതന്നെ ഭരിച്ചു നടത്തുന്ന ദൈവത്തെക്കുറിച്ചു ഓർമ്മിക്കാതിരിക്കയും ചെയ്യുന്നു. ദൈവം നമുക്ക് മനഃപീഡയും ശരീര ക്ലേശവും നൽകുന്നതു

കൊണ്ടു് താൻ നമ്മളോട് നിഷ്ഠുരണം പെരുമാറുന്നതായി വിചാരിക്കുന്നതു് ശരിയല്ല. എന്തുകൊണ്ടെന്നാൽ പീഡകൾ ആത്മാവിൻെറ മാററു വർദ്ധിപ്പിക്കുന്ന ഉപകരണങ്ങളാകുന്നു. സാധാരണ ഏതെങ്കിലും ഒരു വസ്തുവിനെക്കുറിച്ച് ചെയ്യുന്ന തീരുമാനം പലപ്പോഴും അബദ്ധമായിപ്പോകുന്ന കാരണം, ക്രിസ്തീയ വിശ്വാസത്തിനൊത്തവിധം നാം അതിനെപ്പററി വിചാരിക്കുന്നില്ലാത്തതു തന്നെ. മിക്കപ്പോഴും നന്മയെ തിന്മയായും തിന്മയെ നന്മയായും അത്രേ നാം ധരിച്ചു വ്യവഹരിച്ചു വരാറുള്ളതു്.

ഇഹലോകജീവിതം വരുവാനിരിക്കുന്ന നിത്യജീവിതത്തിനു വേണ്ടി ചെയ്യുന്ന ഒരു ഒരുക്കമല്ലാതെ മററെന്താണ്? നാം വെറും മൃഗങ്ങളെപ്പോലെ തിന്നുകയും കുടിക്കയും സുഖിക്കയും ചെയ്യുന്നതിനായിട്ടല്ല ഭൂമിയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്; പിന്നെയോ ദൈവപ്രമാണങ്ങൾക്കൊത്തവണ്ണം ജീവിച്ച് നിത്യസമ്മാനത്തിനു യോഗ്യരാകാൻ വേണ്ടി മാത്രമാകുന്നു. ആകയാൽ ഈ ഉദ്ദേശ സാദ്ധ്യത്തിനുപകരിക്കുന്നതെല്ലാം നമുക്കു നല്ലതുതന്നെ. നിത്യഭാഗ്യലബ്ധിക്കുപകരിക്കുന്ന സകലതും ആഗ്രഹിക്കത്തക്കതത്രെ. നേരെ മറിച്ചു ഈ സൌഭാഗ്യസിദ്ധിയെ തടുക്കയൊ അഥവാ നശിപ്പിക്കയൊ ചെയ്യുന്ന സമസ്തവും ആപല്ക്കരമാകുന്നു. ഇതാണ് സംഗതികളുടെ യഥാർത്ഥ നില. ഇതനുസരിച്ചുവേണം സകല കാര്യങ്ങളിലും നാം ഒരു തീർപ്പു ചെയ്യുവാൻ.

ഇതിൽനിന്നു ലോകം നല്ലതെന്നു കരുതുന്ന സന്തോഷങ്ങളും ബഹുമാനാഡംബരങ്ങളും നിത്യഭാഗ്യത്തിനു പ്രതിബന്ധങ്ങളാകയാൽ ആപല്ക്കരങ്ങളെന്നു സിദ്ധിക്കുന്നുണ്ടല്ലോ. മിശിഹാ ലോകലോലുപന്മാരെ പലപ്പോഴും ശപിച്ചിട്ടുള്ളതും ഇതുകൊണ്ടു തന്നെയാണ്. നേരെമറിച്ചു ദാരിദ്ര്യം, അവമാനം, ദുഃഖം, ആദിയായവ നമ്മെ ലോകത്തിൽനിന്നും അകററി ദൈവത്തിങ്കലേക്കു അടുപ്പിക്കുന്ന ഉപകരണങ്ങളാകുന്നു. തൻമൂലം അവ നിശ്ചയമായും നമുക്കു പ്രയോജനകരങ്ങളത്രെ. ഇതുകൊണ്ടുതന്നെയാണ് ദുഃഖവും സങ്കടവും അനുഭവിക്കുന്നവർ ഭാഗ്യവാന്മാരെന്നു കർത്താവു പലപ്പോഴും അരുളിച്ചെയ്തിട്ടുള്ളതും. 'ദാരിദ്ര്യദുഃഖമനുഭവിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്. കരയുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ആശ്വസിപ്പിക്കപ്പെടും.' ഇതാ! നിത്യ ഭാഗ്യത്തിൻെറ വാഗ്ദാനം! എന്നാൽ ഇതു് സ്വർഗ്ഗത്തിൽ മാത്രമെ നിവർത്തിക്കപ്പെടുകയുള്ളൂ. ഇഹത്തി

ലെ നമ്മുടെ ഭാഗ്യം, വരുവാനിരിക്കുന്ന നിത്യ ജീവിതത്തിൽ ആശ്രയിക്കുക മാത്രമാകുന്നു. പക്ഷെ നമ്മുടെ പ്രതീക്ഷ വ്യൎത്ഥമാകാതിരിക്കണമെങ്കിൽ നിത്യഭാഗ്യത്തിലേയ്ക്കുള്ള യഥാൎത്ഥ മാൎഗ്ഗത്തിലൂടെ നടപ്പാൻ യത്നിക്കണം.

ഈ മാൎഗ്ഗമാകട്ടെ യഥാൎത്ഥ ക്രിസ്തീയ ജീവിതമല്ലാതെ മററൊന്നുമല്ല. പാപത്തെ പരിവൎജ്ജിക്കയും മിശിഹായെ സ്നേഹിക്കയും ദൈവത്തോടു ഭക്തിപൂൎവ്വം പ്രാൎത്ഥിക്കയും കൂദാശകളെ യഥായോഗ്യം സ്വീകരിക്കയും ചെയ്യുന്നവർ നിശ്ചയമായും സ്വൎഗ്ഗസോപാനത്തിന്റെ ഓരോ പടികളും നിശ്ചലം കടന്നു പോകുന്നു. ആകയാൽ നാം ബുദ്ധിപൂൎവ്വം പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. ദൈവം നമുക്കു സദയം നൽകിയിരിക്കുന്ന ജീവിതമാകുന്ന അമൂല്യ വസ്തുവിനെ ഒരിക്കലും നാം ദുഷ്പ്രയോഗിക്കരുത്. ജീവിതം ഒരിക്കൽ മാത്രമേ നമുക്കു ലഭിച്ചിട്ടുള്ളു; ലഭിക്കയുള്ളു. അതിനെ ദുരുപയോഗിക്കുന്നതു് എത്ര ഭീമമായ മൗഢ്യമായിരിക്കും!

ദൈവത്തിനുവേണ്ടി എന്തുതന്നെ സഹിപ്പാനും നാം ഒരുങ്ങിയിരിക്കണം. നമ്മുടെ സകല ദുഃഖാനുഭവങ്ങളും പ്രയോജനമുള്ളതാക്കുവാൻ നാം യത്നിക്കണം. കുറഞ്ഞൊരു കാലം മാത്രമേ നാം അതു അനുഭവിക്കേണ്ടതായിട്ടുള്ളു. അതിന്റെ അവസാനത്തിലാകട്ടെ, നിത്യഭാഗ്യം — അനന്തവും ശാശ്വതവും ആയ സന്തോഷം — നമ്മുടെ അവകാശമായിത്തീരും. "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും".



## 10. ഒരു മെഴുകുതിരിക്കഷ്ണം.

ഒരിക്കൽ രണ്ടു വൃദ്ധ ദമ്പതിമാർ ഒരു ചെറു ഭവനത്തിൽ വസിച്ചിരുന്നു. അവർ കേവലം നിർദ്ധനരായിരുന്നു. ആ കുടിലിന്റെ വാടക കൊടുക്കുന്നതിനുപോലും അവർക്കു നിവൃത്തിയുണ്ടായിരുന്നില്ല. പലപ്പോഴും അഹർവൃത്തിക്കുപോലും വഴിയില്ലാതെ അവർ പട്ടിണികിടക്കേണ്ടിവന്നു. ഒരിക്കൽ നല്ല സ്ഥിതിയിൽ കഴിഞ്ഞിട്ടുള്ള ഇവർക്കു ഈ ദയനീയാവസ്ഥയിൽ അന്യസഹായം തേടുകയെന്നതു തീരെ ദുസ്സഹമായി തോന്നി. ഒരു ശനിയാഴ്ച ദിവസം, ഭക്ഷിക്കുന്നതിനു ഒരു കഷണം അപ്പംപോലും ആ വീട്ടിൽ ഇല്ല. 'കുരുവിന്മേൽ കുരു' എന്നപോലെ ഭാര്യ ക്ഷീണാധിക്യംമൂലം തീരെ ബലഹീനയായും, ഭർത്താവു രോഗബാധിതനായും തൻമൂലം അഹോരാത്രം കിടക്കയിൽതന്നെ കഴിച്ചുകൂട്ടുവാൻ നിർബന്ധിതരായും ഭവിച്ചിരിക്കയാണു്. നേരം രാത്രിയായി. ഇനിയും ഇവർ ഒന്നുംതന്നെ ഭക്ഷിച്ചിട്ടില്ല. തങ്ങളുടെ കഷ്ടാവസ്ഥ ഓർത്തു ആ ദമ്പതിമാർ ഇടമുറിയാതെ കരഞ്ഞുകൊണ്ടിരുന്നു. ആരും അവരുടെ സഹായത്തിന്നായി അവിടേയ്ക്കു എത്തിനോക്കുകപോലും ഉണ്ടായില്ല. മനുഷ്യരിൽനിന്നു സഹായം ലഭിക്കുന്ന കാര്യം തീരെ അസാദ്ധ്യമായി അവർക്കു തോന്നി. അതിനാൽ അവർ വ്യാകുലന്മാരുടെ ആശ്വാസമായ പ. ജനനിയുടെ സഹായമപേക്ഷിച്ചു. നേരം പ്രഭാതമായി. ഇനിയും അവർക്കു ഭക്ഷണത്തിനു യാതൊന്നുംതന്നെ ലഭിച്ചിട്ടില്ല. പകൽ സമയം മുഴുവനും അവർ ക്ഷുത്പിപാസകൾക്കധീനരായി കഴിച്ചുകൂട്ടി. വൈകുന്നേരമായതോടെ തങ്ങളുടെ ദുരവസ്ഥ മററുള്ളവരെ അറിയിക്കാതെ ഗത്യന്തരമില്ലെന്നു കണ്ടു് ആ സാധുസ്ത്രീ ഭർത്താവിനെ തനിയെ കിടത്തിയുംവെച്ചു് പുറത്തേക്കു പോയി. എന്നാൽ തങ്ങളുടെ താൽക്കാലികസ്ഥിതി അ-

ന്ന്യരെ ധരിപ്പിക്കുന്നതിനു വേണ്ട ധൈര്യം അവൾക്കുണ്ടായില്ല. അതിനാൽ, അവൾ പൂർവ്വാധികം ക്ഷീണയും ദുർബലയുമായി സ്വഭവനത്തിലേക്കു മടങ്ങി. രണ്ടുദിവസത്തേയ്ക്കു് യാതൊന്നും ഭക്ഷിക്കാതിരുന്നതിനാൽ, ഏററവും ക്ഷീണിച്ചു വിവർണ്ണനായിത്തീന്ന ഭർത്താവു "പ്രിയെ, നാം മരിക്കണം—ദൈവം നമ്മെ ഉപേക്ഷിച്ചു കളഞ്ഞു" എന്നു സഗൽഗദം പറഞ്ഞു. അതിനു് ആ സ്ത്രീ യാതൊരു മറുപടിയും പറഞ്ഞില്ല. കുറച്ചുനേരം മൌനയായിരുന്നശേഷം അവൾ ഭർത്താവിനെ നോക്കി "അല്ലയോ ഭർത്താവെ! പാപികളുടെ ആശ്രയവും വ്യാകുലന്മാരുടെ ആശ്വാസവുമായ പ. ജനനിയുടെ സഹായം നമുക്കപേക്ഷിക്കാം. ആ വാത്സല്യ മാതാവു നമ്മെ നിശ്ചയമായും സഹായിക്കും. എന്റെ പക്കൽ ഒരു ചെറിയ മെഴുകുതിരിയുണ്ടു്. അതു നമുക്കു ഈ അമ്മയുടെ പീഠത്തിൻ മുമ്പിൽ കത്തിക്കാം" എന്നു പറഞ്ഞുകൊണ്ടു അതിനെ അവരുടെ വീട്ടിലുള്ള പ. മറിയത്തിന്റെ രൂപത്തിൻമുമ്പിൽ കത്തിച്ചുവെച്ചു. അയൽവാസിയായ ഒരു സ്ത്രീ, ദീനമായി കിടക്കുന്ന തന്റെ കുട്ടിക്കു രാത്രിയിൽ എന്തൊ മരുന്നുകൊടുക്കുന്നതിനു എണീററപ്പോൾ ഈ ദാരിദ്ര്യഭവനത്തിൽ പതിവല്ലാതെ വെളിച്ചം കാണുകയിൽ അതെന്തെന്നറിയുന്നതിനുള്ള കൌതുകത്തോടെ അവൾ അവിടെയ്ക്കു ചെന്നു. ചാരിയിരുന്ന കതകു തുറന്നു അവൾ അകത്തേയ്ക്കു പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച മർമ്മഭേദകമായിരുന്നു. വിശപ്പും ദാഹവുംകൊണ്ടു കേവലം മൃതപ്രായരായ ആ സാധുക്കൾ പ. ജനനിയുടെ മുമ്പിൽ നിലംപതിച്ചു കിടക്കുന്നു. അവരുടെ കഷ്ടാവസ്ഥകണ്ടു മനസ്സിളകിയ ആ സ്വാധ്വി ഉടനെ അവളുടെ വീട്ടിലേക്കു ഓടി കുറെ അപ്പവും മററു ഭക്ഷണപദാർത്ഥങ്ങളും കൊണ്ടുവന്നു അവർക്കു കൊടുത്തു് അവരെ മൃത്യുവിൽനിന്നുരക്ഷിച്ചു. പിറെറദിവസം അവൾ ഈവിവരം അവരുടെ വികാരിയച്ചനേയും "വി. വിൻസൻറു ദെപോൾ സംഘത്തിന്റെ" മേലദ്ധ്യക്ഷനേയും അറിയിക്കയും അവർ ഈ പാവപ്പെട്ടവരെ അവരുടെ ദുരവസ്ഥയിൽനിന്നു മോചിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉടനടി ചെയ്കയും ചെയ്തു. ഇവരുടെ ഭാഗ്യം ഇവിടെയും അവസാനിച്ചില്ല. ആജീവനാന്തം സുഖമായി കഴിയുന്നതിനു വേണ്ട ഒരു വലിയ സംഖ്യ താമസംവിനാ അവരുടെ ഒരു ബന്ധു അവർക്കയച്ചുകൊടുത്തു. തങ്ങളുടെ സകല ഭാഗ്യങ്ങളും പ. മറിയത്തിൽനിന്നു് ലഭിച്ചതാണെന്നു് അവർ അനന്തരകാലങ്ങളിൽ കൃതജ്ഞതാപൂർവ്വം പറഞ്ഞുവന്നു. ആ തി

രിക്കഷണം ഇല്ലാതിരുന്നെങ്കിൽ, അഥവാ, അതു പരിശുദ്ധ മറിയത്തിൻെറ പീഠത്തിൻമുമ്പിൽ കത്തിക്കാൻ അവരുടെ വിശ്വാസം അവരെ പ്രേരിപ്പിക്കാതിരുന്നെങ്കിൽ, ഒരുപക്ഷെ ആരും അവരുടെ ദുരവസ്ഥയെപ്പററി അറികയൊ അവരുടെ സഹായത്തിനു വരികയൊ ചെയ്യുയില്ലായിരുന്നു.

പരിശുദ്ധ ദൈവജനനിയുടെ നേരെയുള്ള ഭക്തി എത്ര ഫലപ്രദമാണെന്നു ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു."

## 11· പ്രൊസേസൂസും മാർട്ടിനിയനും.

വിശ്വവിഖ്യാതമായ റോമായിൽ ലോകത്തിൻെറ സവിശേഷമായ ബഹുമാനാദരങ്ങൾക്കു പാത്രീഭൂതമായ വിശുദ്ധ സ്ഥലങ്ങളിൽ ഒന്നു 'മാമർട്ടൻ' തടവുമുറിയാണെന്നുള്ളതു അവിതർക്കിതമാമാണ്. 'ഫോറം' എന്ന സ്ഥലത്തിനു സമീപം സ്ഥിതിചെയ്യുന്ന ഈ കാരാഗാരത്തിൻെറ സ്മരണ ഏതു ക്രൈസ്തവ ഹൃദയത്തെയാണു ദുഃഖാതിരേകത്താൽ തകർക്കാത്തത്! റോമയിലെ ക്രൂര ചക്രവർത്തിയായിരുന്ന നേറോയുടെ ആജ്ഞാനുസരണം അപ്പസ്തോലന്മാരായിരുന്ന പത്രോസും പൌലോസും നിർദ്ദയം അടയ്ക്കപ്പെട്ടുകയുണ്ടായതു ഠരം കാരാഗൃഹത്തിലാണ്. ഒൻപതു മാസകാലം നിഷ്ഠുരണം പീഡിപ്പിക്കപ്പെട്ട ശേഷം ഈ പുരുഷകേസരികൾ സ്വന്ത ജീവൻ ക്രിസ്തുവിനു ബലിയായി സമർപ്പിച്ചു.

എന്നാൽ ഇതിനുമുമ്പായിതന്നെ അവർ കാരാഗൃഹാധികൃതന്മാരായിരുന്ന പ്രൊസേസൂസിനേയും മാർട്ടീനിയനേയും അവരുടെ കീഴുരുതിയിൽപെട്ട കാവൽക്കാരേയും മാനസാന്തരപ്പെടുത്തി സത്യ സഭയിലേക്കാനയിക്കയുണ്ടായി.

മേൽപ്രസ്താവിച്ച കാരാഗൃഹം പാറ കുഴിച്ചുണ്ടാക്കിയിട്ടുള്ളതും രണ്ടു നിലയോടുകൂടിയതുമാകുന്നു. ഓരോന്നിനും വൃത്താകാരമായ ഓരോ വാതിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. മരണത്തിനു വിധിക്കപ്പെട്ട തടവുകാരെ കയറിൽ കെട്ടി കീഴോട്ടിറക്കുകയായിരുന്നു പതിവ്. റോമിൻെറ ബദ്ധ വൈരിയായ ജുഗുർത്ത മരിച്ചതു ഇതിൽവെച്ചാണ്. സെന്തുലൂസ്, കത്തേസൂസ് മുതലായ കത്തിലിനിയായുടെ കൂട്ടാളികൾ അടയ്ക്കപ്പെട്ടതും കൊല്ലപ്പെട്ടതും ഈ കാരാ

ഗൃഹത്തിലത്രെ. അപ്പസ്തോലന്മാർ തടവിലായിരുന്ന കാലത്തു ആദ്യത്തെ നിലയിൽ പാറാവു കാൎയ്യസ്ഥന്മാരും കാവല്ക്കാരും താമസിച്ചിരുന്നു. ഒരു കോവണിയാൽ ഈ മുറികൾ രണ്ടും അന്യോന്യം സംയോജിപ്പിക്കപ്പെട്ടുമിരുന്നു.

ആറടി ഉയരവും പതിനഞ്ചടി നീളവും ഉള്ള ഈ കാരാഗൃഹത്തിൽ വെളിച്ചമാകട്ടെ വായുസഞ്ചാരമാകട്ടെ ഉണ്ടായിരുന്നില്ല. എന്നിട്ടും ദൈവശുശ്രൂഷികളായ ഈ രണ്ടപ്പോസ്തലന്മാർ ഒമ്പതു മാസക്കാലം അതിൽ ജീവിച്ചതു ഒരത്ഭുതംതന്നെ. അവരെ ബന്ധിച്ചിരുന്ന തൂണും അതിന്മേലുണ്ടായിരുന്ന രണ്ടു വളയങ്ങളും ചങ്ങലകളും ഇന്നും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ പത്രോസിന്റെ അപേക്ഷാനുസാരം വെള്ളം പുറപ്പെടുവിച്ച പാറയും അവിടെയുണ്ട്. ഈ ഉറവിലെ വെള്ളംകൊണ്ടാണ് പാറാവു കാൎയ്യസ്ഥരേയും കാവൽക്കാരേയും മാമ്മോദീസാ മുക്കിയതു്.

ജ്ഞാനസ്നാനം സ്വീകരിക്കുന്നതായാൽ തീർച്ചയായും നെറോയുടെ മർദ്ദനങ്ങൾക്കു പാത്രമാകുമെന്ന് പ്രോസേസ്സൂസും മാർട്ടിനിയാനും നല്ലവണ്ണം ധരിച്ചിരുന്നു. എന്നാൽ കത്തോലിക്കാവേദത്തിൽ അവർക്കു നല്ല വിശ്വാസം ഉണ്ടായിരുന്നു. വേദസാക്ഷികളുടെ സഹന ശക്തിയാലും വി. പത്രോസ് പൌലോസ് എന്നിവരുടെ പുണ്യ ജീവിതത്താലും മഹത്തരങ്ങളായ ഉപദേശങ്ങളാലും അവരുടെ വിശ്വാസം ദൃഢീകരിക്കപ്പെട്ടു. സത്യ ദൈവത്തിന്നായി സ്വയം ബലി കഴിപ്പാൻ അവർ സൎവ്വാത്മനാ ആഗ്രഹിച്ചു.

പൌളീനോസ് എന്ന ഒരു മജിസ്ട്രേട്ടിന്റെ അധികാരത്തിൽപ്പെട്ടവരായിരുന്നു ഈ പാറാവു കാൎയ്യസ്ഥന്മാർ. പത്രോസും പൌലോസും ഏല്പിക്കപ്പെട്ടിരുന്നതും ഇയ്യാളുടെ സൂക്ഷത്തിലാണ്. പാറാവു കാൎയ്യസ്ഥന്മാരുടെ മാനസാന്തരത്തെ അറിഞ്ഞ ക്ഷണത്തിൽതന്നെ അവരെ ബന്ധനസ്ഥരാക്കുവാൻ പൌളിനോസ് കല്പനകൊടുത്തു. താമസംവിനാ അവർ അവന്റെ മുമ്പാകെ ഹാജരാക്കപ്പെടുകയും ചെയ്തു. ദൈവത്തിൽ വിശ്വസിച്ചുകൊണ്ടു സന്തുഷ്ടചിത്തരായിട്ടാണ് അവർ അവിടെ നിന്നിരുന്നതു്.

പൌളീൻ അവരോടു ചോദിച്ചു

"നിങ്ങൾ ഏതു മതാവലംബികളാണ്?"

അവർ: "ഞങ്ങൾ സത്യദൈവത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികളാണ്".

പൌളീൻ: 'നിങ്ങൾ നമ്മുടെ ദേവന്മാർക്കു ബലി കഴിക്ക

ണം, നിങ്ങളുടെ പുതിയ വിശ്വാസത്തെ ത്യജിക്കണം. അങ്ങിനെ ചെയ്യുന്നതായാൽ നാം നിങ്ങളെ ബഹുമാനിക്കും.'

അവർ: 'നിങ്ങളുടെ കള്ളദേവന്മാരെ ഉപേക്ഷിച്ച സത്യദൈവമായ യേശുക്രിസ്തുവിനെ ആരാധിക്കുന്നതായാൽ മാത്രമേ ഘോര നരകാഗ്നിയിൽനിന്നു രക്ഷപെടുവാൻ നിങ്ങൾക്കു സാധിക്കയുള്ളു.'

ഈ മറുപടികേട്ടു കുപിതനായ പൌളീനോസ് അവരുടെ മുഖത്തു കല്ലെറിയുവാൻ കല്പിച്ചു. ഭടന്മാർ ഈ ആജ്ഞയെ ഉടനടി നിർവ്വഹിച്ചു. ഇങ്ങനെ വലിയ വേദന അനുഭവിക്കുന്ന സമയത്തുപോലും ദൈവത്തെ സ്തുതിച്ചുകൊണ്ടു ആ പുതുവിശ്വാസികൾ ഇപ്രകാരം പറഞ്ഞു: "അന്യദേവന്മാരെ ഞങ്ങൾ ഒരിക്കലും ആരാധിക്കയില്ല. അവർ പിശാചുക്കളാണ്. സത്യക്രിസ്ത്യാനികളായ ഞങ്ങൾ സത്യദൈവമായ യേശുക്രിസ്തുവിൽ ദൃഢമായി വിശ്വസിക്കുന്നു.''

പിന്നീടു ജൂപ്പിററിന്റെ ഒരു വിഗ്രഹം കൊണ്ടുവന്നു അതിനു ധൂമം അർപ്പിക്കുവാനും സത്യദൈവമായ ക്രിസ്തുവിനെ അധിക്ഷേപിക്കാനും അവരോടു ആവശ്യപ്പെട്ടു. ഹാസ്യഭാവത്തിൽ പുഞ്ചിരി തൂകികൊണ്ടു അതിന്മേൽ തുപ്പിയിട്ട് "ഞങ്ങൾ ക്രിസ്ത്യാനികളാണ്" എന്നുമാത്രം അവർ പറഞ്ഞു. പൌളീനോസ് കോപിച്ചു വശായി. അവരുടെ വിശ്വാസ ദാർഢ്യത്തെ പരീക്ഷിക്കുവാൻ അവരെ അതി ക്രൂരമായി ദണ്ഡിപ്പിക്കുന്നതിനു ആജ്ഞാപിച്ചു. പൈശാചിക രൌദ്രതപൂണ്ട സേവകന്മാർ ഈ കല്പനയെ അക്ഷരംപ്രതി അനുവർത്തിച്ചു.

അനന്തരം ന്യായാധിപൻ അവരോടു 'ക്രിസ്തുവിനെ ഉപേക്ഷിക്കുന്നതായാൽ നിങ്ങളെ ബന്ധനത്തിൽനിന്നും മോചിക്കാം' എന്നു പറഞ്ഞു. അവർ: 'ഞങ്ങൾ ക്രിസ്ത്യാനികളാണ്. ഞങ്ങളുടെ രക്ഷയ്ക്കായി കഠിനപീഡകളനുഭവിച്ചു കുരിശുമരണം പ്രാപിച്ച സത്യദൈവത്തെ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല' എന്നു ഉത്തരിച്ചു. അവർ ഇത്ര നിഷ്ഠുരമായി പീഡിപ്പിക്കപ്പെട്ട സമയം റോമാക്കാരിയായ ഒരു വനിതാരത്നം അടുത്തുചെന്നു സാന്ത്വനവാക്കുകളാൽ അവരെ ആശ്വസിപ്പിക്കയും ദൈവത്തെപ്രതിയും നിത്യഭാഗ്യത്തിന്നായും ഈ ക്ലേശങ്ങൾ ധൈര്യസമേതം സഹിക്കുന്നതിനു അവരെ പ്രോത്സാഹിപ്പിക്കയും ചെയ്തു. ലൂസ്സീന എന്നായിരുന്നു അവളുടെ പേർ.

വീണ്ടും വിണ്ടും ക്രൂരമായി വേദനിപ്പിച്ചതിന്റെശേഷം അവരെ ഒടുവിൽ തടവിലേക്കയച്ചു. ലൂസ്സീന അവിടേയും എത്തി അവരെ ശുശ്രൂഷിച്ചുവന്നു. തത്സമയം പൌളീനോസിനു പെട്ടുമരണം നേരിട്ടു. ഈ വിവരമറിഞ്ഞു ക്രുദ്ധനായ നേറൊയുടെ കല്പനപ്രകാരം പ്രോസേസ്സൂസ്സും മാർട്ടിനിയാനും താമസംവിനാ വധിക്കപ്പെട്ടു. ലൂസ്സീന ആ മൃതശരീരങ്ങളെ എടുത്തു, മുറപ്രകാരം ഭൂഗർഭപ്രേതാലയങ്ങളിൽ അടക്കംചെയ്തു.

ക്രൂരന്മാരായ ചക്രവർത്തികൾ തിരുസ്സഭയെ വളരെകാലത്തേക്കു നിർദ്ദയം പീഡിപ്പിച്ചു എങ്കിലും, ഏറെ താമസിയാതെ തന്നെ അവൾ പൂർവ്വാധികം ശോഭനമായ ഒരു സ്ഥിതിയിൽ എത്തി. ക്രിസ്ത്യേതരന്മാരായ ചക്രവർത്തിമാരുടെ ഭരണം അവസാനിച്ചു; ക്രിസ്തീയ ചക്രവർത്തികളാൽ റോമാസിംഹാസനം അലങ്കരിക്കപ്പെടുവാനുള്ള സമയം ആസന്നമായി. ഭൂഗർഭപ്രേതാലയങ്ങളെ തുറന്നു അവയിൽ അടക്കം ചെയ്യപ്പെട്ടിരുന്ന രക്തസാക്ഷികളുടെ തിരുശ്ശേഷിപ്പുകൾ പുറത്തെടുത്തു സകലർക്കും വണങ്ങുവാൻ സൌകര്യപ്പെടത്തക്കവണ്ണം വെളിയിൽ സ്ഥാപിച്ചു. ഇതിനായി പലസ്ഥലങ്ങളിലും ദേവാലയങ്ങൾ പണിചെയ്യിച്ചു. പ്രഥമ ദേവാലയത്തെ പ്രഥമ അപ്പസ്തോലന്മാരും വേദസാക്ഷികളുമായ വിശുദ്ധ പത്രോസിനും പൌലോസിനുമായി പ്രതിഷ്ഠിച്ചു. 'വിശുദ്ധ പത്രോസിന്റെ ബസ്ലിക്ക' എന്നു പേരുള്ള ആ ദേവാലയത്തിലെ പ്രധാന ബലിപീഠത്തിൽ അപ്പസ്തോലന്മാരായ 'വിശുദ്ധ പത്രോസ് പൌലോസ്' എന്നിവരുടെ തിരുശ്ശേഷിപ്പുകളും വലത്തു വശമുള്ള അൾത്താരയിൽ അവരുടെ കാവൽക്കാരും പിന്നീടു രക്തസാക്ഷികളുമായ പ്രോസേസ്സൂസ്, മാർട്ടിനിയൻ എന്നിവരുടെ തിരുശ്ശേഷിപ്പുകളും സൂക്ഷിക്കപ്പെട്ടുവരുന്നു. അതെ, ഈ നാലുപേർ കാരാഗൃഹത്തിൽ ഒരുമിച്ചു ജീവിച്ചു ഒരേവിധത്തിലുള്ള മരണം അനുഭവിച്ചു; ഒരേദേവാലയത്തിൽ നാലുപേരും ഒരുമിച്ചു വണങ്ങപ്പെടുകയും ചെയ്യുന്നു

## 12. ഒരു മാതൃകാബാലൻ.

ക്രിസ്തുാബ്ദം 1858-ാം കാലം. ഞാൻ അന്ന് പാരീസിലാണ് താമസിച്ചിരുന്നത്. ഫെബ്റുവരിമാസത്തിലെ ഒരു ഞായറാഴ്ച ദിവസം ഏകദേശം 15 വയസ്സു പ്രായം ചെന്ന ഒരു ബാലൻ എന്നെ കാണ്മാൻ വരുകയുണ്ടായി. അവൻ ക്ഷീണിച്ചു വിളറിയിരുന്നു. നാറിക്കീറിയ വസ്ത്രങ്ങളാണു അവൻ ധരിച്ചിരുന്നതു. മനോഹരമായ നയനങ്ങൾ അവൻെറ ഹൃദയപരമാർത്ഥതയെ സ്പഷ്ടമാക്കി. നിഷ്കളങ്കമായ വദനവും, വിനയാദി സ്വഭാവ ഗുണങ്ങളും അവനെ എവരുടേയും പ്രീതിക്കു പാത്രമാക്കുവാൻ പര്യാപ്തമായിരുന്നു. അവനെപ്പററിയ എൻെറ അന്വേഷണങ്ങൾക്ക് അവൻ ഇങ്ങിനെയാണ് മറുപടി പറഞ്ഞത്. "ഞാൻ ഒരു അനാഥ ബാലനാണ്. ഇപ്പോൾ തങ്കം പൂശുന്ന പണിപഠിച്ചുവരുന്നു. പേര് പീററർ സെയിസി എന്നാണ്". പിന്നീടു എൻെറ ആഗ്രഹപ്രകാരം അവൻ തൻെറ ചരിത്രം മുഴുവനും മുറയ്ക്കു എന്നെ പറഞ്ഞു കേൾപ്പിക്കാമെന്നുവച്ചു. അതിപ്രകാരമായിരുന്നു:-

പേരിന്നു മാത്രം കത്തോലിക്കനായിരുന്ന അവൻെറ പിതാവ് ഒരു കൂലിവേലക്കാരനായിരുന്നു. ഒരു പ്രോട്ടസ്റ്റാൻറു മതക്കാരിയായിരുന്നു അവൻെറ മാതാവ്. ഒരിക്കൽ 'വിൻസൻറു ഡിപാൾ" സംഘക്കാരിയായ ഒരു സഹോദരിക്ക് ഇവരുടെ കുടുംബത്തെ പരിചയമാകാൻ ഇടയായി. ആ സഹോദരിയുടെ പ്രത്യേക മേൽനോട്ടത്തിൽ 'പീററർ, ആഗസ്റ്റി' എന്ന അവരുടെ രണ്ടു കുട്ടികളും കത്തോലിക്കാമത വിശ്വാസാനുസാരം വളർത്തപ്പെട്ടുവരവെ അവരുടെ സാധുവായ മാതാവു് സത്യമതം സ്വീകരിച്ചുകൊണ്ടു് ഇഹലോകവാസം വെടിഞ്ഞു. അന്നു് പീറററിന്നു 13-ാം അഗസ്റ്റിനു 7-ാം വയസ്സുവീതം പ്രായമുണ്ടായിരുന്നു. അധികം താമസിയാതെ അവരുടെ പിതാവും നിര്യാതനായി. അനന്തരം ഈ കുട്ടികളെ അവരുടെ ഒരു ഇളയമ്മ സംരക്ഷിച്ചു വന്നു. ഒരു പ്രോട്ടസ്റ്റാൻറു മതാനുയായി ആയിരുന്നു ആ സ്ത്രീ; തന്മൂലം ഇവരേയും ആ മതത്തിൽ ക്കൂട്ടുവാൻ യത്നമാരംഭിച്ചു. അതിലേക്ക് ചതുരുപായങ്ങളും പ്രയോഗിച്ചുനോക്കി. പക്ഷെ പീററർ അതൊന്നിന്നും വഴിപ്പെട്ടില്ല. ദിവ്യപൂജയിൽ സംബന്ധിക്കുന്നതിന്നും, കുമ്പസ്സാരം കർബാന തുടങ്ങിയുള്ള കൂദാശകൾ സ്വീകരിക്കുന്നും, ഇളയമ്മ അവനെ തീരുമാനം അനുവദിച്ചിരുന്നില്ല. സാധുവായ ആ കുട്ടി സ

ത്യവിശ്വാസത്തെ ഒരു നിക്ഷേപം പോലെ ഭദ്രമായി സൂക്ഷിച്ചു ഇളയമ്മ അവനെ പലപ്രാവശ്യവും പ്രോട്ടസ്റ്റാൻറു വൈദികരുടെ പക്കൽ കൊണ്ടുപോയി അവരെക്കൊണ്ടും പലതും ഗുണദോഷിച്ചു നോക്കാതിരുന്നില്ല. എന്നിട്ടും അവൻ സത്യവിശ്വാസത്തിൽ തന്നെ പഴയപടി ഉറച്ചു നിന്നതേയുള്ളു. അവൾ ഇച്ഛാഭംഗം ഹേതുവാൽ കോപാകുലയായി തീൎന്നു; "ഒന്നുകിൽ അവൻ പ്രോട്ടസ്റ്റാൻറു മതം അവലംബിക്കണം; അല്ലെങ്കിൽ തൽക്ഷണം തൻെറ ഗൃഹത്തിൽനിന്നു പോകണം". എന്നു്.ജനുവരി മാസം നാലാം തിയതി നവ വത്സരാരംഭമംഗളമെന്നോണം അവൾ അവനോടു തീൎത്തു പറഞ്ഞു. അവൻ നിത്യരക്ഷയെ മാത്രം കാൎയ്യമായി കരുതി കണ്ണുനീർ പൊഴിച്ചുംകൊണ്ടു് ഇളയമ്മയുടെ ഗൃഹം വിട്ടിറങ്ങിപ്പോയി. സ്വന്തം ഭവനമില്ലാത്ത ആ സാധുക്കുട്ടി എവിടേയ്ക്കു പോകാനാണു്. ഞായറാഴ്ചദിവസംനിക്കി മററുള്ളപ്പോഴൊക്കെ കൂട്ടുപണിക്കാരൊന്നിച്ചു് പണിപ്പുരയിൽ കഴിച്ചുകൂട്ടി. എന്നാൽ ഞായറാഴ്ച കൂട്ടുകാർ എല്ലാവരും പണിപ്പുര പൂട്ടിയശേഷം തങ്ങളുടെ ഗൃഹങ്ങളിലേക്കു പോയിരുന്നതിനാൽ നമ്മുടെ കഥാനായകനും അവിടെ താമസിക്കുവാൻ നിവൃത്തിയില്ലാതെ വന്നു. ഇളയമ്മയുടെ ഭവനത്തിൽ കടന്നാൽ സത്യമതം ത്യജിക്കേണ്ടി വരുമെന്നുള്ള ഭയംനിമിത്തംപീററിനു ഞായറാഴ്ചദിവസം അങ്ങുമിങ്ങും അലഞ്ഞു നടക്കേണ്ടതായി വന്നു. ഇപ്രകാരം തുടൎച്ചയായി ആറു ഞായറാഴ്ച അവൻ തലസ്ഥാന നഗരത്തിൻെറ തെരുവീഥികളിൽ കഴിച്ചുകൂട്ടി.

ഒരു ഞായറാഴ്ച ഏകദേശം അർദ്ധരാത്രിയായപ്പോൾ വിശപ്പുകൊണ്ടു് തളർന്നു പരവശനായി ഇളയമ്മയുടെ ഗൃഹവാതുക്കൽ വളരെ പണിപ്പെട്ടു ചെന്നുപററി. ആ സ്ത്രീ അവൻെറ സ്വരം കേട്ടപ്പോൾ ഏററവും കോപാക്രാന്തയായി "നീ ഇനിയും കത്തോലിക്കാ മതം ഉപേക്ഷിച്ചില്ലെ"? എന്നു് വാതിൽ തുറക്കാതെ ചോദിച്ചു. "അതു് ഒരിക്കലും എന്നിൽനിന്നു പ്രതീക്ഷിക്കാവുന്നതല്ല" എന്നു പീററർപറഞ്ഞു. ആ മറുപടികേട്ടു് അവൾ കോപത്താൽ മതിമറന്നുപോയി. തന്മൂലം അവൻെറ അപേക്ഷകളൊന്നും അവൾ ഗണിച്ചില്ല. വാതിൽ തുറക്കാതായപ്പോൾ അവൻ വന്നവഴി മടങ്ങേണ്ടിവന്നു. മഞ്ഞു അതി കലശലായിരുന്നു. ദൈവമല്ലാതെ യാതൊരു ശരണവുമില്ലാതെ ആ സാധു ബാലൻ രാത്രി മുഴുവനും കഴിച്ചുകൂട്ടി, എന്നാൽ കരുണാസ്വരൂപനായ ദൈവം അ

വനെ ഏഴാമുശ പരിക്ഷകൾ കൊണ്ടു പിന്നേയും പിന്നേയും കഷ്ട
പ്പെടുത്തുവാൻ തിരുമനസ്സായില്ല.

പിറെറ ഞായറാഴ്ച, തൻെറ കുടുംബത്തെ ഏകാകിനിയായി
സംരക്ഷിച്ചിരുന്ന 'സെലിനെ'ന്ന സഹോദരിയെ അവൻ ഓമ്മി
ച്ചു. അവളുടെ വാസസ്ഥലം തിരഞ്ഞ് വളരെ ബുദ്ധിമുട്ടിയശേഷം
അവൻ അതു് കണ്ടെത്തി. ആ ഭവനത്തിൽ കടന്നു് സഹോദരിയെ
ആശ്ലേഷിച്ചിട്ടു് അവൻ ഇപ്രകാരം നിലവിളിച്ചുകൊണ്ടു പറഞ്ഞു:-
"സഹോദരീ, എൻെറ മേൽ കൃപയുണ്ടാകണമെ; ഇപ്പോൾ നിങ്ങ
ളല്ലാതെ എനിക്കു വേറെ ആശ്രയമില്ല". സുശീലയായ അവൾ
വിശപ്പുകൊണ്ടും ദാഹംകൊണ്ടും ക്ഷീണിച്ചിരുന്ന സഹോദരനു
സുഭിക്ഷമായ ഭക്ഷണവും കൊടുത്തു് അവനെ ഒരു ശുപാർശി ക
ത്തോടുകൂടി എൻെറ അടുക്കലേക്കയച്ചു. ആ കത്തുതന്നെ മേൽ
ഗതിക്കുള്ള മാഗ്ഗമെന്നുറച്ചുകൊണ്ടു് പീററർ എൻെറ അടുക്കൽ വ
രുകയും തന്നെ പിതൃവാത്സല്യത്തോടെ സംരക്ഷിപ്പാറാകേണമെ
ന്നു് എന്നോട്ടു് അപേക്ഷിക്കുകയും ചെയ്തു. ഞാൻ എത്ര സന്തോ
ഷത്തോടുകൂടിയാണ് അതിനു സമ്മതിച്ചതെന്നു് ദൈവത്തിനു മാ
ത്രം അറിയാം. ആത്മാവിൻെറ അമൂല്യത വിചാരിച്ചു് ഞാൻ അ
വൻെറ ആത്മരക്ഷാത്ഥം വേണ്ടുന്നതെല്ലാം ചെയ്യാനാണ് ആദ്യ
മായാരംഭിച്ചതു്. സത്യവേദത്തെപ്രതി എത്രയൊ കഷ്ടാനുഭവങ്ങ
ൾ സഹിച്ചിട്ടുള്ള ആ കുട്ടിയോട്ടു് സത്യവിശ്വാസത്തെക്കുറിച്ചു് വ
ളരെയൊന്നും പറയേണ്ടിയിരുന്നില്ല. അവൻ ആഗ്രഹാനുസര
ണം ഉടൻതന്നെ കുമ്പസ്സാരം കേൾക്കയും, ഈശോയുടെ തിരുഹൃ
ദയത്തിൽ നിന്നുമാത്രം അനുഭവിക്കാൻ കഴിയുന്ന ആ വിശ്വാസ
വും വരപ്രസാദവും ഇശോകത്താവിൻെറ പ്രതിനിധിയുടെ നില
യിൽ ഞാൻ അവനു നൽകുകയും ചെയ്തു. കുമ്പസ്സാരം കഴിഞ്ഞു
സന്തോഷത്താൽ കണ്ണീർ പൊഴിച്ചുകൊണ്ടും പുത്രനിവ്വിശേഷമായ
സ്നേഹത്തോടെ എന്നെ ആശ്ലേഷിച്ചുകൊണ്ടും അവൻ പറഞ്ഞു:-
അവർ എന്നെ പുറത്തു തള്ളിയതു് നിത്യരക്ഷയ്ക്കുള്ള വിശാലമാഗ്ഗ
ത്തിലേക്കായിരുന്നു. ഒ! മനുഷ്യനിശ്ചയങ്ങൾ ദൈവത്തിൻേറതി
ൽ നിന്നു് എത്രയൊ അകന്നിരിക്കുന്നു. അവൻ അനന്തരം പ
ണിസ്ഥലത്തേക്കു തിരിച്ചുപോയി. പിന്നീടു എല്ലാ ഞായറാഴ്ചയും
അവൻ എൻെറ അടുക്കൽ വരുകയും ആ ദിവസം മുഴുവൻ എ
ൻെറ കൂടെ കഴിക്കയും പതിവായി. എല്ലാവരും അവനോട്ടു് ഒരു
സ്വന്തം സഹോദരനോടെന്നപോലെ പെരുമാറി വന്നു. എൻെറ

ബങ്കളാവിൽ ഒരു ചെറിയ മുറിയും സകല സൗകൎയ്യവും ഞാൻ അവനു നൽകി. തിങ്കളാഴ്ചദിവസം രാവിലെ സംതൃപ്തിയോടും സന്തോഷത്തോടും കൂടി അവൻ തന്റെ ജോലിസ്ഥലത്തേയ്ക്കു പോകുന്ന കാഴ്ച അത്യന്തം ചേതസ്സമാകൎഷമായി എനിക്കു തോന്നി.

ഏപ്രിൽ മാസത്തിൽ പ്രഥമ വാരത്തിലെ ഞായറാഴ്ച അവൻ പതില്ലാത്ത വിധം വിളറിയും ക്ഷീണിച്ചും കാണപ്പെട്ടു. അന്നു വൈകുന്നേരം അവനു ഒരു പനി തുടങ്ങുകയാൽ, പിറേറദിവസം പതിവുപോലെ പണിസ്ഥലത്തേയ്ക്കു പോകുവാൻ അവനു സാധിക്കാതായി. ദിവസം പലതുകഴിഞ്ഞു; കുട്ടിയുടെ പനിക്കു ഇനിയും ശമനം കണ്ടില്ല. ഞാൻതന്നെ കുഴഞ്ഞു — അങ്ങിനെയിരിക്കെ ഒരുദിവസം എന്റെ സ്നേഹിതനും വളരെ സമൎത്ഥനുമായ ഒരു വൈദ്യൻ ഭാഗ്യവശാൽ എന്നെ സന്ദൎശിക്കുവാൻ വന്നു. എന്റെ അപേക്ഷാനുസരണം അദ്ദേഹം കുട്ടിയെ പരിശോധിച്ചു. തൽഫലമായി, "കുട്ടി ക്ഷയരോഗത്താൽ മരണാസന്നനായിരിക്കുന്നു എന്നും അവന്റെ വലത്തുഭാഗത്തെ ശ്വാസകോശം വല്ലാതെ പഴുത്തിരിക്കുന്നു" എന്നും ഉള്ള ദുഃഖകരമായ വൎത്തമാനം ഇനിക്കു ധരിക്കുവാൻ ഇടയായി. എന്തുചെയ്യണമെന്നറിയാതെ ഞാൻ വല്ലാതെ കുഴഞ്ഞു. എന്റെ അടുക്കൽതന്നെ അവനെ ഇനിയും താമസിപ്പിക്കുക എന്നതു വളരെ സാഹസമായിട്ടാണ് ഇനിക്കു തോന്നിയതു്. എന്തുകൊണ്ടെന്നാൽ അവനെ വേണ്ടവണ്ണം ശുശ്രൂഷിക്കുന്നതിനുള്ള ഏൎപ്പാടുകൾ ചെയ്യുവാൻ സാഹചൎയ്യങ്ങൾ എന്നെ അനുവദിച്ചില്ല. കുട്ടിക്കു യഥാൎത്ഥത്തിൽ ദീനം കലശലായിരുന്നു എങ്കിലും, പുറമെ അതു അത്ര ദൃശ്യമായിരുന്നില്ല. തൻമൂലം അവനെ ആതുരശാലയിൽ കൊണ്ടുപോയി പാൎപ്പിക്കുക എന്നതും വിഷമമായി തീൎന്നു; എന്തുകൊണ്ടെന്നാൽ രോഗിയുടെ ബാഹ്യസ്ഥിതിയെപ്പററി മാത്രമേ അവിടത്തെ അധികൃതന്മാർ ഗൌനിച്ചിരുന്നുള്ളു. അതുകൊണ്ടു ഞാൻ ഉടൻതന്നെ "ദൈവത്തിന്റെ യോഹന്നാന്റെ സഭാംഗങ്ങളെ ഈ വിവരം അറിയിച്ചു: അവരുടെ ഔദാൎയ്യം എന്നെ ആശ്ചൎയ്യപരതന്ത്രനാക്കി. കുട്ടിയെ തൽക്ഷണംതന്നെ അവർ ആദരപൂൎവ്വം സ്വീകരിക്കുകയും വളരെ സുഖപ്രദമായ ഒരു മുറി അവനുവേണ്ടി ഒഴിവാക്കി കൊടുക്കുകയും ചെയ്തു. അനന്തരം രാപകൽ ഇടവിടാതെ ചികിത്സിക്കുവാനും തുടങ്ങി. അവർ അവനോടു കാണിച്ച സ്നേഹവാത്സല്യങ്ങൾക്കും അവനുവേണ്ടി സഹിച്ച ബുദ്ധിമുട്ടുകൾക്കും അ

തിരില്ലായിരുന്നു.

"ഞാൻ ഇവിടെ ഒരു രാജകുമാരനുള്ള ശുശ്രൂഷാസുഖമാണനുഭവിക്കുന്നതു്. ഈ നല്ല സഹോദരന്മാർ എൻെറ ആവശ്യങ്ങൾ ഒന്നുപോലും സാധിക്കാതെ വിടുന്നില്ല. ജീവിക്കുന്ന പുണ്യവാവാളന്മാർ തന്നെ, ഇവർ, സംശയമില്ല. എന്നെ ഇവരുടെ പക്കലേക്കു അയക്കാൻ തിരുമനസ്സായ ദൈവത്തിന്നു എന്നെന്നും സ്തുതിയുണ്ടാകട്ടെ"; എന്നിങ്ങനെ അവൻ എന്നോടു ഒരിക്കൽ പറകയുണ്ടായി.

പീററിനെ സ്വന്തകുട്ടിയെപ്പോലെയാണ് അവർ കരുതിയിരുന്നതു്. അതി ദുസ്സഹമായ വേദനയനുഭവിച്ചു കൊണ്ടിരിക്കുന്ന ആ ബാലൻ അവൻെറ അമിതമായ സഹനശക്തിയാലും സൽസ്വഭാവത്താലും തങ്ങൾക്കു ഒരു ഉത്തമമാതൃകയാണെന്ന് അവനെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സഹോദരന്മാർ തന്നെ ഒരിക്കൽ പറകയുണ്ടായി. ആ ഇടക്കു അവൻ ആഴ്ചയിൽ ഒരിക്കൽ മാത്രമേ പരിശുദ്ധ കുറുവാന കൈക്കൊണ്ടുവന്നിരുന്നുള്ളു. എന്നാൽ അവൻെറ നിമ്മല ഹൃദയം ദിവ്യകാരുണ്യ സ്വീകരണത്തിന്നായി സദാ എരിഞ്ഞുകൊണ്ടിരിക്കുന്ന വസ്തുത ഞാൻ മനസ്സിലാക്കി. അതിനാൽ ആഴ്ചയിൽ രണ്ടുംമൂന്നും പ്രാവശ്യവും പിന്നീടു ദിവസേനയും കുറുവാന കൈക്കൊള്ളുവാൻ ഞാൻ അവന്നു അനുമതി നൽകി. ഇപ്രകാരം ആ ബാലൻെറ പരിപാവനമായ ആത്മാവു ദൈവവരപ്രസാദംകൊണ്ടു പൂർണ്ണമായി നിറയപ്പെടുകയും, പാപസങ്കീത്തനം കൂടാതെതന്നെ ദൈനംദിനം കത്താവിൻെറ ദിവ്യമേശക്കു അണയുവാൻ അവൻ യോഗ്യനാകുകയും ചെയ്തു. മാലാഖാക്കുടുത്ത പരിശുദ്ധതയോടും ഭക്തിയോടുംകൂടിയാണ് അവൻ കത്താവിനെ കൈക്കൊണ്ടിരുന്നതു്. ദിവ്യകാരുണ്യ സ്വീകരണത്തിൽതന്നെ പീററർ സകല സന്തോഷവും ആനന്ദവും കണ്ടെത്തി. തൻെറ കഷ്ടതകൾ ക്ഷമയോടെ സഹിക്കുന്നതിനുള്ള ധൈയ്യവും വീയ്യവും ഈ സ്വർഗ്ഗീയഭക്ഷണംതന്നെയാണ് അവന് നൽകിയതു്. 'കുറുവാന കൈക്കൊണ്ടു കഴിയുമ്പോൾ എൻെറ പീഡകളെല്ലാം നിസ്സാരമായി എനിക്കു തോന്നുന്നു. ഞാൻ പിന്നെ ഒരിക്കലും അക്ഷമനായിതീരുന്നില്ല; എനിക്കു സുഖമാകുന്നപക്ഷം, ദൈവത്തിനു എന്നെ മുഴുവനും പൂർണ്ണമായി സമർപ്പിക്കുന്നതിനുവേണ്ടി, ദൈവത്തിൻെറ വിശുദ്ധ യോഹന്നാൻെറ സഭയിൽ ചേരുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു" എന്നു ആ ബാലൻ ഒരിക്കൽ പറകയുണ്ടായി.

രോഗമൊ എന്നാൽ യാതൊരു ശമനവും കൂടാതെ വർദ്ധിച്ചുകൊണ്ടേ ഇരുന്നു. ഭിഷഗ്വരന്മാർ വിധിച്ചിരുന്ന മരണാവധിയും കഴിഞ്ഞു. കഠിനമായ പീഡകൾക്കിടയിലും കുട്ടി സദാ പ്രസന്നമുഖനായി കാണപ്പെട്ടു. അവൻെറ ക്ലേശങ്ങൾകണ്ടു മററുള്ളവർവ്യസനിക്കാതിരിക്കുന്നതിനായി അവൻ ചിലപ്പോഴൊക്കെ നേരംപോക്കുകളും തമാശകളും പറക പതിവായിരുന്നു. സഹജമായ സ്വഭാവമാധുര്യവും ശുദ്ധമായ ദൈവഭക്തിയുംകൊണ്ടു ആ ബാലൻ എല്ലാവർക്കും കണ്ണിലുണ്ണിയായി ഭവിച്ചു. അതിനാൽ അവനെ സന്ദർശിക്കുവാൻ വരുന്നവരുടെ സംഖ്യ ദിനംതോറും വർദ്ധിച്ചു വന്നു. സഹോദരി സെലിൻ ഒരിക്കൽ അവനെ കാണ്മാൻചെന്ന അവസരത്തിൽ ദീനശയ്യയിൽ കിടന്നുകൊണ്ടു തൻെറ ഹൃദയാന്തർഭാഗത്തിൽ തിങ്ങിക്കൊണ്ടിരുന്ന കൃതജ്ഞതയെ അവൻ വാഗ്രൂപേണ വെളിപ്പെടുത്തി. അവനെ പൈതൃക വാത്സ്യല്യത്തോടെ സംരക്ഷിച്ചു ബഹുമാനപ്പെട്ട അച്ചനോടു അവനുണ്ടായ നന്ദിയും സ്നേഹവും അപരിമിതമായിരുന്നു. സഹോദരി സെലിനും അവനുമായുണ്ടായ ഒരു സംഭാഷണത്തിൽ ബഹുമാനപ്പെട്ട അച്ചനെപ്പററി പറഞ്ഞ വാക്കുകൾ എത്ര ഹൃദയസ്പർശകമായിരുന്നു എന്നു നോക്കുക! "അച്ചൻ ഇനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കും ഞാൻ എത്രമാത്രം അദ്ദേഹത്തോടു കൃതജ്ഞനായിരിക്കുന്നുവെന്നു കേവലം ഊഹിക്കുവാൻപോലും വയ്യ. അദ്ദേഹത്തിൻെറ നാമശ്രവണത്തിൽ എൻെറ കണ്ണുകളിൽ അശ്രു നിറയുന്നു. അദ്ദേഹത്തിൻെറ സന്ദർശനം സകല സിദ്ധൌഷധങ്ങളേയുംകാൾ ഇനിക്കു ആശ്വാസപ്രദമായിരിക്കുന്നു.. .... .....

ശിശു സഹജമായ ശ്രദ്ധയോടും തീവ്രമായ ശുശ്രൂഷാന്തിയോടും കൂടെ താൻ സ്നേഹിച്ചിരുന്ന, ദിവ്യ ഗുരുവുമായി, സമാധാനത്തിൽ സമാശ്വസിക്കാനുള്ള അവസരം അവന് സമീപഗതമായിരുന്നു. മൃദുലമായ അവൻെറ ശരീരം രോഗാധിക്യത്താൽ അസ്ഥിപ്രായമായിത്തീന്നു. കട്ടിലിൻെറ സ്വല്പമാത്രമായ ചലനങ്ങൾക്കൂടിയും അവന് ദുസ്സഹമായ വേദന ഉളവാക്കി.

ജൂലായിമാസം 18-ാംനു കുട്ടിക്ക് ദിവ്യകാരുണ്യം എഴുന്നെള്ളിച്ചുകൊണ്ടുവരുവാൻ ആസ്പത്രിയിലെ ഒരു വൈദികനോട്ട് ചട്ടംകെട്ടിയിട്ടു ഒരു സഹോദരൻ അവൻെറ മുറിയിൽ പ്രവേശിച്ച് പതിവുപോലെ മുറിയെല്ലാം വൃത്തിയാക്കുകയായിരുന്നു. അതു കഴിഞ്ഞപ്പോൾ രോഗി, "പ്രിയ സഹോദര, നമുക്കൊരുമിച്ചു പ്രാത്ഥിക്കാം,"

എന്നു അദ്ദേഹത്തോടു പറഞ്ഞു. "കൊള്ളാം, എന്റെ വാത്സല്യ കുഞ്ഞേ, ഏതു നമസ്കാരം എത്തിക്കുവാനാണ് നീയിപ്പോൾ ആഗ്രഹിക്കുന്നതു്." എന്നു് അദ്ദേഹം ചോദിച്ചു. താൻ ദിവസേന എത്തിച്ചുവരാറുള്ള നന്മരണത്തിനുള്ള പ്രാൎത്ഥനതന്നെ ആരംഭിക്കുവാൻ അവൻ ആവശ്യപ്പെട്ടു. അപ്രകാരം ഇരുവരും ഭക്തിവിനയത്തോടെ പ്രാൎത്ഥിച്ചു. അതു അവസാനിക്കാറായപ്പോൾ കുട്ടി പൊട്ടുന്നനവെ ഒരു പതറിയ സ്വരത്തിൽ സഹോദരനെ വിളിച്ചു. അദ്ദേഹം കുട്ടിയുടെ മുഖത്തു് കണ്ട ഭാവഭേദം മൂലം പരിഭ്രമിച്ചുകൊണ്ടു രോഗിയെ ശുശ്രൂഷിച്ചിരുന്ന സഹോദരനെ വിളിക്കുവാൻ ധൃതിയിൽ പുറത്തേക്കുപോയി. സ്വല്പ സമയത്തിനകം അവരിരുവരുംകൂടെ ബദ്ധപ്പെട്ടു മടങ്ങിവന്നു. അപ്പോൾ കുട്ടി മരണാസന്നനായിട്ടാണു കാണപ്പെട്ടതു്. സഹോദരൻ നീട്ടിക്കൊടുത്ത കുരിശുരൂപം അവൻ ഭക്തിസ്നേഹ പാരവശ്യത്തോടെ പല കുറി ചുംബിച്ചു. പിറെറ ദിവസം രാവിലെ ഏകദേശം അഞ്ചരമണിയായപ്പോൾ സുബോധത്തോടെ അന്ത്യ കൂദാശകൾ എല്ലാം കൈക്കൊണ്ടു് അവൻ കൎത്താവിൽ നിദ്ര പ്രാപിച്ചു. ഇപ്രകാരം അവൻ തന്റെ ഇഹത്തിൽവെച്ചുള്ള ദിവ്യകാരുണ്യസ്വീകരണം അവസാനിപ്പിച്ചു. ഈശോ തന്റെ പാരത്രിക ദിവ്യകാരുണ്യ സ്വീകരണത്തിന്നായും അതിന്റെ ശാശ്വതമായ ഫലങ്ങളെ നിത്യമായി അനുഭവിക്കുന്നതിനായും അവനെ സ്വൎഗ്ഗത്തിലേക്കു എടുക്കുകയും ചെയ്തു.

എന്റെ വാത്സല്യ ഭാജനമായ പീററർ ശവമഞ്ചത്തിൽ, ഉറങ്ങിക്കിടക്കുന്ന ഒരു മാലാഖായെപ്പോലെ കാണപ്പെട്ടു. അവന്റെ മുഖത്തു് സ്വൎഗ്ഗീയമായ ഒരു തേജസ്സു് ചുഴന്നു പ്രകാശിച്ചിരുന്നു. അവൻ സദാ കഴുത്തിൽ ധരിച്ചു്, 'എന്റെ ഈശോയെ! അങ്ങയെ ഞാൻ സ്നേഹിക്കുന്നു' എന്ന സ്നേഹമൊഴികളെ ഉച്ചരിച്ചുകൊണ്ടു് സദാ ചുംബിച്ചിരുന്ന ഒരു വലിയ കുരിശുരൂപവും, തന്റെ ഏക മാതാവും അവലംബവുമായിരുന്ന പരിശുദ്ധ കന്യകയുടെ ഒരു വെന്തിഞ്ഞയും അണിയിപ്പിച്ചിട്ടു് ആ ആതുരശാലയിലെ ഒരു പ്രത്യേക സ്ഥലത്തു എല്ലാവരുടേയും സന്ദൎശനാൎത്ഥം അവന്റെ മൃതദേഹം വെയ്ക്കപ്പെട്ടു.

പിറേറദിവസം ശവസംസ്കാര കൎമ്മത്തിൽ പങ്കുകൊള്ളുന്നതിനു് നാനാഭാഗങ്ങളിൽനിന്നും വന്നുകൂടിയ വമ്പിച്ച ജനക്കൂട്ടത്തിന്റെ അകമ്പടിയോടുകൂടി അവന്റെ ശവമഞ്ചം മൊൺട് പാർ

മനയ്സ് എന്ന സ്ഥലത്തുള്ള സെമിത്തേരിയിലേക്ക് ആനയിക്കപ്പെടുകയും അവിടെ സാഘോഷം സംസ്കരിക്കപ്പെടുകയും ചെയ്തു. മനുഷ്യദൃഷ്ടിയിൽ കേവലം അനാഡംബരമായ അവൻെറ ശവമഞ്ചം ദൈവത്തിൻെറയും അങ്ങേ മാലാഖാമാരുടെയും തിരുസന്നിധികളിൽ വളരെ മഹത്വപ്പെട്ടിരുന്നു എന്നതിനു സംശയമില്ല.

ഈ ബാലൻ നമുക്കേവർക്കും ഉത്തമ മാതൃകയായിരിക്കട്ടെ; നമ്മുടെ ഞെരുക്കങ്ങളിലും പീഢകളിലും പ്രത്യേകിച്ച് മതസംബന്ധമായി നേരിട്ടേക്കാവുന്ന അനർത്ഥങ്ങളിലും ഈ കുട്ടിയെപ്പോലെ നമുക്ക് ധീരധീരം പോരാടാം. ഇവനെപ്പോലെ നാമും സമ്മാനാർഹരാകുവാൻ ദൈവം ഇടയാക്കട്ടെ!

## 13. റോമൻ സ്മാരകങ്ങൾ.

ഓരോ നിമിഷം കഴിഞ്ഞുപോകുന്നതോടുകൂടി നാം തിരുസ്സഭയുടെ ആദിമഘട്ടങ്ങളുടെ സ്മരണകളിൽനിന്നും അകന്നകന്നു പോകുന്നു. നമ്മുടെ വിശ്വാസവും അതോടെ മന്ദീഭവിക്കുന്നു. തന്മൂലം നമ്മുടെ ദിവ്യരക്ഷകൻെറയും തൻെറ അപ്പോസ്തലന്മാരുടെയും ജീവിതംപോലും തീരെ അവാസ്തവവും, രസശൂന്യവും നമ്മുടെ ഹൃദയങ്ങളെ ഇളക്കുന്നതിന്നു അപ്രാപ്തവുമാണെന്നു് നാം ക്രമേണ വിചാരിച്ചു തുടങ്ങുന്നു. ആ അതിപ്രാചീന സംഭവങ്ങളുടെയും നമ്മുടെയും ഇടയ്ക്കുകിടക്കുന്ന സുദീർഘദൂരം—ഏകദേശം 20 നൂററാണ്ടുകൾ— ആണത്രെ ഇവയ്ക്കെല്ലാംകൂടി നിദാനം.

കൃത്യാന്തര ബാഹുല്യം, ലൗകിക സുഖതല്പരത മുതലായവയിൽ നിന്നൊഴിഞ്ഞു നിന്നിരുന്ന നമ്മുടെ പൂർവ്വ പിതാക്കന്മാർ തങ്ങളുടെ വിശ്വാസത്തെ പൂർവ്വാധികം ദൃഢീകരിക്കുന്നതിനായി റോമാ, യെരൂശലം ആദിയായ ക്രൂസ്തീയ കേന്ദ്രങ്ങളിലേയ്ക്കു് തീർത്ഥയാത്ര പോകുക പതിവായിരുന്നു. അക്കാലങ്ങളിൽ ഇന്നത്തെപ്പോലെ യാത്രാസൌകര്യത്തിന്നു തീവണ്ടികളൊ തീക്കപ്പലുകളൊ ഇല്ലാതിരുന്നതിനാൽ അവർ കാൽനടയായും, മാർഗ്ഗമദ്ധ്യേയുണ്ടായിരുന്ന അനവധി സന്യാസാശ്രമങ്ങളിൽനിന്നും കുടുംബങ്ങളിൽനിന്നും ആതിത്ഥ്യം സ്വീകരിച്ചും, വഴിക്കു കണ്ടവരോടൊക്കെ ധർമ്മം യാചി

ച്ചും ദീർഘനാളത്തെ ക്ലേശകരമായ യാത്രയ്ക്കുശേഷമേ ഉദ്ദിഷ്ടസ്ഥലങ്ങളിൽ എത്തിയിരുന്നുള്ളൂ.

കത്തോലിക്കാസ്സഭയുടെ ശൈശവ ദശയിൽ പ്രഥമസ്ഥാനം അർഹിച്ചിരുന്ന വി: പത്രോസിൻെറയും പൌലോസിൻെറയും കുഴിമാടങ്ങളിൽ ചെന്നു മുട്ടുകുത്തുന്നതും, നിരവധി വേദസാക്ഷികളുടെ പുണ്യ ശരീരങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഭൂഗർഭ പ്രേതാലയങ്ങളിലേയ്ക്കു് ഇറങ്ങുന്നതും, അവരുടെ തിരുശ്ശേഷിപ്പുകൾ വെച്ചു വണങ്ങപ്പെടുന്ന ദേവാലയങ്ങളെ സന്ദർശിക്കുന്നതുമായിരുന്നു അവരുടെ ആഹ്ളാദപ്രദമായ കൃത്യങ്ങൾ.

റോമാ നഗരത്തിനു ഏകദേശം പാരീസു പട്ടണത്തോളം വലിപ്പമുണ്ടെങ്കിലും അവിടത്തെ ജനസംഖ്യ ഒന്നര ലക്ഷം മാത്രമാണ്. ആ നഗരത്തിൻെറ മിക്കഭാഗവും അതിൻെറ കഴിഞ്ഞ കാലത്തെ പ്രതാപമഹിമകളെ ജനസമക്ഷം ഉച്ചൈസ്സ്വരം വിളിച്ചറിയിക്കത്തക്കതിൻവണ്ണം അനേക വിശിഷ്ടങ്ങളായ നഷ്ടാവശിഷ്ടങ്ങളെക്കൊണ്ടും, അതി മനോജ്ഞങ്ങളായ ഗോപുരങ്ങളുള്ള നിരവധി ദേവാലയങ്ങളെക്കൊണ്ടും, പുഷ്പലതാദികളാൽ പ്രശോഭിതമായ തോട്ടങ്ങളോടുകൂടിയ അനേകം കന്യകാമഠങ്ങളെക്കൊണ്ടും നിറഞ്ഞിരിക്കുന്നു. ഇരുപതു ശതാബ്ദങ്ങൾക്കുമുമ്പ് ശ്രീയേശുനാഥൻ മനുഷ്യരക്ഷാർത്ഥം ഭൂജാതനായപ്പോൾ ഇന്നു് പരിഷ്കാരകേന്ദ്രമായി പ്രശോഭിക്കുന്ന പാരീസ് പട്ടണം ഒരു ചെറിയ മുക്കുവ ഗ്രാമവും, റോമാനഗരം സകല നഗരങ്ങളുടേയും രാജ്ഞിയുമായിരുന്നു. അക്കാലത്തു് റോമാക്കാർ, ഇററലി, ഫ്റാൻസ്, സ്പെയിൻ, ജർമ്മനിയുടെ അർദ്ധഭാഗം, യൂറോപ്യൻ ടർക്കി, ഏഷ്യാററിക് ടർക്കി, ഈജിപ്തു്, ആൾജിയേഴ്സ് മുതലായ രാജ്യങ്ങളെ കീഴടക്കി ഭരിച്ചിരുന്നു. ഓരോ പുതിയ വിജയത്തിൻേറയും സ്മാരകമായി, അവർ കീഴടക്കിയ ശത്രുവിൻെറ ആരാധനമൂർത്തിക്കായിട്ടു് ഒരു ആർച്ചോ, ക്ഷേത്രമൊ തലസ്ഥാനത്തു പണിയിക്കാറുണ്ടായിരുന്നതിനാലാണ് റോമാനഗരം ലോകത്തിലുള്ള മററു നഗരങ്ങളെക്കാൾ മനോഹരവും പ്രശസ്തവുമായിത്തീർന്നതു്.

വളരെ പുരാതനമായ ഈ നഗരത്തിൻെറ അവശിഷ്ടങ്ങളെക്കുറിച്ചു് ചിന്തിക്കുന്നതായാൽ ഈ നഗരവാസികൾ സാധാരണമായി നടന സ്ഥലങ്ങളിലൊ സ്നാനശാലകളിലൊ പോയി ജീവിതകാലം കഴിച്ചുകൂട്ടിയിരുന്നു എന്നു് പ്രത്യക്ഷപ്പെടുന്നതാണ്. ഓരോ സ്നാനശാലക്കും ഒരു നഗരത്തോളംതന്നെ വലിപ്പവും വിസ്താ

രവും ഉണ്ടായിരുന്നു. ഡയൊക്ലീസ്യൻെറ കാലത്തുള്ള സ്നാനശാല മൈക്കൾ ആഞ്ചലോയാൽ നവീകരിക്കപ്പെട്ടകയും, അതിനെ ഒരു വലിയ ദേവാലയമാക്കി 'സെൻറ് മേരി ഓഫ് എയിഞ്ചൽസ്' എന്നു പേർ കൊടുകയുമുണ്ടായി. ഈ സ്നാനശാല വലിയ തൂണുകളാലും ശില്പവേലകളാലും അലങ്കരിക്കപ്പെട്ടിരുന്നു. ഉല്ലാസത്തിനായി വരുന്ന സകലരേയും സ്വീകരിക്കത്തക്കവിധം അത്ര വിസ്തീർണ്ണമുള്ളതായിരുന്നു ആ ദേവാലയം. അവിടെ ഉണ്ടായിരുന്ന വിനോദസ്ഥലങ്ങളുടെ വിസ്താരവും ഒട്ടും കുറഞ്ഞതായിരുന്നില്ല. അങ്ങനേയുള്ള അനേകലക്ഷം ഇരിപ്പിടങ്ങളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാവുന്നതാണ്.

ഇപ്രകാരം സകലവിധ ജയങ്ങളിലും, അവയുടെ സന്തോഷങ്ങളിലും മുഴുകിയിരുന്ന മഹാനഗരത്തിലാണ് വി: പത്രോസ് സുവിശേഷം പ്രസംഗിച്ചത്. കിഴക്കൻ ദേശങ്ങളിൽനിന്ന് എന്തെങ്കിലും ആയുധമൊ ധനശേഖരമൊകൂടാതെ വന്ന ഒരാൾ സകലവിധ ജഡസന്തോഷങ്ങളിൽ മുങ്ങികിടന്നിരുന്ന ജനതയോടു ക്രൂശിക്കപ്പെട്ട ദൈവത്തിൻെറ നാമത്തിൽ ഒരു പുതിയ വേദം അറിയിക്കയും ആശാനിഗ്രഹത്തേയും പരസ്നേഹത്തേയും പററി പ്രസംഗിക്കയും ചെയ്തതു വാസ്തവത്തിൽ ദൈവികമായ ഒരു ധീരകൃത്യമത്രെ.

വിശുദ്ധ പത്രോസ് ആലോചനാസംഘാംഗങ്ങളിൽ ഒരാളായ പുദേന്തൂസിൻെറ വീട്ടിൽ ആതിത്ഥ്യം സ്വീകരിച്ചിടത്താണ് വിശുദ്ധ പ്രുദെൻസിയായുടെ പഴയ ദേവാലയം സ്ഥിതിചെയ്യുന്നത് ഈ ദേവാലയത്തിൽതന്നെയാണ് അപ്പോസ്തലന്മാരുടെ തലവൻ അൾത്താരയായി ഉപയോഗിച്ച മേശ ഇപ്പൊഴും സൂക്ഷിക്കപ്പെട്ടുവരുന്നത്. അദ്ദേഹത്തിൻെറ പ്രസംഗത്താൽ യെരുശലേമിലെ യഹൂദജനങ്ങളെപ്പോലെ അസംഖ്യം റോമാക്കാർ മാനസാന്തരപ്പെട്ടതു ആ വന്ദ്യനിൽ സ്ഥിതിചെയ്തിരുന്ന ദിവ്യശക്തികൊണ്ടുമാത്രമാണെന്നു എല്ലാവരും വിചാരിച്ചു. എന്നാൽ ഈ സന്ദർഭത്തിൽ സൈമൺ എന്നു പേരായ മററൊരുത്തൻ (വിശുദ്ധ പത്രോസ് അപ്പോസ്തലസംഘത്തിൽ ചേരുന്നതിനുമുമ്പിൽ സൈമൺ എന്നാണ് അറിയപ്പെട്ടിരുന്നത്.) ജാലവിദ്യകളാലും ക്രിത്രിമാത്ഭുതങ്ങളാലും റോമാക്കാരുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുകയും അനേകംപേരെ അവനിലേക്കു ആകർഷിക്കയും ചെയ്തു. വി. പത്രോസ് തനിക്കു സിദ്ധിച്ചിരുന്ന അത്ഭുതം പ്രവൃത്തിപ്പാനുള്ള ശക്തിയെ ആ മന്ത്രവാദിക്കു വിൽക്കുവാൻ വൈമുഖ്യം കാണിച്ചതിനാൽ

സൈമൺ പിശാചിന്റെ സഹായത്താൽ പല വിസ്മയങ്ങളും ചെയ്തു. അവ ക്രിസ്തുമതത്തിന്റെ തെററുകളെ തെളിയിക്കുന്നതാണെന്നു അവൻ പ്രസ്താവിക്കയും ചെയ്തു.

ഒരിക്കൽ താൻ ഒരു പരസ്യസ്ഥലത്തുവെച്ചു എല്ലാവരും കാണത്തക്കവിധത്തിൽ ആകാശത്തിലേക്കുയൎന്നു പോകുന്നതാണെന്നു സൈമൺ പ്രസ്താവിച്ചു. ഈ ആശ്ചൎയ്യകരമായ കാഴ്ച കാണ്മാൻ പ്രത്യാശയോടുകൂടി നിന്നിരുന്ന മഹാജനക്കൂട്ടത്തെപ്പററി എന്തു പറയട്ടെ! നേറൊ ചക്രവൎത്തിതന്നെയും സപരിവാരം അവിടെ സന്നിഹിതനായിരുന്നു. വി. പത്രോസും പ്രസ്തുത സ്ഥലത്തു ഹാജരുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അപ്പോഴത്തെ വിചാരങ്ങൾ ദൈവികങ്ങളും അപരിജ്ഞേയങ്ങളുമായിരുന്നു. അദ്ദേഹം ആ ജനക്കൂട്ടത്തിൽനിന്നു മാറി ഒരു കല്ലിന്മേൽ മുട്ടുകുത്തി നിന്നുകൊണ്ടു ശ്രീയേശുനാഥന്റെ ശത്രുവായ ആ വഞ്ചകനെ ലജ്ജിപ്പിക്കേണമെ എന്നു ദൈവത്തോടു പ്രാൎത്ഥിച്ചു. നിശ്ചിത സമയമായി. കാണികളുടെ പ്രശംസാശബ്ദങ്ങൾകൊണ്ടു വിയന്മണ്ഡലം മുഖരിതമാകവെ, മന്ത്രവാദിയായ സൈമൺ മുകളിലേക്കു മെല്ലെ ഉയൎന്നുതുടങ്ങി. എന്നാൽ അപ്പോസ്തലന്റെ പ്രാൎത്ഥനകൾ പിശാചിന്റെ തന്ത്രങ്ങളെ ജയിച്ചതിനാൽ ഇടിവാൾ എററപോലെ അവൻ പെട്ടെന്നു നിലംപതിച്ചു. ആശ്ചൎയ്യഭരിതരും ഭഗ്നേച്ഛുക്കളുമായ ജനാവലി ക്രിസ്ത്യാനികൾമൂലം സൈമണിനു പററിയ അനൎത്ഥത്തെ ശപിച്ചുംകൊണ്ടു സ്വഗൃഹങ്ങളിലേയ്ക്കു മടങ്ങി.

ഇപ്രകാരം രണ്ടു സൈമൺമാരിൽ ഒരുത്തൻ പിശാചിന്റെ സഹായംകൊണ്ടു ബഹുമാനം നേടുവാൻ ആഗ്രഹിച്ചിരുന്നതിനാൽ നിൎഭാഗ്യവാനായി മരിക്കേണ്ടിവന്നു. മററവനൊ എന്നാൽ അവന്റെ സകല ശക്തികളും ദൈവത്തിൽ സമൎപ്പിച്ചുകൊണ്ടു ചെയ്ത സുകൃതങ്ങളുടേയും ദൃഢമായ വിശ്വാസത്തിന്റെയും ഫലമായി ശാശ്വതമായ പ്രശംസയ്ക്കു പാത്രീഭൂതനായി— എല്ലാവരും രണ്ടിലൊന്നു (സുഖമൊ ദുഃഖമൊ) തിരിഞ്ഞെടുത്തുറപ്പിക്കണം.

നമ്മളിൽ ഓരോരുത്തനും ഒന്നുകിൽ ദൈവത്തിന്റെ അല്ലെങ്കിൽ പിശാചിന്റെ ദാസ്യം സ്വീകരിക്കണം. പത്രോസ് തീവ്രമായി പ്രാൎത്ഥിച്ചു. തന്റെ പ്രാൎത്ഥന ദൈവത്തെ പ്രസാദിപ്പിച്ചു. ദൈവം ആ പ്രാൎത്ഥനയുടെ ഫലമായി ഒരു അത്ഭുതം ചെയ്വാൻ തിരുമനസ്സാകയും ചെയ്തു. വിശുദ്ധ പത്രോസ് മുട്ടുകുത്തിയിരുന്ന കല്ലിന്മേൽ അദ്ദേഹത്തിന്റെ കാൽമുട്ടുകളുടെ ചുരായ ആഴമായി പ

തിഞ്ഞു, ഈ കല്ല ഭക്ത്യാദരപൂർവ്വം ആ അത്ഭുതം നടന്ന സ്ഥല ത്തുതന്നെ "സെൻറ് ഫ്റാൻസീസ് റോമാനെ" എന്ന പള്ളി പണിതു അവിടെ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ അജ്ഞാനികൾ ക്രിസ്ത്യാനികളോടുള്ള അസൂയയാൽ എല്ലാ പരസ്യ സംഭവങ്ങളി ലും ഓരോ കുററം ആരോപിക്ക എന്നും പതിവുള്ളതായിരുന്നു. ധൈര്യവും സ്ഥൈര്യവുമില്ലാത്തവർ അവയെ ദൂഷിക്കുന്നു.

സ്വമാതാവിനെ വധിച്ച നേറൊ ചക്രവത്തി—ക്രൂരതയുടെ ഭീമസ്വരൂപം —തന്നെ ഇടവിടാതെ അലട്ടിക്കൊണ്ടിരുന്ന അപ്പോ സ്തലന്മാരെ അകററി നിറുത്തുന്നതിനു ഏററവും നീചവും ബീഭ ത്സവുമായ ഉപായങ്ങൾ ചിന്തിപ്പാൻ തുടങ്ങി. ഒരു ദിവസം വൈ കുന്നേരം അദ്ദേഹം റോമാനഗരത്തിൻെറ നാലു അതൃത്തികൾക്കും തീ കൊളുത്തി. അദ്ദേഹം ഈ ഭയങ്കര കാഴ്ച കാണ്മാനായി കയറി നിന്നിരുന്ന അരമനയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും "മൌണ്ടുപാ ലററിൻ" എന്ന സ്ഥലത്തു കാണാവുന്നതാണ്. പരിതാപകരമാ യ ഈ അഗ്നിബാധയെ അവൻ ദൂരെനിന്നു സന്തോഷം ദർ ശിക്കയാണ് ചെയ്തിരുന്നതു്. ക്രമേണ ആ അഗ്നി അദ്ദേഹം നി ന്നിരുന്ന സ്ഥലത്തേയും ബാധിച്ചു തുടങ്ങി. ഹതഭാഗ്യരായ ജനങ്ങ ൾ ദീനസ്വരം പുറപ്പെടുവിച്ചുകൊണ്ടു അദ്ദേഹത്തിൻെറ പക്കലേ ക്കു ഒരു വിധത്തിൽ പാഞ്ഞെത്തിയെങ്കിലും അദ്ദേഹത്തിൻെറ വ ജ്രകഠിനമായിരുന്ന ഹൃദയത്തിനു യാതൊരു ഭാവഭേദവുമുണ്ടായില്ല; തന്നെയുമല്ല, പിറെറദിവസം തൻെറ ആ സ്വന്ത കുററം ക്രിസ്ത്യാ നികളിൽ ആരോപിച്ചുകൊണ്ടു അവരെ അറസ്ററു ചെയ്യാൻ ക ല്പിക്കയാണുണ്ടായതു്. അതിനും പുറമെ നിയമലംഘനം ചെയ്തു എന്നുള്ള കുററംകൂടി അവരിൽ ചുമത്തിക്കൊണ്ടു അദ്ദേഹം അവ രെ കഠിനമായി ശിക്ഷിക്കയും ജനങ്ങളുടെ ദ്വേഷത്തിനു പക വീ ട്ടുന്നതിനായി അവരെ വിട്ടുകൊടുക്കയും ചെയ്തു. അപ്പോഴാണ് ആ ക്രൂര ജനങ്ങൾ ഏററവും ഭയങ്കരമായ പീഡനോപകരണങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങിയതു്. തത്സമയം നമ്മുടെ അപ്പോസ്ത ലന്മാർ അനുഭവിച്ച വേദനാധിക്യം അനുമാനത്തിനുപോലും ഗോ ചരമല്ല. ചിലരെ സിംഹങ്ങൾക്കും മററു ചിലരെ കരടികൾക്കും ഇരയായി എറിഞ്ഞുകൊടുത്തു. ചിലരെ തിളച്ച എണ്ണയിലിട്ടു. മററു ചിലരെ ലോഹനിർമ്മിതമായ 'ഈർക്കോൽ'കൊണ്ടു കഷണം കഷ ണമായി വെട്ടിനുറുക്കി. ശേഷിച്ചവരെ ഉരുക്കിയ താറിൽ മുക്കി നേറൊയുടെ തോട്ടത്തിൽ പന്തങ്ങൾക്കു പകരം ഉപയോഗിച്ചു.

വിശുദ്ധ പത്രോസ് ഈ മതപീഡനത്തിൻെറ ആരംഭത്തിൽ തന്നെ ആ നന്ദിഹീനമായ നഗരത്തെ വിട്ടുപേക്ഷിച്ചിട്ട മറെറവിടെയെങ്കിലും പോയി ദൈവവചനം പ്രസംഗിക്കാമെന്നു തീർച്ചപ്പെടുത്തി. ഇപ്രകാരം അദ്ദേഹം റോമാ നഗരത്തിൻെറ ഒരു ഭാഗത്തേക്കു യാത്രതിരിച്ചപ്പോൾ തന്നെ അന്വേഷിച്ചു വരുന്നപോലെ ഈശോമിശിഹാ പെട്ടെന്നു് അവിടെ പ്രത്യക്ഷപ്പെട്ടു. തൻെറ ദിവ്യഗുരുവിനെ കണ്ട മാത്രയിൽ അദ്ദേഹം ഇപ്രകാരം ചോദിച്ചു: "കർത്താവെ, അവിടുന്നു് എവിടെ പോകയാണു്? "അതിന്നു "ഞാൻ രണ്ടാമതും ക്രൂശിക്കപ്പെടുന്നതിന്നായി പോകുന്നു" എന്നു് അവിടുന്നു ഉത്തരം പറഞ്ഞു, ഉടൻതന്നെ അവിടുന്നു മറഞ്ഞുപോകയും ചെയ്തു. അങ്ങുന്നു റോട്ടിൽ നിന്നപ്പോൾ കല്ലിന്മേൽപതിഞ്ഞ കാലടിയല്ലാതെ അവിടുത്തെ ആഗമനത്തിനു ലക്ഷ്യമായി മറെറാന്നുംതന്നെ അവിടെ കണ്മാനില്ലായിരുന്നു. ദിവ്യരക്ഷകൻെറ അവയവമായ തിരുസ്സഭ മർദ്ദിക്കപ്പെടുകയാലാണു് "വീണ്ടും ക്രൂശിക്കപ്പെടുന്നതിന്നെ"ന്നു അവിടുന്നു പറഞ്ഞതെന്നു് പത്രോസിനു ഉടൻ മനസ്സിലായി. രക്ഷാനാഥൻെറ പങ്കപ്പാടുസമയം താൻ കാണിച്ച കൃതഘ്നതയ്ക്കു, തൻെറ കണ്ണുനീരുകൾകൊണ്ടല്ല, സ്വന്ത രക്തം കൊണ്ടു തന്നെ പരിഹാരം ചെയ്യേണ്ടതാണെന്നു നിശ്ചയിച്ചു് പത്രോസ് റോമാനഗരത്തിലേക്കു മടങ്ങിവന്നു. കുറഞ്ഞൊരു ദിവസത്തിനുള്ളിൽ അദ്ദേഹം പാറാവിൽ ബന്ധിതനാകുകയും ചെയ്തു. രക്ഷനാഥൻെറ കാൽച്ചുവടു പതിഞ്ഞ കല്ലു ഇപ്പൊഴും സൂക്ഷിക്കപ്പെട്ടുവരുന്നു. അതിൻെറ സ്മാരകമായി കർത്താവു കാണപ്പെട്ട സ്ഥലത്തു ഒരു ചെറിയ പള്ളിയും പണിയിച്ചിട്ടുണ്ടു്.

ഇനി നമുക്കു് വി: പത്രോസിൻെറ തടവുമുറിയെ ഒന്നു സൂക്ഷ്മാവലോകനം ചെയ്യാം. അതു് ഈർമ്മയുള്ളതും നാലുഭാഗവും കെട്ടിയടച്ചതുമായ ഒരു ചെറിയ ഇരുട്ടറയാണു്. അതിൽ പ്രവേശിക്കുവാൻ ഒരു 'പഴഞ്ചൻ' കോവണി അല്ലാതെ വേറൊരു മാർഗ്ഗവുമില്ല. അതിൻെറ ഒരു മൂലയിലുള്ള തൂണിലാണു് അപ്പോസ്തലന്മാരുടെ തലവനെ ചങ്ങലകൊണ്ടു ബന്ധിച്ചിരുന്നതു്. അദ്ദേഹത്തിൻെറ ചങ്ങല "വി: പത്രോസിൻെറ ചങ്ങല" എന്ന നാമത്തിൽ അടുത്തുള്ള ഒരു ദേവാലയത്തിൽ ഇന്നും വണങ്ങപ്പെട്ടുവരുന്നു. ആ ചങ്ങല വലിയ ഇരിമ്പു വളയങ്ങളാൽ നിർമ്മിതവും ഒരു ഇരുമ്പു 'കോളറി'ൻെറ രണ്ടു ഭാഗങ്ങളിലായി പിടിപ്പിച്ചിട്ടുള്ളതുമാകുന്നു.

ഇപ്രകാരമാണ് ആദ്യ മാർപ്പാപ്പായെ അവർ നീചവും ക്രൂരവുമായ ജീവിതം നയിച്ചുവന്ന ഒരുകൂട്ടം ദുഷ്ടന്മാരൊന്നിച്ച് തടവിൽ ബന്ധിച്ചത്. എന്നിരുന്നാലും അദ്ദേഹം കുരിശുമരത്തിൽ തൂക്കപ്പെട്ട ഈശോയെക്കുറിച്ച് സംസാരിച്ചിരുന്നതിനാൽ പരിശുദ്ധവും ശാന്തവുമായ തൻെറ സ്വരശ്രവണമാത്രയിൽ കള്ളന്മാരും ദുഷ്ടന്മാരും പടയാളികളും ജയിൽസൂക്ഷിപ്പുകാരും മററും ക്ഷണംതോറും മാനസാന്തരപ്പെട്ടിരുന്നു. എന്നാൽ അവരിൽ പലരും മാമ്മോദീസാ മുങ്ങുവാൻ ആവശ്യപ്പെട്ടപ്പോൾ പാറാവുമുറിയിൽ വെള്ളം ഇല്ലാതിരുന്നതിനാൽ ഈ അപ്പോസ്തലൻ അവക്കുവേണ്ടി, മോശ ചെയ്തതുപോലെ, ഒരു അത്ഭുതം പ്രവത്തിച്ചു. നിലത്തുനിന്നു് ഒരു ഉറവ ഉത്ഭവിക്കയും അതിൽനിന്നു് 18 ശതാബ്ദത്തോളം വെള്ളം ചാടിക്കൊണ്ടിരിക്കയും, തീത്ഥയാത്രക്കാർ ഒരിക്കലും ഒടുങ്ങാത്ത ആ ജലപ്രവാഹത്തിൽ നിന്നും വെള്ളം കോരി കുടിക്കയും ചെയ്തുവന്നിരുന്നു. കത്തോലിക്കാ തിരുസ്സഭയുടെ പുതിയ സന്താനങ്ങളിൽ അധികംപേരും തങ്ങളുടെ മാനസാന്തരത്തിൻെറ ഫലമായി ഇങ്ങനെ സ്വന്ത രക്തംതന്നെ ബലി കഴിച്ച് ഭാഗ്യാമൃതമായ വേദസാക്ഷിമുടി ചൂടുവാനാണ് ഇടയായിട്ടുള്ളതു. വി: പത്രോസ് വളരെനാൾ പാറാവിൽ താമസിച്ചെങ്കിലും അദ്ദേഹം സഹിച്ചിരുന്ന മർദ്ദനങ്ങൾ അധികനാളത്തേയ്ക്കു നീണ്ടുനിന്നില്ല. ക്രിസ്ത്യാനികളുടെ തലവനായിരുന്ന അദ്ദേഹം യഹൂദ വംശത്തിലെ ഒരു അംഗമാണെന്ന കുററം ആരോപിച്ചുകൊണ്ടു് അദ്ദേഹത്തെ ആ ക്രൂരാധിപന്മാർ ക്രൂശിക്കുന്നതിനു വിധിച്ചു. അദ്ദേഹത്തെ വത്തിക്കാൻ കുന്നിൻെറ അടിവാരത്തിലുണ്ടായിരുന്ന നേറൊ ചക്രവത്തിയുടെ കേളിവനത്തിലേക്ക് ആനയിച്ചു. താൻ വേദസാക്ഷിത്വം അനുഭവിക്കേണ്ടിയിരുന്ന സ്ഥലത്തെത്തിയപ്പോൾ വി: പത്രോസ് മർദ്ദകന്മാരോടു ചെയ്ത ഏകപ്രാത്ഥന തന്നെ തല കീഴായി ക്രൂശിക്കണമെന്നതു് മാത്രമായിരുന്നു. ഈശോമിശിഹാ മരിച്ചവിധം മരിക്കുന്നതിനു താൻ അയോഗ്യനാണെന്നുള്ള വിചാരത്താലത്രെ അദ്ദേഹം ഇങ്ങനെ അഭ്യർത്ഥിച്ചതു്. അവർ ആ അപേക്ഷ കൈക്കൊള്ളുകയും ചെയ്തു. ഒടുവിൽ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു്, അവിടുത്തോടു സഹനശക്തിയെ അപേക്ഷിച്ചുകൊണ്ടും പ്രകൃത്യതീതമായ ശാന്തതയോടും പരിശുദ്ധമായ സമാധാനത്തോടുംകൂടി സഭയുടെ ആ ആദ്യനേതാവു കർത്താവിൽ നിദ്ര പ്രാപിച്ചു. തനിക്കു യാത്രയാക്കിയ കുരിശുകൾ സസന്തോഷം സ്വീകരിച്ചു തൻെറ

ദിവ്യഗുരുവിനെപ്പോലെ മരിപ്പാനിടയായ ആ വിശുദ്ധൻ അതീവ ഭാഗ്യവാൻതന്നെ.



## 14. വിശുദ്ധ പത്രോസിന്റെ ശവകുടീരം.

ഒരു പാറയിന്മേൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "പത്രോസിനെ ഇവിടെ ക്രൂശിച്ചു." ഇതു വിശുദ്ധ പത്രോസ് മരിച്ച സ്ഥലം ഇന്നതെന്നു തീർത്ഥ യാത്രക്കാരെ ഗ്രഹിപ്പിക്കുന്നു. ആ സ്ഥലത്തു തന്നെയായിരുന്നു അദ്ദേഹത്തിന്റെ കുരിശു നാട്ടപ്പെട്ടതും. വി. അപ്പോസ്തലന്റെ കാലടികളെ പിൻതുടരുകയും അദ്ദേഹത്തിന്റെ ബലിപീഠത്തെ അദ്യമായി കാണുകയും, അദ്ദേഹത്തെ ബന്ധിച്ചിരുന്ന ചങ്ങലയെ ചുംബിക്കയും, കാരാഗ്രഹം വേദസാക്ഷിരംഗം എന്നിവ സന്ദർശിക്കയും ചെയ്യുമ്പോൾ നാം അപ്പോസ്തലനോടു അടുത്തടുത്തു ചെല്ലുന്നതു പോലെയും തന്റെ ആ ശ്രേഷ്ഠമായ ജീവിതം ഏതാണ്ടു ഇപ്പോൾ അവസാനിച്ചതു പോലെയും ഉള്ള ഒരു വികാരമാണു് നമുക്കുണ്ടാകുന്നതു്. ഈ

സംഭവം പത്തൊമ്പതു ശതാബ്ദം മുമ്പുണ്ടായതാണെങ്കിലെന്തു? നാം ഇന്നും അവയെ ഭക്ത്യാദരപൂർവ്വം നാം സ്മരിക്കാതിരിക്കുന്നുണ്ടോ? വിശുദ്ധ പത്രോസ് പ്രഥമ വികാരിത്വം വഹിച്ച ആ തിരുസ്സഭയുടെ മക്കളല്ലയൊ നാം? ഇന്നുവരെയും പത്രോസിൻെറ കുഴിമാടത്തിങ്കൽനിന്നു നിർഗ്ഗളിക്കുന്ന വാക്കുകളല്ലെ നമ്മെ നിത്യജീവിതത്തിലേക്കു ആനയിക്കുന്നതു?

ആകയാൽ നമുക്കു പത്രോസിൻെറ ആ പരിപാവനമായ കുഴിമാടത്തിലേക്കു പോയി നോക്കാം. അപ്പോസ്തലൻെറ സകല മഹത്വങ്ങളും ആ കുഴിമാടത്തിൽനിന്നു നിഷ്പ്രയാസം കണ്ടറിയാം. അദ്ദേഹത്തെ വേണ്ടുംവണ്ണം വണങ്ങുന്നതിനു തിരുസ്സഭ മനുഷ്യ ശക്തിക്കു സാദ്ധ്യമാവുന്നതിലധികം പ്രയത്നിച്ചിട്ടുണ്ട്. ലോകത്തിൽവെച്ചു ഏററവും വലുതും പൊക്കമുള്ളതും വിസ്താരമുള്ളതും വിശുദ്ധ പത്രോസിൻെറ ദേവാലയമാണ്. ലോകത്തിലെ തീർത്ഥ യാത്രക്കാരുടെ സംഖ്യ എത്രയായിരുന്നാലും ആ പള്ളിയിൽ കയറിയാൽ പിന്നെയും സ്ഥലമൊഴിഞ്ഞു കിടക്കുന്നതായിട്ടാണ് കണ്ടുവരാറു. അതിൻെറ മതിലുകൾ വിലപിടിച്ച പലതരം മാർബിൾ കല്ലുകൾകൊണ്ടു അലങ്കരിച്ചിരിക്കുന്നു. അതിലെ പടങ്ങൾ ആ കെട്ടിടത്തിൻെറ മഹത്വത്തെ പ്രദർശിപ്പിക്കുന്നതിന്നു പര്യാപ്തങ്ങളും അനശ്വരങ്ങളുമാണ്. എന്തുകൊണ്ടെന്നാൽ അവ വിലയും ബലവുമേറിയ കല്ലുകളാൽ നിർമ്മിതവും 'മൊസയിക്ക'വേലകളാൽ വിചിത്രീകൃതവും ആണ്. റോമയിലുള്ള മിക്ക ദേവാലയങ്ങളും കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്തു,—അതായതു, പതിന്നാലു ശതാബ്ദങ്ങൾക്കു മുമ്പ്,—മൊസയിക്കവേലകളാൽ വിചിത്രീകരിക്കപ്പെട്ടവയാണെങ്കിലും അവയുടെ ശോഭക്കു ഇപ്പോഴും യാതൊരു കുറവും വന്നിട്ടില്ല.

ആ ദേവാലയത്തിനുള്ളിൽ വലത്തു ഭാഗത്തായിട്ടു വിശുദ്ധ പത്രോസിൻെറ സുപ്രസിദ്ധമായ പ്രതിമയാണ് വച്ചിരിക്കുന്നതു്. അതിൻെറ ഒരു പാദം തീർത്ഥയാത്രക്കാരുടെ ചുംബനങ്ങളാൽ മിക്കവാറും തേഞ്ഞുപോയിരിക്കുന്നു. ദേവാലയത്തിൻെറ മുൻഭാഗത്തായി പിത്തള പൊതിഞ്ഞിരുന്ന ഒരു ആസനത്തിലിരുന്നുകൊണ്ടാണ് വിശുദ്ധ അപ്പോസ്തലൻ സുവിശേഷം പ്രസംഗിച്ചിരുന്നതു്. ദേവാലയത്തിൻെറ മുകളററത്തുള്ള ഗംഭീരമായ താഴികക്കുടത്തിൻെറ ചുവടെ ഓരോരുത്തരും വന്നു അദ്ദേഹത്തിൻെറ കുഴിമാ

ടത്തിങ്കൽ മുട്ടുകുത്തുന്നു. 12 ഡസൻ വിളക്കുകൾ ആ സ്മാരകസ്തംഭത്തിൻെറ ചുററും രാപ്'കലിളവില്ലാതെ ജ്വലിച്ചുകൊണ്ടിരിക്കും. ഇവ തിരുസ്സഭയുടെ ആദ്യ തലവൻെറ അനശ്വരമായ മാഹാത്മ്യത്തെ ദ്യോതിപ്പിക്കുന്നു. അദ്ദേഹം മരിച്ചിട്ടു ഇത്രകാലമായെന്നു, കത്തോലിക്കാ തിരുസ്സഭയെക്കുറിച്ചു യാതൊരു ജ്ഞാനവുമില്ലാത്തവർക്കുപോലും അറിയാം. എന്നാൽ വിശുദ്ധ പത്രോസിൻെറ രക്തസാക്ഷിത്വത്തിനു ശേഷം പത്തൊൻപതു ശതാബ്ദം കഴിഞ്ഞിട്ടുള്ളതുകൊണ്ടു നിഷ്പക്ഷതയും മറവിയും വർദ്ധിപ്പിക്കുന്നതിനു പകരം, കത്തോലിക്കാമതത്തിൻെറ യാഥാർത്ഥ്യം വിശ്വസിക്കുന്നതിൽ ഏററവും മതിയായ കാരണങ്ങളെയാണ് അവ നമ്മെ ഉൽബോധിപ്പിക്കുന്നതു്. ചക്രവർത്തിമാരുടെ അരമനകളും, സ്നാനശാലകളും നാമാവശേഷമായിത്തീർന്നിട്ടും, ക്രൂശിക്കപ്പെട്ട അപ്പോസ്തലൻെറ കുഴിമാടം അവികലമായി പരിലസിക്കുന്നു. ഇതഃപര്യന്തം വിശുദ്ധ പത്രോസ് വിശ്രമിക്കുന്ന സ്ഥലത്തിനു മുകളിലുള്ള മനോഹരമായ ഒരു താഴികക്കുടം തൻെറ കുലയാളികളുടെമേൽ പത്രോസെന്നപോലെ വിജയശ്രീയോടെ പരിലസിക്കുന്നു.

വിശുദ്ധ പത്രോസ് റോമയിൽ താമസിച്ചതിൻെറ സ്മരണയും ആ വിശുദ്ധൻേറതുപോലെതന്നെ അത്ര സജീവമാണ്. നഗരത്തിൻെറ നടുവിൽ സ്ഥിതിചെയ്യുന്ന 'സാന്ത മരിയ' (Santa-maria) എന്ന ദേവാലയത്തിൻെറ കീഴ്ഭാഗത്തു മൂന്നു മുറികളോടു കൂടിയ ഒരു അന്തർഗ്ഗൃഹമുണ്ടു്. 20 പടികൾ ഉള്ള ഒരു കോവണിവഴിയായിട്ടേ ഇപ്പോൾ അതിലേക്കു ഇറങ്ങുവാൻ പാടുള്ളു. അവിടെയായിരുന്നു വിശുദ്ധ പൌലോസ് മൂന്നു വത്സരക്കാലത്തോളം താമസിച്ചിരുന്നതു്. അദ്ദേഹം സത്യവിശ്വാസികളായ ഗ്രീക്കുകാർക്കും കിഴക്കൻദേശക്കാർക്കും ലേഖനങ്ങൾ എഴുതി അയച്ചതും, തൻെറ ശിഷ്യനായ വിശുദ്ധ ലൂക്കാസ് അദ്ദേഹത്തോടുകൂടെ താമസിച്ചുകൊണ്ടു 'അപ്പോസ്തലന്മാരുടെ നടപടികൾ' എഴുതിയതും അവിടെവെച്ചുതന്നെയായിരുന്നു. വിശുദ്ധ പൌലോസ്, ഈശോമിശിഹാക്കുവേണ്ടി താൻ ചങ്ങലകളാൽ ബന്ധിതനായതിൽ വളരെ സന്തോഷിച്ചു. അദ്ദേഹത്തെ അനേകം പടയാളികൾ ശ്രദ്ധയോടെ സൂക്ഷിച്ചിരുന്നു. അദ്ദേഹത്തിനു മററു ക്രിസ്ത്യാനികളേക്കാൾ സ്വല്പം കൂടുതൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നതു അദ്ദേഹം ഒരു റോമാക്കാരനായിരുന്നതുകൊണ്ടാണ്. കാലവിളംബമെന്യേ വേദഞെരുക്കം ഉഗ്രമായിത്തീർന്നതിനാൽ 'mamertine' കാരഗൃഹ

ത്തിൽ വി. പൌലോസും അടക്കപ്പെട്ടു. അവരിരുവരേയും ഒരേ സമയംതന്നെ വിധിച്ചു; ഒരേദിവസംതന്നെ കൊല്ലുന്നതിനായി കല്പിച്ചു; എന്നാൽ വിശുദ്ധ പൌലോസു സ്വദേശിയനായിരുന്നതിനാൽ അദ്ദേഹത്തെ ക്രൂശിക്കുന്നതിനു പകരം തല വെട്ടി കൊല്ലുകയാണുണ്ടായതു്. രണ്ടുപേരും ഒരുമിച്ചു കൊല കളത്തിലേയ്ക്കു പോകുന്നതിനു സ്വമേധയാ കാരാഗൃഹത്തിൽനിന്നു പുറത്തുവന്നു തങ്ങൾ അനുഭവിപ്പാനിരിക്കുന്ന ഭാഗ്യത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നു. എന്നാൽ കൊലയാളികൾ അവരെ വേർപെടുത്തിയതിനാൽ സംഭാഷണംനിറുത്തേണ്ടിവന്നു. എങ്കിലും ചുരുക്കംനിമിഷങ്ങൾക്കുള്ളിൽ സ്വർഗ്ഗത്തിൽ കണ്ടുമുട്ടാമല്ലോ എന്ന ശരണത്തോടുകൂടി അവർ അവസാനമായി അന്യോന്യം ആശ്ലേഷിച്ചു പിരിഞ്ഞ സ്ഥലത്തു ഒരു ദേവാലയം ഇപ്പോൾ സ്ഥിതിചെയ്യുന്നു. അവർ അവസാനമായി സംസാരിച്ച വാക്കുകൾ ആ പള്ളിയുടെ ഉള്ളിൽ മേൽഭാഗത്തായിട്ടു രേഖപ്പെടുത്തി വെച്ചിട്ടുണ്ടു്. നഗരത്തിനു പുറത്തു കൊലക്കളത്തിൽ എത്തിയ ഉടനെ വി. പൌലോസ് സമാധാനപൂർവ്വം മുട്ടുകുത്തിനിന്നു. അപ്പോൾ ആ ഘാതകന്മാർ ഒരു വാളുംകൊണ്ടു അദ്ദേഹത്തിൻെറ ശിരഃഛേദനം ചെയ്കയും, അദ്ദേഹത്തിൻെറ തല താഴോട്ടു വരുന്ന വഴിക്കു ഒരു അസാധാരണ ശക്തിയാലെന്നപോലെ മൂന്നു സ്ഥലങ്ങളിൽ തെറിച്ചു വീഴുകയും, അവ ദൈവവരപ്രസാദത്തിൻെറ ഉത്ഭവസ്ഥാനം എന്നു അനുസ്മരിപ്പിക്കത്തക്ക മൂന്നു ഉറവകളായി പരിണമിക്കയുമുണ്ടായി. ഈ ഉറവകൾ ഇപ്പോൾ ഒരുപള്ളിയുടെയുള്ളിൽ സ്ഥിതിചെയ്യുന്നു. അപ്പോസ്തലൻ തല ചായിച്ച കല്ലു ഇപ്പോഴുംവണങ്ങപ്പെട്ടുവരുന്നു. അവിടെനിന്നും കുറെ ദൂരെയായി നഗരത്തിനു പുറത്തു വിശുദ്ധ പൌലോസിൻെറ ശവസംസ്കാരസ്ഥലത്തു മനോഹരമായ ഒരു ദേവാലയം സ്ഥിതിചെയ്യുന്നുണ്ടു്. നാലാം ശതാബ്ദം മുതൽ നിലനിന്നു പോന്നിട്ടുള്ള ഠരം കമനീയമായ സ്മാരകം മുപ്പതു വത്സരങ്ങൾക്കു മുമ്പു് അഗ്നിബാധയാൽ തീരെ നശിച്ചുപോയെങ്കിലും തൽസ്ഥാനത്തു മുമ്പുണ്ടായിരുന്നതിലും മനോഹരമായ മറെറാരു ദേവാലയം ഇപ്പോൾ പണിചെയ്യപ്പെട്ടിട്ടുണ്ടു്. കത്തോലിക്കരും ശീശ്മക്കാരും മറെറല്ലാ ജാതിക്കാരും ഈ അപ്പോസ്തലനെ ബഹുമാനിക്കുന്നതിനു അതി തല്പരന്മാരായി കാണപ്പെടുന്നു. റഷ്യൻ ചക്രവർത്തിയാൽ ദാനം ചെയ്യപ്പെട്ട ലോഹനിർമ്മിതമായ ഒരു ബലിപീഠം അലബാസ്റ്റർ മരംകൊണ്ടുണ്ടാക്കപ്പെട്ട ഒരു തൂണിന്മേൽ അവിടെ സ്ഥാപിക്കപ്പെട്ടി

രിക്കുന്നു. ഈ തൂണു ഈജിപ്തിലെ 'പാഷാ' പാരിതോഷികമായി അയച്ചു കൊടുത്തിട്ടുള്ളതാണ്. ദേവാലയത്തിന്റെ ചുററും മോസൈക്ക് വേലകളുടെ പ്രദർശനമൊ എന്നു തോന്നത്തക്കവണ്ണം ഓരോ മാർപ്പാപ്പാമാരുടേയും ചിത്രങ്ങൾ എഴുതപ്പെട്ടിരിക്കുന്നു. മരണമില്ലാത്തതും മാററമില്ലാത്തതുമായ ആ സഭയിലെ ഒരു അംഗമായിരിക്കുന്നതിനെക്കുറിച്ചും നരകവാതിൽ അതിനോടു ബലപ്പെടാത്തതിനെക്കുറിച്ചും നമുക്കു സന്തോഷിക്കാം.

## 15. പീഡകൾ എന്തിന്?

"ഞാൻ അനുഭവിക്കുന്ന പീഡകൾ എന്റെ ഏതു അപരാധത്തിന്റെ ശിക്ഷയായിട്ടാണ് ദൈവം എനിക്കയച്ചിട്ടുള്ളതു്" എന്ന വിചാരമാണ് വല്ല സങ്കടമൊ ആപത്തോ നേരിടുമ്പോൾ പലർക്കും ഉണ്ടാകുന്നതു്. ദുഃഖങ്ങളും പീഡകളും സഹിപ്പാൻ വേണ്ട ശക്തിയും ക്ഷമയും ദൈവത്തോടു അപേക്ഷിക്കുന്നതിനു പകരം അവർ പിറുപിറുക്കാൻ തുടങ്ങുന്നു. "അല്പവിശ്വാസികളായ മനുഷ്യർ"! എന്നു മിശിഹാ, തന്റെ ശിഷ്യന്മാർ സംശയിച്ചപ്പോൾ പറഞ്ഞതുതന്നെ നമുക്ക് അവരോടും പറയാം. അല്പവിശ്വാസികളെ!, നിങ്ങൾ ദൈവത്തിന്റെ രഹസ്യങ്ങൾ ഒന്നും അറിയുന്നില്ല. ദൈവം നമുക്ക് സങ്കടങ്ങൾ യാത്രയാക്കുമ്പോൾ നാം അവിടുത്തോട്ട് അതിന്റെ കാരണം തിരക്കാൻ ഒരിക്കലും തുടങ്ങരുതു്. അങ്ങനെയുള്ള അവസരങ്ങളിൽ നാം ചെയ്തിട്ടുള്ള അസംഖ്യങ്ങളായ പാപങ്ങളെ നമ്മുടെ മനോദൃഷ്ടിക്ക് വിഷയമാക്കിക്കൊണ്ടു നമ്മളെ ലജ്ജിപ്പിക്കാൻ ദൈവത്തിനു നിഷ്പ്രയാസം സാധിക്കും. അവയെ നമ്മുടെ ദൃഷ്ടിയിൽനിന്ന് മറച്ചുവെച്ചിരിക്കുന്നതു നമ്മളിൽ കുടികൊള്ളുന്ന അന്ധതയാണ്. നമ്മുടെ നിരവധി പാപങ്ങൾ ഒരായിരംപ്രാവശ്യം നമ്മെ നരകശിക്ഷയ്ക്കു് അർഹരാക്കിട്ടുള്ള സ്ഥിതിക്ക് ഇപ്പോൾ സഹിക്കുന്ന നിസ്സാര സങ്കടങ്ങളെക്കുറിച്ച് നാം എന്തുകൊണ്ടു ആവലാധിപ്പെടുന്നു? ശുദ്ധീകരണസ്ഥലത്തിലെ ഭയങ്കരമായ അഗ്നിതന്നെ ഈ ആവലാധിക്ക് ഒരു തക്ക മറുപടിയായിരിക്കും. വരുവാനിരിക്കുന്ന ലോകത്തിലെ ശിക്ഷയോ

ട്ട് തുലനംചെയ്താൽ ഇഹത്തിലെ സങ്കടങ്ങൾ കേവലം നിസ്സാരങ്ങളത്രെ; മറുലോകത്തിലെ ശിക്ഷയെക്കുറിച്ച് വിറയൽ കൂടാതെ ചിന്തിക്കത്തക്കവണ്ണം നാം അത്ര പരിശുദ്ധരാണൊ? മിക്കവാറും ശുദ്ധീകരണസ്ഥലത്തിൽ ദീർഘകാലത്തേക്കു കഠിന സങ്കടങ്ങൾ സഹിക്കേണ്ടിയിരിക്കുന്നുവെന്ന വസ്തുത ഗ്രഹിക്കാതിരിക്കത്തക്കവണ്ണം അത്ര മൌഢ്യം ആക്കും കാണുന്നതല്ല. മല്പാന്മാരിൽ പലരുടെയും അഭിപ്രായം ശുദ്ധീകരണസ്ഥലത്തിലെ തീ നരകത്തിലേതുപോലെ തന്നെ അത്ര ഭയങ്കരമാകുന്നു എന്നാണ്. രണ്ടുംതമ്മിൽ ഒരു വ്യത്യാസമേയുള്ളു. ഒന്നു നിത്യമാണ്, മറേറതു താല്ക്കാലികമാണ്. കത്തി ജ്വലിക്കുന്ന ഒരു അഗ്നിചൂളയിൽ ആർക്കു വസിപ്പാൻ കഴിയും? അതിനെ പ്രായശ്ചിത്തംകൊണ്ടും സങ്കടങ്ങളെ സന്തോഷം സഹിച്ചുകൊണ്ടും ഒരുത്തനു് പരിഹരിക്കുവാൻ കഴിയുമെങ്കിൽ അതു് വലിയൊരനുഗ്രഹമായിരിക്കും. അവസാനമായി മോക്ഷം, പുൽക്കൂട്ട്, കുരിശു, എന്നിതുകളിലും നമ്മുടെ ആവലാധികൾക്കു് മറുപടി കാണാവുന്നതാണ്.

ക്ഷണികമായ ഈ ലോകജീവിതം പരിക്ഷയുടെ ഒരു കാലമാണ്. മാംസം ധരിച്ച ദൈവപുത്രനായ ഈശോമിശിഹാതന്നെ ആദ്യം ക്ഷമയുടെ അത്യുത്തമ മാതൃക നിനക്കു കാണിച്ചുതന്നു. ഈ മാതൃക അനുകരിച്ച് നിൻെറ ആത്മാവിനെ പുണ്യപ്പെടുത്താനും അക്ഷയമായ നിത്യമഹിമ പ്രാപിക്കാനും നിനക്കു കഴിയും. നിത്യത്വം! നിത്യത്വം! ഈ വിചാരം എല്ലായ്പോഴും, പ്രത്യേകിച്ച് പരിക്ഷകളും സങ്കടങ്ങളും നേരിടുമ്പോൾ, നിന്നിലുണ്ടായിരിക്കട്ടെ! ദാരിദ്ര്യവും അതിൻെറ ദുഃഖങ്ങളും, രോഗവും അതിൻെറ പീഡകളും ഇതുപോലുള്ള മററനവധി ജീവിത ക്ലേശങ്ങളും നിത്യത്വത്തിൻെറ വെളിച്ചത്തിൽ അത്രയും മഹിമയുടെ മുടികളായി രൂപാന്തരപ്പെടുന്നു. നിൻെറ സങ്കടങ്ങളിൽ നീ മിശിഹായുടെ പക്കൽ പോകുക. അവിടുന്നു നിൻെറ ആശ്വാസകനാണ്. അവിടുന്നു അരുളിച്ചെയ്യുന്നതു ശ്രവിച്ചാലും: " ബുദ്ധിമുട്ടുന്നവരും ഭാരം വഹിക്കുന്നവരുമായുള്ളോരെ, നിങ്ങൾ എൻെറ പക്കൽ വരുവിൻ: ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. നിങ്ങൾ കരഞ്ഞു പ്രലപിക്കും, ലോകമൊ സന്തോഷിക്കും: നിങ്ങൾ ദുഃഖിക്കയും ചെയ്യും. എങ്കിലും നിങ്ങളുടെ ദുഃഖം സന്തോഷമായി തീരുമെന്നു് ഞാൻ സത്യമായിട്ട്, നിങ്ങളോടു പറയുന്നു. സ്ത്രീ പ്രസവിക്കുമ്പോൾ അവളുടെ പ്രസവ സമയം വന്നതുകൊണ്ടു, അവൾക്കു് ദുഃഖമുണ്ടായിരിക്കുന്നു.

എന്നാൽ അവൾ കുട്ടിയെ പ്രസവിച്ചശേഷം, ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നു എന്നുള്ള സന്തോഷംകൊണ്ടു അവൾ പിന്നെ ആ ദുഃഖം ഓൎക്കുന്നില്ല. ഇപ്രകാരം നിങ്ങൾക്കും ഇപ്പോൾ ഒരു ദുഃഖം ഉണ്ടായിരിക്കുന്നു. എന്നാൽ ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്നു എടുത്തു കളകയുമില്ല.'' ക്ഷമയോടുകൂടെ മാത്രമല്ല സസന്തോഷം ഈ ജീവിതത്തിലെ സങ്കടങ്ങൾ സഹിച്ച പുണ്യപുരുഷന്മാർ ഈ സത്യങ്ങൾ എത്ര നന്നായി മനസ്സിലാക്കിയിരുന്നു. നാം ദുഃഖത്തോടെ സഹിക്കുന്ന പരീക്ഷകളിൽ അവർ ആനന്ദത്തെ കണ്ടെത്തിയിരുന്നു. ഇപ്രകാരം നാല്പതു വർഷത്തോളം കഠിന വേദനയാൽ പീഡിക്കപ്പെട്ടിരുന്ന 'ലേഡോമിൻ' എന്ന പുണ്യവതി സദാ പ്രസന്നവദനയായി കാണപ്പെട്ടിരുന്നുവത്രെ. ഫ്രാൻസിലെ രാജാവായ വി: ലൂയിസ് താൻ ഈജിപ്തിൽ ഒരു തടവുകാരനായി കഴിച്ച കാലത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരുന്നുപോൽ. "ലോകം മുഴുവൻ പിടിച്ചടക്കുന്നതിനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിരുന്നുവെങ്കിൽ ഞാൻ ദൈവത്തോടു എത്രമാത്രം നന്ദി പ്രദർശിപ്പിക്കുമായിരുന്നുവോ, അതിലും ഉപരിയായ നന്ദി എന്റെ തടവുകാലത്ത് ദൈവം എനിക്കു നൽകിയ ക്ഷമയ്ക്കുവേണ്ടി ഞാൻ പ്രകാശിപ്പിക്കുന്നു." എലിസബത്തു പുണ്യവതി തന്റെ രാജ്യത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുകയും സകലരാലും ഉപേക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ അവൾ അടുത്തുണ്ടായിരുന്ന ഫ്രാൻസിസ്കൻസഭയുടെ ഒരാശ്രമത്തിൽ ചെന്നു, ദൈവം തനിക്കു സങ്കടങ്ങൾ സഹിപ്പാനുള്ള അനുഗ്രഹങ്ങൾ നല്കിയതിന് ഉപകാരസ്മരണയായി ഒരു 'തെദേവും' എന്ന സ്തോത്രഗീതം പാടിച്ച് എന്നു പറയപ്പെട്ടിരിക്കുന്നു. കലസ്സാൻസിലെ വി: യൌസേപ്പ്, "സ്വർഗ്ഗം നമ്മുടെ സമ്മാനമായുള്ളപ്പോൾ ഈ ഭൂമിയിൽ നാം സഹിക്കുന്ന കഷ്ടാരിഷ്ടതകളും ബുദ്ധിമുട്ടുകളും കേവലം നിസ്സാരങ്ങളത്രെ," എന്നു പറഞ്ഞിരുന്നു. "ഇപ്പോഴത്തെ കഷ്ടതകൾ നമുക്ക് ലഭിക്കുവാനിരിക്കുന്ന ഭാവിമഹത്വത്തോടു ഒരിക്കലും തുല്യമല്ലെന്നു ഞാൻ വിചാരിക്കുന്നു." എന്ന വി: പൌലോസിന്റെ വാക്യം അദ്ദേഹം സർവ്വദാ സ്മരിച്ചിരുന്നു.

ആകയാൽ നമുക്ക് ധൈര്യപ്പെടാം. നാം ഏതു സ്ഥിതിയിലായിരുന്നാലും—പാപികളൊ, നീതിമാന്മാരൊ ആയിരുന്നാലും—സഹനരഹസ്യം നാം മനസ്സിലാക്കേണ്ടതാണ്. സങ്കടങ്ങൾ ദൈ

വകാരുണ്യത്തിൻെറ പ്രത്യേക ദാനമത്രെ. സ്വർഗ്ഗപ്രാപ്തിക്ക് ആഗ്രഹിക്കുന്ന എല്ലാവരും പീഡാനുഭവത്തിനു സദാ സന്നദ്ധരാകേണ്ടിയിരിക്കുന്നു. ദൈവം തൻെറ പ്രിയപുത്രനായ മിശിഹായ്ക്കു കൊടുപ്പാൻ സങ്കടങ്ങളെക്കാൾ ശ്രേഷ്ഠതരമായ ഒരു സമ്മാനം കണ്ടില്ല. നാം ക്രിസ്തുവിനോടുകൂടെ സഹിക്കുന്നെങ്കിൽ അദ്ദേഹത്തിൻെറ മഹിമയിൽ ഓഹരിക്കാരാകും. കുരിശു വഴിയായിട്ടാണ് നാം കിരീടം ലഭിക്കേണ്ടതും.

## 16. ഒരു പിശക്.

പ്ലാൻേറഴ്സിൽ ഡോയി എന്ന സ്ഥലത്തു് ഒരിക്കൽ ഒരു വൈദികോത്തമൻ ജീവിച്ചിരുന്നു. തൻെറ അന്വേഷണത്തിന് ഏല്പിക്കപ്പെട്ടിരുന്ന സകലരുടേയും ആത്മോപകാരാർത്ഥം അദ്ദേഹം അശ്രാന്ത പരിശ്രമം ചെയ്തിരുന്നു. മിശിഹായുടെ പ്രതിപുരുഷന് അനുയോജ്യമായ ജീവിതംകൊണ്ടു അദ്ദേഹം ഏവർക്കും ഒരുത്തമ മാതൃകതന്നെ ആയിരുന്നു. വൈദികൻ ഒരു സൈന്യവകുപ്പിൻെറ ആത്മീക പാലകനായിരുന്നു. നിശ്ചിത ജോലി കഴിഞ്ഞു ബാക്കിയുള്ള സമയം, അദ്ദേഹം ദരിദ്രരേയും രോഗികളേയും സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതിന് വിനിയോഗിച്ചിരുന്നു. സാധുക്കളെ സംരക്ഷിക്കുന്നതിനും അഗതികളെ സഹായിക്കുന്നതിനും അദ്ദേഹത്തിന് ഒരു പ്രത്യേക വാസനയും ഔൽസുക്യവും ഉണ്ടായിരുന്നു. 1855 ഡിസമ്പർ മാസത്തിൽ ഒരുദിവസം ദിനകൃത്യങ്ങളെല്ലാം കഴിഞ്ഞ് അദ്ദേഹം തൻെറ മുറിയിൽ നമസ്കരിച്ചുകൊണ്ടിരിക്കയിൽ ആരോ വന്നു കതകിന്മേൽ മുട്ടി. വാതിൽ തുറന്നപ്പോൾ ഒരു ചെറിയ പെൺകുട്ടി അകത്തേക്കു കടന്നു. അവളോടു വരവിൻെറ കാര്യം ചോദിച്ചതിനു, "റൂയി" എന്ന സ്ഥലത്തു് 28-ാം നമ്പ്ര് വീട്ടിൽ ഒരു സാധുസ്ത്രീ മരണാസന്നയായി കിടപ്പുണ്ടു് എന്നും അവർക്ക് അന്ത്യകൂദാശകൾ കൊടുക്കാൻ അച്ചനെ ക്ഷണിക്കുന്നതിനാണ് താൻ വന്നിരിക്കുന്നതെന്നും ആ കുട്ടി വിനീതയായി പറഞ്ഞു. പുരോഹിതൻ നമസ്കാര പുസ്തകം അടച്ചുംവച്ച് ഉടനെ പുറപ്പെടുവാനൊരുങ്ങി. അപ്പോൾ ആ കുട്ടി "വേണ്ട അച്ചാ ആ സ്ത്രീ അത്രവേഗം മരിക്കുമെന്നു തോന്നുന്നില്ല.

അച്ചൻനാളെ ആ തെരുവിലേക്കു വരുമ്പോൾ അവിടെ കയറിയാൽമതി. ഈ വിവരം അച്ചനെ അറിയിക്കണമെന്നേ ഞാൻ വിചാരിച്ചുള്ളു". എന്നുപറഞ്ഞു. "അങ്ങിനെ ആവാം" എന്നുപറഞ്ഞു രോഗിയുടെ പേരും വീട്ടുനമ്പരും തൻെറ നോട്ടുബുക്കിൽ കുറിച്ചെടുത്ത ശേഷം അച്ചൻ അവളെ യാത്രയാക്കി. തൻെറ കൃത്യം പിറേറ ദിവസത്തേക്കു നീട്ടിവയ്ക്കുന്നതു് ഒരുപക്ഷേ ആപല്ക്കരമായിരിക്കുമെന്നു കരുതി നമസ്കാരം തീൎന്ന ഉടനെ അദ്ദേഹം ആ സ്ത്രീയെ സന്ദർശിക്കുന്നതിനായി പുറപ്പെട്ടു. ആ രാത്രിയിലെ മഷി തോല്ക്കുന്ന ഇരുട്ടോ, കോരി ചൊരിയുന്ന മഴയൊ, തണുത്ത കാറേറാ ഒന്നും വകവയ്ക്കാതെ അദ്ദേഹം ആ സാധുസ്ത്രീ താമസിക്കുന്ന തെരുവിലേക്കു നടന്നു. അവിടെ ചെന്നു് അദ്ദേഹം 18-ാം നമ്പ്ര് വീട്ടിലേക്കാണു് കടന്നതു്. കുട്ടിപറഞ്ഞ നമ്പ്ര് അതാണെന്നായിരുന്നു അദ്ദേഹത്തിൻെറ ധാരണ. അതൊരു ചെറിയ ഭവനമായിരുന്നു. അദ്ദേഹം പതുക്കെ ശോണിപ്പടി കയറിച്ചെന്നു് വാതുക്കൽ മുട്ടി. വാതിൽ തുറക്കാൻ വന്ന മനുഷ്യൻ അച്ചനെ കണ്ടപ്പോൾ, അദ്ദേഹത്തിനവിടെ ചെല്ലേണ്ടതായ കാരണമൊന്നുമില്ലെന്നും ഉടൻ അവിടം വിട്ടു പോകണമെന്നും ദ്വേഷ്യത്തോടെ പറഞ്ഞു. അവിടെ ഒരു സ്ത്രീ മരിക്കാറായി കിടപ്പുണ്ടോ എന്ന ചോദ്യത്തിനു് അവിടെ ആർക്കും സുഖക്കേടില്ലന്നും അദ്ദേഹത്തെക്കൊണ്ടു് അവിടെ യാതൊരാവശ്യമില്ലെന്നും മററും അയാൾ പുഛഭാവത്തിൽ പറഞ്ഞുകൊണ്ടു് വാതിൽ അടച്ചു. ശാന്തതയോടും സൗമ്യതയോടുംകൂടെ ആ വൈദികൻ അവിടം വിട്ടുപോയി. ദീനക്കാരിയെ അന്വേഷിച്ചുകൊണ്ടു് അദ്ദേഹം അടുത്ത വീട്ടിലേക്കു കടന്നു. അവിടേയും അദ്ദേഹം അനാദരിക്കപ്പെട്ടതേയുള്ളു. എങ്കിലും അശേഷം നിരാശപ്പെട്ടില്ല. രോഗിയെ കണ്ടുപിടിക്കാതെ മടങ്ങുവാൻ അദ്ദേഹത്തെ മനസ്സാക്ഷി അനുവദിച്ചില്ല. ഏതായാലും വീടിൻെറ രണ്ടാം നിലയിലേക്കു കയറുകതന്നെ എന്നു തീർച്ചയാക്കി. അവിടെ ഒരു ചെറിയ കുട്ടി നില്ക്കുന്നതുകണ്ടു, "പ്രിയ കുഞ്ഞേ! ഇവിടെ ഒരുത്തി സുഖക്കേടായി കിടക്കുന്ന മുറി ഏതെന്നു കാണിച്ചു തരുമൊ? ആ സ്ത്രീയുടെ പേരു് "ജീയ്......" എന്നാണു് എന്നു് അദ്ദേഹം പറഞ്ഞു. "ഈ നിരയിൽ ഒടുവിലത്തെ മുറിയിൽ ഒരു സ്ത്രീ മരണാസന്നയായി കിടപ്പുണ്ടു്. എന്നാൽ അവളുടെ പേർ അച്ചൻ പറഞ്ഞതല്ല". എന്നായിരുന്നു കുട്ടിയുടെ മറുപടി. "പേരെന്തെങ്കിലുമാകട്ടെ അതു സാരമില്ല. സദയം ആ മുറി എനിക്കു കാണി

ച്ചുതരിക". എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ആ കുട്ടിയെ അനുഗമിച്ചു. ഒടുവിൽ അവർ ഒരു മുറിയുടെ മുമ്പിൽഎത്തി. അടച്ചിരുന്ന കതകു തുറന്നു് അദ്ദേഹം അകത്തു പ്രവേശിച്ചപ്പോൾ അവിടെ കട്ടിലിൽ ഒരു സ്ത്രീ കിടന്നിരുന്നു. അവളുടെ ദൃഷ്ടികളും മററു ചില ബാഹ്യചിഹ്നങ്ങളും മരണാസന്നതയെ പ്രസ്പഷ്ടമാക്കി. കിടയ്ക്കരികെ ഉദ്ദേശം 50 വയസ്സുള്ള ഒരാൾ ഇരിപ്പുണ്ടായിരുന്നു. ആ സ്ത്രീയുടെ ഭർത്താവായിരുന്നു അയാൾ. വൈദികൻെറ അപ്രതീക്ഷിതമായ ആഗമനത്താൽ ആശ്ചര്യഭരിതനായി തീൎന്ന ആ മനുഷ്യൻ എണീററു് ഒരുവശത്തേക്കു മാറിനിന്നു. പട്ടക്കാരൻ അയാളോടു കുശലം പറഞ്ഞശേഷം, "ഇതു നിങ്ങളുടെ ഭാൎയ്യയല്ലേ? നിങ്ങൾ മിസ്റ്റർ ജിയ്... എന്നുതന്നെ വിശ്വസിക്കട്ടയോ?" അതിനുത്തരമായി, "അയാൾ ഞാനല്ല! നിങ്ങൾ എന്തിന് ഇവിടെ കയറിവന്നു"? എന്നു് ആ വീട്ടുടമസ്ഥൻ കോപത്തോടെ വൈദികനോട്ചോദിച്ചു. 'എന്നെ വിളിക്കാൻ ഇവിടെനിന്നും ആരൊ വന്നിരുന്നു. ഇവിടെ ഏതൊ ഒരു സ്ത്രീ ആസന്നമരണയായി കിടപ്പുണ്ടെന്നും അവൾക്കു് അന്തിമകൂദാശകൾ കൊടുക്കണമെന്നും ആ വന്ന ആൾ എന്നോടു പറഞ്ഞു. ആ സ്ത്രീയുടെ പേർ ജിയ്...എന്നാണു് അയാൾ പറഞ്ഞതു. ഒരുപക്ഷെ എനിക്കു വീടു തെററിയിട്ടുണ്ടെങ്കിൽ എന്നോടു ക്ഷമിക്കണം. ഏതായാലും ഇവിടെയും എന്നെക്കൊണ്ടാവശ്യമുണ്ടല്ലോ. ഒരുപക്ഷെ ദൈവംതന്നെ ആയിരിക്കാം എന്നെ ഇവിടേക്കയച്ചതു" എന്നു് അദ്ദേഹം പറഞ്ഞു. 'അതെ, അച്ചാ, ദൈവംതന്നെയാണു് അച്ചനെ ഇങ്ങോട്ടു അയച്ചതു' എന്നു ആ സ്ത്രീ ദീനസ്വരത്തിൽപറഞ്ഞു. "ഇവിടെ ആരേയും ആവശ്യമില്ല! കഴിഞ്ഞ പത്തു കൊല്ലങ്ങൾക്കിടയിൽ ഒരു പട്ടക്കാരനും ഞാൻ ഇവിടെ പ്രവേശനം അനുവദിച്ചിട്ടില്ല. എൻെറ ഭാൎയ്യയുടെ കുമ്പസ്സാരം കേൾക്കുന്നതിനു ഞാൻ നിങ്ങളെ അനുവദിക്കുന്നതുമല്ല: വേഗം പൊയ്ക്കൊണ്ടാൽ നന്നു, അവൾ എൻെറ ഭാൎയ്യയാണു്, നിങ്ങൾക്കു അവളോടു കാൎയ്യമില്ല' എന്നു ആ സ്ത്രീയുടെ രോഷാകുലനായ ഭർത്താവു പറഞ്ഞു. "സാർ! നിങ്ങൾക്കു തെററിപ്പോയി. ഈ സ്ത്രീ നിങ്ങളുടെ ഭാൎയ്യയാണെന്നിരുന്നാലും അവളുടെ ആത്മാവിൻെറ മേൽ നിങ്ങൾക്കു കർതൃത്വമില്ല. കുമ്പസ്സാരിപ്പാൻ അവൾ മനസ്സാകുന്നെങ്കിൽ ഞാൻ അവളുടെ കുമ്പസ്സാരം കേൾക്കും. അവൾ സ്വയമേവ എൻെറ സഹായം നിരാകരിക്കുന്നതുവരെ അവളെ ഉപേക്ഷിക്കാതെയിരിക്കേണ്ടതു എൻെറ ധൎമ്മമാണു;" എന്നു സൌമ്യമായി പറഞ്ഞുകൊണ്ടു അദ്ദേഹം, "ദൈവവുമാ

യിരമ്യപ്പെട്ട ഭാഗ്യമായി മരിക്കുന്നതിന്നു നിങ്ങൾക്കു മനസ്സുണ്ടോ?" എന്നു് ആ സ്ത്രീയോടു ചോദിച്ചു. കേവലം ഭഗ്നാശയായിരുന്ന ആ നല്ല സ്ത്രീ സന്തോഷാശ്രുക്കൾ പൊഴിക്കാൻ തുടങ്ങി. "ഞാൻ കാരുണ്യവാനായ ദൈവത്തിനു നന്ദി പറയുന്നു. എന്തെന്നാൽ ഒരു വൈദികനെ വിളിക്കുന്നതിലേയ്ക്കു ഞാൻ എൻെറ ഭർത്താവിനെ നിർബന്ധിച്ചു തുടങ്ങിയിട്ടു കുറെ ദിവസമായി. എങ്കിലും അദ്ദേഹം എൻെറ അപേക്ഷയെ നിഷ്ക്കരുണം നിരാകരിച്ചു കളകയാണുണ്ടായതു്. പരമ കാരുണികനായ ദൈവത്തോടു സമാധാനപ്പെട്ട ഒരു നന്മരണം മരിക്കുന്നതിന്നു ഞാൻ സർവ്വാത്മനാ ആഗ്രഹിക്കുന്നു," എന്നു് ആ സ്ത്രീ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞുനിറുത്തി. "നിങ്ങൾ ഇതു കേൾക്കുന്നുവോ? നിങ്ങളുടെ ഭാര്യയുടെ നേരെ അലിവുണ്ടായി കുറച്ചു നേരത്തേയ്ക്കു അവളോടു സംസാരിക്കുവാൻ നിങ്ങൾ എന്നെ അനുവദിക്കണം" എന്നു് ആ പട്ടക്കാരൻ അയാളോടായി പറഞ്ഞു. ഇതെല്ലാം കണ്ടും കേട്ടും നിന്നിരുന്ന അയാൾ യാതൊരു മറുപടിയും പറയാതെ പുറത്തേയ്ക്കിറങ്ങിപ്പോയി.

"എൻെറ അച്ചാ, എൻെറ കഥ മുഴുവനും ഒന്നു കേൾക്കണെ" എന്നു പറഞ്ഞുകൊണ്ടു ആ സ്ത്രീ തൻെറ കീസയിൽനിന്നു് ഒരു ചെറിയ കൊന്ത വെളിക്കെടുത്തു. "ദൈവത്തെക്കാൾ ഭർത്താവിനെ അധികം ഭയപ്പെടുകയാൽ പതിനൊന്നു കൊല്ലമായിട്ടു മതകർമ്മാദികൾ എല്ലാം ഞാൻ ഉപേക്ഷിച്ചു കളഞ്ഞു. എങ്കിലും ഈ കൊന്തയിൽ 'ഒരുരഹസ്യം' വീതം എത്തിക്കുന്നതിൽ ഒരു ദിവസവും ഞാൻമുടക്കം വരുത്തിയില്ല. തൻമൂലം, പരിശുദ്ധ മറിയം തന്നെയാണു് ഇപ്പോൾ അച്ചനെ ഇങ്ങോട്ടയച്ചിട്ടുള്ളതെന്നാണു് എൻെറ വിശ്വാസം. എനിക്കുവേണ്ടി ദൈവതിരുമുമ്പാകെ മദ്ധ്യസ്ഥം പറഞ്ഞതും ഈ നല്ല മാതാവത്രെ, സംശയമില്ല", എന്നു അവൾ സഗൽഗദം പറഞ്ഞു കരയുവാൻതുടങ്ങി. ആ നല്ല പട്ടക്കാരൻ ഇത്ര വലിയ അനുകമ്പയ്ക്കു ദൈവത്തോടു നന്ദി പറഞ്ഞിട്ടു, ആ സ്ത്രീയെ സാന്ത്വന വാക്കുകളാൽ ആശ്വസിപ്പിക്കയും അവളുടെ കുമ്പസ്സാരം കേൾക്കയും മറ്റു കൂദാശകൾ കൊടുക്കയും ചെയ്തു. തിരുപാഥേയം സ്വീകരിപ്പാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ പറഞ്ഞുംവെച്ചു് അദ്ദേഹം അവിടെ നിന്നും മടങ്ങി.

തനിക്കു ആളെ അയച്ചിരുന്ന സ്ത്രീയുടെ വീട്ടുനമ്പർ എത്രയെന്നറിവാൻ വേണ്ടി ഇപ്പോഴാണു് അദ്ദേഹം നോട്ടുപുസ്തകം തുറന്നു നോക്കിയതു്; അപ്പോൾ —പതിനെട്ട— അല്ലാ 28-ാണു് അ

ു, എന്നു മനസ്സിലായി. ഉടനെ അദ്ദേഹം 28-ാം നമ്പ്ര് വീട്ട് നോക്കിതിരിച്ചു. ആ പെൺകുട്ടി പറഞ്ഞപ്രകാരം അവിടെ ഒരു സ്ത്രീ മരണാസന്നയായി കിടപ്പുണ്ടായിരുന്നു. അവളുടെ കുമ്പസ്സാരം കേട്ടശേഷം തിരു പാഥേയം എടുത്തുകൊണ്ടു വരുന്നതിനായി അദ്ദേഹം പള്ളിയിലേയ്ക്കു പോയി. തിരിച്ചെത്തിയപ്പോൾ പതിനെട്ടാം നമ്പ്ര് വീട്ടിലെ സ്ത്രീ മരിച്ചു കഴിഞ്ഞിരുന്നു. എങ്കിലും കുമ്പസ്സാരം മൂലം അവൾക്ക് പാപമോചനം ലഭിച്ചിരുന്നുവല്ലോ. തൽക്ഷണം അദ്ദേഹം 28-ാം നമ്പ്ര് ഭവനത്തിലെ രോഗിണിക്കു അന്ത്യകൂദാശകളെല്ലാം കൊടുക്കയും ആ സ്ത്രീ സമാധാനത്തോടെ ഭാഗ്യമരണം പ്രാപിക്കയും ചെയ്തു.

പരിശുദ്ധ കന്യാസ്ത്രീ മറിയത്തോടുള്ള പ്രത്യേക ഭക്തി എത്ര ഉപകാരപ്രദമാണെന്നു് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. ആ ലോകൈക നാഥയുടെ നേരെ ഭക്തിയുള്ള ഒരുത്തനും നശിച്ചു പോകയില്ല എന്നാണ് വേദപാരംഗതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം. അതിനാൽ, പ്രിയ വായനക്കാരെ! നിങ്ങളുടെ കുടുംബങ്ങളിൽ കൊന്തനമസ്കാരം മുടക്കം വരുത്താതെ എത്തിക്കുന്നതിനു ഉത്സാഹമുള്ളവരായിരിപ്പിൻ. പരിശുദ്ധ മറിയത്തിൻെറ നേരെ ഭക്തിയുണ്ടായിരിക്കുന്നതിനു നിങ്ങളുടെ മക്കളെ ചെറുപ്പകാലത്തു തന്നെ പഠിപ്പിക്കുവിൻ!

## 17. വികൃതികൾക്കും സുകൃതികളാവാം.

1775-ാമാണ്ടു ഇററലിയിൽ ലൊറേത്തൊ എന്ന സ്ഥലത്തിന്നടുത്തുള്ള ഒസിമൊ നഗരത്തിൽവെച്ച്, ജൂബിലി വത്സരാഘോഷം പ്രമാണിച്ചു അതി കേമമായ ഒരു പ്രദക്ഷിണം നടത്തുകയുണ്ടായി. അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിൽ സർവ്വകലാശാലാവിദ്യാർത്ഥികളും സെമ്മിനാരി വിദ്യാർത്ഥികളും സംബന്ധിച്ചിരുന്നു. ഈ പ്രദക്ഷിണത്തിൽ തനി വെള്ളികൊണ്ടുണ്ടാക്കപ്പെട്ട രണ്ടു മെഴുകുതിരിക്കാലുകളും വഹിച്ചു കുരിശിനിരുഭാഗത്തും നടന്നിരുന്നതു പതിനഞ്ചു വയസ്സുമാത്രം പ്രായമുള്ള രണ്ടു വൈദിക വിദ്യാർത്ഥികളായിരുന്നു. അവർ ഉന്നത കുലജാതരായ 'ദെല്ലഗെൻഗായും' 'കാസ്റ്റിഗ്ലിയോനു'മായിരുന്നു. 'ആക്കൊളയിററ്സ്' ആ

യിരുന്ന ഇവർ രണ്ടുപേരും എന്തൊ കാരണവശാൽ ശണ്ഠ പിടിക്കുന്നതിന്നിടയായി. കോപാക്രാന്തന്മാരായ ഇവരുടെ വഴക്കു അവിടെ കൂടിയിരുന്ന ജനങ്ങൾക്കു ഉതപ്പിന്നു കാരണമാകത്തക്കവിധത്തിൽഒരടിപിടി ലഹളയിൽ അവസാനിച്ചു. ഈ ലഹളയിൽ അവർ പ്രയോഗിച്ച ആയുധം കൈവശമുണ്ടായിരുന്ന മെഴുകുതിരിക്കാലുകൾ തന്നെയായിരുന്നു. കാസ്റ്റിഗ്ലിയോൻ അതുകൊണ്ടു മററയാളെ ശക്തിയായി ഒന്നു പ്രഹരിക്കയും 'ദെല്ലഗെൻഗാ'യിക്കു അതു നല്ലപോലെ ഏററുകൊള്ളുകയും ചെയ്തു.

വർഷങ്ങൾ പലതു കഴിഞ്ഞുപോയി. ഇതിന്നിടയിൽ 'ദെല്ലഗെൻഗാ,' 'ലെ ഒ പന്ത്രണ്ടാമൻ' എന്ന നാമത്തോടെ പരിശുദ്ധ സിംഹാസനാരോഹണം ചെയ്തു. 1825-ലെ ജൂബിലിയവസരത്തിൽ മാർപ്പാപ്പാ പൂർവ്വസമ്പ്രദായമനുസരിച്ച്, കർദ്ദിനാൾമാരോടും അകമ്പടിക്കാരോടുമൊരുമിച്ച് പടിവാതിൽ തുറക്കുന്നതിന്നായി വത്തിക്കാൻ അരമനയിൽനിന്നു താഴെയിറങ്ങി. മാർപ്പാപ്പാ 'ഗ്രാൻറ് പെനിററൻഷറി കർദ്ദിനാളി'ൻെറ അടുക്കൽനിന്നും ഒരു വെള്ളിച്ചുററികവാങ്ങി അതുകൊണ്ട് വാതിലിന്മേൽ അടിക്കുകയും, ഉടനെ വാതിൽ തുറക്കപ്പെടുകയും അതോടുകൂടി ജൂബിലിവത്സരം ആരംഭിച്ചതായി പ്രഖ്യാപനം ചെയ്കയുമാണ് പതിവ്.

കാസ്റ്റിഗ്ലിയോൻ, മെത്രാനും, അനന്തരം കർദ്ദിനാളുമായതിൻെറ ശേഷം കത്തോലിക്കാസഭയുടെ 'ഗ്രാൻറ് പെനിററൻഷറി' എന്ന സ്ഥാനത്തിലേക്കു ഉയർത്തപ്പെടുകയും ചെയ്തു. മുൻ നിയമപ്രകാരം വെള്ളിച്ചുററിക മാർപ്പാപ്പാക്കു കൊടുക്കേണ്ടതു് ഇദ്ദേഹമായിരുന്നു. ഈ കർമ്മങ്ങളെല്ലാം കഴിഞ്ഞു തിരിച്ചുവന്നപ്പോൾ പന്ത്രണ്ടാം ലെഓ മാർപ്പാപ്പാ അല്പം പുഞ്ചിരിയോടുകൂടി ഇപ്രകാരം പറഞ്ഞു: "മഹോന്നതനായ കർദ്ദിനാളെ, അമ്പതുകൊല്ലത്തിനുമുമ്പ് ഇതുപോലെയുള്ള ഒരു മഹോത്സവാവസരത്തിൽ സംഭവിച്ചതു് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? അന്നും നിങ്ങൾ എനിക്കൊരു വെള്ളി ആയുധം തരികയുണ്ടായി. പക്ഷെ അതു ഇത്ര ബഹുമാനത്തോടുകൂടി ആയിരുന്നില്ല". ഇതിനുത്തരമായി അല്പം വിഷണ്ഡനായ കർദ്ദിനാൾ ഇപ്രകാരം പറഞ്ഞു. "ഞാൻ അതു നല്ലവണ്ണം ഓർക്കുന്നുണ്ട്. പരിശുദ്ധ പിതാവു മുമ്പെതന്നെ അതു എന്നോട് ക്ഷമിച്ചിട്ടുണ്ടെന്നാണ് എൻെറ വിശ്വാസം."

ഒരു ചുരുങ്ങിയ കാലത്തെ ഭരണശേഷം നാലുകൊല്ലം കഴിഞ്ഞു പന്ത്രണ്ടാം ലെഓ പാപ്പാ കാലം ചെയ്കയും, 'പീയൂസ് എട്ടാ

മൻ' എന്ന നാമത്തോടുകൂടി കർദ്ദിനാൾ കാസ്റ്റിഗ്ലിയോൻ റോമാ സിംഹാസനത്തിൽ ആരോഹണം ചെയ്കയും ചെയ്തു.

ആയിരത്തി എഴുനൂററി എഴുപത്തഞ്ചിലെ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നവരും അന്നത്തെ ലഹളകൾ കണ്ടിരുന്നവരും ഈ ഭാവി അറിഞ്ഞിരുന്നുവെങ്കിൽ എത്ര ആശ്ചര്യപരതന്ത്രരാകുമായിരുന്നു. മോശമായിട്ടു തുടങ്ങുന്നതും ഒടുവിൽ ശുഭമായിട്ടു കലാശിച്ചേക്കാം.

## 18. സുഖദുഃഖവിഭജനം.

ദൈവത്തിൻെറ നീതിപൂർവ്വകമായ പരിപാലന, സുഖദുഃഖങ്ങളെ എവർക്കും യഥായോഗ്യം ഭാഗിച്ചുകൊടുക്കുന്നു. നാം എല്ലാവരും അവിടുത്തെ കുഞ്ഞുമക്കൾ ആകുന്നു. തൻമൂലം അവിടുന്നു നമുക്കു നന്മയെ നൽകുന്നു. നാം എവരും പാപികളാകുന്നു. അതിനാൽ അവിടുന്നു ദുഃഖസങ്കടങ്ങളേയും നമുക്കു യാത്രയാക്കുന്നു.

ധനവാന്മാർക്കു യാതൊരു സങ്കടവുമില്ലെന്നാണു് ദരിദ്രരുടെ വിചാരം, എന്നാൽ ആ ധാരണ ഒരു ഭ്രമാബദ്ധമാകുന്നു. ഉന്നതസ്ഥാനമലങ്കരിക്കുന്നവരും എളിയവരെപ്പോലെ വിവിധസങ്കടങ്ങൾക്കധീനരാണ്. ഞാൻ ഒരിക്കൽ സമ്പന്നയായ ഒരു സ്ത്രീയെ സന്ദർശിക്കാനിടയായി, അവളുടെ പ്രതിവർഷമുള്ള വരവു 4 ലക്ഷം പവനായിരുന്നു. എന്നെ കണ്ട മാത്രയിൽ അവൾ ഇങ്ങനെയാണ് പറഞ്ഞതു്. "ലോകത്തിലുള്ള സ്ത്രീകളിൽവെച്ച് എററവും നിർഭാഗ്യവതിയായ ഒരു സ്ത്രീയെയാണ് അങ്ങുന്നിപ്പോൾ കാണുന്നതു്". ഇതിനുശേഷം അവൾ തൻെറ അരിഷ്ടതകളെ ഓരോന്നായി വർണ്ണിപ്പാൻതുടങ്ങി. ദീർഘകാലത്തേക്കു അവളെപീഡിപ്പിച്ചിരുന്ന നാനാതരങ്ങളായ പരീക്ഷകളേയും, അവൾക്കു നേരിട്ട ഭർത്തൃനഷ്ടത്തേയും തൻെറ മക്കൾ പരസ്പരം നടത്താറുള്ള കലഹങ്ങളേയും, അവൾ എന്നെ വിവരിച്ചു കേൾപ്പിച്ചു. ഈ സ്ഥിതിക്കു 4ലക്ഷം പവൻ പ്രതിവർഷം വരവുള്ള അവൾ ഭാഗ്യവതിയെന്നു ഗണിക്കപ്പെടാമൊ? ഇത്തരം ഉദാഹരണങ്ങൾ ധാരാളമുണ്ട്.

ധനവാന്മാർക്കുള്ള ദുഃഖങ്ങൾ ദരിദ്രർക്കുള്ളവയല്ല. ധനവാന്മാർ, നിത്യോപജീവനത്തിനു വേണ്ട അന്നവസ്ത്രാദികളുടേയൊ,

അഥവാ ഉപജീവനത്തിനു ഒഴിച്ചുകൂടാൻ പാടില്ലാത്ത മറേറതെങ്കിലും ഉപയുക്തപദാൎത്ഥങ്ങളുടേയൊ അഭാവത്താൽ ക്ലേശിക്കുന്നില്ല. എങ്കിലും അവർക്കു് വിവിധങ്ങളായ അനേകം വ്യാധികളും മനഃക്ലേശങ്ങളും സഹിക്കേണ്ടതായുണ്ടു്. കൂടാതെ അവരുടെ ജീവിതരീതിയും സാഹചൎയ്യങ്ങളും സഹനശക്തിയെ വല്ലാതെ കുറക്കുന്നവയാകയാൽ, ഒരു നിസ്സാര വേദനപോലും അവർക്കു അസഹ്യമായി പരിണമിക്കുന്നു. എന്നാൽ ദരിദ്രരുടെ സ്ഥിതി അപ്രകാരമല്ല. സമ്പന്നന്മാരെ പീഡിപ്പിക്കുന്ന വ്യഥകൾ അവരെ സാധാരണമായി ബാധിക്കുന്നില്ല. അവരുടെ മുഖ്യ സങ്കടം ഉപജീവനത്തിനു് വഴിയില്ലാതിരിക്കുന്നതാണു്. ചെറുപ്പം മുതൽക്കുതന്നെ ദാരിദ്ര്യത്തിൽ മുഴുകി ജീവിച്ചതിനാൽ അതി നിസ്സാരങ്ങളായ വിനോദങ്ങളിൽപോലും സംതൃപ്തി കണ്ടെത്തുവാൻ അവർക്കു കഴിയും. എന്നാൽ കുബേരന്മാൎക്കാ ഈദൃശ വിനോദങ്ങൾ യാതൊരു ഉന്മേഷവും നൽകുന്നില്ല. അവർ അതൊന്നുകൊണ്ടും തൃപ്തിപ്പെടുന്നുമില്ല. സാധുക്കൾക്കു് നിസ്സാര വസ്തുപോലും ഒരു വലിയ നിക്ഷേപമാണു്. സാധാരണ സദ്യതന്നെ അവൎക്കു മൃഷ്ടാന്നഭോജനമായി തോന്നുന്നു. ഇപ്രകാരമാണു് ദൈവം സുഖദുഃഖങ്ങളെ എല്ലാവൎക്കും യഥാക്രമം വിഭാഗിച്ചുകൊടുത്തിട്ടുള്ളതു്. ആകയാൽ കാൎയ്യങ്ങളുടെ യഥാൎത്ഥസ്ഥിതി ആലോചിച്ചുനോക്കുമ്പോൾ കഷ്ടിച്ചു് ഉപജീവനത്തിനു മാൎഗ്ഗമുള്ള ദരിദ്രനൊ അഥവാ ധനവാനൊ കൂടുതൽ ഭാഗ്യവാൻ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

ചരിത്രം ലോകത്തിന്നു് പ്രദാനം ചെയ്തിട്ടുള്ള ശ്രേഷ്ഠാദർശങ്ങളിൽ ഒന്നു് പതിമൂന്നാം നൂററാണ്ടിൽ ജീവിച്ചിരുന്ന അസീസിയിലെ വി. ഫ്റാൻസീസാണു്. ജീവിതകാലത്തുതന്നെ അദ്ദേഹം "സെരഫ്" എന്നു വിളിക്കപ്പെട്ടിരുന്നുവത്രെ.

ഒരു ദിവസം അദ്ദേഹം തൻെറ വിശ്വസ്ത സ്നേഹിതന്മാരിൽ ഒരുവനായ ലെഒ സഹോദരൻ ഒരുമിച്ചു് "സാന്ത മരിയ ഓഫ് ദ് എയിഞ്ചൽസ്" എന്ന പള്ളിയിൽനിന്നു് മടങ്ങിവരികയായിരുന്നു. യാത്രമദ്ധ്യേ വി. ഫ്റാൻസീസ് തൻെറ സ്നേഹിതൻെറ നേൎക്കു തിരിഞ്ഞു ഇപ്രകാരം ചോദിച്ചു: "യഥാൎത്ഥമായ സൌഭാഗ്യം എന്തിലാണടങ്ങിയിരിക്കുന്നതെന്നു താങ്കൾക്കറിയാമൊ? നമുക്കു് ഇററലിയിലേയും ഫ്റാൻസിലേയും എന്നുവേണ്ട യൂറോപ്പുഖണ്ഡം മുഴുവനിലുമുള്ള ദ്രവ്യമെല്ലാം ലഭിക്കയും നമ്മുടെ ആഗ്രഹങ്ങളെല്ലാം സാധിക്കയുംചെയ്താൽ, നാം സാക്ഷാൽ സൌഭാഗ്യവാന്മാരായി തീ

ുമെന്നു താങ്കൾക്ക് തോന്നുന്നുണ്ടോ"? ഇത്രയും പറഞ്ഞുകൊണ്ടു വീണ്ടും പുണ്യവാൻ തന്റെ ധ്യാനം തുടന്നു. ലെ ഒ സഹോദരൻ എന്നാൽ ഈ വാക്കുകളെപ്പററി ചിന്തിപ്പാൻ തുടങ്ങി. കുറെ നേരം കഴിഞ്ഞു പുണ്യവാൻ തുടന്നു പറഞ്ഞു: "പ്രിയ സ്നേഹിതാ, ജീവിതത്തിലെ സകല സന്തോഷങ്ങളും അനുഭവിച്ചാലും, ലോകത്തിലെ വിനോദങ്ങളിലെല്ലാം പങ്കുകൊണ്ടാലും, നാം യഥാൎത്ഥ സൌഭാഗ്യം അനുഭവിക്കയില്ലേ?" ഇതിനും നമ്മുടെ സഹോദരൻ യാതൊരു മറുപടിയും പറഞ്ഞില്ല. ഒരിക്കൽകൂടെ പുണ്യവാൻ അദ്ദേഹത്തെ വിളിച്ചിട്ടു പറഞ്ഞു: 'സഹോദരാ, മനുഷ്യന്ന് ആഗ്രഹിക്കാൻ പാടുള്ള ലോകബഹുമാനങ്ങളെല്ലാം നമുക്കു ലഭിച്ചാലും, രാജ്യങ്ങൾ പിടിച്ചടക്കി അവയുടെമേൽ അധികാരം നടത്തി വാണാലും, സകല മനുഷ്യരും നമ്മെ സാഷ്ടാംഗപ്രണാമം ചെയ്താലും, എന്നുവേണ്ട, ദൈവംതന്നെ അവിടുന്നു തന്റെ പ്രതിനിധിയായ പരിശുദ്ധ പിതാവിനു കൊടുത്തിട്ടുള്ള പരമാധികാരംപോലും നമുക്കു പ്രദാനം ചെയ്താലും, നമുക്ക് സാക്ഷാത്തായ സൌഭാഗ്യം ലഭിച്ചു എന്നു പറയാവുന്നതല്ല." ഇപ്രകാരം വിശുദ്ധൻ തന്റെ കൂട്ടുകാരനോടു യഥാൎത്ഥ സൌഭാഗ്യം ദ്രവ്യങ്ങളിലൊ, സുഖസന്തോഷങ്ങളിലൊ, സ്ഥാനമാനാദികളിലൊ അല്ല അടങ്ങിയിരിക്കുന്നതെന്നു പറഞ്ഞപ്പോൾ അയാൾ പുണ്യവാനോടു ചോദിച്ചു: "പിതാവെ, മനുഷ്യർ അത്യാവേശത്തോടെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രധാന സംഗതികളിലൊന്നുമല്ല സൌഭാഗ്യം കണ്ടെത്തപ്പെടേണ്ടതെന്നു അവിടുന്നു പറയുന്നല്ലോ. പിന്നെ അതെന്തിലാണടങ്ങിയിരിക്കുന്നതെന്ന് എനിക്കു ദയവായി പറഞ്ഞു തരുമൊ?" പുണ്യവാൻ അതിനിങ്ങനെ മറുപടി പറഞ്ഞു: "ദൈവത്തെമാത്രം അന്വേഷിക്കുന്നതത്രെ സാക്ഷാൽ സൌഭാഗ്യം. നാം എല്ലായ്പോഴും അവിടുത്തെ തിരുമനസ്സു നിറവേററുകയും, ഹൃദയത്തിന്റെ സൎവ്വ ശക്തിയോടുംകൂടെ അങ്ങെ സ്നേഹിക്കുകയും, അങ്ങെ പ്രസാദിപ്പിക്കുവാൻ സൎവ്വാത്മനാ യത്നിക്കുകയും ചെയ്യുന്നെങ്കിൽ, ദൈവത്തെപ്പോലെ ശാന്തശീലനും ഹൃദയ എളിമയുള്ളവനും ആകുന്നെങ്കിൽ, നമ്മെ ഉപദ്രവിക്കുന്നവരോടു പൊറുക്കയും, സകലൎക്കും നന്മ ചെയ്കയും ചെയ്യുന്നെങ്കിൽ— ഒററവാക്കിൽ പറയുന്നപക്ഷം നമ്മുടെ മനസ്സാക്ഷിയെ കളങ്കമററതായി സൂക്ഷിക്കയും, നമ്മുടെ ആത്മാവിനെ പരിപാവനമായ ജീവിതംകൊണ്ട് നിത്യഭാഗ്യപ്രാപ്തിക്ക് യോഗ്യമാക്കുകയും ചെയ്യുന്നെങ്കിൽ— നാം സാക്ഷാൽ

ഭാഗ്യവാന്മാരായി തീരും." ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ മുഖം ഒരു സ്വൎഗ്ഗീയ ശോഭയാൽ പ്രകാശിച്ചു. ലെഒ സഹോദരൻ ഒരു ദൈവികസ്വരംപോലെ ആ വചനങ്ങൾ ശ്രദ്ധിക്കയും അതിൽനിന്ന് വലിയ ഫലം സമ്പാദിക്കയും ചെയ്തു.

## 19. ഒരു വീരവ്രതം.

നെപ്പോളിയന്റെ കാലത്തുണ്ടായിരുന്ന ധീരന്മാരായ സേനാധിപന്മാരിൽ ഒരുവനെന്നു വിഖ്യാതനായ 'കാംബ്രോൺ' യോധവൃത്തി ഏററവും താഴ്ന്നപടിയിൽനിന്നു ആരംഭിച്ച ഒരാളായിരുന്നു. സൈന്യവകുപ്പിൽ ഒരു ചെറിയ ഉദ്യോഗം മാത്രം ഉണ്ടായിരുന്ന കാലത്തു് അദ്ദേഹം 'നാൻറഡ്' എന്ന സ്ഥലത്താണ് വാസം ഉറപ്പിച്ചിരുന്നതു്. അവിടെ വച്ച് തന്റെ സഹവാസികളൊപ്പം അദ്ദേഹവും മദ്യസേവയെന്ന ദുൎഗ്ഗുണത്തിന്നധീനനായി തീൎന്നു. അപ്പോൾ അയാൾക്കുദ്ദേശം ൨൦ വയസ്സു മാത്രമെ ഉണ്ടായിരുന്നുള്ളു. അമിതമായി മദ്യപാനം ചെയ്കമൂലം അന്നു് പലയവസരങ്ങളിലും അയാൾ ബോധരഹിതനായി തീരുകയുണ്ടായിട്ടുണ്ടു്. പ്രകൃത്യാതന്നെ അഹംഭാവിയും മുൻകോപിയുമായിരുന്ന അയാൾ വീഞ്ഞു കുടിച്ചു മത്തനായിരിക്കുമ്പോൾ, എതിൎത്തു സംസാരിച്ചോ, ഉപദേശിച്ചോ അയാളെ ഏതെങ്കിലും തരത്തിൽ അസഹ്യപ്പെടുത്തുവാൻ തുനിഞ്ഞിട്ടുള്ളവൎക്കു് ആ പുറപ്പാടു് ആപൽക്കരമായി പരിണമിച്ചിട്ടുള്ളതിന്നു് ദൃഷ്ടാന്തങ്ങൾ പലതുണ്ടു്.

ഒരു ദിവസം മദ്യം സേവിച്ചു മതിമറന്നിരുന്ന അയാളോടു എന്തൊ ചെയ്യുവാൻ കല്പിച്ച ഒരു മേലുദ്യോഗസ്ഥനെ അയാൾ രോഷാകുലനായി അടിക്കയുണ്ടായി. സേനാവകുപ്പിലെ നിയമമനുസരിച്ച് അയാളെ വിസ്തരിച്ചു മരണത്തിനു വിധിച്ചു. എങ്കിലും ഈ യുവയോദ്ധാവിന്റെ ധീരതയും ബുദ്ധിശക്തിയും യുദ്ധനൈപുണ്യവും നല്ലപോലെ അറിഞ്ഞിരുന്ന സേനാധിപൻ കണക്കുവിട്ടു അയാളെ സ്നേഹിച്ചിരുന്നതിനാൽ, അദ്ദേഹം കാംബ്രോണിനു വേണ്ടി ഗവൎമ്മെൻറു അധികാരിയോടു ക്ഷമാപണം ചെയ്തു. "അതു തീരെ നടക്കാത്ത കാൎയ്യമാണ്. മററുള്ളവൎക്കു ഒരു ഗുണപാഠം നൽ

കുന്നതിനു വേണ്ടിയും സേനയുടെ നിയമസംരക്ഷണത്തിനായും അവൻ മരിക്കേണ്ടതു തന്നെ," എന്നു ആ ഗവന്മേൻറധികാരി മറുപടി പറഞ്ഞു. സേനാധിപൻെറ വീണ്ടുംവീണ്ടുമുള്ള അപേക്ഷ നിമിത്തം ഒടുവിൽ; "കാംബ്രോൺ മദ്യം തീരെ വർജ്ജിക്കാമെന്നു പ്രതിജ്ഞചെയ്യുന്ന പക്ഷം അയാൾക്കു മാപ്പുകൊടുത്തു മരണവിധിയിൽനിന്നു മോചിക്കാം" എന്നു മേലുദ്യോഗസ്ഥൻ സമ്മതിച്ചു. തൽക്ഷണം സേനാധിപൻ കാരാഗ്രഹത്തിൽ ചെന്നു കാംബ്രോണിനെ കണ്ടു ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ ചെയ്ത കുററം കുറെ കടന്നുപോയി.' 'സാർ, അതു വാസ്തവംതന്നെ; എന്നാൽ അതിൻെറ ശിക്ഷയൊ! ജീവനാശം!! എത്ര ഭയങ്കരം!!!' 'ഒരുപക്ഷെ അങ്ങനെ വന്നേക്കാം' എന്നു സേനാധിപൻ പറഞ്ഞു. 'എന്താ സാർ 'ഒരുപക്ഷെ' എന്നു പറയുന്നതു, യുദ്ധനിയമത്തിൻെറ കാക്കശ്യം താങ്കൾക്കു നല്ലവണ്ണം അറിയാമല്ലോ, ഞാൻ അതിൽ ഒരു ഇളവും പ്രതീക്ഷിക്കുന്നില്ല; എനിക്കു മരണംതന്നെ അനുഭവം' എന്നു അയാൾ നിരാശയോടെ പറഞ്ഞു.

'ഇല്ല, ധൈൎയ്യമായിരിക്കു; നിങ്ങൾക്കു മരിക്കാതിരിക്കാൻ കഴിയും. നിങ്ങൾ നിരാശയിൽ ഉപേക്ഷിച്ചിരിക്കുന്ന കാൎയ്യം ഞാൻ വളരെ അദ്ധ്വാനംചെയ്തു സാധിച്ചിരിക്കുന്നു. നിങ്ങളുടെ അപരാധം ക്ഷമിക്കാമെന്നു മാത്രമല്ല പൂൎവ്വോദ്യോഗത്തിലേക്കു നിങ്ങളെ നിയമിക്കാമെന്നുകൂടെ നമ്മുടെ മേലധികാരി സമ്മതിച്ചിട്ടുണ്ട്. പക്ഷെ ഒരു വ്യവസ്ഥ വേണം.' 'ഓ! ഒരു വ്യവസ്ഥയോ; ദയവായി അതെന്താണെന്നു ഉടനെ പറയുമാറാകണം. എൻെറ ജീവനും വിശിഷ്യ ബഹുമാനത്തിനുമായി എന്തു ചെയ്യുവാനും ഞാൻ സന്നദ്ധനായിരിക്കുന്നു.'

"മറെറാന്നുമല്ല, 'ഇനിമേൽ ജീവിതകാലത്തിൽ ഒരിക്കലും നിങ്ങൾ മദ്യം ഉപയോഗിക്കരുതു' എന്നു മാത്രം."

'സാർ, അതു എത്രയോ അസാദ്ധ്യമാണ്.'

'എന്തു! അസാദ്ധ്യമൊ? അങ്ങനെ എങ്കിൽ ഉടൻ മരണത്തിനൊരുങ്ങിക്കൊൾക. നിങ്ങളെ നാളെ തന്നെ വെടിവെച്ചു കൊല്ലുവാൻ വിധിച്ചിരിക്കുന്നു. ആ വിധിയുടെ ഭയങ്കരത്വം നിരൂപിച്ചു നോക്കുക.' 'നിങ്ങളുടെ നിശ്ചയപ്രകാരം ജീവൻ രക്ഷിക്കുന്നതിനു ഞാൻ വീഞ്ഞുകുടി നിശ്ശേഷം വർജ്ജിക്കണമല്ലെ? പക്ഷെ കാംബ്രോണും 'കുപ്പിയും' തമ്മിൽ ഉററസ്നേഹിതന്മാരാകയാൽ അവരുടെ വേർപാടിനെക്കുറിച്ചു ചിന്തിക്കുവാൻപോലും എനിക്കസാദ്ധ്യമാണ്.

മദ്ര്യസേവ നിറുത്തുന്നതിനെക്കുറിച്ചു വിചാരിക്കുക തന്നെ ഇനിക്കു മമ്മഭേദകമായിരിക്കുന്നു. തൻമൂലം നിങ്ങളുടെ വ്യവസ്ഥയ്ക്കനുകൂലമായി ഒരു പ്രതിജ്ഞ ചെയ്യുവാൻ എനിക്കു നിവൃത്തിയില്ല.'

'ഹേ വിഡ്ഢി, ഇനി എങ്കിലും വീഞ്ഞുകുടിക്കയില്ലെന്നു പ്രതിജ്ഞ ചെയ്യാൻ തയ്യാറില്ലെന്നൊ, നല്ല കണക്കായി.'

'ഇല്ല, ഒരിക്കലുമില്ല. ഞാൻ ഇന്നി വാഗ്ദാനം ചെയ്യുന്നതായാൽ, അതു അനുസരിച്ചു മേലിൽ പ്രവത്തിക്കുമെന്നു നിങ്ങൾക്കെന്തുറപ്പു?'

'നിങ്ങളുടെ വിശ്വാസയോഗ്യമായ വാക്കു്; വേറൊന്നും എനിക്കാവശ്യമില്ല. നിങ്ങൾ ഒരു വാക്കു പറഞ്ഞാൽ അതനുസരിച്ചു പ്രവത്തിക്കുമെന്നു എനിക്കു ദൃഢമായ വിശ്വാസമുണ്ടു.''

കുലയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നവൻ ഇതൊക്കെ കേട്ടു നിശ്ശബ്ദമായിരുന്നതേയുള്ളു. സേനാധിപൻ തുടർന്നു പറഞ്ഞു: 'കൊള്ളാം, കാംബ്രോണെ നിങ്ങൾ എന്തു നിശ്ചയിച്ചു?'

'പ്രഭോ, നിങ്ങൾ എന്നോടു വളരെ ആദരവോടും കരുണയോടുംകൂടെ പെരുമാറുകയും, എന്റെ രക്ഷയെ നിങ്ങളുടേതിനേക്കാൾ അധികം വിലമതിക്കയും, തൽസാദ്ധ്യത്തിന്നായി ബദ്ധശ്രദ്ധനായിരിക്കയും ചെയ്യുന്നല്ലോ. എന്റെ അപരാധത്തിനുള്ള മാപ്പു എന്നതിനേക്കാൾ നിങ്ങളുടെ ഉദാരമായ അനുകമ്പയെ ഞാൻ കൂടുതൽ മതിക്കുന്നു...... ദൈവം നമ്മുടെ സംഭാഷണം കേൾക്കുന്നു' എന്നു ആശ്ചയ്യപൂർവ്വം പറഞ്ഞ ശേഷം, അവൻ കൈകകളെ ആകാശത്തിലേയ്ക്കുയത്തി പ്രാത്ഥിച്ചിട്ട് ഇപ്രകാരം തുടർന്നു പറഞ്ഞു: 'എന്റെ ചുണ്ടുകൾ ഒരു തുള്ളി വീഞ്ഞുപോലും ഇന്നുമുതൽ മരണപയ്യന്തം തൊടുകയില്ലാ എന്നു ഞാൻ, കാംബ്രോൺ, ധൈയ്യപൂവ്വം പ്രതിജ്ഞ ചെയ്യുന്നു. പ്രഭോ! നിങ്ങൾക്കു തൃപ്തിയായൊ?'

'ഉവ്വ്. എന്റെ സ്നേഹിത; ഞാൻ തൃപ്തനായിരിക്കുന്നു. നാളെ നിങ്ങൾ ജെയിലിൽനിന്നു മോചിക്കപ്പെടും, ഒരു ധീരയോദ്ധാവിന്റെ നിലയിൽ പെരുമാറുക. നിങ്ങളുടെ ആയുശ്ശേഷം സ്വരാജ്യത്തിന്റെ രക്ഷയ്ക്കായും ക്ഷേമത്തിനായും വിനിയോഗിക്ക' എന്നു് ഉപദേശിച്ചിട്ട് അദ്ദേഹം സന്തോഷനിമഗ്നനായി അവിടെനിന്നും ഇറങ്ങിപ്പോയി.

അടുത്ത പ്രഭാതത്തിൽ തന്നെ കാംബ്രോൺ തൻെറ പൂർവ്വോദ്യോഗത്തിൽ നിയമിക്കപ്പെട്ടുകയും ചെയ്തു. ഇരുപത്തഞ്ചു സംവത്സരങ്ങൾക്കു ശേഷം അയാൾ സൈന്യവകുപ്പിൻെറ 'ജനറൽ' എന്ന മഹനീയ സ്ഥാനത്തിലേക്കുയർത്തപ്പെട്ടു. 'വാട്ടർലൂ' എന്ന സ്ഥലത്തു നടന്ന പ്രസിദ്ധ സമരത്തിൽ അദ്ദേഹം ഫ്റഞ്ചു സേനാധിപത്യം വഹിച്ചു അതി വൈദഗ്ദ്ധ്യത്തോടും പരാക്രമത്തോടുംകൂടി യുദ്ധംചെയ്തു സർവ്വരേയും ആശ്ചര്യപരതന്ത്രരാക്കിതീർത്തു. സാഹചര്യങ്ങൾ പ്രതികൂലമായി ഭവിച്ചതിനാൽ ഫ്റഞ്ചുകാർ പരാജിതരായെങ്കിലും, കാംബ്രോണിൻെറ ധീരകൃത്യങ്ങൾ എല്ലാവരുടേയും സ്നേഹബഹുമാനങ്ങൾക്കു അയാളെ പാത്രീഭൂതനാക്കിതീർത്തു.

മരണശിക്ഷയിൽനിന്നു അയാളെ മോചിപ്പിച്ച സേനാധിപൻ പ്രായാധിക്യത്താലും, ദീർഘകാലത്തെ ദുഃഖപരിശ്രമംകൊണ്ടും രോഗബാധിതനായിത്തീർന്നതിനാൽ ജോലി രാജിവെച്ചു. അദ്ദേഹം, ജനറൽ കാംബ്രോൺ പാരീസിലുണ്ടെന്നറിഞ്ഞപ്പോൾ അയാളെ ഒരു വിരുന്നു സൽക്കാരത്തിനു ക്ഷണിച്ചു. തദവസരത്തിൽ മററനേകം മാന്യന്മാരും ക്ഷണം അനുസരിച്ചു വന്നിരുന്നെങ്കിലും, തീൻമേശയിൽ പ്രഥമസ്ഥാനം ജനറൽ കാംബ്രോണിനാണ് നൽകപ്പെട്ടതു്. ഭക്ഷണമദ്ധ്യേ വളരെ വിലകൂടിയതും ചുരുക്കം ചില സുദിനങ്ങളിൽ മാത്രം ഉപയോഗിക്കുന്നതുമായ ഒരു തമ്പളേർ വീഞ്ഞു ആതിഥേയൻ കാംബ്രോണിനായി നീട്ടികൊടുത്തു. കാംബ്രോൺ ആശ്ചര്യപൂർവ്വം ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ എന്താണ് ഈ നീട്ടി കാണിക്കുന്നതു്.'

'മേൽത്തരവും, വിലയേറിയതും, ഒരു ശതവത്സരത്തിൽപരം പഴക്കം ചെന്നതുമായ 'റനിഷ വീഞ്ഞത്രെ ഇതു്. ഇത്ര നല്ല വീഞ്ഞ് പാരീസിൽ ഇനി ഒരിക്കൽ കിട്ടുകയില്ല.

അതുകേട്ടു നീരസംഭാവിച്ച കാംബ്രോണിനോട് അദ്ദേഹം തുടർന്നു പറഞ്ഞു: ''എന്താ ജനറൽ, ഇതു താന്നാന്തരം വീഞ്ഞാണെന്നുള്ളതിനു സംശയമില്ല; സ്വല്പം രുചി നോക്കിയാലും; എന്തെന്നാൽ നിങ്ങൾ......''

"എൻെറ വിശ്വാസയോഗ്യമായ വാക്കു, എൻെറ പ്രതിജ്ഞ",
എന്നു കാംബ്രോൺ മേശമേൽ ഒന്നു ഇടിച്ചുകൊണ്ടു ഉച്ചസ്വരത്തിൽ പറഞ്ഞിട്ടു വീണ്ടും തുടർന്നു:- ''നാൻറസ്! കാരാഗൃഹം! വിമോചനം!; എൻെറ നല്ല സ്നേഹിത, നിങ്ങൾ ഇതെല്ലാം വിസ്മരിച്ചു

കളഞ്ഞൊ! കാംബ്രോൺ ആരെന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നതു്? ആ ദിനംമുതൽ ഈ നിമിഷംവരെ എന്റെ അധരങ്ങൾ ഒരു തുള്ളി വീഞ്ഞുപോലും തൊട്ടിട്ടില്ല. ഞാൻ നിങ്ങളോടു അന്നു ചെയ്ത ശപഥം ഇന്നേവരെ പ്രത്യക്ഷരം നിറവേററീട്ടുണ്ടു്."

ഇത്ര കണിശമായ പ്രതിജ്ഞാനിർവ്വഹണം കണ്ടു് ആശ്ചര്യഭരിതനായ ആ നല്ല വൃദ്ധൻ വീഞ്ഞുകുടിക്കുന്നതിനു കാംബ്രോണിനെ വീണ്ടും നിർബന്ധിച്ചില്ലെന്നു മാത്രമല്ല, അയാളെ വളരെ പ്രശംസിക്കുകയും ഫ്റാൻസ് രാജ്യത്തിനു ഈ ധീരപുരുഷനിൽനിന്നും ലഭിക്കാവുന്ന ഗുണങ്ങളോർത്തു് സന്തോഷിക്കയും ചെയ്തു.

മനുഷ്യർക്കു മനസ്സുണ്ടെങ്കിൽ അവരുടെ ദുർഗ്ഗുണങ്ങളെ ജയിക്കുന്നതിനും അചിരേണ ഉൻമൂലനം ചെയ്യുന്നതിനും കഴിയുന്നതാണ്. "സാധിക്കയില്ല, അഥവാ അസാദ്ധ്യം" എന്ന വാക്ക് നമ്മുടെ നാവുകളിൽനിന്നും അകന്നു നില്ക്കട്ടെ; വിശിഷ്യ, ക്രിസ്ത്യാനികളായ നമുക്ക് അതൊട്ടും യോജിക്കുന്നതല്ല തന്നെ. സ്ഥിരമായ പ്രതിജ്ഞയും, തീവ്രമായ ആഗ്രഹവും, നിരന്തരമായ പ്രയത്നവും സകല ബുദ്ധിമുട്ടുകളേയും ദൂരദൂരം അകററി നിറുത്തുന്നതിനു് പര്യാപ്തങ്ങളത്രെ.

## 20. റോമാനഗരത്തെക്കുറിച്ചുള്ള ചില അപവാദങ്ങൾ.

കത്തോലിക്കാ മതത്തേയും തദനുയായികളേയും സദാ അപലപിച്ചുകൊണ്ടിരിക്കുന്നതിനുള്ള ദുർവ്വാസന പ്രോട്ടസ്റ്റാൻറുകാർക്ക് ഇന്നും ഇന്നലെയും ആയിട്ടുള്ളതല്ലല്ലൊ. ചില കുയുക്തികളും വഴിപിഴച്ച വാദങ്ങളുംകൊണ്ടു് പണ്ടേതന്നെ അവർ കത്തോലിക്കാസഭാജനനിയെ കുററാരോപണം ചെയ്തുകൊണ്ടിരിക്കയാണ്. ഇപ്രകാരം അവർ പറയുന്ന പഴികളിൽ ഒന്നു് കത്തോലിക്കാസഭയുടെ നടുനായകത്വം വഹിക്കുന്ന റോമാനഗരം ഇതഃപര്യന്തം ലോകത്തിന്നനുഭവപ്പെട്ടിട്ടുള്ള സകല തിന്മകളുടേയും കേന്ദ്രസ്ഥാനമാണെന്നുള്ളതാണ്. ഇപ്രകാരം 'പച്ചപ്പൊളി' തട്ടിമൂളിക്കുന്നവരിൽ മിക്കവരും യാതൊരു കത്തോലിക്കാ പുസ്തകങ്ങളും വായി

ക്കാത്തവരൊ, കത്തോലിക്കാ മതപാഠനങ്ങൾ ശരിയായി മനസ്സി
ലാക്കാൻ സാധിക്കാത്തവരൊ, വിശിഷ്യാ, അവയെ തെററിദ്ധരി
ക്കുന്നവരൊ അഥവാ അനേക കൊല്ലത്തെ ശത്രുതയിൽനിന്നുള്ള
വായിട്ടുള്ള 'പഴങ്കഥകളിൽ' പഴകിയവരൊ മാത്രമാണ്. ഇപ്രകാരം
ഒന്നിന്നുമീതെ ഒന്നായി കെട്ടി പണുതിട്ടുള്ള എല്ലാ കുററാരോപണ
ങ്ങൾക്കും സമാധാനമായി ഒന്നേ പറവാനുള്ളു. കത്തോലിക്കാ മ
തത്തിലേക്കു മടങ്ങിവരുന്ന പ്രോട്ടസ്റ്റാൻറുകാരുടെ സംഖ്യ മററു പ
ട്ടണങ്ങളിലേക്കാൾ റോമാപ്പട്ടണത്തിൽ അധികരിച്ചു കാണപ്പെ
ടുന്നുണ്ടെന്നുള്ളതാണ് അത്. ഇതരസ്ഥലങ്ങളിലുള്ളവരെ അപേ
ക്ഷിച്ച് കൂടുതൽ ഭക്തരും ജ്ഞാനികളുമായിട്ടാണ് ഇവിടെയുള്ള
പ്രോട്ടസ്റ്റാൻറുകാർ പ്രായേണ കാണപ്പെടുന്നത്. ഇവരിൽ മിക്ക
വരും, പരമാർത്ഥികളും ബുദ്ധിമാന്മാരും, സത്യസന്ധന്മാരുമായ ആം
ഗ്ലേയ പുരോഹിതന്മാരും, കത്തോലിക്കരാൽ തന്നെ പ്രശംസിക്ക
പ്പെട്ടുകൊണ്ടിരിക്കുന്ന വലിയ ജ്ഞാനികളും, പഠനശീലന്മാരും, ചി
ന്തകന്മാരുമായ ജർമ്മൻ വിദ്വച്ഛിരോമണികളുമാകുന്നു. ഏതാദൃശ
പുരുഷകേസരികളെ സംബന്ധിച്ച് ക്ഷിപ്രസാദ്ധ്യമല്ലാത്ത ഒരു
പരിവർത്തനം, 'റോമായുമായിട്ടുള്ള സഹവാസംമൂലം അവരിൽ ഉ
ണ്ടാകുന്നുണ്ടെങ്കിൽ, 'റോമാ,' പ്രലോഭനങ്ങളുടെ കേന്ദ്രസ്ഥാനമാ
ണെന്നുള്ള പ്രസ്താവം എങ്ങനേയാണ് വിശ്വാസ്യമായിത്തീരുക?

പ്രോട്ടസ്റ്റാൻറുകാരിൽ ഒരാളുടെയെങ്കിലും മാനസാന്തരമുണ്ടാ
കാത്ത ആഴ്ചവട്ടം റോമായിൽ വളരെ ചുരുക്കമാണ്. റോമാനഗര
ത്തിൽ സ്വമതം പരത്തേണമെന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി അ
റ്റ്ലാൻറിക്ക് സമുദ്രം തരണംചെയ്തു ഒരു അമേരിക്കൻ ഒരിക്കൽ
അവിടെ എത്തുകയുണ്ടായി. ആ അവസരം അയാൾക്ക് എല്ലാം
കൊണ്ടും അനുകൂലവുമായിരുന്നു. ഒമ്പതാം പിയൂസ് പാപ്പാ പ
രിശുദ്ധ കന്യകയുടെ അമലോത്ഭവത്തെ പ്രഖ്യാപനം ചെയ്തതു്
ഈ അവസരത്തിലായിരുന്നതുകൂടാതെ റോമാനഗരം പരിശുദ്ധ
കന്യകയോടുള്ള ഭക്തിയിലും വണക്കത്തിലും മുഴുകിയുമിരുന്നു. ഇതു്
അയാളുടെ പ്രോട്ടസ്റ്റാൻറു ദൃഷ്ടിക്ക് വെറും 'വിഗ്രഹാരാധനയും
മറിയാരാധനയു'മായിട്ടു കാണുവാൻ കഴിഞ്ഞുള്ളു. ക്രിസ്തുവിനെ
എല്ലാവരും വിസ്മരിച്ചിരുന്നെന്നും സത്യമായ സുവിശേഷം ആ കൂ
രിരുളിൽ പ്രകാശിക്കേണ്ട സമയം അത്യാസന്നമായെന്നും അയാൾ
ക്ക് തോന്നി. റോമാക്കാരോട്ട് ക്രിസ്തുമതം പ്രസംഗിക്കുന്നതിനാ
യി ആ 'പാദ്രി' ഏറെ താമസിയാതെ ഒരു പള്ളി പണിയുന്നതി

നുള്ള സ്ഥലം സൌകൎയ്യപ്പെടുത്തി. ദേവാലയത്തിന്റെ പണി ദ്രുതഗതിയിൽതന്നെ നടന്നുകൊണ്ടിരുന്നു. എന്നാൽ അതു പൂൎത്തിയാക്കുന്നതിനു മുമ്പായിതന്നെ ആ പ്രോട്ടസ്റ്റാൻറു പാദ്രി കത്തോലിക്കാമതം സ്വീകരിച്ചു. ആ ദേവാലയത്തിന്റെ പണി പൂൎത്തിയായതോടുകൂടി അതിനെ പരിശുദ്ധ അമലോത്ഭവ മാതാവിന്റെ ഒരു മനോഹര കപ്പേളയായി പ്രതിഷ്ഠിക്കയും ചെയ്തു. ഇതുപോലെ ആശ്ചൎയ്യകരമായ ഒന്നാണ് ഇംഗ്ലീഷുകാരനും വിദ്വച്ഛിരോമണിയും ഒരു പ്രസിദ്ധ വാഗ്മിയുമായിരുന്ന 'ബെൽഫോർഡ്' എന്ന ആംഗ്ലിക്കൻ പാദ്രിയുടെ മതപരിവൎത്തനവും. അദ്ദേഹം ഒരു തീക്ഷ്ണതയുള്ള പ്രോട്ടസ്റ്റാൻറുകാരനായിട്ട് റോമയിലേക്കു വരികയും പാപ്പാ മതത്തെപ്പറ്റി അതി വാചാലതയോടേ പ്രസംഗിക്കുകയും ചെയ്തു. എങ്കിലും, കുറെ ആഴ്ചവട്ടങ്ങൾക്കുശേഷം അയാൾ തന്റെ അബദ്ധപഠനങ്ങളെ അടുത്തുണ്ടായിരുന്ന ഈശോ സഭക്കാരുടെ പള്ളിയിൽ പരസ്യമായി ഏററുപറകയാണുണ്ടായതു്.

ഇതുപോല തന്നെ പലേ ധനാഢ്യന്മാരും അഗാധ ജ്ഞാനികളും റോമാ സന്ദൎശനമാത്രയിൽ മേൽ പ്രസ്താവിക്കപ്പെട്ട വിധത്തിലുള്ള വരപ്രസാദശക്തിക്കധിനരായി തീൎന്നിട്ടുണ്ടു്. അങ്ങനെയുള്ളവരിൽ ഒരുവനാണ് കത്തോലിക്കാമതത്തിന്റെ പേരിൽ കുററാരോപണം ചെയ്യുവാൻ ഉദ്ദേശിച്ച് ഓക്സ്ഫോർഡിൽ നിന്നും റോമയിൽ ചെന്നുചേൎന്ന ഒരു യുവ വൈദികൻ. സമൎത്ഥനായ ഈ യുവ പുരോഹിതൻ, കൎദ്ദിനാളന്മാർ, പുരോഹിത ശ്രേഷ്ഠന്മാർ, ദരിദ്രസന്ന്യാസ സഭക്കാരാദിയായ കത്തോലിക്കാ വൈദികരുടെ അനാഡംബരതയേയും, പുണ്യപൂൎണ്ണതയേയും,വിശിഷ്യാ അവരിൽ ചിലരുടെ അഗാധമായ ജ്ഞാനത്തേയും,സന്മാൎഗ്ഗനിഷ്ഠയേയും, ഒരേ ചരടിൽ ഇണക്കി കോൎത്ത പുഷ്പങ്ങളേപോലുള്ള അവരുടെ ഐക്യത്തേയും സൂനിഷ്കൎഷം മനസ്സിലാക്കി. മേൽപറഞ്ഞ പുണ്യപുരുഷന്മാരിൽ പലരോടും അവരുടെ വിശ്വാസസത്യങ്ങളെ കുറിച്ച് അയാൾ സുദീർഘമായ സംഭാഷണങ്ങൾ നടത്തുകയും ഒടുവിൽ അദ്ദേഹം കത്തോലിക്കാമതം സ്വീകരിക്കയും ഒരു ഉത്തമ പുരോഹിതനായിതീരുകയും ചെയ്തു. പല വാദപ്രതിവാദങ്ങളേക്കാൾ കൂടുതലായി, ഈദൃശ ദൃഷ്ടാന്തങ്ങൾ തന്നെ, പരിശുദ്ധ നഗരത്തെപ്പററി ഭോഷന്മാരും മതവിരോധികളും ചെയ്യുന്ന ദോഷാരോപണങ്ങൾ എത്ര അടിസ്ഥാനമററവയെന്നു് പ്രസ്പഷ്ടമാക്കുന്നുണ്ടു്. ഇതിനാൽ റോമാനഗരത്തിലുള്ളവരെല്ലാം പരിപൂൎണ്ണരെന്നല്ല ധരിക്കേണ്ട

ത്ത്. എല്ലാവരും പരിപൂർണ്ണരായിരിക്കുകയെന്നത് കുറെ വിഷമമുള്ള കാര്യമാണ്. മനുഷ്യസഹജമായ ബലക്ഷയം എല്ലാ സ്ഥലങ്ങളിലും കാണുന്നതുപോലെ അവിടേയും കണ്ടു എന്നുവരാം. എന്നാൽ ദീർഘനാളത്തെ പരിചയം മൂലം പലർക്കും പൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടുള്ളതു് റോമാ നഗരം ദൈവത്തെ ശരിയായി ആരാധിക്കുന്ന ഒരു മാതൃകാനഗരവും പുണ്യജീവിതം കഴിക്കുന്നവരുടെ ഒരു കേന്ദ്രസ്ഥാനവുമാണെന്നാണ്. റോമയിലെ പട്ടക്കാരുടെ മത തീക്ഷ്ണതയും ജീവിത വിശുദ്ധിയും ഒന്നു വേറെ തന്നെ. ഇവരുടെ ജീവിതരീതിയെ പരിശോധിച്ചറിയുന്നിടത്തോളം ഭക്തിസംവർദ്ധകമായി മററു യാതൊന്നുമില്ല. അവർ ഒഴിവുസമയം മിക്കവാറും പ്രാർത്ഥനയിൽ ചിലവഴിക്കുന്നു. വളരെ ബുദ്ധിമുട്ടിയും, മനസ്സാക്ഷിയിൽ നിന്നു് അണുപോലും വ്യതിചലിക്കാതേയുമാണ് അവർ തങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നത്. കൂടാതെ അവരുടെ അതിമിതമായ ജീവിതരീതിതന്നെ ഒരു വലിയ സ്വപരിത്യാഗമത്രെ. ലോകമര്യാദപ്രകാരം അവർ സ്വീകരിച്ചു കാണുന്ന ബാഹ്യാഡംബരങ്ങളെല്ലാം അവരുടെ അനാഡംബര ജീവിതത്തിൻെറ ഒരുത്തമ ലക്ഷ്യമല്ലാതെ മറെറാന്നുമല്ല. സായാഹ്നസമയത്തിൽ വിശ്രമാർത്ഥം അവർ സ്വല്പം സവാരി ചെയ്യുന്നതായി കാണുമ്പോൾ അതു് അവരുടെ അലസതയ്ക്കു് ലക്ഷ്യമായി നാം ഗണിക്കുന്നു എങ്കിൽ അതിൽപരം അധർമ്മം മറെറാന്നുമില്ല തന്നെ.

ജനങ്ങളോടുകൂടിയുള്ള അവരുടെ സഹവാസം ഒരു വലിയകുററമായി ചിലർ പരിഗണിക്കാറുണ്ട്. ഇവരിൽ പലരും സായാഹ്നസമയവുംകൂടി പല ജോലികൾക്കായി നീക്കി വെച്ചിട്ടുണ്ടെങ്കിലും, ചിലർ തങ്ങൾ കർദ്ദിനാളന്മാരെന്നും പുരോഹിതശ്രേഷ്ഠന്മാരെന്നുമുള്ള നിലയിലും, വിശിഷ്യാ റോമാ ഒരുകത്തോലിക്കാ നഗരമായിരിക്കുന്നസ്ഥിതിക്കും അത്യന്താപേക്ഷിതങ്ങളായ ചില റോമൻ സാമൂഹ്യസാംഗതികളിൽ പ്രവേശിക്കുവാൻ നിർബന്ധിതരാകാറുണ്ട്. അങ്ങിനെ സാമുദായികസംഗതികളിൽ പ്രവേശിക്കേണ്ടി വരുമ്പോഴും അവരുടെ നടപടി ഏററവും ശ്രേഷ്ഠവും അനുകരണീയവുമത്രെ. കർദ്ദിനാളന്മാർ റോമാസഭയിൽ നട്ടുനായകത്വം വഹിക്കുന്നവരാണ്. ഇവരുടെ സ്വഭാവ വൈശിഷ്ട്യത്തെ തെളിയിക്കുന്നതിനു ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നപക്ഷം അവകൊണ്ടുതന്നെ പല പുസ്തകങ്ങൾ നിറക്കേണ്ടതായി വന്നുകൂടും.

മേൽപറഞ്ഞവയിൽനിന്നും കത്തോലിക്കാലോകത്തിൻെറ

തലസ്ഥാന നഗരത്തെപ്പററി എത്ര തെററായ കുററാരോപണങ്ങളാണ് പലരും ചെയ്തുകൊണ്ടിരിക്കുന്നതെന്നു് വിശദമാകുന്നു് അങ്ങുമിങ്ങും യാതൊരു ബന്ധവുമില്ലാതെ ഒററപ്പെട്ടു താസിക്കുന്ന ചിലരുടെ മാനുഷീക ബലക്ഷയം ഓർത്താൽ സംഭവ്യങ്ങളായ ചില തെററുകളെ അടിസ്ഥാനപ്പെടുത്തി ഇവർ കത്തോലിക്കാ ലോകത്തേയും ആ പരിപാവനമായ മതത്തേയും ആകപ്പാടെ പഴിക്കുന്നതു് കുറച്ചു കടന്ന കൈ തന്നെ എന്നു പറയാം. ഇവർ ഒരു വശം മാത്രം നോക്കിക്കൊണ്ടു് വിധി പറയുന്നവരും, ആശാപാശങ്ങൾക്കു് സർവ്വദാ അധീനരുമത്രെ. ഇങ്ങനെയുള്ള അടിസ്ഥാനമററ അപവാദങ്ങൾ ഇക്കൂട്ടർ അങ്ങുമിങ്ങും പറഞ്ഞു പരത്തുകയും തൽഫലമായി ഈ അസത്യങ്ങൾ ഒടുവിൽ വാസ്തവങ്ങളെന്നോണം ജനങ്ങളാൽ ആദരിക്കപ്പെടുകയും ചെയ്യുന്നതിന്നു് ഇട വരുന്നു. ഇങ്ങനെ ആവിർഭവിച്ചിട്ടുള്ളവയാണ് റോമാക്കെതിരായി പ്രോട്ടസ്റ്റാൻറുകാരുടെ ഇടയിൽ വേരൂന്നിപിടിച്ചിരിക്കുന്ന അപവാദങ്ങളിൽ ഭൂരിഭാഗവും.

# 21. ചെറിയ സുകൃതങ്ങൾ.

മനുഷ്യർ നിസ്സാരങ്ങളെന്നു ഗണിക്കാറുള്ള പല സംഗതികളും ഈശ്വര ദൃഷ്ടിയിൽ വിലയേറിയവയത്രെ. ദൈവം നിഷ്കളങ്ക ഹൃദയരേയും വിനീത മനസ്സരേയും കൂടുതൽ സ്നേഹിക്കുന്നുവെന്നു ക്രിസ്തീയ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. ബാഹ്യ ദൃഷ്ട്യാ പരിശോധിക്കുമ്പോൾ പുണ്യങ്ങൾ വലിയവയും ചെറിയവയും എന്നു രണ്ടു വിധം ഉണ്ടെന്നു കാണാം. ആദ്യത്തേവ, അതായതു മനുഷ്യർ മഹത്തരമായി കരുതുന്നവ, സകലരുടേയും ശ്രദ്ധയെ ആകർഷിക്കയും എല്ലാവരുടേയും പ്രശംസയ്ക്കു പാത്രീഭവിക്കയും ചെയ്യുന്ന സുപ്രസിദ്ധമായ സൽപ്രവൃത്തികളത്രെ. രണ്ടാമത്തേവ, അതായതു മനുഷ്യർ ചെറുതായി ഗണിക്കുന്നവകൾ, പൊതുജനങ്ങളുടെ ദൃഷ്ടിക്കു പ്രായേണ അവിഷയങ്ങളത്രെ. എങ്കിലും അവയാണു വിശുദ്ധിയിലും നന്മയിലും നമ്മുടെ ജീവിതത്തെ പരിപൂർണ്ണമാക്കുന്നതും അന്യരോട് സൗമ്യതയോടും ആദരവോടുംകൂടെ വർത്തിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതും. ഈ വിഷയത്തെക്കുറിച്ചു വി: ഫ്റാൻസീസ് ദെ സാലേസ് തനിക്കു സഹജമായ സരളരീതിയിൽ പറയുന്നതുകേട്ടാലും:—

"മററുള്ളവരാൽ പ്രശംസിക്കപ്പെടുവാൻ വേണ്ടി മഹത്തരങ്ങളായ സൽകൃത്യങ്ങൾ അനുഷ്ഠിക്കുവാനും അവയെപ്പററി കൊട്ടിഘോഷിക്കുവാനും എല്ലാവരും ആഗ്രഹിക്കുന്നു. എന്നാൽ മലഞ്ചരിവുകളിലും താഴ്വരകളിലും വളരുന്ന വയലററ്, ഡെയിസി മുതലായ ചെറുപുഷ്പങ്ങളെ ശേഖരിക്കുന്നതിൽ ആരുംതന്നെ ഗൗനിക്കാത്തതുപോലെ, നമ്മുടെ ജീവിതത്തിലെ ലഘു സുകൃതങ്ങളേയും സാധാരണ ആരും ശ്രദ്ധിക്കാറില്ല. എങ്കിലും മററനേക കുസുമങ്ങളെ അപേക്ഷിച്ച് പ്രസ്തുതപുഷ്പങ്ങൾ കൂടുതൽ സുരഭികളായിരിക്കുന്നതുപോലെ മേൽപ്പറഞ്ഞ ചെറിയ സുകൃതങ്ങളത്രെ ദൈവതിരുമുമ്പിൽ കൂടുതൽ പ്രസാദജനകമായിരിക്കുക. നമ്മുടെ ദിവ്യരക്ഷകൻെറ അമൂല്യ രക്തത്താൽ സമൃദ്ധിയായി നനച്ചു വളർത്തപ്പെടുന്നതും തനിക്കു ഏററവും അനുയോജ്യമായിരിക്കുന്നതും ഈദൃശ പുഷ്പങ്ങളത്രെ. എന്തുകൊണ്ടെന്നാൽ താൻ "ശാന്തശീലനും ഹൃദയ എളിമയുള്ളവനുമാകുന്നു"വെന്നു അവിടുന്ന് അരുളിച്ചെയ്തിരിക്കുന്നു".

മഹാമനസ്സ്കത, സഹനശക്തി, ആത്മധൈര്യം ആദിയായ ഭക്താധിരസാധാരണമായ മഹൽകൃത്യങ്ങളുടെ അനുഷ്ഠാനം എല്ലാവർക്കും സുസാധമല്ല. അവയ്ക്കുള്ള അവസരങ്ങളും ദുർല്ലഭങ്ങളത്രെ. എങ്കിലും ഈദൃശ പുണ്യങ്ങളെ ഏവരും ആഗ്രഹിക്കുന്നു. കാരണം അവ മററുള്ളവരുടെ ശ്രദ്ധയ്ക്കും പ്രശംസയ്ക്കും വിഷയീഭവിക്കുന്നവയാകുന്നെന്നതു തന്നെ. തൻമൂലം നമുക്കു പ്രകൃതിസിദ്ധമായുള്ള പ്രശംസാപ്രീയത്തെ പ്രശമിപ്പിക്കുന്നതിനു് അവ പര്യാപ്തങ്ങളായി ഭവിക്കുന്നു. പ്രത്യുത, നിസ്സാരങ്ങളെന്നു ഗണിച്ചുപോരുന്ന പുണ്യങ്ങൾ ലോക സാമാന്യത്തിന്നു ശ്രദ്ധാഗോചരമാകുന്നില്ല; അവയെ ലോകർ പ്രശംസിക്കുന്നുമില്ല; എല്ലാവരും അവയെ അശേഷം ഗൗനിക്കാതെ വിട്ടുകളയുന്നു. ഇതിൻെറ ഫലമായി ഈദൃശപുണ്യങ്ങളെ ആശിക്കുന്നവർ അവയെ പരിശീലിക്കുന്നതിൽ പ്രത്യേക മനോനിഷ്ഠയും, കൃത്യശ്രദ്ധയും, ഉദ്ദേശ്യശുദ്ധിയും ഉള്ളവരായിരിക്കേണ്ടതു് അത്യാവശ്യമത്രെ.

സ്വേച്ഛയെ ബലികഴിച്ചു് അന്യനു കീഴ്‌വഴങ്ങുന്നതിനും, നമ്മുടെ അയൽക്കാരുടെ വീഴ്ചകൾ വകവെയ്ക്കാതെ ജീവിക്കുന്നതിനും, അന്യരുടെ ഉപദ്രവങ്ങളെ സഹിക്കുന്നതിനും മററും നമുക്കു എത്ര പുണ്യപൂർണ്ണത വേണ്ടിയിരിക്കുന്നു! അടിസ്ഥാന രഹിതമായ കുററാരോപണങ്ങളും സ്വസഹോദരരിൽ നിന്നു് ഉളവാകുന്ന ശല്യങ്ങളും സസന്തോഷം സഹിക്കുവാൻ ഒരുത്തനെ പ്രാപ്തനാക്കുന്ന ക്ഷമ എത്ര ശ്ലാഘനീയം! ഇതുപോലെ തന്നെ നമ്മുടെ അപേക്ഷകൾ തിരസ്കരിക്കപ്പെട്ടപ്പോൾ സംതൃപ്തരായിരിക്കുവാനും, ഉപകാരികളുടെ നേരെ കൃതജ്ഞതാപൂർവ്വം പെരുമാറുവാനും, കീഴുള്ളവരുടെ നേരെ കരുണയോടും സ്നേഹാദരവോടും കൂടെ വർത്തിക്കുവാനും നമ്മെ പ്രേരിപ്പിക്കുന്നവയെല്ലാം എത്ര സ്തുത്യർഹം! ഇവയെല്ലാം നിസ്സാര കൃത്യങ്ങളായി നാം ഗണിക്കുന്നു. വി: ഫ്രാൻസീസ് ദെ സാലെസ് 'ശോഭനങ്ങളും ആകർഷണിയങ്ങളും' എന്നു് നാമകരണം ചെയ്യുന്ന ആഡംബരബഹുലമായ ബാഹ്യപ്രവൃത്തികളെ നാം അന്വേഷിക്കുന്നു. എന്നാൽ ജീവിതം ചെറിയ പ്രവൃത്തികളുടെ ഒരു ചങ്ങലയാണെന്നു നാം ഓർക്കുന്നില്ല. ഒരു വലിയ സമ്പാദ്യം ഉടനടി ഉണ്ടാക്കാൻ സാധിച്ചുവെന്നു വരുന്നതല്ലല്ലൊ. ദിവസേന സമ്പാദിക്കുന്ന ദ്രവ്യത്തിൽനിന്നു് അല്പം സംഗ്രഹിച്ചു വച്ചാൽ അതു് കാലാന്തരത്തിൽ നമുക്കൊരു വലിയ നിക്ഷേപമായിത്തീരും. ലൌകികസമ്പത്തിൻേറതുപോലെ തന്നെ

യാണ് സ്വർഗ്ഗീയ സമ്പത്തിൻേറയും സ്ഥിതി. സാധാരണയുള്ള സാഹചര്യങ്ങളെ പ്രയോജനകരമാക്കി ദൈവത്തെ ശുശ്രൂഷിക്കുന്നതായാൽ അല്പകാലത്തിനുള്ളിൽ ഏററവും വലിയ ഒരു ആദ്ധ്യാത്മിക നിക്ഷേപം സ്വർഗ്ഗരാജ്യത്തിൽ ശേഖരിക്കുവാൻ നമുക്കു സാധിക്കും.

ഇത്ര എളുപ്പമായ വിധത്തിൽ ദൈവത്തെ തുഷ്ടിപ്പെടുത്തുവാനും നിത്യഭാഗ്യം നേടുവാനും കഴിയുന്നതുകൊണ്ടു നാം സന്തോഷിക്കേണ്ടതല്ലയൊ? ഒരു വിനാഴികപോലും നഷ്ടമാക്കി കളയാതിരിക്കാൻ നാം സൂക്ഷിക്കണം. നമ്മുടെ ഏററവും സാധാരണമായ പ്രവൃത്തികളേയും നിഷ്പ്രയാസം ചെയ്യാവുന്ന ജോലികളേയും ഇഹലോക ജീവിതത്തിൽ അനുഭവിക്കേണ്ടുന്ന ബുദ്ധിമുട്ടുകളേയും ദൈവസ്തുതിക്കായി സമർപ്പിച്ച് ആ പ്രവൃത്തികളെ ദൈവസന്നിധിയിൽ വിലയേറിയവയാക്കിത്തീർക്കണം. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ സകലതും മിശിഹായെപ്രതി നാം ചെയ്യണം. കേവലം നിസ്സാരജീവിയായ എറുമ്പുപോലും നമുക്കു ഈ പ്രകൃതത്തിൽ ഒരു നല്ല ദൃഷ്ടാന്തമാണ്. വേനൽക്കാലത്തു കുറേശ്ശേ ധാന്യങ്ങളും മററു സാധനങ്ങളും ഈ ജന്തു ശേഖരിച്ചുവയ്ക്കുന്നു. തൻമൂലം വർഷകാലത്ത് അവ പട്ടിണി കിടക്കേണ്ടിവരുന്നില്ല. ഇതുപോലെ തന്നെ, മരണശേഷം നിത്യഭാഗ്യം അനുഭവിക്കേണമെങ്കിൽ ഈ ജീവിതത്തിൽ സാധാരണ ലഭിക്കുന്ന സന്ദർഭങ്ങളെ ഫലപ്രദമാംവണ്ണം വിനിയോഗിച്ച് നാം മോക്ഷരാജ്യത്തിലേയ്ക്കു നിക്ഷേപം ശേഖരിക്കേണ്ടിയിരിക്കുന്നു.



## 22. ദീനാനുകമ്പ.

വിശ്രുതനായ ഫ്റഞ്ച്യ ഡോക്ടർ ഡ്യൂപ്യൂട്രൻ പ്രകൃത്യാ ഉദാര ശീലനും ദയാലുവുമായിരുന്നു. അയാളുടെ ദീനാനുകമ്പയ്ക്കു സമ്മാന മായി ദൈവം അയാൾക്ക് നൽകിയ അമൂല്യാനുഗ്രഹത്തെപ്പററി ഇവിടെ അല്പം പ്രസ്താവിക്കാം.

ഒരു ദിവസം ഒരു വൈദികൻ ഡോക്ടരുടെ പരിശോധനമുറി യിലേക്കു കടന്നുചെന്നു. സാധാരണ രീതിയിലുള്ളതും ദാരിദ്ര്യ സൂ ചകവുമായ വസ്ത്രം ധരിച്ച് അവിടെ ഡോക്ടരെ കാത്തുനില്ക്കുന്ന ആ പുരോഹിതൻ ആരായിരിക്കാം? വൈദികനോടു തൻെറ സന്ദർ ശനോദ്ദേശ്യം എന്താണെന്ന് ഡോക്ടർ ചോദിച്ചു. താൻ വേർസായി ലെസ് രൂപതയിൽപെട്ട ഒരു ചെറിയ ഇടവകയിലെ വികാരിയാ ണെന്നും, തൻെറ തലയിലുള്ള ഒരു പരു തന്നെ വല്ലാതെ വേദനി പ്പിക്കുന്നതിനാൽ ഇടവകക്കാരുടെ പ്രേരണപ്രകാരം താൻ അതി ന്നു ഒരു പ്രതിവിധി ആവശ്യപ്പെടുന്നതിന്നു വന്നിരിക്കുകയാണെ ന്നും അദ്ദേഹം പറഞ്ഞു. പരിശോധനാനന്തരം ഡോക്ടർ ആ സാ ധു വൈദികനോടു, "നിങ്ങൾ ഇനി ഇവിടെ വരേണ്ട ആവശ്യമു ണ്ടെന്നു തോന്നുന്നില്ല. ഈ സുഖക്കേടു ഭേദമാകുന്ന കാര്യം തീരെ അസാദ്ധ്യമാണ്," എന്നു പറഞ്ഞു. വൈദികനാകട്ടെ യാതൊരു ദുഃഖഭാവവും കാണിക്കാതെ തിരിച്ചുപോകുന്നതിനൊരുങ്ങി. വൈ ദ്യനെ ബുദ്ധിമുട്ടിച്ചതിന് അയാളോടു മാപ്പുചോദിച്ചുകൊണ്ട് അ ദ്ദേഹം പുറത്തിറങ്ങി തൻെറ വസതിയെ ലാക്കാക്കി നടന്നു. ഈ വിവരമറിയുമ്പോൾ തൻെറ പ്രിയപ്പെട്ട ജനങ്ങൾ അത്യധികം വ്യ സനിക്കുമല്ലോ എന്നതായിരുന്ന് അദ്ദേഹത്തിനു അപ്പോൾ ഉണ്ടാ യിരുന്ന ഒരേ സങ്കടം.

വൈദികൻെറ ശാന്തഭാവവും പരിത്യാഗശീലവും കണ്ടു വി സ്മയ ഭരിതനായ ഡോക്ടർക്കു വൈദികൻെറ പേരിൽ അത്യധികം കരുണ തോന്നി. അയാൾ അഛനെ വീണ്ടും തൻെറ മുറിയിലേ ക്കു വിളിച്ചുകൊണ്ടിപ്രകാരം പറഞ്ഞു, നിങ്ങൾ അടുത്ത വ്യാഴാഴ്ച ആസ്പത്രിയിൽ വരുന്നപക്ഷം ഞാൻ ഒരു ശസ്ത്രക്രിയ നടത്തിനോ ക്കാം. അതു വിജയകരമാകുമെങ്കിൽ നിങ്ങളുടെ രോഗവും നിശ്ശേഷം ഭേദമാകും. സമ്മതമാണെങ്കിൽ അടുത്ത വ്യാഴാഴ്ച ആസ്പത്രിയിലേ ക്കു വരിക". അങ്ങനെ ചെയ്യാമെന്നു വാഗ്ദാനവും ചെയ്തുകൊണ്ട് നമ്മുടെ വൈദികൻ മടങ്ങി.

നിശ്ചിത ദിവസം ഡോക്ടർ ആസ്പത്രിയിൽ വന്നപ്പോൾ ആദ്യം കണ്ടതു നമ്മുടെ വൈദികനെയായിരുന്നു. ശസ്ത്രക്രിയ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന വേദനമൂലം കൈകാലുകൾ ഇളകാതിരിക്കേണ്ടതിന് അദ്ദേഹത്തെ മുറുകെ പിടിച്ചുകൊള്ളുവാൻ ഡോക്ടർ തൻെറ സഹായകന്മാരിൽ രണ്ടുപേരോടാജ്ഞാപിച്ചു. അതിന് ആവശ്യമില്ലെന്ന് പറയുവാനൊ എന്നു തോന്നുമാറു ആ വൈദിക സത്തമൻ തൻെറ കണ്ണുകളെ ഡോക്ടരുടെ നേർക്കു തിരിച്ചു. അപ്രകാരം ആ കൃത്യം കഴിയുന്നതുവരെ അദ്ദേഹം അനങ്ങുകയൊ ഏതെങ്കിലും വ്യസനഭാവം കാണിക്കുകയൊ ഉണ്ടായില്ല. മുറിവിൽനിന്നും രക്തം ധാരാളമായി പ്രവഹിച്ചിരുന്നു. അസഹ്യമായ വേദനയും അദ്ദേഹത്തിനുണ്ടായി. എങ്കിലും യാതൊരക്ഷരവും മിണ്ടാതെ തൻെറ കയ്യിലുണ്ടായിരുന്ന ക്രൂശിക്കപ്പെട്ട യേശുവിൻെറ രൂപം നോക്കിക്കൊണ്ടു കിടന്നിരുന്ന ആ അമാനുഷ പുരുഷനെകാണുവാനിടയായവരെല്ലാം അദ്ദേഹത്തിൻെറ അപാരമായ ക്ഷമയേയും ശാന്തതയേയും വീണ്ടും വീണ്ടും പ്രശംസിച്ചു.

അടുത്ത ദിവസം രാവിലെ തമ്മിൽ കണ്ടുകൊള്ളാമെന്ന് പറഞ്ഞു ഡോക്ടർ തല്ക്കാലം അവിടെനിന്നും യാത്രയായി. പിറേറദിവസം രോഗിയെ പരിശോധിച്ചുകഴിഞ്ഞു സന്തുഷ്ടനായ ഡോക്ടർ വൈദികനോട്, "എല്ലാം ശരിയായിരിക്കുന്നു. ഇനി നിങ്ങൾക്കു യാതൊരപകടവുമില്ല,'' എന്നു പറഞ്ഞു. ദൈവചിത്തത്തിന് സ്വയം കയ്യാളിച്ചിരുന്ന ആ വൈദികൻ ഡോക്ടരുടെ കൈ പിടിച്ചുകൊണ്ടിപ്രകാരം പറഞ്ഞു, "ഇടവകക്കാരുടെ പേൎക്ക് ഞാൻ നിങ്ങളോട് ഹൃദയപൂൎവ്വം നന്ദി പറഞ്ഞുകൊള്ളുന്നു. എൻെറ ദീനം സുഖമായതിൽ അവൎക്കാണ് എന്നെക്കാൾ കൂടുതൽ സന്തോഷം. അവരും ഞാനും നിങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കും''. ചുരുങ്ങിയ ദിവസത്തിനുള്ളിൽ പൂൎണ്ണ സുഖം പ്രാപിച്ച് വൈദികൻ തൻെറ ഇടവകയിലേക്കു മടങ്ങുകയും ചെയ്തു.

മാസങ്ങൾ പലതു കഴിഞ്ഞു. ഒരു ദിവസം നമ്മുടെ ഡോക്ടർ തൻെറ മുറിയിൽ ഒരു രോഗിയെ പരിശോധിച്ചുകൊണ്ട് നില്ക്കുന്നു. അതാ ഒരുവൈദികൻ അവിടേയ്ക്കു കയറിച്ചെല്ലുന്നു. കൎത്തവ്യാനുഷ്ഠാനനിരതനായ ഡോക്ടർ അതൊന്നും അറിയുന്നില്ല കയ്യിലുണ്ടായിരുന്ന സഞ്ചി താഴെ വച്ചുകൊണ്ട് വൈദികൻ അവിടെ സ്വസ്ഥനായി നിന്നു. ഡോക്ടർ പുറകിലേയ്ക്കു തിരിഞ്ഞു നോക്കിയപ്പോൾ കണ്ടതു നമ്മുടെ വൈദികനെയാണ്. അദ്ദേഹത്തിൻെറ മുഖം ഡോക്ടർക്ക്

സുപരിചിതമായിരുന്നു. അതെ, താൻ കുറച്ചു മാസങ്ങൾക്കു മുമ്പു ചികിത്സിച്ചു സുഖപ്പെടുത്തിയ ആ സാധു വൈദികൻ തന്നെയായിരുന്നു അതു്. കുശലപ്രശ്നങ്ങൾ കഴിഞ്ഞു വൈദികൻ, "എന്നെ സുഖപ്പെടുത്തിയതുകൊണ്ടു എന്റെ ജനങ്ങൾ താങ്കളോടു് അത്യധികം കൃതജ്ഞതയുള്ളവരായിരിക്കുന്നു. അവരുടെ സ്നേഹബഹുമാനങ്ങളെ പ്രദർശിപ്പിക്കുന്നതിന്നു് അവർ ഈ ചെറിയ സമ്മാനം നിങ്ങൾക്കു് തന്നയച്ചിരിക്കുന്നു" എന്നു് പറഞ്ഞു അദ്ദേഹം കൊണ്ടുവന്നിരുന്ന സാമാനങ്ങൾ ഡോക്ടരുടെ കയ്യിൽ കൊടുത്തു. വൈദികന്റേയും ജനങ്ങളുടേയും അത്യഗാധമായ കൃതജ്ഞത കണ്ടു് സന്തുഷ്ടനായ ഡോക്ടർ അതു സ്വീകരിച്ചു അദ്ദേഹത്തെ മടക്കി അയച്ചു.

വർഷങ്ങൾ പലതു ശീഘ്രത്തിൽ കഴിഞ്ഞുപോയി. വൈദികന്റെ സ്മരണ ഡോക്ടരുടെ സ്മൃതിപഥത്തിൽ നിന്നും മറഞ്ഞുകഴിഞ്ഞിരുന്നു. തന്റെ ദീനം അപകടകരമാണെന്നു അയാൾക്കു പൂർണ്ണവിശ്വാസമായി. തനിക്കു മരണം അടുത്തിരിക്കുന്നുവെന്നും മരണാനന്തരം തന്റെ ജീവിതത്തിന്റെ ശരിയായ ഒരു കണക്കു കൊടുക്കേണ്ടതാണെന്നും ഓർത്തു അയാൾ പരിഭ്രമിച്ചു. മരണാസന്നനായ തനിക്കു് ദൈവത്തോടു രമ്യപ്പെട്ടു നല്ല മരണം മരിക്കുന്നതിന്നു് ഒരു വൈദികന്റെ സഹായം അത്യാവശ്യമാണെന്നും അയാൾക്കു ബോദ്ധ്യമായി. ഒരിക്കൽ താൻ സുഖപ്പെടുത്തിയ ആ വൈദികന്റെ ഓർമ്മ ഉടനടി അയാൾക്കുണ്ടായി. തൽക്ഷണം അദ്ദേഹത്തെ കൂട്ടിക്കൊണ്ടു വരുന്നതിനു ആളെ അയച്ചു. കുറച്ചു സമയത്തിനുള്ളിൽ അദ്ദേഹം ഡോക്ടരുടെ കിടക്കയ്ക്കരികിൽ എത്തി അദ്ദേഹത്തെ മരണത്തിന്നു് ഒരുക്കുവാൻ തുടങ്ങി. ഡോക്ടർ ഒരു മുഴുവൻ കുമ്പസ്സാരം കഴിച്ചു ഭാഗ്യമരണം പ്രാപിച്ചു. "ആരെങ്കിലും എന്റെ ശിഷ്യനെന്നുവെച്ചു് ഈ ചെറിയവരിൽ ഒരുത്തനു ഒരു പാത്രം പച്ചവെള്ളംപോലും കൊടുത്താൽ അവന്നു് അതിന്റെ പ്രതിഫലം പൊയ്പോകയില്ലെന്നു ഞാൻ നിങ്ങളോടു സത്യമായി പറയുന്നു". എന്ന ദൈവ വാക്യം അക്ഷരംപ്രതി നിറവേറി. വൈദികനോടു ഡോക്ടർ കാണിച്ച അനുകമ്പയ്ക്കു ദൈവം അയാൾക്കു ചെയ്ത പ്രത്യുപകാരം എത്ര വലുതു്! കർത്താവെ ഞങ്ങൾക്കു് ഉപകാരം ചെയ്യുന്നവർക്കെല്ലാം നിന്റെ തിരുനാമത്തെക്കുറിച്ചു് നിത്യഭാഗ്യം കൊടുത്തരുളേണമെ!

## 23. പിതൃഭക്തി.

"വൃദ്ധത്വമാൎന്ന തവ താതനെ വേണ്ടവണ്ണം
ബുദ്ധ! പ്രമോദമോട്ടു താങ്ങുക ജാതവേഗം;
ശുദ്ധപ്രസാദമുളവാക്കുക ജീവകാലേ
ബദ്ധപ്പെടേണമതിനായുമനല്പമെന്നും."


ഫ്റാൻസിൻെറ തലസ്ഥാനമായ പാരീസിന്നടുത്തുള്ള ഒരു കു ഗ്രാമത്തിൽ ഒരു ദരിദ്ര കുടുംബം നിവസിച്ചിരുന്നു. അഞ്ചംഗങ്ങള ടങ്ങിയ ആ കുടുംബം— അപ്പനും അമ്മയും മൂന്നു ആൺ കുട്ടിക ളും—മറേറവരുടേയും അനുകമ്പയ്ക്കും ശ്രദ്ധയ്ക്കും പാത്രീഭവിച്ചിരു ന്നു. അവർ ഉപജീവനംപോലും കഴിച്ചിരുന്നതു വളരെ അരിഷ്ടി ച്ചാണ്. ഇന്നിയും പതിനഞ്ചു വയസ്സു തികഞ്ഞിട്ടില്ലാത്ത മൂത്ത പു ത്രൻ ളൂയിസിൻെറ പ്രയത്നഫലം കൊണ്ടാണ് അവർ അഞ്ചുപേ രും ഉപജീവനം കഴിച്ചു വന്നതു്. അവൻ നല്ല ബുദ്ധിയും ചൊടി ചൊടിപ്പുമുള്ള ഒരു ബാലനായിരുന്നു. തൻമൂലം മാതാപിതാക്കന്മാ ൎക്കും അയൽവാസികൾക്കും അവൻെറനേരെ എന്തെന്നില്ലാത്ത വാ ത്സല്യം ജനിച്ചു. മൂന്നുകൊല്ലക്കാലമായിട്ടു അവൻ വിൻസൻറ് പു ണ്യവാൻെറ സഭക്കാരാൽ നടത്തപ്പെടുന്ന ഒരു ശില്പശാലയിൽ ജോലി അഭ്യസിച്ചു വരികയാണ്. ഇതിനിടയിൽ സ്വഭാവഗുണം കൊണ്ടു് അവൻ പണിസ്ഥലത്തു് എല്ലാവരുടേയും സന്തോഷാദരവു കൾക്കു പാത്രീഭൂതനായിത്തീൎന്നിരിക്കുന്നു. കൂട്ടപണിക്കാരും യജമാ നനും അവനെ ഒരുപോലെ സ്നേഹിക്കുന്നുണ്ടു്. ചുരുക്കിപ്പറയുന്ന തായാൽ ജോലിസ്ഥലത്തു അവൻ ഏവൎക്കും ഒരുത്തമ മാതൃകയും വീട്ടിൽ ഒരു കാവൽമാലാഖായുമായിരുന്നു.

മൂന്നുമാസമായിട്ടു ഇവൻെറ പിതാവു് രോഗബാധിതനായി പ ണിചെയ്യുന്നതിനു നിവൃത്തിയില്ലാതെ കിടപ്പിലാണു്. അതിനാൽ വീട്ടുകാൎയ്യങ്ങൾ നടത്തേണ്ട ഭാരം മുഴുവനും ഗുണവാനായ നമ്മുടെ ബാലനിൽതന്നെ വന്നുകൂടി. വേനല്ക്കാലത്തു സമ്പാദിച്ചുവെച്ചി രുന്ന സ്വല്പധനം വേഗത്തിൽ ചിലവായിപ്പോയി. തൻെറ ജോ ലികൊണ്ടുതന്നെ വീട്ടിൽ അവശ്യം നടക്കേണ്ട ആവശ്യങ്ങൾ എ ല്ലാം നടക്കാതായി. ആകപ്പാടെ അവൻ വലിയ കഷ്ടസ്ഥിതിയിൽ കുടുങ്ങി. ഒരുദിവസം നമ്മുടെ ചെറുപ്പക്കാരൻ പണികഴിഞ്ഞു വീ

ട്ടിൽ എത്തിയപ്പോൾ ഭക്ഷണത്തിന്നു ഒന്നുമില്ലായ്കയാൽ എല്ലാവരും വ്യസനിച്ചിരിക്കുന്നതാണ് കണ്ടതു്. ലൂയീസിനു് ഉടനെ കാര്യം മനസ്സിലായി. ഭക്ഷണത്തിന്നു ഒന്നുംതന്നെ വീട്ടിൽ ഉണ്ടായിരുന്നില്ല. കുട്ടികൾ വിശന്നു നിലവിളിക്കുന്നു. രോഗബാധിതനായ പിതാവു അന്നു നിരാഹാരവ്രതം അനുഷ്ഠിക്കയാണ്. അവരുടെ വ്യസനം കണ്ടു് ഉള്ളംതകർന്ന അമ്മയാകട്ടെ ലൂയിസിനെ കണ്ടപ്പോൾ പൊട്ടിക്കരഞ്ഞുപോയി. ദിവസം മുഴുവനും ജോലി ചെയ്തു ക്ഷീണിച്ചുവന്ന ലൂയിസ് ഇതെല്ലാംകണ്ടു് എന്തുചെയ്യണമെന്നറിയാതെ കുറച്ചുനേരത്തേക്കു് മൌനമായിരിക്കയാണുണ്ടായതു്. അല്പംകഴിഞ്ഞു് അവൻ മുറിയിൽ പ്രവേശിച്ചു തൻെറ ഉടുപ്പുകൾ ധരിച്ചു് ക്ഷണം മടങ്ങിവരാമെന്നുപറഞ്ഞുകൊണ്ടു വീട്ടിൽനിന്നിറങ്ങിപ്പോയി. ഏകദേശം അർദ്ധരാത്രിയായപ്പോഴേയ്ക്കും കുറെ അപ്പവും മററു ഭക്ഷണപദാത്ഥങ്ങളുമായി മടങ്ങി എത്തി. മാതാപിതാക്കന്മാരും സഹോദരന്മാരും സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അയാളെ ആലിംഗനം ചെയ്തു. അയാൾക്കിത്രവേഗം ഈ ഭക്ഷണസാധനങ്ങൾഎങ്ങനെകിട്ടി? ഒരുപക്ഷെ അവ അയാൾ വല്ലിടത്തുനിന്നും മോഷ്ടിച്ചതായിരിക്കുമൊ? ഹേ! അതു ഒരിക്കലും സംഭാവ്യമല്ല. ലൂയിസിനെ നല്ലപോലെ മനസ്സിലാക്കിയിരുന്ന അവൻെറ മാതാപിതാക്കന്മാർക്കു്, അങ്ങനെ സംശയിക്കാൻപോലും കാരണമുണ്ടായിരുന്നില്ല. അന്നു വൈകുന്നേരം റോട്ടിൽ അങ്ങുമിങ്ങും കിടന്നിരുന്ന കടലാസ്സുകഷണങ്ങളുംമററും പെറുക്കി എടുത്തുകൊണ്ടു നടന്നിരുന്ന ഒരു ബാലനെ ആ റോട്ടിൽക്കൂടി സഞ്ചരിപ്പാൻ ഇടയായവരെല്ലാം കണ്ടിരിക്കും. കാര്യമായ ജോലിയൊന്നും ചെയ്യാതെ 'തെണ്ടിനടക്കുന്ന' അങ്ങാടിപ്പിള്ളേരിലൊരുത്തനെന്നൊ, അഥവാ ഭ്രാന്താസ്പത്രിയിൽ അയക്കേണ്ടവനെന്നൊ, അവനെ കണ്ടവരെല്ലാം സംശയിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ അന്യദൃഷ്ടികൾക്കു് ഭ്രാന്തതുല്യനായി കാണപ്പെട്ട ആ ബാലൻ നമ്മുടെ ലൂയിസല്ലാതെ വേറെ ആരും അല്ലായിരുന്നു. അതെ, പിതൃഭക്തി ഒന്നുമാത്രമാണ് ഈ നികൃഷ്ടവൃത്തിക്കുപോലും അവനെ പ്രേരിപ്പിച്ചതു്. കടലാസ്സുകഷണങ്ങളും മററും പെറുക്കി എടുത്തു വിററുകിട്ടിയ പണംകൊണ്ടാണ് അവൻ അന്നു് ആ റൊട്ടിയുംമററും വാങ്ങിച്ചുകൊണ്ടുവന്നതു്. ഇപ്രകാരം, നീചവൃത്തി ചെയ്തുപോലും തൻെറ മാതാപിതാക്കന്മാരെ സംരക്ഷിക്കാൻ വേണ്ട ധൈര്യമുണ്ടായിരുന്ന ആ കുട്ടിയെ ദൈവം അനുഗ്രഹിച്ചു; വേണ്ടത്ര ഭക്ഷണ

സാധനം ശേഖരിപ്പാൻ അവനു സാദ്ധ്യമാകയും ചെയ്തു. ഇപ്രകാരം അവൻ തൻെറ കുടുംബത്തെ സംരക്ഷിച്ചുപോന്നു.

മാതാപിതാക്കന്മാരെ വേണ്ടപോലെ ബഹുമാനിക്കയും ആദരിക്കയും ചെയ്യാത്ത ആധുനിക യുവലോകത്തിനു നമ്മുടെ ളൂയീസ് ഒരുത്തമാദർശമാണു്. അയാളുടെ പിതൃഭക്തിയെ നമ്മുടെ യുവാക്കന്മാരും അനുകരിക്കുന്നപക്ഷം കുടുംബങ്ങളിൽ എത്ര ആശ്വാസവും സമാധാനവുമുണ്ടാകുമായിരുന്നു!. തങ്ങളുടെ കുട്ടികളുടെ ദുർന്നടത്തമൂലം തലയിൽ കയ്യുംവെച്ചു വിലപിക്കുന്ന മാതാപിതാക്കന്മാർ നമ്മുടെ നാട്ടിൽ ഒട്ടും കുറവല്ല. "നമ്മെ സംരക്ഷിച്ച മാതാപിതാക്കന്മാരെ സംരക്ഷിക്കുന്നതിനു നീതിപ്രകാരം നമുക്കു കടമയുണ്ടെന്നുള്ള വസ്തുത നാം വിസ്മരിക്കരുതു്". അതിനാൽ ഭാവിലോകത്തെ അലങ്കരിക്കുവാനുള്ള യുവജനങ്ങളെ!, നിങ്ങളുടെ മാതാപിതാക്കന്മാരെ നിങ്ങൾ സ്നേഹിപ്പിൻ! അവരുടെ ആവശ്യങ്ങളിൽ നിങ്ങൾ അവരെ കഴിയുന്നത്ര സഹായിപ്പിൻ! ഇങ്ങനെ ചെയ്താൽ നിങ്ങൾ ഇഹത്തിലും പരത്തിലും ഭാഗ്യവാന്മാരായിരിക്കും.



## 24. വിജയനാഥ.

പാരീസിലെ വ്യവസായ കേന്ദ്രങ്ങളിൽ ഒന്നും, ക്രൈസ്തവ നിവാസം കുറഞ്ഞതുമായ ഒരു വലിയപട്ടണത്തിൻെറ ഉൾഭാഗത്ത് ഒളിഞ്ഞു കിടക്കുന്ന ഒരു ദേവാലയത്തിന് നൽകിയിരിക്കുന്ന പേരാണ "വിജയനാഥ' എന്നത്. ബാഹ്യാഡംബരരഹിതമായ ആ ദേവാലയത്തിൻെറ പരിസരപ്രദേശങ്ങൾ 1836 - വരെ അതിൻെറ ഇടവകക്കാക്കപോലും അപരിചിതമായിരുന്നു. യഥാൎത്ഥത്തിൽ അതു ഒരു ഇടവകപ്പള്ളി ആയിരുന്നുവെങ്കിലും മതാനുഷ്ഠാനങ്ങൾക്കു വന്നിരുന്നവരുടെ സംഖ്യ വളരെ തുച്ഛമായിരുന്നു. ദൈവ ഭക്തരും മതതീക്ഷ്ണതയുള്ളവരും ആയ അനേകം വന്ദ്യ വൈദികരുടെ നിരന്തര പ്രോത്സാഹനങ്ങൾ കൊണ്ടുപോലും ആ ഇടവകക്കാക്കു മതകാൎയ്യങ്ങളിൽ ലേശവും ശ്രദ്ധയുണ്ടായില്ല. ഉദ്ദേശം 70000 വിശ്വാസികൾ അടങ്ങിയ ആ ഇടവകയിൽ കഷ്ടിച്ചു പത്തൊ ഇരുപതൊ പേർ മാത്രമെ കൂദാശകൾ കൈക്കൊള്ളുന്നതിൽ ഉൽസുകരായിരുന്നുള്ളു.

ഇന്ന് ഈ ചെറിയ ദേവാലയം ലോകത്തിലെ അപരിഷ്കൃത രാജ്യങ്ങൾക്കുപോലും സുപരിചിതമാണ്. വിശ്വവിഖ്യാതമായ ഇതിൻെറ നാമ ശ്രവണ മാത്രയിൽ ഇന്ന് എല്ലാവരും ആനന്ദ ഭരിതരായി ഭവിക്കുന്നു. "വിജയനാഥ" എന്ന സ്ഥലം പാരീസിലും പരിസരപ്രദേശങ്ങളിലും ഉള്ള സകല ഭക്തന്മാർക്കും ഇക്കാലത്ത് ഒരു പുണ്യസ്ഥലമായി തീൎന്നിരിക്കുന്നതിൽനിന്നുതന്നെ അതിൻെറ വിലയും നിലയും എത്രാണ്ടെന്നു ഊഹ്യമാണ്. പ്രതിദിനം ആ ദേവാലയത്തിൽ ഉണ്ടാകാറുള്ള ജനബാഹുല്യത്താൽ ദിവ്യകൎമ്മാദികളിൽ സംബന്ധിക്കുവാൻ വരുന്നവർ കാലെകൂട്ടി അതിനുള്ളിൽ സ്ഥലം പിടിക്കുന്നു. ചുരുങ്ങിയകാലത്തിനുള്ളിൽ അതിനു ഇത്ര വലുതായ ഒരു മാററം സംഭവിക്കുവാനുണ്ടായ കാരണം എന്തായിരിക്കാം! അത് അവിടെ പ്രത്യേകവിധത്തിൽ കാണപ്പെട്ട ഈശ്വരപ്രഭാവം ഒന്നുതന്നെയായിരുന്നു. 'ഡെസ്ജെനററി' എന്നു പേരുള്ള വയോധികനായ ഒരു വന്ദ്യ പുരോഹിതൻ ഉദ്ദേശം നാലു വർഷത്തോളം ഈ ദേവാലയത്തിൻെറ ഭരണം കയ്യേററു നടത്തുകയുണ്ടായി. ആ നാട്ടുകാരെ മാനസാന്തരപ്പെടുത്തുവാൻ വേണ്ടി അ

തുവരെ താൻ ചെയ്ത ശ്രമമെല്ലാം നിഷ്ഫലപ്പെട്ടു കാണുകയാൽ അദ്ദേഹം ആ പരാജയത്തിനുള്ള കാരണം തന്റെ അയോഗ്യതതന്നെ ആയിരിക്കാം എന്നു വിചാരിച്ച് അവിടത്തെ പ്രേഷിതജോലി കുറെക്കാലത്തേക്കു പാരീസിലെ മേൽപ്പട്ടക്കാരനിൽ സമർപ്പിക്കുവാൻ ശ്രമിച്ചുവരികയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹം ദിവ്യപൂജ അർപ്പിച്ചുകൊണ്ടു നിൽക്കുമ്പോൾ വ്യക്തവും ശ്രവണമധുരവുമായ ഒരു അശരീരി ശബ്ദം കേട്ടു, "നീ നിന്റെ ദേവാലയത്തേയും ഇടവകയേയും പരിശുദ്ധ കന്യക മറിയത്തിന്റെ നിർമ്മല ഹൃദയത്തിന് പ്രതിഷ്ഠിക്ക". അതുകേട്ടു പരിഭ്രമിച്ചു വശായ ആ സാധു വൈദികൻ ഇതു ഒരു പൈശാചിക പരീക്ഷയായിരിക്കുമോ എന്നു ആദ്യം അന്ധാളിച്ചുപോയി. അനന്തരം അദ്ദേഹം ഒരു ദീർഘശ്വാസത്തോടെ തന്നോടുതന്നെ ഇപ്രകാരം പറഞ്ഞു. "ഞാൻ ഒരു നിർഭാഗ്യ പുരോഹിതനാണ്. മാത്രമല്ലാ, ഇതാ ഇപ്പോൾ എന്റെ ശക്തി ക്ഷയിച്ച്, ഞാൻ കേവലം ഒരു ഭ്രാന്തനെപ്പോലെ ചമഞ്ഞിരിക്കുന്നു. താമസംവിനാ എന്റെ ഈ പ്രേഷിതവൃത്തിയെ ഞാൻ ഉപേക്ഷിക്കണം". ഇങ്ങനെ വിചാരിച്ചുകൊണ്ട് അദ്ദേഹം ദിവ്യപൂജ അവസാനിപ്പിച്ചു. പലവിധം മനഃക്ലേശങ്ങൾ അദ്ദേഹത്തെ അലട്ടുവാൻ തുടങ്ങി. ഒടുവിൽ തന്റെ പ്രേഷിതജോലി രാജിവെക്കുവാൻതന്നെ അദ്ദേഹം നിശ്ചയിച്ചു.

ഒരവസരത്തിൽ അദ്ദേഹം തന്റെ ഏകാന്തമായ മുറിയിൽ മുട്ടിന്മേൽ നില്ക്കുകയായിരുന്നു. തന്റെ നിശ്ചയത്തെ അദ്ദേഹം മെത്രാനെ അറിയിക്കുവാൻ വിചാരിക്കയിൽ മുൻപുകേട്ട അശരീരി വാക്യം ഒരിക്കൽകൂടി ഇങ്ങനെ ഗൗരവസ്വരത്തിൽ മുഴങ്ങി. "നീ, നിന്റെ ഇടവകയേയും ദേവാലയത്തേയും പരിശുദ്ധ കന്യകമറിയത്തിന്റെ പരിപാവന ഹൃദയത്തിനു പ്രതിഷ്ഠിക്ക"! ഭയവിഹ്വലനായ ആ വന്ദ്യ വൈദികൻ തനിക്കുണ്ടായ അനുഭവത്തെപ്പററി പിന്നെ ഒരിക്കലും സംശയിക്കയുണ്ടായില്ല. ഈ കൃത്യനിർവ്വഹണത്തിൽ തന്നെ സഹായിക്കണമെന്നു ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് ആ വൈദികൻ അശരീരിവാക്യമനുസരിച്ചു പ്രവർത്തിപ്പാൻ ആരംഭിച്ചു. ഏററവും പരിശുദ്ധയും അമലോത്ഭവയുമായ കന്യകമറിയത്തിന്റെ ബഹുമാനാർത്ഥം വിജയനാഥയുടെ സഖ്യതയിലേക്കുള്ള നിയമങ്ങളെ എഴുതിയുണ്ടാക്കി അദ്ദേഹം പാരീസിലെ അന്നത്തെ മേൽപട്ടക്കാരനായ മോൺസിഞ്ഞോർ ഗവുഡനെ ഏല്പി

ച്ചു. അതു കണ്ടു സന്തുഷ്ടനായ മോൺസിഞ്ഞോർ ഗവുഡൻ സഖ്യതാസ്ഥാപനത്തിനു വേണ്ട അനുവാദങ്ങൾ നൽകി എന്നുമാത്രമല്ല ഈ നൂതന പ്രസ്ഥാനത്തിൽ നമ്മുടെ വൈദികനു വേണ്ട ഒത്താശകളും ചെയ്തുകൊടുത്തു. "നിങ്ങൾ അടുത്ത ഞായറാഴ്ച തന്നെ ഈ സഖ്യത ആരംഭിക്കണമെന്ന്" അദ്ദേഹം വൈദികനെ അനുശാസിയും ചെയ്തു. ഈ സംഭവം നടന്നതു ഒരു വെള്ളിയാഴ്ചയായിരുന്നു.

അടുത്ത ഞായറാഴ്ച ദിവസം ആ വന്ദ്യ വൈദികൻ അവിടെ കൂടിയിരുന്ന ജനങ്ങളൊട്ട് അമലോത്ഭവ മാതാവിൻെറ സഖ്യതയെ സംബന്ധിച്ച ചില ദിവ്യകർമ്മങ്ങൾ അവിടെ ദിവസവും വൈകുന്നേരം നടത്തപ്പെടുന്നതായിരിക്കുമെന്നുള്ള വിവരം അറിയിച്ചു. പ്രസംഗാനന്തരം ആ ഇടവകയിലെ ഒരു ധനാഢ്യൻ അച്ചൻെറ അടുക്കൽ വന്നു, തൻെറ പാപസങ്കീർത്തനം കേൾക്കുന്നതിനാവശ്യപ്പെട്ടു. അയാൾ ആ വൈദികനു ചിരപരിചിതനും, എന്നാൽ ദേവാലയത്തിനു ഒരു അപരിചിതനുമായിരുന്നു. അപ്രതീക്ഷിതമായ ഈ മാനസാന്തരം, തൻെറ ഉദ്യോഗം ദൈവനിർദ്ദിഷ്ടമാണെന്നു തന്നെ ബോദ്ധ്യപ്പെടുത്തുന്ന ഒരു സംഭവമായി ആ പുരോഹിതൻ കരുതി. അനുസായാഹ്ന വേളയിലെ തിരുകർമ്മങ്ങൾക്ക് ദേവാലയം പതിവില്ലാത്തവിധം അസംഖ്യം പുരുഷന്മാരാലും സ്ത്രീജനങ്ങളാലും നിറയപ്പെട്ടു കാണുകയാൽ അദ്ദേഹം ആശ്ചര്യപരതന്ത്രനായി. അവർക്കുവേണ്ടി അദ്ദേഹം സാരഗർഭമായ ഒരു പ്രസംഗം ചെയ്തു. പിന്നീടു പരിശുദ്ധ കന്യകമറിയത്തിൻെറ ലുത്തിനിയ പാടുകയുണ്ടായി "പാപികളുടെ സങ്കേതമെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ!" എന്നു പാടിയപ്പോൾ പ്രകൃത്യതീതവും അവിചാരിതവുമായ ഒരു മനോവികാരം ആ ജനാവലിയെ വല്ലാതെ ഇളക്കിത്തീർത്തു. അവർ മനോവിശ്വാസത്തോടും അനുതാപാശ്രുകണങ്ങളോടുംകൂടിയ ഒരുപശ്ചാത്താപ ഗീതംപോലെ ഒത്തൊരുമിച്ച് "പാപികളുടെ ആശ്രയമെ! ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ!" എന്ന് ഉരുവിട്ടു. കരുണാസമുദ്രമായ അമലോത്ഭവ ജനനി തൻെറ ദിവ്യ കുമാരൻെറ അമൂല്യരക്തത്തെ പാപികളിൽ വർഷിക്കുവാൻ വിശുദ്ധവും പരിപാവനവുമായ ഒരു സ്ഥലത്തെ തിരിഞ്ഞെടുത്തു. വിജയനാഥയുടെ സഖ്യത അന്നുതൊട്ടു ഒരു മഹാ സഖ്യതയായി പരിണമിക്കയും ചെയ്തു.

അന്നത്തെ പരിശുദ്ധ പിതാവു ഒമ്പതാം പീയൂസ് മാർപ്പാപ്പാ ഉൾപ്പെടെ മൂന്നു ലക്ഷത്തിൽ പരം വിശ്വാസികൾ ഈ മഹാ സ

ഖ്യതയിൽ ചേരുകയും തങ്ങളുടെ മാറത്തു് "miraculous medal" എന്നു നാമകരണം ചെയ്യപ്പെട്ട ഓരോ കാശുരൂപം ധരിക്കയും ചെയ്തു. ഈ കാശുരൂപംമൂലം ഇക്കാലത്തും നടന്നുകൊണ്ടിരിക്കുന്ന അത്ഭുത സംഭവങ്ങൾ സംഖ്യാതീതങ്ങളത്രെ. എങ്കിലും ഈ ഭക്തി നമ്മുടെ നാട്ടിൽ വേണ്ടത്ര പ്രചരിച്ചിട്ടില്ല. ഇടവകതോറും ഈ ഭക്തസഖ്യം സ്ഥാപിതമാകുന്നതിനും തൻമൂലം അനവധി വരപ്രസാദങ്ങൾ നമുക്കും അനുഭവപ്പെടുന്നതിനും കരുണാവാരിധിയായ മിശിഹാ അനുഗ്രഹിക്കുമാറാകട്ടെ.

## ൨5. ഒരു പ്രോട്ടസ്റ്റൻറു യുവാവിൻെറ മാനസാന്തരവും മരണവും.

പാരീസിന്നടുത്തുള്ള ഒരു നാട്ടിൻപുറത്തു് 'പെരിഞ്ഞി' എന്ന പേരോടുകൂടി ഗുണവതിയായ ഒരു സ്ത്രീ പാർത്തിരുന്നു. തുന്നൽവേലയായിരുന്നു അവളുടെ തൊഴിൽ. ഭക്തയും സുശീലയുമായിരുന്ന അവൾ പരോപകാര കാര്യങ്ങളിൽ കാണിച്ചിരുന്ന ഉത്സാഹം ഒന്നു വേറെതന്നെ ആയിരുന്നു. അന്യർക്കു ഏതെങ്കിലും ഒരു നന്മ ചെയ്തുകൊടുക്കുന്നതിനു അവൾക്കു ഒരു ദിവസം അവസരം ലഭിച്ചില്ലെന്നുവന്നാൽ, ആ ദിവസത്തെ അവൾ പാഴ് ദിവസമെന്നത്രെ കരുതിപോന്നിരുന്നതു്.

അങ്ങനെയിരിക്കെ പെരിഞ്ഞിയുടെ വസതിക്കു സമീപം സ്ഥിതിചെയ്തിരുന്ന ഒരു ആതുരശാലയിൽ ഒരു ക്ഷയരോഗി ചികിത്സയ്ക്കായി വന്നു താമസം തുടങ്ങി. ആ രോഗിക്കു ഏകദേശം മുപ്പതു വയസ്സു പ്രായം കാണും. ഈ മുപ്പതു വർഷക്കാലമത്രയും ഒരു ധൂർത്തൻെറ ജീവിതമാണു് അയാൾ നയിച്ചുപോന്നിരുന്നതു്. പ്രോട്ടസ്റ്റാൻറു മതത്തിൽ ചേർന്ന ഒരു കുടുംബത്തിലാണു് ഈയാൾ ജനിച്ചു വളർന്നതു്. എന്നാൽ അവർക്കുമുണ്ടല്ലൊ ചില മതാചാരങ്ങളും അനുഷ്ഠാനങ്ങളും മററും. നമ്മുടെ യുവാവാകട്ടെ ആ വകയൊന്നും അത്ര കഥവെച്ചിരുന്നില്ല. "മതമെന്തിനു? എല്ലാം അനാവശ്യം" എന്നായിരുന്നു് അയാളുടെ വിചാരം. ഒരു നാസ്തി

കൻെറ ജീവിതമാണ് അയാൾ കഴിച്ചുപോന്നിരുന്നതെന്നു പറഞ്ഞാൽ അത്ര അബദ്ധമാകയില്ല. 'ഗബ്രിയേൽ എഡ്മൺ' എന്നായിരുന്നു് അയാളുടെ പേർ.

ഈ യുവാവിൻെറ ഈ ദുരവസ്ഥ, പ്രത്യേകം ആത്മാവിൻെറ അപകടസ്ഥിതി, പെരിഞ്ഞിയെ വല്ലാതെ വ്യസനിപ്പിച്ചു. 'അയാളെ എങ്ങനെ രക്ഷിക്കാം' എന്നായിരുന്നു അവളുടെ ആലോചന; അതിനായി പ്രയത്നവുമാരംഭിച്ചു. അവൾ ആദ്യമായി, പതിവുള്ള പ്രാൎത്ഥന അയാളുടെ രക്ഷയ്ക്കുവേണ്ടി, ഇരട്ടിയായി വൎദ്ധിപ്പിച്ചു. മററു പലരുടെ പ്രാൎത്ഥനകളും അവൾ ഇതിനായി കാഴ്ചവെക്കുവാൻ ആവശ്യപ്പെട്ടു. ഈ ഉദ്ദേശ്യനിവൃത്തിക്കായി അവൾ ഒരു ദിവ്യപൂജ ചൊല്ലിച്ച് പരിശുദ്ധ ദൈവജനനിയുടെ സ്തുതിക്കായി സമർപ്പിക്കയും ചെയ്തു.

ദിവ്യപൂജാ സമർപ്പണത്തിനുശേഷം അവൾ ആസ്പത്രിയിൽ എത്തി പ്രസ്തുത യുവാവിനെ സന്ദർശിച്ചു. അയാളുടെ അടുക്കൽ ആരും അങ്ങനെ ചെല്ലാറു പതിവില്ലാതിരുന്നതു നിമിത്തം രോഗിക്കു അവളുടെ സന്ദർശനം വളരെ ആശ്വാസ കാരണമായിത്തീൎന്നു. പെരിഞ്ഞിയുടെ കരുണയോടുകൂടിയ പെരുമാററവും രസകരങ്ങളായ വൎത്തമാനങ്ങളുംകൊണ്ടു രോഗിക്കു അവളുടെ നേരെ നല്ല പ്രീതി തോന്നി. ഇങ്ങനെ ആദ്യ സന്ദർശനത്തിൽവെച്ചു തന്നെ അവർക്ക് തമ്മിൽ സഖിത്വമുത്ഭവിച്ചു. രോഗിയുടെ ദീനം വർദ്ധിച്ചുകൊണ്ടുതന്നെവന്നു. പെരിഞ്ഞി തൻെറ സന്ദർശനം ആവൎത്തിച്ചുകൊണ്ടിരിക്കയും ചെയ്തു. എന്നാൽ എല്ലായ്പ്പോഴും വിശേഷങ്ങൾ പറഞ്ഞു രസിപ്പിക്കുന്നതുകൊണ്ടുമാത്രം അവൾക്കു തൻെറ ഉദ്ദേശ്യസാദ്ധ്യമുണ്ടാകുന്നതല്ലല്ലൊ; അയാളുടെ ആത്മാവിനെ രക്ഷിക്കയെന്നതാണ് അവളുടെ കൎത്തവ്യം. അതാണു അവളുടെ ഉന്നവും. അതിനാൽ അവൾ തൻെറ സംഭാഷണഗതിയെ ചിലപ്പോഴെല്ലാം ആദ്ധ്യാത്മിക വിഷയങ്ങളിലേയ്ക്കു തിരിക്കുവാൻ യത്നിച്ചു. ദൈവത്തെപ്പററി അവൾ വല്ലതും സംസാരിച്ചു തുടങ്ങിയാൽ, ദൈവം ഉണ്ടോ എന്നുതന്നെ അയാൾ സംശയിച്ചു തുടങ്ങും. പ്രാൎത്ഥനയെപ്പററി പറയുമ്പോൾ അയാൾ കാൎയ്യാന്തരങ്ങളിൽ കടക്കും. "അതൊക്കെയെന്തിനു? എല്ലാം അനാവശ്യം" എന്ന സ്വന്തം ധാരണയെ വാഗ്രൂപേണ പുറക്കുന്നതിനും അമാന്തിക്കാറില്ല. ഇങ്ങനെ പെരിഞ്ഞി വിഷമിച്ചു.

ഇടയ്ക്കു ഒരിക്കൽ അവൾ പരിശുദ്ധ കന്യകയെപ്പററി സ്വല്പം സംസാരിക്കയുണ്ടായി. പരിശുദ്ധ കന്യക ദൈവത്തിൻെറ അമ്മയാണെന്നും, ഈ അമ്മയോടു പ്രാൎത്ഥിച്ചാൽ ഫലം നിശ്ചയമത്രെയെന്നും അവൾ പ്രസ്താവിച്ചതിനു, "ഏതാണു നിങ്ങളുടെ ഈ പരിശുദ്ധ കന്യക" എന്നും മററും അയാൾ പുച്ഛരഭാവത്തിൽ വാദിക്കാൻ തുടങ്ങുകയാണുണ്ടായതു്. അതിനു മറുപടിയായി പെരീഞ്ഞി ഹൃദയം അലിയത്തക്കവണ്ണം പരിശുദ്ധ മറിയത്തെപ്പററി പലതും വിവരിച്ചു. ചരിത്രത്തിലും പാരമ്പൎയ്യ വൃത്താന്തങ്ങളിലും നിന്നു് അവൾ അറിഞ്ഞിട്ടുള്ളവയും സ്വയം അനുഭവിച്ചറിഞ്ഞിട്ടുള്ളവയുമായ അനേകം അത്ഭുത ദൃഷ്ടാന്തങ്ങളാൽ പരിശുദ്ധ ദൈവജനനിയുടെ അനുഗ്രഹത്തേയും മഹത്വത്തേയും തെളിയിക്കുന്നതിനായി അവൾ ഉദ്ധരിച്ചു. ഒടുവിൽ, കഴിയുന്നതും വേഗത്തിൽ തനിക്കു സുഖം കിട്ടണമെന്നു് ആഗ്രഹിച്ചോ,—അഥവാ പെരീഞ്ഞിയുടെ കരളലിഞ്ഞുള്ള പ്രാൎത്ഥനകളുടെ ഫലമായൊ എന്തൊ—എഡ്മൺ പരിശുദ്ധ ദൈവജനനിയോടു പതിവായി അപേക്ഷിച്ചുകൊള്ളാമെന്നു മനസ്സില്ലാമനസ്സോടെ എങ്കിലും സമ്മതിച്ചു. പെരിഞ്ഞിയുടെ നേൎക്കു പൂൎവ്വാധികമായ ഒരു പ്രീതിയും അതോടെ അയാളിൽ ഉദിച്ചു. അയാൾ അവളെ ഒന്നാമതായി 'സഹോദരി' എന്നു വിളിച്ചതു അന്നാണു്. അയാൾ പറഞ്ഞു: "സഹോദരി, നിങ്ങൾ എത്ര നല്ലവൾ! നിങ്ങൾ എനിക്കുവേണ്ടി എത്ര ബുദ്ധിമുട്ടുന്നു! നിങ്ങൾ എന്നോടു പറഞ്ഞതുപോലെ നിങ്ങളുടെ ദിവ്യജനനിയോടു ഞാൻ ദിവസേന പ്രാൎത്ഥിക്കാം. അവൾ പക്ഷെ എനിക്കു സുഖം ലഭിച്ചു തരുമായിരിക്കാം"

പെരിഞ്ഞി അന്നു് അയാളെ വിട്ടു പോരുന്നതിനുമുമ്പായി എന്നെ സംബന്ധിച്ച് അയാളോടു പറകയുണ്ടായി. "എഡ്മൺ! എനിക്കു ഒരു വൈദികനെ പരിചയമുണ്ട്; നിങ്ങൾക്കുവേണ്ടി അദ്ദേഹം എന്തും ചെയ്യുന്നതാണ്. നിങ്ങൾക്കിഷ്ടമാണെങ്കിൽ അദ്ദേഹത്തെ ഇങ്ങോട്ടു പറഞ്ഞയക്കാം. വിരോധമുണ്ടൊ?" എഡ്മൺ അതിനു വിരോധിച്ചില്ല. "കൊള്ളാം അദ്ദേഹം വന്നുകൊള്ളട്ടെ; വേദസംബന്ധമായിമാത്രം അദ്ദേഹം ഒന്നും എന്നെ നിൎബന്ധിക്കാതെ ഇരുന്നാൽ മതി" എന്നായിരുന്നു അയാളുടെ മറുപടി. പെരീഞ്ഞി ഉടനെതന്നെ എൻെറ അടുക്കൽ വന്നു വിവരം ഗ്രഹിപ്പിച്ചു, ഞാൻ അയാളെ കാണുന്നതിനായി പുറപ്പെടുകയും ചെയ്തു. എൻെറ ഒന്നാമത്തെ സന്ദൎശനം കുറച്ചു സമയത്തേയ്ക്കു

മാത്രമായിരുന്നുവെങ്കിലും ഞങ്ങൾ തമ്മിൽ അതിൽവെച്ചുതന്നെ വലിയ സുഹൃത്തുക്കളായി ഭവിച്ചു. ഞാൻ മടങ്ങുന്നതിനു മുമ്പ് വീണ്ടും ഒരിക്കൽകൂടി തന്നെ സന്ദർശിക്കണമെന്നു അയാൾ എന്നെ ക്ഷണിക്കയുണ്ടായി. അയാൾ പറയാതെതന്നെ എത്ര പ്രാവശ്യമെങ്കിലും അപ്രകാരം ചെയ്യുന്നതിനു തയ്യാറായിരുന്ന ഞാൻ കൂടക്കൂടെ അയാളെ സന്ദർശിക്കുവാനും തുടങ്ങി.

ഒരവസരത്തിൽ ഇപ്രകാരം ഞാൻ അയാളെ സന്ദർശിച്ചപ്പോൾ എൻെറ നേരെ പൂർവ്വാധികം സ്നേഹം അയാൾ പ്രദർശിപ്പിക്കയുണ്ടായി. ഞാൻ അയാളെ സമീപിച്ച ഉടനെ അയാൾ എന്നെ തൻെറ കട്ടിലിൽ വിളിച്ചിരുത്തുകയും എൻെറ രണ്ടു കൈകളെയും എടുത്തു മുറുകെ പിടിക്കയും ചെയ്തു. ഇങ്ങനെ മുൻപ് പതിവില്ലാത്തതാണ്. ദൈവകാര്യങ്ങളെ മുൻനിറുത്തി ഒന്നും ഞാൻ ഇതേവരെ അയാളോടു സംസാരിച്ചിട്ടില്ലാത്തതിനാലുള്ള സന്തോഷമാണൊ അയാൾ ഇപ്പോൾ എന്നോടു കാണിക്കുന്നതു്? ശരി; എന്നാൽ അയാളെ ആ സ്ഥിതിയിൽ നിരസപ്പെടുത്തുവാൻ തുനിയുന്നതു യുക്തമാകുമൊ? എനിക്കും അതിൽ സങ്കടമില്ലാതില്ല. പക്ഷെ, ഇക്കാര്യത്തിൽ, ഈ അവസരത്തിൽ, ഇപ്രകാരമുള്ള ഒരു മനോഭാവം ഒരു കത്തോലിക്കാ പുരോഹിതനു യോജിച്ചതല്ലല്ലൊ. അയാൾക്കു് രസിച്ചാലും ശരി, ഇല്ലെങ്കിലും ശരി. അയാളുടെ ആത്മാവു രക്ഷപെടണം. അതിനു ശ്രമിക്കുന്നതുതന്നെയാണു എൻെറ ചുമതലയും.

"അതിനാൽ അപ്പോഴത്തെ ആ വിലയേറിയ അവസരം ഞാൻ നഷ്ടപ്പെടുത്തിയില്ല. മതസംബന്ധമായി അയാളോടു ഞാൻ സംസാരിക്കുകതന്നെ ചെയ്തു. അതു കേട്ടിട്ടയാൾക്കു് നിരസമുണ്ടായൊ? എൻെറ കൈകളെ അയാൾ തട്ടിക്കളഞ്ഞുവൊ? ഇല്ല. എൻെറ നേരെ ദേഷ്യവും ഭാവിച്ചില്ല. എന്തെന്നാൽ പരിശുദ്ധാത്മാവി അയാളിൽ അപ്പോൾ ശക്തിയായി പ്രവൎത്തിക്കുന്നുണ്ടായിരുന്നു. അയാൾ ഒരു ശിശുവെപ്പോലെ ആയിത്തീരുകയും, എൻെറ മുഖത്തേയ്ക്കുതന്നെ തുറിച്ചുനോക്കിക്കൊണ്ടു് ഞാൻ പറഞ്ഞവയെല്ലാം ശ്രദ്ധയോടുകൂടി കേൾക്കുകയും ചെയ്തു. മതസംബന്ധമായി അയാൾക്കു ഒന്നും അറിവില്ലായിരുന്നു. എൻെറ ഉപദേശങ്ങളെല്ലാംതന്നെ അയാൾക്കു പുത്തരിയായിട്ടെ തോന്നിയിരിക്കയുള്ളു. എങ്കിലും അവയൊക്കെ സത്യം തന്നെയെന്നു അയാൾക്കു പ്രയാസംകൂടാതെ ബോദ്ധ്യപ്പെടുകയും അതുകൾ തനിക്കു ഗ്ര

ഹിക്കുവാൻ ഇടയാക്കിയ ദൈവത്തെ ഹൃദയപൂർവ്വം സ്തുതിക്കയും ചെയ്തു.

രോഗിയുടെ ദീനത്തിനു കുറവൊന്നുമുണ്ടായില്ല. അയാളുടെ അവസാനം ആസന്നമായി വരുന്നുവെന്നു ഡോക്ടർ എന്നോടു പറഞ്ഞു. ഇനിയും ജ്ഞാനസ്നാനം നീട്ടിവയ്ക്കുന്നതു അപകടമാകുമല്ലോ എന്നു വിചാരിച്ചു ഞാൻ ഉടനടി അതിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു. താൻ ജനിച്ചു വളൎന്ന പ്രോട്ടസ്റ്റാൻറുമതം ഉപേക്ഷിക്കുന്നതിനു അയാൾ ആദ്യം സഹിച്ചു കൂടാത്ത സങ്കടം കാണിച്ചു. എന്നാൽ അതൊക്കെ പിശാചിന്റെ കൌശലങ്ങളത്രെയെന്നു ഒടുവിൽ അയാൾക്കു ബോദ്ധ്യപ്പെടുകയും അയാൾ സത്യത്തിന്റെ വെളിച്ചത്തിൽ പ്രവേശിച്ച് ജ്ഞാനസ്നാനം കൈക്കൊള്ളുകയും ചെയ്തു. അങ്ങനെ അയാൾ ഒരു പുതിയ കത്തോലിക്കനായിത്തീൎന്നു. ഹാ! അതേസമയംതന്നെ അയാളുടെ ഹൃദയം എന്തെന്നില്ലാത്ത ഒരാനന്ദവും ഉന്മേഷവും കൊണ്ടു തുടിക്കുവാൻ തുടങ്ങി. അയാളുടെ കണ്ണുകളിൽ നിന്നു സന്തോഷാശ്രുക്കൾ പൊഴിഞ്ഞു. അപ്പോൾ അയാൾ എന്നോടു പലതും സംസാരിച്ച കൂട്ടത്തിൽ തനിക്കു രോഗം പിടിപെട്ടതു താൻ ദൈവത്തെ കൂട്ടാക്കാതിരുന്നതുകൊണ്ടും തന്റെ ദുൎമ്മാൎഗ്ഗജീവിതം നിമിത്തവും ആയിരുന്നുവെന്നു ഏററുപറഞ്ഞു. എങ്കിലും ഇപ്പോൾ തന്റെ ദീനത്തിൽ അയാൾ സന്തോഷിച്ചതേയുള്ളു. "എനിക്കു ഈ ദീനം പിടിപെട്ടതുകൊണ്ടെന്തു്? അങ്ങനെ അല്ലാതിരുന്നുവെങ്കിൽ ഈ ആസ്പത്രിയിൽ വരുന്നതിനൊ ഒരു കത്തോലിക്കനാകുന്നതിനൊ എനിക്കു സാധിക്കുമായിരുന്നില്ലല്ലോ," എന്നാണ് അയാൾ പറഞ്ഞതു്. അയാളുടെ അപ്പോഴത്തെ തെളിവും സന്തുഷ്ടിയും ഒന്നു കാണേണ്ടതുതന്നെയായിരുന്നു.

"എനിക്കു പിന്നെ അധികനേരം അയാളുടെകൂടെ താമസിക്കുവാൻ തരപ്പെട്ടില്ല. ഞാൻ അയാളോടു അവസാനയാത്ര പറഞ്ഞു — അതേ, അതു എന്റെ അവസാനയാത്രയായിരുന്നു — എനിക്കു സ്വന്തം വസതിയിലേക്കു മടങ്ങേണ്ടതായ അത്യാവശ്യം നേരിട്ടു."

പെരീഞ്ഞി പിറേറന്നുതന്നെ അയാളെ സന്ദർശിച്ചു. അയാൾ പരമാനന്ദത്തിൽ മുഴുകിക്കൊണ്ടു അവൾക്കു സ്വസ്തി പറഞ്ഞു. "ഇതാ, ഈ പുതിയ കത്തോലിക്കനിൽ നിന്നും സോദരി സ്വാഗതം സ്വീകരിച്ചാലും!" എന്നായിരുന്നു അവളെ കണ്ടയുടനെ അയാൾ ആദ്യം പറഞ്ഞതു്. പെരീഞ്ഞിയുടെ അപ്പോഴ

ത്തെ സന്തോഷവും സംതൃപ്തിയും ഊഹിച്ചറിയുകയാണ് എളുപ്പം. അവളുടെ നിരന്തരമായ പ്രാൎത്ഥനകളുടെ ഫലം അവൾ അപ്പോൾ മതിയാകുവോളം അനുഭവിച്ചു.

നിമിഷങ്ങൾ കഴിയുന്തോറും എദ്‌മണിന്റെ മരണവും അടുത്തടുത്തുവന്നു. എങ്കിലും അതുകൊണ്ടൊന്നും അയാളുടെ മനസ്സമാധാനത്തിനു ഭംഗം വന്നില്ല. "ഇപ്പോൾ ഞാൻ കത്തോലിക്കനല്ലെ; ഇനി ഞാൻ മരിച്ചാലെന്തു? സ്വൎഗ്ഗം എനിക്കവകാശമായല്ലൊ!" എന്ന് അയാൾ ഉന്മേഷപൂൎവ്വം പറഞ്ഞുകൊണ്ടിരുന്നു.

ഒടുവിൽ മരണത്തിനുള്ള മണിക്കൂറും സമീപഗതമായി. മരണത്തിൽ സഹായിക്കാൻവേണ്ടി എന്നെ വിളിക്കുന്നതിനായി പെരീഞ്ഞി പുറത്തേക്കു പോയി. അവൾ ഒരാളെ തിടുക്കത്തിൽ എന്റെ അടുക്കലേക്കു പറഞ്ഞയച്ചതിന്റെ ശേഷം വീണ്ടും രോഗിയുടെ അടുക്കൽ ചെന്നു നോക്കിയപ്പോൾ അയാൾ മരിച്ചു കഴിഞ്ഞിരുന്നു.

ഉടനെ മരണവാൎത്തയും കൊണ്ടു് അവൾ തന്നെ എന്റെ അടുക്കലേക്കു യാത്രയായി. വിവരമറിഞ്ഞു രണ്ടുപേരും ദൈവത്തിന്റെ കാരുണ്യത്തെ ഭക്തിപൂൎവ്വം കൊണ്ടാടുകയും ചെയ്തു.

പാപികൾ എത്രതന്നെ ദുഷ്ടന്മാരായിരുന്നുകൊള്ളട്ടെ; എന്നാലും അവൎക്കുവേണ്ടി പ്രാൎത്ഥിക്കാതിരിക്കരുതു് എന്നു് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. അവരുടെ മനസ്സുതിരിവു എത്രതന്നെ വിഷമമെന്നു നമുക്കു തോന്നിയാലും ശരി, ദൈവത്തിനു് അതൊരിക്കലും പ്രയാസമായിരിക്കയില്ല. മാത്രമല്ല, അതുപ്രകാരം ചെയ്യുന്നതിനു വിശ്വാസമുള്ള പ്രാൎത്ഥനകൊണ്ടു നമുക്കു ദൈവത്തെ സ്നേഹപൂൎവ്വം നിബ്ബന്ധിക്കാവുന്നതുമാണു്.



## 26. ഒരു ഭിക്ഷുവിൻെറ ചരിത്രം.

### അഥവാ

### പാപ മോചനം.

പാരീസ് നഗരത്തിലുള്ള ഒരു ദേവാലയത്തിൻെറ പടിവാതുക്കൽ 'ജാകോബസ്' എന്നു പേരായ ഒരു വൃദ്ധൻ പതിവായി ഭിക്ഷയാചിക്കുവാൻ വന്നിരുന്നു. എപ്പോഴും അധോമുഖനായിട്ടെ അയാൾ ഇരിക്കാറുള്ളു. കണ്ടാൽ നിർഭാഗ്യവും നിരാശയും മൂത്തിയെടുത്തു വന്നിരിക്കയാകുന്നൊ എന്നു തോന്നും. ആരെങ്കിലും ഭിക്ഷയായി എന്തെങ്കിലും കൊടുത്താൽ കൃതജ്ഞതാപൂൎവ്വം തല ഒന്നു കുനിക്കയല്ലാതെ ഒന്നും ശബ്ദിക്കാറില്ല. കീറ വസ്ത്രങ്ങൾക്കിടയിൽ കൂടെ അല്പം മാത്രം കാണാവുന്ന ഒരു പൊൻ കുരിശു് അയാളുടെ മാറത്തു് തിളങ്ങിശോഭിച്ചു.

പൌളിൻ എന്നു പേരായ ഒരു യുവവൈദികനാണ് ഈ പള്ളിയിൽ പതിവായി പൂജ സമൎപ്പിപ്പാൻ വരാറുണ്ടായിരുന്നതു്. അദ്ദേഹം വരുമ്പോഴൊക്കയും നമ്മുടെ വൃദ്ധനു ഒരു ചെറിയ സമ്മാനമെങ്കിലും കൊടുക്കാതെ മടങ്ങിയിരുന്നില്ല.

കുലീനനും സമ്പന്നനുമായിരുന്ന ഫാദർ പൌളിൻ പുരോഹിതപ്പട്ടം സ്വീകരിച്ചതോടുകൂടി തന്നെ മുഴുവനും ദൈവത്തിനു സമൎപ്പിക്കയും, സ്വന്തം ധനമെല്ലാം ദരിദ്രൎക്ക് ഭാഗിച്ചു കൊടുക്കയും ചെയ്ത ഒരാളാണ്. വൃദ്ധനായ ജാകോബസ് ഇതൊന്നുമറിഞ്ഞിരുന്നില്ല. എങ്കിലും അയാൾ സൽഗുണവാനായ ആ വൈദികനെ പരമാൎത്ഥമായി സ്നേഹിച്ചിരുന്നു.

ഒരു ദിവസം ഫാദർ പൌളിൻ പള്ളിയിലേക്കു വരുമ്പോൾ ജാകോബസിനെ അവിടെയെങ്ങും കണ്ടില്ല. അടുത്ത ദിവസവും; ഇങ്ങനെ കുറെ നാളത്തേക്കു അയാൾ വന്നു കണ്ടില്ല. കാണാതായപ്പോൾ ഫാദർ പൌളിനു് അല്പം ചാഞ്ചല്യമുണ്ടായി. ഒരു ദിവസം നേരത്തെ കുബ്ബാന സമൎപ്പിച്ചതിനുശേഷം ആ വൃദ്ധൻെറ വസതി അന്വേഷിച്ചു പുറപ്പെടുവാൻതന്നെ അദ്ദേഹം തീൎച്ചയാക്കി. വൃദ്ധനെ തിരഞ്ഞു പുറപ്പെട്ട ഫാദർ പൌളിൻ ഒരു ചെറിയ പുരവാതുക്കൽ വന്നെത്തി. പരിഷ്കൃത സമ്പ്രദായമനുസരി

ച്ച് അദ്ദേഹം വാതലിന്ന് മുട്ടിയപ്പോൾ ആരൊ ഒരാൾ ദീനസ്വരത്തിൽ വിളികേട്ടു. അതു ആ വൃദ്ധൻെറ സ്വരം തന്നെയെന്നു മനസ്സിലാകയാൽ അദ്ദേഹം വീട്ടിനുള്ളിലേക്ക് നിശ്ശങ്കം കടന്നു ചെന്നു. അവിടെ ജാകേപസ് ഒരു കട്ടിലിന്മേൽ നീണ്ടു നിവൎന്നു കിടക്കുകയായിരുന്നു. അയാളുടെ മുഖം വിളറിയും കണ്ണുകൾ മങ്ങിയും ശരിരം മെലിഞ്ഞും കാണപ്പെട്ടു.

പുരോഹിതൻ പ്രവേശിച്ച ഉടൻ അയാളിപ്രകാരം പറഞ്ഞു. "അല്ലയൊ വന്ദ്യ അച്ചാ, എന്നെപ്പോലുള്ള നിൎഭാഗ്യവാന്മാരെ വന്നു കാണുന്നതു് അങ്ങെ സംബന്ധിച്ചിടത്തോളം ഒരു നല്ല കാൎയ്യമാണ്...... പക്ഷെ ഞാൻ ഒരിക്കലും അതിന്ന് യോഗ്യനല്ല.

വൈദികൻ- "ജാകേപസെ നീയെന്താണ് പറയുന്നതു്? ഒരു വൈദികൻ നിൎഭാഗ്യവാന്മാരുടെ സ്നേഹിതനാണെന്ന് നിനക്കറിഞ്ഞുകൂടെ?"

ഭിക്ഷു- "ഓ എൻെറ അച്ചാ...... അങ്ങുന്നു് യാഥാൎത്ഥ്യം മനസ്സിലാക്കിയിരുന്നുവെങ്കിൽ അങ്ങനെ സംസാരിക്കയില്ലായിരുന്നു. വേണ്ട; വേണ്ട; എന്നോടിത്രയ്ക്ക് കരുണയായി സംസാരിക്കണമെന്നില്ല. ഞാൻ അതിന്ന് അയോഗ്യനും ദൈവത്താൽ ശപിക്കപ്പെട്ടവനും ആണ്".

വൈദികൻ- "ദൈവത്താൽ ശപിക്കപ്പെട്ടവനെന്നൊ! നീ അങ്ങനെയാണൊ വിചാരിക്കുന്നതു്? ഓ, ജാകേപസെ, നീ ഇനി ഇപ്രകാരം ഒരിക്കലും പറയരുതു്. നീ പാപം ചെയ്തുവെങ്കിൽ മനസ്താപപ്പെടുകയും കുമ്പസ്സാരിക്കയും ചെയ്ക. ദൈവം അളവററ നന്മസ്വരൂപിയായിരിക്കുന്നു. അനുതപിക്കുന്നവരോട് അവിടുന്ന് എല്ലാം ക്ഷമിക്കുന്നതിന്ന് എപ്പോഴും തയ്യാറാണ്."

ഭിക്ഷു- "ഇല്ലാ, ഇല്ലാ; അവിടുന്നെന്നോട് ഒരിക്കലും ക്ഷമിക്കയില്ല."

വൈദികൻ- "അതെന്തുകൊണ്ടാണ്; നീ പാപത്തിന്മേൽ മനസ്താപപ്പെടുന്നില്ലയൊ?"

ഭിക്ഷു- കട്ടിലിൽതന്നെ എഴുന്നേററിരുന്ന് അച്ചൻെറനേക്ക് രൂക്ഷമായി നോക്കി നിലവിളിച്ചുകൊണ്ടു്— "മനസ്താപപ്പെടുന്നില്ലന്നൊ?" മുപ്പതു കൊല്ലത്തോളം മനസ്താപപ്പെട്ടിട്ടും ഞാൻ ശപിക്കപ്പെട്ടവനായിട്ട്—, ആയിരം പ്രാവശ്യം - ശപിക്കപ്പെട്ടവനായിട്ടാണിരിക്കുന്നതു്."

ആ സൽഗ്ഗുണവാനായ വൈദികൻ അയാളെ ആശ്വസിപ്പിക്കുന്നതിനും നിരാശയിൽ നിന്നു് ഉദ്ധരിക്കുന്നതിനും വേണ്ട പരിശ്രമങ്ങൾ പലതും ചെയ്തുവെങ്കിലും അവയെല്ലാം നിഷ്ഫലങ്ങളായതേയുള്ളു. അയാളുടെ ഹൃദയാന്തർഭാഗത്തു് ആണ്ടുകിടന്നിരുന്ന ഒരു ഭയങ്കര രഹസ്യം അയാളെ ഉത്തരോത്തരം നിരാശപ്പെടുത്തുകയും, അപരാധം വെളിപ്പെടുത്തുന്നതിൽ ഭീതനാക്കുകയും ചെയ്തുകൊണ്ടേയിരുന്നു.

ഒടുവിൽ ആ യുവ വൈദികൻെറ സൗമ്യശീലവും സൽഗ്ഗുണവും അയാൾക്കു് നന്നായി അനുഭവപ്പെട്ടപ്പോൾ നിർഭാഗ്യവാനായ ജാക്കേപസ്സ് താഴെ വിവരിക്കുന്ന കഥ എന്തി എന്തി പറഞ്ഞുകേൾപ്പിച്ചു. "അച്ചാ! എൻെറ കഥയെല്ലാം അങ്ങയോടു ഞാൻ പറയാം. കഴിഞ്ഞ ശതവഷത്തിലെ വിപ്ലവകാലത്തു് ഞാൻ ഒരു മാന്യ കുടുംബത്തിലെ കാൎയ്യസ്ഥനായിരുന്നു. എൻെറ സ്വാമിയും സ്വാമിനിയും ഉദാരമതികളും അനുകമ്പയുള്ളവരുമായിരുന്നു. അവരുടെ രണ്ടു പുത്രിമാരും ഒടുവിലത്തെ സന്താനമായ ഏക പുത്രനും എൻെറ വാത്സല്യഭാജനങ്ങളായിട്ടത്രെ വളൎന്നു വന്നതു്. വേണ്ടത്ര വിദ്യാഭ്യാസം, സ്ഥാനമാനം, സുഖസൌകൎയ്യാദികൾ എന്നിവയെല്ലാം എനിക്കു് അവരിൽ നിന്നു ലഭിച്ചിരുന്നുവെന്നു പറയുന്നതിൽ അതിശയോക്തി ലേശം പോലുമില്ല. എങ്കിലും "ഭയങ്കര ഭരണം" (Reign of terror) കാലത്തു് ഞാൻ നിർഭാഗ്യവശാൽ അവരെ വഞ്ചിപ്പാനിടയായി. . . . അവർ ഒളിച്ചിരുന്ന സ്ഥലം എനിക്കറിവുണ്ടായിരുന്നു. ഒററുകാക്കു് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന വലിയ തുകയിൽ ഭ്രമിച്ചു് ഞാൻ അവരെ ശത്രുക്കൾക്കു കാണിച്ചുകൊടുത്തു. തൻമൂലം പൌളിൻ എന്ന ഒരു ചെറിയ കുട്ടി ഒഴിച്ചു് ബാക്കിയുള്ളവരെല്ലാം വധിക്കപ്പെടുവാനിടയായി.

ഇതുകേട്ടയുടനെ ആ പുരോഹിതൻ സൎവ്വാംഗം വിയൎക്കുകയും ബാഷ്പകണങ്ങൾ പൊഴിക്കുകയും ചെയ്തു. എന്നാൽ ആ വൃദ്ധൻെറ വാക്കുകൾ നമ്മുടെ വൈദികനിൽ ഉളവാക്കിയ ഭാവഭേദങ്ങളൊന്നും അയാളുടെ ദൃഷ്ടിയിൽ പതിഞ്ഞിരുന്നില്ല. അയാൾ സംഭാഷണം തുടൎന്നു. "......പ്രിയ അച്ചാ, അതെത്രയും ഭയാനകമായിരുന്നു!........അതെ, അവരെ മരണ ശിക്ഷയ്ക്കു വിധിക്കുന്നതു എൻെറ സ്വന്ത ചെവികൾകൊണ്ടു ഞാൻ കേട്ടു. അവർ നാലുപേരും തൂക്കികൊല്ലപ്പെടുന്നതു ഞാൻ കണ്ടു. ഹാ! ഞാൻ എന്തൊരു ക്രൂരത പ്രവൎത്തിച്ചു! ആ സമയം മുതൽ സമാധാനവും

ശാന്തതയും എന്തെന്നു ഞാൻ അറിഞ്ഞിട്ടില്ല............അവരെക്കുറിച്ച് വിചാരിക്കുകയും അവൎക്കുവേണ്ടി പ്രാൎത്ഥിക്കുകയും ചെയ്യുന്നതിനു ഞാൻ അന്നു മുതൽ നിർബന്ധിതനായിത്തീൎന്നു. അവർ എപ്പോഴും എൻെറ മുമ്പാകെ നില്ക്കുന്നതായിട്ടാണ് ഞാൻ ഇന്നും കാണുന്നതു്. അതാ, നോക്കു, അവർ ഇപ്പോഴും ആ വിരിക്കപ്പുറം നില്പുണ്ടു''.

ജാക്കോപസ് ഭയവിറയലോടുകൂടി ഭിത്തിയുടെ ഒരു ഭാഗം മറച്ചിരുന്ന ഒരു വിരിയെ ചൂണ്ടിക്കാണിച്ചിട്ടിപ്രകാരം പറഞ്ഞു. "എൻെറ കട്ടിലിൻെറ തലക്കൽ ഇരിക്കുന്ന കുരിശു് എൻെറ യജമാനൻേറതും, കഴുത്തിലിട്ടിരിക്കുന്ന പൊൻ കുരിശു് എൻെറ സ്വാമിനി സദാ ധരിച്ചിരുന്നതുമാണ്. ഹോ! ദൈവമെ! എത്ര ക്രൂരമായൊരപരാധം! എന്തൊരു മൎമ്മഭേദകമായ സങ്കടം! ഹൊ! എൻെറ അച്ചാ, എൻെറമേൽ അനുഗ്രഹിക്കേണമെ. എന്നെ നിരാകരിക്കല്ലെ, പാപികളിൽ വച്ച് പാപിയും, നിൎഭാഗ്യവാന്മാരിൽ വച്ച് നിൎഭാഗ്യവാനുമായിരിക്കുന്ന എനിക്കുവേണ്ടി പ്രാൎത്ഥിക്കേണമെ."

ഈ സമയത്തു നമ്മുടെ വൈദികൻ അയാളുടെ കട്ടിലിന്നരികെ മുട്ടുകുത്തി നില്ക്കയായിരുന്നു; അദ്ദേഹം ആ നിലയിൽ തന്നെ കുറെ നേരത്തേക്ക് നിശ്ചലനായി നിന്നു. പിന്നീടു വളരെ ശാന്തതയോടുകൂടി എഴുന്നേററിട്ട് കുരിശിൻെറ അടയാളം വരക്കുകയും, വിരിമാററിനോക്കിയപ്പോൾ രണ്ടു ചിത്രങ്ങൾ കാണുകയും ചെയ്തു.

ജാക്കോപസ് അവ കണ്ടയുടനെ ഉള്ളം തകൎന്നു നിലവിളിച്ചുകൊണ്ട് കട്ടിലിന്മേലേക്കുതന്നെ മറിഞ്ഞു വീണു. എതൽസമയം വരെ ആ വൈദികനും കണ്ണീർകണം പൊഴിക്കുകയായിരുന്നു. വൈദികൻ തൊണ്ടയിടറിക്കൊണ്ടു്, "ജാക്കോപസെ, നിനക്കു ദൈവത്തിങ്കൽ നിന്നും പാപമോചനം ലഭിച്ചു തരുവാനാണ് ഞാൻ വന്നിരിക്കുന്നതു്. ഞാൻ ഇപ്പോൾതന്നെ നിൻെറ കുമ്പസ്സാരം കേൾക്കാം........ തൽക്ഷണംതന്നെ ജാക്കോപസ് പാപസങ്കീൎത്തനത്തിനൊരുമ്പെടുകയും ചെയ്തു.

ആസന്നമരണനായ അയാളുടെ പാപസങ്കീൎത്തനം കഴിഞ്ഞപ്പോഴെക്കും പൌളിൻ അച്ചൻ പറഞ്ഞു- "ജാക്കോപസെ, ദൈവം നിന്നോടു ക്ഷമിച്ചിരിക്കുന്നു,......പക്ഷെ അതുകൊണ്ടു് മുഴുവനായില്ല. അങ്ങെ സ്നേഹത്തെപ്രതി ഞാനും നിന്നോടു ക്ഷമിക്കു

ന്നു. എന്തെന്നാൽ എൻെറ മാതാപിതാക്കന്മാരും സഹോദരികളുമത്രെ നീ മൂലം വധിക്കപ്പെട്ടുവാനിടയായതു്". ഇതു കേട്ടപ്പോൾ ഭീമമായ ഒരു ഭാവഭേദം ആസന്നമരണനായ അയാളുടെ മുഖത്തു സ്ഫുരിക്കുകയുണ്ടായി. അയാൾ ചിലവാക്കുകൾ അവ്യക്തമായി ഉച്ചരിക്കമാത്രം ചെയ്തിട്ടു് കട്ടിലിലേക്കുതന്നെ തളൎന്നു വീണു. വീണ്ടും അച്ചൻ അടുത്തുനോക്കിയപ്പോൾ ആ ഭിക്ഷു മരിച്ചിരിക്കുന്നതായിട്ടാണു് കണ്ടതു്.

## 27. റോമായിലെ ഭൂഗൎഭാലയങ്ങൾ.

ക്രിസ്ത്വബ്ദത്തിൻെറ ആദിമ ശതകങ്ങളിൽ റോമായിലെ ക്രിസ്ത്യാനികൾക്കു് അനവധി ക്രൂരമൎദ്ദനങ്ങൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ടു്. ശവസംസ്കാരം കൎമ്മാനുഷ്ഠാനത്തോടെ നടത്തുന്നതിനുപോലും അന്നു ക്രിസ്ത്യാനികൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മതകൎമ്മങ്ങൾ നടത്തുന്നതു ജനങ്ങൾക്കു അസാദ്ധ്യമെന്നു തോന്നി. ഒരു ക്രിസ്ത്യാനിയുടെ പാദസ്പൎശമേല്ക്കുന്നതിനു ഭൂമിക്കുടി ശങ്കകാണിച്ചുവോ എന്നു തോന്നത്തക്കവണ്ണം ക്രിസ്ത്യാനികളുടെ നില അത്ര ഷ്കു താഴ്ത്തപ്പെട്ടിരുന്നു. ക്രിസ്ത്യാനി എന്ന ശബ്ദം വായുമണ്ഡലത്തിൽ സമിശ്രമാകുന്നതിനുകൂടി അതു വൈമനസ്യം പ്രദൎശിപ്പിച്ചുവെന്നു പറഞ്ഞാൽ അന്നത്തെ ക്രിസ്ത്യാനികളുടെ സ്ഥിതി ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. ഇതെല്ലാം പരിഹരിക്കുന്നതിനായി അവർ ഭൂമിയുടെ അന്തർഭാഗം തുരന്നുണ്ടാക്കിയിരുന്ന ഗുഹങ്ങൾക്കാണു് 'കാററക്കൂംബ്സസ്' അല്ലെങ്കിൽ ഭൂഗൎഭാലയങ്ങൾ എന്നു പറയുന്നതു്. ഭൂമിയുടെ അധോഭാഗത്തു സ്ഥിതിചെയ്യുന്ന വിശ്രുതമായ ഈ വസതികളുടെ ഒരു ഏകദേശജ്ഞാനമെങ്കിലും ലഭിക്കുക എന്നതു പ്രയാസമാണു്. ആദ്യമായിത്തന്നെ അവിസ്തൃതവും സുദീൎഘവുമായ അനവധി വരാന്തകൾ കാണാം. അവ ചില ദുൎഗ്ഗമ മാൎഗ്ഗങ്ങളാൽ അന്യോന്യം ഘടിപ്പിക്കപ്പെട്ടിരിക്കുന്നു. സ്ഥലപരിചയം കൂടാതേയും നല്ല മാൎഗ്ഗദൎശി ഇല്ലാതേയും അതിൽ സഞ്ചരിക്കുന്നതിനുള്ള ശ്രമം നിഷ്ഫലം തന്നെ. ജനപരിചയമുള്ള മുപ്പതു ഗുഹാലയങ്ങളിൽ വെച്ചു പ്രഥമവും പ്രശസ്തവുമായതു്

222-ൽ വേദസാക്ഷിമുടി ധരിക്കപ്പെട്ട "കലിസ്റ്റസ്" പാപ്പായുടെ തിരുശ്ശരീരം വിശ്രമിക്കുന്ന സ്ഥലമാണു്. ആ വിശുദ്ധന്റെ പേരിനാൽ തന്നെയാണു് അതു അറിയപ്പെടുന്നതും. അനേകം വിശുദ്ധ പാപ്പാമാരും വേദസാക്ഷികളും അതിൽ അടക്കപ്പെട്ടിരിക്കുന്നതിനാൽ അതിന്റെ മാഹാത്മ്യം കുറച്ചൊന്നുമല്ല. വിശ്വവിശ്രുതയായ വിശുദ്ധ സിസ്സില്യായും അവരോടൊപ്പം വേദസാക്ഷിമുടി ചൂടിയവരും പ്രസ്തുത സ്ഥലത്തു തന്നെയാണു് അടക്കപ്പെട്ടിരിക്കുന്നതു്. അവിടെ സംസ്കരിച്ചിരിക്കുന്നവരുടെ സംഖ്യ സുവിദിതമല്ലെങ്കിലും അനല്പമത്രെ. വിശുദ്ധ കലിസ്റ്റസ് കാററക്കൂംബ്സസ് തന്നെ അനേകായിരം ശവകുടീരങ്ങളാൽ നിബിഡമായിരിക്കുന്നു. ഇതിന്റെ ഏതാനും ഭാഗങ്ങളിൽ മാത്രമെ സന്ദർശകന്മാൎക്കു പ്രവേശനം നൽകിയിരുന്നുള്ളു. പരിചിതന്മാൎക്കു അതു മുഴുവൻ കാണുന്നതിനു ഏകദേശം രണ്ടു മണിക്കൂർ സമയം മതിയാകുമെങ്കിലും ആ സമയം കൊണ്ടു നൂറിൽ ഒരു ഭാഗം മാത്രം കാണുവാനെ അപരിചിതന്മാൎക്കു സാധിക്കൂ. ചെറിയ ദ്വാരങ്ങളും രഹസ്യ കോവണികളും അതിലേക്കു പ്രവേശനം നൽകുന്നു. ധനവാന്മാരായ ക്രിസ്ത്യാനികളുടെ ഉദ്യാനങ്ങളിലും അറകളിലുമാണു് ഈ ഗുഹാലയങ്ങൾ സാധാരണ ഉണ്ടായിരുന്നതു്. രാത്രിയായിരുന്നു കല്ലറകൾ നിൎമ്മിക്കുന്നതിനു പററിയ സമയം. ഭൂമി തുരന്നെടുത്ത മണ്ണു അടുത്തെങ്ങും ഇടാതെ അയൽ രാജ്യത്തു കൊണ്ടുപോയി വിൽക്കയാണു് പതിവായിരുന്നതു്. സത്യത്തെ ഏററുപറഞ്ഞു മരിച്ചവരുടെ ശരീരങ്ങൾ രാത്രിയിൽ സംസ്കരിക്കപ്പെട്ടിരുന്നു. ഭൂഗൎഭാലയങ്ങളിൽ ഒരു പുരോഹിതൻ തന്റെ അകമ്പടിക്കാരനോടുകൂടി എപ്പോഴും തയ്യാറുണ്ടാകും. വേദസാക്ഷികളുടെ തിരുശ്ശരീരങ്ങളെ ആദ്യമായി അതിന്റെ മദ്ധ്യഭാഗത്തേക്കു വഹിച്ചുകൊണ്ടുവരുന്നു. പ്രസ്തുത പുരോഹിതൻ അതിനുശേഷം മരിച്ചയാളുടെ മാതാപിതാക്കന്മാർ, ബന്ധുമിത്രാദികൾ എന്നിവരോടുകൂടെ അവിടേക്കു പ്രവേശിക്കുന്നു. അനന്തരം ആ ക്രിസ്തീയ യോദ്ധാവിന്റെ മൃതശരീരം ദീപാവലികളുടെ സഹായത്തോടുകൂടി സംസ്കാരത്തിനായി നിശ്ചിതസ്ഥാനത്തേക്കു കൊണ്ടുപോകപ്പെടുന്നു. തദനന്തരം അവിടെ സന്നിഹിതരായിട്ടുള്ളവർ ഒത്തൊരുമിച്ചു പരേതാത്മാവിനു വേണ്ടിയുള്ള പ്രാൎത്ഥനയും, നിത്യവിശ്രാന്തി ഉദ്ദേശിച്ചുള്ള ഗീതവും പാടുന്നു. ഭിത്തിമേൽ മേശ വലിപ്പു പോലെ ഉണ്ടാക്കിയിരിക്കുന്ന ദ്വാരത്തിൽ മൃതശരീരം സംസ്കരിച്ചശേഷം ഒരു മാർ

ബിൾ പലകകൊണ്ടു ദ്വാരമുഖം മൂടുന്നു. വേദസാക്ഷിയുടെ രക്തം നിറച്ച ഒരു ചെറിയ പാത്രമൊ അല്ലെങ്കിൽ അദ്ദേഹത്തെ പീഡിപ്പിക്കാൻ ഉപയോഗിച്ച ആയുധങ്ങളോ അതിനുള്ളിൽ വെച്ചതിനുശേഷം സിമൻറുകൊണ്ടു അതും മൂടുന്നു. അവസാനമായി അടക്കം ചെയ്യപ്പെട്ടിരിക്കുന്ന ആളിൻെറ പേരും ജയസൂചകമായ വൃക്ഷശിഖരമോ മുടിയൊ ഏതെങ്കിലും ഒന്നും, അയാളുടെ വയസ്സു, സ്വഭാവഗുണം, വിശ്വാസം, സ്നേഹം ആദിയായവയും അക്ഷരങ്ങളിലും അടയാളങ്ങളിലുമായി മാർബിൾ പലകമേൽ മുദ്രണം ചെയ്യപ്പെടുകയും പതിവായിരുന്നു. പ്രേതസംസ്കാരത്തിനുള്ള വരാന്തകൾ ഇടുങ്ങിയവയാണെന്നു മുൻപു പറഞ്ഞുവല്ലോ. മൂന്നുപേർക്കു നിർബാധം നിരന്നു കിടക്കുന്നതിനുള്ള വിസ്താരമതിനുണ്ടു. ഏഴെട്ടടി ഉയരവും കാണും. അവിടത്തെ വായു തണുത്തതും വിഷാണുക്കൾ കലൎന്നതുമാണ്. ഇരുഭാഗത്തും ഒന്നിനൊന്നു മീതെയായി ആദിമ ക്രിസ്ത്യാനികളുടെ ശവക്കല്ലറകൾ കാണാം. പലസ്ഥലത്തും കല്ലറകളുടെ മേൽഭാഗത്തു ഒരുതരം വെളുത്ത പൊടി പററയിരിക്കും. കുഴി മൂടുന്നതിനു ഉപയോഗിച്ച കുമ്മായം എല്ലുകളോടു ചേൎന്നു ദ്രവിച്ചുണ്ടായതാണ് ഈ പൊടി. ഓരോ അടി മുന്നോക്കം വയ്ക്കുന്നതിനോടെ നിരവധി ശിലാരേഖകൾ പ്രത്യക്ഷപ്പെടുന്നു. ഇവയുടെ പ്രാധാന്യത്തെപ്പററി എന്താണു പറയുക! പലതും മതാത്മകമായ മഹനീയ സംഭവങ്ങളെ സൂചിപ്പിക്കുന്നു. വിശ്വവിശ്രുതന്മാരായ പല ക്രിസ്തീയ ചരിത്രാന്വേഷകന്മാരും ഈ രേഖകൾ കൂലങ്കഷമായി പരിശോധിച്ചതിൻെറ ഫലമായി ആദിമ ക്രിസ്ത്യാനികൾ നമ്മെപ്പോലെ ഒരേ വിശ്വാസവും ഒരേ മതാനുഷ്ഠാനങ്ങളും ഉള്ളവരായിരുന്നു എന്നു അറിയപ്പെടുന്നു.

നയനാനന്ദകരമായ ചിത്രപണികളോടുകൂടിയ അനേകം കപ്പേളകൾ ആ അന്തരാളങ്ങളിൽ ഇന്നും സ്ഥിതിചെയ്യുന്നു. കാലപ്പഴക്കത്താലും, മണ്ണിടിഞ്ഞുവീണും, ഈൎപ്പമേററും പ്രസ്തുത ചിത്രങ്ങൾ മിക്കവാറും ശൂന്യങ്ങളായി തീൎന്നിരിക്കുന്നുവെങ്കിലും, കത്തോലിക്കാ മതതത്വങ്ങൾ പലതും പുതിയ കണ്ടുപിടുത്തങ്ങളാണെന്നുള്ള പ്രോട്ടസ്റ്റാൻറുകാരുടെ അപവാദങ്ങൾക്കെതിരായി കത്തോലിക്കാ തത്വങ്ങളെ താങ്ങുന്ന അനവധി സംഗതികൾ പ്രസ്തുത ചിത്രങ്ങളിൽനിന്നു തെളിയുന്നുണ്ടു്. സ്വരൂപ വന്ദനം പരിശുദ്ധ മറിയത്തിൻെറയും പുണ്യവാന്മാരുടേയും മദ്ധ്യസ്ഥം, കുമ്പസ്സാരത്തിൽ പാപപ്പൊറുതി, പൂജാസമൎപ്പണം, കുർബാന എ

ന്ന കൂദാശയിൽ മിശിഹായുടെ സാക്ഷാത്തായ സാന്നിദ്ധ്യം, മരിച്ച വർക്കു വേണ്ടിയുള്ള പ്രാർത്ഥന, ശുദ്ധീകരണസ്ഥലം, വിശുദ്ധ പത്രോസിനും അദ്ദേഹത്തിൻെറ പിൻഗാമികൾക്കും ക്രിസ്ത്യാനികളുടെ മേൽ ഉള്ള ഇടയനടുത്ത അധികാരം, പഠിപ്പിക്കുന്നതിനും ആത്മാക്കളെ രക്ഷിക്കുന്നതിനുമുള്ള അപ്പസ്തോലന്മാരുടെ നിയോഗം ആദിയായ അനവധി സംഗതികൾ അതിൽ നിന്നും അറിയാവുന്നതാണ്. കപ്പേളയുടെ ഭിത്തിമേലുള്ള പ്രസ്തുത ചിത്രങ്ങളിൽ ഏതാനുമേ ബാക്കിയുള്ളു. എങ്കിലും മർദ്ദനങ്ങളുടെ കാഠിന്യം, സദാ മരണകരമായ അപകടസ്ഥിതിയിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനികളുടെ പരിതാപസ്ഥിതി, ക്രൂശിക്കപ്പെട്ട ഈശോയോടു അവർക്കുണ്ടായിരുന്ന സ്നേഹം, ഇത്യാദികൾ ഒരു പുസ്തകത്തിൽ നിന്നെന്നപോലെ പ്രസ്തുത രൂപങ്ങളിൽ നിന്നും ഊഹിച്ചറിയാവുന്നതാണ്.

മുൻപ്രസ്താവിച്ചപ്രകാരം ഈ ഭൂഗർഭാലയങ്ങളിലുള്ള അനേക കപ്പേളകളിൽ പലതും നമ്മുടെ പൂർവ്വികന്മാർ ആചരിച്ചുവന്ന ദൈവാരാധന സമ്പ്രദായത്തെ തെളിയിക്കുന്നു. ആദ്യമായി അവിടെ പ്രധാന ബലിപീഠമാണ് നാം കാണുന്നത്. അതിൻെറ അധോഭാഗത്തു വിശ്രുതന്മാരായ മൂന്നു വേദസാക്ഷികളുടെ മൃതദേഹം വിശ്രമിക്കുന്നു. ഭിത്തിമേൽ അർദ്ധവൃത്താകൃതിയിൽ നാലോ അഞ്ചോ അടി വെട്ടിത്തുറന്നാണ് ഈ ബലിപീഠം ഉണ്ടാക്കിയിരിക്കുന്നത്. നല്ല ഇടയൻ തൻെറ തോളിന്മേൽ ആടിനേയും വഹിച്ചുകൊണ്ടു നില്ക്കുന്നതിൻേറയൊ അല്ലെങ്കിൽ പീഠത്തിന്നടിയിൽ കിടക്കുന്ന വേദസാക്ഷിയുടേയൊ ഛായ ഓരോ ആർക്കുകളിലും അതി മനോഹരമായി ചിത്രിച്ചിരിക്കുന്നു. സാധാരണമായി വിശ്വാസികൾ ദിവ്യപൂജയിൽ സംബന്ധിച്ചിരുന്നു. കുർബാന ചൊല്ലുന്നിടത്തുള്ള സ്ഥലച്ചുരുക്കത്താൽ അടുത്ത മുറികളിൽ പ്രാർത്ഥനയിൽ മുഴുകി പരിശുദ്ധ ബലിപൂജയിൽ ഏകാഗ്രചിത്തരായി നിൽക്കുന്ന വിശ്വാസികൾക്കു ആറാം പട്ടക്കാർ ദിവ്യകാരുണ്യം കൊണ്ടുപോയി കൊടുത്തിരുന്നു. ക്രിസ്ത്വബ്ദം 257-ൽ ഡെസിയൂസ് ചക്രവർത്തി നടത്തിയ ക്രൂരമർദ്ദനത്തിൽ വി. സ്റ്റീഫൻ പാപ്പ ശിരഃഛേദനം ചെയ്യപ്പെട്ട സ്ഥലവും നമുക്ക് അവിടെ കാണാം. വി. പത്രോസും പൗലോസും വിശ്രമിക്കുന്ന സ്ഥലത്തു ദിവ്യകർമ്മാനുഷ്ഠാനത്തിനു സന്നിഹിതനായിരുന്നപ്പോഴാണ് രാജസേവകന്മാർ ഇദ്ദേഹത്തെപിടികൂടിയത്. ഇദാനീന്തനകാലത്തുപോലും പരിശുദ്ധ മാർപ്പാപ്പായെ അദ്ദേഹത്തിൻെറ അകമ്പടിക്കാരായ കർദ്ദിനാളന്മാരോ

ട്ടും, പുരോഹിതന്മാരോടും കൂടിയല്ലാതെ ബലിപീഠത്തിനു സമീപം കാണാറില്ല.

ഭൂഗർഭാലയ സന്ദർശനം, മനസ്സിൽ അങ്കുരിപ്പിക്കുന്ന വികാരങ്ങളെ വിവരിക്കുന്നതിനു ഒരുവനും സാധിക്കുന്നതല്ല. അതിൽ പ്രവേശിക്കുന്നതിനോടെ പരിശുദ്ധങ്ങളായ അനവധി ചിന്തകൾ ഒരു സന്ദർശകന്റെ ഹൃത്തടത്തിൽ സ്ഥലം പിടിക്കുന്നു. പ്രാപഞ്ചികമായ സകല വസ്തുക്കളുടേയും വ്യർത്ഥതയെപ്പററിയുള്ള ബോധം പാരത്രിക വിഷയങ്ങളിലേക്കു നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ഭൗതിക വശീകരണങ്ങളെ ഹനിക്കുന്ന ആത്മജ്ഞാനം; പതിതരുടെ ആക്രമണങ്ങളോടു ധീരധീരം പോരാടിയതിനുശേഷം ഇന്നും വിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലും യാതൊരു ചാഞ്ചല്യവും കൂടാതെ മഹാ ശക്തിയോടുകൂടി ഉറച്ചുനില്ക്കുന്ന കത്തോലിക്കാ സഭയുടെ സനാതനത്വത്തിലുള്ള ദൃഢവിശ്വാസം; വിജയശ്രീയോടെ അവിടം അലങ്കരിക്കുന്ന വീരയോദ്ധാക്കളെ അനുകരിക്കുന്നതിനു ഒരു ക്രൈസ്തവനിൽ ജനിപ്പിക്കാവുന്ന ജിജ്ഞാസ; ഭക്തിതീഷ്ണത, ലോകാവജ്ഞ, എന്നിവകളിൽ അവരെ പിൻതുടരുന്നതിലുള്ള നമ്മുടെ ഉദാസീനത; എന്നു തുടങ്ങി പലതും ഭൂഗർഭാലയ സന്ദർശന ഫലമായി ഒരുവനിൽ ഉണ്ടാകാൻ ഇടയുള്ളതാകുന്നു.



## 28. വി. പത്രോസിൻെറ ദേവാലയം.

കത്തോലിക്കലോകത്തിൻെറ കിരീടമായ റോമാപ്പട്ടണത്തിൽ വിശു: പത്രോസിൻെറ ദേവാലയം മദ്ധ്യരത്നമായി ശോഭിക്കുന്നു.

റോമ! നിത്യ നഗരം! കത്തോലിക്കലോകത്തിൻെറ ഭരണകേന്ദ്രം! സത്യത്തിൻെറ ശക്തിമത്തായ കോട്ട! ക്രിസ്തീയ വിശ്വാസത്തിൻെറ പരിപാവനവും ഭദ്രവുമായ സങ്കേത സ്ഥാനം—ഇങ്ങനെ പലപ്രകാരത്തിൽ വിശ്രുതിയെ അർഹിക്കുന്ന ആ പട്ടണത്തിലുള്ള അസംഖ്യം ദേവാലയങ്ങളുടെ സമൂഹത്തിൽ വി. പത്രോസിൻെറ ദേവാലയം നട്ടനായകത്വം വഹിക്കുന്നു എന്നു പറഞ്ഞാൽ അതിൻെറ മാഹാത്മ്യം ഏറ്റക്കുറെ ഊഹ്യമാണ്. അപ്പസ്തോല പ്രമാണിയുടെ പാവനാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെടുന്നതു് അവിടെയാണ്. പ്രഥമ മെത്രാൻെറ സിംഹാസനം സ്ഥിതിചെയ്യുന്നതും അവിടെതന്നെ. അവിടെ ക്രിസ്തുവിൻെറ പ്രഥമ വികാരി വിശ്രമിക്കുന്നു. അതിനു സമീപം അതിമനോഹരമായ ഒരു അരമനയിൽ അത്രെ പരിശുദ്ധ മാപ്പാപ്പായുടെ സ്ഥിരവാസം. പത്രോസിൻെറ പിൻഗാമി, മിശിഹായുടെ വികാരി, കത്തോലിക്കാ വിശ്വാസികളാകുന്ന ആട്ടിൻ കൂട്ടത്തിൻെറ ഇടയശ്രേഷ്ഠൻ, ഇതാ അവിടെയാണ് വാണരുളുന്നതു്. ഇതിലധികം എന്തു മാഹാത്മ്യമാണ് അതിൻെറ പ്രശസ്തിക്ക് ആവശ്യമുള്ളതു്. ക്രിസ്ത്വബ്ദത്തിൻെറ ആദിമ ശതകത്തിൽ റോമാചക്രവത്തിയായ നേരൊ ആദ്യമായി ക്രിസ്ത്യാനി മർദ്ദനം ആരംഭിച്ചു. ഇക്കാലത്തു വിശുദ്ധന്മാരായ പത്രോസിനേയും പൌലോസിനേയും ആ ദുഷ്ടൻ കരാഗ്രഹത്തിൽ അടച്ചു. നേരൊ ചക്രവത്തി അനവധി ദ്രവ്യം ചിലവുചെയ്തു നിർവ്വഹിച്ചിരുന്ന വിനോദ രംഗം അക്കാലത്തു് ക്രൈസ്തവ യോധവീരന്മാരുടെ വിജയശ്രീ വിഹരിക്കുന്ന കളിസ്ഥലമായി പരിണമിച്ചു. ലോകത്തിനു് അജ്ഞരായ യോധവീരന്മാർ അവരുടെ മരണംകൊണ്ടു് ലോകമൊട്ടുക്കും ജയഭേരി മുഴക്കി. ആ പ്രാചീനമായ വിനോദ ഭൂമിയിൽ ഇന്നു് വി. പത്രോസിൻെറ സ്തംഭപംക്തി (Colorades) പരിലസിക്കുന്നതു കാണാം. ഒരിക്കൽ ഒരു ജമ്മൻ ചക്രവത്തി മാപ്പാപ്പായെ കാണുന്നതിനായി റോമായിൽ ചെന്നിരുന്നപ്പോ

ൾ അപ്പസ്തോലനേതാവിന്റെ തിരുശേഷിപ്പുകൾ ആവശ്യപ്പെടുകയുണ്ടായി. അപ്പോൾ അന്നത്തെ പരിശുദ്ധ പിതാവു ഇങ്ങനെയാണ് മറുപടി നൽകിയത്, "ആ വിശുദ്ധ അസ്ഥികൾ ആരും സ്പർശിക്കാതിരിക്കട്ടെ", എന്നു പറഞ്ഞു കുറിഞ്ഞുകൊണ്ടു കുറെ മണ്ണു കയ്യിലെടുത്തു രാജാവിനു നൽകിയിട്ട്, "അവിടുന്നു തിരുശേഷിപ്പു കിട്ടുന്നതിനു ആഗ്രഹിക്കുന്നു എങ്കിൽ ഇതു സ്വീകരിച്ചാലും! നാം നില്ക്കുന്ന ഈ സ്ഥലം ആദിമ വേദസാക്ഷികളുടെ രക്തത്താൽ പരിപാവനമാക്കപ്പെട്ടിട്ടുള്ളതാണ്", എന്നു പറഞ്ഞുവത്രെ. നേരോ ചക്രവത്തി ക്രിസ്ത്യാനികളെ പല വിധത്തിൽ പീഡിപ്പിക്കുകയും അതി ക്രൂരമായ വിധം കൊല്ലുകയും ചെയ്തു. പലരും ക്രൂരമൃഗങ്ങൾക്കു ഇരയായി. ചിലരെ കീലും ഗന്ധകവും പുരട്ടി പകൽ മുഴുവൻ ചുട്ടുരുക്കിയതിന്റെ ശേഷം രാത്രിയായപ്പോൾ സേവകന്മാരുടെ ആനന്ദത്തിനായി ആളിക്കത്തുന്ന തീചൂളയിൽ എറിഞ്ഞു ദഹിപ്പിച്ചു. സാധാരണക്കാരിൽ അധിക പങ്കും നശിച്ചപ്പോൾ പിന്നെ ക്രിസ്ത്യൻ നേതാക്കന്മാരെയും ദണ്ഡിപ്പിക്കുവാൻ തുടങ്ങി. വി. പത്രോസും പൌലോസും "മമർട്ടയിൻ" കാരാഗാരത്തിൽ കിടന്നു ദുരിതമനുഭവിച്ചു. തദനന്തരം ക്രിസ്ത്വാബ്ദം 66 ജൂൺമാസം 29-ാംനു- രണ്ടുപേരും മരണത്തിനു വിധിക്കപ്പെട്ടു. ഇന്നും ക്രിസ്ത്യാനികളുടെ ഭക്തി വിശ്വാസത്തിന് വിഷയമായിക്കൊണ്ടിരിക്കുന്ന ഓസ്റ്റിയൻ പാഥയിൽ വച്ചു വിശുദ്ധ പത്രോസു തലകീഴായി ക്രൂശിക്കപ്പെട്ടു. തന്റെ പിതാവും സ്നേഹിതനുമായ വി. പത്രോസിന്റെ മരണാനന്തരം വി. പൌലോസ് നേരൊ ചക്രവത്തിയുടെ ഉദ്യാനത്തിലേക്കു നയിക്കപ്പെടുകയും അവിടെ വച്ച് ശിരഃഛേദനം ചെയ്യപ്പെടുകയും ചെയ്തു. പ്രസ്തുത അപ്പസ്തോലന്മാരുടെ മരണശേഷം വി. ലീനൂസാണ് വി. പത്രോസിന്റെ അനന്തര ഗാമിയായി തിരഞ്ഞെടുക്കപ്പെട്ടത്. ഇന്നുവരെ ഇടവിടാതെ തുടന്നുകൊണ്ടിരിക്കുന്നതും ലോകാവസാനംവരെ നിലനില്ക്കുന്നതുമായ മാപ്പാപ്പാമാരുടെ ക്രമാനുഗതമായ വാഴ്ച ഇങ്ങനെ ആരംഭിച്ചു. വി. പത്രോസിന്റെ മൃതശരീരം വിശ്വാസികളെടുത്ത് വത്തിക്കാൻ കുന്നിന്റെ ചരുവിൽ ഒരു പ്രേതാലയത്തിൽ സംസ്കരിച്ചു. അവിടെ ക്രിസ്ത്യാനികൾ ദിവ്യപൂജാപ്പണം, വി. ദിവ്യകാരുണ്യ സ്വീകരണം ആദിയായവകൾക്ക് ഒന്നിച്ചു കൂടുക പതിവായിരുന്നു.

വിശ്വാസം പ്രചരിച്ചതോടുകൂടി ശവകുടീരങ്ങളുടെ പ്രശസ്തിയും വദ്ധിച്ചു. കത്തോലിക്കക്ക് പിൻകാലത്ത് ഈ അമൂല്യ

നിക്ഷേപങ്ങളെ കണ്ടാനന്ദിക്കുന്നതിന് ഇടവരാത്തവിധം പ്രസ്തുത സ്ഥലങ്ങൾ നശിപ്പിക്കപ്പെടുന്നതിനു ദൈവം ഇതുവരെ അനുവദിച്ചിട്ടില്ല. നാലാം ശതാബ്ദത്തിന്റെ ആദിമ ഘട്ടത്തിൽ കത്തോലിക്ക് സഭയിലെങ്ങും സമാധാനം വിളയാടിയിരുന്നു. അക്കാലത്തു് കോൺസ്റ്റാൻറിൻ ചക്രവത്തി അപ്പസ്തോല പ്രമുഖന്റെ സ്മരണ നിലനിത്തുന്നതിനായി വി. പത്രോസിന്റെ ശവകുടീരം സ്ഥിതിചെയ്യുന്നിടത്തു് ഒരു ദേവാലയം പണികഴിപ്പിച്ചു. വി. പത്രോസിന്റെ ശവക്കല്ലറയുടെ അടുത്തെങ്ങും ഇളക്കം തട്ടാതിരിക്കത്തക്കവണ്ണം വത്തിക്കാൻ കുന്നിന്റെ ഒരു ഭാഗം വെട്ടിത്തുരന്നാണ് ഈ പള്ളി പണിയിച്ചിട്ടുള്ളതു്. ഈ വിശുദ്ധന്റെ തിരുശേഷിപ്പുകൾ വച്ചിരുന്ന അറയ്ക്കു ചുററും 'ഫോർഫിലി' എന്ന കല്ലുകൊണ്ടൊരു സ്തംഭം പണിയിക്കയും അതിന്റെ മേൽ ഭാഗത്തു് ഒരു സ്വർണ്ണക്കുരിശു സ്ഥാപിച്ച് അതിന്മേൽ "Divo Petro, Constantinus Augustus et Helena Augusta", എന്നു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അതി വിഖ്യാതമായ ഈ സ്മാരകങ്ങളുടെ അവശിഷ്ടങ്ങൾകൂടി വിസ്മൃതികോടിയിൽ ആണ്ടു് നഷ്ടീഭവിക്കാതിരിക്കാൻവേണ്ടി രണ്ടോ മൂന്നോ ശതാബ്ദങ്ങൾക്കു മുമ്പു അന്നത്തെ ഒരു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അതി വിശാലവും മനോഹരവുമായ ഒരു ദേവാലയം അപ്പസ്തോലന്റെ കല്ലറയ്ക്കടുത്തു രണ്ടാമതും പണികഴിപ്പിച്ചിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗത്തു നിന്നും അതുകളെ സന്ദർശിക്കുന്നതിനുവേണ്ടി തീത്ഥയാത്ര ചെയ്യുന്ന ജനങ്ങൾക്ക് കയ്യും കണക്കുമില്ല.

വി. പത്രോസിന്റെ കപ്പേളയിൽ ഇതഃപര്യന്തം പുണ്യവാന്മാരുടേയും വേദസാക്ഷികളുടേയും മൃതശരീരങ്ങൾതന്നെ പതിനായിരത്തോളം സംസ്കരിക്കപ്പെട്ടിട്ടുണ്ടു്. ആദ്യത്തെ പതിനഞ്ചു രക്തസാക്ഷികളായ മാർപ്പാപ്പാമാർ സംസ്കരിക്കപ്പെട്ടതു് അവിടെയാണ്. വി. ജോൺ ക്രിസോസ്തോമൂസ്, മഹാനായ വി. ഗ്രിഗോരിയോസ്, വി. ഗ്രിഗരി നാസ്യാൻസൻ, വി. ലെയോ, ആദിയായവരുടെ മൃതശരീരങ്ങൾ അവിടെതന്നെ മറവുചെയ്യപ്പെട്ടിരിക്കുന്നു. മമർട്ടയിൻ തടവിൽവെച്ചു വി. പത്രോസിനെ സൂക്ഷിച്ചിരുന്ന സൈന്യനായകന്മാരായ വി. പ്രോസേസൂസും മാട്ടീനിയനും, ആദ്യം അവരുടെ തടവുകാരനും, പിന്നീടു് വിശ്വാസ സ്വീകരണത്തിൽ അവരുടെ പിതാവുമായ വി. പത്രോസിനോടുകൂടെ അവിടെ വണങ്ങപ്പെടുന്നു. പ്രസ്തുത ദേവാലയത്തിന്റെ മുൻഭാഗ

ത്തു അപ്പസ്തോലന്മാരായ വി. സൈമനും, വി. ജൂഡും മരണാനന്തരവും അവരുടെ നേതാവിനെ വിട്ടുപിരിവാൻ മനസ്സില്ലാത്തവരൊ എന്നു തോന്നുമാറു, വി. പത്രോസിൻെറ ശവകുടീരത്തിന്നടുത്തു തന്നെ സ്ഥലം പിടിച്ചിരിക്കുന്നു. ലോകസഞ്ചാരികൾ പ്രസ്തുത സ്ഥലത്തു ചെന്നു് അവിടത്തെ മാർബിൾ പ്രതിമകളും സ്വർണ്ണപണികളും, മൊസായിക്ക് ചിത്രവേലകളും മററും കണ്ടു മടങ്ങുകപതിവാണ്. അവർ അവിടത്തെ ചിത്രവേലയുടെ വൈചിത്ര്യങ്ങളും കരകൗശലത്തിൻെറ പരമ കാഷ്ഠാഗതമായ സാമത്ഥ്യപ്രകടനങ്ങളും കണ്ടു അത്ഭുതപ്പെടുന്നു. നമ്മളാവട്ടെ പ്രസ്തുത പ്രതിമകൾ സൂചിപ്പിക്കുന്ന വീരപുരുഷന്മാരുടെ ആദ്ധ്യാത്മിക വൈശിഷ്ട്യത്തെ ആലോചിച്ചാണ് അത്ഭുതപരതന്ത്രരാകുന്നതു് . അവർ പ്രാപഞ്ചിക വസ്തുക്കളിൽ ലയിച്ചു വശാകുന്നു; നേരെമറിച്ചു കത്തോലിക്കർ ആ സ്ഥലത്തുനിന്നു വിശ്വാസദൃഷ്ടികൊണ്ടു സ്വർഗ്ഗീയമന്ദിരത്തിലെ ഔന്നത്യ സന്തോഷാദികളിൽ പങ്കുകൊണ്ടു് ആനന്ദഭരിതരായി ഭവിക്കുന്നു. 140 വിളക്കുകളാൽ ഇടവിടാതെ ശോഭിക്കുന്നതും, ദൈവത്തിൻെറ പ്രഥമ വികാരിയുടെ തിരുശേഷിപ്പുകളെ മൂടിയിരിക്കുന്നതുമായ ആ കല്ലിന്മേൽ 'മുഴങ്കാൽ മടക്കി' തല താഴ്ത്തുന്നതിനോടെ ആരുടെ ഹൃദയമാണ് ഭക്തിസ്നേഹ പാരവശ്യങ്ങളാൽ ഇളകി വശാകാത്തതു? തീർത്ഥയാത്രക്കാർ പ്രാർത്ഥന കഴിഞ്ഞു കണ്ണുകൾ ഉയർത്തുമ്പോൾ ഒരു "വാർബന്ധം" പ്രത്യക്ഷമാകുന്നു. അതിന്മേൽ സ്വർണ്ണ ലിപികളിൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നതു കാണാം. "നീ പത്രോസ് (പാറ) ആകുന്നു; ഈ പാറമേൽ എൻെറ പള്ളിയെ ഞാൻ പണിയും. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു ഞാൻ തരും" ഈ വാക്യങ്ങളുടെ ദശ്നം ഏതോരു കത്തോലിക്കനും അവൻെറ വിശ്വാസത്തെപ്പററി അഭിമാനം ജനിപ്പിക്കാതിരിക്കുന്നതല്ലതന്നെ. മിശിഹായുടെ തൊഴുത്തിൽ നിന്നു വേർതിരിഞ്ഞു പത്രോസിൻെറ ഇടയന്നടുത്ത ഭരണത്തെ ത്യജിച്ചു ലോകമെങ്ങും ചിന്തി ചിതറിക്കിടക്കുന്ന വിവിധ സഭകളുടെ അന്ധതയത്രെ ആദ്യമായി അവൻെറ ഓർമ്മയിൽ വരുന്നതു്. മുൻപ്രസ്താവിച്ച അക്ഷരങ്ങൾ മുദ്രിതമായിട്ടുള്ള 'വാർ' നാലു തൂണുകളിന്മേലാണു ബന്ധിക്കപ്പെട്ടിരിക്കുന്നതു്. ഈ ഓരോ തൂണിൻെറയും വലിപ്പം താഴെ പറയുന്നതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ഒരു ശില്പിപ്രവരൻ തൻെറ അക്ഷീണപരിശ്രമത്തിൻെറയും പയ്യാലോചനയുടെയും ഫലമായി, ഈ ഒരു തൂണി

ന്നു ഉപയോഗിച്ചിരിക്കുന്നത്ര സ്ഥലംകൊണ്ടു റോമയിൽ വേറൊരിടത്തു ഒരു വലിയ ദേവാലയവും ഒരാശ്രമവും നിൎമ്മിച്ചിരിക്കുന്നുപോൽ. ഈ തൂണുകളോരോന്നിലും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടു്. കൎത്താവു് ക്രൂശും വഹിച്ചുകൊണ്ടു കാൽവറി മലയിലേയ്ക്കു പോകുമ്പോൾ ചോരയൊലിച്ചു നനഞ്ഞ തിരുമുഖം തുടച്ച തിരുശ്ശീലയും വി. വെറോണിക്കായുടെ ശരീരവും ഒരു തൂണിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. കൎത്താവു ക്രൂശിൽ മരിച്ചുകിടക്കുമ്പോൾ അങ്ങെ തിരുവിലാവു കുത്തിത്തുറന്ന വി. ലോഞ്ചീനോസിന്റെ ശരീരവും ആ കുന്തത്തിന്റെ ഒരു കഷണവും വേറൊന്നിൽ കാണാം. ഇതു കൊല്ലന്തോറും ദുഃഖവെള്ളിയാഴ്ച തുറക്കപ്പെടുന്നു. മൂന്നാമത്തെ തൂണിൽ കൎത്താവു തൂങ്ങിമരിച്ച കുരിശിന്റെ ഒരംശവും മറ്റൊന്നിൽ വി. പത്രോസിന്റെ ജ്യേഷ്ഠസഹോദരനായ വി. ആൻഡ്റുവിന്റെ ശിരസ്സും അടങ്ങിയിരിക്കുന്നു. എന്നാൽ വിശുദ്ധ പത്രോസിന്റെ അനന്തരവനും തന്റെ അധികാരസംരക്ഷകനും ആയ പരി: പിതാവു, പെന്തക്കോസ്തുദിവസത്തിൽ ഭക്ഷണശാലയിൽ വെച്ച വി. പത്രോസു അൎപ്പിച്ചതും, ഇരുപതു നൂററാണ്ടോളം മെത്രാന്മാരും പട്ടക്കാരും ഇടവിടാതെ തുടൎന്നുകൊണ്ടിരിക്കുന്നതുമായ ആ ദിവ്യ ബലിയെ വിശുദ്ധന്റെ ശവകുടീരത്തിന്റെ മേൽഭാഗത്തു നിന്നുകൊണ്ടു സ്ഥാനചിഹ്നങ്ങളോടുകൂടി സമൎപ്പിക്കുന്നതു് കാണുന്നമാത്രയിൽ ഒരു ക്രിസ്തീയ ഹൃദയത്തിൽ ഉൽഭൂതമാകുന്ന വികാരങ്ങളെ വൎണ്ണിക്കുവാൻ ജിഹ്വാതൂലികകൾ പൎയ്യാപ്തങ്ങളല്ല.



## 29. "ആത്മാവിൽ സാധുക്കളായിട്ടുള്ളവർ അനുഗ്രഹീതരാകുന്നു."

'മലയിലെ പ്രസംഗ'ത്തിൻെറ ആരംഭത്തിൽ മിശിഹാ ഉപയോഗിച്ച വാക്യമത്രെ മേൽ ഉദ്ധരിച്ചതു്. ഭാഗ്യവാന്മാർ എന്നു് ഈശോമിശിഹാ ആരെയാണു വിളിച്ചിരിക്കുന്നതു്? ആക്കു അവിടുന്നു നിത്യഭാഗ്യം വാഗ്ദാനം ചെയ്യുന്നു? 'അരൂപിയിൽ ദരിദ്രർ' എന്ന സുവിശേഷ വാക്കുകൾ എന്തു സൂചിപ്പിക്കുന്നു എന്നും മററും നമുക്കു സ്വല്പം പര്യാലോചിക്കാം.

വെളിച്ചത്തിൻെറ പിതാവും, മനുഷ്യ ബുദ്ധിയുടെ സ്രഷ്ടാവും, സകല ജ്ഞാനത്തിൻെറ നാഥനുമാകുന്ന ദൈവം മനുഷ്യനു് നൽകുന്ന അതി സ്വാഭാവികമായ ഒരു ദാനമാകുന്നു വിശ്വാസം.

അജ്ഞാനവും, ബുദ്ധിവിഹീനതയും ഒരു നിർഭാഗ്യമായി ക്രിസ്തീയ മതം സദാ ഗണിച്ചുപോരുന്നു. അതിനാൽ സുവിശേഷത്തിൽ ഭാഗ്യവാന്മാരെന്നു് വിളിക്കപ്പെടുന്ന 'അരൂപിയിൽ നിർദ്ധനന്മാരെ' ബുദ്ധിവിഹീനരുടേയും അജ്ഞന്മാരുടെയും ഇടയിൽ അന്വേഷിക്കേണ്ട ആവശ്യമില്ല. ഇത്ര അധികമായി മിശിഹാ പ്രശംസിക്കുന്ന 'ഹൃദയദരിദ്രത'യെന്ന പുണ്യം പണ്ഡിതനും പാമരനും ഒരുപോലെ പ്രാപ്യവും സ്പൃഹണീയവുമത്രേ. സുവിശേഷത്തിൽ 'ഹൃദയദാരിദ്ര്യം' എന്ന വാക്കുകൊണ്ടു നിർദ്ദേശിക്കപ്പെടുന്നതു 'നശ്വരമായ പ്രാപഞ്ചികവസ്തുക്കളിൽ വൈരാഗ്യപൂർവ്വം വർത്തിക്കയെന്നതാണ്'. പ്രാപഞ്ചികമായ സ്ഥാനമഹിമകളും, ധനധാന്യാദികളും ക്ഷണികങ്ങളായ സന്തോഷങ്ങളും ദൈവത്തെപ്രതി സംത്യജിക്കുന്ന ക്രൈസ്തവൻ വാസ്തവത്തിൽ ഭാഗ്യവാനും അനുഗ്രഹീതനുമത്രേ. അവൻ പരിത്യജിക്കുന്ന ഈ നിസ്സാര വസ്തുക്കൾക്കുപകരം പരത്തിൽ അനശ്വരമായ ഒരു സമ്മാനം അവനു നൽകപ്പെടും. ഈ ഭൂമിയിൽതന്നെ അവൻ യഥാർത്ഥമായ ആനന്ദം കണ്ടെത്തും. തൻെറ സ്രഷ്ടാവും രക്ഷകനുമായ മിശിഹായിൽ ഐക്യപ്പെട്ടു് ആനന്ദകരമായ ഒരു ജീവിതം കഴിച്ചുകൂട്ടുവാൻ അവനു് സാദ്ധ്യമാകയും ചെയ്യും.

ദൈവത്തെ ഒഴിച്ചു് മററു സകല വസ്തുക്കളോടുമുള്ള വൈരാഗ്യവും ആവക വസ്തുവ്യൽപ്പത്തികളിലുള്ള ദാരിദ്ര്യ ബോധവുമാ

ണ്ട് സുവിശേഷത്തിൽ 'ഹൃദയദാരിദ്ര്യ'മെന്ന പദംകൊണ്ടു നിർദ്ദേശിച്ചിട്ടുള്ളതു്. അതു സാക്ഷാത്തായ എളിമയിൽ അടങ്ങിയിരിക്കുന്നു. വാസ്തവത്തിൽ അതു് മിശിഹായോടുള്ള സ്നേഹത്തിൻെറ പരിപൂർണ്ണതതന്നെയാണ്. ആ അഗാധമായ എളിമയ്ക്കു പ്രതിഫലമായി നിത്യഭാഗ്യം കൊടുക്കപ്പെടുന്നതും അതുകൊണ്ടുതന്നെയാണ്.

വി. ഫ്റാൻസീസ് ദെസാലേസ് ഈ ദരിദ്രതയെ പൂർണ്ണമായി പരിശീലിച്ചിരുന്നു. ഈ മഹാ പുണ്യവാൻ ദൈവസ്നേഹവും, ദൈവഹിതാനുഷ്ഠാനവുമല്ലാതെ മററൊന്നും ആഗ്രഹിച്ചില്ല. തൻെറ ആവശ്യങ്ങൾ ഗൗനിക്കാതെ തനിക്കുണ്ടായിരുന്ന എല്ലാ ധനവും തിരുസ്സഭയ്ക്കു ദാനം ചെയ്തു. താൻ ധരിച്ചിരുന്ന വസ്ത്രങ്ങളും നിത്യോപയോഗത്തിനു ആവശ്യമുള്ളവപോലും ദരിദ്രർക്കു പകുത്തുകൊടുത്തു. ഒരിക്കൽ അദ്ദേഹം ഒരു ഭിക്ഷുവിനു താൻ ധരിച്ചിരുന്ന വസ്ത്രം കൊടുത്തപ്പോൾ, അതു കൃതജ്ഞതാപൂർവ്വം സ്വീകരിക്കുന്നതിനുപകരം, ആ വസ്ത്രം തനിക്കുപയോഗശൂന്യമാണെന്നു് പുണ്യവാനോടു ആ ഭിക്ഷു ആവലാധി പറകയുണ്ടായി. അത്ര പഴയ വസ്ത്രങ്ങളാണ് നമ്മുടെ പുണ്യവാൻ ധരിക്കാറുണ്ടായിരുന്നതു്.

ഉൽകൃഷ്ടകുലത്തിൽ ജനിച്ചവനും, ഇററലിയിൽ മിലാൻ രൂപതയിലെ മെത്രാനുമായിരുന്ന വി. ചാറൽസ് ബൊറെമിയോ വലിയ ധനികനായിരുന്നിട്ടുപോലും തൻെറ വസ്തുക്കളെല്ലാം ഭിക്ഷുക്കൾക്കു വിഭാഗിച്ചു കൊടുത്തുകൊണ്ടു് ഒരു ദരിദ്രനായി ജീവിച്ചു. ഈ കർദ്ദിനാൾ ഒരു കഷണം മരത്തിന്മേലത്രെ നിദ്ര ചെയ്തിരുന്നതു്. അപ്പവും വെള്ളവുമല്ലാതെ വേറെ ഒന്നും ഭക്ഷിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം എട്ടു 'ചാപ്പുകൾ' ഉള്ള ഒരു വസ്ത്രം ധരിച്ചിരുന്നതായി അദ്ദേഹത്തിൻെറ ജീവചരിത്രത്തിൽ വിവരിച്ചിരിക്കുന്നു.

പുണ്യവാന്മാരിൽ ഏററവും സൗമ്യനും ഉദാരശീലനുമായ അസ്സീസിയിലെ വി. ഫ്റാൻസീസ് തൻെറ സമകാലീനന്മാരിൽ വെച്ചു ഏററവും ധൈര്യശാലിയായ ഒരു യോദ്ധാവും, എല്ലാവർക്കും ആദർശയോഗ്യനായ ഒരു യുവാവുമായിരുന്നു. എങ്കിലും മോക്ഷം ലോകത്തെക്കാൾ വിലയേറിയതെന്നും, യഥാർത്ഥജ്ഞാനം, ഈ ലോകത്തിൽ നിന്നു ലഭിക്കാവുന്ന അല്പ സന്തോഷാനന്ദങ്ങളെ ത്യജിച്ചു അനശ്വരമായ നിത്യഭാഗ്യത്തിനായി പരിശ്രമിക്കുന്നതിൽ അടങ്ങിയിരിക്കുന്നെന്നും, അദ്ദേഹം ശരിയായി മനസ്സിലാക്കി. താൻ അതിയായി സ്നേഹിച്ചിരുന്ന നീധിയെ പ്രതി—അതെ നാം

എല്ലാവരും സ്നേഹിക്കേണ്ട മിശിഹായെ പ്രതി—തന്റെ ഉന്നത ഗോത്ര ചിഹ്നങ്ങളും വസ്ത്രാഡംബരങ്ങളും ഉപേക്ഷിച്ചു, സന്തോഷാനന്ദത്തിൽ നിമഗ്നനായി, "എന്റെ ദൈവം എനിക്കു സമസ്തവും" എന്നു നിലവിളിച്ചു പറഞ്ഞിരുന്നു.

ഇപ്രകാരമാണ് എല്ലാപുണ്യവാന്മാരും ചെയ്തിട്ടുള്ളത്. എല്ലാ യഥാൎത്ഥ ക്രിസ്ത്യാനികളും ഈ വിധത്തിൽ തന്നെയാണ് പ്രവൎത്തിക്കേണ്ടതും. നാം മിശിഹായുടെ ശിഷ്യരാകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ, ആകാശമോക്ഷം നേടുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നാം അരൂപിയിൽ ദരിദ്രരായിത്തീരണം. അതായതു നമ്മുടെ ദിവ്യ ഗുരുവിനെപ്രതി ഈ ലോകത്തിലെ സകല സുഖ സന്തോഷങ്ങളെയും നാം വെറുക്കണം; ഈശോമിശിഹായെ മാത്രം സ്നേഹിക്കുന്നതിനും, അങ്ങേയ്ക്കുമാത്രം ശുശ്രൂഷ ചെയ്യുന്നതിനും വേണ്ടി സകലവും നാം ഉപേക്ഷിക്കണം.

'ഹൃദയ ദാരിദ്ര്യം ക്രിസ്തീയ സന്മാൎഗ്ഗതത്വങ്ങളുടെ ഒരു വിശിഷ്ട സംഗ്രഹമത്രെ.'



## 30. എൻെറ തീർത്ഥയാത്ര.

1845-ൽ ഞാൻ റോമായിൽ താമസിച്ചുകൊണ്ടിരുന്നപ്പോൾ 'ഡോൺ ബിയോജിയോ' എന്ന ഒരു വൈദികനുമായി പരിചയപ്പെടുന്നതിനിടനായി. അദ്ദേഹം ദിവ്യരക്തത്തിൻെറ മിഷ്യനറിസംഘമേലദ്ധ്യക്ഷനായിരുന്നു. ഏതൽസംഘത്തിൻെറ സ്ഥാപകനായ 'ഗാഡ്പർസ് ഡെബഫലോ' എന്ന വന്ദ്യാത്മാവിൻെറ കീർത്തിസൌരഭ്യം ജീവിതകാലത്തും മരണാനന്തരവും പല അത്ഭുതസംഭവങ്ങൾ മൂലം ലോകമെങ്ങും പരന്നിരുന്നു. അവയിൽ പ്രസ്തുത വൈദികനുതന്നെ അനുഭവപ്പെട്ടിട്ടുള്ള ഒരു സംഭവം ഇവിടെ ഉദ്ധരിക്കുന്നതു വായനക്കാൎക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു. കഴിയുന്നത്ര അദ്ദേഹത്തിൻെറ വാക്കുകളിൽതന്നെ അതു ഞാൻ വിവരിക്കാം.

"എനിക്കു ചെറുപ്പംമുതൽക്കേ ഒരു പട്ടക്കാരനാകണമെന്നു ബലമായ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ പഠനവും മററു ജോലികളും നിമിത്തം എൻെറ ആരോഗ്യത്തിനു ഗണ്യമായ കേടുതൽ സംഭവിച്ചു. എങ്കിലും ആഗ്രഹമനുസരിച്ചു പൌരോഹിത്യ സൗധത്തിലേക്കുള്ള ഉത്തുംഗസോപാനത്തിൻെറ പ്രാരംഭപടികൾ കയറി കടക്കുവാൻ എനിക്കു ഭാഗ്യം ഉണ്ടായി. ഞാൻ ആറാം പട്ടം സ്വീകരിച്ചു. എന്നെ ബാധിച്ചിരുന്ന ഹൃദ്രോഗം ഈ ഇടക്കു മൂർദ്ധന്യാവസ്ഥയിൽ എത്തി; എങ്കിലും ഒരു വൈദികനായിട്ടുവേണം മരിക്കാൻ എന്ന ആഗ്രഹത്താൽ, പ്രത്യേകാനുവാദപ്രകാരം, നിശ്ചിത വയസ്സു തികയുന്നതിനു ഒരു കൊല്ലം മുമ്പു തന്നെ ഞാൻ ഗുരുപ്പട്ടം സ്വീകരിച്ചു. വീണ്ടും ഞാൻ കിടപ്പിലായി. രോഗനിവാരണം തീരെ അസാദ്ധ്യമെന്നുതന്നെ ഭിഷഗ്വരന്മാർ വിധിച്ചു. സുഖക്കേടാവട്ടെ ക്രമേണ വർദ്ധിക്കയും, മാനുഷികമായ് ആലോചിച്ചാൽ, നിവാരണം അസാദ്ധ്യമെന്നു തോന്നത്തക്കവിധം അത്ര വിഷമതയിൽ ആകയും ചെയ്തു. മരിച്ചുപോകുമെന്നു തന്നെ ഞാൻ വിശ്വസിച്ചു. എങ്കിലും രോഗാതുരന്മാരുടെ ആശ്വാസമായ പ. മറിയത്തിൻെറ സഹായം തന്നെ അപേക്ഷിക്കുവാൻ തുടങ്ങി. ലൊരേത്തിലേക്കു ഒരു തീർത്ഥയാത്ര കഴിക്കുന്നതിനും, അവിടെ പ. നാഥയുടെ മുമ്പാകെ തന്നെ കിടന്നു മരിക്കുന്ന

തിന്നും ഞാൻ അവസാനം തീർച്ചയാക്കി. അവിടെയ്ക്കുള്ള യാത്ര ക്ലേശപൂൎണ്ണമായിരുന്നു. ലൊരേത്തിൽ എത്തിയ ശേഷം അവിടെയ്യുള്ള പ. ഭവനത്തിൽ ഞാൻ താമസമുറപ്പിച്ചു. കുറച്ചു ദിവസം അവിടെ കഴിച്ചുകൂട്ടി. സുഖക്കേടിനു യാതൊരു കുറവുമുണ്ടായില്ല. മരണത്തിനുതന്നെ പൂൎണ്ണമായി ഒരുങ്ങി. ഒരു ദിവസം പതിവുപോലെ പ്രാൎത്ഥിക്കുന്നതിനായി ഞാൻ പ. മറിയത്തിൻെറ പ്രതിമയ്ക്കു മുമ്പിൽ മുട്ടിന്മേൽ നില്ക്കയായിരുന്നു. അപരിചിതനായ ഒരു യുവവൈദികനും അപ്പോൾ എൻെറ അടുത്തുവന്നു മുട്ടുകുത്തി. വേറെ ആരും സമിപത്തുണ്ടായിരുന്നില്ല. പ. ജനനിയുടെ പ്രതിമയെ നോക്കിക്കൊണ്ടു നിന്നിരുന്ന അദ്ദേഹം എന്നെക്കുറിച്ചു പറയുന്നുവോ എന്നു തോന്നുമാറു പതുക്കെ, "അദ്ദേഹത്തെക്കൊണ്ടും ധ്യാനപ്രസംഗങ്ങൾ നടത്തിക്കണം," എന്നു പറഞ്ഞു. ഇതു കേട്ട ഞാനദ്ദേഹത്തിൻെറ നേരെ തിരിഞ്ഞു. അദ്ദേഹം എനിക്കുവേണ്ടി ദേവമാതാവിൻെറ പക്കൽ മദ്ധ്യസ്ഥം പറയുകയാണെന്നു് എനിക്കു മനസ്സിലായി, "സുഖമായാൽ ഞാൻ അതു സസന്തോഷം ചെയ്യാം. പക്ഷെ ഇവിടെ ഞാൻ ധ്യാനിപ്പിക്കുവാൻ വന്നിരിക്കയല്ല. ക്ഷയരോഗബാധിതനായ ഈ സാധു ഈ വിശുദ്ധ ഭവനത്തിൽ കിടന്നു മരിക്കുന്നതിനാണു ഇങ്ങോട്ടു പോന്നിട്ടുള്ളതു്." എന്നു ഞാൻ മറുപടി പറഞ്ഞു. അപ്പോൾ ആ അപരിചിതൻ മന്ദഹാസത്തോടെ, "ഒരിക്കലുമില്ല! നമ്മുടെ ഈ അമ്മയിൽ നമുക്കു ആശ്രയിക്കാം" നമുക്കു ഇരുവരുംകൂടി "നന്മനിറഞ്ഞ മറിയമെ" എന്ന ജപം ചൊല്ലാം." എന്നു പറഞ്ഞു നമസ്കാരം തുടങ്ങി. ഞാനദ്ദേഹത്തോടൊരുമിച്ചു പ്രസ്തുത ജപം ചൊല്ലി. എനിക്കപ്പോൾ തീരെ പ്രജ്ഞയുണ്ടായിരുന്നില്ല. അതു കഴിഞ്ഞപ്പോൾ ഗാസ്പർഡ് ദെബഫലൊ (അദ്ദേഹമായിരുന്നു ആ അപരിചിതൻ) തന്നെ അനുഗമിക്കുവാൻ എന്നോടാജ്ഞാപിക്കയും ഞങ്ങൾ ഇരുവരും ആ പരിശുദ്ധ ഭവനത്തിൽനിന്നു ഇറങ്ങിപ്പോരുകയും ചെയ്തു. നസ്രസിലെ പ. ഭവനം സൂക്ഷിക്കപ്പെട്ടിരുന്ന ആ ബ്രഹ്മാണ്ഡമായ ദേവാലയത്തിൽ നിന്നു പുറത്തു വന്നപ്പോൾ അദ്ദേഹം എന്നെ നോക്കിക്കൊണ്ടിപ്രകാരം പറഞ്ഞു. "വിപ്ലവത്തിൻെറ ദോഷഫലങ്ങളേയും വോൾട്ടയറിൻെറ പഠനഫലമായി മുളച്ചുവരുന്ന അബദ്ധങ്ങളേയും ഉൻമൂലനം ചെയ്യുന്നതിനു്, പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ഇവിടെ കുറെ ദിവസത്തേയ്ക്കു ജ്ഞാനധ്യാനം നടത്തുന്നതിനു ആജ്ഞാപിച്ചിട്ടുണ്ടു്. വിശിഷ്യ പ.

മറിയത്തിൻെറ പ്രത്യേക മാദ്ധ്യസ്ഥം ഉണ്ടാകുന്നതിനു ഈ ലൊരേത്ത് പട്ടണത്തിൽതന്നെ അതു തുടങ്ങണമെന്നാണ് തൻെറ ആഗ്രഹം. എന്നാൽ എനിക്കു ഒരു സഹായകനെ ആവശ്യമുണ്ടായിരുന്നു. അതു ഇപ്പോൾ നിവൃത്തിച്ചു; നിങ്ങൾ എൻെറ കൂടെ വരണം. നാളെത്തന്നെ നമുക്കു ധ്യാനം ആരംഭിക്കാം. രണ്ടുപേരും മാറിമാറി പ്രസംഗിക്കണം." അവിടെ വെച്ചുതന്നെ അദ്ദേഹം ധ്യാനത്തിൻെറ കാര്യപരിപാടി രൂപവല്ക്കരിച്ചു. ഞാൻ ഇതൊക്കെ കാണുന്നതു ദിവാസ്വപ്നത്തിലാണൊ എന്നു സംശയിക്കാതിരുന്നില്ല. ആ സമയത്തു എനിക്കു ഒരു ഓർമ്മയും ഉണ്ടായിരുന്നില്ല. ഒരദൃശ്യ ശക്തിയാൽ പ്രേരിതനായ ഞാൻ പരിശുദ്ധ മറിയത്തിൽ ആശ്രയിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതൊക്കെ സമ്മതിച്ചു. ദൈവകാരുണ്യം കൊണ്ടും പ. കന്യകയുടെ സഹായം കൊണ്ടും ഞാനദ്ദേഹത്തോടൊരുമിച്ചു ധ്യാനപ്രസംഗങ്ങൾ അരംഭിക്കയും ഉദ്ദേശം 24 വഷത്തോളം — ഈ സിദ്ധൻെറ മരണംവരെ— ഈ പ്രേഷിതവൃത്തി നടത്തുകയും ചെയ്തു. ആ സമയംമുതൽ എൻെറ ക്ഷയരോഗം പൂർണ്ണമായി സുഖപ്പെട്ടു പിന്നീടു ഒരിക്കലും അതിൻെറ യാതോരു ലക്ഷണംപോലും എന്നിൽ കണ്ടില്ല." പ്രസ്തുത സംഭവം നടന്നതു് 1814-ൽ ആണ്. ഫാദർ 'ഡോൺ ബിയോജിക്കു" അപ്പോൾ 23 വയസ്സുണ്ടായിരുന്നു. പരിശുദ്ധ മറിയത്തിൻെറ നേരെയുള്ള ഭക്തിമൂലം ഗാസ്പർഡ് ദെബഫലൊ എന്ന വിശുദ്ധൻ തൻെറ ജീവിതകാലത്തിൽ പ്രവത്തിച്ച ഒരു വലിയ അത്ഭുതമാണ് ഇതു.

പ്രിയ വായനക്കാരെ! ത്രിലോകരാജ്ഞിയായ പ. മറിയത്തിൻെറ അനുഗ്രഹമാഹാത്മ്യത്തെ ഈ സംഭവത്തിൽനിന്നും നിങ്ങൾതന്നെ അനുമാനിച്ചുകൊള്ളുവിൻ.



## 31. എളിമയും വിനയവും.

എളിമ, വിനയം എന്നിവരണ്ടും ശരിയായി മനസ്സിലാക്കുന്നതിലും ഈ പുണ്യദ്വയത്തെ അഭ്യസിക്കുന്നതിലുമത്രെ ക്രിസ്തീയ പുണ്യപരിപൂൎണ്ണത അടങ്ങിയിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ കൎത്താവു അരുളിച്ചെയ്യുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. എന്റെ നുകം നിങ്ങളുടെ തോളിൽ വഹിച്ചു എന്നെ കണ്ടു പഠിപ്പിൻ. എന്തുകൊണ്ടെന്നാൽ ഞാൻ എളിമയും ശാന്തശീലവുമുള്ളവനാണ്. നിങ്ങളുടെ ആത്മാവുകൾക്കു അപ്പോൾ ആശ്വാസം ലഭിക്കും. എന്തെന്നാൽ എന്റെ നുകം ആനന്ദകരവും എന്റെ ഭാരം ലഘുതരവുമാണ്''.

ആയതിനാൽ എളിമയെന്നാൽ എന്തു? വിനയം എന്നാൽ എന്തു? ഇവ രണ്ടും ധ്യാനത്തിന്നു ഉത്തമ വിഷയങ്ങൾ തന്നെ. നമ്മുടെ നിസ്സാരതയും പാപാവസ്ഥയും നമ്മെ ശരിയായി മനസ്സിലാക്കയും, ചെയ്യുന്ന സൽകൃത്യങ്ങളെല്ലാം പ്രത്യേക ദൈവസഹായത്താൽ മാത്രം സാധിതമാകുന്നുവെന്നുള്ള സത്യത്തെ നമ്മെ ഉൽബോധിപ്പിക്കയും ചെയ്യുന്ന ഒരു ക്രിസ്തീയ പുണ്യമാണ് എളിമ. ഈ പുണ്യം നമ്മുടെ അഹംഭാവത്തെ നശിപ്പിച്ചു അന്യരെ സ്തുതിക്കാനും നമ്മെതന്നെ കുററപ്പെടുത്തുവാനും നമ്മെ പ്രേരിപ്പിക്കുന്നു. എളിമ ഒരു പുണ്യമാണെന്നു പറയുമ്പോൾതന്നെ അതു പ്രാപിക്കുന്നവൻ ഒരു ധീര വിജേതാവായിരിക്കണമെന്നു സിദ്ധിക്കുന്നുണ്ട്. ഉത്ഭവപാപം മൂലം നാം സ്വാഭാവികമായി അഹംഭാവത്തിലേക്കു ചാഞ്ഞിരിക്കുന്നു. ഈ ദുൎവ്വാസനയെ ജയിക്കുന്നതിന്ന് ഒട്ടു വളരെ വീൎയ്യവും ധൈൎയ്യവും അത്യാവശ്യമാണ്. ഈ ദുൎവാസനയ്ക്കെതിരായി നാം ജീവപൎയ്യന്തം പോരാടേണ്ടിയിരിക്കുന്നു. ഇതിനുള്ള ഉത്തമ ആയുധം എളിമയല്ലാതെ മറെറാന്നുമല്ല.

എളിമ ഒരു ക്രിസ്തീയ പുണ്യമാണ്. അഹങ്കാരത്തെ ജയിക്കുവാനുള്ള ശക്തി നമുക്കു ലഭിക്കുന്നതു് സകല നന്മകളുടേയും ഉറവയാകുന്ന നമ്മുടെ രക്ഷകനിൽ നിന്നത്രെ. ഒരു രാജാവു തന്റെ

കൊട്ടാരത്തിൽ എന്നപോലെ ഈശോമിശിഹാ ജ്ഞാനസ്നാനം മൂലം നമ്മുടെ ആത്മാവിൽ അധിവസിക്കുന്നു. തൽഫലമായി അവിടുന്നു നമ്മെ തന്റെ സകല പുണ്യങ്ങൾക്കും ഭാഗഭാക്കുകളാക്കിത്തീർക്കുകയും ചെയ്യുന്നു. സർവ്വസംഗതികളിലും മിശിഹായെ അനുകരിക്കേണമെന്നു് ആഗ്രഹിക്കുന്നു എങ്കിൽ നാം ആദ്യമായി എളിമയെന്ന പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കേണ്ടിയിരിക്കുന്നു. ഈ പുണ്യസമ്പാദനത്തിൽ പരിശുദ്ധാരൂപിയുടെ സഹായം അത്യന്താപേക്ഷിതമാണ്. സ്ഥൈര്യലേപനം മൂലം പരിശുദ്ധാരൂപി മിശിഹായുടെ പൂർണ്ണാരൂപിയെ നമുക്കു പ്രദാനം ചെയ്കയും തദ്വാരാ നമ്മുടെ പരമാന്ത്യ പ്രാപ്തിക്കുള്ള സർവ്വ വിഘ്നങ്ങളെയും പ്രത്യേകം അഹംകാരത്തേയും ജയിക്കുവാൻ വേണ്ട ശക്തി നമുക്കു ലഭിക്കുകയും ചെയ്യുന്നു. സ്ഥൈര്യലേപനത്തിൽ നാം പ്രാപിക്കുന്ന അരൂപിയും ശക്തിയും പരിശുദ്ധ കുർബാനയുടെ സ്വീകരണത്താലും, പതിവായുള്ള പ്രാർത്ഥനയാലും വീണ്ടും വർദ്ധിച്ചു, എളിമയിൽ നിലനില്പാൻ നമ്മെ കൂടുതൽ സഹായിക്കുന്നു.

നാം സാക്ഷാൽ ആരെന്നും, നമ്മുടെ അയോഗ്യത എത്രയെന്നും, ഉള്ള ജ്ഞാനം നമ്മിലുളവാക്കുന്നതു് വിനയമത്രെ. അഹംഭാവത്തെ ഉപേക്ഷിച്ചു അതിനോടു പോരാടുന്നതിനുവേണ്ടി മിശിഹാ അതിന്റെ മൗഢ്യത്തേയും ശൂന്യതയേയും നമുക്കു വെളിപ്പെടുത്തുന്നു. ഗർവിഷ്ഠൻ താൻ നിർദ്ദോഷിയെന്നും പരിപൂർണ്ണനെന്നും വിചാരിക്കുന്നതിനാൽ അവൻ സ്വയം പ്രശംസിക്കയും അന്യരുടെ നല്ല അഭിപ്രായവും സ്തുതിയും ആഗ്രഹിക്കയും, അതിനായി രാപകൽ പ്രയത്നിക്കയും ചെയ്യുന്നു. അവയെ ലഭിക്കാതെ ഇരിക്കുമ്പോൾ അവനു നേരിടുന്ന ഇച്ഛാഭംഗവും ഖേദവും അനല്പമാണ്. ഇവയെല്ലാം നമ്മുടെ ആത്മാവിനെ സ്വാധീകരിക്കുന്നതിനു പിശാചു ഉപയോഗിക്കുന്ന നശീകരണോപകരണങ്ങളത്രെ. നമ്മുടെ സ്വന്തമായി നമുക്കു യാതൊന്നുമില്ല; തന്നത്താനെ നമുക്കു് യാതൊന്നും സാദ്ധ്യവുമല്ല. നാം വെറും ഇല്ലായ്മയാണ്. നമ്മിലുള്ള സകല ഗുണങ്ങളും മിശിഹായിൽ നിന്നാകയാൽ സമസ്തവും അവിടുത്തേതു തന്നെ. നമ്മുടെ ആസ്തിക്യംപോലും തന്നിൽ നിന്നാണ്. നാം വസിക്കുന്ന ഭൂഗോളത്തിന്നു സംഭാഷണശക്തി ഉണ്ടാകുകയും അതു നമ്മെ നോക്കി ഇപ്രകാരം പറകയും ചെയ്യുന്നു എന്നു വിചാരിക്കുക:—"എന്നെ നിങ്ങൾ നോക്കുവിൻ! എന്റെ മഹിമയെ ദർശിക്കുവിൻ! നിങ്ങൾ അനുഭവിക്കുന്ന പ്രകാ

ശം എൻെറ സ്വന്തമാണ്. അതിനുള്ള സമസ്ത മഹിമയും സ്തുതിയും എനിക്കുള്ളതാണ്'' ഈ വാക്കുകൾക്കു മറുപടിയായി നാം എന്തു പറയും? തീർച്ചയായിട്ടും ഹാസ്യമായി ചിരിച്ചുകൊണ്ടു നാം അതിനോടു പറയും:— മഹാ വിഡ്ഢി! നീ ഏററവും ഇരുണ്ട പ്രകാശശൂന്യമായ ഒരു ഘനമേറിയ വസ്തുവല്ലാതെ മറെറാന്നുമല്ല; നിന്നിൽ കാണുന്ന പ്രകാശവും തേജസ്സും സൂൎയ്യൻെറതാണ്. ഒരു രശ്മി പോലും നിൻെറതല്ലെന്നു അറിയുക. അല്പം താമസിക്കൂ: നിനക്കു എന്തു വെളിച്ചമാണ് ഉള്ളതെന്നു രാത്രി വരുമ്പോൾ വെളിവാകും.'' നമ്മിൽ കാണുന്ന ഗുണങ്ങളെക്കുറിച്ചു നാം പ്രശംസിക്കുന്നതും ഏതാണ്ടിപ്രകാരമാണ്. നമ്മിലുള്ള സകല ഗുണങ്ങളുടേയും, പൂൎണ്ണതയുടേയും കേന്ദ്രസ്ഥാനം താനാണെന്നത്രേ ദൈവം അരുളിച്ചെയ്യുന്നത്. ഈ വിഷയത്തെക്കുറിച്ചു അപ്പസ്തോലൻ പറയുന്നതു ശ്രവിച്ചാലും! "ലഭിച്ചതല്ലാതെ നിനക്കെന്തുണ്ടു? എന്നാൽ നിനക്കു ലഭിച്ചതാണെങ്കിൽ എന്തുകൊണ്ടു നിനക്കു (അവ) ലഭിതച്ചല്ലാത്തതുപോലെ സ്വയം പ്രശംസിക്കുന്നു?'' അതിനാൽ നമ്മുടെ സ്വന്ത ശക്തിയെ നോക്കുന്നതായാൽ നാം വെറും ഇല്ലായ്മമാത്രമാണ്. നാം സ്വയമേവ അശക്തരും, യാതോരു ബഹുമാനത്തിനും പ്രശംസയ്ക്കും അർഹതയില്ലാത്തവരുമാകുന്നു.

ഇത്രയുമല്ല, എളിമയുടെ വെളിച്ചത്താൽ നമ്മെ ശൂന്യരായും അശക്തരായും ഗണിച്ചാൽ പോരാ, നാം മഹാ പാപികളെന്നും ശിക്ഷയ്ക്ക് അർഹന്മാരെന്നും കൂടെ അറിഞ്ഞിരിക്കണം. നമ്മുടെ പാപത്തിനു ഒരുപ്രകാരത്തിലും ദൈവമല്ല കാരണം. പിന്നെയോ നാം തന്നെയാണ്. പാപം ത്യാജ്യവും, ശിക്ഷാർഹവുമാകയാൽ, പാപത്താൽ മലിനമാക്കപ്പെട്ടുപോയ നമ്മുടെ സ്വഭാവത്തെ നാം വെറുക്കയും ത്യജിക്കയും ചെയ്യേണ്ടതു ഏററവും സ്വാഭാവികം തന്നെ. അതിനാൽ പലപ്പോഴും പാപത്തിൻെറ ശിക്ഷയായിട്ടു ദൈവം അയക്കുന്ന കഷ്ടതകളേയും സങ്കടങ്ങളേയും നാം സസന്തോഷം സ്വീകരിക്കേണ്ടതത്രേ. യഥാൎത്ഥത്തിൽ തൻെറ രക്ഷകനെ സ്നേഹിക്കുന്ന ക്രിസ്ത്യാനി സകല സ്തുതിയും മഹിമയും മിശിഹായ്ക്കു നൽകുന്നതിൽ ആനന്ദിക്കയും തന്നത്തന്നെ മുഴുവനായി ദൈവത്തിനു സമൎപ്പിക്കയുമാണ് ചെയ്യുക. ദൈവസന്നിധിയിൽ താൻ മഹാപാപിയെന്നും, ദൈവത്തിൻെറ സ്നേഹത്തിലും കരുണയിലുമത്രെ തൻെറ രക്ഷയെന്നും അവൻ ഏററുപറയുകയും ചെയ്യും.

എളിമ ഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്ന ദൈവസ്നേഹമല്ലാതെ മറെറാന്നുമല്ല. സൗമ്യത സഹോദരസ്നേഹത്തിൻെറ പൂർണ്ണതയാകുന്നതുപോലെതന്നെ, എളിമ, ദൈവസ്നേഹത്തിൻെറ പരിപൂർണ്ണതയുമാകുന്നു. എളിമയും സൗമ്യതയും ഒരുമിച്ചു നമ്മിൽ ഉണ്ടാകുമ്പോൾമാത്രമേ നമുക്കു യഥാൎത്ഥമായ സ്നേഹമുണ്ടെന്നു പറയുവാൻ കഴിയൂ. യഥാൎത്ഥമായ എളിമയുള്ളവൻ തൻെറ സ്വന്ത മഹിമയ്ക്കുവേണ്ടി മിശിഹായുടെ മഹിമയെ അപഹരിക്കാതിരിക്കുവാൻ സൂക്ഷിക്കും. എളിമയെന്ന പുണ്യം മിശിഹായുടെ യഥാൎത്ഥബോധം നമ്മിൽ ഉളവാക്കുന്നു. അതിനാൽ ദൈവത്തിനുള്ളതു് ദൈവത്തിനും അന്യർക്കുള്ളതു് അവർക്കും കൊടുക്കേണ്ടതിൻെറ ന്യായത നമുക്കു ബോധപ്പെടുകയും ചെയ്യും. അന്യവസ്തുക്കളെ അപഹരിക്കുന്നതു ന്യായമാണൊ? സകല നന്മയുടേയും സ്രഷ്ടാവും കൎത്താവുമാണു് സകല മഹത്വത്തിനും സ്തുതിക്കും ഏകാവകാശി. എളിമ സത്യവും ന്യായവുമത്രെ. സാമുദായിക ജീവിതത്തിൽ സത്യത്തിനും ന്യായത്തിനുമുള്ള സ്ഥാനം മതകാൎയ്യങ്ങളിൽ എളിമയ്ക്കുണ്ടു്. നാം നമ്മെത്തന്നെ സ്തുതിക്കാതെയും മററുള്ളവരെ നിന്ദിക്കാതെയും ഇരിപ്പാൻ എളിമ നമ്മെ പഠിപ്പിക്കുന്നു. ദൈവരഹസ്യങ്ങളേയും, ദൈവം അവിടുന്നു ഓരോ ആത്മാവിനു നൽകിയിരിക്കുന്ന നന്മയേയും നാം അറിയുന്നില്ല. ഒരുപക്ഷെ ഞാൻ എൻെറ സഹോദരനെക്കാൾ ഭക്തനെന്നും ധാൎമ്മികനെന്നും വിചാരിച്ചേക്കാം, ഞാൻ അവനെക്കാൾ ബുദ്ധിമാനെന്നും, ഓൎമ്മശക്തിയുള്ളവനെന്നും, മററു പലവിധത്തിലും അവനേക്കാൾ ശ്രേഷ്ഠനെന്നും എനിക്കു തോന്നിയേക്കാം. പക്ഷെ ഇതുകൊണ്ടൊന്നും ദൈവസന്നിധിയിൽ അവനെക്കാൾ ഒരുവിധത്തിലും ഞാൻ ഗുണവാനെന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ ഇവിടെ ഓരോരുത്തനു കൊടുക്കപ്പെട്ടിട്ടുള്ളതിൻെറ തോതനുസരിച്ചത്രെ അവനിൽനിന്നു ആവശ്യപ്പെടുവാനിരിക്കുന്നതു്. രണ്ടു നാണയം കൈപ്പററി, അതുകൊണ്ടു വേറെ രണ്ടുകൂടെ സമ്പാദിച്ച ഭൃത്യനെ അഞ്ചു സ്വീകരിച്ചു വേറെ അഞ്ചുകൂടി പ്രയത്നം ചെയ്തുണ്ടാക്കിയവനോടു സമനാക്കിയെന്നു സുവിശേഷകൻ പറയുന്നു. "അധികം കൊടുക്കപ്പെട്ടവനിൽനിന്നു അധികം ആവശ്യപ്പെടും". തൻെറ സകല സൃഷ്ടികളുടെമേലും ദൈവം വർഷിക്കുന്ന സ്വാഭാവികങ്ങളും സ്വാഭാവാതീതങ്ങളും ആയ ദാനങ്ങളെ സംബന്ധിക്കുന്നതാകുന്നു മേൽ ഉദ്ധരിച്ച വാക്കുകൾ. ഒരു ശരിയായ വിധി പ്രസ്താവിക്കുവാൻ ആ

വശ്യമുള്ള അറിവിൻെറ നൂറിൽ ഒരുഭാഗം നമുക്കില്ലാതിരിക്കെ, നമ്മെ മററുള്ളവരുമായി താരതമ്യപ്പെടുത്താതെയും നാം മററുള്ളവരെക്കാൾ നല്ലവരെന്നു സ്വയം അഭിമാനിക്കാതേയും ഇരിക്കുന്നതത്രെ ജ്ഞാനം. സുവിശേഷത്തിൽ പ്രീശൻ നിന്ദിക്കയും വെറുക്കയും ചെയ്ത ചുങ്കക്കാരനെ അവൻെറ എളിമക്കു പകരമായി ദൈവം സ്തുതിക്കയും ആശീർവ്വദിക്കയും ചെയ്ത സംഗതി നാം സദാ മനസ്സിൽ ധരിക്കേണ്ടതാണ്. നീ വെറുക്കുന്ന മനുഷ്യനും വിധിക്കുന്ന പാപിയും തിരസ്കരിക്കുന്ന സ്ത്രീയും സകലരും മഹാ പുണ്യാത്മാക്കളായിത്തീരുവാൻ ഇടയുണ്ട്. നമ്മുടെ ദുഷ്ടതയെ നാം വെറുക്കയും ദുരാഗ്രഹങ്ങളെ ശപിക്കയും ചെയ്യുന്നതുപോലെ മററുള്ളവരുടെ ദുർഗ്ഗുണങ്ങളെ നമുക്കു ദ്വേഷിക്കാം. ഇതിൽ ഉപരിയായി ഉപകാരപ്രദവും, ക്രിസ്തീയ ഉപദേശത്തിനു അനുയോജ്യവും, ന്യായാനുസൃതവുമായ വേറെ ഒന്നും ഇല്ലതന്നെ. പാപിയിൽ നാം വെറുക്കേണ്ടതു പാപത്തെയാണ്, പുരുഷനെയല്ല.

സൗമ്യതയും എളിമയുമുള്ള ഈശോയെ! യഥാർത്ഥമായ എളിമ ഞങ്ങളിൽ ഉളവാക്കേണമേ!

## 32. വേദസാക്ഷിയായ ഈറാന്നിമോസ്.

1852 ഡിസമ്പർ 27-ാം തിയ്യതി ആൾജിയേഴ്സ് എന്ന സ്ഥലത്തു കുറെ യോദ്ധാക്കൾ വിൻറ് ക്വാട്ടർ ഹെവുറസ് (Vint Quater—Heures) എന്ന കോട്ടയെ നശിപ്പിച്ച അവസരത്തിൽ അവിടെ ഒരു കുഴിയിൽ ഒരു മനുഷ്യൻെറ അസ്ഥിക്കൂടം കിടക്കുന്നതായി കണ്ടു. എല്ലുകളൊന്നും യഥാസ്ഥാനത്തു നിന്നും വേർപെട്ടിരുന്നില്ല. കൈകൾ രണ്ടും പിറകിൽ കെട്ടപ്പെട്ടിരുന്നു. കൈകൾ കെട്ടുന്നതിന് ഉപയോഗിച്ച കയറിൻെറ അററം ഒരു ഉരലിനോടു ബന്ധിച്ചിരുന്നു.

അതു പതിനാറാം നൂററാണ്ടിൽ വേദസാക്ഷിത്വം അനുഭവിച്ച 'ഈറാന്നിമോസ്' എന്ന ദേഹത്തിൻെറ തിരുശേഷിപ്പുകളായിരുന്നു. ഈ വേദസാക്ഷിയുടെ ചരിത്രം വളരെ ഭക്തിജനകമായ ഒന്നാണ്. വിശ്വാസയോഗ്യമായ ഒരു ഈടുവെപ്പിൽ പ്രസ്തുത ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ഈറാന്നിമോസ് ഒരു അറബിയായിരുന്നു. അക്കാലത്തു 'ഓറൽ' പട്ടണത്തിൽ പ്രമാണികളായിരുന്ന സ്പെയിൻകാർ ബാലനായിരുന്ന അദ്ദേഹത്തെ അടിമച്ചന്തയിൽ വിൽക്കുവാനായി കൊണ്ടുചെല്ലുകയും ഒരു വന്ദ്യ വൈദികൻ ആ കുട്ടിയെ വിലയ്ക്കു വാങ്ങുകയും ചെയ്തു. അദ്ദേഹം ആ കുട്ടിയെ കത്തോലിക്ക മതതത്വങ്ങൾ പഠിപ്പിച്ചു ജ്ഞാനസ്നാനപ്പെടുത്തി ഈറാന്നിമോസ് എന്നു പേരിട്ടു.

ഏകദേശം എട്ടു വയസ്സുള്ളപ്പോൾ ആ ബാലനെ അവിടന്നു അറബികൾ പിടിച്ചുകൊണ്ടുപോയി. ഒടുവിൽ (സ്വമനസ്സാലെ, അഥവാ നിർബ്ബന്ധത്താലെ എന്നു അറിഞ്ഞുകൂടാ) അദ്ദേഹം ഒരു മഹമ്മദീയനായിത്തീർന്നു. എങ്കിലും കത്തോലിക്ക് മതത്തെക്കുറിച്ചു അയാൾക്കുണ്ടായിരുന്ന ബഹുമാനം ക്ഷയിച്ചുപോയിരുന്നില്ല. ഇങ്ങനെ ഉദ്ദേശം 25 വയസ്സു പ്രായമായപ്പോൾ "കത്തോലിക്ക് മതത്തിലേക്കു തിരിച്ചു പോകുക" എന്നു ശൈശവം മുതൽ തൻെറ അന്തരാത്മാവിൽ മുഴങ്ങിക്കൊണ്ടിരുന്ന ദൈവികശാസനപ്രകാരം അദ്ദേഹം ഇസ്ലാംമതത്തെ ത്യജിച്ചു സത്യവിശ്വാസത്തെത്ത

ന്നെ വീണ്ടും ആശ്ലേഷിച്ചു. അദ്ദേഹം ഒരു ക്രിസ്തീയ വനിതയെ വിവാഹം ചെയ്കയും, ഒരു ഉത്തമ ക്രിസ്ത്യാനിക്കടുത്ത സൎവ്വ സുകൃതങ്ങളും മരണപൎയ്യന്തം ഏററവും വിശ്വസ്തതയോടെ അനുഷ്ഠിച്ചുപോരുകയും ചെയ്തു. സ്വമതത്തോടുണ്ടായിരുന്ന തീവ്രഭക്തിയും വിശ്വാസസ്ഥിരതയും മൂലം ദൈവം അദ്ദേഹത്തിനു രക്തസാക്ഷിത്വം അനുഭവിച്ചു മരിക്കുന്നതിനുള്ള അമൂല്യ ഭാഗ്യം പ്രദാനം ചെയ്തു.

1569 — മേയ് മാസത്തിൽ ഈറാനിമോസ് തൻെറ ഒമ്പതു സഹചാരികളുമൊന്നിച്ചു കടൽസഞ്ചാരം ചെയ്തുകൊണ്ടിരിക്കവേ, എല്ലാവരേയും അറബികളായ കടൽക്കള്ളന്മാർ പിടികൂടുകയും, ആൾജിയേഴ്സ് എന്ന സ്ഥലത്തുകൊണ്ടുചെന്നു അവരെ അടിമകളായി വിൽക്കുകയും ചെയ്തു. അക്കാലത്തു ആൾജിയേഴ്സ് അറബികളുടെ അധീനതയിൽ ഉൾപ്പെട്ടിരുന്നു. ഈറാനിമോസ് അതിനാൽ സ്ഥലത്തെ ഗവൎണ്ണരായിരുന്ന ആലിപ്വാക്കായുടെ വരുതിയിൽ കുടുങ്ങി. അയാൾ ജന്മനാ അറബിയായിരുന്നെന്നും പിന്നീടു കത്തോലിക്ക്മതം സ്വീകരിച്ചതാണെന്നുമുള്ള വസ്തുത ഗവൎണ്ണൎക്കു എങ്ങനെയൊ അറിവുകിട്ടി. ഈറാനിമോസ് സത്യമതം ഉപേക്ഷിക്കുവാനായി അദ്ദേഹം പഠിച്ച വിദ്യ ഒക്കെ ചെയ്തു. എല്ലാം വിഫലമായതേയുള്ളു. ഈറാനിമോസ് തനിക്കു വാഗ്ദാനം ചെയ്യപ്പെട്ട സ്വാതന്ത്ര്യവും സമ്പത്തും തൻെറ വിശ്വാസത്തെക്കാൾ എത്രയോ നിസ്സാരമായി മതിച്ചു. അവരുടെ പ്രേരണകൾക്കും ഭീഷണികൾക്കും സമാധാനമായി "ഞാൻ ഒരു ക്രിസ്ത്യാനിയാണ്" എന്നു മാത്രം അദ്ദേഹം അവരോടു മറുപടി പറഞ്ഞു.

ആലിപാക്കാ ഈറാനിമോസിൻെറ വിശ്വാസ സ്ഥൈൎയ്യത്തെ മൎക്കടമുഷ്ടിയെന്നു വ്യാഖ്യാനിച്ചുകൊണ്ട് അതിനു തക്കതായ പ്രതികാരം ചെയ്വാൻ തീൎച്ചപ്പെടുത്തി. "ഇരുപത്തിനാലു മണിക്കൂറിൻെറ ദുൎഗ്ഗം' എന്നു ഇപ്പോൾ അറിയപ്പെട്ടുവരുന്ന കോട്ടയുടെ പണി തിരക്കായി നടക്കുന്ന കാലമായിരുന്നു അതു്. അതിൻെറ പണി പരിശോധിക്കുന്നതിനായി ആലിപ്വാക്ക അവിടെ പതിവായി പോകാറുണ്ടായിരുന്നു. കല്ലു കെട്ടിപ്പൊക്കുന്നതിനായി അവിടെ ഭൂമിയിൽ കുഴിക്കപ്പെട്ടിരുന്ന പെട്ടിപോലുള്ള ചില ദ്വാരങ്ങൾ കണ്ടപ്പോൾ ഗവൎണ്ണൎക്കു പുതിയ ഒരു ആലോചന തലയിൽ കടന്നു.

ഉടനെ കല്ലാശാരികളിൽ പ്രമാണിയായിരുന്ന മൈക്കൾ ദെ നവാറൊ (Michal de navarro)യെ വിളിച്ചു അയാൾ ഇങ്ങനെ പറഞ്ഞു. "അതാ ആ കാണുന്ന കുഴി ഒഴിഞ്ഞു കിടക്കട്ടെ; നാളെ അതു മണ്ണിട്ടു നിറക്കുന്നതിനു പകരം മഹമ്മദു മതത്തിലേക്കു തിരിച്ചുവരുന്നതിനു മനസ്സില്ലാത്ത ആ ദ്രോഹിയുടെ ശരീരംകൊണ്ടു നിറക്കുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു." അനന്തരം ആലിപാക്കാ അന്നത്തെ ആൾജിയൻ ഭരണകത്താക്കളുടെ ഡർ സൾത്താൻ (Dar. Sulthan) എന്ന കൊട്ടാരത്തിലേക്കു തിരിക്കുകയും ചെയ്തു.

സൂര്യാസ്തമനസമയം അടുത്തു. കുഴി ശരിപ്പെടുത്തിയശേഷം മൈക്കൾ തൻെറ സഹപ്രവത്തകന്മാരൊന്നിച്ചു ബന്ധനാലയത്തിലേക്കു തിരിച്ചു. അയാൾ അവിടെ എത്തിയ ഉടൻ ഈറാനിമോസിനെ കാണുകയും ഗവൺമെൻറിനുടെ തീരുമാനം അറിയിക്കുകയും ചെയ്തു. കൂടാതെ കത്തോലിക്കു മതം ഉപേക്ഷിച്ചു മഹമ്മദു മതം സ്വീകരിക്കുവാനും തദ്വാരാ തൻെറ മരണവിധിയെ തടുക്കുന്നതിനും അയാൾക്കു ചില ഉപദേശങ്ങളും നൽകി.

"ദൈവം സകലത്തിലും വാഴ്ത്തപ്പെട്ടവനാകട്ടെ. ഈ ഭയങ്കര പീഡകളുടെ കാഠിന്യത്തെ ഓത്തു ഭയപ്പെട്ടുകൊണ്ടു ഞാൻ എൻെറ സത്യവിശ്വാസത്തെ ഉപേക്ഷിക്കുമെന്നു ഈ അജ്ഞാനികൾ ഊഹിക്കപോലും ചെയ്യാതിരിക്കട്ടെ. ദൈവമെ, എൻെറ മേൽ കരുണയായിരിക്കേണമെ. എൻെറ പാപങ്ങളെ പൊറുക്കേണമെ, എന്നു മാത്രമാണ് അങ്ങയോടുള്ള എൻെറ അപേക്ഷ" എന്നിങ്ങനെയായിരുന്നു അതിന്നുള്ള ഈറാനിമോസിൻെറ മറുപടി.

ആക്ഷണംമുതൽ ഈറാനിമോസ് തനിക്കു അടുത്തിരിക്കുന്ന മഹനീയമായ മരണത്തിനു് ഒരുങ്ങുവാൻ തുടങ്ങി. കാരാഗൃഹത്തിൽ ഒരു കപ്പേളയും അടിമകളുടെ കൂട്ടത്തിൽ ഒരു പട്ടക്കാരനും ഉണ്ടായിരുന്നു. ഈറാനിമോസ് കുമ്പസ്സാരിച്ചു ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും അന്ത്യലേപനം സ്വീകരിച്ചുകൊണ്ടു ആ രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചിലവഴിക്കയും ചെയ്തു.

1569 സെപ്തമ്പർ 18-ാംനു- അതിരാവിലെ, ആലിപാക്കായുടെ നാലു ഭടന്മാർ തടവുമുറികളിൽ വന്നു, ഈറാനിമോസിനെ

അന്വേഷിക്കുന്നതായി അറിഞ്ഞപ്പോൾ, മാത്രമേ അദ്ദേഹം പ്രാർത്ഥനയിൽനിന്നും വിരമിച്ച് കപ്പേളവിട്ട പുറത്തിറങ്ങിയുള്ളു. ഭടന്മാർ അയാളെ കണ്ട മാത്രയിൽ "ദുഷ്ടാ, ദ്രോഹി, നീ എന്തുകൊണ്ടാണ് വീണ്ടും മുസൽമാനാകാത്തതു്?" എന്നു് ഉച്ചത്തിൽ ചോദിച്ചു.

അതിനു പ്രത്യുത്തരമായി അദ്ദേഹം ഒരക്ഷരംപോലും ഉരിയാടാതെ അവരുടെ പ്രഹരങ്ങൾ ക്ഷമാപൂർവ്വം അനുഭവിക്കയാണുണ്ടായതു്. കോട്ടയ്ക്കടുത്തെത്തിയപ്പോൾ അയാളുടെ മരണം കാണുവാനായി ആലിപാക്കായും മററനേകം മഹമ്മദീയരും അവിടെ വന്നുചേർന്നു.

ആലിപാക്കാ ഈറാനിമോസിനെ തുറിച്ചുനോക്കിക്കൊണ്ടു് ഇങ്ങനെ ചോദിച്ചു. "ദ്രോഹി! നീ ഇനിയും മഹമ്മദു മതം സ്വീകരിക്കയില്ലെന്നോ?" 'ഇല്ല. ഞാൻ ഒരു ക്രിസ്ത്യാനിയാണ്; എന്നും ഒരു ക്രിസ്ത്യാനി ആയിരിക്കയും ചെയ്യും' എന്നു അയാൾ ഉത്തരം പറഞ്ഞു. ക്രോധംകൊണ്ടു മതിമറന്ന ആലിപാക്കാ, 'മതി, നീ ഈ കുഴി കാണുന്നുണ്ടോ? ഇതു നിന്നെ ജീവനോടെ അടച്ചു മൂടുവാനുള്ളതാണ്' എന്നു ഗർജ്ജിച്ചു. ഈറാനിമോസ് സധൈര്യം പറഞ്ഞു: നിങ്ങളുടെ ഇഷ്ടംപോലെ ചെയ്തുകൊൾക. ഞാൻ എന്തിനും സന്നദ്ധനാണ്. ഇഹത്തിൽ യാതൊന്നിനും ഞാൻ വിശ്വസിച്ചിരിക്കുന്ന യേശുക്രിസ്തുവിൻെറ മതത്തിൽ നിന്നു എന്നെ വ്യതിചലിപ്പിക്കുവാൻ ശക്തിയില്ലതന്നെ."

അയാൾ ഒന്നുകൊണ്ടും ഇളകാത്ത ഭാവം കണ്ടപ്പോൾ ആലിപാക്കാ, ഇരുമ്പുചങ്ങലകൾ മാററി വീണ്ടും കയറുകൊണ്ടു ഈറാനിമോസിൻെറ കൈകാലുകൾ ബന്ധിക്കുവാൻ കല്പിച്ചു. അപ്രകാരം ചെയ്തശേഷം നാലു ഭടന്മാർ കൂടി അദ്ദേഹത്തെ കുഴിയിലേക്കെറിഞ്ഞു. ഈവിധമുള്ള കഠോരകൃത്യങ്ങൾ ചെയ്യുന്നതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചതു മഹമ്മദുമതം സ്വീകരിച്ച് 'ഡാഫർ' എന്നു പേരെടുത്ത 'ടമാങ്കൊ' എന്ന ഒരു സ്പെയിൻകാരനായിരുന്നു. ഇയാൾ ഒരു ഉലക്കയെടുത്തുകൊണ്ടു ഈറാനിമോസിൻെറ പുറത്തു ചാടിവീണു അയാളെ പ്രഹരിച്ചശേഷം, മററുള്ളവർ വീഴ്ത്തിക്കൊണ്ടിരുന്ന മണ്ണിനോടുകൂടെ നിഷ്ഠുരം അദ്ദേഹത്തെ ചവുട്ടി താഴ്ത്തുകയും ചെയ്തു. മററുള്ള മഹമ്മദീയർ തങ്ങൾ തികഞ്ഞ മുസൽമാന്മാരെന്നു് അഭിമാനിക്കുവാൻവേണ്ടി ഡാഫറിനെ അനുകരിച്ചു.

വിശുദ്ധ ഈറാനിമോസ് ഒരക്ഷരംപോലും മിണ്ടിയില്ല. സകല പീഡകളും അദ്ദേഹം സസന്തോഷം സഹിക്കതന്നെ ചെയ്തു. അതിനുശേഷം ആ മാനുഷരാക്ഷസന്മാർ ഈ കുഴി മണ്ണിട്ടു നിറച്ചു. ഈ വേദസാക്ഷിയുടെ പുണ്യശരീരം മൂന്നു നൂററാണ്ടുകളോളം ആ കുഴിയിൽതന്നെ അജ്ഞാതമായി കിടക്കേണ്ടിവന്നു.

ഈ കഠോരകൃത്യം കണ്ടു രസിച്ചു നിന്നിരുന്ന ജനതതി ആ ലിപാക്കായോടൊരുമിച്ചു, ഉന്മേഷഭരിതരായി ആൾജിയേഴ്സിലേക്കു മടങ്ങി. വഴിക്കുവെച്ചു ആ ലിപാക്കാ പലപ്രാവശ്യവും ഇങ്ങനെ പറകയുണ്ടായി. "ഇത്ര ധൈര്യത്തോടെ ഈ ക്രിസ്ത്യാനി മരണം അനുഭവിക്കുമെന്നു ഞാൻ വിചാരിക്കകൂടി ചെയ്തിരുന്നില്ല" വേദസാക്ഷിയായ ഈറാനിമോസിൻെറ മരണം ഇപ്രകാരമായിരുന്നു. ഏതാദൃശ അവസരങ്ങളിൽ മരണത്തെപ്പോലും ഒരു ക്രിസ്ത്യാനി എങ്ങനെ വരിക്കണമെന്നു ഈറാനിമോസ് നമുക്കു കാണിച്ചുതന്നിരിക്കുന്നു. സത്യമതത്തിനും ദൈവനാമത്തിൻെറ സ്തുതിക്കും ദൈവസ്നേഹത്തിനുംവേണ്ടി അനുഭവിക്കുന്ന സങ്കടങ്ങൾക്കു പരത്തിൽ നിത്യമായ പരമാനന്ദം ദൈവം സമ്മാനിക്കാതിരിക്കയില്ലെന്നു് ഇതിൽ നിന്നു നാം പഠിക്കണം.

## 33. കളിക്കുമ്പസ്സാരം കാൎയ്യമായതു്.

നേരം സായാഹ്നത്തോടടുത്തതേയുള്ളു. മണി ഇനിയും 4 അടിച്ചിട്ടില്ല. ശരൽക്കാലത്തിലെ ഇളം കാററു സുഖകരമായി വീശിക്കൊണ്ടിരിക്കുന്നു. പാരിസിലെ വിസ്തൃതങ്ങളായ രാജപാഥകളിൽ ഒന്നിൽകൂടി ഈ സമയം കൈയോടു കൈ ചേൎത്തുപിടിച്ചുകൊണ്ടു രണ്ടു ചെറുപ്പക്കാർ മന്ദം മന്ദം പോകുന്നു. അവർ സായാഹ്ന സഞ്ചാരത്തിനിറങ്ങിയിരിക്കുന്ന രണ്ടു കൂട്ടുദ്യോഗസ്ഥരത്രെ. ലോകവാൎത്തകളും നേരംപോക്കുകളും അവർ പൊടിപൊടിക്കുന്നുണ്ടു്. "താന്തോന്നിത്വ"ത്തിൻെറ തികഞ്ഞ ലക്ഷണങ്ങൾ അവരുടെ മുഖത്തു് തെളിഞ്ഞു കാണാം. ചെറുപ്പത്തിൻെറ അന്ധാളിത്തവും പ്രസരിപ്പും മൂലം ദൈവത്തെപ്പോലും വകവയ്ക്കാൻ മനസ്സില്ലാത്ത ഒരു ധാൎഷ്ട്യഭാവം അവരിൽ കുടി കൊണ്ടിരുന്നു.

"ഓ, ഈ കെട്ടിടത്തിൽ ഒന്നു കയറി വിശ്രമിച്ചിട്ടു മടങ്ങാം" എന്നു ഒരു അതി മനോഹരമായ എടുപ്പിൻെറ നേരെ ചൂണ്ടിക്കൊണ്ടു അവരിൽ ഒരുത്തൻ അഭിപ്രായപ്പെട്ടു. പ്രസ്തുത കെട്ടിടം ദൈവജനനിയുടെ സ്വൎഗ്ഗാരോപണത്തിൻെറ നാമത്തിൽ ലോകമൊട്ടുക്കു സുപ്രസിദ്ധമായ 'അസ്സംപ്ഷൻ' ദേവാലയമല്ലാതെ മറെറാന്നുമായിരുന്നില്ല.

"എന്നാൽ അങ്ങനെയാവട്ടെ" എന്നു മററയാളും സമ്മതിച്ചു, ഇരുവരുംകൂടെ പള്ളിയിൽ പ്രവേശിച്ചു. അവരുടെ ആചാരവിശേഷതയെക്കുറിച്ചു ഒന്നും പറയേണ്ടതില്ല; കാലികൾ തൊഴുത്തിൽ കടക്കുന്നതുപോലെയായിരുന്നു അവർ ദേവാലയത്തിൽ കയറിയതു്.

ദേവാലയത്തിനുള്ളിലുള്ള കൌതുകജനകങ്ങളും അത്ഭുതാവഹങ്ങളുമായ അനവധി ശില്പവേലകളും അതി രമണീയങ്ങളായ ചിത്രജാലങ്ങളും മററു പല അലങ്കാരവിശേഷങ്ങളും നോക്കി കണ്ടു കണ്ണു കുളിൎപ്പിച്ചശേഷം അവർ വന്ന പാടെ പോകാനൊരുമ്പെടുകയായി.

ഇരുവരും നടവാതുക്കൽവരെ ചെന്നു; ഉടൻ എന്തൊ ഒരു മൃദുസ്വരം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ അവർ കണ്ടതു ക്രമപ്ര

കാരം വി. വസ്ത്രാദികളുമണിഞ്ഞ് കുമ്പസ്സാരക്കൂട്ടിന്നടുക്കെ നമസ്കരിച്ചുകൊണ്ടു മുട്ടിന്മേൽ നിൽക്കുന്ന ഒരു പട്ടക്കാരനെ ആയിരുന്നു. അദ്ദേഹത്തിൻെറ കാഴ്ച വിനോദതല്പരരായ നമ്മുടെ ചെറുപ്പക്കാർക്കു നല്ല ഒരു നേരമ്പോക്കിനു വിഷയമായിത്തീൎന്നു. പുറത്തുനിന്നുകൊണ്ടു അവർതമ്മിൽ ഇപ്രകാരം സംഭാഷണം ആരംഭിച്ചു:—

ഒന്നാമൻ:— എടോ നോക്കു: ആ പുരോഹിതൻ ആരെയൊ പാൎത്തു നില്ക്കുയല്ലേ?

രണ്ടാമൻ:- ശരിയാണ്. ആരെയായിരിക്കും? തന്നെയായിരിക്കുമൊ,

ഒന്നാമൻ:- (പുച്ഛരസപരത്തിൽ) ഹാ! ഹാ! എന്നെയൊ? കണക്കായി! പുരോഹിതവൎഗ്ഗത്തിൽപെട്ട ഒരുവനോടു ഞാൻ 'ശബ്ദിച്ചിട്ട്'തന്നെ ഇപ്പോൾ പന്ത്രണ്ടുവർഷക്കാലമായിരിക്കണം.

രണ്ടാമൻ:- എന്നാൽ ഇതല്ലെ നല്ല അവസരം. ഒന്നു ചെന്നു 'ശബ്ദിക്കു'

ഒന്നാമൻ:- പിന്നേടൊ— അല്ലാതെയുണ്ടോ എനിക്കു വേറൊരു തൊഴിൽ.

രണ്ടാമൻ:- അതെ,അതേ; തൊഴിലിൻെറ കാൎയ്യമൊന്നും പറയേണ്ട. ധൈൎയ്യക്കാരവെന്നു തന്നെ പറഞ്ഞോളൂ. തന്നെ ഞാനറിയും.

ഒന്നാമൻ:- ഉവ്വോ? എന്നാൽ താൻതന്നെ ഒന്നു ചെന്നു സംസാരിക്കു. കാണട്ടെ.

രണ്ടാമൻ:- എന്താ എനിക്കു സംസാരിച്ചാൽ? ഞാനത്ര ഭീരുവെന്നൊ തൻെറ വിചാരം?

ഒന്നാമൻ:- പിന്നെയല്ലാതെ; തന്നെയും ഞാനറിയാഞ്ഞയില്ല.

രണ്ടാമൻ:- എന്നാൽ പന്തയം വെച്ചോളൂ: സംസാരിപ്പാൻ മാത്രമല്ല, കുമ്പസ്സാരിപ്പാനാണെൻെറ ഭാവം.

ഒന്നാമൻ:- ഓഹോ! അത്രയായൊ? ആ കുമ്പസ്സാരം ഒന്നു കാണുകതന്നെ വേണം. ആകട്ടെ, സൎവ്വവിധ വിഭവങ്ങളോടെ 'ഒരു ഫഷ്സ്റ്റ്ക്ലാസ്സ് ഡിന്നർ'തന്നെ പന്തയം.

രണ്ടാമൻ:- (ആത്മഗതം) സകല വിഭവങ്ങളും ചേൎന്ന ഒരു ഡിന്നർ! ഹാ, അതു വേണ്ടില്ലതന്നെ. (പ്രകാശം) ആട്ടെ, സൎവ്വവി

ധ വിഭവങ്ങളുമെന്നല്ലേ പറഞ്ഞതു്? അതിൽ 'റെനിഷ്' വൈൻ ഉൾപ്പെടുമൊ, ഇല്ലയൊ?

ഒന്നാമൻ:- "റെനിഷ്" തന്നെയല്ല, പരിഷ്കാരത്തിനു യോജിച്ചവ സകലവും. പക്ഷെ താൻ പറഞ്ഞതു നിവ്വഹിച്ചെങ്കില ല്ലെ വേണ്ടു.

ഉടനെ, "എങ്കിൽ കണ്ടോള!" എന്നു പറഞ്ഞുകൊണ്ടു ആ പാപി, – ഭയങ്കരം! — ഇതാ പരിപാവനമായ ആ കൂദാശയെ അപഹസിക്കുന്നതിന്നു കച്ചകെട്ടി അടുക്കുന്നു! അയാൾ കപടനാട്യത്തോടെ പട്ടക്കാരൻെറ അടുത്തുചെന്നു തൻെറ കുമ്പസ്സാരം കേൾക്കണമെന്നു ക്രൂസലെന്യെ ആവശ്യപ്പെടുകയും, ആ ദൈവത്തിൻെറ പ്രതിപുരുഷൻ അതിലേക്കു യഥാസ്ഥാനത്തുപവേശിക്കയും ചെയ്തു.

പന്തയംപറഞ്ഞ മററവനൊ തൻെറ ചങ്ങാതിയുടെ ഈ പ്രവൃത്തികളെല്ലാം ഉൽക്കണ്ഠയോടെ ശ്രദ്ധിക്കയായിരുന്നു. കുമ്പസ്സാരം ആരംഭിച്ചു എന്നായപ്പോൾ അയാൾ ഇങ്ങനെ വിചാരിച്ചുതുടങ്ങി.

"അമ്പട, വിരുതാ! അവൻ പററിച്ചുവല്ലോ. ഇങ്ങനെ അവനെന്നെ തോല്പിക്കുമെന്നു ഞാൻ ഒട്ടും നിനച്ചിരുന്നില്ല. നിർഭാഗ്യത്തിന്നു് ഒരു ഡിന്നറും തലയിലായി. എന്തെങ്കിലുമാവട്ടെ; വന്നതുവന്നു; ഇനി വരരുതു്................ എന്താ അവനിത്ര താമസം? നേരവും വൈകി. വേഗം ഇങ്ങു പോന്നുകൂടെ. ഇതു കളി കാൎയ്യമായതുപോലെ ഇരിക്കുന്നല്ലോ".

ആരും തീരെ പ്രതീക്ഷിച്ചിരിക്കാത്തവിധം ഒരു മുക്കാൽ മണിക്കൂറോളം ദീർഘിച്ച ആ കുമ്പസ്സാരം അവസാനിച്ചു. ആൾ ഇതാ വിയൎത്തൊലിച്ചു പുറത്തു വരുന്നു. ആയാൾ ജയിച്ചു. എന്നാൽ മുറപ്രകാരം അയാൾ ജയഭേരി അടിക്കുന്നുണ്ടോ? ഇല്ല. കൂട്ടുകാരനെ കണ്ടിട്ടു അയാൾ മിണ്ടുന്നേ ഇല്ല. എന്നുമാത്രമല്ല കഴിയുന്നതും വേഗത്തിൽ സ്നേഹിതനെ വിട്ടുംവെച്ചു ഒരു ജീവശ്ശവം കണക്കെ അയാൾ സ്വഗൃഹത്തിലേക്കു തിരിക്കുകയാണുണ്ടായതു്. അയാൾക്കു എന്തു പിണഞ്ഞാവൊ!.

ദിവസം രണ്ടു കഴിഞ്ഞു. മുൻപ്രസ്താവിച്ച റോഡിൽക്കൂടെ 'അസംപ്ഷൻ' ദേവാലയത്തെത്തന്നെ ലക്ഷ്യമാക്കി ഇതാ ഒരു യുവാവു ഏകാകിയായി നടന്നുപോകുന്നു. അല്ല, നമുക്കു പരിചയമു

ള്ള ആളല്ലെ ഇതു്! അതെ, രണ്ടു ദിവസം മുമ്പു പന്തയം ജയിച്ചു മാനമായി മടങ്ങിപ്പോയ നമ്മുടെ യുവാവുതന്നെ ഇയാൾ. അവിവേകത്തിനു് കച്ചകെട്ടിത്തന്നെയൊ അയാൾ ഇനിയും ദേവാലയത്തിലേക്കു കടന്നുപോകുന്നതു്? പഴയ വൈദികനെത്തന്നെ സമീപിച്ചു അയാളിതാ പിന്നെയും കുമ്പസ്സാരം തുടങ്ങുന്നു.

അര മണിക്കൂർ കഴിഞ്ഞു, ഒടുവിൽ കണ്ണുനീരിൽ കുളിച്ചു അയാൾ പുറത്തുവന്നു; ഹാ! എത്ര പ്രശാന്തമായ മുഖം! മനസ്സമാധാനവും സന്തുഷ്ടിയും അതിൽനിന്നും വഴിഞ്ഞൊഴുകുന്നുണ്ടു്. രണ്ടുദിവസം മുമ്പു നാം കണ്ട ദുർവൃത്തൻ തന്നെയൊ, ഇപ്പോൾ നാം കാണുന്ന ഈ ആട്ടിൻകുട്ടി? ഇതെന്തോരു മറിമായവും.

അയാൾക്കു സംഭവിച്ച ഈ അത്ഭുതകരമായ മാററത്തിനു ഹേതുഭൂതമായ സംഗതി എന്തെന്നു ഞാൻ താഴെ വിവരിച്ചു കേൾപ്പിക്കാം.

രണ്ടുദിവസം മുമ്പു ഈ യുവാവു കൂട്ടുകാരനെ തോല്പിക്കുവാൻവേണ്ടി വിചാരശൂന്യനായി കുമ്പസ്സാരം നിർവ്വഹിക്കുവാൻ പട്ടക്കാരൻെറ സമീപം അണയുന്നതു നാം കാണുകയുണ്ടായല്ലൊ. എന്നാൽ അയാളുടെ ആ കുമ്പസ്സാരം വെറും നാട്യം മാത്രമെന്നു മനസ്സിലാക്കുവാൻ സമർത്ഥനായ ആ വൈദികവര്യനു് അധികം ക്ലേശമൊ കാലതാമസമൊ വേണ്ടിവന്നില്ല. ആ അനുതാപിവേഷക്കാരൻെറ കപടസംപൂർണ്ണമായ വാക്കുകൾ ഏതാനും ശ്രദ്ധിച്ചശേഷം അദ്ദേഹം ആ ബുദ്ധിഹീനൻെറ നേരെ നോക്കിപ്പറഞ്ഞു:- "സ്നേഹിതാ! ഇവയൊക്കെ വെറും കള്ളത്തരമല്ലെ. നിൻെറ വിദ്യകൾ എന്നെ വഞ്ചിക്കുവാൻ പര്യാപ്തമാകുമെന്നാണൊ നിൻെറ വിചാരം? എന്നാൽ അതു് അബദ്ധം തന്നെ. എന്നെ വഞ്ചിക്കുവാൻ നിനക്കു കഴിഞ്ഞില്ലെങ്കിൽ, സർവ്വജ്ഞനായ ദൈവത്തെ ചതിക്കുവാനൊ നീ ഒരുങ്ങുന്നതു്. സ്നേഹിതാ! ഇതെത്ര വലിയ മൌഢ്യം! ദൈവകാര്യങ്ങളേയും തൻെറ ശുശ്രൂഷികളേയും നിന്ദിക്കുവാൻ നീ ഒരിക്കലും വിചാരിക്കരുതു്. എങ്കിലും നിന്നോടു ഞാൻ ക്ഷമിക്കുന്നു. ദൈവവും നിന്നോടു പൊറുക്കട്ടെ."

ആദ്യമൊക്കെ കപടനാട്യം തുടർന്ന ഓരോന്നിനും ഒഴികഴിവുകളായി ചില പൊടിക്കൈകളെക്കൂടി ആ വിദ്വാൻ പ്രയോഗിക്കാതിരുന്നില്ല. എങ്കിലും അയാളുടെ മിടുക്കെല്ലാം പണ്ഡിതശ്രേഷ്ഠനായ ആ വന്ദ്യ വൈദികൻെറ മുമ്പിൽ വിഫലമായതേയു

ള്ളു. അദ്ദേഹം അയാളുടെ ഒഴികഴിവുകളെല്ലാം തട്ടത്തു മന്ദമായി ചിരിച്ചുകൊണ്ടു പറഞ്ഞു:— സ്നേഹിതാ! ഇല്ല, ഇല്ല, താൻ ചെയ്തതു കഠിനമായ തെററു തന്നെ, സംശയമില്ല. അതെപ്പററി ഇനി സംസാരിക്കണമെന്നില്ല. ഏതായാലും താൻ എൻെറ അടുക്കൽ വന്നിരിക്കുന്ന സ്ഥിതിക്കു, തന്നോടു ഞാൻ ചിലതെല്ലാം ചോദിക്കാം"

യുവാവു:- അങ്ങനെയാകട്ടെ.

വൈദികൻ:- എങ്കിൽ താൻ ആരാണ്?

യുവാവു ഞാൻ 'സെയിൻറ്സീർ' (St. Cyor) എന്ന സ്ഥലത്തുനിന്നും വന്നിരിക്കുന്ന ഒരുവനാണ്.

വൈദികൻ:- തൻെറ ജോലിയെ?

യുവാവു:- പട്ടാളത്തിൽ ഒരു സബ് ലെഫ്ട്ടനൻറാണു ഞാൻ.

വൈദികൻ:- ഓ ഹോ! അതു മാന്യമായ ഉദ്യോഗമാണല്ലൊ. ഇതിൽനിന്നും കയററം കിട്ടുമെന്നു ആശയുണ്ടോ?

യുവാവു:- ഉവ്വ്, മേലധികാരികൾ കാലതാമസംകൂടാതെ എന്നെ ഒരു ലെഫ്ട്ടനൻറായി ഉയത്തുന്നതാണ്. അങ്ങനെ ഒരു ലഫ്ട്ടനൻറായി കഴിഞ്ഞാൽ ഉടനടി ക്യാപ്ററൻ എന്ന സ്ഥാനം ലഭിക്കുന്നതിനും ഞാൻ യത്നിക്കാതിരിക്കയില്ല.

വൈദികൻ:- എന്നിട്ടൊ?

യുവാവു:- ക്യാപ്ററൻ ആയാൽ പിന്നെ കമാൻറർസ്ഥാനം കൈവശമാക്കാൻ നോക്കും, അതു കഴിഞ്ഞാൽ ലെഫ്ട്ടനൻറ് കണ്ണൽ, കണ്ണൽ, പിന്നെ ജനറൽ ലെഫ്ട്ടനൻറ്, ജനറൽ എന്നിങ്ങനെയുള്ള ഉന്നത പദവികൾ പ്രാപിക്കുന്നതിനു ഞാൻ യഥാക്രമം പരിശ്രമിക്കും.

വൈദികൻ-: തനിക്കു വിവാഹവും വേണ്ടയൊ?

യുവാവു:- പിന്നയൊ, ഞാൻ വിവാഹവും കഴിക്കും.

വൈദികൻ:- കൊള്ളാം. താൻ ഒരു ജനറൽ ആയിതീർന്ന ശേഷം വിവാഹവും കഴിക്കും; അതിൻെറ ശേഷമൊ?

യുവാവു:- അതിൻെറ ശേഷം ഒരു മാർഷൽസ്ഥാനമല്ലാതെ മറെറാന്നുമില്ലല്ലൊ.

വൈദികൻ:- താൻ മാർഷലും ആയി തീർന്നെന്നിരിക്കട്ടെ. എന്നിട്ട താനെന്തുചെയ്യും?

യുവാവു:- എന്നിട്ടോ! എൻെറ ഭാൎയ്യയും കുട്ടികളുമായി ഞാൻ ഉല്ലസിച്ച ജീവിക്കും. അല്ലാതെന്താണ ചെയ്യാനുള്ളതു്?

വൈദികൻ:- ശരി; എന്നിട്ടൊ?

യുവാവു— എന്നിട്ടോ! എന്നിട്ട.................. (യുവാവിനു മറുപടി പറയുവാൻ വളരെ ആലോചിക്കേണ്ടിവന്നു. ഒടുവിൽ അയാൾ പറഞ്ഞു.) എന്നിട്ട ഒടുക്കം ഞാൻ മരിക്കേണ്ടിവരും, അച്ചാ, പക്ഷെ അതു വളരെക്കാലം കഴിഞ്ഞിട്ടല്ലെ ഉണ്ടാകയുള്ളു.

വൈദികൻ— കൊള്ളാം വളരെക്കാലം കഴിഞ്ഞിട്ടെങ്കിലും നീ മരിക്കുമെന്നുള്ളതു നിശ്ചയമായി. ആകട്ടെ; എന്നിട്ടോ?

തിരെ അപ്രതീക്ഷിതമായ ഒടുവിലത്തെ ഈ 'എന്നിട്ടൊ' കേട്ട യുവാവു ആകെ ഒന്നു ഞെട്ടി. താൻ സ്വപ്നത്തിൽപോലും വിചാരിക്കാതിരുന്ന ഈ ചോദ്യത്തിനു് അയാൾ എന്തുത്തരം പറയും? വൈദികൻെറ അപ്പോഴത്തെ ഗൗരവഭാവമോ അയാളെ ഒന്നുകൂടി കുഴക്കിയതെയുള്ളു. അതോടെ അയാളിലുണ്ടായിരുന്ന ഡംഭ് എല്ലാം പാടെ അടങ്ങി. അയാൾക്കു് ഉത്തരമില്ലാതായി. ആകപ്പാടെ അയാൾ വിഷമിച്ചു. ഇതുവരേയും മന്ദഹാസം പൂണ്ടിരുന്ന വൈദികൻെറ മുഖഭാവമോ പെട്ടെന്നു പകൎന്നു. അദ്ദേഹം തൻെറ ഉജ്ജ്വലങ്ങളായ നയനങ്ങളെ യുവാവിൻെറ മുഖത്തു പതിച്ചുകൊണ്ട പറഞ്ഞു:– "നീ എന്തുകൊണ്ട മിണ്ടുന്നില്ല. നിൻെറ ചൊടിയെല്ലാം അസ്തമിച്ചുപോയൊ? നിൻെറ ചാതുൎയ്യം ഇവിടെ പ്രദർശിപ്പിക്കുവാൻ എന്തുകൊണ്ട മടിക്കുന്നു! നിൻെറ ഇഹലോകജീവിതത്തെപ്പററി ഞാൻ ചെയ്ത ചോദ്യങ്ങൾക്കു നീ ക്ലേശമെന്യെ ഉത്തരങ്ങൾ പൊടിപൊടിച്ചു. മരണാനന്തരമുള്ള നിൻെറ അവസ്ഥയെപ്പററി ഞാൻ ചോദിച്ച നിസ്സാര ചോദ്യത്തിനു മറുപടി തരുവാൻ നിനക്കു സാധിച്ചതുമില്ല. സാധു യുവാവെ! നിൻെറ കണ്ണുകൾ ഇനിയും തുറന്നിട്ടില്ല. ഇതാ ഇപ്പോൾ എൻെറ മുറയായി. നിന്നെ വലയ്ക്കുന്ന എൻെറ ഈ ചോദ്യത്തിനു ഞാൻതന്നെ മറുപടി നൽകാം. കേട്ടുകൊൾക:— നീ മരിച്ചാൽ ഉടനെ നിൻെറ ആത്മാവു സൎവ്വന്യായാധിപതിയായ ഈശോയുടെ തിരുമുമ്പിൽ വിധിക്കു നിൎത്തപ്പെടും; അനന്തരം അനന്തനീതിമാനായ അവിടുന്നു "നിൻെറ ലോകജീവിതത്തിൻെറ കണക്കു തരിക"

(Luke xvi. 2.) എന്നു നിന്നോടു നിഷ്കൎഷമായി ആവശ്യപ്പെടുകയും ചെയ്യും. അദ്ദേഹം നിന്നെ വിധിക്കുന്നതു് പുകപോലെ കടന്നുപോകുന്ന ഐഹിക ജിവതത്തിലെ വലിയ പദവിയേയോ സ്ഥാനവലിപ്പത്തേയൊ ആശ്രയിച്ചായിരിക്കയില്ല. പ്രത്യുത ചെയ്തിട്ടുള്ള നന്മകളുടേയും തിന്മകളുടേയും പട്ടികയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. നി സുകൃതമുള്ളവനും നീതിമാനും ദൈവപ്രമാണങ്ങൾ അനുഷ്ഠിക്കുന്നതിൽ വിശ്വസ്തനും എളിമ, വിനയം, ശുദ്ധത ഇവയുടെ വിളനിലവുമായിരുന്നാൽ — ഒററവാക്കിൽ പറഞ്ഞാൽ ഒരുത്തമ കത്തോലിക്കനായി ലോകജീവിതം നയിക്കുന്നുവെങ്കിൽ — നി രക്ഷപ്പെടുകയും, സൗഭാഗ്യ സമാധാന സന്തോഷാദികൾകൊണ്ടു പരിപൂൎണ്ണമായ ഒരു നിത്യാനന്ദ സാമ്രാജ്യം നിനക്കു സ്വന്തമായിത്തീരുകയും ചെയ്യും. നേരെമറിച്ചു, യഥാൎത്ഥ കത്തോലിക്കന്നു് ഒരിക്കലും വിഹിതമല്ലാത്ത അഹങ്കാരം, അനീതി, അസത്യം മുതലായ ദുൎഗ്ഗുണങ്ങളെ മുൻനിറുത്തി, നിൻെറ ദുശ്ചാച്ചില്യകൾക്കനുരൂപമായ ഒരു നീചജീവിതമാണു് നീ നയിക്കുന്നതെന്നുവന്നാൽ, നിശ്ചയമായും നരകത്തിലേക്കു തള്ളപ്പെടുകയും അവിടെ സകലവിധ ദുരിതങ്ങൾക്കും വേദനകൾക്കും അധീനനായി പിശാചുക്കളോടുകൂടെ നി നിത്യനിൎഭാഗ്യമനുഭവിക്കേണ്ടി വരികയും ചെയ്യും. അവിടെ ജനറൽ എന്നും മാഷൽ എന്നും മററുമുള്ള സ്ഥാനവിശേഷങ്ങൾ ഗണിക്കപ്പെടുന്നതല്ല. അവിടെ ധനവാനും ദരിദ്രനും, മാന്യനും നിന്ദ്യനും, ഉദ്യോഗമുള്ളവനും ഇല്ലാത്തവനും ഭേദമെന്യെ പീഡയനുഭവിക്കണം. അല്ലയൊ വിചാരഹീനനായ യുവാവെ! നിൻെറ മൗഢ്യത്തെപ്പററി നീ എന്തു വിചാരിക്കുന്നു? യഥാൎത്ഥ ന്യായാധിപനായ കൎത്താവിൻെറ നിത്യവിധിയാകുന്ന ഭയങ്കര ഇടിനാദം നിനക്കെതിരായി മുഴങ്ങുമ്പോൾ നീ പറയുന്നതിനു ഭാവിച്ചിരിക്കുന്ന ഒഴികഴിവെന്തു് ? "എൻെറ അടുക്കൽ നിന്നും അകലുക, ശപിക്കപ്പെട്ടവരെ നിത്യനരകാഗ്നിയിലേക്കു പോക" എന്നു നിന്നോടദ്ദേഹം ആജ്ഞാപിക്കുമ്പോൾ നീ എന്തുത്തരം പറയും? നിന്നോടിനി ഒരു കാൎയ്യം മാത്രമെ എനിക്കു പറയാനുള്ളൂ. എന്നെ ഇപ്രകാരം നേരിട്ടു കബളിപ്പിച്ചുകളയാമെന്നുദ്ദേശിച്ചു വന്ന നിൻെറ തെററു ക്ഷന്തവ്യമായ ഒന്നല്ല. തന്നിമിത്തം ഞാൻ ആവശ്യപ്പെടുന്ന ഒരു പരിഹാരം നീ ചെയ്തേതീരു. അതു് ഞാൻ ആവശ്യപ്പെടുക മാത്രമല്ല ആജ്ഞാപിക്കയത്രെ ചെയ്യുന്നതു്. അതായതു്: ഓരോ രാത്രിയിലും കിടന്നുറങ്ങുന്നതിനു മുമ്പായി

ഞാൻ ഇപ്പോൾ പറഞ്ഞുതരുന്ന വാക്കുകൾ നീ മുടങ്ങാതെ ഉരുവിടണം. ഒരാഴ്ചവട്ടത്തേക്കു മതി. പറയേണ്ടതു ഇതാണ്. "ഞാൻ മരിക്കും, എന്നാൽ ഞാൻ അതു ഓക്കുന്നില്ല. മരണം കഴിഞ്ഞു ഞാൻ വിധിക്കപ്പെടും, എന്നാൽ ഞാൻ അതു ചിന്തിക്കുന്നില്ല. വിധിക്കുശേഷം ഞാൻ നിത്യമായി നശിക്കും; ഞാനൊ അതു ഗണ്യമാക്കുന്നേയില്ല" ഇതു മാത്രമാണ് നീ ചെയ്യേണ്ടതു്. ഞാൻ കല്പിക്കുന്ന പരിഹാരവും ഇതുതന്നെ. ഇപ്രകാരം പ്രവത്തിക്കാമെന്നു നീ ഏറ്റുവോ?

കുട്ടുകാരനേപ്പററിക്കുന്നതിനു നിമ്മിച്ച കുടുക്കിൽ താൻതന്നെ വീണതിനാലുണ്ടായ ലജ്ജയാലും പ്രത്യേകിച്ചു താൻ കേട്ട ഭീതിജനകങ്ങളായ സനാതനതത്വങ്ങളുടെ ഭയങ്കരമായ സ്മരണയാലും പരവശനായി എന്തു ചെയ്യേണമെന്നറിയാൻമേലാതായ ആ സാധു യുവാവു, തൻെറ തെററിനു പരിഹാരമായി ന്യായപൂവ്വം നൽകപ്പെട്ട ആ നിസ്സാര പ്രായശ്ചിത്തത്തെ നിരസിക്കുന്നതിനു മുതിന്നില്ല. പിന്നെയൊ ആ വന്ദ്യവൈദികൻെറ ആജ്ഞാനുസാരം പ്രവത്തിച്ചുകൊള്ളാമെന്നുള്ള ഹൃദയപൂവ്വമായ പ്രതിജ്ഞയോടുകൂടെ അയാൾ അവിടെനിന്നും എഴുനീററു് നമ്മൾ കണ്ടപ്രകാരം, കൂട്ടുകാരനോടുപോലും ഒന്നും ശബ്ദിക്കാതെ, മൗനം അവലംബിച്ച് അധോമുഖനായി സ്വഗൃഹത്തിലേക്കു തിരിക്കയാണുണ്ടായതു്.

അയാൾ തൻെറ പ്രതിജ്ഞയെ വിശ്വസ്തതയോടെ നിവ്വഹിച്ചുവെന്ന് അയാളുടെ അനന്തരപ്രവൃത്തിയിൽനിന്നും നമുക്കു മനസ്സിലാക്കാം. പ്രസ്തുത കൃത്യത്തിൻെറ നിർദ്ദിഷ്ടഫലം അയാളിൽ ഉളവാകുവാൻ ഒരാഴ്ചവട്ടം വേണ്ടിവന്നില്ല. രണ്ടു ദിവസമെ അയാൾ ആ വാക്യങ്ങൾ ഉച്ചരിക്കയുണ്ടായുള്ളു. അതോടെ അയാളുടെ മനസ്സു മറിഞ്ഞു അയാൾ മാനസാന്തരപ്പെട്ടു. ഉടനെ യഥാത്ഥവും പൂണ്ണവുമായ ഒരു കുമ്പസ്സാരം കഴിക്കുവാൻ അയാൾക്കാഗ്രഹം ജനിച്ചു. അങ്ങനെ അയാൾ പള്ളിയിൽ വരികയും പൂവ്വവൈദികനോടുതന്നെ കുമ്പസ്സാരിച്ചു കഴിഞ്ഞശേഷം കണ്ണീരിൽ കുളിച്ചു പുറത്തു വരികയും ചെയ്തു. ആ സ്ഥിതിയിലാണ് രണ്ടാം പ്രാവശ്യം അയാളെ നാം കണ്ടതും സാക്ഷാൽ ഒരു ആട്ടിൻകുട്ടിയൊ എന്നുപോലും നാം അയാളെ സംശയിക്കുവാൻ ഇടവന്നതും. അന്നുമുതൽ അയാൾ ഒരു ഉത്തമ കത്തോലിക്കനായിത്തീരുകയും ചെയ്തു.

നോക്കുക! ധ്യാനത്തിൻെറ മാഹാത്മ്യം! ധ്യാനം എല്ലാവക്കും കൂടിയെ തീരു. അതു കൂടാതെ നന്മയിൽ നിലനിന്നുപോകുന്നതു പുണ്യവാന്മാക്കുപോലും ബഹുവിഷമമത്രെ. എന്നാൽ വിശേഷിച്ചു, പാപികൾക്കു പ്രത്യക്ഷമായ ആത്മീയ ഗുണം നൽകുവാൻ പര്യാപ്തമായ ധ്യാനവിഷയങ്ങളിൽ ഏററവും മുഖ്യമായവയത്രെ മനുഷ്യൻെറ അന്ത്യങ്ങൾ. അവയെപ്പററിയുള്ള ചിന്തയാണല്ലൊ നമ്മുടെ മഹാപാപിയായ യുവാവിനെ മാനസാന്തരപ്പെടുത്തി ഒരു ഉത്തമ കത്തോലിക്കനായിതീത്തതും. ഹാ! എത്ര ആശ്ചയ്യകരമായ മാററം! അതും രണ്ടേരണ്ടു ദിവസത്തിനുള്ളിൽ! ഇതിൽനിന്നും പ്രസ്തുത വിഷയങ്ങളെപ്പററിയുള്ള ചിന്തയുടെ ഫലം എത്രമഹനീയമെന്നു സ്പഷ്ടമാണല്ലൊ.



## 34. സൗമ്യത.

സൗമ്യതയെന്ന പുണ്യത്തെക്കുറിച്ചു നിന്നോടു സംസാരിക്കയും ആ പുണ്യം പരിശീലിക്കുവാൻ നിന്നെ പ്രേരിപ്പിക്കയും ചെയ്യുമ്പോൾതന്നെ നിനക്കു ഏററവും ഗുണകരമായ ഒരു സംഗതി ഞാൻ ചെയ്യുന്നുവെന്നു നീ ആദ്യമായി ഗ്രഹിക്കണം. എന്തുകൊണ്ടെന്നാൽ എല്ലാവൎക്കും ആനന്ദത്തെ ഉളവാക്കുന്ന സൽസ്വഭാവത്തിന്റെ അടിസ്ഥാനമാണ് സൗമ്യത എന്ന വിശിഷ്ട ഗുണം. ഈ ഗുണമുള്ളവരുടെ ജീവിതം സന്തോഷകരമായിരിക്കും. എന്നാൽ ഇത്ര വലിയ ഗുണമെന്താണ്? മററുള്ളവൎക്കു നിഷ്പ്രയാസം കീഴ്പ്പെടുകയും അവരിൽ നിന്നുണ്ടാകുന്ന അനൎത്ഥങ്ങളെ സഹിക്കയും അന്യൎക്കു യാതൊരു ബുദ്ധിമുട്ടും വരുത്താതിരിക്കയും ചെയ്വാൻ നമ്മെ ശക്തിയായി പ്രേരിപ്പിക്കുന്ന ഒരു ക്രിസ്തീയ പുണ്യമാണ് സൗമ്യത. ഒരു യന്ത്രത്തിന് എണ്ണയെന്നപോലെ ജീവിതത്തിനു സൗമ്യത അത്യാവശ്യമാകുന്നു. യന്ത്രത്തിൽ തുള്ളിതുള്ളിയായി ഒഴിക്കപ്പെടുന്ന എണ്ണയുടെ അത്യാവശ്യകത പ്രഥമ ദൃഷ്ടിയിൽ സ്പഷ്ടമല്ലെങ്കിലും അതിന്റെ അഭാവത്തിൽ എന്തെല്ലാംന്യൂനതകളാണ് അതിന്റെ പ്രവൎത്തനത്തിൽ സംഭവിക്കുന്നതു്! അതുപോലെതന്നെ ഒരുത്തനു സൗമ്യത എന്നഗുണം ഇല്ലാതിരുന്നാൽ അവന് അന്യരോടുള്ള സഹവാസം വളരെ പ്രയാസമായി തോന്നും. നമ്മുടെ പ്രവൃത്തികൾക്കു മററു പുണ്യങ്ങളെക്കാൾ വിലയും നിലയും നൽകുന്നതും, ക്രിസ്തീയ ഉപവിയിൽ നിന്നു വേർതിരിക്കപ്പെടാവതല്ലാത്തതും, സാമുദായിക ജീവിതത്തിനു അത്യന്താപേക്ഷിതവുമായ ഈ പുണ്യത്തെ സ്ഥലകാലവ്യത്യാസം വകവെയ്ക്കാതെ സൎവ്വാത്മനാ നാം പരിശീലിക്കണം. എളിമയും സാധുശീലവുമാണ് നമ്മുടെ രക്ഷിതാവു പിതൃസ്വത്തായി നമുക്കു തന്നിട്ടുള്ളതു്. മിശിഹാ വിശുദ്ധ ലിഖിതങ്ങളിൽ ദിവ്യ ചെമ്മരിയാടെന്നു വിളിക്കപ്പെടുന്നതു് കുരിശിൽകിടന്നു ദൈവത്തിനു ബലിയായി സ്വയം സമൎപ്പിച്ചതുകൊണ്ടു മാത്രമല്ല. പിന്നെയൊ തന്റെ ജീവിത കാലത്തിൽ തന്നിൽ വിളങ്ങി പ്രകാശിച്ചിരുന്ന അമാനുഷികമായ സൗമ്യതയും സാധുശീലവും നിമിത്തമാണ്. അവിടുന്നു തന്റെ കഷ്ടാനുഭവത്തിൽ കാണിച്ച ക്ഷമയും സൗമ്യതയും അനിൎവ്വചനീയമത്രെ. ക്രൂരസേ

വകന്മാർ കരങ്ങൾ ബന്ധിച്ചു, ഒരു കുററക്കാരനെപ്പോലെ തന്നെ കയ്യഫാസിൻെറ മുമ്പിൽ നിറുത്തി; യഹൂദന്മാർ തൻെറമേൽ അന്യായമായി ദൈവ ദൂഷണക്കുററം ആരോപിച്ചു. അപ്പോഴൊക്കയും അക്ഷമതയൊ അസഹ്യതയൊ ഒരിക്കലും അങ്ങുന്നു പ്രകാശിപ്പിച്ചില്ല.

നിർദ്ദയമായി തൻെറ തിരു മുഖത്തു അടിച്ച ക്രൂരസേവകനോടു "ഞാൻ തെററു പറഞ്ഞെങ്കിൽ തെററിനു സാക്ഷ്യം നൽകുക, അല്ലെങ്കിൽ എന്തുകൊണ്ടെന്നെ അടിക്കുന്നു"; എന്നു കഠിനഹൃദയരായ യൂദന്മാരെപ്പോലും വിസ്മയപരതന്ത്രരാക്കത്തക്ക വിനയത്തോടെ ന്യായപൂൎവ്വം പറഞ്ഞതേയുള്ളു. — ഈ അനിതരസാധാരണമായ വിനയവും സൗമ്യതയും മരണപൎയ്യന്തം തന്നിൽ നിലനിന്നു. കുരിശിൽ മരണവ്യാകുലം അനുഭവിക്കുമ്പോൾ തൻെറ ഘാതകന്മാരോടു സൗമ്യതയോടെ സംസാരിക്കയും, അവൎക്കുവേണ്ടി തൻെറ സ്വൎഗ്ഗീയ പിതാവിനോടു പ്രാൎത്ഥിക്കയും, തൻെറ കൂടെ കുരിശിൽ തറയ്ക്കപ്പെട്ട നല്ല കള്ളനെ സ്വൎഗ്ഗ രാജ്യവാഗ്ദാനത്താൽ ആശ്വസിപ്പിക്കയുമാണ് ചെയ്തതു്.

മററുള്ളവരെ, സുകൃത മാൎഗ്ഗത്തിലേയ്ക്കു് ആകൎഷിക്കാൻ ശാന്ത ശീലത്തിന്, അനന്യ സുലഭമായ ഒരു ശക്തിവിശേഷമുണ്ടെന്നാണ്, ആ പുണ്യത്തിന് ഉത്തമ ദൃഷ്ടാന്തഭൂതനായ, വി. ഫ്രാൻസിസ് ദെസാലെസ് പറയുന്നതു്. സൎവ്വ സുകൃതങ്ങളുടെയും ഒരു ഉത്തമ വിളനിലമായി പരിലസിച്ചിരുന്ന ഈ സിദ്ധനിൽ, സൗമ്യതയ്ക്കു്, സൎവ്വഥാ, പ്രഥമ സ്ഥാനം ലഭിച്ചിരുന്നു. വി. വിൻസെൻറ് ദേ പോൾ, അദ്ദേഹത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു് കേട്ടാലും:— "വി. ഫ്റാൻസിസ് ദെസാലെസിനെപ്പോലെ, സൗമ്യതയ്ക്കു് ഒരു തികഞ്ഞ ദൃഷ്ടാന്തം ഞാൻ വേറെ കണ്ടിട്ടില്ല. മിശിഹായിൽ വിളങ്ങിത്തിളങ്ങിക്കൊണ്ടിരുന്ന തീവ്രസ്നേഹത്തിൻെറ, ഒരു തെളിഞ്ഞ പ്രതിഛായയാണ് അദ്ദേഹത്തിൽ പ്രതിബിംബിക്കുന്നതു്. ആരുടേയെങ്കിലും ഒരു അപേക്ഷ തിരസ്കരിക്കേണ്ടതായി വരുമ്പോൾ, ആ അപേക്ഷകൻെറ നേൎക്ക് പുണ്യവാൻ കാണിച്ചിരുന്ന കരുണാവാത്സല്യങ്ങൾക്ക് അതിരില്ല. തൻമൂലം ആഗ്രഹങ്ങൾ സാധിക്കപ്പെട്ടാലെന്നവണ്ണം അത്രമേൽ സന്തുഷ്ടിയോടെയാണ് അവർ അദ്ദേഹത്തിൻെറ മുമ്പിൽ നിന്നും മടങ്ങിപ്പോയിരുന്നതു്. മേലധികാരികളോടും കീഴുള്ളവരോടും സമന്മാരോടും എന്നു വേണ്ട എല്ലാവരോടും ഒരേവിധം സൗമ്യതയോടെയാണ് അ

ദ്ദേഹം പെരുമാറിയിരുന്നതു്. സ്വജനമെന്നും അന്യനെന്നുമുള്ള വ്യത്യാസത്തെ അദ്ദേഹം ഗൌനിച്ചില്ല. അദ്ദേഹത്തിൻെറ ഭൃത്യന്മാരെ ഒരു കുററത്തിനും ശാസിച്ചിരുന്നതായി അറിവില്ല. അവൎക്കു ഏതെങ്കിലും ഒരു നിയമമൊ, കല്പനയൊ കൊടുക്കേണ്ടി വന്നാൽ അതു അവൎക്കു സ്വീകാൎയ്യമാകേണ്ടതിനു വേണ്ട ശ്രദ്ധപതിച്ചിരുന്നു''. മററുള്ളവരിൽ അനുസരണം ഉളവാക്കുന്നതിന് ഏററവും ഉപയുക്തമായ മാൎഗ്ഗം സൌമ്യതയാണ്. "സൌമ്യശീലമുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ലോകത്തെ കരസ്ഥമാക്കും'', മിശിഹായുടെ ഈ വാക്കുകൾ ദൈനം ദിനം പൂൎത്തീകരിക്കപ്പെടുന്നു.

ഭക്തകളായ സ്ത്രീകൾ തങ്ങളുടെ ഭൎത്താക്കന്മാരേയൊ, പുത്രന്മാരേയൊ ദുൎമ്മാൎഗ്ഗത്തിൽ നിന്നു സന്മാൎഗ്ഗത്തിലേക്ക് ആനയിക്കാൻ സാധിക്കാത്തതിനെപ്പററി പലപ്പോഴും ആവലാധി പറയുന്നതായി നാം കേൾക്കാറുണ്ട്. എന്നാൽ ഈ ഉദ്ദേശ്യസാദ്ധ്യത്തിന് സൌമ്യതയേക്കാൾ ഉത്തമമായ ഉപകരണം വേറെയില്ല. ഈച്ചയെ പിടിക്കുന്നതിനു ആരെങ്കിലും ചൊറുക്ക ഉപയോഗിക്കുമൊ? അതുപോലെതന്നെ ഗൌരവത്തെക്കാൾ മനുഷ്യരെ അധികം ആകൎഷിക്കുന്നതു സൌമ്യതയാണ്. വി. വിൻസൻറ് ദെ പോൾ സാക്ഷിക്കുന്നതു നമുക്കു പലപ്പോഴും അനുഭവസിദ്ധമാണ്. തൻെറ ജീവിതകാലത്തിൽ മൂന്നു പ്രാവശ്യം അദ്ദേഹം മററുള്ളവരെ ശാസിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഈ മൂന്നു പ്രാവശ്യം മാത്രമേ അദ്ദേഹത്തിന് ഉദ്ദിഷ്ട ഫലം ഉണ്ടാകാതിരുന്നിട്ടുള്ളവത്രെ. മററുള്ള സന്ദൎഭങ്ങളിൽ എല്ലാം സൌമ്യതയും സാന്ത്വന വാക്കുകളും ഉപയോഗിച്ച് അദ്ദേഹം ഉദ്ദിഷ്ട കാൎയ്യങ്ങൾ നിഷ്പ്രയാസം സാധിച്ചുവന്നു.

വി. ഫ്റാൻസിസ് ദെ സാലെസ് തൻെറ സൌമ്യതമൂലം അന്യരിൽ നിന്നു താൻ ആഗ്രഹിച്ച എല്ലാ കാൎയ്യങ്ങളും സാധിച്ചിരുന്നു. കുമാൎഗ്ഗത്തിൽ വേരുറച്ച പാപികളെപ്പോലും അനേകം തവണ പ്രസ്തുത പുണ്യവാൻ മനസ്സു തിരിച്ചിട്ടുണ്ടു. ഈ വിശുദ്ധനെ അനുകരിച്ച് വി. വിൻസൻറ് ദെ പോൾ പാപികളോടു വളരെ ദയയായും ശാന്തമായും പെരുമാറിയിരുന്നു. ദീൎഘകാലമായി പാപസങ്കീൎത്തനം ചെയ്യാതിരുന്ന ഒരു മഹാ പാപിയെ മനസ്സു തിരിപ്പിക്കാനായി ഒരിക്കൽ പുണ്യവാൻ വേറൊരു പട്ടക്കാരനെ

ഏല്പിച്ചു. എന്നാൽ ആ പട്ടക്കാരൻ വളരെക്കാലം അതിലേയ്ക്കു ശ്രമിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ വി. വിൻസെൻറ് ദേ പോൾതന്നെ അയാളെ മനസ്സുതിരിച്ചു. പുണ്യവാൻെറ സൗമ്യതയാണ് തൻെറ ഹൃദയത്തെ ഇളക്കിയതെന്നു ആ പാപിതന്നെ പിന്നീടു ഏററു പറകയുണ്ടായി. നമ്മുടെ സൗമ്യത പ്രത്യക്ഷപ്പെടേണ്ടതു് പ്രത്യേകം നമുക്കു കോപം ജനിക്കുമ്പോഴും മേലധികാരികൾ നമ്മെ ശാസിക്കുമ്പോഴും അന്യർ നിന്ദിക്കുമ്പോഴുമാണ്. ഈശോയെപ്രതി നിന്ദകൾ സന്തോഷത്തോടെ സഹിക്കയും ശത്രുക്കളോടു ക്ഷമിക്കയും തിന്മയ്ക്കുപകരം നന്മചെയ്കയും ചെയ്യുന്ന എളിമയും ശാന്തശീലവുമുള്ള ആത്മാക്കളെ ഈശോയുടെ തിരുഹൃദയം എത്രമാത്രം സ്നേഹിക്കുന്നു! നമുക്കു വിപരീതമായി യാതൊന്നും സംഭവിക്കാത്തപ്പോൾ ശാന്തശീലന്മാരായിരിക്കുവാൻ യാതൊരു പ്രയാസവുമില്ല; എന്നാൽ നമ്മുടെ ഇഷ്ടത്തിനു വിപരീതമായി എന്തെങ്കിലും സംഭവിക്കുമ്പോഴാണ് നമ്മുടെ യഥാത്ഥ സ്ഥിതി വെളിക്കു വരുന്നതു്. മുള്ളുകളുടെ ഇടയിൽ ലീലി പുഷ്പമെന്നു, പോലെ ദുഃഖാരിഷ്ടതകൾ നിറഞ്ഞ ഈ ലോക ജീവിതത്തിൽ യാതൊരുത്തൻ പ്രശാന്തനും സൗഭാഗ്യവാനുമായിരിക്കുന്നുവോ, അവനു മാത്രമെ സാക്ഷാത്തായ സൌമ്യതയുള്ളു.

നമ്മെ ഏതു വിധത്തിലെങ്കിലും ഉപദ്രവിച്ചിട്ടുള്ളവരോടു സമാധാനം പറയുമ്പോൾ സൗമ്യതയോടെ സംസാരിക്കാൻ നാം ഏററവും സൂക്ഷിക്കണം. നമ്മുടെ സൗമ്യവാക്കുകൾ മററുള്ളവരുടെ കോപാഗ്നിയെ ശമിപ്പിക്കുന്നതാണ്. നമുക്കു അതിയായ കോപമൊ ദുഃഖമൊ ഉള്ളപ്പോൾ സംസാരിക്കാതിരിക്കുന്നതാണ് ഉത്തമം. ഏതാദൃശ സന്ദഭ്ങ്ങളിൽ എന്തെങ്കിലും പറയുവാൻ ഇടവന്നാൽ, താമസംവിനാ നാം ശാന്തഭാവം സ്വീകരിച്ച് നമ്മുടെ പ്രതികാരിയോടു സ്നേഹാദരവോടെ സംസാരിക്കാൻ അഭ്യസിക്കണം.

കോപാക്രാന്തന്മാരാകാതിരിപ്പാൻ നാം സദാ സൂക്ഷിക്കേണ്ടിയിരിക്കുന്നു. യഥാത്ഥമായ ദൈവ സ്നേഹമുള്ളവർ ഒരിക്കലും കോപാന്ധരാകയില്ല. എന്തുകൊണ്ടെന്നാൽ സകലവും ദൈവ സാന്നിദ്ധ്യത്തിലും അവിടുത്തെ തിരുമനസ്സുപോലെയും സംഭവിക്കുന്നു എന്ന ബോധം എല്ലായ്പോഴും അവരെ പ്രശാന്തരാക്കുന്നു. ഈ കാരണത്താൽ ഒരു യഥാർത്ഥ ക്രിസ്ത്യാനി എല്ലാവരോടും സ്നേഹമായും സൗമ്യമായും വത്തിക്കും എന്നു സ്പഷ്ടം. പരിശ്രമം കൂടാ

തെയും മതാനുഷ്ഠാന നിഷ്ഠയില്ലാതെയും സ്നേഹംകൊണ്ടു ജ്വലിക്കാതെയും സൗമ്യത ലഭിക്കുവാൻ അസാദ്ധ്യം. ദൈവത്തെ സ്നേഹിക്കാതെ മററുള്ളവരെ സ്നേഹിക്കാൻ പ്രയാസമെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നു. മററുള്ള സംഗതികളിലെന്നപോലെ മനുഷ്യന്റെ ആനന്ദത്തിനും സംതൃപ്തിക്കും മതാനുഷ്ഠാനം തന്നെ അടിസ്ഥാനം. ആകയാൽ ഒരാൾക്കു ജീവിതം ഭാരമുള്ളതായി തോന്നുന്നുവെങ്കിൽ അവൻ യഥാർത്ഥ മതം ഉപദേശിക്കുന്ന തത്വങ്ങളെ അനുകരിക്കുന്നില്ലെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

## 35. പശ്ചാത്താപ പരമകാഷ്ഠ.

1850-ാം വർഷം ഫെബ്രുവരി 3-ാംനു "കരബിനീർ ജീൻ ഗ്രൂത്ത്" എന്നു പേരായി മുപ്പതു വയസ്സു പ്രായമുള്ള ഒരു യോദ്ധാവു മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടുകയുണ്ടായി. തന്റെ നായകനെ അകാരണമായി കൊലപ്പെടുത്തി എന്നുള്ളതായിരുന്നു ഈ പടയാളിയുടെമേൽ ചുമത്തപ്പെട്ട അപരാധം. അയാൾ യഥാവിധി വെടിവെച്ചു കൊല്ലപ്പെട്ടുകയും ചെയ്തു. ഈ സംഭവം നടന്ന ഇടയ്ക്കു ഞാൻ പാരീസിൽ തടവു പുള്ളികളായ പട്ടാളക്കാരുടെ 'കപ്പ്ലോനായി' ജോലി നടത്തിവരികയായിരുന്നു.

പാരീസിൽ 'ആയോധനസംഘം' വക ഒരു സാധാരണ തടവുമുറിയിൽ വച്ചാണു സാധുവായ ഗ്രൂത്തിനെ ഞാൻ ആദ്യമായി കണ്ടതു്. പ്രസ്തുത കുററം അപ്പോൾ അയാളിൽ ആരോപിക്കപ്പെട്ടിട്ടേ ഉണ്ടായിരുന്നുള്ളു. മരണവിധി ഉച്ചരിക്കപ്പെട്ടിരുന്നില്ല.

എന്നെ കണ്ട മാത്രയിൽ ഗ്രൂത്തിനു വളരെ സന്തോഷമായി. അയാൾ വാസ്തവത്തിൽ കൊലപാതകം ചെയ്ത ഘാതകനായിരുന്നു് എന്നതു ശരിതന്നെ; എന്നാൽ അയാൾ യഥാർത്ഥത്തിൽ എത്രയൊ ശുദ്ധ ഹൃദയനായ ഒരു സാധു മനുഷ്യനാണെന്നു് എനിക്കു എളുപ്പത്തിൽ ബോദ്ധ്യപ്പെട്ടു. അയാളുടെ സംസാരവും ഭാവവും അത്രയ്ക്കു നിർവ്യാജവും നിഷ്കളങ്കവുമായിരുന്നു. സംഗതി മുഴവൻ അയാൾ താഴെവരുംവിധം എന്നോടു തുറന്നുപറഞ്ഞു. "അ,

ച്ചാ! കൃത്യം നടന്നുവെന്നതു പരമാത്ഥമാണ്. എനിക്കു ആ സമയം എന്തെന്നില്ലാത്ത ഒരു ഭ്രാന്തിയൊ, ഭ്രമമൊ, നൈരാശ്യമൊ ഒക്കെ വന്നുകൂടി. അങ്ങനെയാണ് കാൎയ്യം പിണഞ്ഞുപോയതു്. ഏതെങ്കിലും എനിക്കിങ്ങനെ സംഭവിച്ചതു് ദൈവനീതിപ്രകാരം തന്നെ; സംശയമില്ല. എന്തെന്നാൽ ഏറിയകാലമായി ഞാൻ എൻെറ സ്രഷ്ടാവിനെ അവഗണിച്ചു ജീവിതം നയിക്കുന്നതു്. ഇത്രവലിയ കൃതഘ്നത കാണിക്കുന്നവൎക്കു എങ്ങനെ ശിക്ഷ ലഭിക്കാതിരിക്കും? എങ്കിലും ഇപ്പോൾ ദൈവം മാത്രമാണ് എനിക്കാധാരം. അദ്ദേഹമാണ് എൻെറ സൎവ്വസ്വവും"

ജനുവരി ഏഴാം തിയ്യതി ഒരു തിങ്കളാഴ്ചയായിരുന്നു അയാളുടെ കൊലവിധി തീൎച്ചയാക്കപ്പെട്ടതു്. അതിൻെറ തലേ ദിനം അയാൾ പാപസങ്കീൎത്തനം ചെയ്കയും എൻെറ പക്കൽ നിന്നും അസാധാരണ ഭക്തിതീക്ഷ്ണതയോടുകൂടെ ദിവ്യകാരുണ്യം സ്വീകരിക്കയുമുണ്ടായി. അന്ന് ഞായറാഴ്ചയായിരുന്നതുനിമിത്തം വളരെ വൈകിമാത്രമെ ഞാൻ ചെല്ലുകയുള്ളു എന്നറിഞ്ഞിരുന്നതിനാൽ, പകൽ അഞ്ചുമണിവരെ കുറച്ചു വെള്ളംപോലും കുടിക്കാതെ പൂൎണ്ണ ഉപവാസം അനുഷ്ഠിപ്പാൻ അയാൾ സന്നദ്ധനായി കാണപ്പെട്ടു. അത്രയ്ക്കുണ്ടായിരുന്നു് അയാളുടെ ഭക്തിദാൎഢ്യം.

തിങ്കളാഴ്ച ദിവസം വിധിതീൎപ്പു ചെയ്യാനുള്ള മണിക്കൂർ ആസന്നമായി; കുററപ്പുള്ളി വിധിയാളൻെറ മുമ്പിൽ നിൎത്തപ്പെട്ടു. എന്നാൽ ഇത്തരം കുററക്കാർ ന്യായാധിപസന്നിധിയിൽ സാധാരണമായി കാണിക്കാറുള്ള ആകുലതയൊ പരിഭ്രമമൊ നമ്മുടെ കഥാനായകൻ പ്രദൎശിപ്പിക്കാതെ ഏററം പ്രശാന്തനായും നിശ്ചലമനസ്കനായും നിലകൊണ്ടതേയുള്ളു. ഞാൻ ദൈവതിരുച്ചിത്തത്തിന് കീഴടങ്ങുന്നു. എൻെറ പാതകത്തിൻെറ ഉത്തരവാദിത്വം ഞാൻ തന്നെ കയ്യേൽക്കേണ്ടയൊ? ദൈവം സൎവ്വാന്തൎയ്യാമിയാണല്ലൊ. അവിടുന്നു എല്ലാം അറിയുന്നു. എനിക്കതുമതി. മനുഷ്യരെ ഞാനെന്തിനു പേടിക്കുന്നു? ദൈവമല്ലാതെ എനിക്കു മററു ചിന്താവിഷയമില്ല" എന്നുള്ള ഒരു ഭാവത്തിലായിരുന്നു ആ അനുതാപിയുടെ അപ്പോഴത്തെ നില.

മരണവിധി ഉച്ചരിക്കപ്പെട്ടതിനോടുകൂടി അയാളുടെ മുഖം ഒന്നുകൂടി പ്രസന്നമാകയാണു ചെയ്തതു്. "അതെ, ഈ വിധിയുടെ നീതിയെ ഞാൻ മനസാ വന്ദിക്കതന്നെ ചെയ്യുന്നു. ന്യായമായ ആ വിധിയെ ഞാൻ അഭിനന്ദിക്കുന്നു. എന്തെന്നാൽ അതിനു

ഞാൻ എല്ലാംകൊണ്ടും അർഹനത്രെ" ഇപ്രകാരമായിരുന്നു് അയാളുടെ അപ്പോഴത്തെ മനോഭാവം. ഈ ആത്മഗതം തുറന്നു പ്രസ്താവിക്കുന്നതിനു കോടതിയിൽ വെച്ചുതന്നെ അയാൾ തുനിയുമായിരുന്നു. പക്ഷെ ഒരു ജമ്മൻകാരനായ അയാൾക്കു ഫ്റഞ്ചു ഭാഷയിൽ നല്ല പരിചയം ഇല്ലാതിരുന്നതിനാൽ അതു സാധിച്ചില്ല. പ്രസ്തുത ശിക്ഷയിൽ നിന്നും മാപ്പു ലഭിക്കുന്നതിനുള്ള വാഞ്ഛ പോലും അയാൾക്കുണ്ടായില്ല. ഒരേഒരു ആഗ്രഹം മാത്രമെ അയാൾക്കുണ്ടായിരുന്നുള്ളു. താൻ ചെയ്തുപോയ പാതകത്തെപ്പററി വേണ്ടുംവിധം പാശ്ചാത്തപിക്കാൻ ആകുന്നിടത്തോളം സമയം ലഭിക്കണമെന്നുള്ളതായിരുന്നു് അതു്. ആ ദിവസംതന്നെ അയാൾ താഴെവരുംപ്രകാരം എന്നോടു പ്രസ്താവിച്ചതായി ഞാൻ ഓക്കുന്നു. "മരണത്തെപ്പററിയുള്ള ചിന്ത എന്നെ ചഞ്ചലപ്പെടുത്തുന്നില്ല. ദൈവത്തെ മാത്രമെ ഞാൻ ഓക്കുന്നുള്ളു. ഇപ്പോഴത്തെപ്പോലെ എപ്പോഴും പ്രാത്ഥിക്കുവാൻ ഞാൻ ഉത്സാഹം കാണിച്ചിരുന്നുവെങ്കിൽ ആ പാതകം പ്രവത്തിക്കുന്നതിനൊ ഈ ദുരവസ്ഥയിൽ കുടുങ്ങുന്നതിനൊ ഇടവരികയില്ലായിരുന്നു. എന്റെ പിതാവു എന്നോടു പതിവായി ഇങ്ങനെ പറയാറുണ്ടായിരുന്നു. "നീ ദൈവത്തെ സദാ ഭയപ്പെടുക; നിത്യവും അങ്ങയോടു പ്രാത്ഥിക്കുക; അങ്ങുന്നത്രെ നമ്മുടെ എവരുടേയും അനുഗ്രഹപ്രദൻ! ഏകസ്നേഹിതൻ! അവിടുത്തെ ഒഴിച്ചു സമസ്തവും ധൂമവും ധൂളിയുമാകുന്നു." ബാല്യകാലത്തിൽ ഇതെല്ലാം ശിലാലിഖിതം പോലെ എന്റെ ഹൃദയഭിത്തിയിൽ പതിഞ്ഞിരുന്നു; എന്നുവരികിലും പട്ടാളത്തിൽ കൂടിയാലത്തെ കഥ അച്ചനറിയാമല്ലൊ. കൂട്ടരുടെ നടപടികളും സാഹചര്യാദികളുടെ അസ്ഥിരതയും ആകപ്പാടെ എന്നെ അങ്ങു മറിച്ചുകളഞ്ഞു എന്നു പറഞ്ഞാൽ തീന്നു.

31-ാംനു- വെള്ളിയാഴ്ച അയാളെ 'ആബെ' തടവിലേക്കു മാററി. അടുത്ത ഞായറാഴ്ചയായ ഫെബ്റുവരി 2-ാംനു- ഞാൻ അയാൾക്കു രണ്ടാമതും വി. കുബ്ബാന എഴുന്നെള്ളിച്ചുകൊടുത്തു. അയാൾ ധ്യാനതല്പരനായും എന്തൊ പരിശുദ്ധമായ ചിന്തകളിൽ ലയിച്ചും സമയം കഴിച്ചുകൂട്ടി. ദിവ്യകാരുണ്യം ഉൾക്കൊള്ളുന്ന സമയം അയാൾ തന്റെ പാപഭാരമോത്തു് കരഞ്ഞിരുന്നു. സാധു! അയാളുടെ അന്ത്യം അത്ര അടുത്തിരുന്നുവെന്നു് ഞാനോ അയാളൊ അന്നേരം അറിഞ്ഞിരുന്നില്ല. പിറെറ ദിവസം രാവിലെ അയാൾ വധിക്കപ്പെടുവാനിരിക്കുന്ന വസ്തുത അധികാരികൾ അയാളെ

അറിയിച്ചതു പ്രസ്തുത ഞായറാഴ്ച വളരെ വൈകിയശേഷം മാത്രമാണ്. തൽസമയം ഞാൻ അയാളുടെ അടുക്കൽ ഉണ്ടായിരുന്നു. താൻ ഇത്രവേഗത്തിൽ മരിക്കേണ്ടിവരുമെന്ന് അയാൾ നിനച്ചിരുന്നില്ല. ചുരുങ്ങിയപക്ഷം എട്ടു പത്തു ദിവസമെങ്കിലും തനിക്കനുവദിക്കപ്പെടാതിരിക്കയില്ലെന്നും അതിനിടയിൽ മരണത്തിനു യഥാശക്തി ഒരുങ്ങിക്കൊള്ളാമല്ലോ എന്നും അയാൾ ആശിച്ചിരുന്നു. എന്നാൽ കഷ്ടം! ഇനി ഒരു രാത്രിയിലത്തെ ജീവിതം മാത്രമെ അയാൾക്കീലോകത്തിലുള്ളു. അതും കഷ്ടിച്ചുമാത്രം. എങ്കിലും ഗ്രൂത്ത് അധൈര്യപ്പെട്ടില്ല. "ഞാൻ ഇത്ര ക്ഷണം മരിക്കുമെന്നു വിചാരിച്ചിരുന്നില്ല; എങ്കിലും അതുകൊണ്ടെന്ത്? എപ്പോഴായാലും മരിക്കാതെ കഴിയുമൊ? ദൈവ ഹിതം നിറവേറട്ടെ" എന്നു മാത്രം അയാൾ പറഞ്ഞു.

അതിനു ശേഷം രണ്ടു മണിക്കൂർനേരം അയാളോടുകൂടെ ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. 'ക്രിസ്ത്വാനുകരണം' എന്ന പുസ്തകത്തിൽ നിന്നും ഞാൻ സന്ദർഭോചിതമായ ഒരദ്ധ്യായം തിരഞ്ഞെടുത്തു വായിച്ചപ്പോൾ അയാളിൽ അപാരമായ മനഃസന്തുഷ്ടിയും സമാധാനവും നിറഞ്ഞു കാണപ്പെട്ടു. സ്വല്പംമാത്രമെ അയാൾ സംസാരിച്ചുള്ളുവെങ്കിലും തീവ്രമായ ദൈവ സ്നേഹത്തിൻെറയും അഗാധമായ വിശ്വാസത്തിൻെറയും ഒരു പ്രതിധ്വനി അയാളുടെ ഹൃദയാന്തർഭാഗത്തു് തെളിഞ്ഞു മുഴങ്ങുന്നതായി എനിക്കു തോന്നി.

അയാളുടെ അടുക്കൽ നിന്നു ഞാൻ മടങ്ങിയതു രാത്രി പത്തരമണിക്കാണ്. "സദാ പ്രാർത്ഥനയിൽതന്നെ മുഴുകിയിരുന്നു കൊള്ളുക," എന്നു ഞാൻ അയാളോടു പറഞ്ഞതിനു "അതേ, അതെ, ഈ തുച്ഛമായ സമയമെങ്കിലും നല്ലപോലെ വിനിയോഗിക്കണമെന്നാണു എൻെറയും ആഗ്രഹം. ഇപ്പോൾ ആശ്വസിക്കുന്നതിനു ഞാൻ ഇച്ഛിക്കുന്നില്ല. നാളെമുതൽ എനിക്കു നിത്യമായി ആശ്വസിക്കാമല്ലോ" എന്നായിരുന്നു് അയാളുടെ പ്രശാന്തമായ മറുപടി.

കൊല നടക്കുന്ന ദിവസമായ പിറേറന്നു് അതിരാവിലെ എഴരമണിക്കു ഞാൻ അയാൾക്കു തിരുപാഥേയം നൽകി. അപ്പോൾ മൂന്നര മണി കഴിഞ്ഞിരുന്നു. നാലു മണിക്കു ഘാതകന്മാർ പുള്ളിയേയും പ്രതീക്ഷിച്ചു തടവുമുറിയുടെ വാതില്ക്കൽ ഹാജരാ

യി. ഗ്രുത്ത് അവരുടെ നടുവിലേക്കു ആനയിക്കപ്പെട്ടു. കൊലക്കളത്തിലേക്കു പുറപ്പെടാറായപ്പോൾ ഗ്രുത്ത്, തന്നെ ദയാപൂർവ്വം സൂക്ഷിച്ചിരുന്ന കാവൽക്കാരനെ നോക്കി പ്രത്യേകം ഉപകാരം പറഞ്ഞു. ആ ഉത്തമനായ കാവൽക്കാരനൊ എന്നാൽ ദുസ്സഹമായ വ്യസനത്തോടെ കണ്ണീർ തൂകിക്കൊണ്ടു അയാളെ ഇപ്രകാരം പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്. "അല്ലയൊ ഗ്രുത്ത്, നിങ്ങൾ ഒരു നല്ല ക്രിസ്ത്യാനിയെപ്പോലെ ധൈര്യം അവലംബിച്ചാലും; ധീരനായ ഒരു യോദ്ധാവിനെപ്പോലെ മരണം സ്വീകരിക്കുകയും ചെയ്ക; ദൈവം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ".

മൂന്നര നാഴികയോളം ദീർഘിച്ച ആ യാത്രയിൽ നമ്മുടെ ധീരയോദ്ധാവിൻെറ പ്രശാന്തതയ്ക്കൊ സ്ഥിരവ്രതത്തിനൊ അശേഷം ഇളക്കം സംഭവിച്ചിരുന്നില്ല. എന്നുമാത്രമല്ല തനിക്ക് പ്രതിശ്രുതയും സുന്ദരിയുമായ വധുവിനെ പാണിഗ്രഹണം ചെയ്തുകൊണ്ടു വരുവാൻ പുറപ്പെടുന്ന ഒരു യുവാവു എത്ര ആഹ്ളാദപുരസ്സരം പ്രയാണം ചെയ്യുമൊ, അത്ര ഉന്മേഷത്തോടുകൂടിയായിരുന്നു ഗ്രുത്ത് കൊലക്കളത്തിലേക്കു നടന്നിരുന്നത്.

മാർഗ്ഗമദ്ധ്യേ ഞങ്ങൾ തമ്മിൽ ധാരാളം സംസാരിച്ചു. "സ്നേഹിതാ, ഈശോ തന്നോടൊന്നിച്ചുള്ളപ്പോൾ ഒരുത്തനെന്താണൊരു കുറവു? അതിനാൽ നിങ്ങൾക്കൊന്നും പേടിക്കാനില്ല" എന്നു ഞാൻ പ്രസ്താവിച്ചപ്പോൾ അയാൾ താഴെവരുംപ്രകാരം പറഞ്ഞു. "അച്ചൻ പറഞ്ഞതു വാസ്തവംതന്നെ. ഞാൻ സംതൃപ്തിയിൽ മുഴുകിയിരിക്കുകയാണ്. വിവാഹാത്ഥം പുറപ്പെടുന്നവനുകൂടി ഇത്ര സന്തോഷമുണ്ടാകുമൊ എന്നു സംശയമാണ്." ഞാൻ കൊണ്ടുവന്നിരുന്ന കുരിശുരൂപത്തെ കൂടക്കൂടെ ചുംബിച്ചുകൊണ്ടു അയാൾ ഇപ്രകാരം പറഞ്ഞിരുന്നു. "എൻെറ ദൈവമെ, എന്നെ രക്ഷിക്കേണമെ. ദയാനിധിയായ അവിടുന്നു അങ്ങയുടെ അനന്തകൃപയെ എൻെറമേൽ ചൊരിയുമെന്നു എനിക്കു ദൃഢവിശ്വാസമുണ്ട്. എനിക്കുവേണ്ടി അവമാനമേററു മരിക്കുവാൻ അവിടുന്നു ഒരു ഭാരമേറിയ കുരിശും വഹിച്ചു കാൽവറി മലമുകളിലേക്കു ആരോഹണം ചെയ്തില്ലയൊ? അങ്ങയുടെ ആ യാത്ര എന്നെ സമാശ്വസിപ്പിക്കുന്നുണ്ട്. ആ പരിതാപജനകമായ പ്രയാണത്തോടു എൻെറ യാത്രയേയും ഞാൻ തുല്യപ്പെടുത്തുന്നു. അങ്ങയെപ്പോലെതന്നെ ബന്ധിക്കപ്പെടുന്നതിനും താഡനങ്ങൾ ഏൾക്കുന്നു

തിനും മാത്രമല്ല മറെറന്തുംതന്നെ സഹിക്കുന്നതിനും ഞാൻ സന്ന ദ്ധനായിരിക്കുന്നു."

ഗ്രുത്ത് തൻെറ നേതാവിനെ മൃതിപ്പെടുത്തിയ പട്ടാളപുര ഷ്കു സമീപം കൂടി ഞങ്ങൾ കടന്നു. തത്സമയം അയാളിൽനിന്നു ആത്മഗതരൂപത്തിൽ ഇടനെഞ്ഞിടറി പുറപ്പെട്ട വാക്കുകൾ ഇ പ്രകാരമായിരുന്നു: "എനിക്കു അബദ്ധം പിണഞ്ഞ സ്ഥലം ഇതാ ണ്. കഷ്ടം! എനിക്കു ആ സമയത്തു എന്തു സംഭവിച്ചുവൊ ആ വൊ. അയാളെ അപായപ്പെടുത്തണമെന്നു എനിക്കു വിചാരമേ യില്ലായിരുന്നു. അദ്ദേഹത്തിനുപകരം മരിച്ചതു ഞാനായിരുന്നുവെ ങ്കിൽ!"

നിശ്ചിതസ്ഥലം എത്തിയപ്പോൾ ഗ്രുത്തിൻെറ മുഖം അല്പം വിവർണ്ണമായി. എങ്കിലും അയാൾക്കു ലേശവും ക്ഷോഭമുണ്ടായില്ല. മണി ഏഴു കഴിഞ്ഞു. ഘാതകന്മാർ ധൃതികൂട്ടിത്തുടങ്ങി. ഗ്രുത്ത് മു ട്ടുകുത്തി ഇപ്രകാരം പ്രാൎത്ഥിച്ചു: "ദൈവമെ! എന്നോടു ക്ഷമിക്കേ ണമെ. അങ്ങെ ഞാൻ സ്നേഹിക്കുന്നു. എൻെറ പാതകത്തെക്കുറി ച്ചും സകല പാപങ്ങളെക്കുറിച്ചും ഞാൻ ദുഃഖിക്കുന്നു." ഞാൻ നീ ട്ടിക്കൊടുത്ത കുരിശുരൂപത്തെ അയാൾ ഒടുവിലത്തെത്തവണ ചും ബിച്ചു വീണ്ടും പറഞ്ഞു: "ഈശോയെ! എൻെറ മരണം അടുത്തു; എൻെറ ആത്മാവിനെ അങ്ങെക്കു ഞാൻ സമർപ്പിക്കുന്നു." അ തിൻെറശേഷം അയാൾ കൈകൾ വിടൎത്തി ഒരു കുരിശിൻെറ ആ കൃതിയിൽ പിടിച്ചു ദൃഷ്ടികൾ ആകാശത്തിൽ ഉറപ്പിച്ചു. ഘാതക രിൽ ഒരുവൻ അയാളുടെ വിസ്തൃതമായ വക്ഷസ്സിനെ ലക്ഷ്യമാ ക്കി തോക്കുയൎത്തി. ഭയങ്കരമായ ഒരു പൊട്ടൽ. അതിനെ തുടൎന്നു 'ബ്ലും' എന്നു കുറെ പുക ആകാശത്തിലേക്കുയൎന്നു് അന്തരീക്ഷത്തി ൽ വ്യാപിച്ചു. എന്നാൽ അതു വായുവിൽ ലയിക്കുന്നതിനുമുമ്പായി ത്തന്നെ നമ്മുടെ കഥാനായകൻെറ ആത്മാവു—പശ്ചാത്താപ ബാഷ്പങ്ങളിൽ മുങ്ങി കളങ്കഹീനമായിത്തീൎന്നിരുന്ന ആ ആത്മാവു —സച്ചിദാനന്ദസ്വരൂപിയായ ജഗൽസ്രഷ്ടാവിൻെറ തിരുസ്സന്നി ധിയിൽ എത്തിച്ചേൎന്നു് നിത്യാനന്ദാനുഭൂതിയിൽ സംലയിച്ചിരിക്കു ണം.

## 36. രോഗികളോടു ഒരു സന്ദേശം.

"ശോകം നമുക്കു വിധിച്ചതത്രെ
ഭാഗം നമുക്കൊക്കെയുമുണ്ടതിങ്കൽ
ഹീനൻ ഭ്രമിക്കുന്നു ഭയന്നു, സാക്ഷാൽ
ധീരൻ സഹിക്കുന്നു കുലുങ്ങിടാതെ."

രോഗം മനുഷ്യവർഗ്ഗത്തിനു് ജന്മാവകാശമായി ലഭിച്ചിരിക്കുന്നതത്രെ. അതിൻെറ ഉത്ഭവം പാപത്തിൽനിന്നുമാകുന്നു. മരണമാകുന്ന ശിക്ഷയുടെ മുൻഗാമിയും രോഗംതന്നെ. പാപംമൂലം പിശാചിൻെറ അധീനതയിൽ കുടുങ്ങിപ്പോയ മാംസത്തിൻെറ ഒരുവക അപൂൎണ്ണനാശമാകുന്നു രോഗം. അറുതിയില്ലാത്ത നന്മയും ചൈതന്യമൂൎത്തിയുമാകുന്ന ദൈവം രോഗത്തിൻെറയൊ, മരണത്തിൻെറയൊ ഹേതുവാകുന്നില്ല. "അവിടുന്നു മരണം ഉണ്ടാക്കിയിട്ടില്ല," എന്നു വി. ലിഖിതങ്ങളിൽ പറയപ്പെട്ടിരിക്കുന്നു. മനുഷ്യവൎഗ്ഗത്തെ പീഡിപ്പിക്കുന്ന സകല തിന്മകളുടേയും ആദികാരണം പിശാചാണു്. ദൈവം രോഗത്തിനൊ മരണത്തിനൊ കാരണമല്ലെങ്കിലും അവിടുന്നു നമ്മെ പരിക്ഷിക്കാൻവേണ്ടിയൊ അഥവാ നമ്മുടെ പാപപരിഹാരത്തിനായിട്ടോ അവയെ അനുവദിക്കുന്നു. ക്രിസ്തീയമായ ക്ഷമകൊണ്ടു് ഈദൃശ സങ്കടങ്ങളും പരിക്ഷകളും പ്രായശ്ചിത്തങ്ങളും സസന്തോഷം നമുക്കു സഹിക്കാവുന്നതാണു്. ഈ കാൎയ്യത്തിൽ നമ്മുടെ മാതൃകയായ മിശിഹായുടെ— അതെ, കുരിശും ചുമന്നുകൊണ്ടു നമുക്കു മുമ്പിൽ പോയിട്ടുള്ള നമ്മുടെ രക്ഷകൻെറ—പിന്നടിയിൽ നടന്നാൽ മാത്രം മതി. ക്ഷമ എല്ലാവൎക്കും ആവശ്യമുള്ള ഒന്നാണു്. എന്തുകൊണ്ടെന്നാൽ നമുക്കേവൎക്കും ഒന്നല്ലങ്കിൽ വേറൊന്നു സഹിക്കേണ്ടതായുണ്ടു്. എന്നാൽ രോഗബാധിതൎക്കു അതു അത്യന്താപേക്ഷിതവുമാകുന്നു. കാരണം ക്ഷമ മൂലം നമ്മുടെ സങ്കടങ്ങൾ ലഘൂകരിക്കപ്പെടുകയും പ്രയോജനകരങ്ങളായിത്തീരുകയും ചെയ്യുന്നു. ക്ഷമ സകല സങ്കടങ്ങളും ശാന്തതയോടെ സഹിക്കുവാൻ ശക്തരാക്കി നമ്മെ കൎത്താവായ മിശിഹായോടു സദൃശരാക്കുന്നു. ദൈവം യാത്രയാക്കുന്ന സകല ദുഃഖാരിഷ്ടതകളും ദൈവസ്നേഹത്തെപ്രതിയും മിശിഹായുടെ ഐക്യത്തിലു

സ്വീകരിപ്പാനും സഹിപ്പാനും നമ്മെ പ്രാപ്തരാക്കുന്ന ഒരു ക്രിസ്തീയ മനഃസ്ഥിതിക്കാണ് ക്ഷമയെന്നു പറയുന്നതു്. അതു് വേദനകളെ വെറുക്കുന്ന ശരീരത്തിന്റെമേൽ അരൂപിക്കു സിദ്ധിക്കുന്ന ഒരു വിജയമത്രെ.

ആപത്തുകളിലും സങ്കടങ്ങളിലും യാതൊരുവക ക്ലേശവും വേദനയും ഇല്ലാതിരിക്കുന്നതാണ് ക്ഷമ എന്നു വിചാരിക്കുന്നതു ശരിയല്ല. എന്തുകൊണ്ടെന്നാൽ അതു വാസ്തവമായിരിക്കുന്നപക്ഷം ദൈവതിരുമുമ്പിൽ ക്ഷമയ്ക്കു യാതൊരു വിശേഷ യോഗ്യതയും ഇല്ലെന്നുവരും. ഒരിക്കൽ വി. ഫ്റാൻസീസ് ദെ സാലസ് രോഗബാധിതയായ ഒരു സ്ത്രീയെ സന്ദർശിക്കയുണ്ടായി. അപ്പോൾ അവളുടെ ക്ഷമയെ ഒന്നു പരിക്ഷിക്കണമെന്നു് അദ്ദേഹം തീർച്ചയാക്കി. പുണ്യവാൻ മേല്പറഞ്ഞ ഉദ്ദേശ്യത്തോടുകൂടി അവളോടു പല ചോദ്യങ്ങൾ ചോദിപ്പാനും അവളുടെ ക്ഷമാശീലത്തെ പ്രശംസിപ്പാനും അവൾ സഹിച്ചിരുന്ന സങ്കടങ്ങൾ വർണ്ണിപ്പാനും തുടങ്ങി. ഈവിധം ആ യുവതിയുടെ അന്തർഗതം മനസ്സിലാക്കാൻ കഴിയുമെന്നു പുണ്യവാൻ ധരിച്ചിരുന്നു. ആ രോഗിണി ഇതെല്ലാം കേട്ടിട്ട് ഇങ്ങിനെ പറഞ്ഞു: "ഓ! പിതാവെ! അങ്ങുന്നു എന്റെ ഹൃദയത്തെ ദർശിച്ചിരുന്നെങ്കിൽ എന്നെ ഒരിക്കലും പ്രശംസിക്കയില്ലായിരുന്നു. അങ്ങുന്നു പുറമെ കാണുന്നതിനെ അടിസ്ഥാനമാക്കി വിധിക്കുന്നു. എന്നാൽ എന്റെ ഉള്ളിൽ സർവ്വവിധ കലക്കവും സങ്കടവുമത്രെ സ്ഥിതിചെയ്യുന്നതു്. ദൈവം എന്നെ പ്രത്യേക വിധത്തിൽ സഹായിച്ചിരുന്നില്ലെങ്കിൽ ഞാൻ അക്ഷമത പ്രദർശിപ്പിക്കയും ആവലാധിപ്പെടുകയും ചെയ്യുമായിരുന്നു. ഒരാവലാധിപോലും പുറപ്പെടുവിക്കാതിരിക്കത്തക്കവണ്ണം അവിടുന്നു എന്റെ അധരങ്ങളെ പൂട്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രത്യേക മനോഗുണത്താൽ ഞാൻ അനുഭവിക്കുന്ന സങ്കടങ്ങളുടെ വില എനിക്കറിയാം. പുണ്യവാൻ ഇതുകേട്ടു പുറത്തിറങ്ങിയപ്പോൾ തന്റെകൂടെ ഉണ്ടായിരുന്നവരോടു ഇപ്രകാരം പറഞ്ഞു: "ക്രിസ്തീയമായ യഥാർത്ഥ ക്ഷമയുള്ള ഒരുത്തിയാണിവൾ. നാം ഇവളുടെ സങ്കടങ്ങളിൽ സഹതപിക്കുന്നതിനു പകരം സന്തോഷിക്കയാണു വേണ്ടതു്. എന്തുകൊണ്ടെന്നാൽ ദൈവതിരുമുമ്പിൽ അവൾ വലിയ സമ്മാനത്തിനർഹയാണ്." പുണ്യവാൻതന്നെ ഇതിനുശേഷം രോഗബാധിതനായിരുന്നപ്പോൾ അത്യധികമായ ക്ഷമയും ശാന്തതയും പ്രദർശിപ്പിക്കാതിരുന്നില്ല. താൻ മററുള്ളവരെ പഠിപ്പിച്ചതു

തന്നെ പരിശീലിച്ചിരുന്നതിനാൽ തൻെറ അതി ഭയങ്കരമായ വേദനകളിൽപോലും അക്ഷമതയോടെ ഒരുവാക്കുച്ചരിക്കയാവട്ടെ അതിൻെറ ഒരു സൂചനയെങ്കിലും കാണിക്കയാവട്ടെ ചെയ്തിട്ടില്ല. വൈദ്യന്മാരുടെ ആജ്ഞയനുസരിച്ച നൽകപ്പെട്ട ഏററവും കൈയ്പ്പേറിയ മരുന്നുപോലും ഏതൊ മധുര ദ്രവ്യം എന്നപോലെ കണക്കാക്കിയാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. സങ്കടങ്ങളെ ജയിച്ച ഒരാത്മാവിൻെറ പ്രശാന്തത അദ്ദേഹത്തിൻെറ മുഖത്തു സർവ്വദാ കളിയാടിയിരുന്നു. "ഞാൻ ചെയ്തതുപോലെ നിങ്ങളും ചെയ്വാൻവേണ്ടി ഞാൻ നിങ്ങൾക്കു ഒരു മാതൃക നൽകുന്നു" എന്നരുളിച്ചെയ്ത മിശിഹായെ അദ്ദേഹം എല്ലാ കാൎയ്യങ്ങളിലും അനുകരിച്ചിരുന്നു.



## 37. എൻെറ പ്രാർത്ഥനാപുസ്തകം.

൧൮൭൫-ൽ ഞാൻ പാരീസിൽ താമസിക്കയായിരുന്നു. ഏററവും വിലപിടിച്ചവയും യാത്രക്കാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവിധം അത്ര മനോഹരവും ആയ ഷാപ്പുസാധനങ്ങളെ നോക്കി ആനന്ദിച്ചുകൊണ്ടു ഞാൻ പട്ടണത്തിലെ തെരുവിൽക്കൂടി മന്ദം മന്ദം എൻെറ ഭവനത്തിലേക്കു മടങ്ങുകയായിരുന്നു. പഴയ പുസ്തകങ്ങൾ വില്പനയ്ക്കു വെച്ചിരുന്ന ഒരു ഷാപ്പിൻെറ അരികിൽ എത്തിയപ്പോൾ അവിടെ ഒന്നു എത്തി നോക്കുന്നതിന് ഒരു ബലമായ ആഗ്രഹം എന്നിൽ അങ്കുരിച്ചു. അവിടെ ഉണ്ടായിരുന്ന നിരവധി പുസ്തകങ്ങളിൽ ഒന്ന് എൻെറ ശ്രദ്ധയെ സവിശേഷം ആകർഷിച്ചു. അതു ഒരു ചെറിയ പ്രാർത്ഥനാപുസ്തകമായിരുന്നു. അതുപോലുള്ള ഒരു പുസ്തകം എനിക്കുണ്ടായിരുന്നില്ല. ഏതാദൃശ ഗ്രന്ഥങ്ങൾ കേവലം നിരർത്ഥകങ്ങളും ഫലശൂന്യങ്ങളുമാണെന്നായിരുന്നു ഞാൻ വിശ്വസിച്ചുപോന്നിരുന്നതു്. എങ്കിലും ഞാൻ അറിയാതെ, അതെ, അതിൻെറ ഉദ്ദേശ്യം എന്തെന്ന് അറിയാതെ തന്നെ ഞാൻ അതു വാങ്ങിച്ചു. വീട്ടിൽ എത്തിയശേഷം ഉറങ്ങാൻ പോയപ്പോൾ ഞാൻ ആ പുസ്തകംകൂടെ എടുത്തു. കട്ടിലിൽ കിടന്നുകൊണ്ടു ആദ്യമായി ഞാൻ അതു ഒന്നു തുറന്നുനോക്കി. അപ്പോൾ ഭാഗ്യവശാൽ താഴെകാണുന്ന സന്ധ്യാനമസ്കാരമാണ് എൻെറ ദൃഷ്ടിയിൽപ്പെട്ടതു്.

"ബാവായുടേയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ—ദൈവസാന്നിദ്ധ്യത്തിൽ നിന്നുകൊണ്ട് അങ്ങെ നമുക്ക് ആരാധിക്കാം. എൻെറ ദൈവമെ! നിൻെറ സാന്നിദ്ധ്യത്തിൻെറ മഹിമപ്രതാപം എന്നെ പരവശനാക്കുന്നു. എൻെറ സർവ്വശക്തികളും ഞാൻ നിനക്കു പൂർണ്ണമായി കീഴ്പ്പെടുത്തുന്നു. നിന്നെ ഞാനാരാധിക്കുന്നു. നീ സത്യം തന്നെ ആകയാൽ നിന്നിൽ ഞാൻ വിശ്വസിക്കുന്നു. നീ അനന്തനന്മയാകയാൽ എൻെറ മുഴുഹൃദയത്തോടെ നിന്നെ ഞാൻ സ്നേഹിക്കുന്നു. നിന്നെ പ്രതി എൻെറ അയൽക്കാരേയും എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നു. എൻെറ ദൈവമെ! നിന്നിൽനിന്ന് എനിക്കു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കും പ്രസാദവരങ്ങൾക്കും ഞാൻ എങ്ങനെ

യാണു നന്ദിപറയേണ്ടതു്. നിത്യത്വം മുതൽക്കേ നീ എന്നെക്കു റിച്ചു വിചാരിച്ചിരുന്നു. ഇല്ലായ്മയിൽനിന്നു നീ എന്നെ സൃഷ്ടിച്ചു. എന്നെ രക്ഷിക്കുന്നതിനു്, നിന്റെ ജീവനെ നീ ബലികഴിച്ചു. പോരാ, നിന്റെ അളവററ നന്മയും കരുണയുംകൊണ്ടു നീ സദാ എന്നെ അനുഗ്രഹിക്കുന്നു. ഹാ! എന്റെ കർത്താവേ! ഇത്ര ധാരാളമായ നിന്റെ നന്മകൾക്കു എന്തു പ്രതിനന്ദിയാണു് ഞാൻ കാണിക്കേണ്ടതു്?"

ആശ്വാസപ്രദങ്ങളും പരമാർത്ഥങ്ങളുമായ ഈ വചനങ്ങൾ ഇതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു മനോഭാവം എന്നിൽ ഉളവാക്കി. എന്റെ കണ്ണുകളിൽനിന്നു ഞാൻ അറിയാതെതന്നെ കണ്ണുനീർ ധാരയായി ഒഴുകി. ഇതഃപര്യന്തം അജ്ഞാതമായിരുന്ന ഒരു മനസ്സമാധാനവും ആശ്വാസവും എനിക്കനുഭവപ്പെട്ടു. അഖിലരും സർവ്വദാ ആഗ്രഹിക്കുന്ന സാക്ഷാത്തായ സമാധാനമെന്തെന്നു് ഇപ്പോഴാണു് ആദ്യമായി എനിക്കനുഭവമായതു്. ഈ മനശ്ശാന്തിയിൽ നിമഗ്നനായി ഞാൻ പ്രഭാതംവരെ സുഖമായി ഉറങ്ങി. പുലർച്ചയ്ക്കു എന്റെ പ്രാർത്ഥനാപുസ്തകത്തെ ഞാൻ വീണ്ടും തുറന്നു; സായങ്കാല പ്രാർത്ഥനപോലെ പ്രഭാതവന്ദനയും എന്റെ ഹൃദയത്തെ സ്പർശിച്ചു. എന്തോ ഒരു ആന്തരികശക്തി ജീവിതനവീകരണത്തിനു് എന്നെ ബലമായി പ്രേരിപ്പിക്കുവാൻ തുടങ്ങി. വീട്ടിന്റെ ഒരു മൂലയിൽ മുട്ടിന്മേൽ നിന്നുകൊണ്ടു ഞാൻ ഭക്തിതീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഒരു പുതിയ ജീവിതം എന്റെ ദൃഷ്ടിയിൽ എത്തപ്പെട്ടു. ഈ സ്ഥിതിയിൽ കുറെ ആഴ്ചവട്ടങ്ങൾ കഴിഞ്ഞുപോയി. എന്റെ പുതിയ മനോഭാവത്തെ ഞാൻ സ്നേഹിതന്മാർക്കെന്നല്ല, പുത്രകളത്രാദികൾക്കുപോലും വെളിപ്പെടുത്താതെ മറച്ചുവെച്ചു. പ്രാർത്ഥനകൾ ആരും അറിയാതിരിക്കത്തക്കവണ്ണം രഹസ്യത്തിൽ കഴിച്ചുവന്നു. ഇതു ഒരു പോരായ്മയായി എനിക്കു തോന്നി. എങ്കിലും ധർമ്മഭീരുത്വം എന്നെ തടഞ്ഞു നിറുത്തി. കഴിഞ്ഞ ജീവിതത്തെക്കുറിച്ചുള്ള വ്യസനം പ്രതിനിമിഷം എന്നിൽ വർദ്ധിച്ചു. എന്നാൽ കുമ്പസ്സാരത്തെക്കുറിച്ചുള്ള വിചാരം എനിക്കു തീരെ അസഹ്യമായി തോന്നി. എങ്കിലും ഭാഗ്യവശാൽ ഈ ഘോരസമരത്തിൽ ദൈവംതന്നെ വിജയിച്ചു. ഞാൻ ധൈര്യസമേതം ഒരു പ്രതിജ്ഞയും ചെയ്തു.

അന്നു വൈകുന്നേരം ഞാൻ അടുത്തുള്ള ഒരു പള്ളിയിലേയ്ക്കു പോകയും അവിടെ ഉണ്ടായിരുന്ന ഒരു വൈദികനോടു എന്റെ

കഥ മുഴുവനും ക്ഷമയോടെ കേൾക്കണമെന്നു് അപേക്ഷിക്കയും ചെയ്തു. അദ്ദേഹം പൈതൃക വാത്സല്യത്തോടെ ഞാൻ പറഞ്ഞതെല്ലാം ആദ്യന്തം ശ്രവിക്കയും തദനന്തരം ഒരു മുഴുവൻ കുമ്പസ്സാരം ചെയ്യുന്നതിനു് എന്നെ ഉപദേശിക്കയും ചെയ്തു. ഏററവും മമ്മഭേദകവും, എന്നാൽ അത്യന്തം ആശ്വാസദായകവുമായ ആ കൃത്യം ചെയ്യുന്നതിനു് അദ്ദേഹം എന്നെ ദയാപൂർവ്വം സഹായിച്ചു. കുമ്പസ്സാര സമയം മുഴുവനും എൻെറ പാപഭാരം ഓർത്തു ഞാൻ കരഞ്ഞിരുന്നു. മുപ്പത്തിരണ്ടു കൊല്ലത്തോളം യാതൊരു മതകമ്മങ്ങളും അനുഷ്ഠിക്കാതെ നടന്നിരുന്ന ഞാൻ അന്നുമുതൽ എൻെറ ജീവിതത്തിലെ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. പാപത്തെക്കുറിച്ചുള്ള എൻെറ പശ്ചാത്താപം നിർവ്യാജവും പൂർണ്ണവുമായിരുന്നു. വൈദികൻ വഴിയായി ദൈവം തൻെറ ധൂർത്തപുത്രന്മാക്കു നൽകുന്ന പാപമോചനം എനിക്കും അവാച്യമായ ആശ്വാസത്തേയും സമാധാനത്തേയും നൽകി എന്നെ ഈശ്വരസമക്ഷം നിർദ്ദോഷിയാക്കി. "നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുമോ അവ അവക്കു മോചിക്കപ്പെട്ടും" എന്നു് അരുളിച്ചെയ്ത മിശിഹായുടെ പ്രതിപുരുഷനായ ആ വൈദികൻ അതെ അധികാരം പ്രയോഗിച്ചുകൊണ്ടു് "പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ഞാൻ നിൻെറ പാപങ്ങൾ മോചിക്കുന്നു" എന്നു് എന്നോടു പറഞ്ഞു.

ആ ഭാഗ്യനിമിഷത്തെ, അതെ, സ്വർഗ്ഗവാതിലിനെ എനിക്കു തുറന്നു തന്ന ആ ഭാഗ്യ നിമിഷത്തെ, ഞാൻ ഒരിക്കലും മറക്കുന്നതല്ല. "സമാധാനത്തോടെ പോക, ഇനിമേൽ പാപം ചെയ്യാതെ നിൻെറ രക്ഷകൻെറ നേരെ വിശ്വസ്തനായിരിക്ക" എന്നു പാപോച്ചാരണാനന്തരം ആ വന്ദ്യ വൈദികൻ—മിശിഹായുടെ പ്രതിപുരുഷൻ—പറഞ്ഞ വാക്കുകൾ എൻെറ സ്മൃതിപഥത്തിൽ ആഴമായി പതിഞ്ഞു, ആ സുദിനം മുതൽ ഞാൻ ഒരുത്തമ ക്രൈസ്തവനായി ജീവിതം നയിക്കാൻ തുടങ്ങി. എന്നെ തിന്മയിൽ നിന്നു സംരക്ഷിക്കുന്നതും, ദുർമ്മോഹങ്ങളെ കീഴടക്കാൻ സഹായിക്കുന്നതും, എൻെറ കൃത്യനിർവ്വഹണത്തിൽ സന്തോഷവും ലാഘവവും എനിക്കു പ്രദാനം ചെയ്യുന്നതുമായ ഒരു വിശ്വാസത്തിലും ജീവിതത്തിലും ഞാൻ സ്വയം അഭിമാനിക്കുന്നു. ഞാൻ പ്രാർത്ഥിക്കുന്നു, കുമ്പസ്സാരിക്കുന്നു, ദിവ്യകാരുണ്യമുൾക്കൊള്ളുന്നു. സൗഭാഗ്യവാനല്ലാത്തവൻ അതിനാഗ്രഹിക്കുന്നു എങ്കിൽ ഞാൻ ചെയ്യു

ന്നതൊക്കെ ചെയ്യട്ടെ. ഒരുപക്ഷെ ദൂരത്തിൽ ഇട്ടിരിക്കുന്ന തന്റെ പ്രാൎത്ഥനാപുസ്തകത്തെ തുറന്നു ഞാൻ ചെയ്തപോലെ അവനും പ്രഭാത സായംകാല പ്രാൎത്ഥനകൾ വായിക്കട്ടെ! എന്നാൽ ഞാൻ ആരോഹണം ചെയ്തിരിക്കുന്ന സൗഭാഗ്യപദവിയിലേയ്ക്കു അവനും നിസ്സംശയം ആനീതനാകും.

## 38. മാതാപിതാക്കന്മാരുടെ ഒരു കടമ.

ഒരിക്കൽ സോവിയററ് പട്ടണനിവാസികളായ ഒരു കൂട്ടം അപരിഷ്കൃത വൎഗ്ഗക്കാർ ഉപജീവനമാൎഗ്ഗം തേടി പാരീസ് നഗരത്തിലേയ്ക്കു സകുടുംബം പുറപ്പെട്ടു പോകയുണ്ടായി. അവിടെ നഗരത്തിന്റെ നാനാ ഭാഗങ്ങളിലുള്ള പുകക്കുഴലുകളെ വെടിപ്പാക്കുന്ന ജോലിയിൽ അവർ കാലവിളംബമെന്യെ നിയുക്തരാകയും ചെയ്തു. ഈ ജോലി ആ മഹാ പട്ടണത്തിലുള്ള സൎവ്വരാലും വെറുക്കപ്പെട്ട ഒന്നായിരുന്നതിനാൽ അവർ എല്ലാവൎക്കും ജുഗുപ്സാപാത്രങ്ങളായി ചമഞ്ഞതരിൽ ആശ്ചൎയ്യപ്പെടുവാനില്ല. ഏഴു മുതൽ പതിന്നാലു വയസ്സുവരെയുള്ള അസംഖ്യം കുട്ടികൾ തങ്ങളുടെ ദിനംപ്രതിയുള്ള വേല ചെയ്തുവന്നതല്ലാതെ വേദ സംബന്ധമായി വല്ലതും പഠിക്കയാവട്ടെ, ശുചിയായി വൎത്തിക്കയാകട്ടെ ചെയ്തിരുന്നില്ല. എങ്കിലും ബാഹ്യമായി അവരിൽ കാണപ്പെട്ട ഈ വൃത്തി ഹീനത അവരുടെ ആത്മാവുകളെ ബാധിച്ചിരുന്നില്ല. നിരപരാധികളായ ഈ സാധു പൈതങ്ങളുടെ വിലപനീയമായ സ്ഥിതി അറിയുന്നതിൽ ആരുടെ ഹൃദയമാണ് ഇളകാത്തതു്.! അവരുടെ ശോചനീയാവസ്ഥ അറിഞ്ഞു സഹൃദയരും മഹാ മനസ്കരുമായ ചില ക്രിസ്തീയ യുവാക്കൾ ഒന്നു ചേൎന്നു ലൗകികവും പാരത്രികവുമായ അരിഷ്ടതകളിൽ നിന്നു് അവരെ വിമോചിക്കുന്നതിന്നു താമസംവിനാ ശ്രമിച്ചുതുടങ്ങി. അവരുടെ ശ്രമങ്ങൾ നിഷ്ഫലങ്ങളായില്ലെന്നു മാത്രമല്ല, വിചാരിച്ചതിൽ ഉപരിയായ ഫലം ഉളവാക്കി. എന്തെന്നാൽ അയൽ രാജ്യങ്ങളിൽ നിന്നുപോലും ഇതേ അവസ്ഥയിലുള്ള അനേകം കുട്ടികൾ അവരുടെ

പക്കൽ വന്നു വേദപാഠങ്ങൾ പഠിച്ചു തുടങ്ങി. ഇപ്രകാരം വന്നുചേൎന്നവരേയും പാരീസ് പട്ടണത്തിൽ വസിച്ചിരുന്ന കുട്ടികളേയും നമ്മുടെ യുവാക്കൾ പുത്രനിൎവിശേഷമായ സ്നേഹത്തോടെ സ്വീകരിക്കയും, രണ്ടു വൈദികരുടെ സഹായത്താൽ ദിവസത്തിൽ രണ്ടു മണിക്കൂർ വീതം അവരുടെ മതാദ്ധ്യയനത്തിനുവേണ്ടി ചിലവഴിക്കയും, നല്ലവണ്ണം പഠിക്കുന്നവൎക്കു പ്രത്യേക സമ്മാനങ്ങൾ കൊടുത്തു് അതിൽ അവരെ പ്രോത്സാഹിപ്പിക്കയും ചെയ്തുവന്നു. ദൈവത്തെ അറിഞ്ഞു സ്നേഹിക്കുന്നതിനും അദ്ദേഹത്തെ മാത്രം ആരാധിച്ചു സ്തുതിക്കുന്നതിനും ആ മാന്യയുവാക്കൾ അവരെ പഠിപ്പിച്ചു. എല്ലാവരെയും ആദ്യ കുർബാന കൈക്കൊള്ളപ്പാടിനു് ഒരുക്കി, അവരെക്കൊണ്ടു് ദിവ്യ കാരുണ്യം സ്വീകരിപ്പിക്കയും ആ സുദിനത്തെ കൊല്ലന്തോറും അവർ ഒരു മഹോത്സവമായി കൊണ്ടാടുകയും ചെയ്തിരുന്നു. അവരുടെ ലൗകികവും ആത്മികവുമായ സകല ആവശ്യങ്ങളിലും നമ്മുടെ യുവാക്കൾ അവരെ ഉള്ളഴിഞ്ഞു സഹായിക്കയും ചെയ്തിരുന്നു. നമ്മുടെ കൎത്താവീശോമിശിഹാ ഒടുവിലത്തെ അത്താഴത്തിൽ തന്നെത്തന്നെ താഴ്ത്തി തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയതുപോലെ, നമ്മുടെ കഥാപുരുഷന്മാർ തങ്ങളുടെ സ്ഥാനമഹിമകളെ അവഗണിച്ചു, കരിപുരണ്ടു മലിനരായ കുട്ടികളെ കുളിപ്പിച്ചു് വൃത്തിയാക്കുന്നതും അഴുക്കുപിടിച്ച അവരുടെ വസ്ത്രങ്ങളെ അലക്കി ശുചിപ്പെടുത്തുന്നതും കാണേണ്ട ഒരു കാഴ്ചതന്നെയായിരുന്നു. ചുരുക്കിപ്പറയുന്നതായാൽ, ഈ ബാല സംഘത്തിന്നു സ്ഥലകാലഗതികൾക്കനുസരണമായി ആപാദചൂഡം അണിഞ്ഞു ഭംഗി വരുത്തുന്നതിനുവേണ്ട വസ്ത്രാഭരണങ്ങൾ കൊടുത്തു പാലിക്കുന്ന ഉദാരമതികളായ പിതാക്കളും, ആത്മിക കാൎയ്യങ്ങളെ നോക്കുന്ന വൈദികരും, ദാസ്യവൃത്തി ചെയ്യുന്ന ദാസരും ഇവർ തന്നെയായിരുന്നു. മഹോത്സവ ദിവസങ്ങളിൽ നമ്മുടെ ബാലസംഘം അവരുടെ ജ്ഞാനപിതാക്കളോടുകൂടി പുലർകാലെ പള്ളിയിൽപോയി കുൎബ്ബാന കാണുകയും ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തിരുന്നു. കത്തോലിക്കർക്കടുത്ത സകല മതാനുഷ്ഠാനങ്ങളും കഴിഞ്ഞാലുടനെതന്നെ അവർ നിശ്ചയമനുസരിച്ചു ഉദാരമതിയും ധനവാനുമായ ഒരുത്തന്റെ വീട്ടിൽ ഭക്ഷണം കഴിക്കും. അതിനു ശേഷം പലവിധ കളികളിൽ ഏൎപ്പെട്ടു സമയം ചിലവഴിക്കും. ഇപ്രകാരം അവർ ജീവിതം ആനന്ദകരമായി കഴിച്ചുവന്നതോടുകൂടി പരലോക ജീവിതത്തിന്നു് ആസ്ഥമാ

ക്കുകയും ചെയ്തിരുന്നു. ഹാ! ദൈവമെ, നിരാശ്രയരായ ആ കുട്ടികളെ ഈ സൗഭാഗ്യാവസ്ഥയിലാക്കിത്തീൎത്ത നിൻെറ ദാസരുടെ പ്രതിഫലം എത്രയോ വലുതു്!

ആകയാൽ, ക്രിസ്ത്യാനികളെ, നമ്മളും മേലുദ്ധരിച്ച ഔദാൎയ്യനിധികളായ യുവാക്കളിൽനിന്നു ചിലതു പഠിക്കേണ്ടതായുണ്ടു്. അവരെപ്പോലെ നാമെല്ലാവരും അത്ര സ്വപരിത്യാഗികളായിത്തീരണമെന്നില്ല. എന്നാൽ ഒരു കാൎയ്യം നാം എവരും ദോഷത്തിൻ കീഴ് ചെയ്യേണ്ടതായുണ്ടു്; അതു കൂടാതെ നമുക്കു രക്ഷപെടുവാൻ സാധിക്കുന്നതുമല്ല. പാരിസിൽ പുകക്കുഴലുകളെ വെടിപ്പാക്കിക്കൊണ്ടിരുന്നവരും കരിപുരണ്ടു വിരൂപന്മാരായിരുന്ന കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനു വിശാലഹൃദയരായ ചിലരെ ദൈവം നിയോഗിച്ചയച്ചു. എന്നാൽ ദോഷമാകുന്ന കരി പുരണ്ടു വിരൂപരായ നിങ്ങളുടെ മക്കളെ രക്ഷിക്കുന്നതിനു മാതാപിതാക്കന്മാരെ, നിങ്ങളെയാണ് ദൈവം നിയമിച്ചാക്കിയിരിക്കുന്നതു്. നാമെല്ലാവരും പാപത്തിന്നടിമപ്പെട്ടവരാകുന്നു. പാപത്തിലിരിക്കുന്ന കാലത്തോളം നാം വികൃതരൂപികളുമത്രേ. എന്നാൽ നഷ്ടപ്പെട്ടുപോയ സൗന്ദൎയ്യത്തെ വീണ്ടും പ്രാപിക്കാവുന്നതാണ്. ആകയാൽ, മാതാപിതാക്കന്മാരെ, നിങ്ങൾ അവരുടെ ജീവിതമാൎഗ്ഗത്തെക്കുറിച്ചു അന്വേഷിച്ച് തെറ്റുകളെ ചെറുപ്പത്തിൽതന്നെ ശരിപ്പെടുത്തണം. പ്രായമാകുമ്പോൾ തന്നെത്താൻ ശരിപ്പെട്ടുകൊള്ളുമെന്നു വിചാരിക്കുന്നതു ഭോഷത്തമാകുന്നു. ഇതുകൂടാതെ നിങ്ങളുടെ കീഴുള്ളവരെക്കുറിച്ചു നിങ്ങൾക്കുള്ള കടമകളും നിങ്ങൾ നിവ്വഹിക്കുന്നുണ്ടോയെന്ന് വേണ്ടുംവണ്ണം പരിശോധിച്ച്, കാണുന്ന ഏറക്കുറവുകളെ പരിഹരിക്കുകയും ചെയ്യേണ്ടതത്യാവശ്യമാകുന്നു.

## 39. ഒരു കുററപ്പുള്ളിയുടെ കത്തു്.

1848-ാമാണ്ടു ജൂൺ മാസത്തിലെ ആ ഭയങ്കരദിവസങ്ങളിൽ കളവായി രാജദ്രോഹകുററം ചുമത്തി തടവുകാരനാക്കപ്പെട്ടിരുന്ന ധീരനും ഉത്തമ യോദ്ധാവുമായ ജെനറൽ ഡെബ്രയെ, ക്രൂരന്മാരായ രാജദ്രോഹികൾ അന്യായമായി വധിച്ചു. രാജ്യത്തിലെ ആഭ്യന്തര കലഹം ഒട്ടു അവസാനിച്ചപ്പോൾ നീതിക്കു വിധേയരായ പ്രസ്തുത ദ്രോഹികൾ 'വിസ്തരിക്ക'പ്പെടുകയും അങ്ങനെ വിസ്തരിക്കപ്പെട്ട അനേകംപേരിൽ അഞ്ചുപേർ മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയുമുണ്ടായി. 1849-ാം വർഷം മാർച്ചുമാസത്തിൽ അവരിൽ രണ്ടുപേർ നിഗ്രഹിക്കപ്പെടുകയും, ശേഷമുള്ളവർ ആജീവനാന്തം കഠോരവേലയ്ക്കു ശിക്ഷിക്കപ്പെടുകയും ചെയ്തു. ഒടുവിൽ പറഞ്ഞ മൂന്നു പേരിൽ 'അൻഡ്റേക്ക്' എന്നു പേരായി 23 വയസ്സുമാത്രം പ്രായമുള്ള ഒരു പുസ്തകശാലാധികൃതൻ ഉണ്ടായിരുന്നു. ഈ യുവാവു തടവിലായിരിക്കുമ്പോൾ തൻെറ പഴയ ജീവിതത്തെക്കുറിച്ചു പശ്ചാത്തപിക്കാൻ തുടങ്ങിയിരുന്നു. എന്നാൽ തൻെറ രണ്ടു സ്നേഹിതന്മാരും വധിക്കപ്പെട്ടശേഷം അയാൾ 'റോച്ചുഫോർട്ടു' കാരാഗൃഹത്തിലേയ്ക്കു സ്ഥലം മാററപ്പെടുകയുണ്ടായി.

ഈ കാരാഗൃഹത്തിലെ ദോഷകരമായ സാഹചര്യങ്ങൾ ഇത്രനാളും മനസ്താപത്താൽ അലിഞ്ഞിരുന്ന അയാളുടെ നിർമ്മല ഹൃദയത്തെ വീണ്ടും കഠിനപ്പെടുത്തുകയും ക്രമേണ ഒരഗാധ പാപകൂപത്തിലേയ്ക്കു അയാളെ തള്ളിവിടുകയുമാണു് ചെയ്തതു്.

ഒടുവിൽ 1852-ൽ അയാൾ 'കായേൽ' തടവിലെയ്ക്കു സ്ഥലം മാററപ്പെടുകയും ജീവിതശേഷം അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. ഇപ്രകാരം അസാന്മാർഗ്ഗികമായ ചുററുപാടുകളിൽ നിന്നും വിമുക്തനായി വളരെ കഷ്ടതകൾ അനുഭവിച്ചശേഷം അയാൾ ഒരുത്തമ പുരുഷനു്, അതെ, ഒരു ക്രൈസ്തവയോദ്ധാവിനടുത്തതായ ജീവിതം നയിക്കുവാൻ തുടങ്ങി. അനന്തരം അയാൾ എനിക്കു ഹൃദയസ്പർശകവും വിശ്വാസപൂർവ്വകവുമായ ഒരു ലേഖനം എഴുതി അയക്കുകയുണ്ടായി. ആ ലേഖനം പ്രിയ വായനക്കാർക്കു ഉപയോഗപ്രദമായിരിക്കുമെന്നു കരുതി താഴെ ചേർക്കുന്നു:

പ്രി: ബ: അച്ചാ,

ഈശോസഭക്കാരായ ബ: വൈദികരുടെ കാരുണ്യാതിരേകത്താൽ ഈ കത്തു നിങ്ങൾക്കെഴുതുവാൻ സാധിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഇതു അങ്ങേക്കു ഒരു അതൃപ്തികരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ, ഒരു പിതാവിന്നു തന്റെ പുത്രന്റെ സ്ഥിതിഗതികൾ അറിയുന്നതിൽ ഒട്ടും നീരസമുണ്ടാകയില്ലല്ലൊ! ആയതുകൊണ്ടു ഇതാ എന്റെ ജീവചരിത്രസംക്ഷേപം അങ്ങുന്നു കേട്ടാലും: കഴിഞ്ഞ എഴു കൊല്ലത്തോളം പാറാവിലും പ്രായശ്ചിത്ത സ്ഥലങ്ങളിലും ഞാൻ മതകാര്യങ്ങളെല്ലാം തീരെ ഉപേക്ഷിച്ചു ഒരു അവിശ്വാസിയെപ്പോലെ ജീവിതം കഴിക്കയും ലോകമായകൾക്കും വ്യാമോഹങ്ങൾക്കും വശാവദനായി വിവിധദുർമ്മാർഗ്ഗങ്ങളിൽ മുഴുകി സ്വന്ത ആത്മാവിന്നുകൂടെ നാശകരമായ ഒരു സ്ഥിതിയിൽ എത്തുകയും ചെയ്തിരുന്നു. കൂടാതെ, എന്റെ ദുരാശാപാശങ്ങൾക്കനുയോജ്യമായ ഒരു സാന്മാർഗ്ഗിക പദ്ധതിയെ സ്വയം രൂപവൽകരിച്ച് അതിനെ ആധാരമാക്കി എന്റെ സകല കുററങ്ങൾക്കും ഓരോ ഒഴികഴിവുകൾ കണ്ടുപിടിച്ചു ദിനംപ്രതി നിത്യനരകത്തിലേക്കു എന്നെത്തന്നെ ആനയിക്കയും ചെയ്തുവന്നു. എന്നാൽ ഈ എഴുകൊല്ലം മുഴുവൻ ഇപ്രകാരം നിരങ്കുശവും അനിയന്ത്രിതവുമായ ഒരു കെട്ട ജീവിതംകൊണ്ട് ദൈവത്തെ ഞാൻ കഠിനമായി ഉപദ്രവിച്ചു എന്നു വരികിലും എന്നെ അവിടുന്നു കേവലം ഉപേക്ഷിച്ചില്ല. പിന്നെയൊ തന്റെ അനന്ത നന്മയാലും സ്നേഹത്താലും ഞാൻ ചെയ്ത ഓരോ പാപങ്ങളും എന്റെ ഹൃത്തടത്തിൽ അനുതാപത്തിന്റെയും ലജ്ജയുടെയും നവംനവങ്ങളായ വികാരങ്ങളെ ഉളവാക്കിയതേയുള്ളൂ. കൂടാതെ, ഒരു സന്തപ്ത മനസ്സാക്ഷിയും ഹൃദയക്കടിയും എന്നെ സർവ്വദാ പിൻതുടർന്നുതന്നെയിരുന്നു. ഇത്ര നികൃഷ്ടമായ എന്റെ ജീവിതചക്രത്തെ അവസാനംവരെ തിരിച്ചുവിട്ടാൽ നിത്യശിക്ഷ തീർച്ചയായും അതിന്റെ പ്രതിഫലമായനുഭവപ്പെട്ടും എന്നു വിളിച്ചു പറയുന്ന ഒരു സ്വരം എന്റെ കർണ്ണപുടങ്ങളിൽ സദാ മാറെറാലിക്കൊണ്ടും ഇരുന്നു. എന്നോടു കാണിച്ച തന്റെ അനന്ത കരുണയ്ക്കു ദൈവം എന്നന്നേയ്ക്കും വാഴ്ത്തപ്പെട്ടവനാകട്ടെ! എന്തെന്നാൽ എന്നെപ്പോലെ ഇത്ര നിരവധി പാപങ്ങൾ ചെയ്ത വേറെ എത്രപേർക്കാണു ഇപ്രകാരമുള്ള രക്ഷാകരമായ അനുശാസനകൾ ലഭിക്കാതെ പോകുന്നത്.

ബ: അച്ചാ, ആഗ്രഹിക്കാതെതന്നെ ഞാൻ അനുഗ്രഹത്തിനു പാത്രമാകയും, ആ നിർഭാഗ്യകുററാളികളുടെ കൂട്ടത്തിൽ നിന്നും വേർതിരിക്കപ്പെട്ടുകയും ചെയ്കതിനാൽ മേലിൽ ദുർമ്മാർഗ്ഗജീവിതം നയിക്കുന്നതിനു പ്രേരിപ്പിക്കുന്ന സാഹചര്യങ്ങൾ എനിക്കില്ലാതായിത്തീൎന്നു. ദൈവം ഈ സമയം കാത്തിരിക്കയായിരുന്നു. അങ്ങേയ്ക്കു സ്തുതിയും പുകഴ്ചയുമുണ്ടായിരിക്കട്ടെ!! പ്രിയ അച്ചാ, ഞാൻ മേൽപ്രസ്താവിച്ച വിധത്തിലുള്ള ഒരു പാപജീവിതം കഴിച്ചിരുന്നപ്പോൾ വിശ്വാസത്തിൽ സ്ഥിരതയുള്ളവനായിരുന്നു എങ്കിൽ അതു് പരിശുദ്ധ കന്യക മറിയത്തിൻെറ സഹായത്താലും, എൻെറ ദുരവസ്ഥയിൽപോലും പല പല ആവൎത്തി വായിച്ചു വന്നിരുന്ന അങ്ങയുടെ സാരസംപൂൎണ്ണമായ കത്തുകൾ മുഖേനയും മാത്രമാണെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

വിശേഷിച്ചു ഇക്കൊല്ലം നമ്മുടെ ദിവ്യ രക്ഷകൻെറ ഉത്ഥാന തിരുന്നാൾ മുതൽ പല പ്രാവശ്യം വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്നതിനുള്ള മഹാഭാഗ്യം സിദ്ധിച്ചതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ഓ! ഈ സ്വർഗ്ഗീയ അപ്പം ദിനംപ്രതി ഭക്ഷിക്കുന്നതിനു യോഗ്യമായ ഒരു ജീവിതവിശുദ്ധി എത്ര എരിവോടെ ഞാൻ ആശിച്ചിരുന്നു! എന്നാൽ ഓ! കഷ്ടമെ ഞാൻ ഇപ്പോഴും ഒരു വലിയ പാപിയായിത്തന്നെ ഇരിക്കുന്നു. എൻെറ ദോഷങ്ങൾ കഴിഞ്ഞ കാലത്തിലെപ്പോലെതന്നെ അത്ര ഘനമേറിയവയല്ലെങ്കിലും അവ നിരവധിയത്രെ. ഞാൻ ദൈവേഷ്ടത്തിനു കുറെക്കൂടി കീഴ്പ്പെട്ടിരുന്നെങ്കിൽ, എൻെറ ഇപ്പോഴത്തെ ഈ അവസ്ഥയിൽ — അതെ, അരിഷ്ടതകൾക്കൊട്ടും കുറവില്ലാത്ത ഈ ഘട്ടത്തിൽ — പോലും ദൈവ തിരുമുമ്പാകെ എനിക്കു കൂടുതൽ യോഗ്യത പ്രാപിപ്പാൻ കഴിഞ്ഞേനെ! എന്നാൽ ഓ! നിർഭാഗ്യമെ! എൻെറ പാപങ്ങളുടെ പരിഹാരത്തിനുവേണ്ടി മാത്രമാണ് ദൈവം ഇപ്രകാരമുള്ള കഷ്ടാരിഷ്ടതകൾ എനിക്കു അയക്കുന്നതെന്നുള്ള വസ്തുത ഞാൻ അശേഷം വിസ്മരിച്ചു കളഞ്ഞുവല്ലൊ!

വിശിഷ്യാ, ഓരോ പ്രാവശ്യവും വിശുദ്ധ മേശയ്ക്കു അടുക്കുമ്പോൾ, ബ: അച്ചാ, ഞാൻ അങ്ങയെ സ്മരിക്കുന്നുണ്ട്. അങ്ങയുടെ സകല പ്രയത്നങ്ങളും ഫലവത്തായിത്തീരുവാൻ ഞാൻ ദൈവത്തെ പ്രാൎത്ഥിക്കുന്നു. തൻെറ വി. മണവാട്ടിയായ കത്തോലിക്കാ തിരുസ്സഭയെ സൂക്ഷിച്ചു സംരക്ഷിക്കുവാനും ഞാൻ മിശിഹായെ അഭ്യർത്ഥിക്കുന്നു. എല്ലാദിവസവും കാലത്തും വൈകുന്നേരവും

• •

ഞാൻ അങ്ങയുടെ നിയോഗപ്രകാരം "എത്രയുംദയയുള്ള മാതാവെ" എന്ന ജപവും ചൊല്ലുന്നുണ്ട്. എൻെറ പ്രാർത്ഥനകളെ നമ്മുടെ ആ നല്ലമാതാവ് ചെവിക്കൊള്ളാതിരിക്കയില്ലെന്നു ഞാൻ നിസ്സംശയം വിശ്വസിക്കുകയും ചെയ്യുന്നു.

* * *

എൻെറ ഈ ലേഖനം അവസാനിപ്പിക്കുന്നതിനുമുമ്പ്, ബഃ അച്ചാ, അങ്ങയോടു രണ്ടു അനുഗ്രഹങ്ങൾ ഞാൻ ആവശ്യപ്പെട്ടുകൊള്ളട്ടെ. ഒന്നാമതു അമലോത്ഭവ മാതാവിൻെറ ഒരു കാശുരൂപവും ഒരു തുങ്ങപ്പെട്ട രൂപവും പരിശുദ്ധ പിതാവിനാൽ ആശീർവ്വദിക്കപ്പെട്ട ഒരു ജപമാലയും ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാമത്തെ എൻെറ അഭ്യർത്ഥന, മരണശേഷം എനിക്കുവേണ്ടി അപേക്ഷിപ്പാറാകണമെന്നതു മാത്രമാണ്; എൻെറ മരണവാർത്തയെ അങ്ങയെ അറിയിപ്പാൻ വേണ്ട സകല ഏർപ്പാടുകളും ഞാൻ ചെയ്തിട്ടുണ്ട്. ഈ ഉപകാരം എനിക്കു ചെയ്വാൻ വേറെ ആരും ഉണ്ടെന്നു തോന്നുന്നില്ല. എന്നാലും, ഞാൻ ചെയ്ത നിരവധി പാപങ്ങളെ ഓർത്തിട്ടു ബയാർഡിനോടുകൂടെ ഞാൻ ഇപ്രകാരം പറഞ്ഞുകൊള്ളട്ടെ: "മരുഭൂമിയിൽ ആയിരം വർഷം അപ്പവും വെള്ളവും ഭക്ഷിച്ചുകൊണ്ടുള്ള കഠോരതപസ്സിനുപോലും എൻെറ പാപങ്ങളെ പരിഹരിപ്പാൻ കഴികയില്ല."

ഈ അനുഗ്രഹം അങ്ങയോടു അർത്ഥിക്കുന്നതു മററുള്ളവർ മരിക്കുന്നതു കാണ്മാൻ ഞാൻ എല്ലായ്പോഴും ജീവിച്ചിരിക്കയില്ലാത്തതുകൊണ്ടും, എൻെറ മരണം ക്ഷണം വന്നുചേരുന്നതുകൊണ്ടുമത്രെ! മരണത്തെക്കുറിച്ചു എനിക്കു യാതോരു ഭയവുമില്ല. എന്തുകൊണ്ടെന്നാൽ, ഞാൻ എൻെറ യോഗ്യതകളിൽ മാത്രം ശരണപ്പെടുന്നില്ല. പിന്നെയൊ, ദൈവത്തിൻെറ അനന്തകാരുണ്യത്തിൽ വിശ്വസിക്കുന്നതുകൊണ്ടുമാത്രം.

എന്ന് മിശിഹായിൽ അങ്ങെ എളിയ ദാസൻ—

അൻഡ്രേക്ക്.

## 40. ഒരു സ്മരണ.

1841-ൽ ഞാൻ പാരീസിലാണ് താമസിച്ചിരുന്നത്. വി. വിൻസൻറു ദെ പോളിൻെറ നാമത്തിൽ അന്നു അവിടെ സ്ഥാപിതമായിരുന്ന സംഘത്തിൽ ഒരംഗമായിത്തീരുവാൻ എനിക്കു ഭാഗ്യം സിദ്ധിച്ചു.

അതിൻെറ അംഗങ്ങളായ യുവാക്കന്മാർ ദീനക്കാരെ സന്ദശിച്ച് വേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനായി ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ആതുരശാലയിലേയ്ക്കു പോകുക പതിവായിരുന്നു. ഞാൻ പോവാറുണ്ടായിരുന്നതു "നെക്കർ" ആസ്പത്രിയിലേക്കാണ്. ആതുരശാലയിലേക്കുള്ള യാത്രയ്ക്കു മുമ്പ് ഞാൻ പള്ളിയിൽ ചെന്നു ദിവ്യകാരുണ്യത്തിന്നു മുമ്പിൽ മുട്ടുകുത്തി അന്നു ചെയ്യാനിരിക്കുന്ന സകല പരസ്നേഹ പ്രവൃത്തികളേയും ആശിർവ്വദിക്കുന്നതിനായി ദൈവത്തോടു പ്രാർത്ഥിക്കയും അതുപോലെതന്നെ മടങ്ങുന്ന സമയവും പള്ളിയിൽ കയറി മിശിഹാ എനിക്കു നൽകിയ സകല ഉപകാരങ്ങൾക്കായി നന്ദി പറകയും ചെയ്ക പതിവായിരുന്നു. ആസ്പത്രിയിൽ എത്തിയാൽ അവിടത്തെ ധാത്രിമാരായ 'ഉപവിയുടെ സഹോദരികളെ' കണ്ടു അവരിൽനിന്നു ദീനക്കാരുടെ വിവരം അറിയുന്നതിലും ഞാൻ ഒട്ടും ഉപേക്ഷ കാണിച്ചിരുന്നില്ല.

അധികം താമസിയാതെ പാരീസ് വിട്ടു പോകേണ്ടിവന്നു എങ്കിലും പണ്ടു "നെക്കർ" എന്ന ആതുരശാലയിൽ നടന്ന ഒരു സംഭവത്തെ ഞാൻ ഒരിക്കലും മറക്കുന്നതല്ല.

ഒരിക്കൽ ഞാൻ ആസ്പത്രിയിൽ ചെന്നപ്പോൾ അവിടത്തെ സഹോദരി ആറേഴ ദീനക്കാരെ എൻെറ പ്രത്യേക ശ്രദ്ധയിൽ ഏല്പിച്ചു. ഇവരിൽ ഒരാൾ ഒരു ക്ഷയരോഗിയായിരുന്നു. ഉദ്ദേശം 33 വയസ്സു പ്രായം വരുന്ന ഈ രോഗി മൂന്നു ദിവസത്തിനകം മരിക്കുമെന്നായിരുന്നു പ്രസ്തുത സഹോദരിയുടെ അഭിപ്രായം.

മരണാസന്നനെങ്കിലും അവൻ ഇനിയും വലിയ പാപിയായിത്തന്നെ വർത്തിച്ചിരുന്നു. ഉപവിയുടെ സഹോദരികളെയൊ വൈദികരേയൊ കാണുന്നതു് അവനു ഇഷ്ടമായിരുന്നില്ല. തൻമൂലം എൻെറ സാന്നിദ്ധ്യവും അവനെ രോഷാകുലനാക്കുമെന്നു ഞാൻ ശ

ക്കിച്ചിരുന്നു. എങ്കിലും ഞാൻ ആ പാപിയുടെ മാനസാന്തരത്തിനുവേണ്ടി ദിവ്യരക്ഷകനോട് പ്രാർത്ഥിച്ചുകൊണ്ട് അവൻെറ അടുക്കലേക്കു ചെന്നു ഓ! ദൈവമെ! അയാളെ കണ്ടമാത്രയിൽ എനിക്കു രോമാഞ്ചമുണ്ടായി. എന്തൊരു കാഴ്ച! ദേഹി ഇനിയും അയാളിൽ സ്ഥിതി ചെയ്യുന്നുണ്ടോ എന്നുതന്നെ ഞാൻ സംശയിച്ചുപോയി. എങ്കിലും അടുത്തു ചെന്നിട്ടു ഇപ്രകാരം പറഞ്ഞു. "സഹോദരാ! നിങ്ങൾ രോഗബാധിതനായിട്ടു അധികനാളായെന്നും വളരെ കഷ്ടപ്പെടുന്നുണ്ടെന്നും സഹോദരി എന്നോടു പറകയുണ്ടായി." രോഗിയിൽനിന്നു ഒരു മറുപടിയും ഉണ്ടായില്ല. എൻെറ സാന്നിദ്ധ്യം അയാൾക്കു ഒട്ടും രസിച്ചില്ലെന്നു അവൻെറ മുഖഭാവം വ്യക്തമാക്കി.

ഇതൊന്നും വകവയ്ക്കാതെ ഞാൻ തുടന്നു ചോദിച്ചു: "പണ്ടെപ്പോലെതന്നെ നിങ്ങൾ ഇപ്പോഴും കഷ്ടപ്പെടുകയാണൊ? എന്നിൽ നിന്നു വല്ല സഹായവും ആവശ്യമുണ്ടെങ്കിൽ അതു ചെയ്തുതരുവാൻ ഞാൻ സന്നദ്ധനാണ്."

രോഗി ഇനിയും മൗനമവലംബിക്കുന്നു.

ഞാൻ:— കഷ്ടതകൾ അവശ്യം അനുഭവിക്കേണ്ട ഈ അവസരത്തെ, സഹോദരാ! നിങ്ങൾ വ്യർത്ഥമാക്കരുത്. അതിൽനിന്നും പുണ്യം സമ്പാദിപ്പാൻ ശ്രമിക്കണം. ഇവ സസന്തോഷം സഹിച്ചു സ്വന്തം പാപമോചനത്തിനായി അവ കാഴ്ച വെയ്ക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കും."

രോഗി ഇനിയും മിണ്ടുന്നില്ല. അവൻെറ മുഖത്തു നീരസസ്വഭാവം ക്രമാതീതമായി വർദ്ധിച്ചു. കുപിതനായ ആ മഹാപാപിയുടെ ശകാരത്തെ പ്രതിനിമിഷം മനോവ്യാകുലതയോടെ ഞാൻ പ്രതീക്ഷിച്ചു. എന്നാൽ തൽസമയം ദൈവസഹായം എനിക്കു നല്ലപോലെയുണ്ടായിരുന്നു. അവിടുന്നു ഒരു പുതിയ ഉപായം എനിക്കു കാണിച്ചുതന്നു. ഞാൻ സധൈര്യം രോഗിയെ വീണ്ടും സമീപിച്ചു; അവൻെറ ചെവിയിൽ ഇങ്ങനെ ചോദിച്ചു. "സ്നേഹിതാ! നിങ്ങൾ ആദ്യകുർബ്ബാന ഉൾക്കൊണ്ടതു വേണ്ട ഒരുക്കത്തോടുകൂടിയാണൊ"?

ഈ ചോദ്യത്തിൽ എന്തൊ ഒരു വൈദ്യുതശക്തിയുടെ സങ്കലനം ഉണ്ടായിരുന്നു. എന്തിനേറെ? രോഗി താഴ്ന്നസ്വരത്തിൽ പറഞ്ഞു:

“ഉവ്വ് പിതാവെ, ആദ്യകുമ്പ്ഞാന കൈക്കൊള്ളൽ ഞാൻ നല്ലവണ്ണം കഴിച്ചു.”

ഞാൻ—: അന്നു നീ മഹാ ഭാഗ്യം അനുഭവിച്ചില്ലെ?

നേത്രങ്ങളിൽ നിന്നു അശ്രുകണങ്ങൾ തൂകിക്കൊണ്ടു അവൻ പശ്ചാത്താപത്തോടുകൂടി ‘ഉവ്വ് അച്ചാ’ എന്നു പറഞ്ഞു. “അദ്ദേഹം അവൻെറ കൈകൾ പിടിച്ചുകൊണ്ടു പറഞ്ഞു. “അന്നു നീ സൗഭാഗ്യം അനുഭവിച്ചതിൻെറ കാരണം എന്തായിരുന്നു? സോദരാ! തീൎച്ചയായും അതു് നിൻെറ ഹൃദയശുദ്ധിയും നിഷ്കാപട്യവും തന്നെയായിരുന്നിരിക്കണം. നീ അന്നു് ഉത്തമ കത്തോലിക്കനായി ജീവിതം നയിച്ചു. സൎവ്വപ്രകാരേണയും ദൈവത്തെ ശുശ്രൂഷിച്ച് അദ്ദേഹത്തെ പ്രസാദിപ്പിച്ചു. അദ്ദേഹത്തിൽ നീ സൗഭാഗ്യമനുഭവിച്ചു. എന്നാൽ മനുഷ്യസാധാരണമായ ബലശൂന്യതയാൽ നീ പാപം ചെയ്തു; സ്രഷ്ടാവിനെ ദണ്ഡിപ്പിച്ചു. നിൻെറ ഭാഗ്യം നഷ്ടപ്പെടുകയും ചെയ്തു. അതിനാലാണ് നീ ഇപ്രകാരം കഷ്ടപ്പെടുവാൻ ഇടയായതു്. ഇതുകൊണ്ടൊന്നും ഭയപ്പെടേണ്ടതില്ല. ദൈവം കരുണാവാരിധിയാണ്. തന്നിൽ ആശ്രയിക്കുന്നവർ ഉപേക്ഷിക്കപ്പെട്ടുവെന്നു ഒരിക്കലും വരികയില്ല. സ്വന്തം ദുഷ്കൃത്യങ്ങളെപ്പററി പശ്ചാത്തപിച്ചുകൊണ്ടു ഒരു പാപസങ്കീൎത്തനം ചെയ്യുന്നതായാൽ ദൈവം നിശ്ചയമായും നിന്നെ തൻെറ മകനായി വീണ്ടും കൈക്കൊള്ളാതിരിക്കയില്ല. നഷ്ടപ്പെട്ട സൗഭാഗ്യം നീ വീണ്ടും അനുഭവിപ്പാൻ ഇടവരികയും ചെയ്യും. ഒരു നല്ല കുമ്പസ്സാരം ചെയ്വാൻ നീ ഇനിയും ആഗ്രഹിക്കുന്നില്ലെ?”

ഈ സമയം മുഴുവൻ അവൻ അനുതാപാശ്രുക്കൾ പൊഴിക്കയായിരുന്നു. തദനന്തരം പാപസങ്കീൎത്തനം കേൾപ്പാൻ അവൻ എന്നോടു ആവശ്യപ്പെട്ടു. ഉടനെ ഞാൻ അവൻെറ കുമ്പസ്സാരം കേട്ടു. അവനു് മേലാൽ ഒരു നല്ല ജീവിതം കഴിപ്പാൻ അത്യാവശ്യമായ കാൎയ്യങ്ങളടങ്ങിയ ഒരു ഉപദേശവും പാപമോചനവും നൽകിക്കൊണ്ടു ഞാൻ അവിടെ നിന്നും തിരിച്ചു. ഉപവിയുടെ സഹോദരിയോടു ആ പാപിയുടെ അവിചാരിതമായ മാനസാന്തരത്തെപ്പററി പറഞ്ഞിട്ടു് ഞാൻ മടങ്ങി.

ഈ സംഭവം ഞാൻ എങ്ങനെയാണ് മറക്കുക! രക്ഷകൻെറ കരുണാപ്രദൎശനം എത്ര മഹത്തരം! ആ മഹാപാപിയുടെ ഉറച്ച ഹൃദയത്തെ പിളൎക്കുന്നതിന് ഇതൊന്നുമാത്രം പൎയ്യാപ്തമായി. അ

••

തെ, അയാളുടെ ഒന്നാമത്തെ ദിവ്യകാരുണ്യ സ്വീകരണത്തിൻെറ സ്മരണ ഒന്നുമാത്രം. ആദ്ധ്യകുർബ്ബാന കൈക്കൊള്ളൽ യഥായോഗ്യം നടത്തപ്പെട്ടതിനാലാണ് അതിൻെറ സ്മരണ അവനെ മാനസാന്തരപ്പെടുത്തുവാൻ പര്യാപ്തമായത്. നേരെമറിച്ച് അതു അയോഗ്യമായി കഴിച്ചിരുന്നുവെങ്കിൽ അതിന്മേലുള്ള ഓർമ്മ ഒരിക്കലും അവനെ മാനസാന്തരപ്പെടുത്തുവാൻ ശക്തമാകയില്ലായിരുന്നു. മാത്രമല്ല അവൻെറ ഹൃദയത്തെ ഒന്നുകൂടി കഠിനമാക്കുവാൻ മാത്രമേ അതുപകരിക്കുമായിരുന്നുള്ളു.

## 41. തിരുവുത്തരീയം.

ലത്തീൻ ഭാഷയിൽ "സ്കാപ്പുല" എന്ന വാക്കിന് "തോൾ" എന്നർത്ഥമാകുന്നു. ഇക്കാരണത്താൽ ആയിരിക്കാം പൂർവ്വകാലങ്ങളിൽ പണിക്കാർ തങ്ങളുടെ വസ്ത്രം അഴുക്കും പൊടിയും കൊണ്ടു മലിനമാകാതിരിപ്പാൻ വേണ്ടി അതിനു മീതെ ധരിക്കാറുണ്ടായിരുന്ന മേലങ്കിക്കു സ്കാപ്പുലർ "(തോൾവസ്ത്രം)" എന്നു പേർ പറഞ്ഞു വന്നത്. ഇതു മുൻപിലും പിൻപിലും മുട്ടുവരെ എത്തുന്ന വിധം രണ്ടു നീളമേറിയ തുണിക്കഷണങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ളതാകുന്നു. നടുവിൽ തല കടത്തുവാൻ മാത്രം ഒരു ദ്വാരമുണ്ടായിരിക്കും. ഇക്കാലങ്ങളിൽ സാധാരണമായി പണിക്കാർ ഈ വസ്ത്രം ധരിക്കാറില്ല. എന്നാൽ കർമ്മലീത്താ സഭക്കാർ പതിമൂന്നാം നൂററാണ്ടുമുതല്ക്കു അതു തങ്ങളുടെ സഭാവസ്ത്രമായി സ്വീകരിച്ചിരിക്കുന്നു.

ക്രിസ്തുമതത്തിൻെറ ആദിമ ശതകങ്ങളിൽ സ്ഥാപിതമായതും പരിശുദ്ധ കന്യകയുടെനേർക്കുള്ള ഭക്ത്യാദരവുകൾക്കു സുപ്രസിദ്ധവുമായ കർമ്മലീത്താ സഭ ഒരു കാലത്തു തുർക്കികളുടെ ഉപദ്രവം നിമിത്തം പലസ്തീനായിൽ അതിനുണ്ടായിരുന്ന പൂർവ്വ ഭവനം വെടിഞ്ഞു യൂറോപ്പിൽ അഭയം പ്രാപിച്ചു. അവിടെയും സഭക്കു പല കഷ്ടപ്പാടുകൾ നേരിട്ടുകൊണ്ടിരുന്നു. ഒടുവിൽ സഭ ആകപ്പാടെ നാമാവശേഷമാകുമെന്ന മട്ടിലായപ്പോൾ അന്നത്തെ സഭാദ്ധ്യക്ഷനായിരുന്ന 'സൈമൺ സ്റ്റോക്കു' സഭയെ ഈ ആപത്തിൽ നിന്നും

ഉദ്ധരിക്കാൻ ദൈവ സാഹായ്യത്തെ ശരണം പ്രാപിച്ചു. തന്നേയും തന്റെ സഹോദരങ്ങളേയും ത്രിലോക രാജ്ഞിക്കു സമർപ്പിച്ചുകൊണ്ടു അദ്ദേഹം ചെയ്ത പ്രാൎത്ഥന ഫലപ്രദമായി ഭവിച്ചു. പ്രാൎത്ഥനാനന്തരം തനിക്കുണ്ടായ അനുഭവം അദ്ദേഹം തന്നെ ഇപ്രകാരം തന്റെ സഹോദരന്മാരോടു പറഞ്ഞു: "പ്രിയ സഹോദരങ്ങളെ, തന്നിലാശ്രയിക്കുന്നവരെ ഉപേക്ഷിക്കാത്ത ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. നമുക്കു നേരിട്ടിരിക്കുന്ന അത്യാപത്തുകൾ അറിഞ്ഞു നമ്മെ സഹായിപ്പാൻ കനിഞ്ഞരുളിയ പ. കന്യകയും വാഴ്ത്തപ്പെട്ടവളാകട്ടെ. 'പരിശുദ്ധ കന്യകയുടെ സഹോദരർ' എന്ന ബഹുമാന്യ നാമത്താൽ അനുഗൃഹീതമായ ഈ പുരാതന സഭയുടെ നേർക്കു തനിക്കുള്ള സ്നേഹപൂൎവ്വകമായ സംരക്ഷണയുടെ ഒരു പ്രത്യക്ഷ ചിഹ്നം നൽകണമെന്നു ഞാൻ ദൈവജനനിയോടു ഭക്തിപൂൎവ്വം അപേക്ഷിച്ചപ്പോൾ, അവിടന്നു അത്യന്തം പ്രഭയോടെ എനിക്കു—പാപിയും നീചനുമായ എനിക്കു—കാണപ്പെട്ടു് തന്റെ കയ്യിലുണ്ടായിരുന്ന തിരു ഉത്തരീയം കാണിച്ചുകൊണ്ടു് എന്നോടിപ്രകാരം പറഞ്ഞു. "പ്രിയ മകനെ, ഈ ഉത്തരീയം നീ സ്വീകരിക്കു. അതു കർമ്മലീത്ത സഭയുടെലും എന്റെ സഖ്യതയുടെയും പ്രത്യക്ഷാടയാളമായിരിക്കട്ടെ. അതു നിനക്കും നിന്റെ സഹോദരങ്ങൾക്കും ഞാൻ നൽകുന്ന നിത്യരക്ഷയുടെ 'അച്ചാര'മാകുന്നു. ആരെങ്കിലും ഭക്തിപുരസ്സരം ഇതു ധരിച്ചുകൊണ്ടു മരിക്കുന്നെങ്കിൽ, അവൻ നിത്യാഗ്നിയിൽ ഉൾപ്പെടുന്നതല്ല".

സഭാംഗങ്ങൾ ഈ ഉത്തരീയം അത്യാശയോടെ സ്വീകരിക്കയും അപ്രകാരം അതു് പരിശുദ്ധ കന്യകയുടെ സ്ഥാനവസ്ത്രമായിത്തീരുകയും ചെയ്തു. പരിശുദ്ധ മാർപ്പാപ്പാമാർ ഈ സ്ഥാപനത്തെ അംഗീകരിച്ച് സഭയ്ക്കും, തിരുവുത്തരീയം തങ്ങളുടെ സാധാരണ വസ്ത്രത്തിനകത്തു ധരിച്ചുകൊണ്ടു ലോകത്തിൽ ജീവിക്കുന്ന വിശ്വാസികളുടെ സഖ്യതയ്ക്കും നിരവധി ദണ്ഡവിമോചനങ്ങൾ നൽകി. കാലക്രമേണ ഈ ഉത്തരീയത്തിനു ആകൃതിയിൽ പല മാററങ്ങൾ വരുത്തുകയും അങ്ങനെ അതിന് ഇപ്പോൾ കാണുന്ന രൂപം സിദ്ധിക്കയും ചെയ്തു.

ഈ തിരുവുത്തരീയം കർമ്മലീത്താ സഭക്കാർക്ക് എന്നപോലെതന്നെ മററുള്ള എവർക്കും നിത്യരക്ഷയുടെ ഒരച്ചാരമാണ്. എന്നാൽ ഇതിൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങൾ പ്രാ

പിക്കുന്നതിന് ഒരുത്തൻ ഈ ഉത്തരീയം ധരിക്കുന്നതുകൊണ്ടുമാത്രം മതിയാകയില്ല. സഖ്യതയിൽ അംഗങ്ങളെ ചേർക്കുവാൻ അധികാരമുള്ള വൈദികനിൽനിന്നും അതു സ്വീകരിക്കേണ്ടിയിരിക്കുന്നു. കൂടാതെ ഒരുത്തമ ക്രിസ്തീയ ജീവിതം നയിപ്പാനും, ശുദ്ധതയ്ക്കു വിരോധമായ പാപങ്ങളാൽ ഈ പാവന വസ്ത്രം മലിനപ്പെടുത്താതിരിപ്പാനും നാം സർവ്വാത്മനാ യത്നിക്കണം.

ആകയാൽ പ്രിയ വായനക്കാരെ, നിങ്ങളിൽ വല്ലവരും തിരുവുത്തരീയ സഖ്യതയിൽ ചേർന്നിട്ടില്ലെങ്കിൽ, താമസമെന്യേ ചേരുവാനും, അപ്രകാരം ഈ സഖ്യതക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള അനുഗ്രഹങ്ങൾക്കും യോഗ്യരാകുവാനും ഉൽസുകരാകുവിൻ.

## 42. വി. സെസീല്യായുടെയും വലേരിയൻെറയും തിബൂർസിയൂസിൻെറയും വേദസാക്ഷിത്വം.

ക്രിസ്തുവർഷം 230-ാമാണ്ടിടയ്ക്കു, അതായതു്, അലക്സാണ്ടർ സെവേരൂസിൻെറയും വി. ഉർബൻ പാപ്പായുടെയും ഭരണകാലത്തു റോമാനഗരത്തിൽ നിവസിച്ചിരുന്ന ഒരു യുവകന്യകയായിരുന്നു സെസീല്യ. സമ്പന്നയും സുശീലയും സുന്ദരിയുമായ സെസീല്യാ തൻെറ ശ്രേഷ്ഠതരങ്ങളായ സ്വാഭാവിക ദാനങ്ങളെ അതി വിശിഷ്ടങ്ങളായ വരപ്രസാദ ദാനങ്ങളോടു ചേർത്തു പരിപുഷ്ടമാക്കി. അവൾ മാത്രമേ തൻെറ ഗൃഹത്തിൽ ക്രിസ്ത്യാനിയായിട്ടുണ്ടായിരുന്നുള്ളു. അവൾ തൻെറ അതി കോമളമായ യൗവനകാലം പ്രാർത്ഥനയിലും ദൈവപ്രമാണങ്ങളിലുള്ള രുചികരമായ ധ്യാനത്തിലും അതികഠിനമായ താപസവൃത്തിയിലും അക്ഷീണമായ സുകൃതാനുഷ്ഠാനത്തിലുമാണു് ചിലവഴിച്ചിരുന്നതു്. നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൻ സുവിശേഷങ്ങൾ അടങ്ങിയ ഒരു ചെറുപുസ്തകം അവളുടെ കൈവശം എപ്പോഴും സൂക്ഷിച്ചിരുന്നു. അതു മററുള്ളവരെ കാണിക്കാതെയാണു് കൊണ്ടുനടന്നിരുന്നതു്. അവളുടെ അന്തരംഗം നമ്മുടെ കർത്താവു് ഈശോമിശിഹായോടുള്ള പരമാർത്ഥവും പരിശുദ്ധവുമായ സ്നേഹത്താൽ എരിഞ്ഞിരുന്നതുകൊണ്ടു വേറെ ആരെയും തൻെറ വരനായി സ്വീകരിക്കയില്ലെന്നു് അവൾ പ്രതി

ജ്ഞചെയ്തു. എങ്കിലും ഈ തരുണീമണിയുടെ പ്രതിജ്ഞയ്ക്കു വിഘ്നംവരുത്തുന്ന ചില സംഭവങ്ങളും ഉടനടിനടക്കാതിരുന്നില്ല. തങ്ങളുടെ പുത്രിയുടെ ഹൃദയത്തെ സ്വർഗ്ഗത്തിലേക്കാകർഷിച്ച ആ ശ്രേഷ്ഠമായ ദൈവസ്നേഹത്തെ വേണ്ടുംവണ്ണം ഗ്രഹിക്കാതിരുന്ന അവളുടെ മാതാപിതാക്കന്മാർ അവൾക്കായി ഒരു വരനെ അന്വേഷിക്കുകയും മനുഷ്യഗണത്തിൽനിന്നു ഒരുവനെ അതിലേയ്ക്കു തിരിഞ്ഞെടുക്കുവാൻ മിശിഹായുടെ മണവാട്ടിയായ അവളെ നിർബന്ധിക്കുകയും ചെയ്തതായിരുന്നു ആ ദുർഘടാപരിപാകം.

ലോകദൃഷ്ട്യാ സെസീല്യായെ വരിക്കാനിരുന്നയാൾ വലേരിയൻ എന്നു പേരായ ഒരു റോമൻ യുവാവായിരുന്നു. കുലമഹിമകൊണ്ടും സൌന്ദര്യംകൊണ്ടും, ശാരീരികവും മാനസീകവുമായ ഗുണലക്ഷണങ്ങൾകൊണ്ടും അദ്ദേഹം സെസീല്യായ്ക്കു സർവ്വപ്രകാരേണയും അനുയോജ്യനായിരുന്നു. അദ്ദേഹത്തിനു തിബൂർസിയൂസ് എന്നു പേരായ ഒരു സഹോദരൻ ഉണ്ടായിരുന്നു. ഈ സഹോദരനിൽ പ്രകാശിച്ചിരുന്ന നിരവധി സൽഗുണങ്ങളെക്കണ്ടു വലേരിയൻ അത്യധികം സന്തോഷിക്കയും അയാളെ നിഷ്കളങ്കമായി സ്നേഹിക്കയും ചെയ്തിരുന്നു. എന്നാൽ സെസീല്യാ മുഖേന അവരിരുവർക്കും ഭാവിയിൽ സിദ്ധിപ്പാനിരുന്ന അമൂല്യ സൌഭാഗ്യത്തെപ്പററിയോ, സംപൂജ്യമായ അനന്തര കീർത്തിയെപ്പററിയൊ, അവർ അറികയാവട്ടെ വിചാരിക്കയാവട്ടെ ചെയ്തിരുന്നില്ല.

ഭയത്തോടും, എന്നാൽ വിശ്വാസം മൂലമായിട്ടുമാത്രം ക്രിസ്ത്യാനികൾക്കു ലഭിക്കുന്ന അതി മാനുഷികമായ ശാന്തതയോടും കൂടിയാണു ആ കന്യക തൻെറ വിവാഹോത്സവത്തെ വീക്ഷിച്ചിരുന്നതു്. ആകയാൽ അവൾ തൻെറ പ്രാർത്ഥന, ധർമ്മപ്രവൃത്തികൾ, പ്രായശ്ചിത്തങ്ങൾ മുതലായവയെ ദ്വിഗുണീഭവിപ്പിച്ചുകൊണ്ടും, അവളുടെ വിലപിടിച്ചതും, മനോഹരമായ ചിത്രവേലകൾ ചെയ്തിട്ടുള്ളതുമായ ഉടുപ്പിനുള്ളിൽ രോമവസ്ത്രം ധരിച്ചു തൻെറ മൃദുലമായ ശരീരത്തെ പീഡിപ്പിച്ചുകൊണ്ടും ഈശോമിശിഹായെപ്രതി കാലവിളംബമെന്യേ ചെയ്യേണ്ടിവരുമെന്നു നിശ്ചയമുള്ള ഘോരസമരത്തിനു തയ്യാറായിരുന്നു. ഈ അവസരത്തിൽ അവൾക്കു കൂടുതൽ ധൈര്യം ആവശ്യമായിരിക്കുന്നുവെന്നു കണ്ടിട്ടു നമ്മുടെ ദിവ്യരക്ഷകൻതന്നെ അവൾക്കു പ്രത്യക്ഷനായി അവളുടെ കാവൽമാലാഖായോടു ദൃശ്യരൂപം ധരിപ്പാനും തൻെറ തിരുനാമത്തിൽ അവളുടെ എല്ലാ ആവശ്യങ്ങളിലും അവളെ സഹായിപ്പാനും ആജ്ഞാ

പിച്ചു. എന്നിരിക്കിലും മരണഹേതുകമായ ആ ദിനം ആസന്നമായി. വലേരിയന്റെ ഹൃദയം ഹർഷാതിരേകത്താൽ തുടിച്ചു. റോമയിലുള്ള എല്ലാ മാന്യജനങ്ങളും സെസീലിസിന്റെ ക്ഷണാനുസാരം തന്റെ പുത്രിയുടെ വൈവാഹിക ചടങ്ങുകളിൽ സംബന്ധിക്കയും തദനന്തരം ദമ്പതിമാരെ അനുമോദിച്ചിട്ട സോല്ലാസം മടങ്ങിപ്പോകയും ചെയ്തു. പരിസരപ്രദേശങ്ങൾ സന്തോഷ ശബ്ദങ്ങളാൽ മാറെറാലികൊണ്ടിരുന്നെങ്കിലും സെസീല്യാക്കുണ്ടായ മനോവ്യഥക്കു അതിരുണ്ടായിരുന്നില്ല. എങ്കിലും ആ മഹദ്ദിനത്തിന്റെ സായാഹ്നവേളയിൽ വലേരിയന്റെ അടുക്കൽ തനിച്ചിരിക്കാനിട വന്നപ്പോൾ, ഇതുതന്നെ നല്ല അവസരം എന്നു വിചാരിച്ചു ദൈവികപുണ്യങ്ങളാൽ അലംകൃതയായ സെസീല്യാ അദ്ദേഹത്തോടു ശ്രുതിമധുരവും നിഷ്കപടവുമായ സ്വരത്തിൽ ഇപ്രകാരം പറഞ്ഞു: "ഞാൻ ഒരു ക്രിസ്ത്യാനിയാണ്; എന്റെ ജീവിതത്തെ എന്റെ കത്താവും രക്ഷിതാവുമായിരിക്കുന്ന ഈശോമിശിഹാക്കു ഞാൻ കാഴ്ച വെച്ചിരിക്കുന്നു. ആകയാൽ ഇനിമേലിൽ ഞാൻ എന്റെ സ്വന്തമല്ല. ദൈവത്താൽ അയക്കപ്പെട്ട ഒരു മാലാഖാ എന്നെ കാത്തുരക്ഷിക്കുന്നുണ്ട്. നിങ്ങളും എന്റെ ഹിതത്തോടു യോജിക്കുന്നതിനാഗ്രഹിക്കുന്നെങ്കിൽ അതേ മാലാഖാ നിങ്ങളെയും തുല്യപക്ഷത്തോടുകൂടെ സ്നേഹിക്കയും നമുക്കിരുവർക്കും ദൈവത്തിന്റെ മനോഹരത വെളിപ്പെടുത്തിത്തരികയും ചെയ്യും."

ആ യുവാവു പ്രസ്തുത വാക്കുകൾകേട്ടു നന്നേ വിഷമിച്ചുവെങ്കിലും, അതേസമയംതന്നെ ആ നിസർഗ്ഗകോമളമായ ശബ്ദത്താൽ വ്യാമോഹിതനാകയും ദൈവപ്രസാദവരങ്ങളാൽ രഹസ്യമായി സ്പർശിക്കപ്പെടുകയും ചെയ്തതിനാൽ അവളോടിപ്രകാരം ഉത്തരിപ്പാൻ നിർബ്ബന്ധിതനായിത്തീൎന്നു. "സെസീല്യാ! നീ എന്താണു പറയുന്നതു്? നിന്റെ വാക്കുകളെ ഞാൻ എങ്ങനെയാണ് വിശ്വസിക്കുക? ആ മാലാഖായെ ഞാനും ഒന്നു കാണട്ടെ. ഞാൻ അവനെ കാണുകയും ദൈവത്താൽ അയക്കപ്പെട്ട ഒരു മാലാഖായാണെന്നു നിശ്ചയമായറികയും ചെയ്താൽ നിന്നെ അനുകരിക്കുന്നതിന് എനിക്കു വിരോധമില്ല. എന്നാൽ നീ എന്നെപ്പോലുള്ള വേറൊരുത്തനെയാണ് സ്നേഹിക്കുന്നതെന്നറിഞ്ഞാൽ നിന്നെ ഞാൻ നിശ്ചയമായും അവനൊന്നിച്ചു ഈ ഖഡ്ഗത്തിനു ഇരയാക്കും. ഇതു നിനക്കു സമ്മതമാണൊ?" അതിനു ആ കന്യക ശാന്തമായും മധുരമായും ഇങ്ങനെ മറുപടി പറഞ്ഞു: "നിങ്ങൾ എന്റെ ഉപദേ

ശം സ്വീകരിക്കയും നിത്യരക്ഷയിലേയ്ക്കു ആനയിക്കുന്ന ഉറവയിലെ ജലംകൊണ്ടു നിങ്ങളെത്തന്നെ ശുദ്ധീകരിക്കയും മോക്ഷത്തിൽ മരുവുന്ന ഏകസത്യദൈവത്തിൽ വിശ്വസിക്കയും ചെയ്യുന്നപക്ഷം എന്നെ കാത്തു സൂക്ഷിക്കുന്ന മാലാഖായെ നിങ്ങൾക്കു കാണ്മാൻ കഴിയും".

വലേരിയൻ അത്ഭുതപരവശനായിട്ടു — "നിന്റെ മാലാഖായെ കാണുന്നതിനു് ആരാണു എന്നെ ശുദ്ധീകരിപ്പാനുള്ളതു്?

സെസീല്യാ: — "ദൈവത്തിന്റെ മാലാഖായെ കാണത്തക്ക വിധം നിങ്ങളെ ശുദ്ധീകരിപ്പാൻ വശമുള്ള ഒരു വന്ദ്യ വയോവൃദ്ധൻ ഇവിടെ അടുത്തുതന്നെ താമസിക്കുന്നതായി എനിക്കറിവുണ്ടു്".

വലേരിയൻ:— ആ വൃദ്ധന്റെ വസതി എവിടെയാണു്?

സെസീല്യാ:— നിങ്ങൾ ഈ പട്ടണംവിട്ടു ഏകദേശം മൂന്നു മൈൽ പോകുന്നപക്ഷം എന്നെ അറിയുന്നവരും ഞാൻ സ്നേഹിക്കുന്നവരുമായ കുറെ നിർദ്ധനന്മാരെ കാണാറാകും. അവരെ കണ്ടാലുടനെ നിങ്ങളെ അയച്ചതു സെസീല്യായാണെന്നും, നിങ്ങളെ വന്ദ്യവയോവൃദ്ധനായ ഉർബന്റെ പക്കൽ കൂട്ടിക്കൊണ്ടുപോകണമെന്നും പറയുവിൻ. അപ്പോൾ അവർ നിങ്ങളുടെ ആഗ്രഹം സാധിച്ചു തരും. അവിടെ ചെന്നതിനുശേഷം അദ്ദേഹം പറയുന്നതെല്ലാം നിങ്ങൾ അനുസരിക്കയും വേണം. അദ്ദേഹം നിങ്ങളെ ഒരു പുതിയ വസ്ത്രം ധരിപ്പിക്കും. തിരിച്ചു പോരുന്ന സമയം നിങ്ങൾ ആ മാലാഖായെ കാണുകയും, നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ആ മാലാഖാ സാധിച്ചു തരികയും ചെയ്യും."

ആ കന്യകയുടെ ചാരിത്രശുദ്ധി അദ്ദേഹത്തിന്റെ ദുരദ്ദേശ്യങ്ങളെ വിഫലീഭവിപ്പിക്കയും, അദൃശ്യമായ ഒരു ശക്തി അദ്ദേഹത്തെ പ്രേരിപ്പിക്കയും ചെയ്തിരുന്നതിനാൽ അവളുടെ കന്യകാവ്രതത്തിന്നന്തരംവരുത്താതെ അവളെ വിട്ടയക്കാൻ ഇടയായി. അദ്ദേഹം ത്വരിതഗതിയിൽ അവിടംവിട്ടുപോകയും അടുത്ത പ്രഭാതത്തിൽ ഭൂഗർഭ പ്രേതാലയങ്ങൾക്കടുത്തു ചെന്നുചേരുകയും ചെയ്തു. വി. ഉർബൻ പാപ്പായുടെ അടുക്കലേക്കു കൂട്ടിക്കൊണ്ടു ചെന്നപ്പോൾ അദ്ദേഹം നടന്ന സംഭവങ്ങളെല്ലാം വിവരിച്ചു പറഞ്ഞു. പരിശുദ്ധ പിതാവു അദ്ദേഹത്തെ ക്രിസ്തീയ സത്യവിശ്വാസം ഉപദേശിക്കയും ക്രിസ്തുവിനെക്കുറിച്ചു അദ്ദേഹത്തിനു ഒരു സ്ഥൂലജ്ഞാനം നൽകയും നിരവധി സംശയനിവാരണങ്ങൾ വരുത്തിക്കൊടുക്കയും

ചെയ്തു. അദ്ദേഹം വലേറിയനെ വേദോപദേശം പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ശുഭ്രവസ്ത്രധാരിയായ ഒരു വന്ദ്യ വയോധികൻ സ്വർണ്ണനിറമുള്ള ഒരു പുസ്തകം കരങ്ങളിൽ വഹിച്ചുകൊണ്ട് അവരുടെ മദ്ധ്യേ പ്രത്യക്ഷനായി. അദ്ദേഹത്തിൻെറ തലയ്ക്കു ചുററുമായി ഒരു ദിവ്യതേജസ്സു വിളങ്ങിക്കൊണ്ടിരുന്നു. അതു അജ്ഞാനികളുടെ ശ്ലീഹായും റോമാ സഭാമണ്ഡപത്തിൻെറ ദ്വിതീയസ്തംഭവുമായ വി. പൌലോസല്ലാതെ മററാരുമായിരുന്നില്ലാ. ഈ അത്ഭുതകരമായ കാഴ്ച കണ്ടു ഭയവിഹ്വലനായ വലേരിയൻ അധോമുഖനായി ജീവശ്ശവംപോലെ നിലംപതിച്ചു. പക്ഷെ അദ്ദേഹത്തെ ആരൊ പിടിച്ചെഴുന്നേല്പിക്കുന്നതുപോലെയും വി. പൌലോസ് ഇപ്രകാരം പറയുന്നതുപോലെയും അദ്ദേഹത്തിനു തോന്നി. "ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്ന സംഗതികൾ വായിക്കയും വിശ്വസിക്കയും ചെയ്ക. എന്നാൽ ശുദ്ധീകരിക്കപ്പെടുന്നതിനും നിങ്ങളുടെ വിശ്വസ്ത വധുവായ സെസീല്യായുടെ മാലാഖായെ കാണുന്നതിനും തക്ക യോഗ്യത നിങ്ങൾക്കു ലഭിക്കും". വലേരിയൻ പുസ്തകം തുറന്നു താഴെ പറയുന്ന ഭാഗം സൂക്ഷ്മമായി വായിച്ചു: "ഒരു കർത്താവു, ഒരു വിശ്വാസം, ഒരു മാമ്മോദീസാ എല്ലാവർക്കും മേലെയും എല്ലാം വഴിയായും നാം എല്ലാവരിലും വസിക്കുന്ന സകലത്തിൻെറയും ദൈവവും പിതാവുമായവൻ ഏകൻ." (അപ്പസ്തോ IV, 5, 6.) "നിങ്ങൾ വിശ്വസിക്കുന്നുവോ?" എന്നു ശ്ലീഹാ ചോദിച്ചു. വലേരിയൻ ആനന്ദവിവശതയാൽ കരഞ്ഞുകൊണ്ടിപ്രകാരം പറഞ്ഞു: "ഇതിനെക്കാൾ പരമാർത്ഥമായിട്ടു ലോകത്തിലൊന്നുമില്ല, ഞാൻ ഇതിനെക്കാൾ ഉറപ്പായി വിശ്വസിക്കുന്ന വേറെ ഒന്നുമില്ല." അദ്ദേഹം ഈ വാക്കുകൾ ഉച്ചരിച്ചുകൊണ്ടിരിക്കുമ്പോൾ പ്രസ്തുത പുരുഷൻ പെട്ടെന്നു അപ്രത്യക്ഷനായി. പിന്നീട് അദ്ദേഹം നോക്കിയപ്പോൾ പരിശുദ്ധ പിതാവിനെയല്ലാതെ മററാരെയും അവിടെ കണ്ടില്ല. തദനന്തരം ഉർബൻ പാപ്പാ, ദൈവത്താൽതന്നെ ഉപദേശിച്ചു മനസ്സു തിരിക്കപ്പെട്ട വലേരിയനെ നിത്യരക്ഷയുടെ ഉറവയിലേക്കു ആനയിച്ചു. ക്രിസ്തീയവിശ്വാസത്തെ സംബന്ധിച്ച പരമരഹസ്യങ്ങൾ അദ്ദേഹം വിശ്വസിച്ചു എന്നു കണ്ടപ്പോൾ പാപ്പാ അദ്ദേഹത്തെ തൻെറ വധുവിൻെറ പക്കലേക്കു മടങ്ങിപ്പോകുവാൻ അനുവദിച്ചു.

സെസീല്യാ ഇനിയും അതി ഭൌമികം എന്നവണ്ണം പരിമളം വീശിയിരുന്ന കല്യാണമുറിയിൽ നിന്നു പോയിട്ടുണ്ടായിരുന്നില്ല.

രാത്രി സമയം മുഴവനും അവർ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. വലേരിയൻ ശുഭ്രവസ്ത്രധാരിയായി കല്യാണമുറിയിൽ പ്രവേശിച്ചപ്പോൾ തന്റെ അനുകമ്പാപൂർണ്ണങ്ങളായ അക്ഷികൾക്കു ലക്ഷീഭവിച്ചതു തന്റെ മണവാട്ടിയായ സെസീല്യായായിരുന്നു. അവളുടെ അരികിലായി സ്വർഗ്ഗനിവാസിയെന്നു തോന്നിക്കത്തക്കവണ്ണം ദിവ്യതേജസ്സുള്ള ഒരു മാലാഖാ ലില്ലിപുഷ്പങ്ങളും റോസ പുഷ്പങ്ങളും കൊണ്ടുണ്ടാക്കപ്പെട്ട രണ്ടു മുടികളും കരങ്ങളിൽ വഹിച്ചുകൊണ്ടു നിന്നിരുന്നു. ആ മാലാഖാ ആ മുടികളിൽ ഒന്നു് സിസീല്യായേയും മറെറതു വലേരിയനെയും ചൂടിച്ചുകൊണ്ടിപ്രകാരം പറഞ്ഞു: "ഈ മുടികളെ കേടുകൂടാതെ സൂക്ഷിക്കുന്നതിനു നിങ്ങൾ ഹൃദയശുദ്ധതയാലും ശരീര നൈർമ്മല്യത്താലും യോഗ്യരാകുവിൻ. ക്രിസ്തുവിന്റെ സത്യസഭാസന്താനമായ വലേരിയാ നിങ്ങൾ സെസീല്യായുടെ ആഗ്രഹത്തോടു യോജിച്ചതിനാൽ നിങ്ങളുടെ സകല അഭിലാഷങ്ങളും സാധിച്ചുതരുന്നതിനു ദൈവകുമാരനാൽ അയക്കപ്പെട്ട ഒരു മാലാഖായാണു ഞാൻ."

കൃതജ്ഞതാബദ്ധനായ വലേരിയൻ തന്നിൽ ശോഭിച്ചിരുന്ന ദിവ്യപ്രഭ അദ്ദേഹത്തിന്റെ സഹോദരനിലും പ്രകാശിപ്പിക്കണമെന്നു മാത്രമേ അപ്പോൾ ആവശ്യപ്പെട്ടുള്ളു. അതിനു മാലാഖാ ഉത്തരമായി പറഞ്ഞു: "ദൈവമകനെ, നീ ഭാഗ്യപ്പെട്ടവനാകട്ടെ. ദൈവം നിന്റെ അപേക്ഷയിൽ പ്രസാദിച്ചിരിക്കുന്നു. അങ്ങുന്നു നിങ്ങൾ അത്യധികമായി സ്നേഹിക്കുന്ന സഹോദരന്റെ ആത്മാവിനെ പാപത്തിൽനിന്നു വിമോചിക്കുവാൻ തിരുമനസ്സായിരിക്കുന്നു. അധിക കാലതാമസംകൂടാതെ നിങ്ങൾ ഇരുവരും മഹിമയുള്ള വേദസാക്ഷിമുടി ചൂടുകയും ചെയ്യും." സെസീല്യായും വലേരിയനും അനുഭവിച്ച സ്വർഗ്ഗീയ സന്തോഷം ഇത്രയെന്നു പറഞ്ഞൊപ്പിക്കാവതല്ല.

തദനന്തരം തന്റെ സഹോദരനേയും ഭാര്യയേയും ആദ്യമായി അനുമോദിക്കുന്നതു് താൻതന്നെ ആയിരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി തിബൂർസിയൂസ് അവിടെ എത്തി. 'ആ മുറിയിൽ എന്തു പരിമളമാണു് വീശുന്നതു്" എന്നു് അദ്ദേഹം ചോദിച്ചു. ആ വാസന അനുഭവിക്കുമ്പോൾ ഞാൻ ലില്ലിപ്പുഷ്പങ്ങളാലും റോസപുഷ്പങ്ങളാലും ആവൃതനായിരിക്കുന്നതുപോലെ എനിക്കു തോന്നുന്നുണ്ടു്. എന്നാൽ അവയുടെ കാലം ഇതല്ലതാനും!' ഈ ശുഭാവസരത്തിൽതന്നെ വലേരിയൻ ആ പാവന രാത്രിയിലുണ്ടായ

രഹസ്യങ്ങളെ അയാൾക്കു വെളിപ്പെടുത്തിക്കൊടുത്തു. എന്നാൽ തിബ്യൂർസിയൂസിന് അതൊന്നും വിശ്വസിപ്പാൻ കഴിഞ്ഞില്ല. ആകയാൽ സെസീല്യാ അദ്ദേഹത്തെ, പരീക്ഷാഫലമായി സുസ്ഥിരങ്ങളെന്നു വിശ്വസിക്കപ്പെട്ട ക്രിസ്തീയ സത്യങ്ങളെ മധുരമയതരമായ വാഗ്വിലാസത്തോടുകൂടി സവിസ്തരം പറഞ്ഞു കേൾപ്പിച്ചു. രണ്ടു മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും തിബ്യൂർസിയൂസ് സത്യം വിശ്വസിച്ച് ജ്ഞാനസ്നാനം കൈക്കൊള്ളണമെന്നുള്ള ആഗ്രഹത്തോടുകൂടി വലേരിയാനൊന്നിച്ച് പരിശുദ്ധ പിതാവിനെ കാണ്മാനായി ഭൂഗർഭ പ്രേതാലയങ്ങളിലേക്കു തിരിച്ചു.

അവിടെ എത്തിയിട്ടു ഏതാനും മാസങ്ങൾ കഴിഞ്ഞശേഷം, റോമായിലെ പ്രീഫെക്ടായിരുന്ന ക്രൂരനായ അൽമാക്കിയൂസ് ക്രിസ്ത്യാനികളോടുള്ള ദ്വേഷത്താൽ വലേരിയനേയും തിബ്യൂർസിയൂസിനേയും തന്റെ ന്യായാസനത്തിൻ മുമ്പാകെ വരുത്തുകയും, അവർ നിഷ്കപടമായി തങ്ങളുടെ ദിവ്യരക്ഷകനെ ഏററുപറകയും ചെയ്തു. പീഡകന്മാരുടെ നിഷ്ഠുരുണമായുള്ള അടിയേററ് രക്തം പ്രവഹിക്കാൻ തുടങ്ങിയപ്പോൾ വലേരിയൻ മണിനാദം മുഴങ്ങുന്നതുപോലെ ഇങ്ങനെ വിളിച്ചു പറഞ്ഞു: "റോമാക്കാരായ എന്റെ സഹോദരന്മാരേ, നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിൽ സ്ഥിരമായിരിപ്പിൻ. ഞാൻ അനുഭവിക്കുന്ന പീഡകളുടെ കാഴ്ച നിങ്ങളുടെ ധൈര്യത്തിന് അണുപോലും ഇളക്കം വരുത്താതിരിക്കട്ടെ. സത്യത്തെ പരസ്യമായി ഏററുപറയുവിൻ. ഇഹത്തിലുള്ള സകല സുഖദുഃഖങ്ങളും ക്ഷണികങ്ങളാണ്. എന്നും ഉണ്ടായിരിക്കുന്നവനും ജീവിക്കുന്നവനുമായ ദൈവപുത്രന്റെ നേർക്കു മാത്രം നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ തിരിക്കുവിൻ. അങ്ങുന്നു മാത്രമാണ് സാക്ഷാൽ കർത്താവ്. പ്രത്യുത, റോമാക്കാരുടെ വിഗ്രഹങ്ങൾ വെറും കല്ലും മരവും കൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ."

തദനന്തരം ശിരച്ഛേദം ചെയ്യപ്പെടുവാൻ വിധിക്കപ്പെട്ട ഈ രണ്ടു സഹോദരന്മാരും റോമാപ്പുരിക്കു വെളിയിൽ കൊണ്ടുപോകപ്പെട്ടു. പോകുന്നവഴിക്ക് അവരെ അനുഗമിച്ചിരുന്ന മാക്സിമിയൂസ് എന്നു പേരായ ശതാധിപനോടും അവർ സത്യവേദത്തെക്കുറിച്ചു പറകയും അവനെ ക്രീസ്തുവിലേക്കു ആനയിക്കയും ചെയ്തു. പീഡയനുഭവിക്കേണ്ടിയിരുന്ന സ്ഥലത്തിനടുത്തുള്ള ഒരു വീട്ടിലാണ് അവർ അന്നു രാത്രി കഴിച്ചുകൂട്ടിയത്. സെസീല്യാ അവരോട് അവസാന യാത്ര പറയുന്നതിനായി അവിടെ വന്നു.

തന്നു. വലേറിയൻെറയും തിബൂർസിയൂസിൻെറയും സഹായത്തോടുകൂടി അവൾ അവിടെയുണ്ടായിരുന്ന ഭടന്മാരോടു പ്രസംഗിച്ചു. തൻമൂലം എല്ലാവരും മനസ്സു തിരിഞ്ഞ് ജ്ഞാനസ്നാനപ്പെടണമെന്ന് ആവശ്യപ്പെട്ടുകയും, അവൾ വൈദികരെ അയച്ച് ദൈവത്തിൻെറ അത്ഭുതമസന്താനങ്ങളായ അവരെ പഠിപ്പിക്കുകയും ജ്ഞാനസ്നാനപ്പെടുത്തിക്കയും ചെയ്തു. ആ രാത്രി അവർ പ്രാർത്ഥനയിലും ഉപകാരസ്മരണയിലും ഹൃദയസ്പൎശകമായ യാത്രപറച്ചിലിലും കഴിച്ചുകൂട്ടി.

പിറേറന്നു പ്രഭാതത്തിൽ ഈ രണ്ടു വേദസാക്ഷികളും ശിരഛേദനം ചെയ്യപ്പെട്ടു. അവരുടെ രക്തമൊലിച്ചുകൊണ്ടിരുന്ന ശിരസ്സുകൾ ജൂപ്പിററിൻെറ പാദത്തുങ്കൽ നിപതിച്ചു. മാക്സിമിയൂസ് യാതൊരു മടിയും കൂടാതെ അവരോടുകൂടി അനുയാത്ര ചെയ്തിരുന്നു. അവരെ ക്രൂരതരമായി പീഡിപ്പിക്കുന്നതിനു കല്പന കൊടുത്തിട്ടും അവൻ വൈമനസ്യം കാണിക്കായ്കയാൽ മാക്സിമിയൂസ് ന്യായാസനത്തിൻ മുമ്പാകെ ഹാജരാക്കപ്പെട്ടു. അവിടെ വച്ച് ആ ശതാധിപൻ യേശുക്രിസ്തുവിനെ ഏററുപറകയും പ്ലീഹെക്ററിൻെറ നിഷ്ഠുരമായ ആയുധങ്ങൾക്കിരയാകയും ചെയ്തു. സെസീല്യാ ഏവംവിധങ്ങളായ വിജയങ്ങളാൽ പ്രേരിതയായി, തൻെറ പ്രിയ വല്ലഭൻെറയും ഭർത്തൃസോദരൻെറയും മാക്സിമിയൂസിൻെറയും തിരുശേഷിപ്പുകൾ കിട്ടിയിടത്തോളം ശേഖരിച്ചുവച്ചു. വി. ഉർബൻ പാപ്പാ അവയെ സബഹുമാനം ഭൂഗർഭപ്രേതാലയത്തിനുള്ളിൽ നിക്ഷേപിക്കുകയും ചെയ്തു. സെസീല്യാ, അവളുടെ മരണം ആസന്നമായിരിക്കണമെന്നു വിചാരിച്ച് അതി തീവ്രമായി സമരത്തിനൊരുങ്ങി. പിന്നീട് അവൾ തനിക്കു ശേഷിച്ചിട്ടുണ്ടായിരുന്ന സ്വത്തുകളെല്ലാം നിർദ്ധനർക്കു ഭാഗിച്ചു കൊടുത്തിട്ട് അദ്ഭുതപൂർവ്വമായ തീക്ഷ്ണതയോടുകൂടി ഈശോമിശിഹായെ പ്രസംഗിക്കയും, അവളുടെ ആ ജീവാവസാനകാലത്തു പോലും നാനൂറിൽ പരം ആളുകളെ ക്രിസ്തുവിലേക്കു ആനയിക്കയും മ്ശിഹായുടെ മണവാട്ടിയായ അവളുടെ ഗൃഹത്തിൽ വച്ചുതന്നെ വി. ഉർബൻ പാപ്പായെക്കൊണ്ടു ജ്ഞാനസ്നാനം ചെയ്യിപ്പിക്കുകയും ചെയ്തു. ഇങ്ങനെയുള്ള സൽപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് അവൾ ന്യായാസനത്തിങ്കലേയ്ക്കു വിളിക്കപ്പെട്ടതു്.

നവംബർ ൨൨-ാം നു- യാണ് സെസീല്യാ, വിശേഷ ദിവസങ്ങളിൽ റോമൻ പ്രഭ്വികൾ ചെയ്തിരുന്നതുപോലെ, വിലപിടിച്ചു

വസ്ത്രങ്ങളണിഞ്ഞു ന്യായാസനത്തിങ്കൽ ഹാജരായതു്. പ്രകൃത്യാ തന്നെ സൗമ്യയും, എന്നാൽ ഭയം ലേശംപോലും ഇല്ലാതിരുന്നവളു ആ കന്യകയെ കണ്ടിട്ട് പ്രീഫെക്ട് രോഷാകുലനായി ഇപ്രകാരം ചോദിച്ചു: "നിൻെറപേരെന്തു്?"

കന്യക: — മനുഷ്യരുടെയിടയിൽ ഞാൻ സെസീല്യാ എന്നാണ് വിളിക്കപ്പെടുന്നത്. എന്നാൽ എൻെറ അത്യുൽകൃഷ്ടമായ പേര് ക്രിസ്ത്യാനിയെന്നാണ്.

പ്രീഫെക്റ്റ്:- നിൻെറ ലൗകികാവസ്ഥയെന്ത്?

കന്യക:- ഞാൻ റോമായിലെ പട്രീഷിയൻ എന്ന ശ്രേഷ്ഠകുലജാതയാണ്.

പ്രീഫെക്റ്റ്:- അതെനിക്കറിയാം. നിൻെറ മതത്തെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നതു്.

കന്യക:- നിങ്ങളുടെ ചോദ്യം രണ്ടുത്തരത്തെ ഉദ്ദേശിച്ചുള്ളതാണെങ്കിൽ ഇങ്ങനെയല്ല ചോദിക്കേണ്ടിയിരുന്നത്. ആകയാൽ നിങ്ങളുടെ ചോദ്യം തെററിപ്പോയി എന്നു പറയുന്നതിൽ ഞാൻ കുററക്കാരിയാകുമെന്നു തോന്നുന്നില്ല.

അൽമാക്കിയൂസ് (വല്ലാതെ ക്ഷോഭിച്ചവശായി) നിനക്കു ഞാൻ ചോദിച്ച ചോദ്യം തെററോ ശരിയോ എന്നറിയുന്നതിനുള്ള സൂക്ഷ്മജ്ഞാനം എവിടെ നിന്നാണ് ലഭിച്ചതു്?

കന്യക:- ഒരു നിർമ്മല മനസ്സാക്ഷിയിൽനിന്നും, ദൈവപുത്രനായ മിശിഹായിലുള്ള ദൃഢവിശ്വാസത്തിൽ നിന്നുമാണ് എനിക്കു ആ ജ്ഞാനം സിദ്ധിച്ചിട്ടുള്ളത്.

പ്രീഫെക്റ്റ്:- അഹംഭാവി, നിൻെറ ജീവനിൽ ഞങ്ങൾക്കു പൂർണ്ണാധികാരം സിദ്ധിച്ചിട്ടുള്ളത് നിനക്കറിവില്ലേ? ആ പേർ എററുപറവാൻ പാടില്ലെന്നു മുടക്കീട്ടുള്ള കാര്യവും നീ അറിഞ്ഞിട്ടില്ലേ?

സെസീല്യാ:- സ്ഥിരത ഒരിക്കലും അഹംഭാവമാകുന്നതല്ല. നിങ്ങളുടെ ചക്രവർത്തിമാരും നിങ്ങളെപ്പോലെ തന്നെ അബദ്ധസമ്പൂർണ്ണന്മാരാണ്. അവരുടെ പ്രമാണം ഞങ്ങളുടെ നിഷ്ക്കാപട്യത്തെയാണ് വെളിപ്പെടുത്തുന്നത്. ഈ പേർ എററുപറയുന്നത് കുററകരമാണെങ്കിൽ ഞങ്ങൾ അധർമ്മത്തിൽ പങ്കുകൊള്ളണമെന്നുണ്ടോ? എങ്കിലും നിങ്ങൾക്കു സത്യം ഇന്നതെന്നു കേൾ

ക്കുന്നതിനു വിരോധമില്ലെങ്കിൽ, നിങ്ങൾ ഇപ്പോൾ പറഞ്ഞത് തീച്ചയായും അസത്യമാണെന്നു തെളിയിച്ചു തരുവാൻ ഞാൻ തയ്യാറാണ്.

പ്രീഫെക്റ്റ്:- അതെങ്ങനെയാണ്?

സെസീല്യാ:- നിങ്ങളുടെ അധിപന്മാർ നിങ്ങൾക്കു ജീവനിൽ സവ്വാധികാരവും തന്നിരിക്കുന്നുവെന്നല്ല നിങ്ങൾ പറഞ്ഞത്? അതുകൊണ്ടു തന്നെയാണ് നിങ്ങൾ അസത്യവാദിയാണെന്നു ഞാൻ പറഞ്ഞത്.

അൽമാക്കിയൂസ്:- ഞാൻ അസത്യം പറഞ്ഞുവെന്നോ?

സെസീല്യാ:- അതെ, നിങ്ങൾക്കു ഹിംസിക്കാനുള്ള സ്വാതന്ത്ര്യം മാത്രമേയുള്ളൂ. കൊല്ലാനല്ലാതെ ജീവിപ്പിക്കുവാൻ നിങ്ങൾക്കു സാധിക്കുമോ? ആകയാൽ നിങ്ങളുടെ ചക്രവത്തിമാർ കൊല ചെയ്യാനുള്ള അധികാരം മാത്രം നിങ്ങൾക്കു തന്നിരിക്കുന്നുവെന്നാണ് നിങ്ങൾ പറയേണ്ടിയിരുന്നതും, മേലിൽ പറയേണ്ടതും.

അൽമാക്കിയൂസ് (കോപം അടക്കിയിട്ട്) നിർഭാഗ്യപ്പെട്ട സ്ത്രീയെ, നിൻെറ വ്യത്ഥചിന്തകളെ തള്ളിക്കളക; നീ തെററിൽ വീണുപോയി. നീ മുഖാന്തരം മററുള്ളവരും അതേ തെററിൽതന്നെ വീഴുവാൻ ഇടവരുന്നു. നിനക്കു സന്തോഷവും സമ്പത്തും അനുഭവിക്കാമെന്നിരിക്കെ കഷ്ടാനുഭവത്തിനു നീ തയ്യാറാകുന്നതെന്തിനു്?

സെസീല്യാ:- (അധികാര ഭാവത്തോടുകൂടി പറയുന്നു.) നിങ്ങൾ തലച്ചോറില്ലാത്തവനെപ്പോലെയാണ് സംസാരിക്കുന്നത്. നിങ്ങൾ പറയുന്നതെന്തെന്നു നിങ്ങൾ തന്നെ മനസ്സിലാക്കുന്നില്ല. വെളിച്ചത്തിൻെറ സന്താനങ്ങളായിരിക്കുന്ന ഞങ്ങൾക്കു സത്യമിന്നതെന്നു തിരിച്ചറിയാം. ഞങ്ങൾ വരുവാനിരിക്കുന്നവയെ കാംക്ഷിച്ചുകൊണ്ടു അതിനു ഞങ്ങളെത്തന്നെ ഒരുക്കുകയാണ് ചെയ്യുന്നത്. ഞങ്ങൾ ദാരിദ്ര്യത്തിലും തപസ്സിലുമാണ് ജീവിതം കഴിച്ചുകൂട്ടുന്നതെന്നുള്ളതു ശരിതന്നെ. എന്നാൽ ഞങ്ങളുടെ കഷ്ടാനുഭവങ്ങളുടെ ഫലം അനുഭവിക്കേണ്ടുന്ന ഒരു ദിനം വരും. ഈശോമിശിഹായ്ക്കുവേണ്ടി സങ്കടങ്ങൾ അനുഭവിക്കുന്നതും മരിക്കുന്നതും ഞങ്ങൾക്കു ഒരു സാക്ഷാൽ സമ്പത്തായിട്ടേ തീരുകയുള്ളൂ. ഞങ്ങൾ എന്നെന്നേയ്ക്കുമായി സുഖമനുഭവിക്കും. നേരെമ

••

റിച്ച് പാരത്രീക വിഷയങ്ങളിൽ ഇപ്പോൾ യാതൊരു ചിന്തയും കൂടാതെ വിജയികളായി സന്തോഷിക്കുന്നവർ എന്നെന്നേയ്ക്കുമായി വിലപിക്കേണ്ടിവരും, നിശ്ചയം.

പ്രീഫെക്റ്റ്:- അങ്ങനെയാണെങ്കിൽ ഞങ്ങൾക്കും ഞങ്ങളുടെ അജയ്യന്മാരായ ചക്രവർത്തികൾക്കും നിത്യശിക്ഷയല്ലാതെ മറ്റൊന്നും ശേഷിക്കയില്ലെന്നാണോ നീ പറയുന്നത്?

സെസീല്യാ:- നിങ്ങളും നിങ്ങളുടെ അധിപന്മാരും, മനുഷ്യരും മരണമുള്ളവരും അല്ലെന്നു വരുമോ? ദൈവം നിങ്ങളെ വിധിക്കുകയും, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന അധികാരത്തിനു നിങ്ങൾ തന്നെ കണക്കു കൊടുക്കേണ്ടതായി വരുകയും ചെയ്യും.

പ്രീഫെക്റ്റ്: (കോപാന്ധനായി ജൂപ്പിറ്ററിന്റെയും, മാർഡിന്റെയും റോമുളൂസിന്റെയും വിഗ്രഹങ്ങളെ ചൂണ്ടിക്കാണിച്ചിട്ടു വീണ്ടും പറയുന്നു.) മതി, മതി നിന്റെ അസംബന്ധമൊക്കെ നിറുത്ത്. നീ ആക്കാണുന്ന ദേവന്മാരെ ആരാധിക്കുക. അല്ലാത്ത പക്ഷം നീ എന്റെ വാളിന്നിരയാകുമെന്നു ഓർത്തുകൊള്ളണം.

സെസീല്യാ:- (സഗൗരവം ചോദിക്കുന്നു.) ദേവന്മാരെ ആരാധിക്കയെന്നോ! നിങ്ങൾ ഇത്ര അന്ധനാണോ? നിങ്ങൾ എവിടെയാണ് ദേവന്മാരെ കാണുന്നത്. ഞാൻ ഇവിടെ കല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങളല്ലാതെ യാതൊന്നും കാണുന്നില്ലല്ലോ. നിങ്ങൾക്കിഷ്ടമുള്ള പക്ഷം ഈരണ്ടു 'തലേന്ത്രു'നാണയം വീതം തരികയാണെങ്കിൽ ഞാൻ ഇത്തരം ദേവന്മാരെ എത്ര ലക്ഷം വേണമെങ്കിലും വാങ്ങിച്ചു തരാം. ദൈവം സ്വർഗ്ഗത്തിലാണ്. നിങ്ങൾ എന്നോടു സംസാരിച്ചുകൊണ്ടിരിക്കയും, ഞാൻ അസത്യമെന്നു തെളിയിച്ചവയെ നിഷേധിക്കാതിരിക്കയും ചെയ്ത സ്ഥിതിക്ക് അവ അസത്യങ്ങളെന്നു നിങ്ങളും സമ്മതിക്കുന്നുവെന്നാണ് ഞാൻ അനുമാനിക്കുന്നത്. ഇനി നിങ്ങൾക്കിഷ്ടമുള്ളതുപോലെ എന്നോടു പ്രവർത്തിച്ചുകൊൾക. ക്രിസ്തു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ട്. ആകയാൽ വിശ്വാമാസകലം ജയിക്കുന്നതിനുള്ള ശക്തി അങ്ങുന്നു എനിക്കു നൽകും. നിശ്ചയം.

അദ്ദേഹം ദേഷ്യവിറയലോടുകൂടി ആ ക്രിസ്തീയ കന്യകയെ അവളുടെ സ്വഗൃഹത്തിലേക്കു മടക്കിക്കൊണ്ടുപോകുവാൻ കല്പിച്ചു. പീഡകന്മാർ അവളെ അഗ്നിജ്വാല ഏൽക്കത്തക്കവണ്ണം കെട്ടിത്തൂക്കി ശ്വാസംമുട്ടിച്ചു കൊല്ലുന്നതിനു വേണ്ട ഒരുക്കങ്ങൾ

ചെയ്തു. അവൾ പരസ്യമായി പീഡിപ്പിക്കപ്പെടുന്നപക്ഷം എല്ലാവരും അൽമാക്കിയൂസിനെ എതിർക്കുമെന്നു അദ്ദേഹത്തിനു ഭയമുണ്ടായിരുന്നു. ആ കന്യക ഇട്ടടയ്ക്കപ്പെട്ട അറ ഇന്നും റോമായിൽ കാണാവുന്നതാണ്. അവളുടെ പീഡകന്മാർ രാവും പകലും അവളെ നിഷ്ഫലമായി തിളപ്പാല ഏല്പിച്ചു. ബാബിലോണിൽവെച്ചു തീച്ചൂളയിലിട്ടു പീഡിപ്പിക്കപ്പെട്ട എബ്രായയുവാക്കളെപ്പോലെ സെസീല്യായും അത്ഭുതമാംവണ്ണം സംരക്ഷിക്കപ്പെടുകയും ദൈവസ്തുതികളെ പാടുകയും സ്വർഗ്ഗീയാശ്വാസം ആസ്വദിക്കയുമാണു ചെയ്തതു്.

അൽമാക്കിയൂസ് ഈ അത്ഭുതകരമായ വൃത്താന്തംകേട്ട് വളരെ പരിഭ്രമിച്ചു. തദനന്തരം, അവളെ അപ്രകാരം നിഷ്ഫലമായി അഗ്നിജ്വാലകൊണ്ടു പീഡിപ്പിക്കേണ്ടെന്നും, ഇനി കഴുത്തു വെട്ടി തീയിലിട്ടാൽ മതിയെന്നും അദ്ദേഹം വേറൊരു പീഡകനോടു ആജ്ഞാപിച്ചയക്കുകയുണ്ടായി. അവനും മൂന്നുപ്രാവശ്യം അവളുടെ കഴുത്തിനെ ലാക്കാക്കി വെട്ടി മുറിവേല്പിച്ചെങ്കിലും അവൾ പെട്ടെന്നു മരിച്ചില്ല. പിന്നീടു അവനും രക്തം ഒഴുക്കിക്കൊണ്ടിരുന്ന സെസീല്യായെ വിട്ടുപോയി.

നമ്മുടെ വേദസാക്ഷിണി ഇങ്ങനെ മരണവേദന അനുഭവിച്ചുകൊണ്ടു മൂന്നു ദിവസം കിടന്നു. അവൾ അവസാനശ്വാസംപോലും, തങ്ങളുടെ മാതാവിനെപ്പോലെ കരുതിക്കൊണ്ട് തന്റെ ചുറ്റും നിന്നിരുന്ന നിർദ്ധനരോടു ഈശോയെപ്പററി പ്രസംഗിപ്പാൻ ഉപയോഗപ്പെടുത്താതിരുന്നില്ല. അവളുടെ ഒടുവിലത്തെ വിലാപം വിശുദ്ധ ഉർബൻ പാപ്പായും കേട്ടു. അതിനുമുമ്പുതന്നെ അവൾ തന്റെ ഗൃഹം ക്രിസ്ത്യാനികളുടെ ഒരു പരിശുദ്ധ സ്ഥലമാകണമെന്നു ആഗ്രഹിച്ചുകൊണ്ട് റോമാസഭയ്ക്കു വിട്ടുകൊടുത്തു കഴിഞ്ഞിരുന്നു.

സെസീല്യായുടെ നിർമ്മല ശരീരത്തോടുള്ള ബഹുമാനം നിമിത്തം പരിശുദ്ധ പിതാവ് അതിന്മേൽ തൊടുവാൻ ആരെയും അനുവദിച്ചിരുന്നില്ല. ആകന്യകയുടെ പുണ്യാത്മാവു വേർപിരിഞ്ഞപ്പോൾ ഏതു സ്ഥിതിയിൽ ഇരുന്നിരുന്നുവോ അതേവിധത്തിലാണ് അദ്ദേഹംതന്നെ ആ ശരീരത്തെ സൈപ്രസ് മരംകൊണ്ടുണ്ടാക്കപ്പെട്ട ഒരു ശവപ്പെട്ടിയിലാക്കിച്ചു മറവുചെയ്തതു്. പിന്നീടു ആ മൃതശരീരം വി. വലേരിയന്റെയും തിബൂർസിയൂസിന്റെയും

മാക്സിമിയൂസിന്റെയും ശരീരങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്ന ഭൂഗർഭപ്രേതാലയത്തിലേക്കു സാഡംബരം മാററി സ്ഥാപിക്കയും ചെയ്തു.

ക്ലെമെൻറ് എട്ടാമന്റെ കാലത്ത്, അതായത് ഏകദേശം മുന്നൂറു കൊല്ലം കഴിഞ്ഞിട്ടും അതിനു യാതൊരു കേടും ഉണ്ടായില്ല. വലത്തുഭാഗത്തായിട്ടു കൈകൾ രണ്ടും മുട്ടുകാലിന്നോടു ചേർത്തു പിടിച്ചിട്ടുള്ളതായും മുറിവേററ തല കീഴോട്ടു നോക്കുന്നതായുമാണ് കാണപ്പെട്ടത്. വിലപിടിച്ചതും, സ്വർണ്ണവേല ചെയ്യപ്പെട്ടതുമായ ഒരു ശുഭ്രവസ്ത്രം ധരിച്ചിട്ടുണ്ട്. കന്യകയായ ആ വേദസാക്ഷിണിയുടെ കാൽക്കൽ രക്തം പുരണ്ട കുറച്ചു തുണിയും കിടപ്പുണ്ട്. അവളുടെ അമൂല്യമായ തിരുശ്ശേഷിപ്പുകൾ കാലാന്തരത്തിൽ തന്റെ ഭർത്താവിന്റെയും ഭർത്തൃസഹോദരന്റെയും വി. മാക്സിമിയൂസിന്റെയും വി. ഉർബന്റെയും തിരുശ്ശേഷിപ്പുകളോടു കൂട്ടിച്ചേർത്തു റോമിലെ വി. സെസിലിയായുടെ ദേവാലയത്തിലേയ്ക്കു മാററപ്പെടുകയുണ്ടായി. വി സെസിലിയാ മരിച്ച സ്ഥലത്തുതന്നെയാണ് ഈ ദേവാലയം സ്ഥിതി ചെയ്യുന്നത്. 40 വിളക്കുകൾ രാവും പകലും കത്തിക്കൊണ്ടിരിക്കുന്നു. ഈ സുപ്രസിദ്ധ ദേവാലയത്തിന്റെ പ്രധാന ബലിപീഠത്തിനുള്ളിലാണ് അവർ ഇന്നും വണങ്ങപ്പെടുന്നത്.

നവമ്പർ 22-ാംനു-യാണ് ഈ വിശുദ്ധയുടെ തിരുനാൾ.

നമ്മുടെ രാജ്യത്തിനു സത്യവിശ്വാസപ്രകാശവും മനസ്സുതിരിവും മരണപര്യന്തം സുസ്ഥിരമായ നിലനിൽപ്പും സിദ്ധിക്കുന്നതിനുവേണ്ടി നിരന്തരം പ്രാർത്ഥിപ്പാൻ ഈ കന്യകയ്ക്കു കൃപയുണ്ടാകട്ടെ.



## 43 ജപമാല.

രാജാക്കന്മാർക്കും മററും പുഷ്പമാലകൾ കാഴ്ചവെയ്ക്കുക എന്ന ഒരു പതിവു പൗരസ്ത്യരാജ്യങ്ങളിൽ പണ്ട് നടപ്പുണ്ടായിരുന്നു. സ്വർഗ്ഗരാജ്ഞിയേയും ഇപ്രകാരം തന്നെ ബഹുമാനിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പുരാതന ക്രിസ്ത്യാനികൾ പരിശുദ്ധ നാഥയുടേയും മററു പുണ്യവാന്മാരുടേയും പ്രതിമകളിന്മേലും പുഷ്പമാലകൾ ചാർത്തുക പതിവായിരുന്നു. എന്നാൽ ദൈവജനനിയുടെ നേരെ അവർക്കുണ്ടായിരുന്ന ഭക്തി ഇതുകൊണ്ടും തൃപ്തിയടഞ്ഞില്ല. കേവലം ഭൌതികമായ മാലകൾക്കു പകരം അദ്ധ്യാത്മിക മാല്യങ്ങൾ, അതെ, ജപങ്ങൾകൊണ്ടു കെട്ടിയുണ്ടാക്കിയ മാലകൾ ദൈവജനനിക്കർപ്പിക്കുന്നതിന്ന് അവർ തീർച്ചയാക്കി. ഇപ്രകാരം വിശ്വവിശ്രുതനായ നസ്യാൻസിലെ വി. ഗ്രിഗോരിയൂസ് മേരിസ്തുതികളടങ്ങിയ ചില ജപങ്ങൾ രചിച്ചു പ്രചരിപ്പിച്ചു.

ഏഴാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. ബ്രിഡ്ജററ് ഈ ഭക്തമുറയെ പരിപൂർണ്ണമാക്കി. വി. ഗ്രിഗോരിയൂസ് പ്രചരിപ്പിച്ച മേരിസ്തുതികളുടെ സ്ഥാനത്ത് ഏററവും ഫലപ്രദങ്ങളും എല്ലാവർക്കും സുപരിചിതങ്ങളുമായ, വിശ്വാസപ്രമാണം, ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞ മറിയം എന്ന ജപങ്ങൾ ചൊല്ലുന്നതിനും ജനങ്ങളെ പഠിപ്പിച്ചു. ഇവയുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന്നു, വനവാസികളുടെ സമ്പ്രദായമനുസരിച്ചു, ഒരു ചരടിന്മേൽ കുറെ 'മണികൾ' കെട്ടിയുണ്ടാക്കിയ മാലയാണ് ഉപയോഗിച്ചിരുന്നത്. ഇങ്ങനെയത്രെ നമ്മുടെ ഇന്നത്തെ ജപമാലയുടെ ഉത്ഭവം.

കൊന്തനമസ്കാരത്തിൽ "നന്മ നിറഞ്ഞ മറിയമെ" എന്ന ജപമാണ് നാം അധികം ഉപയോഗപ്പെടുത്തുന്നത്. ഇതു പ്രോട്ടസ്റ്റാൻറുകാർ ജല്പിക്കുന്നതുപൊലെ, ദൈവത്തെക്കാൾ പരിശുദ്ധ മറിയത്തെ നാം കൂടുതൽ ബഹുമാനിക്കുന്നതുകൊണ്ടല്ല, പ്രത്യുത പരിശുദ്ധ മറിയത്തിൻെറ സ്തുതിക്കായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ ഭക്തമുറയിൽ ഏറിയ പങ്കും ഈ നാഥയെ സംബന്ധിക്കുന്ന ജപങ്ങൾ ഉപയോഗിക്കുന്നതു യുക്തിയുക്തമാകകൊണ്ടാണ് ജപമാലഭക്തി, സ്ത്രീകൾക്കുമാത്രം പററിയ ഒന്നാണെന്നു

••

ഒരു ധാരണയും ഈ പരിഷ്കാരകാലത്തു് ചിലരെ ബാധിച്ചു കാണുന്നുണ്ടു്. എന്നാൽ ഇതു തീരെ നിരൎത്ഥകംതന്നെ. പുരുഷന്മാർക്കു കൊള്ളാത്ത എന്താണു് ഈ ഭക്തമുറയിൽ ഇവർ കാണുന്നതു്? ഒരുപക്ഷെ അതു 'ആകാശങ്ങളിലിരിക്കുന്ന' എന്ന ജപമായിരിക്കുമോ? അതു മിശിഹാതന്നെ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതാണല്ലോ. അഥവാ അതു 'വിശ്വാസ പ്രമാണ'മോ, 'നന്മനിറഞ്ഞ മറിയമെ' എന്ന നമസ്കാരമോ? പുരാതന കാലങ്ങളിലെന്നപോലെ ഇദാനീന്തന കാലങ്ങളിലും പല വിശുദ്ധാത്മാക്കളും ഈ സുകൃതാഭ്യാസത്തെ അനുഷ്ഠിച്ചു വന്നതായി ചരിത്രം സാക്ഷിക്കുന്നു. വി. ചാൾസ് ബൊറേമ്യോ, വി. ഫ്റാൻസീസ് സെവിയർ, വി. വിൻസൻറു് ദെ പാൾ, ബോസെപ്, ഫെനലൻ എന്നിവരെല്ലാം ഏതദ്വിഷയത്തിൽ പ്രഥമ ഗണനീയന്മാരത്രെ. അതിനാൽ ജപമാലഭക്തി സ്ത്രീകൾക്കു മാത്രമേ പററുകയുള്ളു എന്ന അഭിപ്രായം തീരെ നിരൎത്ഥകമാണെന്നു മാത്രം തൽക്കാലം പറഞ്ഞുകൊള്ളുന്നു.

ഈ ഭക്തമുറയെ ഫലപ്രദമാംവണ്ണം കഴിക്കേണ്ടതെങ്ങനെയെന്നതിനെ പററിക്കൂടെ രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. നമ്മുടെ പരിപാവനമായ വിശ്വാസത്തിന്റെ പ്രധാന രഹസ്യങ്ങളിൽ പതിനഞ്ചെണ്ണമാണു് ജപമാലയുടെ ധ്യാനവിഷയങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. ഇവയെക്കുറിച്ചു ധ്യാനിച്ചുകൊണ്ടും, നമുക്കാവശ്യമുള്ള വരപ്രസാദങ്ങൾ പരിശുദ്ധ മറിയത്തിന്റെ മാദ്ധ്യസ്ഥംമൂലം യാചിച്ചുകൊണ്ടുമാണു് നാം ഈ ജപം കഴിക്കേണ്ടതു്. കൂടാതെ, ഓരോ പ്രത്യേകോദ്ദേശ്യത്തോടുകൂടെ ഓരോ രഹസ്യവും ചൊല്ലുന്നതും ഫലപ്രദമായിരിക്കും. ഇപ്രകാരം ഭക്തിയോടെ ഈ ജപം കഴിക്കുന്നതായാൽ അനവധി നന്മകൾ ലഭിക്കുന്നതിനു് ഇതു നമുക്കു് ഒരു ഉറവയായിത്തീരാതിരിക്കയില്ല.

കുറെ വർഷങ്ങൾക്കു മുമ്പു് ഒരു വൈദികൻ രോഗ ബാധിതനായ ഒരു യുവാവിന്റെ കുമ്പസ്സാരം കേൾക്കുന്നതിനു പോകയുണ്ടായി. അദ്ദേഹം രോഗിയുടെ വീട്ടിൽ എത്തിയപ്പോൾ രോഗി തീരെ ബോധരഹിതനായി കിടക്കുകയായിരുന്നു. അതിനാൽ കുമ്പസ്സാരം കേൾക്കുന്നതിനു് നിവൃത്തിയില്ലാതെ അദ്ദേഹം മടങ്ങുകയും ആ രോഗിക്കുവേണ്ടി പരിശുദ്ധ മറിയത്തിനു് ഒരു ദിവ്യപൂജ അണയ്ക്കുകയും ചെയ്തു. അദ്ദേഹം സങ്കീൎത്തിയിൽ നിന്നു മടങ്ങുന്നതിന്നു മുമ്പു് ഒരു ഭൃത്യൻ ഓടിവന്നു തന്റെ യജമാനനു

ബോധം വീണെന്നും കുമ്പസ്സാരിക്കാനാഗ്രഹിക്കുന്നുവെന്നും പറഞ്ഞു. അദ്ദേഹം ഉടനെ അവിടെ ചെന്നു അയാളുടെ കുമ്പസ്സാരം കേട്ടു. അവിചാരിതമായ ഈ മാനസാന്തരത്തിനുണ്ടായ ഹേതു എന്തെന്നു് അദ്ദേഹം രോഗിയോടു ചോദിച്ചു. അതിനുത്തരമായി അയാൾ പറഞ്ഞു: "വന്ദ്യ പിതാവെ, എൻെറ ഈ മാനസാന്തരത്തിനു് ഞാൻ എൻെറ പ്രിയ മാതാവിനോടാണു് കടപ്പെട്ടിരിക്കുന്നതു്. അവൾ മരിക്കാറായപ്പോൾ എന്നെ അരികിൽ വിളിച്ചു, 'എൻെറ മകനെ, നിന്നെ ഞാൻ പരിശുദ്ധ നാഥയുടെ മദ്ധ്യസ്ഥതയിൽ ഏല്പിക്കുന്നു. ഈ അമ്മയുടെ സ്തുതിക്കായി നീ ദിവസേന ഒരു കൊന്ത എത്തിക്കാമെന്നു വാഗ്ദാനം ചെയ്ക' എന്നു പറഞ്ഞു. അങ്ങനെ ചെയ്യാമെന്നു ഞാൻ സമ്മതിച്ചു. ഇതു കണ്ടു സന്തുഷ്ടയായ അവൾ സമാധാനത്തോടെ ഇഹലോകവാസം വെടിഞ്ഞു. അന്നുമുതൽ ഈ ഭക്തകൃത്യം ഞാൻ അനുഷ്ഠിച്ചു വരികയും ചെയ്യുന്നു. കഴിഞ്ഞ പത്തു വർഷക്കാലത്തോളം ഇതല്ലാതെ മതാത്മകമായ യാതൊന്നും ഞാൻ ചെയ്തിരുന്നില്ല." ഇതു കേട്ടു വൈദികൻ പരിശുദ്ധ ദൈവജനനിയെ സ്തുതിച്ചുകൊണ്ടു് അയാളെ ഒരു നൽമരണത്തിനൊരുക്കുകയും അയാൾ ഭാഗ്യമരണം പ്രാപിക്കുകയും ചെയ്തു. പ്രിയ വായനക്കാരെ, ജപമാലഭക്തി എത്ര ഫലസിദ്ധിയുള്ളതാണെന്നു ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു.

## 44. വി. പൌലോസിൻെറ അത്ഭുതത മാനസാന്തരം.

യഹൂദന്മാരുടെ രാജാവും പ്രധാനാചാര്യനുമായിരുന്ന ഹെറോദേസ് അഗ്രിപ്പാ, ശ്രീയേശുക്രിസ്തുവിനേയും, അങ്ങെ അപ്പസ്തോലന്മാരേയും, അവരുടെ അനുയായികളേയും മട്ടിക്കുവാൻ സർവ്വദാ ശ്രമിച്ചിരുന്നു. ഈ പൈശാചിക ജോലിയിൽ യഹൂദരുടെ ഒരു വിശ്വസ്ത ഭൃത്യനായിരുന്നു വി. പൌലോസ്. മതാഭിമാനികളിൽ അഗ്രഗണ്യനായിരുന്ന ഇദ്ദേഹം താർസീസ് എന്ന പട്ടണത്തിലെ ഒരു മാന്യ യഹൂദ കുടുംബത്തിൽ ജനിച്ചവനായിരുന്നു.

പ്രീശന്മാരുടെ പ്രോത്സാഹനമനുസരിച്ചു് പൌലോസി ക്രിസ്ത്യാനികളെ സർവ്വവിധേനയും ഞെരുക്കിവന്നിരുന്നു. ഈ സം

ഗതി 'നടവടി' പുസ്തകത്തിൽ നിന്നും പ്രസ്പഷ്ടമാകുന്നുണ്ട്. "ശാവോൽ" (പൌലോസ്) വീട്ടുകൾതോറും കടന്നു പുരുഷന്മാരേയും സ്ത്രീകളേയും പിടിച്ചു വലിച്ചും കാരാഗൃഹത്തിൽ ഏല്പിച്ചും സഭയെ കഠിനമായി മർദ്ദിച്ചിരുന്നു. 'ഞാൻ, കർത്താവെ, നിന്നിൽ വിശ്വസിക്കുന്നവരെ കാരാഗൃഹത്തിൽ ആക്കുകയും, ജപസ്ഥാനങ്ങൾതോറും അടിശിക്ഷ നടത്തിക്കയും ചെയ്തുവന്നു, നിന്റെ സാക്ഷിയായ എസ്തപ്പാനോസിന്റെ രക്തം ചിന്തപ്പെട്ടകയിൽ ഞാൻ കൂടി അതു സമ്മതിക്കയും അയാളെ ഹിംസിച്ചിരുന്നവരുടെ വസ്ത്രം സൂക്ഷിക്കയും ചെയ്തു' എന്നു ശ്ലീഹാതന്നെ ഏററു പറയുകയുണ്ടായി.

ദമ്മസോക്ക് എന്ന സ്ഥലത്തു നിവസിച്ചിരുന്ന ഇസ്രായേൽ ജനത്തിൽ ഭൂരിപക്ഷവും മോശയുടെ നിയമങ്ങളെ ത്യജിച്ച് നസ്രായക്കാരൻ ഈശോയെ അനുകരിക്കുവാനും ശുശ്രൂഷിക്കുവാനും ആരംഭിച്ചിരുന്നുവെന്നു മതദ്രോഹിയായ ശാവോൽ അറിക്കയും കർത്താവിന്റെ ശിഷ്യന്മാരുടെനേരെ ഹിംസയും ഭീഷണിയും നിശ്വസിച്ചുകൊണ്ടു പ്രധാനാചാര്യന്റെ അടുക്കൽ ചെന്നു ക്രിസ്ത്യാനികളെ പിടിച്ചു കെട്ടി ഒറെശ്ലമിലേക്കു കൊണ്ടുവരത്തക്കവണ്ണം ദമ്മസോക്കിലെ സഭകൾക്കായി അയാളോടു അനുമതിപത്രം ചോദിക്കയും ചെയ്തു". അവന്റെ അഭിലാഷത്തെ ആ മഹാപുരുഷൻ സസന്തോഷം അംഗീകരിക്കയും, ക്രിസ്ത്യാനികളെ പിടിച്ചു ബന്ധിക്കുന്നതിനുള്ള അധികാര ലിഖിതങ്ങളോടുകൂടി, ഒരു പുലി രക്തം കുടിപ്പാനുള്ള ആഗ്രഹത്താൽ എപ്രകാരം അജഗണത്തിലേയ്ക്കു പാഞ്ഞടുക്കുമൊ, അതിലും ഉപരിയായ് മതപീഡനാസക്തിയോടെ പൌലോസ് ദമ്മസോക്കിലേക്ക് പുറപ്പെട്ടു. ദമ്മസോക്കിന്നു സമീപിച്ചപ്പോൾ പെട്ടെന്നു ആകാശത്തിൽ നിന്നു ഒരു വെളിച്ചം ആയാളിൽ ചുഴന്നു പ്രകാശിച്ചു. തത്സമയം അയാൾ പരിഭ്രമിച്ചു നിലത്തു വീഴുകയും അപ്പോൾ, "ശാവോലെ, ശാവോലെ, നീ എന്തുകൊണ്ടു എന്നെ ഉപദ്രവിക്കുന്നു" എന്നു ഒരു ശബ്ദം കേൾക്കുകയും ചെയ്തു. ഇതിന്നു പ്രത്യുത്തരമായി "കർത്താവെ നീ ആരാണ്" എന്നു പൌലോസ് ചോദിച്ചപ്പോൾ, "നീ ഉപദ്രവിക്കുന്ന ഈശോ ഞാനാകുന്നു" എന്നത്രേ സമാധാനം കിട്ടിയത്. പരിഭ്രാന്തചിത്തനായ പൌലോസ് ഉടനെ കർത്താവെ! ഞാൻ എന്തു ചെയ്യാൻ നീ മനസ്സാകുന്നു." എന്നു മാനസാന്തരപ്പെട്ടുകൊണ്ടു താണുവീണപേക്ഷിച്ചു. അപ്പോൾ കർത്താവ് ഉത്തരമായി "എഴു

ന്നേററു ദമ്മസോക്കിൽ അനനിയാസിന്റെ അടുക്കൽ പോകുക. നീ എന്തു ചെയ്യണമെന്നു അവൻ നിന്നോടു പറയും'' എന്നു് അരുളിച്ചെയ്തു. "ആകാശത്തിൽ നിന്നും പുറപ്പെട്ട ആ പ്രകാശം എന്നെ അന്ധകാര നിമഗ്നനാക്കിയതിനാൽ എന്റെ അനുചരന്മാരുടെ സഹായത്തോടുകൂടി ഞാൻ ദമ്മസോക്കിൽ അനനിയാസിന്റെ പക്കലേക്കു കൊണ്ടുപോകപ്പെട്ടു.'' എന്നാത്രെ പൌലോസ് ആ ദിവ്യ വെളിച്ചത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു്.

ദമ്മസോക്കിൽ അനിനിയാസ് എന്നു പേരായ ഒരു ശിഷ്യൻ കർത്താവിന്നുണ്ടായിരുന്നു. കർത്താവു് രാത്രി ഒരു സ്വപ്നത്തിൽ അയാൾക്കു കാണപ്പെടുകയും, ഇപ്രകാരം ആജ്ഞാപിക്കയും ചെയ്തു. "എഴുന്നേല്ക്കു'' സ്ട്രയിററ് എന്ന തെരുവിലേക്കുപോയി യൂദാസിന്റെ ഗൃഹത്തിൽ താർസൂസിലെ ശാവോൽ എന്നു പേരോടുകൂടിയ ഒരുവനെ അന്വേഷിക്കുക; എന്തുകൊണ്ടെന്നാൽ അവൻ അതിന്നായി പ്രാർത്ഥിക്കുന്നു.'' എന്നാൽ അനനിയാസ് ഉത്തരമായി, "കർത്താവെ, അവൻ അങ്ങയുടെ ഓർശ്ലേമിലുള്ള ജനത്തോടു എത്ര ഉപദ്രവം ചെയ്യുന്നുവെന്നു ഞാൻ പലരിൽ നിന്നും കേൾക്കുന്നുണ്ടു്. അവനും അങ്ങെ നാമം ഉച്ചരിക്കുന്ന എല്ലാവരേയും പിടിച്ചു കാരാഗൃഹത്തിൽ ഇടുന്നതിന്നുള്ള പൂർണ്ണ അധികാരമുണ്ടു്''. അപ്പോൾ കർത്താവു "നീ പോകുക, എന്റെ നാമം പുറജാതികളുടെയും, രാജാക്കന്മാരുടെയും, ഇസ്രായേൽ പുത്രന്മാരുടെയും മുമ്പാകെ വഹിപ്പാൻ ഇവൻ എനിക്കു തെരഞ്ഞെടുക്കപ്പെട്ട പാത്രമാകുന്നു'' എന്നു് അരുളിച്ചെയ്തു. അവൻ ഉടനെ പുറപ്പെടുകയും, കർത്താവിനാൽ ആജ്ഞാപിക്കപ്പെട്ട വീട്ടിൽ പ്രവേശിച്ചു്, ശാവോലിനെ വിളിച്ചു അവന്റെ തലമേൽ തന്റെ കൈകളെ വച്ചിട്ടു്, "ശാവേലെ, സഹോദരാ, ദമ്മസോക്കിലേക്കു പോകുംവഴി നിനക്കു പ്രത്യക്ഷനായ ഈശോകർത്താവു നീ കാഴ്ച ലഭിക്കുന്നതിന്നും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന്നുമായിട്ടു് എന്നെ നിന്റെ പക്കലേക്കു അയച്ചിരിക്കുന്നു,'' എന്നു് പറകയും ചെയ്തു. ഉടനെ അവന്റെ കണ്ണുകൾ തുറക്കപ്പെടുകയും, ജ്ഞാനസ്നാനം സ്വീകരിച്ചു് കർത്താവിന്റെ ശിഷ്യഗണത്തിൽ ചെരുകയും ചെയ്തു.

വി. പൌലോസിന്റെ മാനസാന്തരത്തെ സംബന്ധിച്ചിടത്തോളം ചരിത്രസാക്ഷ്യം അവിതർക്കിതമത്രെ. അതു് ക്രൈസ്തവ

മതത്തിന്റെ ദൈവികത്വത്തെ മനുഷ്യബുദ്ധിക്കു ഊഹിക്കുവാൻ പാടുള്ള രണ്ടു മഹാ അത്ഭുതങ്ങളാൽ തെളിയിക്കുകയും ദൃഢീകരിക്കയും ചെയ്യുന്നു. അതിനാൽ വി. പൌലോസിന്റെ മാനസാന്തരത്തിലെ ബാഹ്യമായ അത്ഭുതത്തെ നാം ഇപ്പോൾ കണ്ടു കഴിഞ്ഞു. ഇനി നമുക്ക് അതിന്റെ ആഭ്യന്തരാത്ഭുതത്തെക്കുറിച്ച് അല്പമൊന്നു വിചിന്തനം ചെയ്യാം.

വി. പൌലോസ് ഓറശ്ലമിൽ നിന്നും ക്രൈസ്തവരോടുള്ള ദോഷ പാരവശ്യത്തെ നിശ്വസിച്ചുകൊണ്ടു അവരുടെ സമൂല നാശത്തെമാത്രം ലാക്കാക്കി, ദമ്മസേക്കിലേക്കു പോകുകയായിരുന്നു. അപ്പോൾ പെട്ടെന്ന്, ഇതാ അവന്റെ ക്രോധ വിചാരങ്ങളൊക്കെയും ബദ്ധവിരുദ്ധമായി രൂപാന്തരപ്പെടുന്നു! അവന്റെ സ്വഭാവംതന്നെയും അത്ഭുതകരമായ ഒരു ഭാവഭേദത്തെ അവലംബിക്കുന്നു! ഈ ആകസ്മിക പരിണാമം ശാവോലിനെ പൌലോസാക്കി; ചെന്നായെ ആട്ടിൻ കുട്ടിയാക്കി, ഞെരുക്കുന്നവനെ ആദരിക്കുന്നവനാക്കി; യഹൂദനെ ക്രിസ്ത്യാനിയും ശ്ലീഹായുമാക്കി. ഇപ്രകാരമുള്ള ഒരു ആഭ്യന്തര ഭാവഭേദം ബാഹ്യമായതിനോടു കിടപിടിക്കത്തക്കത് എന്നല്ല അതിലും അതിശയനീയമായ ഒരു അത്യത്ഭുതമല്ലയൊ! എന്തുകൊണ്ടെന്നാൽ യാദൃച്ഛികമായും യാതൊരു ശക്തിമത്തായ കാരണംകൂടാതെയും ബദ്ധ വൈരിയായിരിക്കുന്ന ഒരുത്തൻ പെട്ടെന്നു ഉററ സ്നേഹിതനായിത്തീരുകയെന്നതു മാനുഷികമായി ആലോചിച്ചാൽ തീരെ അസാദ്ധ്യമായിരുന്നു. സഹചര്യങ്ങളും തീരെ പ്രതികൂലങ്ങളായിരുന്നു. ഈ ദശപ്രാതികൂല്യങ്ങളിൽ പ്രധാനമായത് ശ്ലീഹായുടെ സ്വരാജ്യസ്നേഹവും മത ശുഷ്കാന്തിയുമായിരുന്നു. "ഞാൻ കിലിക്കിയായിലെ താർസിസിൽപിറന്ന ഒരു യഹൂദമനുഷ്യനാണ്" (നട. 22., 3.) പൂർവ്വികന്മാർ മുതൽ നിർമ്മല മനസ്സാക്ഷിയിൽ ഞാൻ ശുശ്രൂഷിക്കുന്ന ദൈവത്തിന്നു ഞാൻ സ്തോത്രം ചെയ്യുന്നു. (2. തിമോ. 1., 3.) എന്നിങ്ങനെയുള്ള ശ്ലീഹായുടെ സാക്ഷ്യങ്ങളിൽ നിന്നു അദ്ദേഹത്തിന്റെ മനോഭാവം തെളിയുന്നു. കൂടാതേയും തന്റെ സ്വന്താ ശ്രേയസ്സിനേയും ഭൌമിക സന്തോഷങ്ങളേയും കുറിച്ചുള്ള വിചാരവും തീരെ അപ്രധാനമായിരുന്നില്ല. "ഞാൻ ഈ പട്ടണത്തിൽ ഗമാലിയേലിൻ പാദത്തിങ്കൽ വളൎന്നവനും പിതാക്കന്മാരുടെ ന്യായപ്രമാണത്തിൽ സൂക്ഷ്മത്തിന്നൊത്തവണ്ണം പഠിപ്പിക്കപ്പെട്ടവനുമാണ്", (നട. 22., 3.). എന്നത്രേ ശ്ലീഹാ പ്രസ്താവിച്ചു കാണുന്നത്.

പൌലോസ് മതശ്രേഷ്ഠാന്തിയിൽ അഗ്രഗണ്യനായിരുന്നതിനാൽ, യഹൂദന്മാരുടെ മദ്ധ്യേ ശ്രേഷ്ഠതരക്കാരായി ഗണിക്കപ്പെട്ടിരുന്ന പ്രീശന്മാരിൽ ഒരുവനായിരുന്നെന്നും തെളിയുന്നു. ഇതിന്നും പുറമെ രാജകുമാരന്മാരുടേയും മററു രാജ്യതന്ത്ര നിപുണന്മാരുടേയും അധികാരികളുടെയും സ്നേഹബഹുമാനങ്ങൾക്കും സഹായസഹകരണങ്ങൾക്കും പാത്രീഭൂതനായിത്തീരുകയും ചെയ്തു. എന്നാൽ അവൻെറ മാനസാന്തരം മുഖേന, എല്ലാവരാലും താൻ പരിത്യജിക്കപ്പെടുമെന്നു അവൻ നല്ലവണ്ണം അറിഞ്ഞിരുന്നു. ധനമോ ഭൌമിക അധികാരങ്ങളോ ഇല്ലാത്തവരും, ഏററവും നികൃഷ്ടവും നിന്ദാവഹവുമായ ഒരു കുരിശു മരണം കൈയേററ തങ്ങളുടെ ദിവ്യഗുരുവിൻെറ ശിഷ്യന്മാരും ആയ അപ്പൊസ്തോലന്മാരിൽ നിന്നു ശ്ലീഹാക്കു ഞാൻ ഒരു യഹൂദ മതാവലംബിയായിരുന്നപ്പോൾ ഉണ്ടായിരുന്ന സ്ഥാനമാനങ്ങളൊ, ബഹുമാനങ്ങളൊ, സ്നേഹിതന്മാരൊ ലഭിക്കുമെന്നു കേവലം ഊഹിക്കുവാൻപോലും കാരണം ഇല്ലായിരുന്നു. ഏവംവിധങ്ങളായ യാതൊരു വിചാരങ്ങൾക്കും വശംവദനാകാതെ പ്രത്യുത സകലവിധ കഷ്ടാരിഷ്ടതകൾക്കും നിന്ദാപമാനങ്ങൾക്കും എന്നല്ല മരണത്തിന്നുതന്നെയും സധൈര്യം സ്വയം ബലികഴിക്കുവാൻ ഞാൻ നിശ്ചയിച്ചുറച്ചിരുന്നു. ശ്ലീഹാക്കു തൻെറ മാനസാന്തരത്തിൽ മറെറല്ലാവരേയുംകാൾ അധികം ഭയപ്പെടുവാൻ കാരണമില്ലാതിരുന്നില്ല. ദമ്മസോക്കിലെ ക്രീസ്ത്യാനികളെ മതപിഡനം ചെയ്യുവാൻ അധികാരലിഖിതങ്ങളോടുകൂടി പോയിരുന്ന താൻ ഇപ്രകാരം ക്രിസ്ത്യാനികളുടെ ഒരു സഹായായിത്തീൎന്നുവെന്നതിൽ അവർ അവനെ ഒരു വഞ്ചകനായിക്കരുതി ഉപദ്രവിക്കുകയില്ലായിരുന്നുവൊ? യഹൂദ മതത്തിൽ സ്ഥിരമായി നിൽക്കേണ്ടതിന്നു ബാഹ്യാഭ്യന്തരങ്ങളായ പല കാരണങ്ങളും ഉണ്ടായിരുന്നിട്ടും, മിശിഹായുടെ ഒരൊററവാക്കാൽ അവയെല്ലാം തൃണവൽ ഗണിച്ചു സത്യമതത്തെ ആശ്ലേഷിച്ച് എന്ന വാസ്തവം ക്രിസ്തീയ വേദത്തിൻെറ ദൈവികത്വത്തെ വിളിച്ചറിയിക്കുന്നില്ലയോ.?

ഈശോമിശിഹാ അങ്ങെ സൎവ്വശക്തിയാൽ വി. പൌലോസിനെ തൻെറ സത്യവേദം ലോകമെങ്ങും പ്രസംഗിച്ചുപരത്തുവാൻ തെരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാക്കിത്തീൎത്തു അദ്ദേഹം യഹൂദന്മാരുടെ ശ്ലീഹായെന്നു ന്യായപൂൎവ്വം വിളിക്കപ്പെട്ടു വരികയും ചെയ്യുന്നു.

പുറജാതികളുടെ ശ്ലീഹായായ വി. പൌലോസെ! അന്ധകാരത്തിൽ നിവസിക്കുന്ന സകലരേയും അവിടത്തെ വല്ലഭമേള്ള മദ്ധ്യസ്ഥതയാൽ ഈശോയുടെ അജഗണത്തിലേക്കു ചേൎക്കുമാറാകണമെ— ആമേൻ.

## 45. വ്യാധികളിൽവെച്ചു മഹാവ്യാധി!

ഏറിയ വൎഷങ്ങളായി, മനുഷ്യവൎഗ്ഗത്തെ അധഃപതിപ്പിച്ചു പാടെ നശിപ്പിക്കുന്ന ഒരു ഭയങ്കര വ്യാധി ലോകമെങ്ങും സംക്രമിച്ചിരിക്കുന്നു. ഏതൊരുവ്യാധിയും ദേശകാല പരിധികളാൽ ഏറക്കുറെ നിയന്ത്രിക്കപ്പെട്ടു കാണാം. ഇവിടെ വിവക്ഷിക്കുന്ന മഹാമാരിക്കാകട്ടെ, ഈവക നിബന്ധനകളൊന്നും ബാധകമല്ല. യൂറോപ്പിലും ആഫ്‌റിക്കായിലും, ആസ്യായിലും, അമേരിക്കായിലും, പരിഷ്കൃത രാജ്യങ്ങളിലും, അപരിഷ്കൃത നാടുകളിലും എവിടേയും ആ ബാധ ദുന്നിവാരമായവിധം പരന്നിരിക്കുന്നു. ഉഷ്ണകാലമെന്നും ശീതകാലമെന്നും ഉള്ള വ്യത്യാസം അതിനില്ല. ഈ നീച വ്യാധിയുടെ ഉഗ്രദംഷ്ട്രകളിൽ ബലവാനും ബലഹീനനും, പ്രാജ്ഞനും പാമരനും കുബേരനും കുചേലനും ഒരുപോലെ അകപ്പെട്ടു കുഴങ്ങുന്നു.

വിഷൂചികയൊ, മസൂരിയൊ, അതുപോലുള്ള മറേറതെങ്കിലും ഭയങ്കര രോഗമൊ ആയിരിക്കാം എന്റെ പ്രതിപാദന വിഷയമായി നിങ്ങൾ സങ്കല്പിക്കുന്നതു്. പക്ഷെ ഞാൻ ഇവിടെ പറയുന്നതു് മദ്യപാന മാഹാമാരിയേപ്പററിയത്രെ; അതു തന്നെയാണു വ്യാധികളിൽ വെച്ചു മഹാവ്യാധി. വിഷൂചികയുടെയും മസൂരിയുടെയും ബീഭത്സതയും ഭീഷണതവും മദ്യപാനത്തിന്റെ ഭയങ്കരതയോടു കിടപിടിക്കുന്നവയല്ല. മുൻ പറഞ്ഞവ, ശരീരത്തെ കെടുത്തുന്നു. മദ്യപാനമാകട്ടെ മനുഷ്യത്വത്തെ മടിപ്പിക്കുന്നു; ആത്മാവിനെ വ്രണപ്പെടുത്തുന്നു; ശരീരത്തെ നശിപ്പിക്കുന്നു. മാത്രമോ? അതുമൂലം നിൎഗ്ഗതിയടഞ്ഞ കുടുംബങ്ങൾക്കു കണക്കുണ്ടോ? നിരപരാധിയായ എത്രയെത്ര സാധുക്കൾ മദ്യപാനികളുടെ 'തലപ്പിച്ചിന്നു' അടിമപ്പെട്ടു ചാവാതെ ചാവുന്നു! എത്രയേറെ ശിശുക്കൾ പ്രായപൂ

ത്തിക്കു യോഗമില്ലാതെ അകാല മൃത്യുവിന്നു വശപ്പെടേണ്ടിവരു ന്നു. സാധാരണ വ്യാധി—എത്രതന്നെ കഠോരമായ ഒന്നായാലും ശരി—ഒരു മനുഷ്യന്നു പിടിപെട്ടാൽ അതുമൂലം നഷ്ടപ്പെട്ടേക്കാവു ന്നതു് അവൻെറ ശരീരം മാത്രം. എന്നാൽ മാരികളിൽവെച്ചു മ ഹാമാരിയായ മദ്യപാനദോഷം ഒരുവനിൽ കടന്നുകൂടുന്ന പക്ഷം അതു അവനെ മാത്രമല്ലാ മററു പലരേയും നാശഗത്തത്തിൽ ത ള്ളി, ആത്മശരിരങ്ങളെ ഒന്നുപോലെ നശിപ്പിക്കുന്നു. ഇതു എത്ര ഭയങ്കരം?

സുബോധത്തെ ഹനിക്കത്തക്കവണ്ണം മദ്യസേവ പരിശീലി ച്ചിട്ടുള്ളവനാണു മദ്യപാനി. മുൻകരുതൽ കൂടാതെ മദ്യം കഴിച്ചു മത്തുപിടിച്ചു പോകുന്നതു പാപമാകാനിടയില്ല. എന്നാൽ മനസ്സി ൻെറ പൂണ്ണ അറിവോടും സമ്മതത്തോടുംകൂടെ സുബോധം അകാര ണമായി നശിപ്പിക്കുന്നതു എല്ലാപ്പോഴും കുററകരംതന്നെ. മനസ്സാ ക്ഷിയുടെ അവസ്ഥപോലെയും, കഴിക്കുന്ന കണക്കിൻെറ അമിത ത്വം അനുസരിച്ചും ഈ പാപത്തിൻെറ ഗൌരവം വർദ്ധിക്കയും ചെയ്യുന്നു.

മനുഷ്യനെ മൃഗതുല്യം നികൃഷ്ടനാക്കിത്താഴ്ത്തുന്ന ഒന്നത്രെ മ ദ്യപാനം. മനുഷ്യനെ, കേവലം മൃഗാദികളിൽനിന്നും വേർതിരിച്ചു മാഹാത്മ്യം നൽകി ഉയത്തുന്ന വിശിഷ്ടഗുണങ്ങൾ അവൻെറബു ദ്ധി, മനസ്സു, സ്വാതന്ത്ര്യം എന്നിവയാണല്ലോ. ലോകത്തിലുള്ള സ കല ജീവജാലങ്ങളുടേയും അധിപതിയായി അവനെ ഉയത്തി സ്ഥാപിച്ചിരിക്കുന്നതും അവൻെറ ഈ ദൈവിക ഗുണങ്ങളത്രെ. എന്നാൽ ഒരു മദ്യപാനി ചെയ്യുന്നതെന്താണു്? ദൈവദത്തമായ ഈ അനഘരത്നങ്ങളെ വിചാരശൂന്യനായി പറിച്ചെടുത്തു ദൂരത്തു് എറിയുകയല്ലെ അവൻ ചെയ്യുന്നതു്? അവൻെറ തലക്കു സ്ഥി രതയില്ല. ബോധം സ്വാധനത്തിൽ നിന്നും അകന്നുപോയി. അ ന്യസഹായം കൂടാതെ നേരെ നടക്കുന്നതിന്നുകൂടി അവന്നു വഹി യാ ബുദ്ധി, മനസ്സു, സ്വാതന്ത്ര്യം എന്നിവയിൽ ഒന്നുപോലും അവ നിൽ ഇപ്പോൾ ഇല്ല. ദൈവച്ഛായയുള്ള അവൻെറ ആത്മാവ കട്ടെ ഒരുവക പൈശാചിക പ്രകൃതിയെ അവലംബിച്ചിരിക്കുന്നു. ഇപ്പോൾ അവനും ഒരു മൃഗവും തമ്മിൽ എന്താണു വ്യത്യാസം? ഒരു ശ്വാവും മധുമത്തനും ഒരുപോലെ. അല്ല, ഒരു നായക്കു വഴിയറി ല്ലാ; അതിന്നു നേരെ നടക്കാം; സാധനങ്ങൾ കണ്ടറിയാം; സസു ഖം ഉറങ്ങാം. ഒരു മദ്യപനാകട്ടെ ഇതൊന്നും സാദ്ധ്യമല്ല. അവൻ

ഒരു നായയേക്കാൾ നികൃഷ്ടൻ! അഹോ! ഇതെത്ര ലജ്ജാവഹം! മനുഷ്യാഭിമാനത്തിനു ഇത്രയും ജുഗുപ്സാവഹമായിത്തീരാവുന്ന മറെറാരു സ്ഥിതി കേവലം ഊഹ്യമല്ലതന്നെ.

മദ്യം ഒരുവക വിഷമാകുന്നു. തന്നിമിത്തം മദ്യപാനം ആരോഗ്യം ക്ഷയിപ്പിച്ചു, മനുഷ്യനെ അകാലമരണത്തിന്നിരയാക്കിത്തീർന്നു. പാഷാണം എന്നു കേൾക്കുമ്പോൾതന്നെ എല്ലാവരും ഭയപ്പെട്ടു പോകുന്നതു സാധാരണമാണ്. കാരണം അതു ഒരു കൊടിയ വിഷദ്രവ്യമാകുന്നതുതന്നെ. വിഷം എല്ലാവരും വെറുക്കുന്ന ഒരു വസ്തുവാണല്ലോ. എന്നാൽ എന്തു മറിമായം! മദ്യത്തിലെ ആ ഉഗ്രവിഷത്തെമാത്രം ആരും അത്ര അനാദരിക്കാറില്ല. ഇതെന്തുകൊണ്ടാണ്? പാഷാണത്തിൻെറ സ്വാദു മദ്യം കഴിക്കുമ്പോൾ അനുഭവപ്പെടാത്തതുകൊണ്ടായിരിക്കുമൊ? അതോ അതിൽ സങ്കലിതമായിരിക്കുന്ന വിഷത്തിൻെറ സാന്നിദ്ധ്യത്തെപ്പററി സംശയിച്ചിട്ടോ? എന്നാൽ മദ്യം വിഷസമ്മിശ്രമാകുന്നുവെന്ന വാസ്തവം ആരും സംശയിച്ചിട്ടാവശ്യമില്ല. മദ്യത്തിൽ മിക്കവാറും പത്തിൽ ഒമ്പതുഭാഗവും നഞ്ചാണെന്നും, അതിൽ ഒരംശം 'ആല്ക്കഹോൾ' എന്നു പറയപ്പെടുന്ന ഒരുവക വിഷദ്രവ്യമാണെന്നും പണ്ഡിതന്മാർ സൂക്ഷ്മപരിശോധനാനന്തരം ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു. 'അൽക്കഹോളി'നും പാഷാണത്തിനും തമ്മിൽ നാമത്തിൽ മാത്രമേ വ്യത്യാസമുള്ളുവെന്നു പറഞ്ഞാൽ അതിൻെറ വീര്യം ആർക്കും ഗ്രാഹ്യമാണല്ലോ. ഒരുവൻ എത്രതന്നെ ആരോഗ്യവാനായാലും, മദ്യപാനം ശീലിച്ചു വശാകുന്നപക്ഷം അവൻെറ ആരോഗ്യവും ബലവുമെല്ലാം ക്രമേണ ക്ഷയിച്ചു നഷ്ടപ്രായമാകയാണു പതിവു. ക്ഷിപ്രസന്നി, അപമൃത്യു മുതലായ ഭയങ്കര ഭവിഷ്യത്തുകൾക്കു മദ്യപൻ വശംവദനാകാറുള്ളതും അപൂർവ്വമല്ല. ലഹരി മൂലം ക്ഷോഭിച്ചു വശാകുന്ന രക്തം ശിരസ്സിലേക്കു ശരവേഗത്തിൽ പ്രവഹിക്കുന്നതത്രെ ഇതിനു് കാരണം. അമിതമായി മദ്യപിക്കമൂലം, ഒരിക്കൽ ഒരു യുവാവിനു ചിത്തഭ്രമം പിടിക്കയും അയാൾ ആ ഭ്രാന്തോടുകൂടിത്തന്നെ സിദ്ധികൂടുകയും ചെയ്തു. സ്വന്തം പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നതിന്നുകൂടിയും, ആ സാധുവിനു സംഗതി വന്നില്ല. ഇങ്ങനെ എത്രപേരാണു മദ്യത്തെപ്രതി നിത്യഭാഗ്യം കൈവെടിഞ്ഞു്, അന്ധകൂപത്തിൽ അധഃപതിക്കുന്നതു്! "മദ്യപാനി സ്വർഗ്ഗരാജ്യം കരസ്ഥമാക്കുകയില്ല", എന്നത്രെ വിശുദ്ധ ലിഖിതങ്ങൾ ഘോഷിക്കുന്നതു്

മദ്യപാനം മനുഷ്യ ഹൃദയത്തെ ദുഷിപ്പിച്ച്, അതിൽ സപ്ത ദോഷങ്ങൾക്കും തഴച്ചു വളരാൻ വളം നൽകുന്നു. മദ്യപൻെറ ഹൃദയം സകലവിധ ജഡിക വികാരങ്ങളുടെയും വിഹാര സ്ഥാനമത്രെ. മററു ഭക്ഷ്യപേയാദികൾ ശരീരത്തെ പോഷിപ്പിക്കുന്നുണ്ടെങ്കിൽ, മദ്യം ശരീരത്തെ ശോഷിപ്പിക്കയും ദുർവ്വികാരങ്ങളെ ഇളക്കിവിടുകയുമാണ് ചെയ്യുന്നത്. അവൻെറ കണ്ണു ചുവന്നും, ദേഹം വിളറിയും, മുഖം കുഴിഞ്ഞു രൂക്ഷമായും കാണപ്പെടുന്നതിൻെറ കാരണമെന്ത്? അവനിൽ ജ്വലിക്കുന്ന വികാരങ്ങൾ തന്നെ. അടുപ്പിൽ തീ എന്നപോലെ മദ്യപൻെറ ഹൃദയത്തിൽ നീചവികാരങ്ങൾ എരിഞ്ഞൊളുന്നുവെന്നു പറയാം.

ഇനി അവൻെറ ഗൃഹത്തിലെ അവസ്ഥയൊ? മദ്യപൻെറ ഗൃഹം നരകത്തിൻെറ പൂമുഖം എന്നു പറയുന്നതിൽ അതിശയോക്തിയൊട്ടുംതന്നെയില്ല. മദ്യപൻെറ ശാപം അതിനെയും ബാധിച്ചിരിക്കകൊണ്ട് പരിശുദ്ധാത്മാവിക്കു അവിടെ പ്രവേശം ഇല്ല. മാലാഖാമാരും അതിനെ ഉപേക്ഷിച്ചിരിക്കും. പിശാചുക്കളത്രെ അവിടെ സ്വൈരമായി വിഹരിക്കുന്നതു്. വയറു നിറയെ മദ്യവും ചെലുത്തി അമലുകൊണ്ടിടറിയ ബുദ്ധിയോടും, എരിപൊരിക്കൊള്ളുന്ന ഹൃദയത്തോടുംകൂടെ ഒട്ടു രാത്രിയാകുമ്പോൾ മദ്യപൻ ആടിയുലഞ്ഞു സ്വഗൃഹത്തിൽ എത്തുന്നു. ശേഷം കഥ വിസ്തരിക്കണമൊ? അവിടെ ഇനി അവൻെറ ഭാര്യക്കു സൈ്വര്യമുണ്ടൊ? കുട്ടികൾക്കു സൈ്വര്യമുണ്ടോ? മത്തു് മാറുന്നതുവരെ, ഭാര്യയോടും മക്കളോടുമാണ ശണ്ഠ. ആ സാധ്വസ്ത്രീയും കുഞ്ഞുകുട്ടികളും എന്തുചെയ്യാനാണ്? ചാരായത്തിൻെറ മതത്തോടു മെല്ലിടുവാനുള്ള കെൽപ്പുണ്ടൊ അവർക്കുള്ളു! ഒരുഭാഗത്തു കരച്ചിലും പിഴിച്ചിലും; മറുഭാഗത്തു ശാപവും ദൂഷണങ്ങളും. ഒരു മദ്യപൻെറ ഭാര്യയുടെ ദുരിതമാണ് ദുരിതം. പുലിയൊന്നിച്ചു വസിക്കേണ്ടിവരുന്ന പശുക്കിടാവിൻെറ സമാധാനമെ അവൾക്കു സ്വഗൃഹത്തിൽ ലഭിക്കുന്നുള്ളു. പരിശുദ്ധമായ വിവാഹബന്ധത്താൽ അന്യോന്യം ഏകജഡമെന്നോണം ഒന്നിപ്പിക്കപ്പെട്ട ദമ്പതിമാർക്കു പരസ്പരമുള്ള ഈ രഞ്ജന ഹൃദയഭഞ്ജകം തന്നെ.

അല്ലയൊ മദ്യപാനികളെ! നിങ്ങളുടെ ദുർന്നടത്തയുടെ ഫലത്തെപ്പററി കുറഞ്ഞോന്നാലോചിച്ചു നോക്കുവിൻ. ദൈവത്തോടു മാത്രമല്ല നിങ്ങൾ പാപം ചെയ്യുന്നതു്. അന്യർക്കെതിരായിം, നിങ്ങളുടെ സ്വന്തം ജഡത്തിന്നെതിരായിട്ടും, നിങ്ങൽ പിഴയ്ക്കുന്നു.

നിങ്ങളുടെ ഭാര്യമാരുടെയും സാധു കുഞ്ഞുങ്ങളുടെയും കണ്ണീരുകൾ നിങ്ങൾ കാണുന്നില്ലേ? ഇനിയും നിങ്ങളുടെ മനം അലിയുന്നില്ലല്ലോ! "സൽഫലങ്ങൾ പുറപ്പെടുവിക്കാത്ത വൃക്ഷമൊക്കെയും വെട്ടപ്പെട്ടു തീയിൽ ദഹിപ്പിക്കപ്പെടും" എന്നരുളിച്ചെയ്ത കർത്താവിന്റെ കോപം, നീചഫലങ്ങളെ മാത്രം സമൃദ്ധിയായി പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെമേൽ എപ്രകാരമാണ് ആപതിക്കുവാനിരിക്കുന്നതെന്നു മദ്യപാനികളെ, നിങ്ങൾ ആലോചിക്കാറുണ്ടോ? മദ്യത്തോടു നിങ്ങൾക്കുള്ള ആ അത്യാർത്തിയാൽ നിങ്ങൾ വരുത്തിക്കൂട്ടുന്ന അന്യായമൊക്കെയും നിങ്ങൾ എവിടെ, എങ്ങനെ നീതീകരിക്കും? എങ്കിലും പ്രിയപ്പെട്ടവരെ, നിങ്ങൾ നിരാശപ്പെടേണ്ടാ. നിങ്ങൾ പരമ വഞ്ചകമായ മദ്യത്തെ പരിത്യജിച്ച്, ദൈവാനുഗ്രഹം പ്രാർത്ഥിക്കുവിൻ! ദൈവം നിങ്ങളെ കൈവിട്ടു കളഞ്ഞിട്ടില്ല; നിശ്ചയം. നിങ്ങളുടെ മാനസാന്തരത്തെയും രക്ഷയേയും അത്രേ ആ അനുഗ്രഹമുള്ള പിതാവു ആഗ്രഹിക്കുന്നത്. ' ഇതാ അദ്ദേഹം വാത്സല്യപൂർവ്വം നിങ്ങളെ തന്റെ സമീപത്തേയ്ക്കു ക്ഷണിക്കുന്നു. ആ കരുണയേറിയ ക്ഷണത്തെ നിങ്ങൾ ചെവിക്കൊള്ളുവിൻ. എന്നാൽ നിങ്ങൾ അനുഗൃഹീതർ! നിങ്ങൾ ഭാഗ്യവാന്മാർ! അല്ലാത്തപക്ഷം നിങ്ങൾക്കു നിത്യ നൈരാശ്യം, നിത്യ നിർഭാഗ്യം!

"മദ്യത്താൽ വരുമുന്മാദം;
ഉന്മാദാൽ പാപവൃത്തിയും;
പാപവൃത്ത്യാ നരകവും;
മദ്യം തള്ളുക തള്ളുക."

## 46. ഈശ്വര പരിപാലന.

മാററിൽഡാ ഡീയാസ് വളരെ നിർദ്ധനയായ ഒരു വൃദ്ധ; 'വീര' എന്ന് അർത്ഥമായ 'മാററിൽഡാ' എന്ന പേർ അവളെ സംബന്ധിച്ചെടത്തോളം അന്വർത്ഥമായിരിക്കുന്നുണ്ട്. എന്തെന്നാൽ വാസ്തവത്തിൽ 'ഉപവിയുടെ' ഒരു വീര തന്നെയാണവൾ. തനിക്കും അവശനായ തൻെറ ഭർത്താവിന്നും ഉപജീവനത്തിന്നു യാതൊരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. പാൎക്കുന്നതിന്നു അതി നികൃഷ്ട മായ ഒരു ചെററക്കുടിൽ മാത്രമുണ്ട്. എന്നാൽ ദാരിദ്ര്യത്തിൻെറ യഥാർത്ഥ രുചി തൻെറ പിള്ളത്തൊട്ടി മുതൽ തന്നെ സ്വാനുഭവത്താൽ നന്നായിട്ടറഞ്ഞിരുന്ന ഈ വൃദ്ധ തന്നെക്കാൾ കൂടുതൽ കഷ്ടതയനുഭവിക്കുന്ന അഗതികൾക്കു യഥാർത്ഥത്തിൽ ഒരു അമ്മ തന്നെയായിരുന്നു. ഇങ്ങനെയുള്ളവൎക്കു തന്നാലാവുന്ന സഹായങ്ങൾ എത്തും ഈ തള്ള ചെയ്തിരുന്നു. പലപ്പോഴും മററു പാവങ്ങളെ സന്തോഷപൂർവ്വം സ്വന്ത ചെററപ്പുരയിൽ സ്വീകരിക്കയും, തൻെറ ഇരന്നുകിട്ടിയ 'നേട്ടം' അവരുമായി പങ്കുചേൎന്നനുഭവിക്കയും ചെയ്തുവന്നു. അല്ലാ, ചിലപ്പോഴെല്ലാം സ്വപരിത്യാഗം ചെയ്തിട്ടുപോലും അവരോടു സഹതപിക്കയും അവരെ ഉപചരിക്കയും ചെയ്യാറുണ്ടായിരുന്നു.

ഈ കിഴവനും കിഴവിയും ഉപജീനം കഴിച്ചുവന്നതു്, അകലെയുള്ള ഒരു സന്യാസാശ്രമത്തിൽ നിന്നും, ഈ തള്ളയ്ക്കു പ്രതിദിനം ലഭിച്ചിരുന്ന ഭിക്ഷാദാനം കൊണ്ടുമാത്രമായിരുന്നു. ഇതും ദിവസത്തിൽ ഒരിക്കൽ മാത്രമെ ലഭിച്ചിരുന്നുള്ളു. ഇങ്ങനെ രാജകീയ ദീർഘദർശിയുടെ "കർത്താവിൽ ആശ്രയിക്കയും നന്മ പ്രവർത്തിക്കയും ചെയ്ക. എന്നാൽ നീ ദേശത്തിൽ വസിച്ച് അതിൻെറ സമ്പത്തുകളാൽ പോഷിപ്പിക്കപ്പെടും", എന്ന ഉപദേശാനുസാരം ഈശ്വരപരിപാലനയിൽ മാത്രം ആശ്രയിച്ച് ജീവിതം നയിച്ചുപോന്നു. ഐഹിക സമ്പത്തു് അവൎക്കു 'പൂജ്യ' പ്രായമായിരുന്നെങ്കിലും സാക്ഷാത്തായ പാരത്രികൈശ്വര്യത്തിൽ ഇവർ കുബേരമായ ഒരു പദവിയെ അർഹിച്ചിരുന്നെന്നതു നിസ്സംശയമാണ്. മുൻ സൂചിപ്പിച്ചതുപോലെ അഗതികളെ സ്വീകരിച്ച് അവൎക്കുവേണ്ടി തന്നാലായതൊക്കെ ചെയ്ക എന്നതു് നമ്മുടെ വൃദ്ധ

യുടെ സഹജ സ്വഭാവമായിരുന്നു. ഇങ്ങനെ പല ദരിദ്രരും ഈ സാധ്വസ്ത്രീയുടെ ഭിക്ഷാടന ഫലത്തിൽ പങ്കു പററാറുണ്ടായിരുന്നു. എന്നാൽ എട്ടു വയസ്സു പ്രായം ചെന്ന ഒരു അനാഥ ബാലനായിരുന്നു സാധാരണമായി ഇതിൽ ഭാഗഭാക്കാകയും, തദനന്തരം ഇവരുടെ ആ നികൃഷ്ടമായ കുടിലിൽ മിക്കവാറും താമസമുറപ്പിക്കയും ചെയ്തിരുന്നത്. ഒരു ദിവസം രാവിലെ അവൻ പതിവുപ്രകാരം അങ്ങുമിങ്ങും അലഞ്ഞു നടന്നു. യാതൊന്നും ലഭിക്കായ്കയാൽ, വൃദ്ധയുടെ ഗൃഹത്തിലേക്കുതന്നെ തിരിച്ചുവന്നു, തൻെറ കഷ്ടതയോൎത്തു വ്യസനിച്ചുകൊണ്ടു, പടിക്കലേക്കു നോക്കിയിരിപ്പായി. അപ്പഴെയ്ക്കും ഇതാ, പതിവുപോലെ ഭിക്ഷയും കൊണ്ട് ആശ്രമത്തിൽ നിന്നു മടങ്ങിവരുന്ന വൃദ്ധയുടെ 'തലവെട്ടം' അകലെ നിന്നും കാണാറായി. ബാലകൻ മനസ്സന്തുഷ്ടിയോടെ പറഞ്ഞുതുടങ്ങി: "ഹാ! ഇനി എനിക്കൊന്നും പേടിക്കാനില്ലാ— അമ്മമ്മ എന്തോ കൊണ്ടുവരുന്നുണ്ട്. ഹാ! എൻെറ വയറു കത്തലിപ്പോൾ മാറും." സമയം നല്ല നട്ടുച്ച. വൃദ്ധ പടിക്കൽ എത്തിക്കഴിഞ്ഞു. ചെറുക്കൻ ചാടി എഴുന്നേററു തള്ളയുടെ നേൎക്കു പാഞ്ഞുകൊണ്ടു, "എൻെറ പൊന്നമ്മുമ്മെ, എനിക്കു വിശന്നു ഉള്ളു കത്തുന്നു. ഇന്നു ഇതുവരെ ഒരിററു വെള്ളം കിട്ടീട്ടില്ല. വിശന്നു പ്രാണം പോണ്. വല്ലതും താ അമ്മുമ്മെ, "എന്നു ദീനസ്വരത്തിൽ നിലവിളിച്ച് 'കണ്ണുനീരും കൈയ്യുമായി' അവരുടെ പക്കലെത്തി. ദീനവത്സലയായ ആ സാധ്വസ്ത്രീയുടെ മനസ്സു വല്ലാതെ അലിഞ്ഞു. സ്വന്തകാൎയ്യങ്ങളെല്ലാം അവൾ തൽക്കാലം മറന്നുപോയി. "ഇതാ, എൻെറ കുഞ്ഞെ, ഭക്ഷിച്ചോളൂ. എനിക്കും കുറെ വച്ചേക്കണെ. ഞാനും ഈ നേരം വരെ ഉമിനീരിറക്കീട്ടില്ല." എന്നു പറഞ്ഞു താൻ കൊണ്ടുവന്ന ഭക്ഷണപദാൎത്ഥങ്ങൾ മുഴുവൻ ബാലകൻെറ മുമ്പിൽവച്ചു. അവന്നു നല്ലതരം! അത്യാൎത്തിയോടെ അവൻ ഓരോന്നു ഭക്ഷിക്കാൻ തുടങ്ങി. വൃദ്ധയ്ക്കു അവനെ തടുപ്പാനും മനസ്സു വരുന്നില്ല. എന്തിനേറെപ്പറയുന്നു; സ്വല്പനേരത്തിനകം പാത്രം മാത്രം ബാക്കിയായി. അതെ, തള്ള കൊണ്ടുവന്നതെല്ലാം ചെക്കൻ അകത്താക്കിക്കഴിഞ്ഞു. അതിന്നു ശേഷം അവൻ അവിടെ നിന്നും എഴുന്നേററു മുഖവും മററും തുടച്ചു. വസ്ത്രവും മററും കുടഞ്ഞുടുത്തു വൃദ്ധയെ പച്ചച്ചിരിയോടെ ഒന്നു നോക്കി. അനന്തരം അടുത്തുചെന്നു കൃതജ്ഞതപ്രകാശനാൎത്ഥം അവരെ ഗാഢമായി കെട്ടിപ്പിടിച്ച് "അമ്മുമ്മെ, വളരെ ഉപകാരം. ഇന്നുമാത്രമെ കത്ത

ലടങ്ങെ ഉണ്ണ്വാൻ കഴിഞ്ഞിട്ടുള്ളൂ.' എന്നു പറഞ്ഞു അവരെ രണ്ടു മൂന്നു ചുംബിച്ചുകൊണ്ട് തന്റെ വഴിക്കു പോയി.

ആ സ്ത്രീ ഇതികൎത്തവ്യതാമൈമൗഢ്യം തന്നെ അവലംബിച്ചു നിന്നു പോയി. അവരെന്തുചെയ്യും. സ്വന്തകാൎയ്യമോ പോകട്ടെ, വയസ്സനും ഒന്നും കിട്ടിട്ടില്ലല്ലോ. അയാളോടു താൻ എന്തു പറയും എന്നൊക്കെ വിചാരിച്ച് മ്ളാനമുഖിയായി ബാലൻ പോയ വഴിയിലേക്കു തിരിഞ്ഞു നിലയായി. "എന്റെ ദൈവമെ! ഇനി നാളെ ഈ നേരത്തല്ലെ വല്ലതും കിട്ടുകയുള്ളൂ. കഷ്ടം! ഇന്നെന്തു ചെയ്യും. ഭൎത്താവിനോടു ഞാൻ എന്തു സമാധാനം പറയും. ആ സാധുവിനു് എണീക്കാൻപോലും വയ്യല്ലോ" എന്നു് അവളറിയാതെതന്നെ അന്തൎഗതമുണ്ടായിപ്പോയി. "എങ്കിലും കൎത്താവെ, അങ്ങെ പരിപാലനയിൽ ഞാൻ പൂൎണ്ണമായി ആശ്രയിച്ചു. അങ്ങുന്നു ഉപദേശിച്ചിട്ടുള്ളതുപോലെ എന്നാലാവുംവിധം ഞാൻ പ്രവൎത്തിക്കുന്നുമുണ്ട്. എനിക്കു ഒരിക്കലും നിരാശപ്പെടുവരില്ലെന്നു ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു," എന്നു ഉച്ചരിച്ചു തിരിഞ്ഞപ്പോഴേക്കും അകലെ നിന്നും എന്തോ ഒരു വെളുത്ത സാധനം ഉരുണ്ടുരുണ്ടു വരുന്നതായി കണ്ടു. സൂക്ഷിച്ചു നിന്നപ്പോൾ ആയതു് ഒരു വലിയ നായാട്ടുനായ ഒരു ചെറിയ പട്ടിയെ ഓടിച്ചുകൊണ്ടു വരുന്നതാണെന്നു പ്രത്യക്ഷപ്പെട്ടു. കൊച്ചു പട്ടി ത്വരിതഗതിയിൽ വൃദ്ധയുടെ നേൎക്കു തന്നെ ഓടിവരുന്നു. ഇതിനെ കണ്ടപ്പോൾ അവളുടെ ദുഃഖവിചാരങ്ങൾ ഒന്നു ശമിച്ചു. അവൾ അതിനെത്തന്നെ നോക്കി നിന്നു. അതു് വായിൽ അതിനേക്കാൾ വലുതായ എന്തോ ഒരു സാധനം കടിച്ചു പിടിച്ചിരിക്കുന്നു, അതു നേരെ ആ സ്ത്രീയുടെ പക്കലേക്കുതന്നെ പാഞ്ഞെത്തി, തന്റെ വായിൽ കടിച്ചു പിടിച്ചിട്ടുണ്ടായിരുന്നതു് അവരുടെ സമീപെ ഇട്ടുംവച്ച് വേറെ വഴിക്കു ഓടിപ്പോയി. വലിയ ശ്വാവിന്നു് വൃദ്ധയെ സമീപിക്കുന്നതിന്നു ധൈൎയ്യവുമില്ല. ദൂരെത്തന്നെ മുരണ്ടുകൊണ്ടു നിന്നു. വയസ്സി താഴെ നിന്നും അതെടുത്തുനോക്കി: ഭദ്രമായി കടലാസ്സു പൊതിഞ്ഞിട്ടുള്ള ഒരു വലിയ അപ്പവും ഒരു വലിയ കഷണം മാംസവുമായിരുന്നു അതു്. അതെ, 'ഈശ്വരപരിപാലനയുടെ ഫലമായ ഉച്ച ഭക്ഷണം' അതായിരുന്നു.—

പ്രിയ സോദരരെ, നാം നമ്മെത്തന്നെ സ്നേഹിക്കുന്നതിൽ കൂടുതലായി ദൈവം നമ്മെ സ്നേഹിക്കുന്നു. നാം നമ്മെത്തന്നെ സംരക്ഷിക്കുന്നതിൽ വയ്ക്കുന്ന ജാഗ്രതയെക്കാൾ അതിയായ ജാഗ

ത്രുകതയാണു് ദൈവത്തിനു നമ്മെപ്പററിയുള്ളതു്. എന്നാൽ നാമും തദനുസാരം ഉദാരമനസ്കരായിരിക്കണമെന്നു അവിടുന്നു ആഗ്രഹിക്കുന്നു. അങ്ങുന്നു ആയതു് ഉപദേശിക്കുന്നു. താൻ അതു ആവശ്യപ്പെടുന്നു. ഈ സംഗതി എത്ര സുവിശദമായി ഈ ചെറു കഥയിൽ നിന്നും പ്രത്യക്ഷമാകുന്നു. അവിടുന്നു അരുളിച്ചെയ്യുന്നു: "ഏതു് അളവു കൊണ്ടു നിങ്ങൾ അളക്കുമോ, ആ അളവിനാൽത്തന്നെ നിങ്ങൾക്കും അളക്കപ്പെടും." അവിടുത്തെ നാമത്തിൽ ഒരു പാത്രം പച്ചവെള്ളം മാത്രം കൊടുക്കുന്നവനും നൂറിരട്ടിയായ പ്രതിഫലം സ്വർഗ്ഗത്തിൽ കിട്ടും. സ്വന്തം ആവശ്യംകഴിഞ്ഞു് ശേഷിച്ചിരിക്കുന്നതിൽ നിന്നോ, അഥവാ സ്വന്ത ധാരാളതയിൽ നിന്നോ മാത്രം അന്യനു കൊടുക്കുന്നതല്ല ദാനം. പ്രത്യുത, സ്വദുർഭിക്ഷത്തിൽ സ്വയം പരിത്യജിച്ചുകൊണ്ടു അന്യനെ അവന്റെ ആവശ്യത്തിൽ സഹായിക്കുന്നതാണു് സാക്ഷാത്തായ ദാനം. ഇതാണു് ത്യാഗം. ഇതു മാത്രമാണു് ക്രിസ്തീയ പരസ്നേഹം. ഇപ്രകാരം അനുഷ്ഠിച്ചിട്ടുള്ളവരാണു് സകല ജനത്തിന്റെയും സ്മൃതിപഥത്തിൽ സ്ഥിരപ്രതിഷ്ഠരായി ഇന്നും എന്നും വാഴുന്നതു്. ആകയാൽ സഹോദരരെ, നമുക്കും ഇപ്രകാരം ദൈവത്തിൽ പൂർണ്ണമായിട്ടാശ്രയിക്കയും ഔദാര്യപൂർവ്വം വർത്തിക്കയും ചെയ്യാം.



## 47. മാതാപിതാക്കന്മാരുടെ സവിശേഷ ശ്രദ്ധയ്ക്ക്.

മാതാപിതാക്കന്മാരെ, നിങ്ങൾ നിങ്ങളുടെ മക്കളുടെ ദൃശ്യദൈവങ്ങളാണ്. നിങ്ങളെക്കാൾ വലിയവരായി അവർ വേറെ ആരെയും കാണുന്നില്ല. നിങ്ങളെപ്പോലെതന്നെ അവരെ സ്നേഹിക്കയും അവരുടെ ഗുണത്തെ കാംക്ഷിക്കയും ചെയ്യുന്നവരായ പലരുമായി സഹവസിക്കുന്നതിന് അവർക്ക് ഇടവന്നേക്കാം. എങ്കിലും ഇവരാരും അവരുടെ പൂർണ്ണമായ സ്നേഹത്തിന്നു പാത്രീഭവിക്കുന്നില്ല. പ്രത്യുത, നിങ്ങളെ മാത്രം അവർ പൂർണ്ണമായി സ്നേഹിക്കുന്നു. നിങ്ങളുടെ സകല പ്രവൃത്തികളേയും അവർ ശ്രദ്ധിച്ചുകൊണ്ടിരിക്കയും, നിങ്ങളെ സജീവമാതൃകകളായി അവർ സ്വീകരിക്കയും ചെയ്യുന്നു. അവരുടെ ജീവസന്ധാരണത്തിന് നിങ്ങളുടെ സഹായസഹകരണങ്ങൾ അവർക്ക് അത്യന്താപേക്ഷിതങ്ങളാണ്. ഭാവിയിലും നിങ്ങൾതന്നെയാണ് അവരുടെ ഏകാവലംബം. ഒററവാക്കിൽ പറയുന്നതായാൽ നിങ്ങൾ അവർക്കു സമസ്തവുമാണ്. എന്നാൽ ദൈവം നിങ്ങളുടെ സംരക്ഷണയിൽ ഏല്പിച്ചിരിക്കുന്ന കുട്ടികളെ ശരിയായി ശിക്ഷിക്കയും രക്ഷിക്കയും ചെയ്യുന്ന വിഷയത്തിൽ നിങ്ങൾക്കു ചില പ്രത്യേക കടമകൾ ഉണ്ട്. അവയെപ്പററി കുറഞ്ഞൊന്നു പര്യാലോചിക്കാം.

സർവ്വപ്രധാനമായി, നിങ്ങളുടെ കുട്ടികളുടെ സ്വഭാവരൂപവല്ക്കരണത്തിലാണ് നിങ്ങളുടെ ദൃഷ്ടി പതിയേണ്ടതു്. ഒരു കരടി അതിൻെറ കുഞ്ഞിനെ പ്രസവിച്ചിടുമ്പോൾ, അതു് ആദ്യം ആകൃതിവ്യക്തതയില്ലാത്ത ഒരു മാംസപിണ്ഡം മാത്രമായിരിക്കുമെന്നും അതിൻെറ തള്ള നക്കിയാണ് അതിനു സ്പഷ്ടമായ സ്വരൂപം പ്രദാനം ചെയ്യുന്നതെന്നും പറയപ്പെടുന്നു. ഇതുപോലെതന്നെ നിങ്ങളുടെ കുട്ടികളുടെ സ്വഭാവരൂപവല്ക്കരണത്തിൽ നിങ്ങളുടെ നാവു് ഒരു പ്രധാന സ്ഥാനം വഹിക്കുന്നു. കുട്ടികൾക്ക് ജിജ്ഞാസയും അനുകരണശക്തിയും അധികമാണല്ലോ. അവർ നിങ്ങളുടെ ഓരോ വാക്കും പ്രവൃത്തിയും സദാ ശ്രദ്ധിച്ചുകൊണ്ടേയിരിക്കുന്നു. നിങ്ങളുടെ ഒരു വാക്കുപോലും അവരുടെ ചെവിയിൽ പെടാതിരിക്കുന്നില്ല. അങ്ങനെ കാണുകയും കേൾക്കയും ചെയ്യുന്നവയെല്ലാം അവർ തങ്ങളുടെ വാക്കിലും പ്രവൃത്തിയിലും പകർത്തിക്കൊള്ളുക

യും ചെയ്യുന്നു. കൂടാതെ, സ്വന്തം മാതാപിതാക്കന്മാരെ അനുകരിക്കുന്നതിലാണ് അവക്ക് കൂടുതൽ ഉത്സാഹം. കാരണം, തങ്ങൾക്ക് അധികം വിശ്വാസവും ആദരവും അവരുടെ നേർക്കാണെന്നതുതന്നെ. ഇതിൽ നിന്നു നിങ്ങളുടെ ജീവിതരീതി എത്ര നിർദ്ദോഷവും ആദർശപരവുമായിരിക്കേണ്ടതാണെന്നു സിദ്ധിക്കുന്നുണ്ടല്ലോ. ഒരു കുട്ടിയുടെ മനസ്സ് ഒന്നും രേഖപ്പെടുത്തിട്ടില്ലാത്ത ഒരു എഴുത്തു പലകയ്ക്കു സമമാകുന്നു. അവിടെ നല്ലതൊ ചീത്തയൊ ആയ എന്തെങ്കിലും എഴുതേണ്ട ജോലി നിങ്ങളെയാണ് ദൈവം ഏല്പിച്ചിരിക്കുന്നത്. എന്നാൽ ബാലഹൃദയങ്ങളിൽ ആദ്യം പതിയുന്ന ചിത്രങ്ങൾ അവരുടെ സ്വഭാവരൂപവല്ക്കരണത്തിൽ ഒരു പ്രധാന ഭാഗം വഹിക്കുന്നു. ആവക ചിത്രങ്ങളെ അവരുടെ മനസ്സിൽനിന്നു് തീരെ തുടച്ചുകളക എന്നതു് കേവലം അസാദ്ധ്യവുമാകുന്നു.

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമൊ മാനുഷനുള്ള കാലം;
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരെ കൈപ്പു് ശമിപ്പതുണ്ടോ?"

അതിനാൽ കുട്ടികളുടെ മുമ്പിൽ ചീത്തവചനം ഒരിക്കലും പറയാതിരിക്കുവാൻ ശ്രദ്ധിക്കണം. അവരുടെ മുമ്പിൽവെച്ച് കള്ളം പറക, ആണയിടുക, മററുള്ളവരെക്കുറിച്ച് അസൂയ പറക, ഇതൊന്നും ചെയ്യരുതാത്തതത്രെ. പ്രത്യുത, അവരുടെ മുമ്പിൽവെച്ച കോപിച്ച് അസഭ്യവാക്കുകൾ പറയുന്നപക്ഷം അതിൻെറ അർത്ഥം ഗ്രഹിക്കുന്നതിന്നു പ്രായമാകുന്നതിനുമുമ്പുതന്നെ തങ്ങൾക്ക് അഹിതമായി ആരെങ്കിലും എന്തെങ്കിലും ചെയ്താൽ, അവരെ ഈ ചീത്തവാക്കു വിളിച്ചു കോപം ശമിപ്പിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളും ശ്രമിക്കാതിരിക്കയില്ല. അതിനാൽ അവരുടെ സാന്നിദ്ധ്യത്തിൽ നിങ്ങൾ എപ്പോഴും നല്ല വാക്കു മാത്രം പറയുന്നതിനും, സൽപ്രവൃത്തി മാത്രം ചെയ്യുന്നതിനും ശ്രമിക്കണം. സർവ്വോപരി, പിള്ളത്തൊട്ടിയാണു് ഒരു കുട്ടിയുടെ പ്രാഥമികവിദ്യാഭ്യാസമന്ദിരമെന്നസംഗതി നിങ്ങൾ വിസ്മരിക്കരുതു്. ദൈവത്തെ അറിയുന്നതിനും തന്നെ സ്നേഹിക്കുന്നതിനും ആദ്യമായി നിങ്ങൾ കുട്ടികളെ പഠിപ്പിക്കുവിൻ. ദൈവം നമുക്കായി ചെയ്തിരിക്കുന്ന നന്മകളെപ്പററിയും, തൻെറ മഹത്വം, ക്ഷമ, ദയ ആദിയായവയെക്കുറിച്ചും നമ്മ

ടെ ദിവ്യരക്ഷകന്റെ മനുഷ്യാവതാരം, പീഡാനുഭവം, മരണം, അവിടത്തെ മാതാവായ പരിശുദ്ധ മറിയത്തിന്റെ ശുദ്ധത, നന്മയുടെ മഹത്വം, തിന്മയുടെ നീചത്വം — ഇവയെക്കുറിച്ചും അവർക്കു നിങ്ങൾ പറഞ്ഞുകൊടുക്കണം. ഇപ്രകാരം അവരുടെ ഹൃദയഭൂവിൽ ദൈവഭക്തി, സന്മാർഗ്ഗബോധം, അനുസരണം, സത്യസന്ധത മുതലായ സദ്ഗുണബീജങ്ങളെ വിതയ്ക്കുമെങ്കിൽ നിശ്ചയമായും നിങ്ങൾക്ക് അവരുടെ ഭാവിജീവിതത്തെ സുരക്ഷിതവും സുഭഗവും ആക്കിത്തീർക്കുവാൻ കഴിയും. പ്രത്യുത, ഈ വിഷയത്തിൽ നിങ്ങൾ അനാസ്ഥ ഭാവിക്കുന്നെങ്കിൽ അതു നിങ്ങൾക്കും അവർക്കും ഒരുപോലെ നാശകരമായിരിക്കുകയും ചെയ്യും.

കൂടാതെ, കുട്ടികളുടെ നേർക്ക് ക്രമാതീതമായ സ്നേഹം ഒരിക്കലും പ്രദർശിപ്പിക്കരുതാത്തതാകുന്നു. മാതാപിതാക്കന്മാരുടെ ക്രമവിരുദ്ധമായ ലാളനകൊണ്ടു കുട്ടികൾ 'താന്തോന്നി'കളായിത്തീരുവാനാണ് ഇട. അനാവശ്യമായ അവരുടെ അഭിഷ്ടങ്ങൾക്കു നിങ്ങൾ ഒരിക്കലും വശംവദരാകരുത്. ചെയ്യുന്ന കുററത്തിനു നിങ്ങൾ അവരെ ശരിയായി ശിക്ഷിക്കണം. ഈ വിഷയത്തിൽ പ്രത്യേകം മാതാക്കളുടെ ശ്രദ്ധയാണുണ്ടാകേണ്ടതു്. തിന്മയിൽനിന്നെല്ലാം നിങ്ങളുടെ മക്കളെ നിങ്ങൾ അകററി നിറുത്തണം. പാപത്തിന്റെ മാലിന്യം എത്രയെന്നു് അവരെ ചെറുപ്പത്തിലെ മനസ്സിലാക്കണം. ഫ്റാൻസിലെ രാജാവായിരുന്ന വി. ലൂയീസിന്റെ അമ്മ അദ്ദേഹത്തോടിപ്രകാരം പതിവായി പറയാറുണ്ടായിരുന്നു. "എന്റെ മകനെ! നീ ഒരു ദോഷം ചെയ്തു കാണുന്നതിനെക്കാൾ, ഇപ്പോൾത്തന്നെ നീ എന്റെ മുമ്പിൽ കിടന്നു മരിക്കുന്നതു കാണുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്". മാതാപിതാക്കന്മാരെ! ഈ വാക്കുകൾതന്നെയാണു, നിങ്ങളും നിങ്ങളുടെ അരുമസ്സന്താനങ്ങളെ സദാ അനുസ്മരിപ്പിക്കേണ്ടതു്. അവർക്കു വേദോപദേശജ്ഞാനം നൽകുന്നതിലും നിങ്ങൾ ഉൽസ്സുകരായിരിക്കണം. വേദോപദേശ പഠനത്താൽ ക്രിസ്തീയതത്വങ്ങളുടെ ഒരു സംക്ഷിപ്ത ജ്ഞാനവും, മഹാശാസ്ത്രജ്ഞന്മാൎക്കുപോലും കണ്ടുപിടിക്കുന്നതിനു അസാദ്ധ്യമായ മൂലതത്വങ്ങളുടെ അറിവും അവൎക്കു ഏററവും എളുപ്പത്തിൽ ലഭിക്കുന്നു. വേദോപദേശ പാഠങ്ങൾ എത്ര സ്തുത്യർഹമാണെന്നു താഴെ പറയുന്ന സംഭവം പ്രസ്പഷ്ടമാക്കുന്നു. കാർഡിനൽ ന്യൂമാൻ തന്റെ മാനസാന്തരത്തിനുമുമ്പ് ഒരിക്കൽ, അ

യർലണ്ടു് രാജ്യം സന്ദർശിച്ചു മടങ്ങിവന്ന തന്റെ സ്നേഹിതന്മാരുമായി സംസാരിക്കുവാൻ ഇടവന്നു. അയർലണ്ടു് രാജ്യത്തിലുള്ള ഓരോ വിശേഷത്തെക്കുറിച്ചു പറഞ്ഞകൂട്ടത്തിൽ അവരുടെ മാൎഗ്ഗദർശിയായിരുന്ന ഒരു ചെറിയ കുട്ടിയുമായി നടന്ന സംഭാഷണത്തെക്കുറിച്ചു് അവർ അദ്ദേഹത്തോടു പറഞ്ഞതിപ്രകാരമാണു്. "അവന്റെ വിശ്വാസദാർഢ്യത്തെ പരീക്ഷിക്കുന്നതിനായി ഞങ്ങൾ അവനോടു് പല ചോദ്യങ്ങൾ ചോദിച്ചു. ഞങ്ങളുടെ ഓരോ ചോദ്യത്തിനും, "ഞാൻ നിങ്ങളോടു പറയുന്നതു് എന്റെ വേദോപദേശ പുസ്തകത്തിലുള്ളതാണു്. വേദോപദേശം കത്തോലിക്ക സഭയുടെ പഠനമാണു്", എന്നു് ഉത്തരം പറഞ്ഞു. ഈ കുട്ടിയുടെ വിശ്വാസദാർഢ്യം ഞങ്ങൾക്കു നവമായ ആത്മജ്ഞാനത്തിനു കാരണമായി" എന്നും അവർ അദ്ദേഹത്തോടു സമ്മതിച്ചു പറകയുണ്ടായി. അതിനാൽ മാതാപിതാക്കന്മാരെ! നിങ്ങളുടെ മക്കൾക്കു, സൎവ്വപ്രധാനമായ ഈ വേദോപദേശജ്ഞാനം നൽകുവാൻ നിങ്ങൾ അവശ്യം ശ്രമിക്കേണ്ടതാണു്. വിശേഷിച്ചും നിങ്ങളുടെ ഭവനങ്ങളിൽ ദിവസേന നടത്താറുള്ള ത്രികാല ജപങ്ങളിൽ പങ്കുകൊള്ളുന്നതിനും നിങ്ങൾ അവരെ പഠിപ്പിക്കണം. തിരിച്ചറിവിന്റെ പ്രായംമുതൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കഴിയുമെങ്കിൽ ദിവസവും ദിവ്യപൂജ കാണുന്നതിനു നിങ്ങൾ അവരെ പരിശീലിപ്പിക്കണം.

കുട്ടികൾ വളൎന്നു വരുന്നതോടെ നിങ്ങളുടെ കടമകളും വൎദ്ധിച്ചു വരുന്നു. ഇപ്പോൾ ഉന്നതമായ ഒരു പരിശീലന നിയമം അവൎക്കു അവശ്യാവശ്യമാണു്. ഇതുതന്നെയാണു് അവരുടെ ജീവിതത്തിലെ ആപൽഘട്ടവും. അതിനാൽ അവരുടെ സകലപ്രവൃത്തികളിലും ഇപ്പോൾ നിങ്ങൾ അവരെ പൂൎവ്വാധികം ശ്രദ്ധയോടെ സൂക്ഷിച്ചുകൊണ്ടിരിക്കണം. ആദ്യ കുമ്പസ്സാരത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനും അവരെ നിങ്ങൾ യഥാക്രമം ഒരുക്കുവിൻ. "സംസൎഗ്ഗജാ ദോഷ ഗുണാഭവന്തി" എന്ന ആപ്തവാക്യാനുസാരം, അവർ ആരോടെല്ലാം സഹവസിക്കുന്നുവെന്നും അവരുടെ സ്നേഹിതന്മാർ ആരെല്ലാമെന്നും നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. മാതാപിതാക്കന്മാരുടെ, ഏതദ്വിഷയത്തിലുള്ള അനാസ്ഥമൂലം എത്ര കുട്ടികളാണു് അവരുടെ ആത്മനൈൎമ്മല്യവും ഹൃദയ നിഷ്കാപട്യവും നശിപ്പിച്ചു കളയുന്നതു്! കുട്ടികളിൽ അധിക പങ്കും സംസൎഗ്ഗദോഷം കൊണ്ടാണു് ചീത്തയാകുന്നതെന്നു നിങ്ങൾ സദാ ഓ

ൻമിക്കേണ്ടതാണ്. കുട്ടികളുടെ പുസ്തക പാരായണ വിഷയത്തിലും നിങ്ങളുടെ ദൃഷ്ടി സവിശേഷം പതിയണം. നല്ല പുസ്തക വായന, കുട്ടികളിൽ നന്മയേയും ചീത്തപ്പുസ്തക പാരായണം തിന്മയേയും ഉളവാക്കും. ചീത്തപ്പുസ്തകങ്ങൾ വായിക്കുന്നതിന് ഒരിക്കലും നിങ്ങൾ അവരെ അനുവദിക്കരുത്. വായനയുടെ ഉദ്ദേശ്യം എത്ര നന്നായിരുന്നാലും അതു ക്രമേണ അവരുടെ ആത്മാവിന് നാശകരമാകാതിരിക്കയില്ല. ദിവസത്തിൽ കുറച്ചു നേരമെങ്കിലും കുടുംബാംഗങ്ങൾ ഒന്നുചേന്ന് നല്ല പുസ്തകങ്ങൾ വായിച്ചു കേൾക്കുന്ന പതിവു നമ്മുടെയിടയിൽ ചുരുക്കമാണല്ലോ. സവ്വഥാ ആശാസ്യമായ ആ പതിവു ഇനിയെങ്കിലും നിങ്ങളുടെ വീടുകളിൽ ഏൎപ്പെടുത്തുവാൻ ഉദ്യമിക്കുന്നതു് ഉത്തമം. വേദപുസ്തകം, ക്രിസ്ത്വാനുകരണം, പുണ്യവാന്മാരുടെ ജീവചരിത്രം ആദിയായ പുസ്തകങ്ങൾ ജ്ഞാനവായനക്കായി നിശ്ചയിച്ച് കുറച്ചു സമയം അതിനായി വിനിയോഗിക്കുന്നതു് എത്ര ഉപകാരപ്രദമാണ്! കൂടാതെയും നിങ്ങളുടെ മക്കളുടെ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാൎയ്യത്തിലും നിങ്ങൾ ശ്രദ്ധിക്കണം. നിങ്ങൾക്കിഷ്ടമായതെന്നതിനെക്കാൾ ദൈവ നിർദ്ദിഷ്ടമായ അന്തസ്സിൽ പ്രവേശിക്കാൻ നിങ്ങൾ അവരെ ഉപദേശിക്കണം. സാധാരണമായി ഈ വിഷയത്തിൽ മാതാപിതാക്കന്മാരുടെ ശ്രദ്ധ വേണ്ടത്ര പതിഞ്ഞു കാണുന്നില്ലെന്നു പറയാതെ തരമില്ല. ദൈവഹിതം അറിയിച്ചുതരുന്നതിന് നിങ്ങളും അവരും ഒരുപോലെ പ്രാൎത്ഥിക്കയും, ദൈവം അവൎക്കു നിശ്ചയിച്ചു കൊടുക്കുന്ന ജീവിതാന്തസ്സിൽ പ്രവേശിക്കുന്നതിനു് അവരെ നിങ്ങൾ യഥാശക്തി സഹായിക്കയും വേണം. മാതാപിതാക്കന്മാരെ, ഇതത്രെ നിങ്ങളുടെ കടമ. ഇപ്രകാരം നിങ്ങൾ ചെയ്യുന്നതായാൽ ദൈവം നിങ്ങളെ ഏല്പിച്ചിരിക്കുന്ന ജോലി തൃപ്തികരമാംവണ്ണം ചെയ്തുവെന്നു നിങ്ങൾക്കു സമാധാനിക്കാം.

നിങ്ങളുടെ ഈ ജോലി എത്രതന്നെ ക്ലേശപൂൎണ്ണമായിരുന്നാലും, അതു് ഏററവും ശ്രേഷ്ഠമായതും, നിങ്ങൾക്കും കുട്ടികൾക്കും ഒരുപോലെ ശ്രേയസ്കരവും ആകുന്നു. മാതാപിതാക്കന്മാരെ, നിങ്ങളുടെ ജോലി രാജകീയവും ദ്വൈവഹികവുമായ ഒന്നാണ്. അതെ, അതു രാജകീയമായ ഒരു പ്രവൃത്തി തന്നെ. എന്തുകൊണ്ടെന്നാൽ തങ്ങളുടെ പ്രജകളെ ആപത്തിൽ നിന്നും സംരക്ഷിക്കയാണല്ലോ, രാജാക്കന്മാരുടെ ധൎമ്മം. ആത്മികവും ലൌകികവും ആയ ശത്രുക്കളുടെ കണികളിൽ കുടുങ്ങാതെ സ്വന്ത സന്താനങ്ങളെ

സൂക്ഷിക്കേണ്ടതു് നിങ്ങളുടെ കടമയാകുന്നു. എല്ലാ ജാതിക്കാരേയും
പഠിപ്പിക്കുന്നതിനു നമ്മുടെ കർത്താവു ശ്ലീഹന്മാരെ അയച്ചു. എ
ന്നാൽ കർത്താവിൻെറ സുവിശേഷരഹസ്യങ്ങളെ ആദ്യമായി മക്കൾ
ക്കു പ്രദാനം ചെയ്യുന്നതു് നിങ്ങളാകയാൽ നിങ്ങളുടെ ജോലി
ശ്ലൈഹികമെന്നുംകൂടി പറയാവുന്നതാണു്. മാത്രമല്ല, നിങ്ങളു
ടെ ജോലി ശ്രേഷ്ഠതമമായിരിക്കുന്നതുപോലെ, നിങ്ങളുടെ നിത്യര
ക്ഷക്കു് ഒഴിച്ചുകൂടാത്തതുമാകുന്നു. പരോക്ഷമായിട്ടെങ്കിലും നിങ്ങ
ളുടെ കുട്ടികൾ നിങ്ങളുടെ ആത്മരക്ഷോപകരണങ്ങളായി പരിണ
മിക്കുന്നു. കുട്ടികൾക്കു് സദാസന്മാതൃക കാണിച്ചുകൊടുക്കേണ്ടവരാ
യ അമ്മയച്ഛന്മാർ അവരുടെ സന്താനങ്ങളുടെ മുമ്പിൽവെച്ചു
സൽപ്രവൃത്തികൾ മാത്രം ചെയ്യുന്നതിനു നിർബ്ബന്ധിതരാകുന്നു. ഇ
പ്രകാരം കുട്ടികളെ ക്രമമായി വളർത്തുന്നതിനു ശ്രമിക്കുന്നതോടുകൂ
ടി സ്വന്തം ആത്മരക്ഷയ്ക്കുപയുക്തങ്ങളായി പലതും നിങ്ങൾ ചെ
യ്യുകയും, അനർഘങ്ങളായ നിക്ഷേപങ്ങൾ പലതും സ്വർഗ്ഗത്തിൽ ശേ
ഖരിക്കുകയും ചെയ്യുന്നു.

ഒരിക്കൽ ജപ്പാൻ രാജ്യത്തുണ്ടായ ഒരു മതപീഡനാവസര
ത്തിൽ ഭാര്യാഭർത്താക്കന്മാരായ രണ്ടു ക്രിസ്ത്യാനികളെ മരണത്തിനു
വിധിക്കയുണ്ടായി. ഏകദേശം അഞ്ചു വയസ്സു പ്രായമായ ഒരു
ആൺകുട്ടി മാത്രമേ അവർക്കുണ്ടായിരുന്നുള്ളു. തങ്ങളുടെ വാത്സ
ല്യഭാജനമായ ഏകപുത്രനെ നിസ്സഹായനായി വിട്ടുംവെച്ചു മരി
ക്കണമല്ലോ എന്നോർത്തു് അവർ നിർവ്യാജം വ്യസനിച്ചു. ഏതദ്വി
ഷയകമായി ഒരിക്കൽ അവർ തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം
നടന്നു. ‘‘നമ്മുടെ പരിപാവനമായ വിശ്വാസത്തിനുവേണ്ടി മരി
ക്കുന്നതിനുപോലും ഉള്ള മനോധൈര്യം ദൈവസഹായത്താൽ
നമുക്കുണ്ടു്. എന്നാൽ നമ്മുടെ കുഞ്ഞിൻെറ ഭാവി എന്തായിരിക്കും?
ശത്രുക്കളുടെ ഭീഷണികൾ കേട്ടു് ഒരുപക്ഷേ അവൻ സത്യവിശ്വാ
സം പോലും ഉപേക്ഷിച്ചു കളയുകയില്ലെന്നു ആരറിഞ്ഞു!’’ കത്തി
ജ്വലിക്കുന്ന അഗ്നികുണ്ഡത്തിൽ ഒരു കഷണം ഇരുമ്പു ചൂടു പിടി
പ്പിച്ചും മററും കളിച്ചുകൊണ്ടു അടുത്തുതന്നെ ഇരുന്നിരുന്ന കുട്ടിയാ
കട്ടെ ഇതൊന്നും കേട്ടതായി ഭാവിച്ചില്ല. ആ ഇരുമ്പു കഷണം
നല്ലപോലെ പഴുത്തെന്നു കണ്ടപ്പോൾ, അവൻ അതെടുത്തു് ത
ൻെറ കൈയിൽവെച്ചു് കൈ പൊള്ളുന്നതു നോക്കിക്കൊണ്ടിരുന്നു.
ഇതു കണ്ടു പരിഭ്രമിച്ചുവശായ അവൻെറ മാതാവു്, ‘‘എൻെറ കു
ഞ്ഞേ! നീ എന്താണു ചെയ്യുന്നതു്’’ എന്നു സവ്യസനം

ചോദിച്ചു. കുട്ടി അതിനുത്തരമായി, "സത്യവിശ്വാസം ത്യജിക്കു ന്നതിനേക്കാൾ, നിങ്ങളെപോലെ പീഡകൾ സധൈര്യം സഹി ക്കുന്നതിന് എനിക്കും സാധിക്കും എന്നു നിങ്ങളെ മനസ്സിലാക്കു ന്നതിനു മാത്രമാണ് ഞാൻ ഇപ്രകാരം ചെയ്യുന്നതു്" എന്നു പറ ഞ്ഞു. കുട്ടിയുടെ വിശ്വാസദാർഢ്യം കണ്ടു് സന്തുഷ്ടരായ അവൻെറ മാതാപിതാക്കന്മാർ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് അവ നെ ആലിംഗനം ചെയ്തു. കുറച്ചു ദിവസത്തിനുള്ളിൽ തങ്ങളുടെ പുത്രനോടുകൂടെ വേദസാക്ഷിമുടി ധരിക്കുന്നതിനുള്ള ഭാഗ്യം അവ ർക്കുണ്ടായി. തങ്ങളുടെ കുട്ടിയുടെ ശരിയായ വളർത്തലിൽ അവർ പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയ്ക്കു് പ്രതിഫലമായി ദൈവം അവർക്കു പ്രദാനംചെയ്ത ഭാഗ്യം എത്രമഹത്തായതു്! അതിനാൽ നിങ്ങൾ ര ക്ഷപെടുവാനാഗ്രഹിക്കുന്നുവെങ്കിൽ— മോക്ഷത്തിൽ നിങ്ങളുടെ ഭണ്ഡാഗാരത്തെ പുഷ്ടിപ്പെടുത്തുന്നതിനും ഈ ലോകത്തിൽ പു ണ്യപൂർണ്ണതയിൽ വർത്തിക്കുന്നതിനും നിങ്ങൾ മനസ്സാകുന്നുവെങ്കിൽ —നിങ്ങളുടെ കുട്ടികളെ ക്രമമായി വളർത്തുന്നതിനു നിങ്ങൾ ഉൽ സുകരാകുവിൻ. നിങ്ങളുടെ കുട്ടികളെ സന്മാർഗ്ഗത്തിൽവളർത്തുന്നതിൽ പരമായി സമുദായത്തിനൊ അഥവാ ലോകത്തിനു തന്നെയുമോ വ ല്ല നന്മയും ചെയ്യുന്നതിനുണ്ടോ എന്നു സംശയമാണ്. നിങ്ങളു ടെ ഈ കൃത്യനിർവഹണത്തിൽ നിങ്ങൾ അനാസ്ഥ ഭാവിക്കുന്നെ ങ്കിൽ, ദൈവം നിശ്ചയമായും നിങ്ങളുടെ കുട്ടികളെക്കുറിച്ചു നിങ്ങ ളോടു കണക്കു ചോദിക്കാതിരിക്കയില്ല. ദിവ്യരക്ഷകൻെറ സമീ പത്തേയ്ക്കു കൊണ്ടുവന്ന കുട്ടികളെ തടഞ്ഞു നിറുത്തിയ ആളുക ളെ താൻ ശാസിച്ചെങ്കിൽ, കുട്ടികളെ തൻെറ പക്കൽ കൊണ്ടുവ രുന്നതിനു നിയുക്തരായിരിക്കുന്ന നിങ്ങൾ അപ്രകാരം ചെയ്യാതി രുന്നാൽ അതു താൻ സഹിക്കുമൊ? പ്രത്യുത, നിങ്ങൾ നിങ്ങളുടെ കടമ ശരിയായി നിർവഹിക്കുന്നുവെങ്കിൽ, അന്ത്യസമയത്തു നിങ്ങ ൾക്കുണ്ടാകുവാനിരിക്കുന്ന ആനന്ദം എത്ര വലുതായിരിക്കും? നി ങ്ങളുടെ സന്താനങ്ങളും അനുസന്താനങ്ങളും നിങ്ങളുടെ കിടക്ക യ്ക്കു ചുററും കൂടി നില്ക്കുന്നതു കാണുന്നതു് നിങ്ങൾക്കെത്ര ആശ്വാ സദായകം! അന്ത്യനേരത്തുള്ള പിശാചിൻെറ ആക്രമണങ്ങളിൽ നിന്നു നിങ്ങളെ തടുക്കുന്നതിനുള്ള ഒരു കോട്ടയെന്നപോലെ അ വർ നിങ്ങളെ ചുററിനില്ക്കുന്നു. മോക്ഷപ്രാപ്തിക്കു നിങ്ങൾ യോ ഗ്യരാക്കി എന്ന ആത്മാവുകളും അവരുടെ കാവൽമാലാഖാമാരും നിങ്ങൾക്ക് ആശ്വാസവും നിത്യഭാഗ്യവും പ്രദാനം ചെയ്യുന്നതി

നു ദൈവത്തോടപേക്ഷിക്കുന്നു. അല്ലയോ മാതാപിതാക്കന്മാരെ, നിങ്ങളുടെ ഭാഗ്യം എത്ര വലുതു്! എത്ര സ്തുത്യർഹം! അതിനാൽ പ്രിയ മാതാപിതാക്കന്മാരെ നിങ്ങളുടെ മക്കളെ ക്രമമായി വളത്തുന്നതിൽ നിങ്ങൾ ഉൽസുകരായിരിക്കുവിൻ! സ്വൎഗ്ഗരാജ്യത്തെ കരസ്ഥമാക്കുവിൻ! ഇതത്രെ നിങ്ങളുടെ ജന്മസാഫല്യവും. നിങ്ങളുടെ ഈ കൃത്യനിർവഹണത്തിൽ ഞങ്ങളുടെ ഈ ചെറുപുസ്തകം അല്പമെങ്കിലും സഹായിക്കുമെങ്കിൽ ഞങ്ങൾ കൃതാൎത്ഥരായി.



# ശുദ്ധിപത്രം.

| പക്ഷം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| ii | 14 | വായസ്സ് | വയനസ്സ് |
| ii | 32 | എഴുതിത്തന്നു | എഴുതിത്തന്നും |
| vi | 22 | പുസ്തകത്തിൽ | പുസ്തകത്തെ |
| 10 | 15 | പുള്ളികളെ ഓരോരുത്തരിൽ | പുള്ളികളിൽ ഓരോരുത്തരെ |
| 10 | 24 | ദൈർഘ്യം | ദാർഢ്യം |
| 16 | 31 | പുക്ഷത്തിന്നും | പുഛത്തിന്നും |
| 26 | 3 | വിചാരിക്കയും ചെയ്യുന്നവരാണു | വിചാരിക്കുന്നവരുമാണ് |
| 27 | 15 | അവൻ | അവനു |
| 37 | 16 | ജപങ്ങൾ | ജനങ്ങൾ |
| 41 | 6 | ലഘുകരിക്കാൻ | ലഘൂകരിക്കാൻ |
| 50 | 33 | സ്വീകരിക്കാനും | സ്വീകരിക്കുന്നതിന്നും |
| 51 | 17 | നിവത്തി | നിവൃത്തി |
| 52 | 1 | ഏദാദൃശ | ഏതാദൃശ |
| 52 | 21 | അവൻ | അവന്റെ |
| 53 | 6 | പതില്ലാത്ത | പതിവില്ലാത്ത |
| 54 | 11 | അമിതമായ | അസാധാരണമായ |
| 59 | 30 | ക്രിത്രിമ | കൃത്രിമ |
| 66 | 15 | കലയാളികളുടെ | കൊലയാളികളുടെ |
| 94 | 1 | കുറച്ചു | കുറെ |
| 103 | 10 | ദൃഷ്ടാന്തങ്ങളാൽ | ദൃഷ്ടാന്തങ്ങളെ |
| 106 | 10 | മരണത്തിൽ | മരണനേരത്തിൽ |
| 108 | 1 | വാതിലിനു | വാതിലിന്മേൽ |
| 111 | 16 | സമിശ്രമാകുന്നതിനു | സമ്മിശ്രമാകുന്നതിനു |
| 113 | 9 | ചെയ്യപ്പെടുകയും | ചെയ്യപ്പെടുക |
| 115 | 17 | ഉദാസീനത | ഉൽസുകത |
| 170 | 22 | നീരസസ്വഭാവം | നീരസഭാവം |
| 181 | 12 | അവരോടുകൂടി | അവരെ |
| 182 | 2 | ഇല്ലാതിരുന്നവളു | ഇല്ലാതിരുന്നവളുമായ |
| 195 | 32 | വഴിയറില്ല | വഴിയറിയാമല്ലോ |

# വിഷയവിവരം.


| | | | |
|---|---|---|---|
| | മുഖവുര | | I |
| | അവതാരിക | | III |
| 1 | ഒരു രഹസ്യം | പക്ഷം | 1 |
| 2 | ഫെനലനും സാധുവായ പിയററ്റും | „ | 4 |
| 3 | മൂന്നു വേദസാക്ഷികൾ | „ | 8 |
| 4 | യഥാൎത്ഥ സൗഭാഗ്യം | „ | 17 |
| 5 | കലീഫും, ഇടയനും, സൗഭാഗ്യവും | „ | 19 |
| 6 | പരമാബദ്ധം | „ | 27 |
| 7 | പഴയ മനുഷ്യൻ | „ | 29 |
| 8 | ചാറത്സ് പുണ്യവാൻെറ അന്ത്യകാലം | „ | 33 |
| 9 | പീഡകളിൽ ക്ഷമ | „ | 40 |
| 10 | ഒരു മെഴുകുതിരിക്കഷണം | „ | 44 |
| 11 | പ്രോസേസ്സസും മാൎട്ടീനിയനും | „ | 46 |
| 12 | ഒരു മാതൃകാബാലൻ | „ | 50 |
| 13 | റോമൻ സ്മാരകങ്ങൾ | „ | 57 |
| 14 | വിശുദ്ധ പത്രോസിൻെറ ശവകുടീരം | „ | 64 |
| 15 | പീഡകൾ എന്തിന്? | „ | 68 |
| 16 | ഒരു പിശക് | „ | 71 |
| 17 | വികൃതികൾക്കും സുകൃതികളാവാം | „ | 75 |
| 18 | സുഖദുഃഖ വിഭജനം | „ | 77 |
| 19 | ഒരു വീരവ്രതം | „ | 80 |

| | | | |
|---|---|---|---|
| 20 | റോമാനഗരത്തെക്കുറിച്ചുള്ള ചില അപവാദങ്ങൾ | ,, | 84 |
| 21 | ചെറിയ സുകൃതങ്ങൾ | ,, | 89 |
| 22 | ദീനാനുകമ്പ | ,, | 92 |
| 23 | പിതൃഭക്തി | ,, | 95 |
| 24 | വിജയനാഥ | ,, | 98 |
| 25 | ഒരു പ്രോട്ടസ്റ്റൻറു യുവാവിൻെറ മാനസാന്തരവും മരണവും | ,, | 101 |
| 26 | ഒരു ഭിക്ഷുവിൻെറ ചരിത്രം അഥവാ പാപമോചനം | ,, | 107 |
| 27 | റോമായിലെ ഭൂഗർഭാലയങ്ങൾ | ,, | 111 |
| 28 | വി. പത്രോസിൻെറ ദേവാലയം | ,, | 116 |
| 29 | "ആത്മാവിൽ സാധുക്കളായിട്ടുള്ളവർ അനുഗ്രഹീതരാകുന്നു" | ,, | 121 |
| 30 | എൻെറ തീർത്ഥയാത്ര | ,, | 124 |
| 31 | എളിമയും വിനയവും | ,, | 127 |
| 32 | വേദസാക്ഷിയായ ഈറാനിമ്മോസ് | ,, | 132 |
| 33 | കളിക്കുമ്പസ്സാരം കാര്യമായതു് | ,, | 137 |
| 34 | സൗമ്യത | ,, | 146 |
| 35 | പശ്ചാത്താപ പരമകാഷ്ഠ | ,, | 150 |
| 36 | രോഗികളോടുള്ള ഒരു സന്ദേശം | ,, | 156 |
| 37 | എൻെറ പ്രാർത്ഥനാപുസ്തകം | ,, | 159 |
| 38 | മാതാപിതാക്കന്മാരുടെ ഒരു കടമ | ,, | 162 |
| 39 | ഒരു കുററപ്പുള്ളിയുടെ കത്തു് | ,, | 165 |
| 40 | ഒരു സ്മരണ | ,, | 169 |
| 41 | തിരുവുത്തരീയം | ,, | 172 |

42 . വിശുദ്ധ സെസില്യായുടെയും വലേരിയന്റെയും
തിബൂർസിയൂസിന്റെയും വേദസാക്ഷിത്വം „ 174
43 ജപമാല „ 187
44 വി. പൌലോസിന്റെ അത്യത്ഭുത മാനസാന്തരം „ 189
45 വ്യാധികളിൽവെച്ചു മഹാ വ്യാധി „ 194
46 ഈശ്വര പരിപാലന „ 199
47 മാതാപിതാക്കന്മാരുടെ സവിശേഷ ശ്രദ്ധക്ക് „ 203

L. D. V. M.

ACHARYA PALACKAL JEEVASS KENDRAM ★ ALWAYE
LIBRARY
18179

M. Chakkappan

Indic Digital Archive Foundation
gpura.org